കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നടപടി നിയമസംഹിത, 1973

(1974-ലെ 2-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

© കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നടപടി നിയമസംഹിത, 1973

(1974-ലെ 2-ാം നമ്പർ ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

### അദ്ധ്യായം I

### പ്രാരംഭികം


1 ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.
2 നിർവ്വചനങ്ങൾ.
3 പരാമർശങ്ങൾക്ക് അർത്ഥം കല്പിക്കൽ.
4 ഇൻഡ്യൻ ശിക്ഷാനിയമസംഹിതയ്ക്കും മററു നിയമങ്ങൾക്കും കീഴിലുളള കുററങ്ങളുടെ വിചാരണ.
5 ഒഴിവാക്കൽ.


### അദ്ധ്യായം II

### ക്രിമിനൽ കോടതികളുടെ സംവിധാനവും ഉദ്യോഗങ്ങളും


6 ക്രിമിനൽ കോടതികളുടെ തരം.
7 പ്രാദേശിക ഡിവിഷനുകൾ.
8 മഹാനഗരപ്രദേശങ്ങൾ.
9 സെഷൻസ് കോടതി.
10 അസിസ്ററൻറ് സെഷൻസ് ജഡ്ജിമാർ കീഴിലായിരിക്കുന്നത്.
11 ജുഡിഷ്യൽ മജിസ്ട്രേററുമാരുടെ കോടതികൾ.
12 ചീഫ് ജുഡിഷ്യൽ മജിസ്ട്രേററും അഡിഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേററും മററും.
13 സ്പെഷ്യൽ ജുഡിഷ്യൽ മജിസ്ട്രേററുമാർ.
14 ജുഡിഷ്യൽ മജിസ്ട്രേററുമാരുടെ തദ്ദേശാധികാരിത.
15 ജുഡിഷ്യൽ മജിസ്ട്രേററുമാർ കീഴിലായിരിക്കുന്നത്.
16 മഹാനഗര മജിസ്ട്രേററുമാരുടെ കോടതികൾ.
17 ചീഫ് മഹാനഗര മജിസ്ട്രേററും അഡിഷണൽ ചീഫ് മഹാനഗര മജിസ്ട്രേററും.
18 സ്പെഷ്യൽ മഹാനഗര മജിസ്ട്രേററുമാർ.
19 മഹാനഗര മജിസ്ട്രേററുമാർ കീഴിലായിരിക്കുന്നത്.
20 എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ.
21 സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ.
22 എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരുടെ തദ്ദേശാധികാരിത.
23 എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ കീഴിലായിരിക്കുന്നത്.
24 പബ്ലിക് പ്രാസിക്യൂട്ടർമാർ.
25 അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടർമാർ.

## അദ്ധ്യായം III

### കോടതികളുടെ അധികാരം


26 കുററങ്ങൾ വിചാരണ ചെയ്യാവുന്ന കോടതികൾ.
27 കുട്ടികളുടെ സംഗതിയിലുള്ള അധികാരിത.
28 ഹൈക്കോടതികൾക്കും സെഷൻസ് കോടതികൾക്കും പാസ്സാക്കാവുന്ന ശിക്ഷാവിധികൾ.
29 മജിസ്ട്രേററുമാർക്ക് പാസ്സാക്കാവുന്ന ശിക്ഷാവിധികൾ.
30 പിഴയുടെ വീഴ്ചയ്ക്ക് തടവിനുള്ള ശിക്ഷാവിധി.
31 ഒരൊററ വിചാരണയിൽ പല കുററങ്ങൾക്ക് കുററസ്ഥാപനം ചെയ്യപ്പെടുന്ന സംഗതികളിലെ ശിക്ഷാവിധി.
32 അധികാരങ്ങൾ നല്കുന്ന സമ്പ്രദായം.
33 നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ.
34 അധികാരങ്ങൾ പിൻവലിക്കൽ.
35 ജഡ്ജിമാരുടേയും, മജിസ്ട്രേററുമാരുടേയും അധികാരങ്ങൾ അവരുടെ ഉദ്യോഗത്തിലെ പിൻഗാമികൾക്ക് പ്രയോഗിക്കാമെന്ന്.


## അദ്ധ്യായം IV

### ക. പോലീസ് മേലുദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ


36 പോലീസ് മേലുദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ.


### ഖ. മജിസ്ട്രേററുമാർക്കും പോലീസിനുമുള്ള സഹായം


37 മജിസ്ട്രേററുമാർക്കും പോലീസിനും പൊതുജനങ്ങൾ എപ്പോൾ പിൻതുണ നല്കണമെന്ന്.
38 പോലീസ് ആഫീസറല്ലാത്ത വാറണ്ട് നടത്തുന്ന ആൾക്കുള്ള സഹായം.
39 പൊതുജനങ്ങൾ ചില കുററങ്ങളെക്കുറിച്ച് വിവരം നല്കണമെന്ന്.
40 ഗ്രാമത്തിൻെറ കാര്യങ്ങൾ സംബന്ധിച്ച് നിയോജിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ, റിപ്പോർട്ട് ചെയ്യാനുള്ള കർത്തവ്യം.


## അദ്ധ്യായം V

### ആളുകളെ അറസ്ററ് ചെയ്യുന്നത്


41 പോലീസിന് എപ്പോൾ വാറൻറ്കൂടാതെ അറസ്ററ് ചെയ്യാമെന്ന്.
42 പേരും വാസസ്ഥലവും പറഞ്ഞുകൊടുക്കാൻ വിസമ്മതിച്ചാലുള്ള അറസ്ററ്.
43 സ്വകാര്യ വ്യക്തിയാലുള്ള അറസ്ററും അങ്ങനെ അറസ്ററ് ചെയ്താലുള്ള നടപടിക്രമവും.
44 മജിസ്ട്രേററിനാലുള്ള അറസ്ററ്.
45 സായുധ സേനകളിലെ അംഗങ്ങൾക്ക് അറസ്ററിൽനിന്നുള്ള രക്ഷണം.
46 അറസ്ററ് ചെയ്യുന്നത് എങ്ങനെയെന്ന്.
47 അറസ്ററ് ചെയ്യപ്പെടാനുള്ള ആൾ പ്രവേശിച്ച സ്ഥലത്തിൻെറ ശോധന.
48 കുററക്കാരെ മററു അധികാരിതാക്ഷേത്രങ്ങളിലേക്ക് പിൻതുടരൽ.
49 അനാവശ്യമായ തടസ്സപ്പെടുത്തൽ പാടില്ലെന്ന്.
50 അറസ്ററ് ചെയ്യപ്പെടുന്ന ആളെ അറസ്ററിനുള്ള കാരണങ്ങളും ജാമ്യത്തിനുള്ള അവകാശവും അറിയിക്കണമെന്ന്.
51 അറസ്ററ് ചെയ്യപ്പെടുന്ന ആളെ ശോധന ചെയ്യൽ.

52 ആക്രമണായുധങ്ങൾ പിടിച്ചെടുക്കാനുള്ള അധികാരം.

53 പോലീസുദ്യോഗസ്ഥന്റെ അപേക്ഷയിന്മേൽ, പ്രതിയെ ചികിത്സകൻ പരിശോധിക്കുന്നത്.

54 അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ അപേക്ഷയിന്മേൽ അറസ്റ്റ് ചെയ്യപ്പെട്ട ആളെ ചികിത്സകൻ പരിശോധിക്കുന്നത്.

55 വാറന്റ് കൂടാതെ അറസ്റ്റു ചെയ്യുവാൻ പോലീസ് ഉദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥനെ നിയുക്തനാക്കുമ്പോഴുള്ള നടപടിക്രമം.

56 അറസ്റ്റ് ചെയ്യപ്പെട്ടയാളെ മജിസ്ട്രേറ്റിന്റെയോ പോലീസ്സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെയോ മുൻപാകെ കൊണ്ടുപോകണമെന്ന്.

57 അറസ്റ്റ് ചെയ്യപ്പെട്ടയാളെ ഇരുപത്തിനാലു മണിക്കൂറിൽ കൂടുതൽ തടങ്കലിൽ വയ്ക്കരുതെന്ന്.

58 പിടിക്കുന്നത് പോലീസ് റിപ്പോർട്ടു ചെയ്യണമെന്ന്.

59 പിടിക്കപ്പെട്ട ആളെ ഡിസ്ചാർജ്ജ് ചെയ്യുന്നത്.

60 രക്ഷപ്പെട്ടാൽ പിൻതുടർന്നു വീണ്ടും പിടിക്കാനുള്ള അധികാരം.

അദ്ധ്യായം VI

ഹാജരാകുവാൻ നിർബന്ധിക്കുന്നതിനുള്ള പ്രോസസ്സുകൾ

ക. സമൻസ്

61 സമൻസിന്റെ ഫാറം.

62 സമൻസ് നടത്തുന്നത് എങ്ങനെയെന്ന്.

63 ഏകാംഗീകൃതമായ നികായങ്ങൾക്കും, സംഘങ്ങൾക്കും സമൻസ് നടത്തുന്നത്.

64 നടത്തൽ, സമൻ ചെയ്യപ്പെട്ടയാളുകളെ കണ്ടെത്താൻ കഴിയാത്തപ്പോൾ.

65 മുൻപ് വ്യവസ്ഥ ചെയ്തപോലെ നടത്താൻ കഴിയാത്തപ്പോഴുള്ള നടപടിക്രമം.

66 ഗവൺമെന്റ് സർവന്റിന് നടത്തുന്നത്.

67 തദ്ദേശാതിർത്തികൾക്ക് വെളിയിൽ സമൻസ് നടത്തുന്നത്.

68 അങ്ങനെയുള്ള സംഗതികളിലും, നടത്തുന്ന ഉദ്യോഗസ്ഥൻ ഹാജരില്ലാത്തപ്പോഴും, നടത്തൽ തെളിയിക്കുന്നത്.

69 സാക്ഷികൾക്ക് സമൻസ് പോസ്റ്റ്വഴി നടത്തുന്നത്.

ഖ. അറസ്റ്റു വാറന്റ്.

70 അറസ്റ്റ്വാറന്റിന്റെ രൂപവും, കാലാവധിയും.

71 ജാമ്യം വാങ്ങണമെന്ന് നിർദ്ദേശിക്കാനുള്ള അധികാരം.

72 വാറന്റുകൾ അധികാരപ്പെടുത്തിക്കൊടുക്കുന്നത് ആർക്കാണെന്ന്.

73 വാറന്റ് ഏതെങ്കിലും ആൾക്ക് അധികാരപ്പെടുത്തിക്കൊടുക്കാമെന്ന്.

74 പോലീസ് ഉദ്യോഗസ്ഥന് അധികാരപ്പെടുത്തിക്കൊടുക്കുന്ന വാറന്റ്.

75 വാറന്റിന്റെ സാരാംശം അറിയിക്കുന്നത്.

76 അറസ്റ്റ് ചെയ്യപ്പെട്ടയാളെ കാലതാമസം കൂടാതെ കോടതി മുമ്പാകെ കൊണ്ടുവരണമെന്ന്.

77 വാറന്റ് എവിടെ നടപ്പാക്കാമെന്ന്.

78 അധികാരിതയ്ക്ക് വെളിയിൽ നടപ്പാക്കുവാൻ അയച്ചുകൊടുക്കുന്ന വാറന്റ്.

79 അധികാരിതയ്ക്ക് വെളിയിൽ നടപ്പാക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥന് അധികാരപ്പെടുത്തി കൊടുക്കുന്ന വാറന്റ്.

80 ആർക്കെതിരായാണോ വാറൻറ് പുറപ്പെടുവിച്ചിട്ടുള്ളത്, അയാളെ അറസ്ററ് ചെയ്തതിൻമേലുള്ള നടപടിക്രമം.
81 അറസ്ററ് ചെയ്യപ്പെട്ട അങ്ങനെയുള്ള ആളെ, ഏത് മജിസ്ട്രേററിന്റെ മുൻപാകെയാണോ കൊണ്ടുവരപ്പെട്ടത്, ആ മജിസ്ട്രേററിന്റെ നടപടിക്രമം.

ഗ. വിളംബരവും ജപ്തിയും

82 ഒളിവിൽപോകുന്ന ആൾക്ക് വിളംബരം.
83 ഒളിവിൽ പോകുന്ന ആളുടെ വസ്തു ജപ്തിചെയ്യൽ.
84 ജപ്തി സംബന്ധിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും.
85 ജപ്തിചെയ്ത വസ്തുവിന്റെ മോചനവും വില്പനയും തിരിയെ കൊടുക്കലും.
86 ജപ്തിചെയ്ത വസ്തു തിരിയെകിട്ടാനുള്ള അപേക്ഷ നിരസിക്കുന്ന ഉത്തരവിൽ നിന്നുള്ള അപ്പീൽ.

ഘ. പ്രാസസ്സുകൾ സംബന്ധിച്ച മററു ചട്ടങ്ങൾ

87 സമൻസിനു പകരമോ, പുറമേയോ വാറണ്ട് പുറപ്പെടുവിക്കുന്നത്.
88 ഹാജരാകുന്നതിന് ബാണ്ട് വാങ്ങുവാനുള്ള അധികാരം.
89 ഹാജരാകുന്നതിനുള്ള ബാണ്ടിന്റെ ലംഘനത്തിൻമേലുള്ള അറസ്ററ്.
90 ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ സമൻസുകൾക്കും അറസ്ററ് വാറൻറുകൾക്കും സാമാന്യമായി ബാധകമാണെന്ന്.

അദ്ധ്യായം VII

സാധനങ്ങൾ ഹാജരാക്കാൻ നിർബന്ധിക്കുന്നതിനുള്ള പ്രാസസ്സുകൾ

ക. ഹാജരാക്കാൻ സമൻസ്

91 രേഖയോ മററു സാധനമോ ഹാജരാക്കാൻ സമൻസ്.
92 കത്തുകളും ടെലിഗ്രാമുകളും സംബന്ധിച്ച നടപടിക്രമം.

ഖ. ശോധന-വാറൻറുകൾ

93 ശോധന-വാറൻറ് എപ്പോൾ പുറപ്പെടുവിക്കാമെന്ന്.
94 കളവുമുതൽ വ്യാജനിർമ്മിതരേഖകൾ മുതലായവ ഉള്ളതായി സംശയിക്കപ്പെടുന്ന സ്ഥലത്തിന്റെ ശോധന.
95 ചില പ്രസിദ്ധീകരണങ്ങൾ കണ്ടുകെട്ടപ്പെട്ടതായി പ്രഖ്യാപിക്കുന്നതിനും, അവയ്ക്ക്, ശോധന-വാറൻറുകൾ പുറപ്പെടുവിക്കുന്നതിനും ഉള്ള അധികാരം.
96 കണ്ടുകെട്ടലിനുള്ള പ്രഖ്യാപനം ദുർബലപ്പെടുത്തുന്നതിന് ഹൈക്കോടതിയോടുള്ള അപേക്ഷ.
97 അന്യായമായി തടഞ്ഞുവയ്ക്കപ്പെട്ട ആളുകൾക്കുള്ള ശോധന.
98 ആളപഹരണം ചെയ്യപ്പെട്ട പെണ്ണുങ്ങളെ തിരിയെ കൊടുക്കാൻ നിർബന്ധിക്കാനുള്ള അധികാരം.

ഗ. ശോധനകൾ സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

99 ശോധന-വാറൻറുകൾ അധികാരപ്പെടുത്തിക്കൊടുക്കുന്നതും മററും.
100 അടച്ചിട്ട സ്ഥലത്തിന്റെ ചാർജ്ജുള്ള ആളുകൾ ശോധന അനുവദിക്കണമെന്ന്.

101 അധികാരിതയ്ക്ക് വെളിയിൽവച്ച് ശോധനയിൽ കണ്ടെത്തുന്ന സാധനങ്ങൾ എന്തു ചെയ്യുന്നുവെന്ന്.

### ഘ. പലവക

102 ചില വസ്തുക്കൾ പിടിച്ചെടുക്കാൻ പോലീസ് ഉദ്യോഗസ്ഥനുള്ള അധികാരം.
103 മജിസ്ട്രേററിന് തന്റെ സാന്നിദ്ധ്യത്തിൽ ശോധനചെയ്യാൻ നിദേശിക്കാമെന്ന്.
104 ഹാജരാക്കപ്പെട്ട രേഖ മുതലായവ ഇംപൗണ്ടുചെയ്യാനുള്ള അധികാരം.
105 പ്രാസസ്സുകൾ സംബന്ധിച്ച പരസ്പര വ്യവസ്ഥകൾ.

## അദ്ധ്യായം VIII

## സമാധാന പാലനത്തിനുള്ള ജാമ്യവും നല്ലനടപ്പിനുള്ള ജാമ്യവും

106 കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ സമാധാന പാലനത്തിനുള്ള ജാമ്യം.
107 മററു സംഗതികളിൽ സമാധാനപാലനത്തിനുള്ള ജാമ്യം.
108 രാജ്യദ്രോഹപരമായ സംഗതികൾ പ്രസാരണം ചെയ്യുന്ന ആളുകളിൽ നിന്ന് നല്ലനടപ്പ് ജാമ്യം.
109 സംശയിക്കപ്പെടുന്ന ആളുകളിൽ നിന്ന് നല്ലനടപ്പ് ജാമ്യം.
110 പതിവ് കുററക്കാരിൽ നിന്ന് നല്ലനടപ്പ് ജാമ്യം.
111 ചെയ്യേണ്ട ഉത്തരവ്.
112 കോടതിയിൽ സന്നിഹിതനായിരിക്കുന്ന ആളെ സംബന്ധിച്ച നടപടിക്രമം.
113 അപ്രകാരം സന്നിഹിതനല്ലാത്ത ആളുടെ സംഗതിയിലുള്ള സമൻസോ വാറന്റോ.
114 സമൻസിന്റേയോ വാറന്റിന്റേയോ കൂടെ ഉത്തരവിന്റെ പകർപ്പുണ്ടായിരിക്കണമെന്ന്.
115 നേരിട്ട് ഹാജരാകുന്നതുവേണ്ടെന്നു വയ്ക്കാനുള്ള അധികാരം.
116 വിവരത്തിന്റെ സത്യാവസ്ഥയെക്കുറിച്ചുള്ള അന്വേഷണവിചാരണ.
117 ജാമ്യം നല്കാനുള്ള ഉത്തരവ്.
118 ആർക്കെതിരായാണോ വിവരം നല്കപ്പെട്ടിരിക്കുന്നത്, അയാളുടെ ഡിസ്ചാർജ്ജ്.
119 ജാമ്യം ആവശ്യപ്പെട്ടിട്ടുള്ള കാലത്തിന്റെ പ്രാരംഭം.
120 ബോണ്ടിന്റെ ഉള്ളടക്കം.
121 ജാമ്യക്കാരെ നിരസിക്കാനുള്ള അധികാരം.
122 ജാമ്യം നല്കാൻ വീഴ്ച വരുത്തിയാലുള്ള തടവ്.
123 ജാമ്യം നല്കാത്തതിന് തടവിലാക്കപ്പെട്ട ആളുകളെ മോചിപ്പിക്കാനുള്ള അധികാരം.
124 ബോണ്ടിന്റെ, കഴിയാൻ ബാക്കിയുള്ള കാലത്തേയ്ക്കുള്ള ജാമ്യം.

അദ്ധ്യായം IX

## ഭാര്യമാരുടേയും, കുട്ടികളുടേയും മാതാപിതാക്കൻമാരുടേയും സംരക്ഷണത്തിനുള്ള ഉത്തരവ്


125 ഭാര്യമാരുടേയും കുട്ടികളുടേയും മാതാപിതാക്കൻമാരുടേയും സംരക്ഷണത്തിനുള്ള ഉത്തരവ്.

126 നടപടിക്രമം.

127 ബത്ത വ്യത്യാസപ്പെടുത്തൽ

128 സംരക്ഷണത്തിനുള്ള ഉത്തരവ് പ്രാവർത്തികമാക്കൽ,


അദ്ധ്യായം X

## പൊതു സമാധാനത്തിൻേറയും പൊതു പ്രശാന്തിയുടേയും പാലനം

(ക) നിയമ വിരുദ്ധസംഘങ്ങൾ


129 സിവിൽബലം ഉപയോഗിച്ച് സംഘത്തെ പിരിച്ചു വിടുന്നത്.

130 സംഘം പിരിച്ചുവിടാൻ സായുധസേനകളെ ഉപയോഗിക്കുന്നത്.

131 സായുധസേനകളിലെ ചില ആഫീസർമാർക്ക് സംഘം പിരിച്ചുവിടാനുള്ള അധികാരം.

132 ഇതിനുമുമ്പുള്ള വകുപ്പുകളിൻകീഴിൽ ചെയ്തിട്ടുള്ള കൃത്യങ്ങൾക്ക് പ്രാസിക്യൂട്ട് ചെയ്യുന്നതിനെതിരായുള്ള രക്ഷണം.


(ഖ) പൊതുജനശല്യങ്ങൾ


133 ശല്യം നീക്കംചെയ്യാനുള്ള സോപാധികമായ ഉത്തരവ്.

134 ഉത്തരവിൻെറ നടത്തലോ വിജ്ഞാപനമോ.

135 അനുസരിക്കുന്നതിനോ കാരണം കാണിക്കുന്നതിനോ ഉള്ള ഉത്തരവ് നല്കപ്പെട്ട ആൾ.

136 അയാൾ അപ്രകാരം ചെയ്യാതിരിക്കുന്നതിൻെറ അനന്തരഫലങ്ങൾ.

137 പൊതുജനാവകാശത്തിൻെറ അസ്തിത്വം നിഷേധിക്കുന്നിടത്തുള്ള നടപടിക്രമം.

138 കാരണം കാണിക്കാൻ അയാൾ ഹാജരാകുന്നിടത്തുള്ള നടപടി.

139 സ്ഥലത്ത്ചെന്ന് അന്വേഷണം നടത്താനും വിദഗ്ദ്ധനെ വിസ്തരിക്കാനും നിദേശിക്കാൻ മജിസ്ട്രേററിനുള്ള അധികാരം.

140 ലിഖിതമായ ആദേശങ്ങൾ നല്കാനും മററും മജിസ്ട്രേററിനുള്ള അധികാരം.

141 ഉത്തരവ് സ്ഥിരപ്പെടുത്തുന്നതിൻമേലുള്ള നടപടിക്രമവും അനുസരിക്കാത്തതിൻെറ അനന്തരഫലങ്ങളും.

142 അന്വേഷണവിചാരണ നിലവിലിരിക്കുമ്പോഴുള്ള ഇൻജങ്ഷൻ.

143 പൊതുജനശല്യത്തിൻെറ ആവർത്തനമോ തുടരലോ മജിസ്ട്രേററിന് നിരോധിക്കാവുന്നതാണ്.


ഗ. ശല്യത്തിൻേറയോ ആശങ്കിതാപായത്തിൻേറയോ അടിയന്തര സ്വഭാവമുള്ള കേസ്സുകൾ


144 ശല്യത്തിൻേറയോ ആശങ്കിതാപായത്തിൻേറയോ അടിയന്തരസ്വഭാവമുള്ള കേസ്സുകളിൽ ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.

ഘ. സ്ഥാവരവസ്തു സംബന്ധിച്ച തർക്കങ്ങൾ

145 ഭൂമിയോ ജലമോ സംബന്ധിച്ച തർക്കം സമാധാനലംഘനം ഉണ്ടാക്കാൻ ഇടയുള്ളിടത്തുള്ള നടപടിക്രമം.
146 തർക്കവസ്തു ജപ്തിചെയ്യുവാനും റിസീവറെ നിയമിക്കുവാനുമുള്ള അധികാരം.
147 ഭൂമിയോ ജലമോ ഉപയോഗിക്കാനുള്ള അവകാശം സംബന്ധിച്ച തർക്കം.
148 സ്ഥലത്തുവച്ചുള്ള അന്വേഷണവിചാരണ.

## അദ്ധ്യായം XI

## പോലീസിന്റെ നിവാരക പ്രവർത്തനം

149 പോലീസ് കോഗ്നൈസബിൾ കുററങ്ങൾ തടയണമെന്ന്.
150 കോഗ്നൈസബിൾ കുററങ്ങൾ ചെയ്യുവാനുള്ള പദ്ധതിയെക്കുറിച്ചുള്ള വിവരം.
151 കോഗ്നൈസബിൾ കുററങ്ങൾ ചെയ്യുന്നതു തടയാൻ അറസ്ററ്.
152 പൊതു മുതലിന് ക്ഷതി തടയുന്നത്.
153 തൂക്കങ്ങളുടേയും അളവുകളുടേയും പരിശോധന.

## അദ്ധ്യായം XII

## പോലീസിന് കൊടുക്കുന്ന വിവരവും അന്വേഷണത്തിനുള്ള അവരുടെ അധികാരങ്ങളും

154 കോഗ്നൈസബിൾ കേസ്സുകളിലെ വിവരം.
155 കോഗ്നൈസബിൾ അല്ലാത്ത കേസ്സുകളെ സംബന്ധിച്ച് കൊടുക്കുന്ന വിവരവും അങ്ങനെയുള്ള കേസ്സുകളുടെ അന്വേഷണവും.
156 കോഗ്നൈസബിൾ കേസ്സുകൾ അന്വേഷണം നടത്താൻ പോലീസ് ഉദ്യോഗസ്ഥനുള്ള അധികാരം.
157 അന്വേഷണം നടത്താനുള്ള നടപടിക്രമം.
158 റിപ്പോർട്ട് സമർപ്പിക്കുന്നത് എങ്ങനെയെന്ന്.
159 അന്വേഷണമോ പ്രാരംഭികമായ അന്വേഷണവിചാരണയോ നടത്താനുള്ള അധികാരം
160 സാക്ഷികൾ ഹാജരാകണമെന്ന് ആവശ്യപ്പെടാൻ പോലീസ് ഉദ്യോഗസ്ഥനുള്ള അധികാരം.
161 സാക്ഷികളെ പോലീസ് വിസ്തരിക്കുന്നത്.
162 പോലീസിന് നല്കുന്ന സ്റേററ്മെൻറുകൾ ഒപ്പിടേണ്ടതില്ലെന്നു തെളിവിൽ സ്റേററ്മെൻറുകൾ ഉപയോഗിക്കുന്നത്.
163 പ്രചോദനം നല്കാൻ പാടില്ലെന്ന്.
164 കുററസമ്മതങ്ങളും സ്റേററ്മെൻറുകളും റിക്കാർഡാക്കുന്നത്.
165 പോലീസ് ഉദ്യോഗസ്ഥൻ ശോധന ചെയ്യുന്നത്.
166 പോലീസ് സ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് മററൊരാളോട് ശോധന വാറൻറ് പുറപ്പെടുവിക്കാൻ എപ്പോൾ ആവശ്യപ്പെടാമെന്ന്.
167 അന്വേഷണം ഇരുപത്തിനാലു മണിക്കൂറിനകം പൂർത്തിയാക്കാൻ കഴിയാത്തപ്പോഴുള്ള നടപടിക്രമം.
168 പോലീസിലെ കീഴുദ്യോഗസ്ഥനാലുള്ള അന്വേഷണത്തിന്റെ റിപ്പോർട്ട്.

3/2653/V.

169 തെളിവ് പോരാത്തപ്പോൾ പ്രതിയുടെ വിമോചനം.
170 തെളിവ് മതിയായിരിക്കുമ്പോൾ കേസ്സുകൾ മജിസ്ട്രേററിന് അയക്കണമെന്ന്.
171 പോലീസ് ഉദ്യോഗസ്ഥനെ അനുഗമിക്കാൻ പരാതിക്കാരനോടും സാക്ഷിയോടും ആവശ്യപ്പെടാവുന്നതല്ലെന്നും അവരെ തടഞ്ഞുവയ്ക്കലിന് വിധേയരാക്കാവുന്നതല്ലെന്നും.
172 അന്വേഷണത്തിലെ നടപടികളുടെ ഡയറി.
173 അന്വേഷണം പൂർത്തിയാക്കുന്നതിൻമേൽ പോലീസ് ഉദ്യോഗസ്ഥൻെറ റിപ്പോർട്ട്.
174 ആത്മഹത്യ മുതലായവ പോലീസ് അന്വേഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യണമെന്ന്.
175 ആളുകളെ സമൻ ചെയ്യാനുള്ള അധികാരം.
176 മരണകാരണത്തെക്കുറിച്ചുള്ള മജിസ്ട്രേററിൻെറ അന്വേഷണവിചാരണ.

## അദ്ധ്യായം XIII

## അന്വേഷണവിചാരണകളിലും വിചാരണകളിലും ക്രിമിനൽ കോടതികൾക്കുള്ള അധികാരിത

177 അന്വേഷണവിചാരണയ്ക്കും വിചാരണയ്ക്കും ഉള്ള സാധാരണ സ്ഥലം.
178 അന്വേഷണവിചാരണയ്ക്കുള്ളതോ വിചാരണയ്ക്കുള്ളതോ ആയ സ്ഥലം.
179 കൃത്യം ചെയ്യുന്നതോ അനന്തരഫലം ഉണ്ടാകുന്നതോ ആയ സ്ഥലത്ത് കുററം വിചാരണ ചെയ്യാമെന്ന്.
180 കൃത്യം മററു കുററവുമായുള്ള ബന്ധം കാരണം കുററമാകുന്നിടത്ത് വിചാരണയ്ക്കുള്ള സ്ഥലം.
181 ചില കുററങ്ങളുടെ സംഗതിയിൽ വിചാരണയ്ക്കുള്ള സ്ഥലം.
182 കത്തുകൾ മുതലായവ വഴി ചെയ്യപ്പെടുന്ന കുററങ്ങൾ
183 യാത്രയിലോ സമുദ്രയാത്രയിലോ വച്ച് ചെയ്യുന്ന കുററം.
184 ഒരുമിച്ച് വിചാരണ ചെയ്യാവുന്ന കുററങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള സ്ഥലം.
185 കേസ്സുകൾ വ്യത്യസ്ത സെഷൻസ് ഡിവിഷനുകളിൽ വിചാരണ ചെയ്യണമെന്ന് ഉത്തരവ് ചെയ്യാനുള്ള അധികാരം.
186 സംശയമുണ്ടെങ്കിൽ അന്വേഷണവിചാരണയോ വിചാരണയോ നടക്കേണ്ടത് ഏത് ജില്ലയിലാണെന്ന് ഹൈക്കോടതി തീരുമാനിക്കണമെന്ന്.
187 തദ്ദേശാധികാരിതയ്ക്ക് വെളിയിൽവച്ച് ചെയ്ത കുററത്തിന് സമൻസോ വാറൻേറാ പുറപ്പെടുവിക്കാനുള്ള അധികാരം.
188 ഇൻഡ്യയ്ക്ക് പുറത്തു വച്ച് ചെയ്യുന്ന കുററം.
189 ഇൻഡ്യയ്ക്ക് പുറത്തുവച്ച് ചെയ്ത കുററങ്ങൾ സംബന്ധിച്ച തെളിവ് സ്വീകരിക്കുന്നത്.

## അദ്ധ്യായം XIV

## നടപടികൾ ആരംഭിക്കുന്നതിന് വേണ്ട ഉപാധികൾ

190 മജിസ്ട്രേററുമാർ കുററങ്ങൾ നടപടിക്കെടുക്കുന്നത്.
191 പ്രതിയുടെ അപേക്ഷയിൻമേൽ മാററുന്നത്.
192 കേസ്സുകൾ മജിസ്ട്രേററുമാർക്ക് ഏല്പിച്ചുകൊടുക്കുന്നത്.

193 സെഷൻസ് കോടതികൾ കുററങ്ങൾ നടപടിക്കെടുക്കുന്നത്.
194 അഡീഷണൽ സെഷൻസ് ജഡ്ജിമാരും അസിസ്ററൻറ് സെഷൻസ് ജഡ്ജിമാരും അവർക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ള കേസുകൾ വിചാരണചെയ്യണമെന്ന്.
195 പബ്ലിക് സർവൻറുമാരുടെ നിയമാനുസൃതമായ പ്രാധികാരത്തിൻെറ അലക്ഷ്യത്തിനും പൊതു നീതിക്കെതിരായ കുററങ്ങൾക്കും തെളിവിൽ കൊടുത്ത രേഖകൾ സംബന്ധിച്ച കുററങ്ങൾക്കും ഉള്ള പ്രാസിക്യൂഷൻ.
196 സ്റേററിനെതിരായ കുററങ്ങൾക്കും അങ്ങനെയുള്ള കുററം ചെയ്യാനുള്ള കുററകരമായ ഗൂഢാലോചനയ്ക്കും ഉള്ള പ്രാസിക്യൂഷൻ.
197 ജഡ്ജിമാരേയും പബ്ലിക് സർവൻറുമാരേയും പ്രാസിക്യൂട്ട് ചെയ്യുന്നത്.
198 വിവാഹ സംബന്ധമായ കുററങ്ങൾക്കുള്ള പ്രാസിക്യൂഷൻ.
199 അപകീർത്തിപ്പെടുത്തലിനുള്ള പ്രാസിക്യൂഷൻ.

## അദ്ധ്യായം XV

## മജിസ്ട്രേററുമാർക്കു കൊടുക്കുന്ന പരാതികൾ

200 പരാതിക്കാരനെ വിസ്തരിക്കുന്നത്.
201 കേസ്സ് നടപടിക്കെടുക്കാൻ ക്ഷമതയില്ലാത്ത മജിസ്ട്രേററിൻെറ നടപടിക്രമം.
202 പ്രാസസ് പുറപ്പെടുവിക്കുന്നത് നീട്ടിവയ്ക്കൽ.
203 പരാതി തള്ളിക്കളയുന്നത്.

## അദ്ധ്യായം XVI

## മജിസ്ട്രേററുമാരുടെ മുമ്പാകെ നടപടികളുടെ പ്രാരംഭം

204 പ്രാസസ് പുറപ്പെടുവിക്കുന്നത്.
205 മജിസ്ട്രേററിന് പ്രതി നേരിട്ട് ഹാജരാകുന്നത് വേണ്ടെന്നു വയ്ക്കാമെന്ന്.
206 ചെറുതരം കുററത്തിൻെറ കേസ്സിൽ പ്രത്യേക സമൻസ്.
207 പോലീസ് റിപ്പോർട്ടിൻേറയും മററ് രേഖകളുടേയും പകർപ്പ് പ്രതിക്ക് നല്കുന്നത്.
208 സെഷൻസ് കോടതിക്ക് വിചാരണ ചെയ്യാവുന്ന മററ് കേസുകളിൽ പ്രതിക്ക് സ്റേററ്മെൻറുകളുടേയും രേഖകളുടേയും പകർപ്പുകൾ നല്കുന്നത്.
209 കുററം കേവലം സെഷൻസ് കോടതിയിൽ വിചാരണ ചെയ്യപ്പെടാവുന്നതാകുമ്പോൾ, കേസ്സ് അതിന് കമ്മിററ് ചെയ്യുന്നത്.
210 ഒരേ കുററം സംബന്ധിച്ച് പരാതി കേസ്സും പോലീസ് അന്വേഷണവും ഉള്ളപ്പോൾ അനുവർത്തിക്കാനുള്ള നടപടിക്രമം.

## അദ്ധ്യായം XVII

## ചാർജ്ജ്

### (ക) ചാർജ്ജുകളുടെ രൂപം

211 ചാർജ്ജിന്റെ ഉള്ളടക്കം.
212 സമയവും സ്ഥലവും ആളേയും സംബന്ധിച്ച വിവരങ്ങൾ.
213 കുററം ചെയ്ത രീതി എപ്പോൾ പ്രസ്താവിച്ചിരിക്കണമെന്ന്.
214 ചാർജ്ജിലുള്ള വാക്കുകൾ ഏതു നിയമത്തിൻകീഴിലാണോ കുററം ശിക്ഷിക്കപ്പെടാവുന്നത്, ആ നിയമത്തിലെ അർത്ഥത്തിൽ എടുക്കണം എന്ന്.
215 തെററുകളുടെ പ്രഭാവം.
216 കോടതിക്ക് ചാർജ്ജ് വ്യത്യാസപ്പെടുത്താമെന്ന്.
217 ചാർജ്ജ് വ്യത്യാസപ്പെടുത്തുമ്പോൾ സാക്ഷികളെ തിരിയെ വിളിക്കുന്നത്.

### ഖ—ചാർജ്ജുകൾ ചേർക്കൽ

218 വിഭിന്നമായ കുററങ്ങൾക്ക് വേറിട്ട ചാർജ്ജുകൾ.
219 ഒരു വർഷത്തിനകത്തുള്ള ഒരേ തരത്തിലുള്ള മൂന്നു കുററങ്ങൾക്ക് ഒരുമിച്ച് ചാർജ്ജ് ചെയ്യാമെന്ന്.
220 ഒന്നിലധികം കുററങ്ങൾക്കുള്ള വിചാരണ.
221 ഏതു കുററമാണ് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് സംശയമുള്ളിടത്ത്.
222 തെളിയിക്കപ്പെട്ട കുററം ചാർജ്ജ് ചെയ്യപ്പെട്ട കുററത്തിൽ ഉൾപ്പെട്ടിരിക്കുമ്പോൾ.
223 എങ്ങനെയുള്ള ആളുകളെ കൂട്ടായി ചാർജ്ജ് ചെയ്യാമെന്ന്.
224 പല ചാർജ്ജുകളിൽ ഒന്നിൻമേൽ കുററസ്ഥാപനം ചെയ്യുമ്പോൾ ബാക്കി ചാർജ്ജുകൾ പിൻവലിക്കുന്നത്.

## അദ്ധ്യായം XVIII

## സെഷൻസ് കോടതി മുമ്പാകെയുള്ള വിചാരണ

225 വിചാരണ പബ്ലിക് പ്രാസിക്യൂട്ടർ നടത്തണമെന്ന്.
226 പ്രാസിക്യൂഷൻ ഭാഗം കേസ്സ് ആരംഭിക്കുന്നത്.
227 ഡിസ്ചാർജ് ചെയ്യൽ.
228 ചാർജ്ജ് തയ്യാറാക്കൽ.
229 അപരാധിയാണെന്ന് സമ്മതിക്കുന്നതിൻമേൽ കുററ സ്ഥാപനം.
230 പ്രാസിക്യൂഷൻ തെളിവിനുള്ള തീയതി.
231 പ്രാസിക്യൂഷൻ ഭാഗം തെളിവ്.
232 കുററ വിമുക്തമാക്കൽ.
233 പ്രതിവാദത്തിലേക്ക് പ്രവേശിക്കുന്നത്.
234 വിവാദം.
235 കുററവിമുക്തമാക്കുന്നതോ കുററസ്ഥാപനം ചെയ്യുന്നതോ ആയ വിധി.
236 മുൻ കുററസ്ഥാപനം.
237 199 (2)-ാം വകുപ്പിൻകീഴിൽ നടപടി ആരംഭിച്ചിട്ടുള്ള കേസ്സുകളിലെ നടപടിക്രമം.

അദ്ധ്യായം XIX

## മജിസ്ട്രേററുമാർ വാറൻറുകേസ്സുകരം വിചാരണചെയ്യുന്നത്

ക.—പോലീസ് റിപ്പോർട്ടിൻമേൽ ആരംഭിക്കപ്പെട്ട കേസുകരം

238 207—ാം വകുപ്പ് അനുസരിക്കുന്നത്.
239 പ്രതിയെ ഡിസ്ചാർജ്ജു ചെയ്യേണ്ടത് എപ്പോഴെന്ന്.
240 ചാർജ്ജു തയ്യാറാക്കൽ.
241 അപരാധിയാണെന്ന് സമ്മതത്തിൻമേൽ കുററസ്ഥാപനം.
242 പ്രാസിക്യൂഷൻ ഭാഗം തെളിവ്.
243 പ്രതിഭാഗം തെളിവ്.

ഖ.—പോലീസ് റിപ്പോർട്ടിൻമേലല്ലാതെ ആരംഭിക്കപ്പെടുന്ന കേസുകരം

244 പ്രാസിക്യൂഷൻ ഭാഗം തെളിവ്.
245 പ്രതി എപ്പോരം ഡിസ്ചാർജ് ചെയ്യപ്പെടണമെന്ന്.
246 പ്രതിയെ ഡിസ്ചാർജ് ചെയ്യുന്നില്ലെങ്കിലുള്ള നടപടിക്രമം.
247 പ്രതിഭാഗം തെളിവ്.

ഗ.—വിചാരണയുടെ സമാപനം

248 കുററവിമുക്തമാക്കൽ അല്ലെങ്കിൽ കുററസ്ഥാപനം ചെയ്യൽ.
249 പരാതിക്കാരൻ ഹാജരാകാതിരിക്കുന്നത്.
250 ന്യായമായ കാരണം കൂടാതെയുള്ള കുററാരോപണത്തിനുള്ള നഷ്ടപരിഹാരം.

അദ്ധ്യായം XX

## മജിസ്ട്രേററുമാർ സമൻസ് കേസുകരം വിചാരണ ചെയ്യുന്നത്

251 കുററാരോപണത്തിൻെറ സാരാംശം പറഞ്ഞു കൊടുക്കണമെന്ന്.
252 അപരാധിയാണെന്ന് സമ്മതിക്കുന്നതിൻമേൽ കുററ സ്ഥാപനം.
253 ചെറുതരം കേസുകളിൽ പ്രതിയുടെ അസാന്നിദ്ധ്യത്തിൽ അപരാധിയാണെന്ന് സമ്മതിക്കുന്നതിൻമേലുള്ള കുററസ്ഥാപനം.
254 കുററസ്ഥാപനം ചെയ്യുന്നില്ലെങ്കിലുള്ള നടപടിക്രമം.
255 കുററവിമുക്തമാക്കൽ അല്ലെങ്കിൽ കുററസ്ഥാപനം.
256 പരാതിക്കാരൻ ഹാജരാകാതിരിക്കുകയോ മരിക്കുകയോ ചെയ്യുന്നത്.
257 പരാതി പിൻവലിക്കൽ
258 ചില കേസ്സുകളിൽ നടപടികരം നിറുത്താനുള്ള അധികാരം.
259 സമൻസു കേസ്സുകളെ വാറൻറു കേസ്സുകളായി മാററുവാൻ കോടതിക്കുള്ള അധികാരം.

അദ്ധ്യായം XXI

## സമ്മറി വിചാരണകരം

260 സമ്മറിയായി വിചാരണ ചെയ്യുവാനുള്ള അധികാരം.
261 രണ്ടാംക്ലാസ് മജിസ്ട്രേററുമാർ സമ്മറി വിചാരണ ചെയ്യുന്നത്.
262 സമ്മറി വിചാരണയ്ക്കുള്ള നടപടിക്രമം.
263 സമ്മറി വിചാരണകളുടെ റിക്കാർഡ്.
264 സമ്മറിയായി വിചാരണ ചെയ്തിട്ടുള്ള കേസ്സുകളിലെ വിധിന്യായം.
265 റിക്കാർഡിൻെറയും വിധിന്യായത്തിൻെറയും ഭാഷ.

## അദ്ധ്യായം XXII

## കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടുന്ന ആളുകൾ ഹാജരാകുന്നത്


266 നിർവ്വചനങ്ങൾ.
267 തടവുകാർ ഹാജരാകണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം.
268 267-ാം വകുപ്പിന്റെ പ്രവർത്തനത്തിൽ നിന്ന് ചില ആളുകളെ ഒഴിച്ചു നിറുത്താൻ സ്റ്റേറ്റ് ഗവൺമെന്റിനുള്ള അധികാരം.
269 കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ചില സന്ദർഭങ്ങളിൽ ഉത്തരവു നടപ്പാക്കാതിരിക്കണമെന്ന്.
270 തടവുകാരനെ കോടതിയിലേക്ക് കസ്റ്റഡിയിൽ കൊണ്ടുവരണമെന്ന്.
271 കാരാഗൃഹത്തിലുള്ള സാക്ഷിയെ വിസ്തരിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിക്കാനുള്ള അധികാരം.


## അദ്ധ്യായം XXIII

## അന്വേഷണ വിചാരണകളിലേയും വിചാരണകളിലേയും തെളിവ്

### ക.—തെളിവ് എടുക്കുകയും റിക്കാർഡാക്കുകയും ചെയ്യുന്ന സമ്പ്രദായം


272 കോടതികളിലെ ഭാഷ.
273 തെളിവ്, പ്രതിയുടെ സാന്നിദ്ധ്യത്തിൽ എടുക്കണമെന്ന്.
274 സമൻസ് കേസ്സുകളിലേയും അന്വേഷണ വിചാരണകളിലേയും റിക്കാർഡ്.
275 വാറന്റ് കേസ്സുകളിലെ റിക്കാർഡ്.
276 സെഷൻസ് കോടതി മുമ്പാകെയുള്ള വിചാരണയിലെ റിക്കാർഡ്.
277 തെളിവ് റിക്കാർഡിന്റെ ഭാഷ.
278 അങ്ങനെയുള്ള തെളിവ് പൂർത്തിയാകുമ്പോൾ അത് സംബന്ധിച്ച നടപടിക്രമം.
279 പ്രതിയ്ക്കോ അയാളുടെ വക്കീലിനോ തെളിവ് ഭാഷാന്തരീകരിച്ചു കൊടുക്കുന്നത്.
280 സാക്ഷിയുടെ ചേഷ്ടിതം സംബന്ധിച്ച റിമാർക്കുകൾ.
281 പ്രതിയുടെ വിസ്താരത്തിന്റെ റിക്കാർഡ്.
282 ദ്വിഭാഷി സത്യസന്ധമായി ഭാഷാന്തരീകരിക്കാൻ ബാദ്ധ്യസ്ഥനാണെന്ന്.
283 ഹൈക്കോടതിയിലെ റിക്കാർഡ്.


### ഖ.—സാക്ഷികളുടെ വിസ്താരത്തിനുള്ള കമ്മീഷനുകൾ


284 എപ്പോൾ സാക്ഷി ഹാജരാകുന്നത് വേണ്ടെന്ന് വയ്ക്കുകയു കമ്മീഷൻ പുറപ്പെടുവിക്കുകയും ചെയ്യാമെന്ന്.
285 ആർക്കാണ് കമ്മീഷൻ അധികാരപ്പെടുത്തിക്കൊടുക്കേണ്ടതെന്ന്.
286 കമ്മീഷനുകളുടെ നിർവ്വഹണം.
287 കക്ഷികൾക്ക് സാക്ഷികളെ വിസ്തരിക്കാമെന്ന്.
288 കമ്മീഷൻ മടക്കുന്നത്.
289 നടപടി നീട്ടിവയ്ക്കൽ.
290 വിദേശക്കമ്മീഷനുകളുടെ നിർവ്വഹണം.
291 മെഡിക്കൽ സാക്ഷികളുടെ മൊഴി.
292 കമ്മട്ടത്തിലെ ഉദ്യോഗസ്ഥൻമാരുടെ തെളിവ്.
293 ചില ഗവൺമെന്റ്-ശാസ്ത്രവിദഗ്ദ്ധൻമാരുടെ റിപ്പോർട്ടുകൾ.

294 ചില രേഖകൾ ഔപചാരികമായി തെളിയിക്കേണ്ടെന്ന്.
295 പബ്ലിക് സർവൻറുമാരുടെ പെരുമാററം തെളിയിക്കുന്ന സത്യവാങ്മൂലം.
296 ഔപചാരിക സ്വഭാവത്തിലുള്ള തെളിവ് സത്യവാങ്മൂലത്തിൻമേൽ ആകാമെന്ന്.
297 സത്യവാങ്മൂലങ്ങൾ ഏതു് അധികാരസ്ഥാനങ്ങളുടെ മുമ്പാകെ ശപഥത്തിൻമേൽ നല്കാമെന്ന്.
298 മുൻപുള്ള കുററസ്ഥാപനമോ കുററവിമുക്തമാക്കലോ എങ്ങനെ തെളിയിക്കണമെന്ന്.
299 പ്രതിയുടെ അസാന്നിദ്ധ്യത്തിൽ തെളിവ് റിക്കാർഡാക്കൽ.


## അദ്ധ്യായം XXIV

## അന്വേഷണവിചാരണകളും വിചാരണകളും സംബന്ധിച്ച സാമാന്യവ്യവസ്ഥകൾ


300 ഒരിക്കൽ കുററസ്ഥാപനം ചെയ്യപ്പെട്ടതോ കുററവിമുക്തനാക്കപ്പെട്ടതോ ആയ ആൾ അതേ കുററത്തിന് വിചാരണ ചെയ്യപ്പെടാവുന്നതല്ലെന്ന്.
301 പബ്ലിക് പ്രാസിക്യൂട്ടർമാർ ഹാജരാകുന്നത്.
302 പ്രാസിക്യൂഷൻ നടത്തുവാനുള്ള അനുവാദം
303 നടപടികൾ ആരംഭിക്കപ്പെടുന്നത് ആർക്കെതിരായാണോ, അയാൾക്ക് പ്രതിവാദിക്കാനുള്ള അവകാശം.
304 പ്രതിയ്ക്ക് ചില കേസുകളിൽ സ്റേററ് ചെലവിൽ നിയമസഹായം.
305 ഏകാംഗയോഗമോ, രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള സംഘമോ പ്രതി ആകുമ്പോഴത്തെ നടപടിക്രമം.
306 കൂട്ടുകുററക്കാരന് മാപ്പു ടെൻഡർ ചെയ്യൽ.
307 മാപ്പ് ടെൻഡർ ചെയ്യാൻ നിദേശിക്കാനുള്ള അധികാരം.
308 മാപ്പിൻെറ ഉപാധികൾ അനുസരിക്കാതിരിക്കുന്ന ആളുടെ വിചാരണ.
309 നടപടികൾ നീട്ടിവയ്ക്കാനോ നീട്ടാനോ ഉള്ള അധികാരം.
310 സ്ഥലപരിശോധന.
311 സാരവത്തായ തെളിവിനുള്ള സാക്ഷിയെ സമൻ ചെയ്യുവാനോ സന്നിഹിതനായ ആളെ വിസ്തരിക്കുവാനോ ഉള്ള അധികാരം.
312 പരാതിക്കാരുടേയും സാക്ഷികളുടേയും ചെലവുകൾ.
313 പ്രതിയെ വിസ്തരിക്കുവാനുള്ള അധികാരം.
314 വാക്കാൽ വിവാദവും വിവാദത്തിൻെറ മെമ്മോറാണ്ടവും.
315 പ്രതി ക്ഷമതയുള്ള സാക്ഷിയാണെന്ന്.
316 വെളിപ്പെടുത്താൻ പ്രചോദിപ്പിക്കുന്നതിന് യാതൊരു സ്വാധീനവും ചെലുത്താവുന്നതല്ലെന്ന്.
317 ചില സംഗതികളിൽ പ്രതിയുടെ അസാന്നിദ്ധ്യത്തിൽ അന്വേഷണവിചാരണകളും വിചാരണകളും നടത്തുവാനുള്ള വ്യവസ്ഥ.
318 പ്രതിയ്ക്ക് നടപടികൾ മനസ്സിലാകാത്തിടത്തുള്ള നടപടിക്രമം.
319 കുററത്തിന് അപരാധികളാണെന്ന് കാണപ്പെടുന്ന മററ് ആളുകൾക്കെതിരായി നടപടിയെടുക്കാനുള്ള അധികാരം.
320 കുററങ്ങൾ രാജിയാക്കൽ.
321 പ്രാസിക്യൂഷനിൽനിന്ന് പിൻവലിക്കൽ.
322 മജിസ്ട്രേററിന് തീർപ്പാക്കാൻ കഴിയാത്ത കേസ്സുകളിലെ നടപടിക്രമം.
323 അന്വേഷണവിചാരണയോ വിചാരണയോ ആരംഭിച്ചതിനുശേഷം, കേസ്സ് കമ്മിററ് ചെയ്യപ്പെടേണ്ടതാണെന്ന് മജിസ്ട്രേററ് കാണുമ്പോഴുള്ള നടപടിക്രമം.

324 നാണയം സംബന്ധിച്ച കുററങ്ങൾക്കും സ്ററാമ്പ് നിയമത്തിനോ വസ്തുവിനോ എതിരായുള്ള കുററങ്ങൾക്കും മുൻ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആളുകളുടെ വിചാരണ.
325 മതിയായിടത്തോളം തീവ്രമായ ശിക്ഷാവിധി പാസ്സാക്കാൻ മജിസ്ട്രേററിന് കഴിയാത്തപ്പോഴുള്ള നടപടിക്രമം.
326 ഭാഗികമായി ഒരു മജിസ്ട്രേററും ഭാഗികമായി മറെറാരു മജിസ്ടേററും റിക്കാർഡാക്കുന്ന തെളിവിൻമേൽ കുററസ്ഥാപനം ചെയ്യുകയോ, കമ്മിററ് ചെയ്യുകയോ ചെയ്യുന്നത്.
327 തുറന്ന കോടതിയായിരിക്കണമെന്ന്.


## അദ്ധ്യായം XXV

## ചിത്തഭ്രമമുള്ള പ്രതിയെ സംബന്ധിച്ച വ്യവസ്ഥകൾ


328 പ്രതി ഭ്രാന്തനായിരിക്കുമ്പോഴത്തെ നടപടിക്രമം.
329 കോടതിമുമ്പാകെ വിചാരണചെയ്യപ്പെടുന്ന ചിത്തഭ്രമമുള്ള ആളുടെ സംഗതിയിലെ നടപടിക്രമം.
330 ഭ്രാന്തനെ, അന്വേഷണമോ വിചാരണയോ കഴിയുന്നതുവരെ വിമോചിപ്പിക്കുന്നത്.
331 അന്വേഷണവിചാരണയോ വിചാരണയോ പുനരാരംഭിക്കുന്നത്.
332 മജിസ്ട്രേററിൻേറയോ കോടതിയുടേയോ മുമ്പാകെ പ്രതി ഹാജരാകുന്നതിൻമേലുള്ള നടപടിക്രമം.
333 പ്രതി സ്വസ്ഥചിത്തനാണെന്ന് കാണുമ്പോൾ.
334 ചിത്തഭ്രമം കാരണമായി കുററവിമുക്തമാക്കുന്നതിനുള്ള വിധിന്യായം.
335 അങ്ങനെയുള്ള കാരണത്തിൻമേൽ കുററവിമുക്തനാക്കപ്പെടുന്ന ആളെ സുരക്ഷിതമായ തടങ്കലിൽ സൂക്ഷിക്കണമെന്ന്.
336 ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനെ ചുമതലകൾ നിർവ്വഹിക്കാൻ അധികാരപ്പെടുത്താൻ സ്റേററ് ഗവൺമെൻറിനുള്ള അധികാരം.
337 ഭ്രാന്തനായ തടവുകാരന് തൻെറ പ്രതിവാദം ചെയ്യാൻ കഴിവുണ്ടെന്ന് റിപ്പോർട്ടുചെയ്യപ്പെടുന്നിടത്തുള്ള നടപടിക്രമം.
338 തടങ്കലിൽ വയ്ക്കപ്പെട്ട ഭ്രാന്തൻ വിമോചിപ്പിക്കപ്പെടാൻ പററിയവനാണെന്ന് പ്രഖ്യാപിക്കപ്പെടുന്നിടത്തുള്ള നടപടിക്രമം.
339 ഭ്രാന്തനെ ചാർച്ചക്കാരൻേറയോ സ്നേഹിതൻേറയോ മേൽനോട്ടത്തിലേയ്ക്ക് ഏല്പിക്കുന്നത്.


## അദ്ധ്യായം XXVI

## നീതിന്യായഭരണത്തെ ബാധിക്കുന്ന കുററങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ


340 195—ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സംഗതികളിലെ നടപടിക്രമം.
341 അപ്പീൽ.
342 കോടതിച്ചെലവ് നല്കാനുത്തരവ് ചെയ്യുവാനുള്ള അധികാരം.
343 നടപടിയെടുക്കുന്ന മജിസ്ട്രേററിൻെറ നടപടിക്രമം.
344 വ്യാജമായ തെളിവ് നല്കുന്നതിനുള്ള വിചാരണയ്ക്കുള്ള സമ്മറി നടപടിക്രമം.
345 ചിലതരം അലക്ഷ്യങ്ങളിലെ നടപടിക്രമം.

346 കേസ്സ്-345-ാം വകുപ്പിൻകീഴിൽ കൈകാര്യം ചെയ്യേണ്ടതല്ലെന്ന് കോടതി കരുതുന്നിടത്തുള്ള നടപടിക്രമം.
347 രജിസ്ട്രാറോ സബ്‌രജിസ്ട്രാറോ എപ്പോഴം സിവിൽ കോടതിയായി കരുതപ്പെടണമെന്ന്.
348 ക്ഷമായാചനം ചെയ്യുന്നതിൻമേൽ കുററക്കാരനെ ഡിസ്ചാർജ് ചെയ്യുന്നത്.
349 ഉത്തരം നല്കാനോ രേഖ ഹാജരാക്കാനോ വിസമ്മതിക്കുന്ന ആളെ തടവിലാക്കുകയോ കമ്മിററ് ചെയ്യുകയോ ചെയ്യുന്നത്.
350 സാക്ഷി സമൻസ് അനുസരിച്ച് ഹാജരാകാത്തതിന് ശിക്ഷിക്കാനുള്ള സമ്മറി നടപടിക്രമം.
351 344, 345, 349, 350 എന്നീ വകുപ്പുകഠക്ക് കീഴിലേ കുററസ്ഥാപനങ്ങളിൽ നിന്നുള്ള അപ്പീലുകഠ.
352 ചില ജഡ്ജിമാരും മജിസ്ട്രേററുമാരും തങ്ങളുടെ മുമ്പാകെ ചെയ്യപ്പെടുന്ന ചില കുററങ്ങഠ വിചാരണചെയ്യാൻ പാടുള്ളതല്ലെന്ന്.

## അദ്ധ്യായം XXVII

## വിധിന്യായം

353 വിധിന്യായം.
354 വിധിന്യായത്തിലെ ഭാഷയും ഉള്ളടക്കവും.
355 മഹാനഗര മജിസ്ട്രേററിൻെറ വിധിന്യായം,
356 മുമ്പ് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള കുററക്കാരൻെറ മേൽവിലാസം അറിയിക്കുന്നതിനുള്ള ഉത്തരവ്.
357 നഷ്ടപരിഹാരം കൊടുക്കാനുള്ള ഉത്തരവ്.
358 കാരണമില്ലാതെ അറസ്ററ് ചെയ്യപ്പെട്ട ആളുകഠക്കുള്ള നഷ്ടപരിഹാരം.
359 കോഗ്നൈസബിഠ അല്ലാത്ത കേസ്സുകളിൽ കോടതിച്ചെലവു കൊടുക്കുവാൻ ഉത്തരവ്.
360 നല്ലനടപ്പിനുള്ള പ്രൊബേഷനിൻമേലോ താക്കീതിനു ശേഷമോ വിമോചിപ്പിക്കാനുള്ള ഉത്തരവ്.
361 ചില കേസ്സുകളിൽ പ്രത്യേക കാരണങ്ങഠ റിക്കാർഡാക്കണമെന്ന്.
362 കോടതിവിധിന്യായം ഭേദപ്പെടുത്താൻ പാടില്ലെന്ന്.
363 വിധിന്യായത്തിൻെറ പകർപ്പ് പ്രതിക്കും മററു ആളുകഠക്കും നല്കണമെന്ന്.
364 വിധിന്യായം എപ്പോഠ തർജ്ജമ ചെയ്യപ്പെടണമെന്ന്.
365 തീർപ്പിൻേറയും ശിക്ഷാവിധിയുടേയും പകർപ്പ് സെഷൻസ് കോടതി ജില്ലാമജിസ്ട്രേററിനു അയക്കണമെന്ന്.

## അദ്ധ്യായം XXVIII

## മരണശിക്ഷാവിധി സ്ഥിരീകരണത്തിന്നുവേണ്ടി സമർപ്പിക്കൽ

366 സെഷൻസ്കോടതി മരണശിക്ഷാവിധി സ്ഥിരീകരണത്തിന്നു സമർപ്പിക്കണമെന്ന്.
367 തുടർന്നുള്ള അന്വേഷണമോ വിചാരണ നടത്താനോ കൂടുതൽ തെളിവ് എടുക്കാനോ നിദ്ദേശിക്കാനുള്ള അധികാരം.
368 ശിക്ഷാവിധി സ്ഥിരീകരിക്കാനോ, കുററസ്ഥാപനം പ്രാബല്യശൂന്യമാക്കാനോ ഹൈക്കോടതിയ്ക്കുള്ള അധികാരം.

369 സ്ഥിരീകരണമോ പുതിയ ശിക്ഷാവിധിയോ രണ്ടു ജഡ്ജിമാർ ഒപ്പിടണമെന്ന്.
370 അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലുള്ള നടപടിക്രമം.
371 സ്ഥിരീകരണത്തിനു ഹൈക്കോടതിയ്ക്കു സമർപ്പിക്കുന്ന കേസ്സുകളിലെ നടപടിക്രമം.

## അദ്ധ്യായം XXIX

## അപ്പീലുകൾ

372 മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം അപ്പീലില്ലെന്ന്.
373 സമാധാനപാലനത്തിനോ നല്ലനടപ്പിനോ ജാമ്യം ആവശ്യപ്പെടുന്നതോ ജാമ്യക്കാരനെ സ്വീകരിക്കാൻ വിസമ്മതിക്കുന്നതോ നിരസിക്കുന്നതോ ആയ ഉത്തരവുകളിൽനിന്നുള്ള അപ്പീൽ.
374 കുററസ്ഥാപനങ്ങളിൽനിന്നുള്ള അപ്പീലുകൾ.
375 പ്രതി അപരാധിയാണെന്ന് സമ്മതിക്കുന്ന ചില കേസ്സുകളിൽ അപ്പീൽ ഇല്ലെന്ന്.
376 ചെറുതരം കേസ്സുകളിൽ അപ്പീലില്ലെന്ന്.
377 ശിക്ഷാവിധിക്കെതിരായി സ്റേററ് ഗവൺമെൻറിൻെറ അപ്പീൽ.
378 കുററവിമുക്തമാക്കുന്ന സംഗതിയിലെ അപ്പീൽ.
379 ചില സംഗതികളിൽ ഹൈക്കോടതിയുടെ കുററസ്ഥാപനത്തിന് എതിരായുള്ള അപ്പീൽ.
380 ചില സംഗതികളിൽ അപ്പീലിനുള്ള പ്രത്യേകാവകാശം.
381 സെഷൻസ് കോടതിക്കുള്ള അപ്പീൽ കേൾക്കുന്നത് എങ്ങനെയെന്ന്.
382 അപ്പീൽ ഹർജി.
383 അപ്പീൽവാദി ജയിലിലായിരിക്കുമ്പോഴുള്ള നടപടിക്രമം.
384 അപ്പീൽ സമ്മറിയായി തള്ളിക്കളയുന്നത്.
385 സമ്മറിയായി തള്ളിക്കളയാത്ത അപ്പീലുകൾ കേൾക്കാനുള്ള നടപടിക്രമം.
386 അപ്പീൽ കോടതിയുടെ അധികാരങ്ങൾ.
387 കീഴ് അപ്പീൽ കോടതിയുടെ വിധിന്യായങ്ങൾ.
388 അപ്പീലിൻമേലുള്ള ഹൈക്കോടതിയുടെ ഉത്തരവ് കീഴ്ക്കോടതിക്ക് സർട്ടിഫൈ ചെയ്തു കൊടുക്കണമെന്ന്.
389 അപ്പീൽ നിലവിലിരിക്കുമ്പോൾ ശിക്ഷാവിധി സസ്പെൻഡ് ചെയ്യുന്നത് ; അപ്പീൽ വാദിയെ ജാമ്യത്തിൽ വിമോചിപ്പിക്കുന്നത്.
390 കുററവിമുക്തമാക്കലിൽനിന്നുള്ള അപ്പീലിൽ പ്രതിയുടെ അറസ്ററ്.
391 അപ്പീൽകോടതിക്ക് കൂടുതൽ തെളിവ് എടുക്കുകയോ എടുക്കാൻ നിർദേശിക്കുകയോ ചെയ്യാമെന്ന്.
392 അപ്പീൽ കോടതിയിലെ ജഡ്ജിമാർ അഭിപ്രായത്തിൽ തുല്യമായി പിരിയുന്നിടത്തുള്ള നടപടിക്രമം.
393 അപ്പീലിൻമേലുള്ള വിധിന്യായങ്ങളുടേയോ ഉത്തരവുകളുടേയോ അന്തിമത്വം.
394 അപ്പീലുകളുടെ ഉപശമനം.

അദ്ധ്യായം XXX

റഫറൻസും റിവിഷനും

395 ഹൈക്കോടതിക്കുള്ള റഫറൻസ്.
396 ഹൈക്കോടതിയുടെ തീരുമാനമനുസരിച്ച് കേസ് തീർപ്പാക്കൽ.
397 റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കാനായി റിക്കാർഡുകൾ ആവശ്യപ്പെടുന്നത്.
398 അന്വേഷണവിചാരണയ്ക്ക് ഉത്തരവ് ചെയ്യാനുള്ള അധികാരം.
399 സെഷൻസ് ജഡ്ജിയുടെ റിവിഷൻ അധികാരങ്ങൾ.
400 അഡീഷണൽ സെഷൻസ് ജഡ്ജിയുടെ അധികാരം.
401 ഹൈക്കോടതിയുടെ റിവിഷൻ അധികാരങ്ങൾ.
402 റിവിഷൻ കേസുകൾ പിൻവലിക്കാനോ മാററുവാനോ ഹൈക്കോടതിക്കുള്ള അധികാരം.
403 കക്ഷികൾക്ക് പറയാനുള്ളത് കോടതി കേൾക്കുന്നത് ഐശ്ചികമാണെന്ന്.
404 മഹാനഗര മജിസ്ട്രേററിന്റെ തീരുമാനത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സ്റേറററ്മെൻറ് ഹൈക്കോടതി പരിഗണിക്കണമെന്ന്.
405 ഹൈക്കോടതിയുടെ ഉത്തരവ് കീഴ്ക്കോടതിക്ക് സർട്ടിഫൈ ചെയ്തുകൊടുക്കണമെന്ന്.

അദ്ധ്യായം XXXI

ക്രിമിനൽ കേസ്സുകൾ മാററുന്നത്

406 കേസ്സുകളും അപ്പീലുകളും മാററുവാൻ സുപ്രീംകോടതിക്കുള്ള അധികാരം.
407 കേസ്സുകളും അപ്പീലുകളും മാററുവാൻ ഹൈക്കോടതിക്കുള്ള അധികാരം.
408 കേസ്സുകളും അപ്പീലുകളും മാററുവാൻ സെഷൻസ് ജഡ്ജിക്കുള്ള അധികാരം.
409 സെഷൻസ് ജഡ്ജിമാർ കേസ്സുകളും അപ്പീലുകളും പിൻവലിക്കുന്നത്.
410 ജുഡീഷ്യൽ മജിസ്ട്രേററുമാർ കേസ്സുകൾ പിൻവലിക്കുന്നത്.
411 എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ കേസ്സുകൾ ഏല്പിച്ചുകൊടുക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നത്.
412 കാരണങ്ങൾ റിക്കാർഡാക്കണമെന്ന്.

അദ്ധ്യായം XXXII

ശിക്ഷാവിധികളുടെ നടപ്പാക്കലും, സസ്പെൻഷനും, ഇളവുചെയ്യലും, ലഘൂകരിക്കലും

(ക) മരണശിക്ഷാവിധികൾ

413 368-ാം വകുപ്പിൻകീഴിൽ പാസ്സാക്കുന്ന ഉത്തരവ് നടപ്പാക്കൽ.
414 ഹൈക്കോടതി പാസാക്കുന്ന മരണശിക്ഷാവിധി നടപ്പാക്കൽ.
415 സുപ്രീംകോടതിയിലേക്കുള്ള അപ്പീലിന്റെ സംഗതിയിൽ മരണശിക്ഷാവിധി നടപ്പാക്കുന്നത് നീട്ടിവയ്ക്കൽ.
416 ഗർഭിണിയുടെ മരണശിക്ഷ നീട്ടിവയ്ക്കുന്നത്.

### (ഖ) തടവ്

417 തടവിനുള്ള സ്ഥലം നിശ്ചയിക്കാനുള്ള അധികാരം.
418 തടവുശിക്ഷാവിധി നടപ്പാക്കൽ.
419 നടപ്പാക്കുന്നതിനുള്ള വാറൻറ് ആർക്ക് അധികാരപ്പെടുത്തിക്കൊടുക്കണമെന്ന്.
420 വാറൻറ് ആരുടെ പക്കൽ ലാഡ്ജ് ചെയ്യണമെന്ന്.

### (ഗ) പിഴ ഈടാക്കൽ

421 പിഴ ഈടാക്കാനുള്ള വാറണ്ട്.
422 അങ്ങനെയുള്ള വാറൻറിൻെറ പ്രഭാവം.
423 ഈ നിയമസംഹിത വ്യാപിക്കാത്ത ഏതെങ്കിലും രാജ്യക്ഷേത്രത്തിലുള്ള കോടതി പുറപ്പെടുവിക്കുന്ന പിഴ ഈടാക്കാനുള്ള വാറൻറ്.
424 തടവുശിക്ഷാവിധി നടപ്പാക്കുന്നത് നിറുത്തിവയ്ക്കൽ.

### (ഘ) നടപ്പാക്കൽ സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

425 വാറൻറ് ആർക്ക് പുറപ്പെടുവിക്കാമെന്ന്.
426 തടവുചാടിയ കുററസ്ഥാപനം ചെയ്യപ്പെട്ടവനുള്ള ശിക്ഷാവിധി എപ്പോൾ പ്രഭാവത്തിൽ വരുമെന്ന്.
427 മറെറാരു കുററത്തിന് മുമ്പേതന്നെ ശിക്ഷ വിധിച്ചിട്ടുള്ള കുററക്കാരനുള്ള ശിക്ഷാവിധി.
428 പ്രതി അനുഭവിച്ച തടങ്കൽ കാലാവധി തടവുശിക്ഷാവിധിയിൽനിന്ന് തട്ടിക്കഴിക്കേണ്ടതാണെന്ന്.
429 ഒഴിവാക്കൽ.
430 ശിക്ഷാവിധി നടപ്പാക്കിയതിൻമേൽ വാറൻറ് മടക്കൽ.
431 കൊടുക്കാൻ ഉത്തരവുചെയ്ത പണം പിഴയെന്നപോലെ വസൂലാക്കാമെന്ന്.

### (ങ) ശിക്ഷാവിധികളുടെ നിറുത്തിവയ്ക്കലും ഇളവുചെയ്യലും ലഘൂകരിക്കലും

432 ശിക്ഷാവിധികൾ നിറുത്തിവയ്ക്കാനോ ഇളവുചെയ്യാനോ ഉള്ള അധികാരം.
433 ശിക്ഷാവിധി ലഘൂകരിക്കാനുള്ള അധികാരം.
434 മരണശിക്ഷാവിധികളുടെ സംഗതിയിൽ, കേന്ദ്രഗവൺമെൻറിനുള്ള സമവർത്തിയായ അധികാരം.
435 ചില കേസ്സുകളിൽ സ്റേററ്ഗവൺമെൻറ് കേന്ദ്രഗവൺമെൻറുമായി ആലോചിച്ചതിനുശേഷം പ്രവർത്തിക്കണമെന്ന്.

## അദ്ധ്യായം XXXIII

## ജാമ്യവും ബാണ്ടുകളും സംബന്ധിച്ച വ്യവസ്ഥകൾ

436 ഏതു സംഗതികളിൽ ജാമ്യം വാങ്ങണമെന്ന്.
437 ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുററത്തിൻെറ സംഗതിയിൽ എപ്പോൾ ജാമ്യം വാങ്ങണമെന്ന്.
438 അറസ്ററ് ചെയ്യപ്പെടുമെന്ന് ആശങ്കയുള്ള ആൾക്ക് ജാമ്യം നല്കുന്നതിനുള്ള നിദേശം.

439 ജാമ്യം സംബന്ധിച്ച് ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ ഉള്ള പ്രത്യേകാധികാരങ്ങൾ.
440 ബാണ്ടിൻെറ തുകയും അതു കുറയ്ക്കലും.
441 പ്രതിയുടേയും ജാമ്യക്കാരുടേയും ബാണ്ട്.
442 കസ്ററഡിയിൽനിന്ന് ഡിസ്ചാർജ് ചെയ്യൽ.
443 ആദ്യം വാങ്ങിയ ജാമ്യം മതിയായതല്ലാത്തപ്പോൾ മതിയായ ജാമ്യത്തിന് ഉത്തരവ് ചെയ്യാനുള്ള അധികാരം.
444 ജാമ്യക്കാരെ ഡിസ്ചാർജ് ചെയ്യുന്നത്.
445 ജാമ്യച്ചീട്ടിനു പകരം ഡെപ്പോസിററ്.
446 ബാണ്ടിലെ ജാമ്യത്തുക നഷ്ടപ്പെട്ടിരിക്കുമ്പോഴത്തെ നടപടിക്രമം.
447 ജാമ്യക്കാരൻ നിർദ്ധനനാവുകയോ മരിച്ചുപോവുകയോ ചെയ്യുന്ന സംഗതിയിലോ ജാമ്യസംഖ്യ നഷ്ടപ്പെട്ടിരിക്കുമ്പോഴോ ഉള്ള നടപടിക്രമം
448 മൈനറിൽനിന്ന് ആവശ്യപ്പെടുന്ന ബാണ്ട്.
449 446-ാം വകുപ്പിൻകീഴിലുള്ള ഉത്തരവുകളിൽനിന്നുള്ള അപ്പീൽ.
450 ചില ജാമ്യച്ചീട്ടുകളിൻമേൽ കൊടുക്കാനുള്ള തുകയുടെ ലെവിക്കു നിർദേശം നല്കാനുള്ള അധികാരം.

## അദ്ധ്യായം XXXIV

## വസ്തു വ്യയനം ചെയ്യൽ

451 ചില സംഗതികളിൽ വിചാരണ കഴിയുന്നതുവരെ വസ്തുവിൻെറ വ്യയനത്തിനുള്ള ഉത്തരവ്.
452 വിചാരണയുടെ അവസാനം വസ്തു വ്യയനം ചെയ്യാനുള്ള ഉത്തരവ്.
453 പ്രതിയുടെ പക്കൽ കണ്ടെത്തുന്ന പണം നിരപരാധിയായ ക്രേതാവിന് കൊടുക്കുന്നത്.
454 452-ാം വകുപ്പിനോ 453-ാം വകുപ്പിനോ കീഴിലുള്ള ഉത്തരവുകൾക്കെതിരായി അപ്പീൽ.
455 അപമാനലേഖവും മററുമായ പദാർത്ഥം നശിപ്പിക്കുന്നത്.
456 സ്ഥാവരവസ്തുവിൻെറ കൈവശം കൊടുക്കാനുള്ള അധികാരം.
457 വസ്തു പിടിച്ചെടുക്കുന്നതിൻമേൽ പോലീസിൻെറ നടപടിക്രമം.
458 ആറു മാസത്തിനകം യാതൊരു അവകാശിയും ഹാജരാകാത്തപ്പോഴത്തെ നടപടിക്രമം.
459 വേഗം കേടുവരുന്ന വസ്തു വില്ക്കാനുള്ള അധികാരം.

## അദ്ധ്യായം XXXV

## ക്രമരഹിതമായ നടപടികൾ

460 നടപടികൾ അസാധുവാക്കാത്ത ക്രമക്കേടുകൾ.
461 നടപടികളെ ദോഷമായി ബാധിക്കുന്ന ക്രമക്കേടുകൾ.
462 തെററായ സ്ഥലത്തുവച്ചുള്ള നടപടികൾ.
463 164-ാം വകുപ്പിലേയോ 281-ാം വകുപ്പിലേയോ വ്യവസ്ഥകൾ അനുസരിക്കാതിരിക്കൽ.
464 ചാർജ്ജ് തയ്യാറാക്കാൻ വിട്ടുപോകുന്നതിൻെറയോ ചാർജ് ഇല്ലാതിരിക്കുന്നതിൻെറയോ ചാർജ്ജിലെ തെററിൻെറയോ പ്രഭാവം.
465 തെററോ വിട്ടുപോകലോ ക്രമക്കേടോ കാരണം തീർപ്പോ ശിക്ഷാവിധിയോ എപ്പോൾ മറിച്ച് വിധിക്കാവുന്നതാണെന്ന്.
466 ന്യൂനതയോ തെററോ ജപ്തിയെ നിയമവിരുദ്ധമാക്കുന്നതല്ലെന്ന്.

## അദ്ധ്യായം XXXVI

### ചില കുററങ്ങരം നടപടിയ്ക്കെടുക്കുന്നതിൻെറ കാലഹരണം

467 നിർവ്വചനങ്ങരം.
468 കാലഹരണ കാലാവധി കഴിഞ്ഞതിനുശേഷം നടപടിക്കെടുക്കാനുള്ള തടസ്സം.
469 കാലഹരണകാലാവധിയുടെ പ്രാരംഭം.
470 ചില സംഗതികളിൽ സമയം ഒഴിച്ചുനിറുത്തൽ.
471 കോടതി അടച്ചിരിക്കുന്ന ദിവസം ഒഴിച്ചുനിറുത്തുന്നത്.
472 തുടരുന്ന കുററം.
473 കാലഹരണകാലാവധി ചില സംഗതികളിൽ നീട്ടിക്കൊടുക്കുന്നത്.

## അദ്ധ്യായം XXXVII

### പലവക

474 ഹൈക്കോടതികളുടെ മുൻപാകെയുള്ള വിചാരണകരം.
475 പട്ടാളക്കോടതിയാൽ വിചാരണ ചെയ്യപ്പെടാൻ അർഹരായ ആളുകളെ കമാൻഡിങ്ങ് ആഫീസാൻമാർക്ക് ഏല്പിച്ചുകൊടുക്കൽ.
476 ഫാറങ്ങരം.
477 ചട്ടങ്ങരം ഉണ്ടാക്കാൻ ഹൈക്കോടതിക്കുള്ള അധികാരം.
478 ജുഡീഷ്യൽ മജിസ്ട്രേററുമാർക്കും എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർക്കും വിഭജിച്ചുകൊടുത്തിട്ടുള്ള ചുമതലകരം ചില സംഗതികളിൽ വ്യത്യാസപ്പെടുത്താനുള്ള അധികാരം.
479 ജഡ്ജിക്കോ മജിസ്ട്രേററിനോ വ്യക്തിപരമായി താത്പര്യമുള്ള കേസ്സുകരം.
480 പ്രാക്ററീസ് ചെയ്യുന്ന വക്കീൽ ചില കോടതികളിൽ മജിസ്ട്രേററായി ഉപവേശിക്കാൻ പാടില്ലെന്ന്.
481 വില്പനയുമായി ബന്ധപ്പെട്ട പബ്ലിക് സർവൻറ് വസ്തു വിലയ്ക്കു വാങ്ങുകയോ വിളിക്കൊരക്കുകയോ പാടില്ലെന്ന്.
482 ഹൈക്കോടതിയുടെ സഹജാധികാരം ഒഴിവാക്കൽ.
483 ജുഡീഷ്യൽ മജിസ്ട്രേററുമാരുടെ കോടതികളുടെ നിരന്തരമായ മേലന്വേഷണം നടത്താൻ ഹൈക്കോടതിക്കുള്ള കർത്തവ്യം.
484 റദ്ദാക്കലും ഒഴിവാക്കലും.

ഒന്നാം പട്ടിക
കുററങ്ങരം തരംതിരിക്കൽ
രണ്ടാം പട്ടിക
ഫാറങ്ങരം

# ക്രിമിനൽ നടപടി നിയമസംഹിത, 1973

(1974-ലെ 2-ാം നമ്പർ)

[1974 ജനുവരി 25]

## ക്രിമിനൽ നടപടിക്രമം സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനുള്ള ആക്റ്റ്

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഇരുപത്തിനാലാം സംവൽസരത്തിൽ പാർലമെന്റ് താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന്, ക്രിമിനൽ നടപടി നിയമസംഹിത, 1973 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു—കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്:

എന്നാൽ, ഈ നിയമസംഹിതയിലെ വ്യവസ്ഥകൾ, അതിലെ VIII-ം, X-ം, XI-ം അദ്ധ്യായങ്ങളെ സംബന്ധിച്ചവ ഒഴികെ,—

(ക) നാഗാലാൻഡ് സ്റ്റേറ്റിനും ;

(ഖ) ഗോത്രവർഗ്ഗ പ്രദേശങ്ങൾക്കും, ബാധകമാകുന്നതല്ല:

എന്നാൽ ബന്ധപ്പെട്ട സ്റ്റേറ്റ് ഗവൺമെന്റിന്, വിജ്ഞാപനംവഴി, അങ്ങനെയുള്ള വ്യവസ്ഥകളോ അവയിൽ ഏതെങ്കിലുമോ, അതതു സംഗതി പോലെ, നാഗാലാൻഡ് സ്റ്റേറ്റിനോ അങ്ങനെയുള്ള ഗോത്രവർഗ്ഗ പ്രദേശങ്ങൾക്കോ മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന അനുപൂരകമോ, ആനുഷംഗികമോ, അനന്തര ഫലമായുള്ളതോ ആയ രൂപഭേദങ്ങളോടുകൂടി

ബാധകമാക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൽ, ''ഗോത്രവർഗ്ഗപ്രദേശങ്ങൾ'' എന്നാൽ ഭരണഘടനയിലെ ആറാം പട്ടിക, 20-ാം ഖണ്ഡികയിൽ പരാമർശിച്ചതു പോലെയുള്ള ആസ്സാം ഗോത്രവർഗ്ഗ പ്രദേശങ്ങളിൽ 1972 ജനുവരി 21-ാം ദിവസത്തിന് തൊട്ടുമുമ്പ് ഉൾപ്പെട്ടിരുന്ന രാജ്യക്ഷേത്രങ്ങളിൽ ഷില്ലോങ് മുനിസിപ്പാലിറ്റിയുടെ തദ്ദേശപരിധിക്കുള്ളിലുള്ളതല്ലാത്തവ എന്നർത്ഥമാകുന്നു.

(3) ഇത് 1974 ഏപ്രിൽ 1-ാം ദിവസം പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവചനങ്ങൾ.—ഈ നിയമസംഹിതയിൽ, സന്ദർഭം മറ്റുപ്രകാരത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''ജാമ്യം അനുവദിക്കേണ്ട കുറ്റം'' എന്നാൽ, ജാമ്യം അനുവദിക്കേണ്ടതായി ഒന്നാം പട്ടികയിൽ കാണിച്ചിരിക്കുന്നതോ, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമം ജാമ്യം അനുവദിക്കേണ്ടതാക്കുന്നതോ ആയ ഒരു കുറ്റം എന്നർത്ഥമാകുന്നതും; ''ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുറ്റം'' എന്നാൽ, മറ്റേതെങ്കിലും കുറ്റം എന്നർത്ഥമാകുന്നതും ആണ്.

(ഖ) ''ചാർജ്ജ്'' എന്നതിൽ, ചാർജ്ജിൽ ഒന്നിലധികം ശീർഷകം അടങ്ങിയിരിക്കുമ്പോൾ, ചാർജ്ജിന്റെ ഏതു ശീർഷകവും ഉൾപ്പെടുന്നതാകുന്നു ;

(ഗ) ''കൊഗ്നൈസബിൾ കുറ്റം'' എന്നാൽ, ഏതു കുറ്റത്തിനാണോ ഒരു പോലീസ് ഉദ്യോഗസ്ഥന്, ഒന്നാം പട്ടികയനുസരിച്ചോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിലോ വാറന്റ് കൂടാതെ അറസ്റ്റ് ചെയ്യാവുന്നത്, അങ്ങനെയുള്ള കുറ്റം എന്നും, ''കൊഗ്നൈസബിൾ കേസ്'' എന്നാൽ, ഏതു കേസ്സിലാണോ അങ്ങനെ അറസ്റ്റ് ചെയ്യാവുന്നത്, അങ്ങനെയുള്ള കേസ്സ് എന്നും അർത്ഥമാകുന്നു;

(ഘ) ''പരാതി'' എന്നാൽ, ഒരു മജിസ്ട്രേററ് ഈ നിയമസംഹിതയിൻ കീഴിൽ നടപടി എടുക്കണമെന്ന ലക്ഷ്യത്തോടെ, അദ്ദേഹത്തോട്, അറിയപ്പെടുന്നവനോ അറിയപ്പെടാത്തവനോ ആയ ഏതോ ആൾ ഒരു കുററം ചെയ്തിരിക്കുന്നുവെന്ന് വാക്കാലോ ലിഖിതമായോ ചെയ്യുന്ന ഏതെങ്കിലും ആരോപണം എന്നർത്ഥമാകുന്നതും, അതിൽ പോലീസ് റിപ്പോർട്ട് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം.—അന്വേഷണത്തിനുശേഷം, കൊഗ്നൈസബിൾ അല്ലാത്ത ഒരു കുററം ചെയ്യപ്പെട്ടതായി വെളിപ്പെടുന്ന ഒരു കേസ്സിൽ, ഒരുപോലീസ് ഉദ്യോഗസ്ഥൻ ചെയ്യുന്ന റിപ്പോർട്ട് പരാതിയായി കരുതപ്പെടുന്നതും; അങ്ങനെ റിപ്പോർട്ട് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ പരാതിക്കാരനായി കരുതപ്പെടുന്നതും ആകുന്നു.

(ങ) ''ഹൈക്കോടതി'' എന്നാൽ,—

(i) ഏതെങ്കിലും സ്റേററിനെ സംബന്ധിച്ച്, ആ സ്റേററിനുള്ള ഹൈക്കോടതി എന്നും;

(ii) ഒരു സ്റേററിനുള്ള ഹൈക്കോടതിയുടെ അധികാരിത നിയമത്താൽ വ്യാപിപ്പിക്കപ്പെട്ടിട്ടുള്ള യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, ആ ഹൈക്കോടതി എന്നും;

(iii) മറേറതെങ്കിലും യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, ഇൻഡ്യയിലെ സുപ്രീംകോടതിയല്ലാതെയുള്ള, ആ രാജ്യക്ഷേത്രത്തിനുള്ള ഏററവും ഉയർന്ന ക്രിമിനൽ അപ്പീൽ കോടതി എന്നും,

അർത്ഥമാകുന്നു.

(ച) ''ഇൻഡ്യ'' എന്നാൽ, ഈ നിയമസംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾ എന്നർത്ഥമാകുന്നു;

(ഛ) ''അന്വേഷണവിചാരണ'' എന്നാൽ, ഈ നിയമസംഹിതയിൻ കീഴിൽ മജിസ്ട്രേററോ കോടതിയോ നടത്തുന്നതും, വിചാരണയല്ലാത്തതും ആയ ഏതൊരു അന്വേഷണവിചാരണയും എന്നർത്ഥമാകുന്നു;

(ജ) ''അന്വേഷണം'' എന്നതിൽ, പോലീസ് ഉദ്യോഗസ്ഥനോ ഇതിലേയ്ക്ക് ഒരു മജിസ്ട്രേററ് പ്രാധികാരം നല്കുന്ന (ഒരു മജിസ്ട്രേററല്ലാത്ത) ഏതെങ്കിലും ആളോ തെളിവ് ശേഖരിക്കുന്നതിനായി ഈ നിയമസംഹിതയിൻ കീഴിൽ നടത്തുന്ന എല്ലാ നടപടികളും ഉൾപ്പെടുന്നു;

(ഝ) ''നീതിന്യായ നടപടി''യിൽ, ഏതു് നടപടിക്കിടയിലാണോ നിയമപ്രകാരം ശപഥത്തിൻമേൽ തെളിവെടുക്കുന്നത്, അല്ലെങ്കിൽ എടുക്കാവുന്നത്, അങ്ങനെയുള്ള ഏതു നടപടിയും ഉൾപ്പെടുന്നു;

(ഞ) ''തദ്ദേശാധികാരിത''യ്ക്ക്, ഒരു കോടതിയേയോ മജിസ്ട്രേററിനേയോ സംബന്ധിച്ച്, ഏത് തദ്ദേശപ്രദേശത്തിനുള്ളിലാണോ ആ കോടതിക്കോ മജിസ്ട്രേററിനോ ഈ നിയമസംഹിതയിൻകീഴിലുള്ള അതിൻേറയോ അദ്ദേഹത്തിൻേറയോ എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരങ്ങളോ പ്രയോഗിക്കാവുന്നത്, അങ്ങനെയുള്ള തദ്ദേശപ്രദേശം എന്നർത്ഥമാകുന്നു;

(ട) ''മഹാനഗരപ്രദേശം'' എന്നാൽ, ഒരു മഹാനഗരപ്രദേശമായി 8-ാം വകുപ്പിൻകീഴിൽ പ്രഖ്യാപിച്ചതോ പ്രഖ്യാപിച്ചതായി കരുതപ്പെടുന്നതോ ആയ പ്രദേശം എന്നർത്ഥമാകുന്നു;

(ഠ) ''കൊഗ്നൈസബിൾ അല്ലാത്ത കുററം'' എന്നാൽ, ഏതു കുററത്തിനാണോ ഒരു പോലീസ് ഉദ്യോഗസ്ഥന് വാറൻറ്കൂടാതെ അറസ്ററ് ചെയ്യുവാൻ പ്രാധികാരമില്ലാത്തത്, അങ്ങനെയുള്ള കുററം എന്നും, ''കൊഗ്നൈസബിൾ അല്ലാത്ത കേസ്'' എന്നാൽ, ഏതു കേസ്സിലാണോ അങ്ങനെയുള്ള പ്രാധികാരമില്ലാത്തത്, ആ കേസ് എന്നും അർത്ഥമാകുന്നു;

(ഡ) ''വിജ്ഞാപനം'' എന്നാൽ, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഢ) ''കുററം'' എന്നാൽ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ശിക്ഷാർഹമാക്കുന്ന ഏതെങ്കിലും കൃത്യം അല്ലെങ്കിൽ കൃത്യവിലോപം എന്നർത്ഥമാകുന്നതും, അതിൽ ഏത് കൃത്യം സംബന്ധിച്ചാണോ കന്നുകാലി അതിക്രമ ആക്ററ്, 1871 (1871-ലെ 1)-ലെ 20-ാം വകുപ്പിൻകീഴിലുള്ള പരാതി സമർപ്പിക്കാവുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കൃത്യം ഉൾപ്പെടുന്നതുമാകുന്നു;

(ണ) ''ഒരു പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ'' എന്നതിൽ, പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ സ്റേറഷൻ ഹൗസിൽ ഇല്ലാതിരിക്കുകയോ, അല്ലെങ്കിൽ അയാൾക്ക് സുഖക്കേടിനാലോ മററു കാരണത്താലോ തൻെറ കർത്തവ്യങ്ങൾ നിർവഹിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻെറ പദവിക്ക് തൊട്ടടുത്ത പദവിയുണ്ടായിരിക്കുകയും കോൺസ്ററബിളിൻെറ പദവിക്ക് മീതെയുള്ള പദവിയുണ്ടായിരിക്കുകയും, സ്റേറഷൻ ഹൗസിൽ സന്നിഹിതനായിരിക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ, സ്റേററ് ഗവൺമെൻറ് നിർദേശിക്കുമ്പോൾ അപ്രകാരം സന്നിഹിതനായിരിക്കുന്ന മറേറതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഉൾപ്പെടുന്നു;

(ത) ''സ്ഥലം'' എന്നതിൽ, വീടും കെട്ടിടവും കൂടാരവും വാഹനവും ജലയാനവും ഉൾപ്പെടുന്നു;

(ഥ) ''പ്ലീഡർ''ക്ക്, ഏതെങ്കിലും കോടതിയിലെ ഏതെങ്കിലും നടപടി സംബന്ധമായി ഉപയോഗിക്കുമ്പോൾ, അങ്ങനെയുള്ള കോടതിയിൽ പ്രാക്ററീസ് ചെയ്യാൻ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ നിയമത്തിൻകീഴിലോ പ്രാധികാരം നല്കപ്പെട്ട ആൾ എന്നർത്ഥമാകുന്നതും, അതിൽ, അങ്ങനെയുള്ള നടപടിയിൽ പ്രവർത്തിക്കുവാൻ കോടതിയുടെ അനുവാദത്തോടുകൂടി നിയമിക്കപ്പെട്ട മറേറതെങ്കിലും ആൾ ഉൾപ്പെടുന്നതും ആകുന്നു;

(ദ) ''പോലീസ് റിപ്പോർട്ട്'' എന്നാൽ, 173-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൻകീഴിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഒരു മജിസ്ട്രേററിന്നയയ്ക്കുന്ന ഒരു റിപ്പോർട്ട് എന്നർത്ഥമാകുന്നു;

(ധ) "പോലീസ് സ്റ്റേഷൻ" എന്നാൽ സ്റ്റേറ്റ് ഗവൺമെൻറ് പോലീസ് സ്റ്റേഷനായി സാമാന്യമായോ പ്രത്യേകമായോ പ്രഖ്യാപിക്കുന്ന ഏതെങ്കിലും സ്ഥാനമോ സ്ഥലമോ എന്നർത്ഥമാകുന്നതും, അതിൽ സ്റ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും തദ്ദേശപ്രദേശം ഉൾപ്പെടുന്നതും ആകുന്നു;

(ന) "നിർണ്ണയിക്കപ്പെട്ട" എന്നാൽ, ഈ നിയമസംഹിതയിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(പ) "പബ്ലിക്ക് പ്രാസിക്യൂട്ടർ" എന്നാൽ, 24-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, അതിൽ പബ്ലിക്ക് പ്രാസിക്യൂട്ടറുടെ നിദേശങ്ങളിൻകീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾ ഉൾപ്പെടുന്നതും ആകുന്നു.

(ഫ) "സബ്ഡിവിഷൻ" എന്നാൽ, ജില്ലയിലെ സബ്ഡിവിഷൻ എന്നർത്ഥമാകുന്നു;

(ബ) "സമൻസ് കേസ്സ്" എന്നാൽ,കുററത്തെ സംബന്ധിക്കുന്നതും, ഒരു വാറൻറ് കേസ്സ് അല്ലാത്തതുമായ കേസ്സ് എന്നർത്ഥമാകുന്നു.

(ഭ) "വാറണ്ട്-കേസ്സ്" എന്നാൽ, മരണശിക്ഷയോ ജീവപര്യന്തത്തെ തടവു ശിക്ഷയോ രണ്ടു വർഷത്തിൽ കവിയുന്ന കാലത്തെ തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടാവുന്ന കുററം സംബന്ധിക്കുന്ന ഒരു കേസ്സ് എന്നർത്ഥമാകുന്നു;

(മ) ഇതിൽ ഉപയോഗിക്കപ്പെടുകയും നിർവചിക്കപ്പെടാതിരിക്കുകയും, എന്നാൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിൽ നിർവചിക്കപ്പെട്ടിരിക്കുകയും ചെയ്യുന്ന വാക്കുകൾക്കും പദങ്ങൾക്കും, ആ നിയമസംഹിതയിൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാകുന്നു.

3. പരാമർശങ്ങൾക്ക് അർത്ഥം കല്പിക്കൽ.—(1) ഈ നിയമസംഹിതയിൽ,—

(ക) മജിസ്ട്രേററിനെക്കുറിച്ചുള്ളതും, വിശേഷണപദങ്ങളില്ലാത്തതുമായ ഏതെങ്കിലും പരാമർശത്തിന് സന്ദർഭം മററുപ്രകാരം ആവശ്യപ്പെടാത്ത പക്ഷം,—

(i) മഹാനഗരപ്രദേശത്തിന് വെളിയിലുള്ള ഏതെങ്കിലും പ്രദേശം സംബന്ധിച്ച്, ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായും;

(ii) മഹാനഗരപ്രദേശം സംബന്ധിച്ച്, മഹാനഗരമജിസ്ട്രേററിനെക്കുറിച്ചുള്ള ഒരു പരാമർശമായും;

അർത്ഥം കല്പിക്കപ്പെടുന്നതാണ്.

(ഖ) രണ്ടാം ക്ലാസ് മജിസ്ട്രേററിനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, മഹാനഗരപ്രദേശത്തിന് വെളിയിലുള്ള പ്രദേശത്തെ സംബന്ധിച്ച് രണ്ടാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായും, മഹാനഗരപ്രദേശത്തെ സംബന്ധിച്ച്, മഹാനഗരമജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായും അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു;

(ഗ) ഒന്നാംക്ലാസ് മജിസ്ട്രേററിനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്,—

(i) മഹാനഗരപ്രദേശത്തെ സംബന്ധിച്ച്, ആ പ്രദേശത്ത് അധികാരിത പ്രയോഗിക്കുന്ന മഹാനഗരമജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതും,

(ii) മററു തങ്കലും പ്രദേശത്തെ സംബന്ധിച്ച്, ആ പ്രദേശത്ത് അധികാരിത പ്രയോഗിക്കുന്ന ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതും

ആകുന്നു;

(ഘ) ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, മഹാനഗരപ്രദേശത്തെ സംബന്ധിച്ച് ആ പ്രദേശത്ത് അധികാരിത പ്രയോഗിക്കുന്ന ചീഫ് മഹാനഗരമജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

(2) ഈ നിയമസംഹിതയിൽ, സന്ദർഭം മററുപ്രകാരത്തിൽ ആവശ്യപ്പെടാത്തപക്ഷം, ഒരു ജുഡീഷ്യൽ മജിസ്ട്രേററ് കോടതിയിലേക്കുള്ള ഏതെങ്കിലും പരാമർശത്തിന് മഹാനഗരപ്രദേശത്തെ സംബന്ധിച്ച്, ആ പ്രദേശത്തെ മഹാനഗരമജിസ്ട്രേററിന്റെ കോടതിയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

(3) സന്ദർഭം മററുപ്രകാരത്തിൽ ആവശ്യപ്പെടാത്തപക്ഷം, ഈ നിയമസംഹിതയുടെ പ്രാരംഭത്തിനുമുൻപ് പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും അധിനിയമത്തിൽ,—

(ക) ഒന്നാംക്ലാസ് മജിസ്ട്രേററിനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, ഒരു ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായും;

(ഖ) രണ്ടാംക്ലാസ് മജിസ്ട്രേററിനെയോ മൂന്നാം ക്ലാസ് മജിസ്ട്രേററിനെയോ കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന് രണ്ടാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായും;

(ഗ) പ്രസിഡൻസി മജിസ്ട്രേററിനെയോ ചീഫ് പ്രസിഡൻസി മജിസ്ട്രേററിനെയോ കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന് യഥാക്രമം, മഹാനഗര മജിസ്ട്രേററിനെയോ ചീഫ് മഹാനഗര മജിസ്ട്രേററിനെയോ കുറിച്ചുള്ള പരാമർശമായും,

(ഘ) മഹാനഗരപ്രദേശത്ത് ഉൾപ്പെട്ടിരിക്കുന്ന ഏതെങ്കിലും പ്രദേശത്തെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന് അങ്ങനെയുള്ള മഹാനഗരപ്രദേശത്തെക്കുറിച്ചുള്ള പരാമർശമായും, അങ്ങനെയുള്ള പ്രദേശത്തെ സംബന്ധിച്ച് ഒന്നാംക്ലാസ് മജിസ്ട്രേററിനെയോ രണ്ടാംക്ലാസ് മജിസ്ട്രേററിനെയോ കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന് അങ്ങനെയുള്ള പ്രദേശത്ത് അധികാരിത പ്രയോഗിക്കുന്ന മഹാനഗരമജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശമായും അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

(4) ഈ നിയമസംഹിതയല്ലാത്ത മറേറതെങ്കിലും നിയമത്തിൻകീഴിൽ മജിസ്ട്രേററിന് നിർവഹിക്കാവുന്ന ചുമതലകൾ,—

(ക) തെളിവ് വിലയിരുത്തുകയോ വേർതിരിച്ചെടുക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ആജ്ഞ, അന്വേഷണമോ അന്വേഷണവിചാരണയോ വിചാരണയോ നടപടിയിലിരിക്കുമ്പോൾ ഏതെങ്കിലും ശിക്ഷയ്ക്കോ ഒന്നെ ഡനത്തന്നോ കസ്റ്റഡിയിൽ തടഞ്ഞുവയ്ക്കലിന്നോ ഉള്ള സാദ്ധ്യതയ്ക്ക് വിധേയനാകുകയോ, അയാളെ വിചാരണയ്ക്കായി ഏതെങ്കിലും കോടതിമുമ്പാകെ അയക്കുന്ന ഫലമുണ്ടാക്കുകയോ ചെയ്യുന്ന ഏതെങ്കിലും തീരുമാന

ത്തിന്റെ രൂപവത്ക്കരണമോ ഉൾക്കൊള്ളുന്ന വിഷയങ്ങൾ സംബന്ധിക്കുന്നതാകുന്നടത്ത്, ആ ചുമതലകൾ ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജുഡിഷ്യൽ മജിസ്ട്രേററിനാൽ നിർവഹിക്കപ്പെടേണ്ടതോ;

(ഖ) ലൈസൻസ് നല്കുന്നതോ ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതോ, പ്രാസിക്യൂഷന് അനുമതി നല്കുന്നതോ പ്രാസിക്യൂഷൻ പിൻവലിക്കുന്നതോ പോലെയുള്ളതും പ്രകൃതത്തിൽ ഭരണപരമോ നിർവാഹകമോ ആയതും ആയ വിഷയങ്ങൾ സംബന്ധിക്കുന്നിടത്ത്, ആ ചുമതലകൾ മുൻപറഞ്ഞതുപോലെയുള്ളതിന് വിധേയമായി, എക്സിക്യൂട്ടീവ് മജിസ്ട്രേററിനാൽ നിർവഹിക്കപ്പെടേണ്ടതോ,

ആയിരിക്കുന്നതാണ്.

4. (1) ഇന്ത്യൻ ശിക്ഷാനിയമസംഹിതയ്ക്കും, മററുനിയമങ്ങൾക്കും കീഴിലുള്ള കുററങ്ങളുടെ വിചാരണ.— ഇന്ത്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യ്ക്ക് കീഴിലുള്ള എല്ലാ കുററങ്ങളും, ഇതിൽ ഇതിനുശേഷം അടങ്ങിയ വ്യവസ്ഥകളനുസരിച്ച് അന്വേഷിക്കപ്പെടുകയും അന്വേഷണവിചാരണചെയ്യപ്പെടുകയും, വിചാരണചെയ്യപ്പെടുകയും മററുപ്രകാരത്തിൽ കൈകാര്യം ചെയ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു.

(2) മററതെങ്കിലും നിയമത്തിൻകീഴിലുള്ള എല്ലാ കുററങ്ങളും, അതേ വ്യവസ്ഥകളനുസരിച്ച്, എന്നാൽ അങ്ങനെയുള്ള കുററങ്ങൾ അന്വേഷിക്കുകയോ, അന്വേഷണവിചാരണ ചെയ്യുകയോ, വിചാരണചെയ്യുകയോ ചെയ്യുന്ന രീതിയോ സ്ഥലമോ ക്രമപ്പെടുത്തുന്നതും തൽസമയം പ്രാബല്യത്തിലുള്ളതുമായ ഏതെങ്കിലും അധിനിയമത്തിന് വിധേയമായി, അന്വേഷിക്കപ്പെടുകയും അന്വേഷണവിചാരണചെയ്യപ്പെടുകയും വിചാരണ ചെയ്യപ്പെടുകയും മററുവിധത്തിൽ കൈകാര്യം ചെയ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു.

5. ഒഴിവാക്കൽ.— ഈ നിയമസംഹിതയിൽ അടങ്ങിയ യാതൊന്നും വിപരീതമായ വല്ല നിർദ്ദിഷ്ടവ്യവസ്ഥയുടെ അഭാവത്തിൽ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും പ്രത്യേക നിയമത്തേയോ തദ്ദേശനിയമത്തേയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററതെങ്കിലും നിയമം നല്കുന്ന ഏതെങ്കിലും പ്രത്യേകമായ അധികാരിതയേയോ അധികാരത്തേയോ നടപടിക്രമത്തിൽ നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും പ്രത്യേക സംപ്രദായത്തേയോ ബാധിക്കുന്നതല്ല.

## അദ്ധ്യായം II

## ക്രിമിനൽകോടതികളുടെ സംവിധാനവും ഉദ്യോഗങ്ങളും

6. ക്രിമിനൽകോടതികളുടെ തരം.— ഹൈക്കോടതികൾക്കും ഈ നിയമസംഹിതയല്ലാത്ത മറേറതെങ്കിലും നിയമത്തിൻകീഴിൽ സംവിധാനംചെയ്യപ്പെട്ടിട്ടുള്ള കോടതികൾക്കും പുറമേ, ഓരോ സ്റേററിലും, താഴെപ്പറയുന്ന തരം ക്രിമിനൽ കോടതികളുണ്ടായിരിക്കുന്നതാണ്, അതായത്,—

(i) സെഷൻസ് കോടതികൾ;

(ii) ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററുമാരും, ഏതെങ്കിലും മഹാനഗരപ്രദേശത്ത്, മഹാനഗരമജിസ്ട്രേററുമാരും;

(iii) രണ്ടാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററ്;

(iv) എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ.

7. പ്രാദേശിക ഡിവിഷനുകൾ.—(1) ഓരോ സ്റ്റേറ്റും ഒരു സെഷൻസ് ഡിവിഷനോ, സെഷൻസ് ഡിവിഷനുകൾ അടങ്ങിയതോ ആയിരിക്കുന്നതും; ഓരോ സെഷൻസ് ഡിവിഷനും, ഈ നിയമസംഹിതയുടെ ആവശ്യങ്ങൾക്ക്, ഒരു ജില്ലയോ ജില്ലകൾ അടങ്ങിയതോ ആയിരിക്കുന്നതും ആകുന്നു.

എന്നാൽ ഓരോരോ മഹാനഗരപ്രദേശവും, മേല്പറഞ്ഞ ആവശ്യങ്ങൾക്ക്, ഒരു മറ്റൊരു സെഷൻസ് ഡിവിഷനും ജില്ലയും ആയിരിക്കുന്നതാണ്.

(2) സ്റ്റേറ്റ് ഗവൺമെന്റിന്, ഹൈക്കോടതിയുമായി ആലോചിച്ചതിനുശേഷം, അങ്ങനെയുള്ള ഡിവിഷന്റേയും ജില്ലയുടേയും അതിർത്തികളോ എണ്ണമോ ഭേദപ്പെടുത്താവുന്നതാണ്.

(3) സ്റ്റേറ്റ് ഗവൺമെന്റിന്, ഹൈക്കോടതിയുമായി ആലോചിച്ചതിനുശേഷം, ഏതെങ്കിലും ജില്ലയെ സബ്ഡിവിഷനുകളായി വിഭജിക്കുകയും അങ്ങനെയുള്ള സബ്ഡിവിഷനുകളുടെ അതിർത്തികളോ എണ്ണമോ ഭേദപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

(4) ഈ നിയമസംഹിതയുടെ പ്രാരംഭത്തിൽ ഒരു സ്റ്റേറ്റിൽ നിലവിലുള്ള സെഷൻസ് ഡിവിഷനുകളും, ജില്ലകളും, സബ്ഡിവിഷനുകളും ഈ ഉപവകുപ്പിൻകീഴിൽ രൂപവൽക്കരിക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

8. മഹാനഗര പ്രദേശങ്ങൾ.—(1) സ്റ്റേറ്റ് ഗവൺമെന്റിന്, വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കുന്ന തീയതിമുതൽ, സ്റ്റേറ്റിലെ പത്തുലക്ഷത്തിൽ കവിയുന്ന ജനസംഖ്യയുള്ള നഗരമോ പട്ടണമോ അടങ്ങുന്ന ഏതെങ്കിലും പ്രദേശം, ഈ നിയമസംഹിതയുടെ ആവശ്യങ്ങൾക്ക് ഒരു മഹാനഗര പ്രദേശമായിരിക്കുമെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

(2) ഈ നിയമസംഹിതയുടെ പ്രാരംഭംമുതൽ, ബോംബെ കൽക്കട്ട മദ്രാസ്, എന്നീ പ്രസിഡൻസിടൗണുകളിൽ ഓരോന്നും അഹമ്മദാബാദ് നഗരവും, (1)-ാം ഉപവകുപ്പിൻകീഴിൽ മഹാനഗര പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

(3) സ്റ്റേറ്റ്ഗവൺമെന്റിന്, വിജ്ഞാപനംവഴി, ഒരു മഹാനഗര പ്രദേശത്തിന്റെ അതിർത്തികൾ വ്യാപിപ്പിക്കുകയോ കുറയ്ക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാവുന്നതും, എന്നാൽ കുറയ്ക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നത്, ആ പ്രദേശത്തെ ജനസംഖ്യ പത്തുലക്ഷത്തിന് താഴെയായി കുറയ്ക്കത്തക്കവണ്ണം ആകുവാൻ പാടില്ലാത്തതും ആകുന്നു.

(4) ഒരു പ്രദേശം ഒരു മഹാനഗരപ്രദേശമായി പ്രഖ്യാപിക്കപ്പെടുകയോ പ്രഖ്യാപിച്ചതായി കരുതപ്പെടുകയോ ചെയ്തതിന് ശേഷം, അങ്ങനെയുള്ള പ്രദേശത്തെ ജനസംഖ്യ പത്തുലക്ഷത്തിൽ കുറയുന്നിടത്ത്, അങ്ങനെയുള്ള പ്രദേശം, സ്റ്റേറ്റ്ഗവൺമെന്റ്, വിജ്ഞാപനംവഴി ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന തീയതിയും തീയതിമുതല്ക്കും, മഹാനഗര പ്രദേശമായിരിക്കുന്നത് അവസാനിക്കുന്നതാണ്; എന്നാൽ അങ്ങനെ അവസാനിച്ചിരുന്നാലും അങ്ങനെ അവസാനിക്കുന്നതിന് തൊട്ടുമുമ്പ് അങ്ങനെയുള്ള പ്രദേശത്തുള്ള ഏതെങ്കിലും കോടതിയുടേയോ മജിസ്ട്രേറ്റിന്റേയോ മുമ്പാകെ, നിലവിലുള്ള ഏതെങ്കിലും അന്വേഷണവിചാരണയോ വിചാരണയോ അപ്പീലോ, അങ്ങനെ അവസാനിച്ചിട്ടില്ലാതിരുന്നാലെന്നപോലെ, ഈ നിയമസംഹിതയിൻകീഴിൽ കൈകാര്യം ചെയ്യുന്നത് തുടരുന്നതാകുന്നു.

(5) സ്റ്റേറ്റ്ഗവൺമെന്റ്, (3)-ാം ഉപവകുപ്പിൻകീഴിൽ, ഏതെങ്കിലും മഹാനഗരപ്രദേശത്തിന്റെ അതിർത്തികൾ കുറയ്ക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നിടത്ത്, അങ്ങനെ കുറയ്ക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നത്,

അങ്ങനെ ചെയ്യുന്നതിന് തൊട്ടുമുമ്പ് ഏതെങ്കിലും കോടതിയുടേയോ മജിസ്ട്രേററിൻെറയോ മുമ്പാകെ നിലവിലുള്ള ഏതെങ്കിലും അന്വേഷണമോ വിചാരണയോ വിചാരണയോ അപ്പീലോ ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഓരോ അന്വേഷണമോ വിചാരണയോ, വിചാരണയോ, അപ്പീലോ, അങ്ങനെ കുറയ്ക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്തിട്ടില്ലാതിരുന്നാലെന്നപോലെ, ഈ നിയമസംഹിതയിൻകീഴിൽ കൈകാര്യം ചെയ്യപ്പെടുന്നത് തുടരുന്നതുമാകുന്നു.

വിശദീകരണം:— ഈ വകുപ്പിൽ, "ജനസംഖ്യ" എന്ന പദത്തിന്, ഏതൊരു കാനേഷുമാരിയുടേതാണോ പ്രസക്തകണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് അങ്ങനെയുള്ള തൊട്ടുമുമ്പിലത്തെ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ പ്രകാരമുള്ള ജനസംഖ്യ എന്നർത്ഥമാകുന്നു.

9. സെഷൻസ് കോടതി—(1) സ്റ്റേററ് ഗവൺമെൻറ് ഓരോ സെഷൻസ് ഡിവിഷനും ഒരു സെഷൻസ് കോടതി സ്ഥാപിക്കേണ്ടതാകുന്നു.

(2) ഏതൊരു സെഷൻസ് കോടതിയുടേയും ആദ്ധ്യക്ഷ്യം ഹൈക്കോടതിയാൽ നിയമിക്കപ്പെടുന്ന ഒരു ജഡ്ജിയാൽ വഹിക്കപ്പെടുന്നതാകുന്നു.

(3) ഹൈക്കോടതിക്ക് സെഷൻസ് കോടതിയിൽ അധികാരിത പ്രയോഗിക്കാനായി അഡീഷണൽ സെഷൻസ് ജഡ്ജിമാരെയും അസിസ്റ്റൻറ് സെഷൻസ് ജഡ്ജിമാരെയും നിയമിക്കാവുന്നതാണ്.

(4) ഹൈക്കോടതിക്ക് ഒരു സെഷൻസ് ഡിവിഷനിലെ സെഷൻസ് ജഡ്ജിയെ മറെറാരു ഡിവിഷനിലെ അഡീഷണൽ സെഷൻസ് ജഡ്ജി കൂടിയായിരിക്കാൻ നിയമിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, അദ്ദേഹത്തിന് കേസുകൾ തീർപ്പാക്കുവാൻ മറേറ ഡിവിഷനിൽ ഹൈക്കോടതി നിർദ്ദേശിക്കുന്ന സ്ഥലത്തോ സ്ഥലങ്ങളിലോ ഉപവേശിക്കാവുന്നതും ആണ്.

(5) സെഷൻസ് ജഡ്ജിയുടെ ഉദ്യോഗം ഒഴിവായിരിക്കുന്നിടത്ത്, അങ്ങനെയുള്ള സെഷൻസ് കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതോ ബോധിപ്പിക്കാവുന്നതോ നിലവിലുള്ളതോ നിലവിലുണ്ടാകാവുന്നതോ ആയ ഏതെങ്കിലും അടിയന്തരാപേക്ഷ, അഡീഷണൽ സെഷൻസ് ജഡ്ജിയോ അസിസ്റ്റൻറ് സെഷൻസ് ജഡ്ജിയോ, ഇല്ലെങ്കിൽ, സെഷൻസ് ഡിവിഷനിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറേറാ തീർപ്പാക്കുവാൻ ഹൈക്കോടതിക്ക് ഏർപ്പാടുകൾ ചെയ്യാവുന്നതാണ്, അങ്ങനെയുള്ള ഏതൊരു ജഡ്ജിക്കോ മജിസ്ട്രേററിനോ അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ കൈകാര്യം ചെയ്യുന്നതിന് അധികാരിത ഉണ്ടായിരിക്കുന്നതുമാണ്.

(6) സെഷൻസ് കോടതി, ഹൈക്കോടതി വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്ന സ്ഥലത്തോ സ്ഥലങ്ങളിലോ സാധാരണമായി ഉപവേശിക്കേണ്ടതും, എന്നാൽ, ഏതെങ്കിലും പ്രത്യേക സംഗതിയിൽ സെഷൻസ് ഡിവിഷനിലുള്ള മറേതെങ്കിലും സ്ഥലത്തുവച്ച് ഉപവേശിക്കുന്നത് കക്ഷികളുടേയും സാക്ഷികളുടേയും സാമാന്യസൗകര്യത്തെ നുതകുമെന്ന് സെഷൻസ് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, അതിന്, പ്രോസിക്യൂഷൻെറയും കുററാരോപണം ചെയ്യപ്പെട്ട ആളുടേയും സമ്മതത്തോടുകൂടി, കേസ് തീർപ്പാക്കുന്നതിനോ അതിലെ ഏതെങ്കിലും സാക്ഷിയേയോ സാക്ഷികളേയോ വിസ്തരിക്കുന്നതിനോ ആ സ്ഥലത്ത് ഉപവേശിക്കാവുന്നതുമാകുന്നു.

വിശദീകരണം.—ഈ നിയമസംഹിതയുടെ ആവശ്യങ്ങൾക്ക്, "നിയമന"ത്തിൽ യൂണിയന്റെയോ സ്റ്റേറ്റിന്റെയോ കാര്യങ്ങൾ സംബന്ധിച്ച് ഏതെങ്കിലും സർവ്വീസിലേക്കോ പോസ്റ്റിലേക്കോ ഗവൺമെന്റിനാലുള്ള ഒരാളുടെ ആദ്യത്തെ നിയമനമോ പോസ്റ്റിങ്ങോ പ്രമോഷനോ, അങ്ങനെയുള്ള നിയമനമോ പോസ്റ്റിങ്ങോ പ്രമോഷനോ ഗവൺമെന്റ് നടത്തണമെന്ന് ഏതെങ്കിലും നിയമത്തിൻ കീഴിൽ ആവശ്യപ്പെടുന്നിടത്ത്, ഉൾപ്പെടുന്നില്ല.

10. അസിസ്റ്റന്റ് സെഷൻസ് ജഡ്ജിമാർ കീഴിലായിരിക്കുന്നത്.—(1) എല്ലാ അസിസ്റ്റന്റ് സെഷൻസ് ജഡ്ജിമാരും, അവർ ഏത് സെഷൻസ് ജഡ്ജിയുടെ കോടതിയിലാണോ അധികാരിത പ്രയോഗിക്കുന്നത്, അങ്ങനെയുള്ള സെഷൻസ് ജഡ്ജിയുടെ കീഴിലായിരിക്കുന്നതാണ്.

(2) സെഷൻസ് ജഡ്ജിക്ക്, അങ്ങനെയുള്ള അസിസ്റ്റന്റ് സെഷൻസ് ജഡ്ജിമാരുടെയിടയിൽ പ്രവൃത്തി വീതിക്കുന്നത് സംബന്ധിച്ച് ഈ നിയമസംഹിതയ്ക്ക് സംഗതമായ ചട്ടങ്ങൾ അപ്പോഴപ്പോൾ ഉണ്ടാക്കാവുന്നതാണ്.

(3) സെഷൻസ് ജഡ്ജിക്ക്, തന്റെ അഭാവത്തിന്റെയോ, പ്രവർത്തിക്കാൻ കഴിവില്ലായ്മയുടെയോ സംഗതിയിൽ ഏതെങ്കിലും അടിയന്തര അപേക്ഷ ഒരു അഡീഷണൽ സെഷൻസ് ജഡ്ജിയോ അസിസ്റ്റന്റ് സെഷൻസ് ജഡ്ജിയോ, അവർ രണ്ടുമില്ലെങ്കിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റോ തീർപ്പാക്കാൻ വ്യവസ്ഥ ഉണ്ടാക്കുകയുംകൂടി ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതൊരു ജഡ്ജിക്കും മജിസ്ട്രേറ്റിനും അങ്ങനെയുള്ള അപേക്ഷ കൈകാര്യം ചെയ്യാൻ അധികാരിതയുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

11. ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ കോടതികൾ.—(1) (മഹാനഗര പ്രദേശമല്ലാത്ത) ഓരോ ജില്ലയിലും സ്റ്റേറ്റ് ഗവൺമെന്റ്, ഹൈക്കോടതിയോട് ആലോചിച്ചതിനുശേഷം, വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്നത്ര ഒന്നാംക്ലാസ് ജുഡീഷ്യൽമജിസ്ട്രേറ്റുമാരുടേയും രണ്ടാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെയും കോടതികൾ അങ്ങനെ വിനിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള കോടതികളിൽ ആദ്ധ്യക്ഷ്യംവഹിക്കേണ്ട ഉദ്യോഗസ്ഥന്മാർ ഹൈക്കോടതിയാൽ നിയമിക്കപ്പെടേണ്ടതാകുന്നു.

(3) ഹൈക്കോടതിക്ക്, അതിന് സമീചീനമോ ആവശ്യകമോ ആയി തോന്നുമ്പോഴെല്ലാം, ഒരു സിവിൽകോടതിയിൽ ജഡ്ജിയായി പ്രവർത്തിക്കുന്ന, ആ സ്റ്റേറ്റിലെ ജുഡീഷ്യൽ സർവ്വീസിലെ ഏതെങ്കിലും അംഗത്തിന്, ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ രണ്ടാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അധികാരങ്ങൾ നല്കാവുന്നതാണ്.

12. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റും അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റും മറ്റും.—(1) (മഹാനഗരപ്രദേശമല്ലാത്ത), ഓരോ ജില്ലയിലും ഹൈക്കോടതി ഒരു ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായിരിക്കാൻ നിയമിക്കേണ്ടതാകുന്നു.

(2) ഹൈക്കോടതിക്ക്, ഏതെങ്കിലും ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായിരിക്കാൻ നിയമിക്കാവുന്നതും, അങ്ങനെയുള്ള മജിസ്ട്രേറ്റിന് ഹൈക്കോടതി നിദേശിക്കുന്നതുപോലെ, ഈ നിയമസംഹിതയിൻകീഴിലോ തൽസമയപ്രാബല്യ

ത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ ഒരു ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനുള്ള എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരമോ ഉണ്ടായിരിക്കുന്നതും ആണ്.

(3) (ക) ഹൈക്കോടതിക്ക് ഏതെങ്കിലും സബ് ഡിവിഷനിലുള്ള ഏതെങ്കിലും ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ സബ് ഡിവിഷണൽ ജുഡീഷ്യൽ മജിസ്ട്രേറ്റായി സ്ഥാനനിർദ്ദേശം ചെയ്യാവുന്നതും, അവസരം ആവശ്യപ്പെടുന്നതുപോലെ ഈ വകുപ്പിൽ വിനിർദ്ദിഷ്ടമായ ഉത്തരവാദിത്വങ്ങളിൽനിന്ന് അയാളെ വിമുക്തനാക്കാവുന്നതും ആണ്.

(ഖ) ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ സാമാന്യ നിയന്ത്രണത്തിന് വിധേയമായി ഓരോ സബ് ഡിവിഷണൽ ജുഡീഷ്യൽ മജിസ്ട്രേറ്റിനും (അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരല്ലാത്ത) ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ പ്രവൃത്തിയുടെമേൽ ഹൈക്കോടതി ഇതിലേക്ക് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി വിനിർദ്ദേശിക്കുന്ന മേൽനോട്ടത്തിനും നിയന്ത്രണത്തിനുമുള്ള അധികാരങ്ങൾകൂടി ഉണ്ടായിരിക്കുന്നതും, അദ്ദേഹം അവ പ്രയോഗിക്കേണ്ടതും ആകുന്നു.

13. സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേറ്റുമാർ—(1) ഹൈക്കോടതിക്ക്, കേന്ദ്രഗവൺമെന്റോ സംസ്ഥാനഗവൺമെന്റോ ആവശ്യപ്പെടുന്നുവെങ്കിൽ, ഗവൺമെന്റിന്റെ കീഴിൽ ഏതെങ്കിലും പോസ്റ്റ് വഹിക്കുന്നതോ വഹിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആൾക്ക്, ഈ നിയമസംഹിതയാലോ നിയമസംഹിതയിൻകീഴിലോ ഒരു രണ്ടാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് നല്കപ്പെട്ടിട്ടുള്ളതോ നല്കപ്പെടാവുന്നതോ ആയ എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരമോ മഹാനഗര പ്രദേശമല്ലാത്ത ഏതെങ്കിലും ജില്ലയിൽ പ്രത്യേക കേസ്സുകളോ പ്രത്യേകതരം കേസ്സുകളോ സംബന്ധിച്ചോ കേസ്സുകൾ സംബന്ധിച്ച് സാമാന്യമായോ നല്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു അധികാരവും ഒരാൾക്ക്, നിയമകാര്യങ്ങൾ സംബന്ധിച്ച് ഹൈക്കോടതി, ചട്ടങ്ങൾ വഴി, നിർദ്ദേശിക്കുന്ന യോഗ്യതയോ പരിചയമോ ഇല്ലാത്തപക്ഷം, നല്കാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള മജിസ്ട്രേറ്റുമാർക്ക് സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേറ്റുമാർ എന്നുപേർപറയുന്നതും, അവർ ഹൈക്കോടതി സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിർദ്ദേശിക്കുന്നപോലെയുള്ളതും ഒരിക്കൽ ഒരു വർഷത്തിൽ കവിയാത്തതുമായ കാലത്തേയ്ക്ക് നിയമിക്കപ്പെടുന്നതും ആകുന്നു.

14. ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ തദ്ദേശാധികാരിത.—(1) ഹൈക്കോടതിയുടെ നിയന്ത്രണത്തിന് വിധേയമായി, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് 11-ാം വകുപ്പിനോ, 13-ാം വകുപ്പിനോ കീഴിൽ നിയമിക്കപ്പെടുന്ന മജിസ്ട്രേറ്റുമാരിൽ, ഈ നിയമസംഹിതയിൻ കീഴിൽ യഥാക്രമം വിനിവേശിപ്പിക്കുന്ന എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരമോ അവർക്ക് ഏത് തദ്ദേശാതിർത്തിക്കുള്ളിൽ പ്രയോഗിക്കാമോ ആ അതിർത്തികൾ അപ്പപ്പോൾ നിർവ്വചിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള നിർവ്വചനത്താൽ വ്യവസ്ഥ ചെയ്യപ്പെടുന്ന വിധത്തിലൊഴികെ, അങ്ങനെയുള്ള ഓരോ മജിസ്ട്രേറ്റിന്റെയും അധികാരിതയും അധികാരങ്ങളും, ജില്ലയിൽ എല്ലായിടത്തും വ്യാപിക്കുന്നതാണ്.

15. ജുഡീഷ്യൽ മജിസ്ട്രേറ്റുമാർ കീഴിലായിരിക്കുന്നത്.— (1) ഏതൊരു ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റും സെഷൻസ് ജഡ്ജിയുടെ കീഴിലായിരിക്കുന്നതും; മറേറതൊരു ജുഡീഷ്യൽ മജിസ്ട്രേററും, സെഷൻസ് ജഡ്ജിയുടെ സാമാന്യ നിയന്ത്രണത്തിന് വിധേയമായി, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കീഴിലായിരിക്കുന്നതുമാണ്.

(2) ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്, അദ്ദേഹത്തിന്റെ കീഴിലുള്ള ജുഡീഷ്യൽ മജിസ്ട്രേററുമാരുടെ ഇടയിൽ പ്രവൃത്തി വീതിച്ചുകൊടുക്കുന്നത് സംബന്ധിച്ച്, അപ്പപ്പോൾ ഈ നിയമസംഹിതയ്ക്ക് സംഗതമായി ചട്ടങ്ങൾ ഉണ്ടാക്കുകയോ പ്രത്യേക ഉത്തരവുകൾ നല്കുകയോ ചെയ്യാവുന്നതാണ്.

16. മഹാനഗര മജിസ്ട്രേററുമാരുടെ കോടതികൾ.—(1) ഓരോമഹാനഗര പ്രദേശത്തും, ഹൈക്കോടതിയുമായി ആലോചിച്ചതിന് ശേഷം, സ്റേററ് ഗവൺമെന്റ്, വിജ്ഞാപനംവഴി, നിർദ്ദേശിക്കുന്നത്രയും നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലും മഹാനഗര മജിസ്ട്രേററുമാരുടെ കോടതികൾ, സ്ഥാപിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള കോടതികളുടെ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ ഹൈക്കോടതിയാൽ നിയമിക്കപ്പെടുന്നതാകുന്നു.

(3) ഏതൊരു മഹാനഗര മജിസ്ട്രേററിന്റേയും അധികാരിതയും അധികാരങ്ങളും മഹാനഗരപ്രദേശത്തിൽ ഒട്ടാകെ വ്യാപിക്കുന്നതാണ്.

17. ചീഫ് മഹാനഗര മജിസ്ട്രേററും അഡീഷണൽ ചീഫ് മഹാനഗര മജിസ്ട്രേററും—(1) ഹൈക്കോടതി, അതിന്റെ തദ്ദേശാധികാരിതയ്ക്കകത്തുള്ള ഓരോ മഹാനഗര പ്രദേശവും സംബന്ധിച്ച് ഒരു മഹാനഗര മജിസ്ട്രേററിനെ, അങ്ങനെയുള്ള മഹാനഗര പ്രദേശത്തേയ്ക്കുള്ള ചീഫ് മഹാനഗര മജിസ്ട്രേററായിരിക്കാൻ നിയമിക്കേണ്ടതാകുന്നു.

(2) ഹൈക്കോടതിക്ക് ഏതെങ്കിലും മഹാനഗര മജിസ്ട്രേററിനെ അഡീഷണൽ ചീഫ് മഹാനഗര മജിസ്ട്രേററായിരിക്കാൻ നിയമിക്കാവുന്നതും അങ്ങനെയുള്ള മജിസ്ട്രേററിന് ഹൈക്കോടതി നിർദ്ദേശിക്കുന്നതുപോലെ ഈ നിയമസംഹിതയിൻകീഴിലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻകീഴിലോ ഒരു ചീഫ് മഹാനഗര മജിസ്ട്രേററിനുള്ള എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരമോ ഉണ്ടായിരിക്കുന്നതും ആകുന്നു.

18. സ്പെഷ്യൽ മഹാനഗര മജിസ്ട്രേററുമാർ—(1) ഹൈക്കോടതിക്ക് കേന്ദ്രഗവൺമെന്റോ സ്റേററ് ഗവൺമെന്റോ ആവശ്യപ്പെടുന്നുവെങ്കിൽ, ഗവൺമെന്റിന്റെ കീഴിൽ ഏതെങ്കിലും തസ്തിക വഹിക്കുന്നതോ വഹിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആൾക്ക്, ഈ നിയമസംഹിതയാലോ നിയമസംഹിതയിൻകീഴിലോ ഒരു മഹാനഗരമജിസ്ട്രേററിന് നല്കപ്പെട്ടിട്ടുള്ളതോ നല്കപ്പെടാവുന്നതോ ആയ എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരമോ ഹൈക്കോടതിയുടെ തദ്ദേശാധികാരിതയ്ക്കകത്തുള്ള ഏതെങ്കിലും മഹാനഗര പ്രദേശത്ത്, പ്രത്യേക കേസ്സുകളോ പ്രത്യേകതരം കേസ്സുകളോ സംബന്ധിച്ചോ, ~~കേസ്സുകൾ സംബന്ധിച്ച് സാമാന്യമായോ~~ നല്കാവുന്നതാണ്.

എന്നാൽ അങ്ങനെയുള്ള യാതൊരു അധികാരവും ഒരാൾക്ക്, നിയമകാര്യങ്ങൾ സംബന്ധിച്ച് ഹൈക്കോടതി, ചട്ടങ്ങൾവഴി, നിർദ്ദേശിക്കുന്ന യോഗ്യതയോ പരിചയമോ അയാൾക്കില്ലാത്തപക്ഷം, നല്കാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള മജിസ്ട്രേററുമാർക്ക് സ്പെഷ്യൽ മഹാനഗര മജിസ്ട്രേററുമാർ എന്ന് പേർ പറയുന്നതും, അവർ ഹൈക്കോടതി, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിർദേശിക്കുന്നതുപോലെയുള്ളതും ഒരിക്കൽ ഒരു വർഷത്തിൽ കവിയാത്തതുമായ കാലത്തേയ്ക്ക് നിയമിക്കപ്പെടുന്നതുമാകുന്നു.

(3) ഈ നിയമസംഹിതയിൽ മറെറവിടെയെങ്കിലും എന്തുതന്നെ അടങ്ങിയിരുന്നാലും, സ്പെഷ്യൽ മഹാനഗര മജിസ്ട്രേററിന് മഹാനഗര പ്രദേശത്തിന് പുറത്ത് രണ്ടാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിന് ചുമത്താൻ ക്ഷമതയില്ലാത്ത ശിക്ഷാവിധി ചുമത്താൻ പാടുള്ളതല്ല.

19. മഹാനഗര മജിസ്ട്രേററുമാർ കീഴിലായിരിക്കുന്നത്.—(1) ചീഫ് മഹാനഗര മജിസ്ട്രേററും ഏതൊരു അഡീഷണൽ ചീഫ് മഹാനഗര മജിസ്ട്രേററും സെഷൻസ് ജഡ്ജിയുടെ കീഴിലായിരിക്കുന്നതും; മറേറതൊരു മഹാനഗര മജിസ്ട്രേററും, സെഷൻസ് ജഡ്ജിയുടെ സാമാന്യനിയന്ത്രണത്തിന് വധേയമായി, ചീഫ് മഹാനഗര മജിസ്ട്രേററിന്റെ കീഴിലായിരിക്കുന്നതുമാണ്.

(2) ഈ നിയമസംഹിതയുടെ ആവശ്യങ്ങൾക്ക്, ഹൈക്കോടതിക്ക് അഡീഷണൽ ചീഫ് മഹാനഗര മജിസ്ട്രേററുമാർ ചീഫ് മഹാനഗര മജിസ്ട്രേററിന്റെ കീഴിലായിരിക്കുന്നതാണെങ്കിൽ, അങ്ങനെ കീഴിലായിരിക്കുന്നതിന്റെ വ്യാപ്തി, നിർവചിക്കാവുന്നതാണ്.

(3) ചീഫ് മഹാനഗര മജിസ്ട്രേററിന്, മഹാനഗര മജിസ്ട്രേററുമാരുടെ ഇടയിൽ പ്രവൃത്തി വിതിച്ചുകൊടുക്കുന്നതും, അഡീഷണൽ ചീഫ് മഹാനഗര മജിസ്ട്രേററിന് പ്രവൃത്തി തിരിച്ചുവയ്ക്കുന്നതും സംബന്ധിച്ച്, ഈ നിയമസംഹിതയ്ക്ക് സംഗതമായി അപ്പപ്പോൾ ചട്ടങ്ങൾ ഉണ്ടാക്കുകയോ പ്രത്യേക ഉത്തരവുകൾ നല്കുകയോ ചെയ്യാവുന്നതാണ്.

20. എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ.—(1) ഓരോ ജില്ലയിലും, ഓരോ മഹാനഗര പ്രദേശത്തും, സ്റേററ് ഗവൺമെൻറിന്, അതിന് യുക്തമെന്ന് തോന്നുന്നത്ര ആളുകളെ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരായി നിയമിക്കാവുന്നതും, അവരിൽ ഒരാളെ ജില്ലാ മജിസ്ട്രേററായി നിയമിക്കേണ്ടതും ആകുന്നു.

(2) സ്റേററ് ഗവൺമെൻറിന്, ഏതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററിനെ അഡീഷണൽ ജില്ലാ മജിസ്ട്രേററായി നിയമിക്കാവുന്നതും, അങ്ങനെയുള്ള മജിസ്ട്രേററിന് ഈ നിയമസംഹിതയിൻ കീഴിലോ, തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻ കീഴിലോ ജില്ലാ മജിസ്ട്രേററിനുള്ള എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരമോ ഉണ്ടായിരിക്കുന്നതുമാകുന്നു.

(3) ഒരു ജില്ലാ മജിസ്ട്രേററിന്റെ ഉദ്യോഗം ഒഴിവാകുന്നതിന്റെ ഫലമായി, ഏതെങ്കിലും ഉദ്യോഗസ്ഥൻ ജില്ലയുടെ നിർവ്വാഹക ഭരണത്തിൽ താല്ക്കാലികമായി പിൻതുടരുമ്പോഴെല്ലാം സ്റേററ് ഗവൺമെൻറിന്റെ ഉത്തരവുകൾ വരുന്നതുവരെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, ഈ നിയമസംഹിത യഥാക്രമം ജില്ലാ മജിസ്ട്രേററിന് നല്കിയിട്ടുള്ളതോ അദ്ദേഹത്തിന്റെ മേൽ ചുമത്തിയിട്ടുള്ളതോ ആയ എല്ലാ അധികാരങ്ങളും പ്രയോഗിക്കുകയും എല്ലാ ചുമതലകളും നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

(4) സ്റേററ് ഗവൺമെൻറിന്, ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിനെ ഒരു സബ്ഡിവിഷന്റെ ചാർജ്ജ് ഏല്പിക്കാവുന്നതും അവസരം ആവശ്യപ്പെടുന്നതുപോലെ അദ്ദേഹത്തെ ചാർജ്ജിൽനിന്ന്

വിമുക്തനാക്കാവുന്നതും; അങ്ങനെ സബ്-ഡിവിഷന്റെ ചാർജ്ജ് ഏല്പിക്കപ്പെടുന്ന മജിസ്ട്രേററിനെ സബ്-ഡിവിഷണൽ മജിസ്ട്രേററ് എന്ന് പേർ പറയുന്നതും ആകുന്നു.

(5) ഈ വകുപ്പിലെ യാതൊന്നും, ഒരു മഹാനഗരപ്രദേശം സംബന്ധിച്ച് ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിനുള്ള എല്ലാ അധികാരങ്ങളുമോ, ഏതെങ്കിലും അധികാരമോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഒരു പോലീസ് കമ്മീഷണർക്ക് നല്കുന്നതിൽനിന്ന് സ്റേററ് ഗവൺമെൻറിനെ തടയുന്നതല്ല.

21. <u>സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ.</u>—സ്റേററ് ഗവൺമെൻറിന്, യുക്തമെന്ന് തോന്നുന്ന കാലത്തേയ്ക്ക്, പ്രത്യേക പ്രദേശങ്ങൾക്കായോ, പ്രത്യേക ചുമതലകൾ നിർവ്വഹിക്കുവാനായോ ആയി എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരെ നിയമിക്കാവുന്നതും, അവർ സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരായി അറിയപ്പെടുന്നതും അങ്ങനെയുള്ള സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർക്ക്, ഈ നിയമസംഹിതയിൻ കീഴിൽ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർക്ക് നല്കാവുന്നതും, സ്റേററ് ഗവൺമെൻറിന് യുക്തമെന്ന് തോന്നുന്നതുമായ അധികാരങ്ങൾ നല്കാവുന്നതുമാണ്.

22. <u>എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരുടെ തദ്ദേശാധികാരിത.</u>—(1) സ്റേററ് ഗവൺമെൻറിന്റെ നിയന്ത്രണത്തിന വിധേയമായി, ജില്ലാ മജിസ്ട്രേററിന് എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരിൽ ഈ നിയമസംഹിതയിൻ കീഴിൽ വിനിവേശിപ്പിക്കുന്ന എല്ലാ അധികാരങ്ങളുമോ ഏതെങ്കിലും അധികാരമോ അവർക്ക് ഏതു തദ്ദേശാതിർത്തിക്കുള്ളിൽ പ്രയോഗിക്കാമോ, ആ തദ്ദേശാതിർത്തികൾ അപ്പപ്പോൾ നിർവചിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള നിർവ്വചനം വ്യവസ്ഥചെയ്യുന്ന വിധത്തിലൊഴികെ, അങ്ങനെയുള്ള ഓരോ മജിസ്ട്രേററിന്റേയും അധികാരിതയും അധികാരങ്ങളും ജില്ലയിൽ മുഴുവൻ വ്യാപിക്കുന്നതാണ്.

23. <u>എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ കീഴിലായിരിക്കുന്നത്.</u>—(1) അഡീഷണൽ ജില്ലാ മജിസ്ട്രേററല്ലാത്ത എല്ലാ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരും, ജില്ലാ മജിസ്ട്രേററിന്റെ കീഴിലായിരിക്കുന്നതും, ഒരു സബ്-ഡിവിഷനിൽ അധികാരങ്ങൾ പ്രയോഗിക്കുന്ന (സബ്-ഡിവിഷണൽ മജിസ്ട്രേററല്ലാത്ത) ഏതൊരു എക്സിക്യൂട്ടീവ് മജിസ്ട്രേററും സബ്-ഡിവിഷണൽ മജിസ്ട്രേററിന്റേയുംകൂടി കീഴിലായിരിക്കുന്നതും, എന്നാൽ അത് ജില്ലാ മജിസ്ട്രേററിന്റെ സാമാന്യ നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതും ആകുന്നു.

(2) ജില്ലാ മജിസ്ട്രേററിന്, അദ്ദേഹത്തിന്റെ കീഴിലുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേററുമാരുടെ ഇടയിൽ പ്രവൃത്തി വീതിച്ചുകൊടുക്കുന്നതും, അഡീഷണൽ ജില്ലാ മജിസ്ട്രേററിന് പ്രവൃത്തി തിരിച്ചേല്പിക്കുന്നതും സംബന്ധിച്ച്, ഈ നിയമസംഹിതയ്ക്ക് സംഗതമായി, അപ്പപ്പോൾ ചട്ടങ്ങൾ ഉണ്ടാക്കുകയോ, പ്രത്യേക ഉത്തരവുകൾ നല്കുകയോ ചെയ്യാവുന്നതാണ്.

24. <u>പബ്ലിക് പ്രാസിക്യൂട്ടർമാർ.</u>—(1) ഓരോ ഹൈക്കോടതിക്കും, കേന്ദ്രഗവൺമെൻേറാ, സ്റേററ്ഗവൺമെൻേറാ, അങ്ങിനെയുള്ള കോടതിയിൽ, അതതു സംഗതിപോലെ, കേന്ദ്രഗവൺമെൻറിനോ സ്റേററ് ഗവൺമെൻറിനോ വേണ്ടി, ഏതെങ്കിലും പ്രാസിക്യൂഷനോ, അപ്പീലോ, മററു നടപടയോ നടത്തുന്നതിനായി ഒരു പബ്ലിക് പ്രാസിക്യൂട്ടറെ ഹൈക്കോടതിയുമായുള്ള ആലോചനയ്ക്കുശേഷം, നിയമിക്കേണ്ടതാകുന്നു.

(2) ഓരോ ജില്ലയ്ക്കും, സ്റേററ് ഗവൺമെൻറ് ഒരു പബ്ലിക് പ്രാസിക്യൂട്ടറെ നിയമിക്കേണ്ടതും സ്റേററ് ഗവൺമെൻറിന് ആ ജില്ലയ്ക്ക് ഒന്നോ അതിലധികമോ അഡീഷണൽ പബ്ലിക് പ്രാസിക്യൂട്ടർമാരെ നിയമിക്കുക കൂടി ചെയ്യാവുന്നതുമാണ്.

(3) ജില്ലാ മജിസ്ട്രേററ്, സെഷൻസ് ജഡ്ജിയുമായി ആലോചിച്ച്, തന്റെ അഭിപ്രായത്തിൽ ജില്ലയ്ക്കുള്ള പബ്ലിക് പ്രാസിക്യൂട്ടർമാരായോ, അഡീഷണൽ പബ്ലിക് പ്രാസിക്യൂട്ടർമാരായോ നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരുടെ പേരുകളുടെ പാനൽ തയ്യാറാക്കേണ്ടതാകുന്നു.

(4) സ്റേററ് ഗവൺമെൻറ് യാതൊരാളെയും, അയാളുടെ പേര് ജില്ലാ മജിസ്ട്രേററ് (3)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കുന്ന പേരുകളുടെ പാനലിൽ കാണാത്തപക്ഷം, ജില്ലയ്ക്കുള്ള പബ്ലിക് പ്രാസിക്യൂട്ടറായോ, അഡീഷണൽ പബ്ലിക് പ്രാസിക്യൂട്ടറായോ നിയമിക്കുവാൻ പാടുള്ളതല്ല.

(5) ഒരാൾക്ക്, അഡ്വക്കേററായി ഏഴുവർഷത്തിൽ കുറയാത്ത കാലമായി പ്രാക്ററീസ് ഉള്ളവനായാൽ മാത്രമേ അയാൾ (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ പബ്ലിക് പ്രാസിക്യൂട്ടറായോ അഡീഷണൽ പബ്ലിക് പ്രാസിക്യൂട്ടറായോ നിയമിക്കപ്പെടുവാൻ അർഹനാവുകയുള്ളു.

(6) കേന്ദ്രഗവൺമെൻറിനോ, സ്റേററ്ഗവൺമെൻറിനോ, ഏതെങ്കിലും കേസ്സിന്റെയോ, ഏതെങ്കിലും തരം കേസുകളുടേയോ ആവശ്യങ്ങൾക്ക്, പത്തുവർഷത്തിൽ കുറയാത്ത കാലമായി പ്രാക്ററീസിലുള്ള ഒരു അഡ്വക്കേററിനെ സ്പെഷ്യൽ പബ്ലിക് പ്രാസിക്യൂട്ടറായി നിയമിക്കാവുന്നതാണ്.

25. അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടർമാർ.—(1) സ്റേററ് ഗവൺമെൻറ്, ഓരോ ജില്ലയിലും, മജിസ്ട്രേററുമാരുടെ കോടതികളിൽ പ്രാസിക്യൂഷൻ നടത്തുവാൻ, ഒന്നോ അതിലധികമോ അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടർമാരെ നിയമിക്കേണ്ടതാകുന്നു.

(2) ഒരു അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടറായി നിയമിക്കപ്പെടുവാൻ (3)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തതുപോലെയല്ലാതെ യാതൊരു പോലീസ് ഉദ്യോഗസ്ഥനും അർഹനായിരിക്കുന്നതല്ല.

(3) ഏതെങ്കിലും പ്രത്യേക കേസ്സിന്റെ ആവശ്യങ്ങൾക്ക് ഒരു അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടറേയും കിട്ടാത്തിടത്ത് ജില്ലാ മജിസ്ട്രേററിന്, ആ കേസ്സിന്റെ ചാർജ്ജുള്ള അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടറായിരിക്കുവാൻ, മറേറതെങ്കിലും ആളെ നിയമിക്കാവുന്നതാണ്:

എന്നാൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ—

(ക) കുററാരോപണം ചെയ്യപ്പെട്ട ആളെ പ്രാസിക്യൂട്ട് ചെയ്തിരിക്കുന്നത് ഏതു കുററം സംബന്ധിച്ചാണോ, ആ കുററത്തിന്റെ അന്വേഷണത്തിൽ ഏതെങ്കിലും പങ്കു വഹിച്ചിട്ടുണ്ടെങ്കിലോ;

(ഖ) ഇൻസ്പെക്ടറുടെ പദവിക്കു താഴെയുള്ളവനാണെങ്കിലോ;

അയാളെ അപ്രകാരം നിയമിക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം III

## കോടതികളുടെ അധികാരം

26. കുററങ്ങൾ വിചാരണ ചെയ്യാവുന്ന കോടതികൾ.—ഈ നിയമസംഹിതയിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി,—

(ക) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ന്റെ കീഴിലുള്ള ഏതെങ്കിലും കുററം,—

(i) ഹൈക്കോടതിയാലോ, അല്ലെങ്കിൽ

(ii) സെഷൻസ് കോടതിയാലോ, അല്ലെങ്കിൽ

(iii) ഒന്നാം പട്ടികയിൽ അങ്ങനെയുള്ള കുററം വിചാരണ ചെയ്യാവുന്നതായി കാണിച്ചിട്ടുള്ള മറേറതെങ്കിലും കോടതിയാലോ,

വിചാരണ ചെയ്യപ്പെടാവുന്നതാണ്.

(ഖ) മറേറതെങ്കിലും നിയമത്തിൻകീഴിലുള്ള ഏതെങ്കിലും കുററം, അങ്ങനെയുള്ള നിയമത്തിൽ, ഇതിലേയ്ക്കായി ഏതെങ്കിലും കോടതി പറയപ്പെട്ടിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള കോടതിയാൽ വിചാരണ ചെയ്യപ്പെടേണ്ടതും, അപ്രകാരം യാതൊരു കോടതിയും പറയപ്പെട്ടിട്ടില്ലെങ്കിൽ,—

(i) ഹൈക്കോടതിയാലോ,

(ii) ഒന്നാം പട്ടികയിൽ അങ്ങനെയുള്ള കുററം വിചാരണ ചെയ്യാവുന്നതായി കാണിച്ചിട്ടുള്ള മറേറതെങ്കിലും കോടതിയാലോ,

വിചാരണ ചെയ്യപ്പെടാവുന്നതും ആകുന്നു.

27. കുട്ടികളുടെ സംഗതിയിലുള്ള അധികാരിത.—കോടതിയുടെ മുമ്പാകെ ഹാജരാവുകയോ, കൊണ്ടുവരപ്പെടുകയോ ചെയ്യുന്ന തീയതി പതിനാറു വയസ്സിൽ താഴെയായിരിക്കുന്ന ഏതെങ്കിലും ആൾ ചെയ്തതും, മരണ ശിക്ഷയോ ജീവപര്യന്തത്തടവു ശിക്ഷയോ നല്കി ശിക്ഷിക്കപ്പെടാവുന്നതല്ലാത്തതുമായ ഏതെങ്കിലും കുററം, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കോടതിയാലോ, കുട്ടികൾ ആക്ററ്, 1960 (1960-ലെ 60)-ഓ, ചെറുപ്രായക്കാരായ കുററക്കാരോടുള്ള പെരുമാററത്തിനും അവരുടെ പരിശീലനത്തിനും, പുനരധിവാസത്തിനും വ്യവസ്ഥ ചെയ്യുന്നതും തൽസമയം പ്രാബല്യത്തിലുള്ളതുമായ മറേറതെങ്കിലും നിയമമോ പ്രത്യേകം അധികാരപ്പെടുത്തുന്ന ഏതെങ്കിലും കോടതിയാലോ വിചാരണചെയ്യപ്പെടാവുന്നതാണ്.

28. ഹൈക്കോടതികൾക്കും സെഷൻസ് കോടതികൾക്കും പാസ്സാക്കാവുന്ന ശിക്ഷാവിധികൾ.— (1) ഹൈക്കോടതിക്ക് നിയമം പ്രാധികാരം നല്കുന്ന ഏത് ശിക്ഷാവിധിയും പാസ്സാക്കാവുന്നതാണ്.

(2) സെഷൻസ് ജഡ്ജിക്കോ, അഡീഷണൽ സെഷൻസ് ജഡ്ജിക്കോ നിയമം പ്രാധികാരം നല്കുന്ന ഏത് ശിക്ഷാവിധിയും പാസ്സാക്കാവുന്നതാണ്; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ജഡ്ജി പാസ്സാക്കുന്ന, ഏതെങ്കിലും മരണ ശിക്ഷാവിധി ഹൈക്കോടതിയുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കുന്നതാണ്.

(3) അസിസ്ററൻറ് സെഷൻസ് ജഡ്ജിയ്ക്ക്, മരണശിക്ഷയ്ക്കോ, ജീവപര്യന്തത്തടവ് ശിക്ഷയ്ക്കോ പത്തുവർഷത്തിൽ കവിയുന്ന കാലത്തെ തടവ് ശിക്ഷയ്ക്കോ ഉള്ള ശിക്ഷാവിധിയൊഴികെ, നിയമം പ്രാധികാരം നല്കുന്ന ഏത് ശിക്ഷാവിധിയും പാസ്സാക്കാവുന്നതാണ്.

29. മജിസ്ട്രേററുമാർക്ക് പാസ്സാക്കാവുന്ന ശിക്ഷാവിധികൾ.— (1) ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കോടതിക്ക്, മരണ ശിക്ഷയ്ക്കോ, ജീവപര്യന്തത്തടവു ശിക്ഷയ്ക്കോ, ഏഴു വർഷത്തിൽ കവിയുന്ന കാലത്തെ തടവ് ശിക്ഷയ്ക്കോ ഉള്ള ശിക്ഷാവിധിയൊഴികെ, നിയമം പ്രാധികാരം നല്കുന്ന ഏത് ശിക്ഷാവിധിയും പാസ്സാക്കാവുന്നതാണ്.

(2) ഒന്നാം ക്ലാസ് മജിസ്ട്രേററിന്റെ കോടതിയ്ക്ക് മൂന്നു വർഷത്തിൽ കവിയാത്ത കാലത്തെ തടവ് ശിക്ഷയ്ക്കോ അയ്യായിരം രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്കോ, രണ്ടിനും കൂടിയോ ഉള്ള ശിക്ഷാവിധി പാസ്സാക്കാവുന്നതാണ്.

(3) രണ്ടാം ക്ലാസ് മജിസ്ട്രേററിന്റെ കോടതിക്ക്, ഒരു വർഷത്തിൽ കവിയാത്ത ഒരു കാലത്തെ തടവ് ശിക്ഷയ്ക്കോ ആയിരം രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്കോ, രണ്ടിനും കൂടിയോ ഉള്ള ശിക്ഷാവിധി പാസ്സാക്കാവുന്നതാണ്.

(4) ചീഫ് മഹാനഗര മജിസ്ട്രേററിന്റെ കോടതിക്ക്, ചീഫ് ജൂഡിഷ്യൽ മജിസ്ട്രേററിന്റെ കോടതിയുടേയും മഹാനഗര മജിസ്ട്രേററിന്റെ കോടതിക്ക്, ഒന്നാം ക്ലാസ് മജിസ്ട്രേററിന്റെ കോടതിയുടേയും അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

30. പിഴയുടെ വീഴ്ചയ്ക്ക് തടവിനുള്ള ശിക്ഷാവിധി.—(1) മജിസ്ട്രേററിന്റെ കോടതിക്ക്, പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് നിയമം പ്രാധികാരം നല്കുന്ന കാലത്തെ തടവ് ശിക്ഷ നല്കാവുന്നതാണ്;

എന്നാൽ, ആ കാലം—

(ക) 29-ാം വകുപ്പിൻകീഴിൽ മജിസ്ട്രേററിനുള്ള അധികാരങ്ങളുടെ പരിധിയിൽ കവിയുന്നതോ;

(ഖ) മൂല ശിക്ഷാവിധിയുടെ ഭാഗമായി തടവുശിക്ഷ നല്കിയിട്ടുള്ളിടത്ത്, മജിസ്ട്രേററിന് പിഴ ഒടുക്കുന്നതിലെ വീഴ്ചയ്ക്കുള്ള തടവായിട്ടല്ലാതെ മററുവിധത്തിൽ ആ കുററത്തിന് ഏല്പിക്കുവാൻ ക്ഷമതയുള്ള തടവുശിക്ഷയുടെ കാലത്തിന്റെ നാലിൽ ഒന്നിൽ കവിയുന്നതോ ആയിരിക്കരുത്.

(2) ഈ വകുപ്പിൻകീഴിൽ നല്കപ്പെടുന്ന തടവ്ശിക്ഷ 29-ാം വകുപ്പിൻ കീഴിൽ ഒരു മജിസ്ട്രേററിന് നല്കാവുന്ന പരമാവധി കാലത്തെ തടവിനുള്ള ഒരു മൂലശിക്ഷാവിധിക്ക് പുറമേ ആകാവുന്നതാണ്.

31. ഒരൊററ വിചാരണയിൽ പല കുററങ്ങൾക്ക് കുററസ്ഥാപനം ചെയ്യപ്പെടുന്ന സംഗതികളിലെ ശിക്ഷാവിധി.—(1) ഒരാൾ, ഒരൊററ വിചാരണയിൽ രണ്ടോ അതിലധികമോ കുററങ്ങൾക്ക് കുററസ്ഥാപനം ചെയ്യപ്പെടുമ്പോൾ, കോടതിക്ക്, ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 71-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അയാൾക്ക്, അങ്ങനെയുള്ള കുററങ്ങൾക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ളതും ഏല്പിക്കുവാൻ കോടതിക്ക് ക്ഷമതയുള്ളതുമായ പല ശിക്ഷകൾക്കുള്ള ശിക്ഷാവിധി നല്കാവുന്നതാണ്; അങ്ങനെയുള്ള ശിക്ഷകൾ, തടവ് ശിക്ഷയായിരിക്കുമ്പോൾ, അവ ഒരേകാലത്ത് അനുഭവിക്കേണ്ടതാണെന്ന് കോടതി നിർദേശിക്കാത്തപക്ഷം, കോടതി നിർദേശിക്കുന്ന ക്രമത്തിൽ, ഒന്ന് മറേറത് അവസാനിച്ചതിനുശേഷം ആരംഭിക്കേണ്ടതാണ്.

(2) തുടർച്ചയായ ശിക്ഷാവിധികളുടെ സംഗതിയിൽ, ആ പല കുററങ്ങൾക്കുള്ള ഒട്ടാകെ ശിക്ഷ, ഒരൊററ കുററത്തിന്റെ കുററസ്ഥാപനത്തിൻമേൽ ഏല്പിക്കുവാൻ കോടതിക്ക് ക്ഷമതയുള്ള ശിക്ഷയേക്കാൾ കൂടുതലാണെന്ന കാരണത്താൽ മാത്രം, കോടതി കുററക്കാരനെ ഒരു മേൽക്കോടതി മുമ്പാകെ വിചാരണയ്ക്ക് അയക്കേണ്ട ആവശ്യമില്ല:

എന്നാൽ—

(ക) യാതൊരു സംഗതിയിലും അങ്ങനെയുള്ള ആൾക്ക് പതിന്നാലു വർഷത്തേക്കാൾ നീണ്ടകാലത്തെ തടവിനുള്ള ശിക്ഷാവിധി നല്കുകയോ;

(ഖ) ഒട്ടാകെ ശിക്ഷ, ഒരൊററ കുററത്തിന് ഏല്പിക്കുവാൻ കോടതിക്ക് ക്ഷമതയുള്ള ശിക്ഷയുടെ ഇരട്ടിയിൽ കവിയുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) കുററസ്ഥാപനം ചെയ്യപ്പെട്ട ഒരാളുടെ അപ്പീലിൻെറ ആവശ്യത്തിന്, ഈ വകുപ്പിൻകീഴിൽ അയാൾക്കെതിരായി പാസ്സാക്കിയിട്ടുള്ള തുടർച്ചയായ ശിക്ഷാവിധികൾ ഒട്ടാകെ ഒരൊററ ശിക്ഷാവിധിയായി കരുതപ്പെടുന്നതാകുന്നു.

32. അധികാരങ്ങൾ നല്കുന്ന സമ്പ്രദായം.—(1) ഈ നിയമസംഹിതയിൻകീഴിൽ അധികാരങ്ങൾ നൽകുന്നതിൽ, അതതു സംഗതിപോലെ, ഹൈക്കോടതിക്കോ, സ്റേററ് ഗവൺമെൻറിനോ ഉത്തരവുവഴി ആളുകളെ പ്രത്യേകമായി പേരു പറഞ്ഞോ, അവരുടെ ഉദ്യോഗങ്ങളുടെ ബലത്താലോ, അല്ലെങ്കിൽ, ഉദ്യോഗസ്ഥൻമാരുടെ തരങ്ങളെ സാമാന്യമായി അവരുടെ ഔദ്യോഗിക പേരുകൾ പറഞ്ഞോ, അധികാരപ്പെടുത്താവുന്നതാണ്.

(2) അങ്ങനെയുള്ള ഓരോ ഉത്തരവും അപ്രകാരം അധികാരപ്പെടുത്തപ്പെട്ട ആളെ, അത് അറിയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.

33. നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ.—ഗവൺമെൻറ് സർവ്വീസിൽ ഉദ്യോഗം വഹിക്കുകയും, ഹൈക്കോടതിയാലോ സ്റേററ് ഗവൺമെൻറിനാലോ ഈ നിയമസംഹിതയിൻകീഴിൽ ഏതെങ്കിലും തദ്ദേശപ്രദേശത്തേക്ക് ഒട്ടാകെയുള്ള ഏതെങ്കിലും അധികാരങ്ങൾ വനിവേശിപ്പിക്കപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആൾ, അതേപോലെയുള്ള ഒരു തദ്ദേശപ്രദേശത്തിനുള്ളിൽ, അതേ സ്റേററ് ഗവൺമെൻറിൻെറ കീഴിൽ അതേ പ്രകൃതത്തിലുള്ള തുല്യമോ ഉയർന്നതോ ആയ ഒരു ഉദ്യോഗത്തിലേയ്ക്ക് നിയമിക്കപ്പെടുമ്പോഴെല്ലാം, അയാൾ, അതതു സംഗതിപോലെ, ഹൈക്കോടതിയോ സ്റേററ് ഗവൺമെൻറോ മററുവിധത്തിൽ നിദേശിക്കാത്ത പക്ഷമോ നിദേശിച്ചിട്ടില്ലാത്ത പക്ഷമോ, തന്നെ അപ്രകാരം നിയമിച്ചിട്ടുള്ള തദ്ദേശപ്രദേശത്ത് അതേ അധികാരങ്ങൾ പ്രയോഗിക്കേണ്ടതാകുന്നു.

34. അധികാരങ്ങൾ പിൻവലിക്കൽ.—(1) അതതു സംഗതിപോലെ, ഹൈക്കോടതിക്കോ സ്റേററ് ഗവൺമെൻറിനോ, ഏതെങ്കിലും ആൾക്ക്, അത് ഈ നിയമസംഹിതയിൻകീഴിൽ നല്കിയിട്ടുള്ളതോ അതിൻെറ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ നല്കിയിട്ടുള്ളതോ ആയ എല്ലാ അധികാരങ്ങളോ അവയിൽ ഏതെങ്കിലുമോ പിൻവലിക്കാവുന്നതാണ്.

(2) ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനാലോ ജില്ലാ മജിസ്ട്രേററിനാലോ നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരങ്ങൾ, അങ്ങനെയുള്ള അധികാരങ്ങൾ യഥാക്രമം നല്കപ്പെട്ട മജിസ്ട്രേററിനാൽ പിൻവലിക്കപ്പെടാവുന്നതാണ്.

35. ജഡ്ജിമാരുടേയും, മജിസ്ട്രേററുമാരുടേയും അധികാരങ്ങൾ അവരുടെ ഉദ്യോഗത്തിലെ പിൻഗാമികൾക്ക് പ്രയോഗിക്കാമെന്ന്.—(1) ഈ നിയമസംഹിതയിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി ജഡ്ജിയുടേയോ, മജിസ്ട്രേററിൻെറയോ, അധികാരങ്ങളും കർത്തവ്യങ്ങളും ഉദ്യോഗത്തിലെ അദ്ദേഹത്തിൻെറ പിൻഗാമികൾക്ക് പ്രയോഗിക്കുകയോ, നിർവഹിക്കുകയോ ചെയ്യാവുന്നതാണ്.

(2) ഏതെങ്കിലും അഡിഷണൽ സെഷൻസ് ജഡ്ജിയുടേയോ, അസിസ്ററൻറ് സെഷൻസ് ജഡ്ജിയുടേയോ ഉദ്യോഗത്തിലെ പിൻഗാമി ആരാണെന്നുള്ളത് സംബന്ധിച്ച് ഏതെങ്കിലു സംശയമുള്ളപ്പോൾ, ഈ നിയമസംഹിതയുടേയോ അതിൻകീഴിലുള്ള ഏതെങ്കിലും നടപടികളുടേയോ, ഉത്തരവിൻെറയോ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള അഡിഷണൽ സെഷൻസ് ജഡ്ജിയുടേയോ അസിസ്ററൻറ് സെഷൻസ് ജഡ്ജിയുടേയോ ഉദ്യോഗത്തിലെ പിൻഗാമിയായി കരുതപ്പെടേണ്ടത് ആരാണെന്ന്, സെഷൻസ് ജഡ്ജി ലിഖിതമായ ഉത്തരവ് വഴി നിശ്ചയിക്കേണ്ടതാകുന്നു.

(3) ഏതെങ്കിലും മജിസ്ട്രേററിന്റെ ഉദ്യോഗത്തിലെ പിൻഗാമി ആരാണെന്നുള്ളതു സംബന്ധിച്ച് ഏതെങ്കിലും സംശയമുള്ളപ്പോൾ, ഈ നിയമസംഹിതയുടേയോ, അതിൻകീഴിലുള്ള ഏതെങ്കിലും നടപടികളുടേയോ, ഉത്തരവിന്റേയോ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള മജിസ്ട്രേററിന്റെ ഉദ്യോഗത്തിലെ പിൻഗാമിയായി കരുതപ്പെടേണ്ടത് ആരാണെന്ന് അതതു സംഗതി പോലെ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററോ, ജില്ലാ മജിസ്ട്രേററോ, ലിഖിതമായ ഉത്തരവുവഴി നിശ്ചയിക്കേണ്ടതാകുന്നു.

## അദ്ധ്യായം IV

### (ക) പോലീസ് മേലുദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ

36. പോലീസ് മേലുദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ.—പദവിയിൽ, ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ മീതേയുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക്, അങ്ങനെയുള്ള ഉദ്യോഗസ്ഥന്, അയാളുടെ സ്റ്റേഷന്റെ അതിർത്തിക്കുള്ളിൽ പ്രയോഗിക്കാവുന്ന അതേ അധികാരങ്ങൾ അവരെ നിയമിച്ച തദ്ദേശപ്രദേശത്തിൽ എല്ലായിടത്തും പ്രയോഗിക്കാവുന്നതാണ്.

### (ഖ) മജിസ്ട്രേററുമാർക്കും പോലീസിനുമുള്ള സഹായം

37. മജിസ്ട്രേററുമാർക്കും പോലീസിനും പൊതുജനങ്ങൾ എപ്പോൾ പിൻതുണ നല്കണമെന്ന്.—ഏതൊരാളും തന്റെ സഹായം ന്യായമായി ആവശ്യപ്പെടുന്ന ഒരു മജിസ്ട്രേററിനോ, പോലീസ് ഉദ്യോഗസ്ഥനോ—

(ക) അങ്ങനെയുള്ള മജിസ്ട്രേററനോ പോലീസ് ഉദ്യോഗസ്ഥനോ അറസ്റ്റ് ചെയ്യാൻ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള മറേറതെങ്കിലും ആളെ പിടിക്കുന്നതിലോ അയാൾ രക്ഷപ്പെടുന്നത് തടയുന്നതിലോ ; അല്ലെങ്കിൽ

(ഖ) ഒരു സമാധാനലംഘനം തടയുന്നതിലോ, അമർത്തുന്നതിലോ ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും റെയിൽവേയ്ക്കോ, തോടിനോ, ടെലിഗ്രാഫിനോ, പൊതുവസ്തുവിനോ ഏല്പിക്കുവാൻ ശ്രമിക്കുന്ന ഏതെങ്കിലും ക്ഷതി തടയുന്നതിലോ ;

പിൻതുണ നല്കുവാൻ ബാദ്ധ്യസ്ഥനാകുന്നു.

38. പോലീസ് ആഫീസറല്ലാത്ത വാറന്റ് നടത്തുന്ന ആൾക്കുള്ള സഹായം.—ഒരു വാറന്റ്, പോലീസ് ഉദ്യോഗസ്ഥനല്ലാത്ത ഒരാൾക്ക് അധികാരപ്പെടുത്തിക്കൊടുത്തിരിക്കുമ്പോൾ, ആ വാറന്റ് അധികാരപ്പെടുത്തി കൊടുക്കപ്പെട്ടയാൾ അടുത്തുണ്ടായിരിക്കുകയും, വാറന്റ് നടത്തുന്നതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള വാറന്റ് നടത്തുന്നതിൽ മറേറതെങ്കിലും ആൾക്ക് സഹായിക്കാവുന്നതാണ്.

39. പൊതുജനങ്ങൾ ചില കുററങ്ങളെക്കുറിച്ച് വിവരം നല്കണമെന്ന്.—(1) ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ താഴെപ്പറയുന്ന വകുപ്പുകളിൽ അതായത് :—

(i) 121 മുതൽ 126 വരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകളും, 130-ാം വകുപ്പും (അതായത്, മേല്പറഞ്ഞ നിയമസംഹിത (1860-ലെ 45) യുടെ VI-ാം അദ്ധ്യായത്തിൽ വിനിർദ്ദിഷ്ടമായ സ്റ്റേററിനെതിരായുള്ള കുററങ്ങൾ) ;

(ii) 143-ം, 144-ം, 145-ം, 147-ം, 148-ം വകുപ്പുകൾ, (അതായത്, മേല്പറഞ്ഞ നിയമസംഹിതയുടെ VIII-ാം അദ്ധ്യായത്തിൽ വിനിർദ്ദിഷ്ടമായ പൊതുപ്രശാന്തിക്കെതിരായുള്ള കുററങ്ങൾ) ;

(iii) 161 മുതൽ 165 ക വരെ രണ്ടും ഉൾപ്പെടെയുള്ള, വകുപ്പുകൾ, (അതായത് നിയമവിരുദ്ധമായ പാരിതോഷണം സംബന്ധിച്ച കുററങ്ങൾ) ;

(iv) 272 മുതൽ 278 വരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകൾ, (അതായത്, ഭക്ഷണം, മരുന്നുകൾ മുതലായവയിൽ മായം ചേർക്കുന്നത് സംബന്ധിച്ച കുററങ്ങൾ) ;

(v) 302-ം, 303-ം, 304-ം വകുപ്പുകൾ (അതായത്, ജീവനെ ബാധിക്കുന്ന കുററങ്ങൾ) ;

(vi) 382-ാം വകുപ്പ്, (അതായത്, മോഷണം നടത്തുന്നതിനുവേണ്ട മരണം സംഭവിപ്പിക്കുകയോ, ദേഹോപദ്രവമേല്പിക്കുകയോ, തടസ്സമുണ്ടാക്കുകയോ ചെയ്യുന്നതിനുള്ള ഒരുക്കം കൂട്ടിയതിനുശേഷമുള്ള മോഷണക്കുററം)

(vii) 392 മുതൽ 399 വരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകളും 402-ാം വകുപ്പും (അതായത്, കവർച്ചയും, കൂട്ടായ്മ കവർച്ചയും) ;

(viii) 409-ാം വകുപ്പ് (അതായത്, പബ്ലിക് സെർവന്റ് മുതലായവരാലുള്ള കുററകരമായ ട്രസ്ററ് ലംഘനം സംബന്ധിച്ച കുററം) ;

(ix) 431 മുതൽ 439 വരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകൾ (അതായത്, വസ്തുവിനെതിരായുള്ള ദ്രോഹക്കുററങ്ങൾ) ;

(x) 449-ം 450-ം വകുപ്പുകൾ (അതായത്, ഭവനക്കൈയേററമെന്ന കുററം) ;

(xi) 456 മുതൽ 460 വരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകൾ, (അതായത്, പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം എന്ന കുററം) ;

(xii) 489 (ക) മുതൽ 489 (ങ) വരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകൾ, (അതായത്, കറൻസി നോട്ടുകളും ബാങ്ക് നോട്ടുകളും സംബന്ധിച്ച കുററങ്ങൾ) ;

എന്നിവയിൽ ഏതിനെങ്കിലും കിഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ചെയ്തതിനെക്കുറിച്ചോ ചെയ്യുവാനുള്ള മറേറതെങ്കിലും ആളുടെ ഉദ്ദേശ്യത്തെക്കുറിച്ചോ അറിവുള്ള ഏതൊരാളും, ന്യായമായ ഏതെങ്കിലും സമാധാനത്തിന്റെ അഭാവത്തിൽ അങ്ങനെ കുററം ചെയ്തതിനെക്കുറിച്ചോ അങ്ങനെയുള്ള ഉദ്ദേശ്യത്തെക്കുറിച്ചോ ഏററവും അടുത്തുള്ള മജിസ്ട്രേററിനോ, പോലീസ് ഉദ്യോഗസ്ഥനോ ഉടനടി വിവരം നല്കേണ്ടതും, ആ സമാധാനം തെളിയിക്കേണ്ട ഭാരം അങ്ങനെ അറിവുള്ള ആൾക്കായിരിക്കുന്നതും ആകുന്നു.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, "കുററം" എന്ന പദത്തിൽ ഇൻഡ്യയ്ക്കു പുറത്ത് ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്യുന്നതും ഇൻഡ്യയിൽവച്ച് ചെയ്യുകയാണെങ്കിൽ കുററം ആകുന്നതുമായ ഏതു കൃത്യവും, ഉൾപ്പെടുന്നു.

40. <u>ഗ്രാമത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് നിയോജിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ, റിപ്പോർട്ട് ചെയ്യാനുള്ള കർത്തവ്യം.</u>—(1) ഒരു ഗ്രാമത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് നിയോജിക്കപ്പെടുന്ന ഏതൊരു ഉദ്യോഗസ്ഥനും, ഗ്രാമത്തിൽ താമസിക്കുന്ന ഏതൊരാളും, ഏററവും അടുത്തുള്ള മജിസ്ട്രേററോ, ഏററവും അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോ, ഇവരിൽ ആരാണ് കൂടുതൽ അടുത്തുള്ളത്, അദ്ദേഹത്തിന്—

(ക) അങ്ങനെയുള്ള ഗ്രാമത്തിലോ അതിനടുത്തോ ഉള്ളവനും കളവു മുതൽ സ്വീകരിക്കുകയോ വില്ക്കുകയോ ചെയ്യുന്നതിൽ കുപ്രസിദ്ധനുമായ ഏതെങ്കിലും ആളുടെ സ്ഥിരമോ താല്ക്കാലികമോ ആയ വാസസ്ഥല ത്തേയോ ;

(ഖ) തഗ്ഗോ, കവർച്ചക്കാരനോ, തടവു ചാടിയവനോ കുററസ്ഥാപനം ചെയ്യപ്പെട്ടവനോ, വിളംബരം ചെയ്യപ്പെട്ട കുററക്കാരനോ ആണെന്ന് താൻ അറിയുന്നതോ, ന്യായമായി സംശയിക്കുന്നതോ ആയ ഏതെങ്കിലും ആം, അങ്ങനെയുള്ള ഗ്രാമത്തിനുള്ളിലെ ഏതെങ്കിലും സ്ഥലത്ത് ചെല്ലാറുള്ളതി നേയോ ആ ഗ്രാമത്തിലൂടെ കടന്നുപോകുന്നതിനേയോ ;

(ഗ) അങ്ങനെയുള്ള ഗ്രാമത്തിലോ, ഗ്രാമത്തിനടുത്തോ, ജാമ്യം അനു വദിക്കേണ്ടതല്ലാത്ത ഏതെങ്കിലും കുററമോ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 143-ാം വകുപ്പിനോ, 144-ാം വകുപ്പിനോ. 145-ാം വകുപ്പിനോ 147-ാം വകുപ്പിനോ 148-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെ ങ്കിലും കുററമോ ചെയ്യുന്നതിനേയോ, ചെയ്യുവാനുള്ള ഉദ്ദേശ്യത്തേയോ ;

(ഘ) അങ്ങനെയുള്ള ഗ്രാമത്തിലോ, ഗ്രാമത്തിനടുത്തോ, പെട്ടെന്നു ണ്ടാകുന്നതോ, അസ്വാഭാവികമായതോ ആയ ഏതെങ്കിലും മരണമോ, സംശയകര മായ പരിതഃസ്ഥിതികളിലുള്ള ഏതെങ്കിലും മരണമോ സംഭവിക്കുന്നതിനേയോ അങ്ങനെയുള്ള ഒരു മരണം സംഭവിച്ചിട്ടുണ്ടെന്നുള്ള, ന്യായമായ സംശയത്തി ലേക്ക് നയിക്കുന്ന പരിതഃസ്ഥിതികളിൽ, അങ്ങനെയുള്ള ഗ്രാമത്തിലോ, ഗ്രാമത്തിനടുത്തോ, ഏതെങ്കിലും ശവമോ, ശവത്തിൻെറ ഭാഗമോ കണ്ടുപിടിക്കു ന്നതിനേയോ, അങ്ങനെയുള്ള ഏതെങ്കിലും ആളെ സംബന്ധിച്ച് ജാമ്യം അനു വദിക്കേണ്ടതല്ലാത്ത ഒരു കുററം ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ള ന്യായമായ സംശയത്തിലേക്ക് നയിക്കുന്ന പരിതഃസ്ഥിതികളിൽ അങ്ങനെയുള്ള ഗ്രാമ ത്തിൽനിന്നുള്ള അയാളുടെ, തിരോധാനത്തേയോ ;

(ങ) ഇൻഡ്യയിൽവച്ച് ചെയ്യുകയാണെങ്കിൽ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യിലെ താഴെപ്പറയുന്ന വകുപ്പുകളിൽ, അതായത്, 231 മുതൽ 238 വരെ (രണ്ടും ഉൾപ്പെടെ), 302, 304, 382, 392 മുതൽ 399 വരെ (രണ്ടും ഉൾപ്പെടെ), 402, 435, 436, 449, 450, 457 മുതൽ 460 വരെ (രണ്ടും ഉൾപ്പെടെ), 489 ക, 489 ഖ, 489 ഗ, 489 ഘ എന്നിവയിൽ ഏതിനെങ്കിലും കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററമാകുന്ന ഏതെങ്കിലും കൃത്യം അങ്ങനെ യുള്ള ഗ്രാമത്തിനടുത്ത് ഇൻഡ്യയ്ക്ക് വെളിയിലുള്ള ഏതെങ്കിലും സ്ഥലത്തു വച്ച് ചെയ്യുന്നതിനേയോ, ചെയ്യുവാനുള്ള ഉദ്ദേശ്യത്തേയോ ;

(ച) ക്രമസമാധാനപാലനത്തേയോ, കുററനിവാരണത്തേയോ, വ്യക്തി യുടേയോ, വസ്തുവിൻേറയോ, രക്ഷയേയോ ബാധിക്കുവാനിടയുള്ളതും ഏത് സംബന്ധിച്ചാണോ വിവരം അറിയിക്കുവാൻ ജില്ലാ മജിസ്ട്രേററ് സ്റേററ് ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി പുറപ്പെടു വിക്കുന്ന സാമാന്യമോ, പ്രത്യേകമോ ആയ ഉത്തരവുവഴി അയാളെ നിദേശിച്ചിരി ക്കുന്നത്, അങ്ങനെയുള്ളതുമായ ഏതെങ്കിലും വിഷയത്തേയോ,

സംബന്ധിച്ച്, അയാൾക്കുണ്ടായിരിക്കാവുന്ന ഏതു വിവരത്തെപ്പററിയും ഉടനടി അറിവ് നല്കേണ്ടതാകുന്നു.

(2) ഈ വകുപ്പിൽ,—

(i) ''ഗ്രാമ''ത്തിൽ, ഗ്രാമഭൂമികളും ഉൾപ്പെടുന്നു ;

(ii) ''വിളംബരം ചെയ്യപ്പെട്ട കുററക്കാരൻ'' എന്ന പദത്തിൽ, ഈ നിയമ സംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽവച്ച് ചെയ്യുകയാണെങ്കിൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യുടെ താഴെപ്പറയുന്ന വകുപ്പു കളിൽ, അതായത്, 302, 304, 382, 392 മുതൽ 399 വരെ (രണ്ടും ഉൾപ്പെടെ),

402, 435, 436, 449, 450, 457 മുതൽ 460 വരെ (രണ്ടും ഉൾപ്പെടെ), എന്നിവയിൽ ഏതിനെങ്കിലും കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററമാവുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച്, ഈ നിയമസംഹിത വ്യാപിക്കാത്ത ഏതെങ്കിലും രാജ്യക്ഷേത്രത്തിലുള്ള ഏതെങ്കിലും കോടതിയോ, അധികാരസ്ഥാനമോ, കുററക്കാരനായി വിളംബരം ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ ഉൾപ്പെടുന്നു ;

(iii) ഗ്രാമത്തിൻെറ കാര്യങ്ങൾ സംബന്ധിച്ച് നിയോജിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക്, ആ ഗ്രാമത്തിലെ പഞ്ചായത്തിലെ അംഗമെന്നർത്ഥമാകുന്നതും, അതിൽ, ഗ്രാമത്തലവനും, ഗ്രാമത്തിൻെറ ഭരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിന് നിയമിക്കപ്പെടുന്ന ഏതൊരു ഉദ്യോഗസ്ഥനും, അല്ലെങ്കിൽ മററാളും ഉൾപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം V

## ആളുകളെ അറസ്ററ് ചെയ്യുന്നത്

41. പോലീസിന് എപ്പോൾ വാറൻറ്കൂടാതെ അറസ്ററ് ചെയ്യാമെന്ന്.—(1) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് മജിസ്ട്രേററിൽനിന്നുള്ള ഉത്തരവുകൂടാതേയും, വാറൻറ്കൂടാതെയും,—

(ക) ഏതെങ്കിലും കോഗ്നൈസബിൾ കുററത്തിൽ ബന്ധപ്പെട്ടിരിക്കുന്നവനോ, അല്ലെങ്കിൽ താൻ അങ്ങനെ ബന്ധപ്പെട്ടിട്ടുണ്ടെന്ന് തനിക്കെതിരായി ന്യായമായ പരാതി ബോധിപ്പിക്കപ്പെട്ടിരിക്കുകയോ, വിശ്വസനീയമായ വിവരം ലഭിച്ചിരിക്കുകയോ, ന്യായമായ സംശയം ഉണ്ടായിരിക്കുകയോ ചെയ്യുന്നവനോ; അല്ലെങ്കിൽ

(ഖ) തൻെറ കൈവശം, നിയമപരമായ ന്യായീകരണം കൂടാതെ—ആ ന്യായീകരണം തെളിയിക്കേണ്ട ഭാരം തന്നിലായിരിക്കും-ഭവനഭേദനത്തിനുള്ള ഏതെങ്കിലും ഉപകരണം ഉണ്ടായിരിക്കുന്നവനോ; അല്ലെങ്കിൽ

(ഗ) ഈ നിയമസംഹിതയിൻകീഴിലോ, സ്റേററ് ഗവൺമെൻറിൻെറ ഉത്തരവുവഴിയോ കുററക്കാരനെന്ന് വിളംബരം ചെയ്യപ്പെട്ടിരിക്കുന്നവനോ; അല്ലെങ്കിൽ

(ഘ) തൻെറ കൈവശത്തിൽ കളവുമുതലാണെന്ന് ന്യായമായി സംശയിക്കപ്പെടാവുന്ന ഏതെങ്കിലും സാധനം കാണപ്പെടുകയോ ആ സാധനം സംബന്ധിച്ച് താൻ ഒരു കുററം ചെയ്തതായി ന്യായമായി സംശയിക്കപ്പെടാവുന്നവനായിരിക്കുകയും ചെയ്യുന്നവനോ; അല്ലെങ്കിൽ

(ങ) ഒരു പോലീസ് ഉദ്യോഗസ്ഥനെ അയാളുടെ കർത്തവ്യ നിർവ്വഹണത്തിൽ തടസ്സപ്പെടുത്തുകയോ, നിയമപരമായ കസ്ററഡിയിൽ നിന്ന് രക്ഷപ്പെടുകയോ, രക്ഷപ്പെടുവാൻ ശ്രമിക്കുകയോ ചെയ്യുന്നവനോ ; അല്ലെങ്കിൽ

(ച) യൂണിയൻെറ ഏതെങ്കിലും സായുധസേനയിൽ നിന്ന് ഡെസർട്ട് ചെയ്തയാളാണെന്ന് ന്യായമായി സംശയിക്കപ്പെടുന്നവനോ; അല്ലെങ്കിൽ

(ഛ) ഇൻഡ്യയിൽവച്ച് ചെയ്യുകയാണെങ്കിൽ, കുററമായി ശിക്ഷിക്കപ്പെടുമായിരുന്നതും കുററവാളികളുടെ പ്രത്യർപ്പണം സംബന്ധിച്ച് ഏതെങ്കിലും നിയമത്തിൻകീഴിലോ മററുവിധത്തിലോ, ഇൻഡ്യയിൽവച്ച് പിടിക്കപ്പെടുവാനോ, കസ്ററഡിയിൽ തടഞ്ഞുവയ്ക്കപ്പെടുവാനോ, തന്നെ ബാദ്ധ്യസ്ഥനാക്കുന്നതും, ഇൻഡ്യയ്ക്ക് വെളിയിലുള്ള ഏതെങ്കിലും

സ്ഥലത്തുവച്ച് ചെയ്തതുമായ ഏതെങ്കിലും കൃത്യത്തിൽ ബന്ധപ്പെട്ടിരിക്കുന്നവനോ അല്ലെങ്കിൽ താൻ അങ്ങനെ ബന്ധപ്പെട്ടിട്ടുണ്ടെന്ന് തനിക്ക് എതിരായി ന്യായമായ പരാതി ബോധിക്കപ്പെട്ടിരിക്കുകയോ വിശ്വസനീയമായ വിവരം ലഭിച്ചിരിക്കുകയോ ന്യായമായ സംശയം ഉണ്ടായിരിക്കുകയോ ചെയ്യുന്നവനോ; അല്ലെങ്കിൽ

(ജ) മോചിപ്പിക്കപ്പെട്ട കുററസ്ഥാപനം ചെയ്യപ്പെട്ടവനായിരിക്കെ, 356-ാം വകുപ്പ്, (5)-ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടം ലംഘിക്കുന്നവനോ; അല്ലെങ്കിൽ

(ഝ) ആരുടെ അറസ്ററിനാണോ മററൊരു പോലീസ് ഉദ്യോഗസ്ഥനിൽനിന്ന് ലിഖിതമോ വാക്കാലുള്ളതോ ആയ ഏതെങ്കിലും അഭ്യർത്ഥന കിട്ടിയിരിക്കുന്നത്, അങ്ങനെയുള്ളവനോ—എന്നാൽ, ആ അഭ്യർത്ഥന അറസ്ററ്ചെയ്യപ്പെടേണ്ട ആളേയും, അറസ്ററ് ചെയ്യപ്പെടേണ്ടത് ഏത് കുററത്തിനോ, മററു കാരണത്തിനോ ആണോ അതും വിനിർദ്ദിഷ്ടമാക്കുകയും, അതിൽ നിന്ന് അത് പുറപ്പെടുവിച്ച ഉദ്യോഗസ്ഥന് ആ ആളെ വാറൻറ്കൂടാതെ നിയമപരമായി അറസ്ററ്ചെയ്യാമെന്ന് കാണപ്പെടുകയും ചെയ്തിരിക്കണം;

ആയ ഏതെങ്കിലും ആളെ അറസ്ററ് ചെയ്യാവുന്നതാണ്.

(2) ഒരു പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്, അതേ രീതിയിൽ, 109-ാം വകുപ്പിലോ, 110-ാം വകുപ്പിലോ വിനിർദ്ദിഷ്ടമാക്കിയിട്ടുള്ള വിഭാഗം ആളുകളിൽ ഒന്നോ അതിലധികമോ വിഭാഗത്തിൽ പെടുന്ന ഏതെങ്കിലും ആളെ അറസ്ററ്ചെയ്യുകയോ, അറസ്ററ് ചെയ്യിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

42. <u>പേരും വാസസ്ഥലവും പറഞ്ഞുകൊടുക്കാൻ വിസമ്മതിച്ചാലുള്ള അറസ്ററ്.</u>—(1) ഒരു പോലീസ് ഉദ്യോഗസ്ഥൻെറ സാന്നിദ്ധ്യത്തിൽ, കോഗ്നൈസബിൾ അല്ലാത്ത കുററം ചെയ്യുകയോ, ചെയ്തതായി കുററാരോപണം ചെയ്യപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ, തൻെറ പേരും വാസസ്ഥലവും പറഞ്ഞുകൊടുക്കുവാൻ വിസമ്മതിക്കുകയോ അങ്ങനെയുള്ള ഉദ്യോഗസ്ഥന് കളവാണെന്ന് വിശ്വസിക്കാൻ കാരണമുള്ള പേരോ വാസസ്ഥലമോ പറഞ്ഞുകൊടുക്കുകയോ ചെയ്യുമ്പോൾ അയാളുടെ പേരോ വാസസ്ഥലമോ തീർച്ചയായി അറിയാൻ വേണ്ടി, അയാളെ അങ്ങനെയുള്ള ഉദ്യോഗസ്ഥന് അറസ്ററ് ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ആളുടെ ശരിയായ പേരും വാസസ്ഥലവും തീർച്ചയായി അറിഞ്ഞുകഴിഞ്ഞാൽ, ആവശ്യപ്പെടുമ്പോൾ ഒരു മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാകുന്നതിന് ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബാണ്ട് അയാൾ ഒപ്പിട്ടുപൂർത്തീകരിക്കുന്നതിൻമേൽ അയാളെ മോചിപ്പിക്കേണ്ടതാകുന്നു:

എന്നാൽ, അങ്ങനെയുള്ള ആൾ ഇൻഡ്യയിൽ താമസക്കാരനല്ലെങ്കിൽ, ബാണ്ടിന് ഇൻഡ്യയിൽ താമസമുള്ള ജാമ്യക്കാരൻേറയോ, ജാമ്യക്കാരുടേയോ, ജാമ്യം വേണ്ടതാകുന്നു.

(3) അങ്ങനെയുള്ള ആളുടെ ശരിയായ പേരും വാസസ്ഥലവും അറസ്ററിൻെറ സമയം മുതൽ ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ തീർച്ചയായി അറിയാതിരിക്കുന്നുവെങ്കിലോ, അയാൾ ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുകയോ, ആവശ്യപ്പെടുന്നപക്ഷം മതിയായ ജാമ്യക്കാരെ നല്കുകയോ ചെയ്യാതിരിക്കുന്നുവെങ്കിലോ, അയാളെ ഉടനടി അധികാരിതയുള്ള ഏററവും അടുത്ത മജിസ്ട്രേററിൻെറ അടുക്കൽ അയക്കേണ്ടതാകുന്നു.

43. സ്വകാര്യവ്യക്തിയാലുള്ള അറസ്റ്റും അങ്ങനെ അറസ്റ്റ് ചെയ്താലുള്ള നടപടിക്രമവും.—(1) ഏതെങ്കിലും സ്വകാര്യവ്യക്തിക്ക്, ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും കോഗ്നൈസബിളും ആയ ഒരു കുററം തന്റെ സാന്നിദ്ധ്യത്തിൽ ചെയ്യുന്ന ഏതെങ്കിലും ആളെയോ, വിളംബരം ചെയ്യപ്പെട്ട ഏതെങ്കിലും കുററക്കാരനെയോ, അറസ്ററ് ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്യാവുന്നതും, അയാൾ അങ്ങനെ അറസ്ററ് ചെയ്യപ്പെട്ട ആളെ അനാവശ്യമായ താമസംകൂടാതെ, ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏല്പിച്ചുകൊടുക്കുകയോ, ഏല്പിച്ചുകൊടുപ്പിക്കുകയോ പോലീസ് ഉദ്യോഗസ്ഥന്റെ അഭാവത്തിൽ, അങ്ങനെയുള്ള ആളെ ഏററവും അടുത്ത പോലീസ് സ്റേറഷനിൽ കസ്ററഡിയിൽ എത്തിച്ചുകൊടുക്കുകയോ എത്തിച്ചുകൊടുപ്പിക്കുകയോ ചെയ്യേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള ആൾ 41-ാം വകുപ്പിലെ വ്യവസ്ഥകളുടെ കീഴിൽ വരുമെന്ന് വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിൽ അയാളെ ഒരു പോലീസ് ഉദ്യോഗസ്ഥൻ വീണ്ടും അറസ്ററ് ചെയ്യേണ്ടതാകുന്നു.

(3) അയാൾ കോഗ്നൈസബിൾ അല്ലാത്ത ഒരു കുററം ചെയ്തിട്ടുള്ളതായി വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയും ഒരു പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ തന്റെ പേരും വാസസ്ഥലവും പറഞ്ഞുകൊടുക്കുവാൻ വിസമ്മതിക്കുകയോ, അങ്ങനെയുള്ള ഉദ്യോഗസ്ഥന് കളവാണെന്ന് വിശ്വസിക്കുവാൻ കാരണമുള്ള പേരോ, വാസസ്ഥലമോ പറഞ്ഞുകൊടുക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അയാളെ 42-ാം വകുപ്പിലെ വ്യവസ്ഥകളിൻകീഴിൽ കൈകാര്യം ചെയ്യേണ്ടതും; എന്നാൽ, അയാൾ ഏതെങ്കിലും കുററം ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കുവാൻ മതിയായ കാരണമില്ലെങ്കിൽ, അയാളെ ഉടൻ മോചിപ്പിക്കേണ്ടതുമാകുന്നു.

44. മജിസ്ട്രേററിനാലുള്ള അറസ്ററ്.—(1) എക്സിക്യൂട്ടീവോ ജുഡീഷ്യലോ ആയ ഒരു മജിസ്ട്രേററിന്റെ സാന്നിദ്ധ്യത്തിലും അദ്ദേഹത്തിന്റെ തദ്ദേശാധികാരിതക്കുള്ളിലും ഏതെങ്കിലും കുററം ചെയ്യപ്പെടുമ്പോൾ, അദ്ദേഹത്തിന് കുററക്കാരനെ സ്വയം അറസ്ററ് ചെയ്യുകയോ, അറസ്ററ് ചെയ്യുവാൻ ഏതെങ്കിലും ആൾക്ക് ഉത്തരവ് നല്കുകയോ ചെയ്യാവുന്നതും, അപ്പോൾ ജാമ്യത്തെക്കുറിച്ച് ഇതിലടങ്ങിയ വ്യവസ്ഥകൾക്കു വിധേയമായി, കുററക്കാരനെ കസ്ററഡിയിലേയ്ക്ക് കമ്മിററ് ചെയ്യാവുന്നതും ആണ്.

(2) എക്സിക്യൂട്ടീവോ, ജുഡീഷ്യലോ ആയ ഏതെങ്കിലും മജിസ്ട്രേററിന്, ഏതു സമയത്തും തന്റെ സാന്നിദ്ധ്യത്തിലും തദ്ദേശാധികാരിതക്കുള്ളിലും, ആരുടെ അറസ്ററിനാണോ, തനിക്ക് ആ സമയത്തും ആ പരിതഃസ്ഥിതികളിലും വാറന്റ് പുറപ്പെടുവിക്കുവാൻ ക്ഷമതയുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആളെ അറസ്ററുചെയ്യുകയോ, അറസ്ററ് ചെയ്യുവാൻ നിദേശിക്കുകയോ ചെയ്യാവുന്നതാണ്.

45. സായുധസേനകളിലെ അംഗങ്ങൾക്ക് അറസ്ററിൽ നിന്നുള്ള രക്ഷണം.— (1) 41 മുതൽ 44 വരെ (രണ്ടും ഉൾപ്പെടെ) വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യൂണിയന്റെ സായുധസേനകളിലെ ഏതൊരു അംഗവും, കേന്ദ്രഗവൺമെൻറിന്റെ സമ്മതം ലഭിച്ചതിനുശേഷമല്ലാതെ, തന്റെ ഔദ്യോഗികചുമതലകളുടെ നിർവ്വഹണത്തിൽ താൻ ചെയ്തതോ, ചെയ്തതായി കരുതാവുന്നതോ ആയ യാതൊന്നിനും, അറസ്ററുചെയ്യപ്പെടാവുന്നതല്ല.

(2) സ്റേററ് ഗവൺമെൻറിന്, വിജ്ഞാപനം വഴി പൊതുസമാധാനം പാലിക്കുവാൻ ചുമതലപ്പെടുത്തപ്പെട്ടസേനയിലെ അംഗങ്ങളിൽ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തരത്തിലും വിഭാഗത്തിലും ഉള്ളവർക്ക്, അവർ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത് എവിടെയായാലും (1) -ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ബാധകമാകുമെന്ന് നിദേശിക്കാവുന്നതും, അപ്പോൾ, ആ ഉപവകുപ്പിലെ വ്യവസ്ഥകൾ, അതിലുള്ള "കേന്ദ്രഗവൺമെൻറ്" എന്ന പദത്തിന് പകരം "സ്റേററ്ഗവൺമെൻറ്" എന്ന പദം ചേർത്തിരുന്നാലെന്നപോലെ, ബാധകമാകുന്നതും ആണ്.

46. <u>അറസ്ററ് ചെയ്യുന്നത് എങ്ങനെയെന്ന്</u>.—(1) അറസ്ററ്ചെയ്യുന്നതിൽ വാക്കാലോ പ്രവൃത്തിയാലോ കസ്ററഡിക്ക് കീഴ്പ്പെടൽ ഇല്ലാത്ത പക്ഷം, അതു ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനോ മററ് ആളോ അറസ്ററ് ചെയ്യപ്പെടാനുള്ള ആളുടെ ശരീരം തൊടുകയോ, അയാളെ തടഞ്ഞുവയ്ക്കുകയോ ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ളയാൾ തന്നെ അറസ്ററ്ചെയ്യുവാനുള്ള യത്നത്തെ ബലാത്കാരമായി എതിർക്കുകയോ, അറസ്ററിൽനിന്ന് ഒഴിയാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥനോ, മററാൾക്കോ, അറസ്ററ് നടത്താൻ ആവശ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കാവുന്നതാണ്.

(3) ഈ വകുപ്പിലെ യാതൊന്നും, മരണശിക്ഷയോ ജീവപര്യന്തത്തടവു ശിക്ഷയോ നല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളവനല്ലാത്ത ഒരാളുടെ മരണം സംഭവിപ്പിക്കുവാൻ അവകാശം നല്കുന്നതല്ല.

47. <u>അറസ്ററ് ചെയ്യപ്പെടാനുള്ള ആൾ പ്രവേശിച്ച സ്ഥലത്തിൻെറ ശോധന</u>.— (1) അറസ്ററ് വാറൻറിൻ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ, അറസ്ററ് ചെയ്യുവാൻ പ്രാധികാരമുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, അറസ്ററ് ചെയ്യപ്പെടാനുള്ളയാൾ ഏതെങ്കിലും സ്ഥലത്തിനുള്ളിൽ പ്രവേശിച്ചിട്ടുണ്ടെന്നോ, സ്ഥലത്തിനുള്ളിലുണ്ടെന്നോ വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിൽ, മേല്പറഞ്ഞതുപോലെ പ്രവർത്തിക്കുന്ന ആളോ അങ്ങനെയുള്ള പോലീസുദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ അങ്ങനെയുള്ള സ്ഥലത്ത് താമസമുള്ളതോ, അങ്ങനെയുള്ള സ്ഥലത്തിൻെറ ചാർജ്ജുള്ളതോ ആയ ഏതെങ്കിലും ആൾ ആ സ്ഥലത്തിനുള്ളിലേയ്ക്ക് നിർബാധമായ പ്രവേശം അനുവദിക്കുകയും, അതിനുള്ളിൽ ശോധനയ്ക്ക് ന്യായമായ എല്ലാ സൗകര്യങ്ങളും നല്കുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ അങ്ങനെയുള്ള സ്ഥലത്തേയ്ക്കു പ്രവേശം ലഭിക്കാൻ കഴിയുന്നില്ലെങ്കിൽ, വാറൻറിൻകീഴിൽ പ്രവർത്തിക്കുന്ന ഒരാൾക്ക്, ഏത് സംഗതിയിലും, വാറണ്ട് പുറപ്പെടുവിക്കാവുന്നതും, എന്നാൽ അറസ്ററ് ചെയ്യപ്പെടാനുള്ള ആൾക്ക് രക്ഷപ്പെടാൻ അവസരം കൊടുക്കാതെ അത് ലഭിക്കാൻ കഴിയാതിരിക്കുന്നതുമായ ഏത് സംഗതിയിലും, ഒരു പോലീസ് ഉദ്യോഗസ്ഥൻ അങ്ങനെയുള്ള സ്ഥലത്ത് പ്രവേശിക്കുന്നതും അതിനുള്ളിൽ ശോധന ചെയ്യുന്നതും, അങ്ങനെയുള്ള സ്ഥലത്ത് പ്രവേശിക്കാനായി ഏതെങ്കിലും വീടിൻേറയോ സ്ഥലത്തിൻേറയോ, അത് അറസ്ററ് ചെയ്യപ്പെടാനുള്ള ആളുടേയോ മററ് ഏതെങ്കിലു ആളുടേയോ ആയാലും പുറമേയുള്ളതോ അകത്തുള്ളതോ ആയ ഏതെങ്കിലും വാതിലോ ജന്നലോ കുത്തിത്തുറക്കുകയും ചെയ്യുന്നത്, അയാളുടെ പ്രാധികാരത്തെയും ആവശ്യത്തേയുംപ്പററി അറിയിക്കുകയും പ്രവേശനത്തിന് മുറപ്രകാരം ആവശ്യപ്പെടുകയും ചെയ്തതിനുശേഷം, അയാൾക്ക് മററുവിധത്തിൽ പ്രവേശനം ലഭിക്കാൻ കഴിയുന്നില്ലെങ്കിൽ, നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ആളോ പോലീസ് ഉദ്യോഗസ്ഥനോ അങ്ങനെയുള്ള ഏതെങ്കിലും സ്ഥലം, ആചാരമനുസരിച്ച് പൊതുസ്ഥലത്ത് പ്രത്യക്ഷപ്പെടാത്ത (അറസ്റ്റ് ചെയ്യപ്പെടാനുള്ള ആളല്ലാത്ത) ഒരു സ്ത്രീയുടെ യഥാർത്ഥ കൈവശമുള്ള വാസസ്ഥലമായ മുറിയാണെങ്കിൽ, അങ്ങനെയുള്ള മുറിയിൽ പ്രവേശിക്കുന്നതിനു മുമ്പായി, അങ്ങനെയുള്ള സ്ത്രീക്ക് അവിടെ നിന്ന് പിൻമാറാൻ അവൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് നോട്ടീസ് കൊടുക്കുകയും പിൻമാറാനായി അവൾക്ക് ന്യായമായ ഏത് സൗകര്യവും നല്കുകയും ചെയ്യേണ്ടതും, അതിനുശേഷം അങ്ങനെയുള്ള ആൾക്കോ പോലീസ് ഉദ്യോഗസ്ഥനോ മുറി കുത്തിത്തുറക്കുകയും അതിൽ പ്രവേശിക്കുകയും ചെയ്യാവുന്നതും ആകുന്നു.

(3) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, അറസ്റ്റ് ചെയ്യുവാൻ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള മററാൾക്കോ, അറസ്റ്റ് ചെയ്യുന്നതിന് വേണ്ടി ഏതെങ്കിലും വീട്ടിലോ സ്ഥലത്തോ നിയമാനസൃതം പ്രവേശിച്ചിരിക്കേ, അതിനുള്ളിൽ തടഞ്ഞുവയ്ക്കപ്പെട്ട തന്നേയോ മറേറതെങ്കിലും ആളേയോ, മോചിപ്പിക്കുവാനായി അതിൻെറ പുറത്തുള്ളതോ, ഉള്ളിലുള്ളതോ ആയ ഏതെങ്കിലും വാതിലോ, ജനലോ കുത്തിത്തുറക്കാവുന്നതാണ്.

48. <u>കുററക്കാരെ മററു അധികാരിതാക്ഷേത്രങ്ങളിലേയ്ക്ക് പിൻതുടരൽ</u> .— ഒരു പോലീസ് ഉദ്യോഗസ്ഥന് വാറൻറുകൂടാതെ അറസ്റ്റ് ചെയ്യുന്നതിന് വേണ്ടി അറസ്റ്റ് ചെയ്യുവാൻ തനിക്ക് പ്രാധികാരമുള്ള ആളെ ഇൻഡ്യയിൽ ഏത് സ്ഥലത്തേക്കും പിൻതുടരാവുന്നതാണ്.

49. <u>അനാവശ്യമായ തടസ്സപ്പെടുത്തൽ പാടില്ലെന്ന്</u> .— അറസ്റ്റ് ചെയ്യപ്പെട്ടയാളെ, അയാൾ രക്ഷപ്പെടുന്നത് തടയുവാൻ ആവശ്യമായതിൽ കൂടുതലായ തടസ്സപ്പെടുത്തലിന് വിധേയനാക്കാൻ പാടുള്ളതല്ല.

50. <u>അറസ്റ്റ് ചെയ്യപ്പെടുന്ന ആളെ അറസ്റ്റിനുള്ള കാരണങ്ങളും ജാമ്യത്തിനുള്ള അവകാശവും അറിയിക്കണമെന്ന്</u>.— (1) ഏതെങ്കിലും ആളെ വാറൻറ് കൂടാതെ അറസ്റ്റ് ചെയ്യുന്ന ഏതൊരു പോലീസ് ഉദ്യോഗസ്ഥനും അല്ലെങ്കിൽ മററു ആളും, അയാളെ ഏത് കുററത്തിനാണോ അയാൾ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നത്, ആ കുററത്തിൻെറ പൂർണ്ണവിവരങ്ങളോ, അങ്ങനെയുള്ള അറസ്റ്റിനുള്ള മററു കാരണങ്ങളോ ഉടനടി അറിയിക്കേണ്ടതാകുന്നു.

(2) ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുററത്തിന്, കുററാരോപണം ചെയ്യപ്പെടുന്നവനല്ലാത്ത ഏതെങ്കിലും ആളെ ഒരു പോലീസ് ഉദ്യോഗസ്ഥൻ വാറൻറു കൂടാതെ അറസ്റ്റ് ചെയ്യുന്നിടത്ത്, അയാൾ അറസ്റ്റ് ചെയ്യപ്പെട്ടയാളെ, അയാൾക്ക് ജാമ്യത്തിൽ മോചിപ്പിക്കപ്പെടുവാനവകാശമുണ്ടെന്നും, അയാൾക്കുവേണ്ടിയുള്ള ജാമ്യക്കാർക്ക് ഏർപ്പാടുചെയ്യാവുന്നതാണെന്നും അറിയിക്കേണ്ടതാകുന്നു.

51. <u>അറസ്റ്റ് ചെയ്യപ്പെടുന്ന ആളെ ശോധന ചെയ്യൽ</u> .— (1)ഒരാൾ ഒരു പോലീസ് ഉദ്യോഗസ്ഥനാൽ, ജാമ്യം സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്യാത്ത വാറൻറിൻകീഴിൽ അറസ്റ്റ് ചെയ്യപ്പെടുകയോ, ജാമ്യം സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന വാറൻറിൻ കീഴിൽ അറസ്റ്റ് ചെയ്യപ്പെടുകയും എന്നാൽ അറസ്റ്റ് ചെയ്യപ്പെടുന്നയാൾക്ക് ജാമ്യം നല്കാൻ കഴിയാതിരിക്കുകയും ചെയ്യുകയോ ചെയ്യുമ്പോഴൊക്കെയും ;

ാം വാറൻറുകൂടാതെ അറസ്ററ്ചെയ്യപ്പെടുകയോ വാറൻറിൻ കീഴിൽ സ്വവ്യക്തിയാൽ അറസ്ററ് ചെയ്യപ്പെടുകയോ ചെയ്യുകയും നിയമപ്ര കാരം ജാമ്യം അനുവദിക്കപ്പെടാവുന്നതല്ലാതായിരിക്കുകയോ, ജാമ്യം നല്കാൻ കഴി യാതിരിക്കുകയോ ചെയ്യുകയും ചെയ്യുമ്പോഴൊക്കെയും ;

അറസ്ററ് ചെയ്യുന്ന ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ, അറസ്ററ് ചെയ്യുന്നത് സ്വകാര്യ വ്യക്തിയാകുമ്പോൾ, അയാൾ ഏതു പോലീസുദ്യോഗസ്ഥനാണോ അറസ്ററ് ചെയ്യപ്പെടുന്നയാളെ ഏല്പിക്കുന്നത്, ആ പോലീസ് ഉദ്യോഗ സ്ഥനോ, അങ്ങനെയുള്ള ആളെ ശോധന ചെയ്യാവുന്നതും, ആവശ്യമായ ഉടുപ്പു കഴികെ അയാളുടെ മേൽ കാണുന്ന മററ് എല്ലാ സാധനങ്ങളും സുരക്ഷിത മക്കസ്ററഡിയിൽ വയ്ക്കേണ്ടതും അറസ്ററ് ചെയ്യപ്പെടുന്നയാളിൽനിന്ന് ഏതെങ്കിലും സാധനങ്ങൾ പിടിച്ചെടുത്തിട്ടുള്ളിടത്ത്, പോലീസ് ഉദ്യോഗ സ്ഥൻ കൈവശത്തിലെടുത്ത സാധനങ്ങൾ കാണിക്കുന്ന ഒരു രസീത് അങ്ങനെ യുള്ള ആൾക്ക് നല്കേണ്ടതും ആകുന്നു

(2) ഒരു സ്ത്രീയെ ശോധന ചെയ്യിക്കേണ്ടത് ആവശ്യമാകുമ്പോഴെല്ലാം, ശോധന, ചെയ്യുന്നത് സഭ്യത ശരിക്കും ആദരിച്ചുകൊണ്ട് മററൊരു സ്ത്രീ ആയിരിക്കേണ്ടതാകുന്നു.

52. ആക്രമണായുധങ്ങൾ പിടിച്ചെടുക്കാനുള്ള അധികാരം .— ഈ നിയമ സംഹിതയിൻ കീഴിൽ ഏതെങ്കിലും അറസ്ററ് നടത്തുന്ന ഉദ്യോഗസ്ഥനോ മററാൾക്കോ, അറസ്ററ് ചെയ്യപ്പെട്ട ആളിൽ നിന്ന്, അയാളുടെ ശരീരത്തിൽ ഒളിപ്പിച്ചിടത്തുമുള്ള ഏതെങ്കിലും ആക്രമണായുധങ്ങൾ എടുക്കാവുന്നതും, അപ്ര കാരം എടുക്കുന്ന എല്ലാ ആയുധങ്ങളും അറസ്ററ് നടത്തുന്ന ഉദ്യോഗസ്ഥനോ മററാളോ, അറസ്ററ് ചെയ്യപ്പെട്ടയാളെ ഏത് കോടതിയുടെയോ, ഉദ്യോഗസ്ഥ ൻറയോ മുൻപാകെ, ഹാജരാക്കണമെന്നാണോ, ഈ നിയമസംഹിത ആവശ്യപ്പെ ടുന്നത്, ആ കോടതിയ്ക്കോ ഉദ്യോഗസ്ഥനോ ഏല്പിച്ചുകൊടുക്കേണ്ടതും ആകുന്നു.

53. പോലീസുദ്യോഗസ്ഥൻറ അപേക്ഷയിൻമേൽ പ്രതിയെ ചികിൽസകൻ പരിശോധിക്കുന്നത് .— (1) ഒരാളുടെ ശരീരത്തിൻറെ പരിശോധനാ കുററം ചെയ്തതിനെക്കുറിച്ച് തെളിവ് നല്കുമെന്ന് വിശ്വസിക്കുവാൻ ന്യായ മായ കാരണങ്ങളുണ്ടാകത്തക്ക പ്രകൃതമുള്ളതും അങ്ങനെയുള്ള പരിതഃസ്ഥിതി കളിൽ ചെയ്യപ്പെട്ടതായി ആരോപിക്കപ്പെട്ടിട്ടുള്ളതും ആയ ഒരു കുററം ചെയ്തു വെന്ന ചാർജ്ജിൻമേൽ അയാൾ അറസ്ററ് ചെയ്യപ്പെടുമ്പോൾ സബ്-ഇൻസ് പെക്ടരുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻെറ അപേക്ഷയിൻമേൽ പ്രവർത്തിക്കുന്ന രജിസ്ററർ ചെയ്യപ്പെട്ട ഒരു ചികിൽസ കനും, അയാളെ സഹായിച്ചുകൊണ്ടും അയാളുടെ നിദേശത്തിൻ കീഴിലും ഉത്തമ വിശ്വാസപൂർവ്വം പ്രവർത്തിക്കുന്ന ഏതെങ്കിലും ആളും, അറസ്ററ്ചെയ്യപ്പെട്ട യാളെ, അങ്ങനെയുള്ള തെളിവ് നല്കുന്ന വസ്തുതകൾ തിട്ടപ്പെടുത്തുന്ന തിന് ന്യായമായി ആവശ്യകമാകുന്നവിധമുള്ള പരിശോധന ചെയ്യുന്നതും, അതിനുവേണ്ടി ന്യായമായി ആവശ്യമുള്ള ബലം ഉപയോഗിക്കുന്നതും നിയമാ നുസൃതമായിരിക്കുന്നതാണ്,

(2) ഈ വകുപ്പിൻ കീഴിൽ ഒരു സ്ത്രീയുടെ ശരീരം പരിശോധിക്കാ നുള്ളപ്പോഴെല്ലാം, പരിശോധന രജിസ്ററർ ചെയ്യപ്പെട്ട ഒരു ചികിൽസക യാലോ അവരുടെ മേൽനോട്ടത്തിൻ കീഴിലോ മാത്രം ചെയ്യേണ്ടതാകുന്നു.

വിശദീകരണം .— ഈ വകുപ്പിലും, 54-ാം വകുപ്പിലും, "രജിസ്ററർ ചെയ്യപ്പെട്ട ചികിൽസകൻ" എന്നാൽ, ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്ററ്, 1956, 2-ാം വകുപ്പ്, (ജ) ഖണ്ഡത്തിൽ നിർവചിച്ചപോലെയുള്ള

ഏതെങ്കിലും അംഗീകൃത ചികിൽസീയയോഗ്യതയുള്ളവനും, സ്റേററ്മെഡിക്കൽ രജിസ്ററിൽ പേർ ചേർക്കപ്പെട്ടിട്ടുള്ളവനുമായ ചികിൽസകൻ എന്നർത്ഥമാകുന്നു.

54. അറസ്ററ് ചെയ്യപ്പെട്ട ആളുടെ അപേക്ഷയിൻമേൽ അറസ്ററ് ചെയ്യപ്പെട്ട ആളെ ചികിൽസകൻ പരിശോധിക്കുന്നത് .— അറസ്ററ്ചെയ്യപ്പെട്ട ഒരാറം, അത് ചാർജ്ജിൻമേലോ മററുവിധത്തിലോ ഉള്ളതായാലും, മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാക്കപ്പെടുന്ന സമയത്തോ, തന്നെ കസ്ററഡിയിൽ തടഞ്ഞുവച്ചിരിക്കുന്ന കാലത്ത് ഏതെങ്കിലും സമയത്തോ, തന്റെ ശരീരത്തിന്റെ പരിശോധന, ഏതെങ്കിലും കുററം താൻ ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്നതോ, അല്ലെങ്കിൽ, തന്റെ ശരീരത്തിന് എതിരായി മറേറതെങ്കിലും ആറം ഏതെങ്കിലും കുററം ചെയ്തതായി സ്ഥാപിക്കുന്നതോ ആയ തെളിവ് നല്കുമെന്ന് ആരോപിക്കുമ്പോറം, മജിസ്ട്രേററ് അങ്ങനെയുള്ള ആളുടെ ശരീരം രജിസ്ററർ ചെയ്യപ്പെട്ട ഒരു ചികിൽസകനാൽ പരിശോധിക്കപ്പെടുവാൻ, അപ്രകാരം ചെയ്യണമെന്ന് അറസ്ററ് ചെയ്യപ്പെട്ട ആറം അപേക്ഷിക്കുന്നു വെങ്കിൽ, ആ അപേക്ഷ, ശല്യം ഉണ്ടാക്കുന്നതിനോ കാലതാമസം ഉണ്ടാക്കുന്നതിനോ നീതിയുടെ ലക്ഷ്യങ്ങറം പരാജായപ്പെടുത്തുന്നതിനു വേണ്ടിയോ ആണ്, ചെയ്തിട്ടുള്ളതെന്ന് മജിസ്ട്രേററ് കരുതാത്തപക്ഷം, നിദേശിക്കേണ്ടതാകുന്നു.

55. വാറൻറ് കൂടാതെ അറസ്ററ് ചെയ്യുവാൻ പോലീസ് ഉദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥനെ നിയുക്തനാക്കുമ്പോഴുള്ള നടപടിക്രമം .— (1) ഒരു പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ XII-ാം അദ്ധ്യായത്തിൻ കീഴിൽ അന്വേഷണം നടത്തുന്ന, ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ വാറൻറുകൂടാതെ നിയമാനുസൃതം അറസ്ററ് ചെയ്യപ്പെടാവുന്ന ഏതെങ്കിലും ആളെ, (തന്റെ സാന്നിദ്ധ്യത്തിലല്ലാതെ), ഒരു വാറൻറു കൂടാതെ അറസ്ററ് ചെയ്യുവാൻ തന്റെ താഴെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുമ്പോറം, അയാറം, അറസ്ററ്ചെയ്യപ്പെടുവാൻ ആരോടാണോ ആവശ്യപ്പെട്ടിരിക്കുന്നത്, ആ ഉദ്യോഗസ്ഥന് അറസ്ററ്ചെയ്യപ്പെടാനുള്ള ആളേയും, അറസ്ററ്ചെയ്യപ്പെടാനുള്ളത് ഏത് കുററത്തിനോ, മററ് കാരണത്തിനോ ആണോ, അതും വിനിർദ്ദിഷ്ടമാക്കുന്ന ലിഖിതമായ ഉത്തരവ് നല്കേണ്ടതും, അപ്രകാരം ആവശ്യപ്പെട്ടത് ആരോടാണോ ആ ഉദ്യോഗസ്ഥൻ, അറസ്ററ് ചെയ്യുന്നതിനുമുമ്പ്, അറസ്ററ് ചെയ്യപ്പെടാനുള്ളയാളെ ഉത്തരവിന്റെ സാരാംശം അറിയിക്കേണ്ടതും, അങ്ങനെയുള്ളയാറം ആവശ്യപ്പെടുന്നുവെങ്കിൽ, ഉത്തരവ് അയാളെ കാണിക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും, ഒരാളെ 41-ാം വകുപ്പിൻ കീഴിൽ അറസ്ററ് ചെയ്യുവാനുള്ള പോലീസ് ഉദ്യോഗസ്ഥന്റെ അധികാരത്തെ ബാധിക്കുന്നതല്ല.

56. അറസ്ററ്ചെയ്യപ്പെട്ടയാളെ മജിസ്ട്രേററിൻേറയോ പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻേറയോ മുൻപാകെ കൊണ്ടുപോകണമെന്ന് .— വാറൻറ് കൂടാതെ അറസ്ററ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ അനാവശ്യമായ താമസം കൂടാതെ, ജാമ്യം സംബന്ധിച്ച് ഇതിൽ അടങ്ങിയ വ്യവസ്ഥകറംക്ക് വിധേയമായും, അറസ്ററ് ചെയ്യപ്പെട്ട ആളെ ആ കേസസ്സിൽ അധികാരിതയുള്ള മജിസ്ട്രേററിൻേറയോ, ഒരു പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻേറയോ, മുൻപാകെ കൊണ്ടുപോകുകയോ അയക്കുകയോ ചെയ്യേണ്ടതാകുന്നു.

57. അറസ്ററ് ചെയ്യപ്പെട്ടയാളെ ഇരുപത്തിനാലു മണിക്കൂറിൽ കൂടുതൽ തടങ്ങലിൽ വയ്ക്കരുതെന്ന്.— യാതൊരു പോലീസ് ഉദ്യോഗസ്ഥനും, വാറൻറ് കൂടാതെ അറസ്ററ് ചെയ്യപ്പെട്ട ഒരാളെ, ആ സംഗതിയുടെ എല്ലാ പരിത:സ്ഥിതികളിലും ന്യായമായിരിക്കുന്നതിൽ കൂടുതലായ കാലം തടങ്ങലിൽ സൂക്ഷിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള കാലം, 167-ാം വകുപ്പിൻ കീഴിൽ ഒരു മജിസ്ട്രേററിൻെറ പ്രത്യേകമായ ഉത്തരവിൻെറ അഭാവത്തിൽ, അറസ്ററ് സ്ഥലത്തുനിന്ന് മജിസ്ട്രേററിൻെറ കോടതിയിലേക്കുള്ള യാത്രയ്ക്ക് ആവശ്യകമായ സമയം കൂടാതെ, ഇരുപത്തിനാലുമണിക്കൂറിൽ കവിയുവാൻ പാടില്ലാത്തതും ആകുന്നു.

58. പിടിക്കുന്നത് പോലീസ് റിപ്പോർട്ട് ചെയ്യണമെന്ന്.— പോലീസ് സ്റേറഷനുകളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻമാർ, തങ്ങളുടെ യഥാക്രമമുള്ള സ്റേറഷനുകളുടെ അതിർത്തിക്കുള്ളിൽവാറൻറു കൂടാതെ അറസ്ററ് ചെയ്യപ്പെടുന്ന എല്ലാആളുകളുടേയും സംഗതികൾ, അങ്ങനെയുള്ള ആളുകൾക്ക് ജാമ്യം അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഇല്ലെങ്കിലും ജില്ലാമജിസ്ട്രേററിനോ അദ്ദേഹം നിദേശിക്കുന്നുവെങ്കിൽ, സബ്ഡിവിഷണൽ മജിസ്ട്രേററിനോ, റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

59. പിടിക്കപ്പെട്ട ആളെ ഡിസ്ചാർജ് ചെയ്യുന്നത്.— ഒരു പോലീസ് ഉദ്യോഗസ്ഥനാൽ അറസ്ററ് ചെയ്യപ്പെടുന്ന യാതൊരാളും, അയാളുടെ സ്വന്തം ബാണ്ടിൻമേലോ, ജാമ്യത്തിൻമേലോ, ഒരു മജിസ്ട്രേററിൻെറ പ്രത്യേക ഉത്തരവിൻ കീഴിലോ അല്ലാതെ ഡിസ്ചാർജ് ചെയ്യപ്പെടാവുന്നതല്ല.

60. രക്ഷപ്പെട്ടാൽ പിൻതുടർന്ന് വീണ്ടും പിടിക്കാനുള്ള അധികാരം.— (1) നിയമാനുസൃതമായ കസ്ററഡിയിൽ നിന്ന് ഒരാൾ രക്ഷപ്പെടുകയോ രക്ഷിക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, ആരുടെ കസ്ററഡിയിൽനിന്നാണോ അയാൾ രക്ഷപ്പെടുകയോ രക്ഷിക്കപ്പെടുകയോ ചെയ്യുന്നത്, അയാൾക്കാ, ഇൻഡ്യയിലെ ഏത് സ്ഥലത്തും അയാളെ ഉടൻ പിൻതുടർന്ന് അറസ്ററ് ചെയ്യാവുന്നതാണ്.

(2) 47-ാം വകുപ്പിലെ വ്യവസ്ഥകൾ (1)-ാം ഉപവകുപ്പിൻകീഴിലുള്ള അറസ്ററുകൾക്ക് അങ്ങനെയുള്ള ഏതെങ്കിലും അറസ്ററ് നടത്തുന്നയാൾ, വാറൻറിൻ കീഴിൽ പ്രവർത്തിക്കുകയും, അറസ്ററ് ചെയ്യുവാൻ പ്രാധികാരമുള്ള പോലീസ് ഉദ്യോഗസ്ഥനായിരിക്കുകയും ചെയ്യുന്നില്ലെങ്കിലും, ബാധകമാകുന്നതാണ്.

## അദ്ധ്യായം VI

## ഹാജരാകുവാൻ നിർബന്ധിക്കുന്നതിനുള്ള പ്രോസസ്സുകൾ

### ക. സമൻസ്

61. സമൻസിൻെറ ഫാറം.—ഈ നിയമസംഹിതയിൻകീഴിൽ ഒരു കോടതി പുറപ്പെടുവിക്കുന്ന ഏതൊരു സമൻസും ലിഖിതമായതും, ഡ്യൂപ്ലിക്കേററായുള്ളതും, അങ്ങനെയുള്ള കോടതിയുടെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥനോ, ഹൈക്കോടതി, അതതുസമയം, ചട്ടംവഴി നിദേശിക്കുന്ന മററ് ഉദ്യോഗസ്ഥനോ ഒപ്പിട്ടതും ആയിരിക്കേണ്ടതും കോടതിമുദ്ര വഹിച്ചിരിക്കേണ്ടതും ആകുന്നു.

62. സമൻസ് നടത്തുന്നത് എങ്ങനെയെന്ന്.—(1) ഏതൊരു സമൻസും, ഒരു പോലീസ് ഉദ്യോഗസ്ഥനോ, സ്റ്റേററ് ഗവൺമെൻറ് ഇതിലേക്കായി ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, സമൻസ് പുറപ്പെടുവിക്കുന്ന കോടതിയിലെ ഒരു ഉദ്യോഗസ്ഥനോ, മററു പബ്ലിക് സർവൻേറാ നടത്തേണ്ടതാകുന്നു.

(2) സമൻസ്, പ്രായോഗികമാണെങ്കിൽ സമൻ ചെയ്യപ്പെടുന്ന ആൾക്ക് നേരിട്ട്, അയാൾക്ക് സമൻസിൻെറ ഡ്യൂപ്ലിക്കേററുകളിൽ ഒന്ന് നല്കിയോ ടെൻഡർ ചെയ്തോ, നടത്തേണ്ടതാകുന്നു.

(3) അപ്രകാരം സമൻസ് നടത്തപ്പെടുന്ന ഏതൊരാളും, നടത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നുവെങ്കിൽ, മറേറ ഡ്യൂപ്ലിക്കേററിൻെറ പുറത്ത് അതിന് രസീത് ഒപ്പിട്ട്കൊടുക്കേണ്ടതാകുന്നു.

63. ഏകാംഗീകൃതമായ നികായങ്ങൾക്കും, സംഘങ്ങൾക്കും സമൻസ് നടത്തുന്നത്.—ഒരു ഏകാംഗയോഗത്തിന് സമൻസ് നടത്തുന്നത്, അതിൻെറ സെക്രട്ടറിയ്ക്കോ, സ്ഥലം മാനേജർക്കോ, മററ് പ്രധാന ഉദ്യോഗസ്ഥനോ അത് നടത്തിയോ, അല്ലെങ്കിൽ ഏകാംഗയോഗത്തിൻെറ ഇൻഡ്യയിലുള്ള മുഖ്യ ഉദ്യോഗസ്ഥൻെറ മേൽവിലാസത്തിൽ രജിസ്ററർ പോസ്ററായി അയക്കുന്ന എഴുത്തു വഴിയോ ആകാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ ആ എഴുത്ത് പോസ്ററിൻെറ സാധാരണഗതിയിൽ എത്തുമ്പോൾ നടത്തിയതായി കരുതപ്പെടുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ, ''ഏകാംഗയോഗ''ത്തിന്, ഏകാംഗീകൃത കമ്പനിയോ, മററ് ഏകാംഗീകൃതനികായമോ എന്നർത്ഥമാകുന്നതും, അതിൽ സംഘങ്ങൾ രജിസ്ററർ ചെയ്യൽ ആക്ററ്, 1860 (1860-ലെ 21)-ൻ കീഴിൽ രജിസ്ററർ ചെയ്യപ്പെട്ട സംഘം ഉൾപ്പെടുന്നതും ആകുന്നു.

64. നടത്തൽ, സമൻ ചെയ്യപ്പെട്ടയാളുകളെ കണ്ടെത്താൻ കഴിയാത്തപ്പോൾ.— സമൻ ചെയ്യപ്പെട്ടയാളെ, തക്ക ശ്രദ്ധ പ്രയോഗിച്ച് കണ്ടെത്തുവാൻ കഴിയാത്തിടത്ത്, അയാൾക്കുവേണ്ടി അയാളുടെ കുടുംബത്തിലെ അയാളോടു കൂടെ താമസിക്കുന്ന പ്രായപൂർത്തിയായ വല്ല പുരുഷനായ അംഗത്തിനും ഡ്യൂപ്ലിക്കേററുകളിൽ ഒന്ന് നല്കികൊണ്ട് സമൻസ് നടത്താവുന്നതും, അപ്രകാരം സമൻസ് നല്കപ്പെട്ട ആൾ, നടത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നുവെങ്കിൽ, മറേറ ഡ്യൂപ്ലിക്കേററിൻെറ പുറത്ത് അതിന് രസീത് ഒപ്പിട്ടുകൊടുക്കേണ്ടതും ആകുന്നു.

വിശദീകരണം.—ഭൃത്യൻ, ഈ വകുപ്പിൻെറ അർത്ഥത്തിൽ കുടുംബത്തിലെ അംഗമല്ല.

65. മുൻപ് വ്യവസ്ഥ ചെയ്തപോലെ നടത്താൻ കഴിയാത്തപ്പോഴുള്ള നടപടിക്രമം.—തക്ക ശ്രദ്ധ പ്രയോഗിച്ച് 62-ാം 63-ാംവകുപ്പിലോ വകുപ്പിലോ 64-ാം വകുപ്പിലോ വ്യവസ്ഥചെയ്തതുപോലെ നടത്താൻ കഴിയുന്നില്ലെങ്കിൽ, നടത്തുന്ന ഉദ്യോഗസ്ഥൻ സമൻസിൻെറ ഡ്യൂപ്ലിക്കേററിൽ ഒന്ന് സമൻ ചെയ്യപ്പെട്ടആൾ സാധാരണതാമസമുള്ള ഭവനത്തിൻേറയോ പാർപ്പിടത്തിൻേറയോ, ശ്രദ്ധയാകർഷിക്കത്തക്ക ഭാഗത്ത് പതിക്കേണ്ടതും; അതോടെ കോടതിക്ക്, യുക്തമെന്നുതോന്നുന്ന അന്വേഷണവിചാരണക്കുശേഷം, സമൻസ് മുറപ്രകാരം നടത്തപ്പെട്ടതായി പ്രഖ്യാപിക്കുകയോ ഉചിതമെന്നു കരുതുന്ന രീതിയിലുള്ള പുതിയ നടത്തലിന് ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതുമാണ്.

66. ഗവൺമെൻറ് സർവൻറിന് നടത്തുന്നത്.—(1) സമൻ ചെയ്യപ്പെട്ടയാശം ഗവൺമെൻറിൻെറ സജീവ സർവീസിലായിരിക്കുന്നിടത്ത്, സമൻസ് പുറപ്പെടുവിക്കുന്ന കോടതി, സാധാരണമായി, അത് ഡ്യൂപ്ലിക്കേററായി അങ്ങനെയുള്ള ആശം ജോലി ചെയ്യുന്ന ആഫീസിലെ മേധാവിക്ക് അയക്കേണ്ടതും; അതോടെ അങ്ങനെയുള്ള മേധാവി സമൻസ് 62-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടത്തിക്കുകയും, ആ വകുപ്പ് ആവശ്യപ്പെടുന്ന എൻഡോഴ്സ്മെൻറ് സഹിതം താൻ ഒപ്പിട്ട് കോടതിയിലേയ്ക്ക് തിരിയെ അയക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള ഒപ്പ് മുറപ്രകാരമുള്ള നടത്തലിന് തെളിവായിരിക്കുന്നതാണ്.

67. തദ്ദേശാതിർത്തികശംക്കു വെളിയിൽ സമൻസ് നടത്തുന്നത്.—കോടതി, അത് പുറപ്പെടുവിക്കുന്ന ഒരു സമൻസ്, അതിൻെറ തദ്ദേശാധികാരിതയുടെ വെളിയിലുള്ള ഏതെങ്കിലും സ്ഥലത്ത് നടത്തണമെന്ന് ആഗ്രഹിക്കുമ്പോശം, സാധാരണമായി, കോടതി അങ്ങനെയുള്ള സമൻസ്, സമൻ ചെയ്യപ്പെട്ടയാശം താമസിക്കുകയോ, ഉണ്ടായിരിക്കുകയോ ചെയ്യുന്നത് ഏത് മജിസ്ട്രേററിൻെറ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ, ആ മജിസ്ട്രേററിന് അവിടെ നടത്തുന്നതിന് ഡ്യൂപ്ലിക്കേററായി അയക്കേണ്ടതാകുന്നു.

68. അങ്ങനെയുള്ള സംഗതികളിലും, നടത്തുന്ന ഉദ്യോഗസ്ഥൻ ഹാജരില്ലാത്തപ്പോഴും, നടത്തൽ തെളിയിക്കുന്നത്.—(1) കോടതി പുറപ്പെടുവിക്കുന്ന സമൻസ്, അതിൻെറ തദ്ദേശാധികാരിതയ്ക്ക് വെളിയിൽ നടത്തുമ്പോഴും സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ കേസ്സിൻെറ ഹീയറിങ്ങിൽ ഹാജരില്ലാത്ത ഏതെങ്കിലും സംഗതിയിലും, അങ്ങനെയുള്ള സമൻസ് നടത്തിയിട്ടുണ്ടെന്നുള്ളതിന് ഒരു മജിസ്ട്രേററിൻെറ മുൻപാകെ ചെയ്തതാണെന്ന് കരുതാവുന്ന ഒരു സത്യവാങ്മൂലവും, സമൻസ് ആർക്കാണോ, നല്കുകയോ ടെണ്ടർ ചെയ്യുകയോ, ഏല്പിക്കുകയോ ചെയ്തത്, അയാശം (62-ാം വകുപ്പോ, 64-ാം വകുപ്പോ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ) എൻഡോഴ്സ് ചെയ്തതാണെന്നു കരുതാവുന്ന, സമൻസിൻെറ ഡ്യൂപ്ലിക്കേററും, തെളിവിൽ സ്വീകാര്യമായിരിക്കുന്നതും, അതിൽ ചെയ്തിട്ടുള്ള പ്രസ്താവനകശം, വിപരീതമായത് തെളിയിക്കാത്തപക്ഷവും, തെളിയിക്കുന്നതുവരേയും, ശരിയായതാണെന്ന് കരുതപ്പെടുന്നതുമാകുന്നു.

(2) ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള സത്യവാങ്മൂലം സമൻസിൻെറ ഡ്യൂപ്ലിക്കേററിനോട് ചേർത്ത് കോടതിയിലേയ്ക്ക് തിരിയെ അയക്കാവുന്നതുമാണ്.

69. സാക്ഷികശംക്ക് സമൻസ് പോസ്ററ്വഴി നടത്തുന്നത്.—(1) ഈ അദ്ധ്യായത്തിലെ മുൻവകുപ്പുകളിൽ എന്തുതന്നെയടങ്ങിയിരുന്നാലും, സാക്ഷിക്ക് സമൻസ് പുറപ്പെടുവിക്കുന്ന കോടതി, അങ്ങനെയുള്ള സമൻസ് പുറപ്പെടുവിക്കുന്നതിനു പുറമേയും, പുറപ്പെടുവിക്കുന്നതിനോടൊപ്പവും സാക്ഷിയ്ക്ക് സമൻസിൻെറ ഒരു പകർപ്പ് അയാശം സാധാരണമായി താമസിച്ചുകൊണ്ടിരിക്കുന്നതോ, ബിസിനസ്സ് നടത്തുന്നതോ, ലാഭത്തിന് നേരിട്ട് ജോലിചെയ്യുന്നതോ ആയ സ്ഥലത്തെ മേൽവിലാസം വച്ച് രജിസ്ററർ പോസ്ററ്വഴി നടത്താൻ നിദേശിക്കാവുന്നതാണ്.

(2) സാക്ഷി ഒപ്പിട്ടതായി കരുതാവുന്ന മടക്കരസീതോ, സാക്ഷി സമൻസ് ഏററുവാങ്ങാൻ വിസമ്മതിച്ചു എന്നുള്ളതും ഒരു പോസ്ററു ജീവനക്കാരൻ ചെയ്തതായി കരുതാവുന്നതും ആയ എൻഡോഴ്സ്മെൻേറാ, കിട്ടിയിട്ടുള്ളപ്പോശം, സമൻസ് പുറപ്പെടുവിക്കുന്ന കോടതിക്ക്, സമൻസ് മുറപ്രകാരം നടത്തിയതായി പ്രഖ്യാപിക്കാവുന്നതാണ്.

## ഖ. അറസ്ററു വാറൻറ്

70. <u>അറസ്ററ്വാറൻറിൻെറ രൂപവും, കാലാവധിയും.</u>—(1) ഈ നിയമസംഹിതയിൻകീഴിൽ കോടതിപുറപ്പെടുവിക്കുന്ന ഏതൊരു് അറസ്ററുവാറൻറും, ലിഖിതമായതും, അങ്ങനെയുള്ള കോടതിയിലെ അദ്ധ്യക്ഷതവഹിക്കുന്ന ഉദ്യോഗസ്ഥൻ ഒപ്പിട്ടതും, കോടതി മുദ്രവഹിക്കുന്നതും ആയിരിക്കേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള ഓരോ വാറൻറും, അതു് പുറപ്പെടുവിക്കുന്ന കോടതി അതു് റദ്ദാക്കുന്നതുവരേയോ, അല്ലെങ്കിൽ അതു് നടപ്പാക്കുന്നതുവരേയോ പ്രാബല്യത്തിലിരിക്കുന്നതാണ്.

71. <u>ജാമ്യം വാങ്ങണമെന്ന് നിദേശിക്കാനുള്ള അധികാരം.</u>— (1) ഏതെങ്കിലും ആളുടെ അറസ്ററിന് വാറൻറ് പുറപ്പെടുവിക്കുന്ന ഏതെങ്കിലും കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച്, വാറൻറിൻമേലുള്ള എൻഡോഴ്സ്മെൻറ് വഴി, അങ്ങനെയുള്ള ആരം, വിനിർദ്ദിഷ്ടമായ സമയത്തും, അതിനുശേഷം കോടതി മററു വിധത്തിൽ നിദേശിക്കുന്നതുവരെയും, കോടതി മുമ്പാകെ അയാരം ഹാജരാകുന്നതിനുള്ളതും മതിയായ ജാമ്യക്കാരോടുകൂടിയതുമായ ഒരു ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്നുവെങ്കിൽ, വാറൻറ് അധികാരപ്പെടുത്തി കൊടുത്തിട്ടുള്ളതു് ആർക്കാണോ ആ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ജാമ്യം വാങ്ങുകയും, അങ്ങനെയുള്ള ആളെ കസ്ററഡിയിൽനിന്ന് മോചിപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് നിദേശിക്കാവുന്നതാണ്.

(2) എൻഡോഴ്സ്മെൻറിൽ—

(ക) ജാമ്യക്കാരുടെ എണ്ണവും ;

(ഖ) അവരും ആരുടെ അറസ്ററിനാണോ വാറൻറ് പുറപ്പെടുവിച്ചിട്ടുള്ളതു്, അയാളും യഥാക്രമം ഏതു് തുകയ്ക്കാണ് ബാദ്ധ്യസ്ഥരാക്കപ്പെടേണ്ടതു് എന്നും ;

(ഗ) കോടതി മുമ്പാകെ അയാരം ഹാജരാകേണ്ട സമയവും ;
പ്രസ്താവിച്ചിരിക്കേണ്ടതാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ ജാമ്യം വാങ്ങുമ്പോഴെല്ലാം വാറൻറ് അധികാരപ്പെടുത്തി കൊടുത്തിട്ടുള്ളതു് ആർക്കാണോ, ആ ഉദ്യോഗസ്ഥൻ ബാണ്ട് കോടതിലേക്കു് അയക്കേണ്ടതാകുന്നു.

72. <u>വാറണ്ടുകരം അധികാരപ്പെടുത്തികൊടുക്കുന്നതു് ആർക്കാണെന്ന്.</u>—

(1) അറസ്ററ്വാറൻറ് സാധാരണമായി, ഒന്നോ അതിലധികമോ പോലീസ് ഉദ്യോഗസ്ഥൻമാർക്കു് അധികാരപ്പെടുത്തികൊടുക്കേണ്ടതും ; എന്നാൽ അതു് ഉടനെ നടപ്പാക്കേണ്ടതു് ആവശ്യകമായിരിക്കുകയും, യാതൊരു പോലീസ് ഉദ്യോഗസ്ഥനേയും ഉടനെ ലഭിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള വാറൻറ് പുറപ്പെടുവിക്കുന്ന കോടതിക്ക്, അതു് മറേറതെങ്കിലും ആരംക്കോ ആളുകരംക്കോ അധികാരപ്പെടുത്തിക്കൊടുക്കാവുന്നതും അങ്ങനെയുള്ള ആളോ ആളുകളോ അതു് നടപ്പാക്കേണ്ടതുമാകുന്നു.

(2) ഒരു വാറൻറ് ഒന്നോ അതിലധികമോ ഉദ്യോഗസ്ഥൻമാർക്കോ ആളുകരംക്കോ അധികാരപ്പെടുത്തികൊടുത്തിട്ടുള്ളപ്പോരം, അതു് അവർ എല്ലാവർക്കുമോ, അവരിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ആളുകരംക്കോ നടപ്പാക്കാവുന്നതാണ്.

73. വാറൻറ് ഏതെങ്കിലും ആരംക്ക് അധികാരപ്പെടുത്തികൊടുക്കാമെന്ന്.—(1) ചീഫ് ജുഡിഷ്യൽ മജിസ്ട്രേററിനോ, ഒന്നാം ക്ലാസ് മജിസ്ട്രേററിനോ, തൻെറ തദ്ദേശാധികാരിതയ്ക്കുള്ളിലുള്ള ഏതെങ്കിലും ആരംക്ക്, ഏതെങ്കിലും തടവുചാടിയ കുററസ്ഥാപനം ചെയ്യപ്പെട്ടവൻേറയോ, വിളംബരം ചെയ്യപ്പെട്ട കുററക്കാരൻേറയോ, ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുററത്തിന് കുററാരോപണം ചെയ്യപ്പെടുകയും അറസ്ററിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുന്ന ഏതെങ്കിലും ആളുടേയോ അറസ്ററിന്, വാറൻറ് അധികാരപ്പെടുത്തി കൊടുക്കാവുന്നതാണ്:

(2) അങ്ങനെയുള്ളയാരം വാറൻറ് കിട്ടിയത് സമ്മതിച്ചെഴുതിക്കൊടുക്കേണ്ടതും, അത്, തൻെറ ചുമതലയിൻ കീഴിലുള്ള ഏതെങ്കിലും ഭൂമിയിലോ, മററു വസ്തുവിലോ, ആരുടെ അറസ്ററിനാണോ അതു പുറപ്പെടുവിച്ചിട്ടുള്ളത്, അയാരം, ഉണ്ടെങ്കിലോ പ്രവേശിക്കുന്നുവെങ്കിലോ, നടപ്പാക്കേണ്ടതുമാകുന്നു.

(3) ആർക്കെതിരായാണോ അങ്ങനെയുള്ള വാറൻറ് പുറപ്പെടുവിച്ചിട്ടുള്ളത്, അയാരം അറസ്ററ് ചെയ്യപ്പെടുമ്പോരം, അയാളെ വാറൻേറാടുകൂടി ഏററവും അടുത്തുള്ള പോലീസ് ഉദ്യോഗസ്ഥന് ഏല്പിച്ചുകൊടുക്കേണ്ടതും, ആ പോലീസ് ഉദ്യോഗസ്ഥൻ, അയാളെ 71-ാം വകുപ്പിൻകീഴിൽ ജാമ്യം വാങ്ങാത്തപക്ഷം, ആ സംഗതിയിൽ ആധികാരിതയുള്ള ഒരു മജിസ്ട്രേററിൻെറ മുമ്പാകെ എത്തിക്കേണ്ടതുമാകുന്നു.

74 പോലീസ് ഉദ്യോഗസ്ഥന് അധികാരപ്പെടുത്തിക്കൊടുക്കുന്ന വാറൻറ്.—ഏതെങ്കിലും പോലീസുദ്യോഗസ്ഥന് അധികാരപ്പെടുത്തിക്കൊടുക്കുന്ന വാറൻറ്, അത് അധികാരപ്പെടുത്തിക്കൊടുത്തിട്ടുള്ളതോ എൻഡോഴ്സ് ചെയ്തുകൊടുത്തിട്ടുള്ളതോ ആർക്കാണോ, ആ ഉദ്യോഗസ്ഥൻ ആരുടെ പേരാണോ ആ വാറൻറിൻെറമേൽ എൻഡോഴ്സ് ചെയ്യുന്നത്, അങ്ങനെയുള്ള മറേറതെങ്കിലും പോലീസുദ്യോഗസ്ഥനും നടപ്പാക്കാവുന്നതാണ്.

75. വാറൻറിൻെറ സാരാംശം അറിയിക്കുന്നത്.—അറസ്ററ്വാറൻറ് നടപ്പാക്കുന്ന പോലീസ് ഉദ്യോഗസ്ഥനോ, മററാളോ, അറസ്ററ്ചെയ്യപ്പെടനുള്ള ആളെ, അതിൻെറ സാരാംശം അറിയിക്കേണ്ടതും, ആവശ്യപ്പെടുന്നുവെങ്കിൽ, വാറൻറ് അയാളെ കാണിക്കേണ്ടതും ആകുന്നു.

76. അറസ്ററ്ചെയ്യപ്പെട്ടയാളെ കാലതാമസംകൂടാതെ കോടതിമുൻപാകെ കൊണ്ടുവരണമെന്ന്.—അറസ്ററ്വാറൻറ് നടപ്പാക്കുന്ന പോലീസ് ഉദ്യോഗസ്ഥനോ മററാളോ, (ജാമ്യം സംബന്ധിച്ച 71-ാം വകുപ്പിലെ വ്യവസ്ഥകരംക്ക് വിധേയമായി) അനാവശ്യമായ കാലതാമസം കൂടാതെ, അറസ്ററ് ചെയ്യപ്പെട്ട ആളെ, ഏത് കോടതിയുടെ മുമ്പാകെയാണോ അങ്ങനെയുള്ള ആളെ ഹാജരാക്കുവാൻ നിയമം അയാളോട് ആവശ്യപ്പെടുന്നത്, ആ കോടതി മുൻപാകെ കൊണ്ടുവരേണ്ടതാകുന്നു :

എന്നാൽ, അങ്ങനെയുള്ള കാലതാമസം യാതൊരു സംഗതിയിലും അറസ്ററ് ചെയ്യപ്പെട്ട സ്ഥലത്തുനിന്ന് ആ മജിസ്ട്രേററ് കോടതിയിലേക്കുള്ള യാത്രയ്ക്ക് ആവശ്യകമായ സമയം ഒഴിവാക്കി ഇരുപത്തിനാലു മണിക്കൂറിൽ കവിയാൻ പാടുള്ളതല്ല.

77. വാറൻറ് എവിടെ നടപ്പാക്കാമെന്ന്.—ഒരു അറസ്ററ് വാറൻറ് ഇൻഡ്യയിൽ ഏതു സ്ഥലത്തുവച്ചും നടപ്പാക്കാവുന്നതാണ്.

78. അധികാരിതയ്ക്ക് വെളിയിൽ നടപ്പാക്കുവാൻ അയച്ചുകൊടുക്കുന്ന വാറൻറ്.—(1) ഒരു വാറൻറ്, അത് പുറപ്പെടുവിക്കുന്ന കോടതിയുടെ തദ്ദേശാധികാരിതയ്ക്കുവെളിയിൽ നടപ്പാക്കേണ്ടതായിട്ടുള്ളപ്പോൾ, അങ്ങനെയുള്ള കോടതിക്ക്, വാറൻറ് അതിൻെറ അധികാരിതയ്ക്കുള്ളിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ അധികാരപ്പെടുത്തിക്കൊടുക്കുന്നതിനുപകരം, ഏത് എക്സിക്യൂട്ടീവ് മജിസ്ട്രേററിൻേറയോ, പോലീസ് സൂപ്രണ്ടിൻേറയോ, പോലീസ് കമ്മീഷണറുടേയോ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ അത് നടപ്പാക്കാനുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററിനോ ജില്ലാ പോലീസ് സൂപ്രണ്ടിനോ പോലീസ് കമ്മീഷണർക്കോ പോസ്ററ് വഴിയോ മററുവിധത്തിലോ അയച്ചുകൊടുക്കാവുന്നതും; എക്സിക്യൂട്ടീവ് മജിസ്ട്രേററോ, ജില്ലാ സൂപ്രണ്ടോ, കമ്മീഷണറോ അതിൻമേൽ തൻെറ പേര് എൻഡോഴ്സ് ചെയ്യേണ്ടതും, പ്രായോഗികമാണെങ്കിൽ, ഇതിൽ ഇതിനു മുൻപ്, വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ അത് നടപ്പാക്കിക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വാറൻറ് പുറപ്പെടുവിക്കുന്നകോടതി, വാറൻേറാടൊപ്പം, അറസ്ററ് ചെയ്യപ്പെടാനുള്ള ആൾക്കെതിരായ വിവരത്തിൻെറ സാരാംശം, 81-ാം വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന കോടതിയ്ക്ക് അയാൾക്ക് ജാമ്യം അനുവദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാൻ കഴിയുന്നതിന് മതിയാകുന്ന രേഖകൾ സഹിതം അയച്ചുകൊടുക്കേണ്ടതാകുന്നു.

79. അധികാരിതയ്ക്ക് വെളിയിൽ നടപ്പാക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥന് അധികാരപ്പെടുത്തി കൊടുക്കുന്ന വാറൻറ്.—(1) ഒരു പോലീസ് ഉദ്യോഗസ്ഥന് അധികാരപ്പെടുത്തിക്കൊടുക്കുന്ന വാറൻറ്, അത് പുറപ്പെടുവിക്കുന്ന കോടതിയുടെ തദ്ദേശാധികാരിതയ്ക്ക് വെളിയിൽ, നടപ്പാക്കാനുള്ളതായിരിക്കുമ്പോൾ, സാധാരണമായി, അയാൾ അത് ഏത് എക്സിക്യൂട്ടീവ് മജിസ്ട്രേററിൻേറയോ, പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻെറ ആ പദവിയിൽ താഴെയല്ലാത്ത പോലീസ് ഉദ്യോഗസ്ഥൻേറയോ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ അതു നടപ്പാക്കാനുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററിൻേറയോ, പോലീസ് ഉദ്യോഗസ്ഥൻേറയോ അടുക്കൽ എൻഡോഴ്സ്മെൻറിന് കൊണ്ടുപോകേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മജിസ്ട്രേററോ, പോലീസ് ഉദ്യോഗസ്ഥനോ, അതിൻമേൽ തൻെറ പേര് എൻഡോഴ്സ് ചെയ്യേണ്ടതും, അങ്ങനെയുള്ള എൻഡോഴ്സ്മെൻറ് ആർക്കാണോ വാറൻറ് അധികാരപ്പെടുത്തി കൊടുത്തിട്ടുള്ളത്, ആ പോലീസ് ഉദ്യോഗസ്ഥന് അത് നടപ്പാക്കുവാൻ മതിയായ പ്രാധികാരം ആയിരിക്കുന്നതും, ആവശ്യപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള വാറൻറ് നടപ്പാക്കുന്നതിൽ സ്ഥലം പോലീസ് അങ്ങനെയുള്ള ഉദ്യോഗസ്ഥനെ സഹായിക്കേണ്ടതുമാകുന്നു.

(3) ഏത് മജിസ്ട്രേററിൻേറയോ, പോലീസ് ഉദ്യോഗസ്ഥൻേറയോ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ, വാറൻറ് നടപ്പാക്കാനുള്ളത് ആ മജിസ്ട്രേററിൻേറയോ, പോലീസ് ഉദ്യോഗസ്ഥൻേറയോ എൻഡോഴ്സ്മെൻറ് ലഭിക്കുന്നതിനാലുണ്ടാകുന്ന കാലതാമസം, അങ്ങനെ നടപ്പാക്കുന്നതിനെ തടയുമെന്ന് വിശ്വസിക്കുവാൻ കാരണമുള്ളപ്പോഴെല്ലാം, ആർക്കാണോ അത് അധികാരപ്പെടുത്തിക്കൊടുത്തിട്ടുള്ളത് ആ പോലീസ് ഉദ്യോഗസ്ഥന്, അത് പറപ്പെടുവിച്ച കോടതിയുടെ തദ്ദേശാധികാരിതയ്ക്ക് വെളിയിലുള്ള ഏതു സ്ഥലത്തും, അങ്ങനെയുള്ള എൻഡോഴ്സ്മെൻറ് കൂടാതെ അത് നടപ്പാക്കാവുന്നതാണ്.

80. ആർക്കെതിരായാണോ വാറണ്ട് പുറപ്പെടുവിച്ചിട്ടുള്ളത്, അയാളെ അറസ്റ്റ് ചെയ്യുന്നതിനു മേലുള്ള നടപടിക്രമം.—ഒരു അറസ്റ്റ്‌വാറന്റ്, അത് പുറപ്പെടുവിക്കുന്ന ജില്ലയ്ക്ക് വെളിയിൽ നടപ്പാക്കുമ്പോൾ, വാറന്റ് പുറപ്പെടുവിക്കുന്ന കോടതി, അറസ്റ്റ്ചെയ്ത സ്ഥലത്തുനിന്ന് മുപ്പതു കിലോമീററിനുള്ളിലായിരിക്കുകയോ ഏത് എക്സിക്യൂട്ടീവ് മജിസ്ട്രേററിന്റേയോ ജില്ലാപോലീസ് സൂപ്രണ്ടിന്റേയോ, പോലീസ് കമ്മീഷണറുടേയോ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ അറസ്ററുചെയ്തത്, ആ എക്സിക്യൂട്ടീവ് മജിസ്ട്രേററിനെക്കാളുമോ, ജില്ലാ പോലീസ് സൂപ്രണ്ടിനെക്കാളുമോ പോലീസ് കമ്മീഷണരെക്കാളുമോ കൂടുതൽ അടുത്തായിരിക്കുകയോ ചെയ്യാത്തപക്ഷമോ, അല്ലെങ്കിൽ, 71-ാം വകുപ്പിൻകീഴിൽ ജാമ്യം വാങ്ങാത്ത പക്ഷമോ, അറസ്ററ്ചെയ്യപ്പെട്ടയാളെ അങ്ങനെയുള്ള മജിസ്ട്രേററിന്റേയോ ജില്ലാസൂപ്രണ്ടിന്റേയോ കമ്മീഷണറുടേയോ മുൻപാകെ കൊണ്ടുപോകേണ്ടതാകുന്നു.

81. അറസ്ററ്ചെയ്യപ്പെട്ട അങ്ങനെയുള്ള ആളെ, ഏത് മജിസ്ട്രേററിന്റെ മുൻപാകെയാണോ കൊണ്ടുവരപ്പെട്ടത് ആ മജിസ്ട്രേററിന്റെ നടപടിക്രമം.—(1) അറസ്ററ്ചെയ്യപ്പെട്ട അങ്ങനെയുള്ള ആൾ, വാറന്റ് പുറപ്പെടുവിച്ച കോടതി ഉദ്ദേശിച്ച ആളാണെന്ന് കാണുന്നുവെങ്കിൽ, അയാളെ അങ്ങനെയുള്ള കോടതിയിലേയ്ക്ക് കസ്ററഡിയിൽ നീക്കം ചെയ്യുവാൻ എക്സിക്യൂട്ടീവ് മജിസ്ട്രേററോ, ജില്ലാപോലീസ് സൂപ്രണ്ടോ, പോലീസ് കമ്മീഷണറോ, നിദേശിക്കേണ്ടതാകുന്നു:

എന്നാൽ, കുററം ജാമ്യം അനുവദിക്കേണ്ടതും, അങ്ങനെയുള്ള ആൾ അങ്ങനെയുള്ള മജിസ്ട്രേററിനോ, ജില്ലാസൂപ്രണ്ടിനോ, കമ്മീഷണർക്കോ, തൃപ്തിയാകുംവിധം ജാമ്യം നല്കുവാൻ തയ്യാറും സമ്മതവുമുള്ളവനും ആയിരിക്കുകയോ, അല്ലെങ്കിൽ വാറന്റിൽ 71-ാം വകുപ്പിൻകീഴിൽ നിദേശം എൻഡോഴ്സ് ചെയ്യപ്പെട്ടിരിക്കുകയും ആ നിദേശം ആവശ്യപ്പെടുന്ന ഈട് നല്കുവാൻ അങ്ങനെയുള്ളയാൾ തയ്യാറും സമ്മതവുമുള്ളവനും ആയിരിക്കുകയും ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, മജിസ്ട്രേററോ, ജില്ലാ സൂപ്രണ്ടോ, കമ്മീഷണറോ, അതതു സംഗതിപോലെ, ജാമ്യമോ ഈടോ വാങ്ങുകയും ബാണ്ട്, വാറന്റ് പുറപ്പെടുവിച്ച കോടതിയ്ക്ക് അയച്ചുകൊടുക്കേണ്ടതും ആകുന്നു:

എന്നുമാത്രമല്ല, കുററം ജാമ്യം അനുവദിക്കേണ്ടതല്ലാത്ത ഒന്നാണെങ്കിൽ 78-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവരവും, രേഖകളും പരിഗണിച്ചശേഷം, (437-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി) ചീഫ് ജുഡീഷ്യൽ മജിസ്ട്രേററോ, അറസ്ററ്നടത്തിയ ജില്ലയിലെ സെഷൻസ് ജഡ്ജിയോ, അങ്ങനെയുള്ള ആളെ ജാമ്യത്തിൻമേൽ മോചിപ്പിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(2) ഈ വകുപ്പിലെ യാതൊന്നും, ഒരു പോലിസ് ഉദ്യോഗസ്ഥനെ 71-ാം വകുപ്പിൻകീഴിൽ ഈടുവാങ്ങുന്നതിൽനിന്ന് തടയുന്നതായി കരുതപ്പെടുന്നതല്ല.

## ഗ. വിളംബരവും ജപ്തിയും

82 ഒളിവിൽപോകുന്ന ആൾക്ക് വിളംബരം.—(1) ഏതെങ്കിലും കോടതിക്ക്, ആർക്കെതിരായാണോ അത് വാറന്റ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ ആൾ, അങ്ങനെയുള്ള വാറന്റ് നടപ്പാക്കാൻ സാധിക്കാതിരിക്കുന്നതിന് വേണ്ടി ഒളിവിൽ പോയിട്ടുണ്ടെന്നോ, സ്വയം ഒളിച്ചിരിക്കുകയാണെന്നോ (തെളിവെടുത്തതിനുശേഷമോ അല്ലാതെയോ) വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിൽ, അങ്ങനെ

യുള്ള കോടതിക്ക്, അയാളോട് വിനിർദ്ദിഷ്ടമായ സ്ഥലത്തും, വിളംബരം പ്രസിദ്ധപ്പെടുത്തുന്ന തീയതിമുതൽ മുപ്പതുദിവസത്തിൽ കുറയാത്ത വിനിർദ്ദിഷ്ടമായ സമയത്തും, ഹാജരാകാൻ ആവശ്യപ്പെടുന്ന ലിഖിതമായ ഒരു വിളംബരം പ്രസിദ്ധപ്പെടുത്താവുന്നതാണ്.

(2) വിളംബരം താഴെപ്പറയുംപ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു:—

(i) (ക) അതു അങ്ങനെയുള്ള ആരം സാധാരണമായി താമസമുള്ള പട്ടണത്തിലോ ഗ്രാമത്തിലോ ശ്രദ്ധ ആകർഷിക്കത്തക്ക ഒരു സ്ഥലത്ത് വച്ച് പരസ്യമായി വായിക്കേണ്ടതാണ് ;

(ഖ) അത് അങ്ങനെയുള്ള ആരം സാധാരണമായി താമസമുള്ള ഭവനത്തിലേയോ പാർപ്പിടത്തിലേയോ ശ്രദ്ധയാകർഷിക്കത്തക്ക ഒരു ഭാഗത്തോ, അല്ലെങ്കിൽ അങ്ങനെയുള്ള പട്ടണത്തിലേയോ ഗ്രാമത്തിലേയോ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്തോ പതിക്കേണ്ടതാണ് ;

(ഗ) അതിന്റെ ഒരു പകർപ്പു കോടതി മന്ദിരത്തിലെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു ഭാഗത്ത് പതിക്കേണ്ടതാണ് ;

(ii) കോടതിക്ക്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ വിളംബരത്തിന്റെ ഒരു പകർപ്പ് അങ്ങനെയുള്ളയാരം സാധാരണമായി താമസമുള്ള സ്ഥലത്ത് പ്രചാരമുള്ള ഒരു ദിനപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ നിദേശിക്കാവുന്നതുമാണ്.

(3) വിളംബരം വിനിർദ്ദിഷ്ടമായ ഒരു ദിവസം, (2)-ാം ഉപവകുപ്പ് (i) ഖണ്ഡത്തിൽ വിനിർദ്ദിഷ്ടമായ രീതിയിൽ മുറപ്രകാരം പ്രസിദ്ധപ്പെടുത്തിയെന്നുള്ളതിന് വിളംബരം പുറപ്പെടുവിക്കുന്ന കോടതിയുടെ ലിഖിതമായ പ്രസ്താവന, ഈ വകുപ്പ് ആവശ്യപ്പെടുന്നത് അനുസരിക്കപ്പെട്ടിട്ടുണ്ടെന്നും, വിളംബരം അങ്ങനെയുള്ള ദിവസം പ്രസിദ്ധപ്പെടുത്തിയെന്നും ഉള്ളതിന് നിശ്ചായകമായ തെളിവായിരിക്കുന്നതാണ്.

83 ഒളിവിൽ പോകുന്ന ആളുടെ വസ്തു ജപ്തിചെയ്യൽ.—(1) 82-ാം വകുപ്പിൻകീഴിൽ ഒരു വിളംബരം പുറപ്പെടുവിക്കുന്ന കോടതിക്ക്, വിളംബരം പുറപ്പെടുവിച്ചതിനുശേഷം ഏതു സമയത്തും, ലിഖിതമായി റിക്കാർഡാക്കിയ കാരണങ്ങളാൽ, വിളംബരം ചെയ്യപ്പെട്ടയാളുടെ വക ജംഗമമോ സ്ഥാവരമോ, രണ്ടുമോ ആയ ഏതെങ്കിലും വസ്തുവിന്റെ ജപ്തിക്ക് ഉത്തരവ് ചെയ്യാവുന്നതാണ്;

എന്നാൽ വിളംബരം പുറപ്പെടുവിക്കുന്ന സമയം, ആരെ സംബന്ധിച്ചാണോ വിളംബരം പുറപ്പെടുവിക്കാനുള്ളത്, അയാരം,—

(ക) തന്റെ വസ്തു മുഴുവനുമോ, അതിന്റെ ഏതെങ്കിലും ഭാഗമോ വ്യയനം ചെയ്യുവാൻ പോകുന്നുവെന്നോ, അല്ലെങ്കിൽ

(ഖ) തന്റെ വസ്തു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ കോടതിയുടെ തദ്ദേശാധികാരിതയിൽനിന്ന് നീക്കംചെയ്യുവാൻ പോകുന്നുവെന്നോ,

കോടതിക്ക് സത്യവാങ്മൂലംവഴിയോ മററു വിധത്തിലോ ബോദ്ധ്യപ്പെടുന്നിടത്ത്, അതിന് വിളംബരം പുറപ്പെടുവിക്കുന്നതോടൊപ്പംതന്നെ ആ ജപ്തിക്ക് ഉത്തരവു ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഉത്തരവ്, അത് പുറപ്പെടുവിക്കുന്ന ആ ജില്ല യ്ക്കുള്ളിൽ അങ്ങനെയുള്ളയാളുടെ വക ഏതു വസ്തുവും ജപ്തി ചെയ്യുവാനുള്ള പ്രാധികാരം നല്കേണ്ടതും; ആ ആളുടെ വക ആ ജില്ലയ്ക്കു വെളിയിലുള്ള ഏതു വസ്തുവും, അങ്ങനെയുള്ള വസ്തു സ്ഥിതി ചെയ്യുന്നത് ഏതു ജില്ലാ മജിസ്ട്രേററിന്റെ ജില്ല യ്ക്കുള്ളിലാണോ, ആ ജില്ലാ മജിസ്ട്രേററ് എൻഡോഴ്സ് ചെയ്യുമ്പോൾ, ജപ്തി ചെയ്യുവാൻ പ്രാധികാരം നല്കേണ്ടതും ആകുന്നു.

(3) ജപ്തി ചെയ്യുവാൻ ഉത്തരവ് ചെയ്ത വസ്തു കടമോ, മററു ജംഗമവസ്തുവോ ആണെങ്കിൽ ഈ വകുപ്പിൻകീഴിലുള്ള ജപ്തി—

(ക) പിടിച്ചെടുക്കൽ വഴിയോ;

(ഖ) റിസീവർ നിയമനംവഴിയോ;

(ഗ) അങ്ങനെയുള്ള വസ്തു വിളംബരം ചെയ്യപ്പെട്ടയാൾക്കോ, അയാൾക്കുവേണ്ടി ആർക്കെങ്കിലുമോ നല്കുന്നത് നിരോധിച്ചുകൊണ്ടുള്ള ലിഖിതമായ ഉത്തരവ് വഴിയോ ;

(ഘ) കോടതി യുക്തമെന്ന് കരുതുന്നതുപോലെ, അങ്ങനെയുള്ള എല്ലാ മാർഗ്ഗങ്ങളിലുംകൂടിയോ രണ്ടു മാർഗ്ഗങ്ങളിലൂടെയോ ചെയ്യേണ്ടതാകുന്നു.

(4) ജപ്തി ചെയ്യുവാൻ ഉത്തരവ് ചെയ്ത വസ്തു സ്ഥാവരമാണെങ്കിൽ, ഈ വകുപ്പിൻകീഴിലുള്ള ജപ്തി, സ്റേററ്ഗവൺമെൻറിന് റവന്യൂ കൊടുക്കുന്ന ഭൂമിയുടെ സംഗതിയിൽ, ഭൂമി സ്ഥിതിചെയ്യുന്ന ജില്ലയുടെ കലക്ടറർ മുഖാന്തരം ചെയ്യേണ്ടതും, മറെറല്ലാ സംഗതികളിലും—

(ക) കൈവശം എടുക്കുന്നതുവഴിയോ;

(ഖ) റിസീവർ നിയമനംവഴിയോ;

(ഗ) വിളംബരം ചെയ്യപ്പെട്ടയാൾക്കോ, അയാൾക്കുവേണ്ടി ആർക്കെങ്കിലുമോ, വസ്തു നല്കുന്നതോ പാട്ടം (വാടക) കൊടുക്കുന്നതോ നിരോധിച്ചുകൊണ്ടുള്ള ലിഖിതമായ ഉത്തരവ്വഴിയോ;

(ഘ) കോടതി യുക്തമെന്ന് കരുതുന്നപോലെ അങ്ങനെയുള്ള എല്ലാ മാർഗ്ഗങ്ങളിലുംകൂടിയോ രണ്ടു മാർഗ്ഗങ്ങളിലൂടെയോ, ചെയ്യേണ്ടതും ആകുന്നു.

(5) ജപ്തിചെയ്യാൻ ഉത്തരവുചെയ്ത വസ്തു കന്നുകാലികൾ ആണെങ്കിലോ, വേഗം കേടുവരുന്ന സ്വഭാവത്തോടുകൂടിയതാണെങ്കിലോ, കോടതിക്ക്, അതിന് സമീചീനമെന്ന് തോന്നുന്നുവെങ്കിൽ, അത് ഉടനെ വില്ക്കുവാൻ ഉത്തരവ് ചെയ്യാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, വിററു കിട്ടുന്നത് കോടതിയുടെ ഉത്തരവനുസരിച്ച് വിനിയോഗിക്കേണ്ടതുമാകുന്നു.

(6) ഈ വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന റിസീവറുടെ അധികാരങ്ങളും, കർത്തവ്യങ്ങളും, ബാദ്ധ്യതകളും, സിവിൽനടപടി നിയമസംഹിത, 1908(1908-ലെ 5)-ൻ കീഴിൽ നിയമിക്കപ്പെടുന്ന റിസീവറുടേതു തന്നെയായിരിക്കുന്നതാണ്.

84. <u>ജപ്തി സംബന്ധിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും.</u>—(1) 83-ാം വകുപ്പിൻകീഴിൽ ജപ്തി ചെയ്യപ്പെടുന്ന ഏതെങ്കിലും വസ്തു സംബന്ധിച്ച് അങ്ങനെയുള്ള ജപ്തിയുടെ തീയതി മുതൽ ആറു മാസത്തിനകം, വിളംബരം ചെയ്യപ്പെട്ട ആളല്ലാത്ത ഏതെങ്കിലും ആൾ, അവകാശവാദിയോ ആക്ഷേപക്കാരനോ അങ്ങനെയുള്ള വസ്തുവിൽ ഒരവകാശം ഉണ്ടെന്നും

അങ്ങനെയുള്ള അവകാശം 83-ാം വകുപ്പിൻകീഴിൽ ജപ്തി ചെയ്യാവുന്നതല്ലെന്നും, ഉള്ള കാരണത്തിൻമേൽ ഏതെങ്കിലും അവകാശവാദം ഉന്നയിക്കുകയോ, ആക്ഷേപം ബോധിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ അവകാശവാദമോ ആക്ഷേപമോ സംബന്ധിച്ച് അന്വേഷണ വിചാരണ നടത്തേണ്ടതും, അത് മുഴുവനുമായോ ഭാഗികമായോ അനുവദിക്കപ്പെടുകയോ അനുവദിക്കപ്പെടാതിരിക്കുകയോ ചെയ്യാവുന്നതും ആകുന്നു:

എന്നാൽ, ഈ ഉപവകുപ്പ് അനുവദിക്കുന്ന കാലാവധിക്കുള്ളിൽ ഉന്നയിക്കപ്പെടുന്ന ഏതെങ്കിലും അവകാശവാദമോ, ബോധിപ്പിക്കപ്പെടുന്ന ഏതെങ്കിലും ആക്ഷേപമോ, അവകാശവാദിയോ ആക്ഷേപക്കാരനോ മരിച്ചുപോകുന്ന സംഗതിയിൽ, അയാളുടെ നിയമാനുസൃത പ്രതിനിധിക്ക് തുടരാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അവകാശവാദങ്ങളോ ആക്ഷേപങ്ങളോ, ജപ്തിക്കുള്ള ഉത്തരവ് പുറപ്പെടുവിച്ച കോടതിയിലോ, അല്ലെങ്കിൽ, അവകാശവാദമോ ആക്ഷേപമോ 83-ാംവകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ എൻഡോഴ്സ് ചെയ്യപ്പെട്ട ഒരുത്തരവിൻകീഴിൽ ജപ്തിചെയ്ത വസ്തു സംബന്ധിച്ചാണെങ്കിൽ, ജപ്തി ഉണ്ടായ ജില്ലയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കോടതിയിലോ ഉന്നയിക്കുകയോ, ബോധിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(3) അങ്ങനെയുള്ള ഏതൊരു അവകാശവാദവും അല്ലെങ്കിൽ ആക്ഷേപവും, അത് ഉന്നയിക്കപ്പെടുകയോ, ബോധിപ്പിക്കപ്പെടുകയോ ചെയ്തത് ഏതു കോടതിയിലാണോ, ആ കോടതി അന്വേഷണവിചാരണ ചെയ്യേണ്ടതാകുന്നു:

എന്നാൽ, അത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കോടതിയിലാണ് ഉന്നയിക്കപ്പെടുകയോ, ബോധിപ്പിക്കപ്പെടുകയോ ചെയ്യുന്നതെങ്കിൽ, അദ്ദേഹത്തിന് അത് തന്റെ കീഴിലുള്ള ഏതെങ്കിലും മജിസ്ട്രേററിന് തീർപ്പു ചെയ്യുവാൻ അയച്ചുകൊടുക്കാവുന്നതാണ്.

(4) ആരുടെ അവകാശവാദമോ ആക്ഷേപമോ ആണോ (1)-ാം ഉപവകുപ്പിൻകീഴിലെ ഉത്തരവുപ്രകാരം മുഴുവനായോ, ഭാഗികമായോ അനുവദിക്കപ്പെടാതിരുന്നിട്ടുള്ളത്, അയാൾക്ക്, അങ്ങനെയുള്ള ഉത്തരവിന്റെ തീയതിമുതൽ ഒരു വർഷത്തെ കാലാവധിക്കുള്ളിൽ, തർക്കവസ്തു സംബന്ധിച്ച് താൻ വാദം ഉന്നയിക്കുന്ന അവകാശം സ്ഥാപിക്കുന്നതിന് വ്യവഹാരം കൊടുക്കാവുന്നതാണ്; എന്നാൽ അങ്ങനെയുള്ള വ്യവഹാരം ഏതെങ്കിലുമുണ്ടെങ്കിൽ, അതിന്റെ ഫലത്തിനു വിധേയമായി, ഉത്തരവ് നിശ്ചായകമായിരിക്കുന്നതാകുന്നു.

85. ജപ്തിചെയ്ത വസ്തുവിന്റെ മോചനവും വില്പനയും തിരിയെ കൊടുക്കലും :—(1) വിളംബരം ചെയ്യപ്പെട്ട ആൾ, വിളംബരത്തിൽ വിനിർദ്ദിഷ്ടമായ സമയത്തിനുള്ളിൽ ഹാജരാകുന്നുവെങ്കിൽ, കോടതി വസ്തു ജപ്തിയിൽനിന്ന് മോചിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) വിളംബരം ചെയ്യപ്പെട്ടയാൾ വിളംബരത്തിൽ വിനിർദ്ദിഷ്ടമായ സമയത്തിനുള്ളിൽ ഹാജരാകുന്നില്ലെങ്കിൽ, ജപ്തിക്കു കീഴിലുള്ള വസ്തു സ്റേറററ് ഗവൺമെന്റിന് അതു സംബന്ധിച്ച് ഇഷ്ടംപോലെ ചെയ്യാവുന്ന ഒന്നായിരിക്കുന്നതും; എന്നാൽ അത് ജപ്തിയുടെ തീയതി മുതൽ ആറുമാസം കഴിയുന്നതുവരെയും, 84-ാം വകുപ്പിൻകീഴിൽ ഉന്നയിക്കപ്പെടുന്ന ഏതെങ്കിലും അവകാശവാദമോ, ബോധിപ്പിക്കപ്പെട്ട ഏതെങ്കിലും ആക്ഷേപമോ ആ വകുപ്പിൻകീഴിൽ തീർപ്പാക്കപ്പെടുന്നതുവരേയും, അത് വേഗത്തിലും സ്വാഭാവികമായും കേടുവരുന്നതായിരിക്കുകയോ അല്ലെങ്കിൽ വില്ക്കുന്നത് ഉടമ

റസ്ഥന്റെ ഗുണത്തിനായിരിക്കുമെന്ന് കോടതി കരുതുകയോ ചെയ്യാത്ത പക്ഷം, വില്ക്കാൻ പാടില്ലാത്തതും, ആ രണ്ടു സംഗതികളിൽ ഏതിലും കോടതിക്ക് അതിനു യുക്തമെന്നു തോന്നുമ്പോൾ എപ്പോഴും അത് വില്ക്കാവുന്നതുമാണ്.

(3) ആരുടെ വസ്തുവാണോ (2)-ാം ഉപവകുപ്പിൻകീഴിൽ സ്റേററ് ഗവൺമെൻറിന് ഇഷ്ടംപോലെ ചെയ്യാവുന്നതായി ഇരിക്കുന്നതോ ഇരുന്നിട്ടുള്ളതോ, അയാൾ ജപ്തിത്തീയതിമുതൽ രണ്ടുവർഷത്തിനകം, ഏത് കോടതിയുടെ ഉത്തരവ് പ്രകാരമാണോ വസ്തു ജപ്തി ചെയ്തത്, ആ കോടതിയുടേയോ, ആ കോടതി ഏത് കോടതിയുടെ കീഴിലാണോ ആ കോടതിയുടേയോ, മുൻപാകെ സ്വേച്ഛയാ ഹാജരാവുകയോ, പിടിച്ചുകൊണ്ടുവരപ്പെടുകയോ ചെയ്യുകയും, വാറൻറു നടപ്പാക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറാൻവേണ്ടി താൻ ഒളിവിൽ പോവുകയോ സ്വയം ഒളിച്ചിരിക്കുകയോ ചെയ്തില്ലെന്നും, തനിക്ക് വിളംബരത്തെക്കുറിച്ച്, അതിൽ വിനിർദ്ദിഷ്ടമായ സമയത്തിനുള്ളിൽ ഹാജരാകാൻ കഴിയത്തക്കവിധം അറിവ് ഇല്ലായിരുന്നുവെന്നും, തെളിയിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള വസ്തുവോ, അത് വിററിട്ടുണ്ടെങ്കിൽ, വിററുകിട്ടിയ അററവരവോ വസ്തുവിന്റെ ഭാഗം മാത്രമേ വിററിട്ടുള്ളു എങ്കിൽ വിററുകിട്ടിയ അററവരവും, ബാക്കി വസ്തുവുംകൂടിയോ അതിൽനിന്ന് ജപ്തിയുടെ അനന്തരഫലമായി നേരിട്ടിട്ടുള്ള എല്ലാ ചെലവുകളും കൊടുത്തുതീർത്തതിനുശേഷം, അയാൾക്ക് നല്കേണ്ടതാകുന്നു.

86. ജപ്തിചെയ്ത വസ്തു തിരിയെ കിട്ടാനുള്ള അപേക്ഷ നിരസിക്കുന്ന ഉത്തരവിൽ നിന്നുള്ള അപ്പീൽ.—വസ്തുവോ, അതു വിററുകിട്ടിയ വരവോ നല്കുവാൻ ഏതെങ്കിലും വിധത്തിൽ വിസമ്മതിക്കുന്നതിനാൽ സങ്കടക്കാരനായ 85-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും ആൾക്ക്, ആദ്യം പറഞ്ഞ കോടതിയുടെ ശിക്ഷാവിധികളിൻമേൽനിന്ന് സാധാരണമായി അപ്പീലുള്ളത് ഏതു കോടതിയിലേക്കാണോ, ആ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

ഘ. പാസസ്സുകൾ സംബന്ധിച്ച മററു ചട്ടങ്ങൾ

87. സമൻസിനുപകരമോ, പുറമേയോ വാറൻറ് പുറപ്പെടുവിക്കുന്നത്.—കോടതിക്ക്, ഏതെങ്കിലും ആൾ ഹാജരാകുന്നതിനുള്ള സമൻസ് പുറപ്പെടുവിക്കുവാൻ അതിനെ ഈ നിയമസംഹിത അധികാരപ്പെടുത്തുന്ന ഏതെങ്കിലും സംഗതിയിൽ,

(ക) അങ്ങനെയുള്ള സമൻസ് പുറപ്പെടുവിക്കുന്നതിനുമുമ്പോ, അത് പുറപ്പെടുവിച്ചതിനുശേഷവും, എന്നാൽ അയാൾ ഹാജരാകുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിനുമുൻപുമായോ, അയാൾ ഒളിവിൽ പോയിട്ടുണ്ടെന്നോ, സമൻസ് അനുസരിക്കുകയില്ലെന്നോ, വിശ്വസിക്കുവാൻ കോടതി കാരണം കാണുന്നുവെങ്കിലോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള സമയത്ത് അയാൾ ഹാജരാകാതിരിക്കുകയും, സമൻസ്, അനുസരിച്ച് അയാൾക്ക് ഹാജരാകാൻ കഴിയത്തക്ക സമയത്ത് മുറപ്രകാരം അത് നടത്തിയിട്ടുള്ളതായി തെളിയിക്കപ്പെടുകയും, അങ്ങനെ ഹാജരാകാതിരിക്കുന്നതിന് ന്യായമായ യാതൊരു സമാധാനവും നല്കപ്പെടാതിരിക്കുകയും ചെയ്യുന്നുവെങ്കിലോ,

അയാളുടെ അറസ്ററിന് കാരണങ്ങൾ ലിഖിതമായി റിക്കാർഡാക്കിയശേഷം വാറൻറ് പുറപ്പെടുവിക്കാവുന്നതാണ്.

88. ഹാജരാകുന്നതിന് ബാണ്ട് വാങ്ങുവാനുള്ള അധികാരം.ഏതാൾ ഹാജരാകുന്നതിനോ ഏതാളുടെ അറസ്റ്റിനോ ആണോ ഏതെങ്കിലും കോടതിയിൽ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻ സമൻസോ വാറണ്ടോ പുറപ്പെടുവിക്കുവാൻ അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആരം അങ്ങനെയുള്ള കോടതിയിൽ സന്നിഹിതനായിരിക്കുമ്പോൾ, അയാൾ അങ്ങനെയുള്ള കോടതിയിലോ, കേസ്സ് വിചാരണക്കായി മാററപ്പെന്ന മററേതെങ്കിലും കോടതിയിലോ ഹാജരാകുന്നതിന്, ജാമ്യക്കാരോടു കൂടിയതോ അല്ലാത്തതോ ആയ ഒരു ബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുവാൻ അയാളോട് അങ്ങനെയുള്ള ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതാണ്.

89. ഹാജരാകുന്നതിനുള്ള ബാണ്ടിന്റെ ലംഘനത്തിൻമേലുള്ള അറസ്റ്റ്.—ഒരു കോടതി മുൻപാകെ ഹാജരാകുവാൻ ഈ നിയമസംഹിതയിൻ കീഴിൽ വാങ്ങിയിട്ടുള്ള ഏതെങ്കിലും ബാണ്ട് പ്രകാരം ബാദ്ധ്യസ്ഥനായിട്ടുള്ള ഏതെങ്കിലും ആരം, ഹാജരാകാതിരിക്കുമ്പോരം, അങ്ങനെയുള്ള കോടതിയിൽ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥന് അങ്ങനെയുള്ള ആളെ അറസ്റ്റ് ചെയ്യുകയും തന്റെ മുമ്പിൽ ഹാജരാക്കുകയും ചെയ്യാൻ നിദേശിക്കുന്ന വാറന്റ് പുറപ്പെടുവിക്കാവുന്നതാണ്.

90. ഈ അദ്ധ്യായത്തിലെ വ്യവസ്ഥകരം സമൻസുകരംക്കും അറസ്റ്റ് വാറണ്ടുകരംക്കും സാമാന്യമായി ബാധകമാണെന്ന്.—സമൻസും വാറന്റും, അവ പുറപ്പെടുവിക്കുന്നതും നടത്തുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച് ഈ അദ്ധ്യായത്തിൽ അടങ്ങിയ വ്യവസ്ഥകരം, ഈ നിയമസംഹിതയിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു സമൻസിനും, ഏതൊരു അറസ്റ്റ് വാറന്റിനും, ആകുന്നിടത്തോളം ബാധകമാകുന്നതാണ്.

## അദ്ധ്യായം VII

## സാധനങ്ങരം ഹാജരാക്കാൻ നിർബന്ധിക്കുന്നതിനുള്ള പ്രാസസ്സുകരം

### ക. ഹാജരാക്കാൻ സമൻസ്

91. രേഖയോ മററു സാധനമോ ഹാജരാക്കാൻ സമൻസ്.—(I) ഏതെങ്കിലും കോടതിയോ പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള കോടതിയാലോ ഉദ്യോഗസ്ഥനാലോ, ഉദ്യോഗസ്ഥന്റേയോ കോടതിയുടേയോ മുൻപാകെയോ ഉള്ള, ഈ നിയമസംഹിതയിൻ കീഴിലെ ഏതെങ്കിലും അന്വേഷണത്തിന്റേയോ, അന്വേഷണ വിചാരണയുടേയോ, വിചാരണയുടേയോ, മററു നടപടിയുടേയോ ആവശ്യങ്ങരംക്ക്, ഏതെങ്കിലും രേഖയോ, മററു സാധനമോ ഹാജരാക്കുന്നത് ആവശ്യകമോ അഭിലഷണീയമോ ആണെന്ന് കരുതുമ്പോഴെല്ലാം, ആരുടെ കൈവശത്തിലോ, അധികാരത്തിലോ ആണോ അങ്ങനെയുള്ള രേഖയോ, സാധനമോ ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നത്, അയാളോട് അത് സന്നിഹിതനായി ഹാജരാക്കുവാനോ, അല്ലെങ്കിൽ സമൻസിലോ ഉത്തരവിലോ പറഞ്ഞിട്ടുള്ള സമയത്തും സ്ഥലത്തും ഹാജരാക്കുവാനോ, ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു സമൻസ് അങ്ങനെയുള്ള കോടതിക്കോ, ലിഖിതമായ ഒരുത്തരവ് അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അയാരംക്ക് നല്കാവുന്നതാണ്.

(2) ആരോടാണോ ഈ വകുപ്പിൻ കീഴിൽ രേഖയോ മററു സാധനമോ ഹാജരാക്കുവാൻ മാത്രം ആവശ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ, അത് ഹാജരാക്കാൻ, നേരിട്ട് സന്നിഹിതനാകുന്നതിനു പകരം ഹാജരാക്കിക്കുകയാണെങ്കിൽ, അയാൾ ആ ആവശ്യപ്പെടൽ അനുസരിച്ചതായി കരുതപ്പെടുന്നതാകുന്നു.

(3) ഈ വകുപ്പിലെ യാതൊന്നും—

(ക) ഇൻഡ്യൻ തെളിവ് ആക്ററ്, 1872 (1872–ലെ 1) 123-ം 124-ം വകുപ്പുകളേയോ, ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്ററ്, 1891 (1891-ലെ 13) നേയോ ബാധിക്കുന്നതായോ,

(ഖ) പോസ്ററലോ, ടെലഗ്രാഫോ അധികാരസ്ഥാനത്തിൻെറ കസ്ററഡിയിലുള്ള കത്തിനോ പോസ്ററ് കാർഡിനോ ടെലഗ്രാമിനോ മററു രേഖയ്ക്കോ, ഏതെങ്കിലും പാഴ്സലിനോ സാധനത്തിനോ ബാധകമാകുന്നതായോ,

കരുതപ്പെടുന്നതല്ല.

92. കത്തുകളും ടെലഗ്രാമുകളും സംബന്ധിച്ച നടപടിക്രമം.—(1) പോസ്ററലോ, ടെലഗ്രാഫോ അധികാരസ്ഥാനത്തിൻെറ കസ്ററഡിയിലുള്ള ഏതെങ്കിലും രേഖയോ, പാഴ്സലോ സാധനമോ, ജില്ലാ മജിസ്ട്രേററിൻെറയോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിൻേറയോ സെഷൻസ് കോടതിയുടേയോ ഹൈക്കോടതിയുടേയോ അഭിപ്രായത്തിൽ, ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണത്തിൻേറയോ അന്വേഷണവിചാരണയുടേയോ വിചാരണയുടേയോ മററു നടപടിയുടേയോ ആവശ്യത്തിന്, വേണമെന്നുണ്ടെങ്കിൽ, അങ്ങനെയുള്ള മജിസ്ട്രേററിനോ കോടതിക്കോ ആ രേഖയോ പാഴ്സലോ സാധനമോ മജിസ്ട്രേററോ കോടതിയോ നിർദേശിക്കുന്ന ആളെ ഏല്പിക്കാൻ അതതു സംഗതിപോലെ, പോസ്ററലോ, ടെലഗ്രാഫോ അധികാരസ്ഥാനത്തോട്, ആവശ്യപ്പെടാവുന്നതാണ്.

(2) എക്സിക്യൂട്ടീവോ ജുഡീഷ്യലോ ആയ, മറേറതെങ്കിലും മജിസ്ട്രേററിൻേറയോ ഏതെങ്കിലും പോലീസ് കമ്മീഷണറുടേയോ ജില്ലാ പോലീസ് സൂപ്രണ്ടിൻേറയോ അഭിപ്രായത്തിൽ, അങ്ങനെയുള്ള ഏതെങ്കിലും രേഖയോ പാഴ്സലോ സാധനമോ, അങ്ങനെയുള്ള ഏതെങ്കിലും ആവശ്യത്തിന് വേണമെന്നുണ്ടെങ്കിൽ അദ്ദേഹത്തിന്, അങ്ങനെയുള്ള രേഖയ്ക്കോ പാഴ്സലിനോ സാധനത്തിനോ വേണ്ടി ശോധന നടത്തുവാനും, അത് ജില്ലാ മജിസ്ട്രേററിൻേറയോ ചീഫ്ജുഡീഷ്യൽ മജിസ്ട്രേററിൻേറയോ കോടതിയുടേയോ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഉത്തരവു വരെ തടഞ്ഞുവയ്ക്കുവാനും, അതതു സംഗതിപോലെ, പോസ്ററലോ ടെലഗ്രാഫോ അധികാരസ്ഥാനത്തോട് ആവശ്യപ്പെടാവുന്നതാണ്.

## ഖ. ശോധന വാറൻറുകൾ

93. ശോധന വാറൻറ് എപ്പോൾ പുറപ്പെടുവിക്കാമെന്ന്.—(1) (ക) ഏതെങ്കിലും കോടതിക്ക് 91-ാം വകുപ്പിൻ കീഴിലുള്ള സമൻസോ ഉത്തരവോ, 92-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ആവശ്യപ്പെടലോ ആരെ സംബോധന ചെയ്തുകൊണ്ടുള്ളതോ ചെയ്തുകൊണ്ടുള്ളതാകാവുന്നതോ ആണോ, അയാൾ, അങ്ങനെയുള്ള സമൻസോ, ആവശ്യപ്പെടലോ ആവശ്യപ്പെടുന്നതുപോലെ, രേഖയോ സാധനമോ ഹാജരാക്കുകയില്ല എന്നോ ഹാജരാക്കാതിരിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നോ വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുന്നിടത്തോ അല്ലെങ്കിൽ

(ഖ) കോടതിക്ക് അങ്ങനെയുള്ള രേഖയോ സാധനമോ ഏതെങ്കിലും ആളുടെ കൈവശമുള്ളതായി അറിവില്ലാത്തിടത്തോ, അല്ലെങ്കിൽ

(ഗ) ഈ നിയമസംഹിതയിൻ കീഴിലുള്ള ഏതെങ്കിലും അന്വേഷണ വിചാരണയുടേയോ, വിചാരണയുടേയോ, മററു നടപടിയുടേയോ ആവശ്യങ്ങൾ സാമാന്യമായ ഒരു ശോധനയാലോ, പരിശോധനയാലോ നിർവഹിക്കപ്പെടുമെന്ന് കോടതി കരുതുന്നിടത്തോ,

കോടതിക്ക് ശോധന വാറൻറ് പുറപ്പെടുവിക്കാവുന്നതും; ആർക്കാണോ അങ്ങനെയുള്ള വാറൻറ് അധികാരപ്പെടുത്തിക്കൊടുത്തിട്ടുള്ളത്, ആയാൾക്ക്, അതിനും ഇതിനുശേഷം അടങ്ങിയ വ്യവസ്ഥകൾക്കും അനുസൃതമായി, ശോധന ചെയ്യുകയോ പരിശോധിക്കുകയോ ചെയ്യാവുന്നതുമാകുന്നു.

(2) കോടതിക്ക്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഏതു പ്രത്യേക സ്ഥലത്തേക്കോ അതിൻെറ ഭാഗത്തേക്കോ മാത്രമേ ശോധനയോ പരിശോധനയോ വ്യാപിക്കാൻ പാടുള്ളു, ആ സ്ഥലമോ ഭാഗമോ വാറൻറിൽ വിനിർദ്ദേശിക്കാവുന്നതും; അപ്പോൾ, അങ്ങനെയുള്ള വാറൻറ് നടത്തുന്നതിന് ചുമതലപ്പെടുത്തപ്പെട്ടയാൾ, അങ്ങനെ വിനിർദ്ദിഷ്ടമായ സ്ഥലമോ, ഭാഗമോ മാത്രം ശോധന ചെയ്യുകയോ, പരിശോധിക്കുകയോ, ചെയ്യേണ്ടതുമാകുന്നു.

(3) ഈ വകുപ്പിലടങ്ങിയ യാതൊന്നും, പോസ്ററലോ ടെലിഗ്രാഫോ അധികാരസ്ഥാനത്തിൻെറ കസ്ററഡിയിലുള്ള രേഖയ്ക്കോ, പാഴ്സലിനോ മററു സാധനത്തിനോ വേണ്ടി ശോധന ചെയ്യാനുള്ള വാറൻറ് നല്കുവാൻ, ജില്ലാ മജിസ്ട്രേററോ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററോ അല്ലാത്ത ഏതെങ്കിലും മജിസ്ട്രേററിന് പ്രാധികാരം നല്കുന്നില്ല.

94. <u>കളവുമുതൽ വ്യാജനിർമ്മിത രേഖകൾ മുതലായവ ഉള്ളതായി സംശയിക്കപ്പെടുന്ന സ്ഥലത്തിൻെറ ശോധന.</u>—(1) ഒരു ജില്ലാ മജിസ്ട്രേററിനോ, സബ് ഡിവിഷണൽ മജിസ്ട്രേററിനോ, ഒന്നാം ക്ലാസ് മജിസ്ട്രേററിനോ, വിവരം കിട്ടിയതിൻമേലും, ആവശ്യമെന്ന് തനിക്ക് തോന്നുന്ന അന്വേഷണ വിചാരണക്ക് ശേഷവും, ഏതെങ്കിലും സ്ഥലം, കളവുമുതൽ നിക്ഷേപിക്കുകയോ, വില്ക്കുകയോ ചെയ്യുന്നതിനോ ഈ വകുപ്പ് ബാധകമാകുന്ന ഏതെങ്കിലും ആക്ഷേപാർഹ പദാർത്ഥം നിക്ഷേപിക്കുകയോ, വില്ക്കുകയോ, ഉൽപാദിപ്പിക്കുകയോ ചെയ്യുന്നതിനോ ഉപയോഗപ്പെടുത്തുന്നുണ്ടെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആക്ഷേപാർഹ പദാർത്ഥം ഏതെങ്കിലും സ്ഥലത്ത് നിക്ഷേപിച്ചിട്ടുണ്ടെന്നോ, വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന് വാറൻറുവഴി കാൺസ്ററബിളിൻെറ പദവിക്ക് മീതെയുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്—

(ക) അങ്ങനെയുള്ള സ്ഥലത്ത് ആവശ്യകമായ സഹായത്തോടെ പ്രവേശിക്കുന്നതിനും ;

(ഖ) വാറൻറിൽ വിനിർദ്ദിഷ്ടമായ രീതിയിൽ അവിടം ശോധന ചെയ്യുന്നതിനും;

(ഗ) അതിനകത്ത് കാണപ്പെടുന്നതും കളവു മുതലോ, ഈ വകുപ്പ് ബാധകമാകുന്ന ആക്ഷേപാർഹ പദാർത്ഥമോ ആണെന്ന് താൻ ന്യായമായി സംശയിക്കുന്നതുമായ ഏതെങ്കിലും വസ്തുവോ, പദാർത്ഥമോ കൈവശമെടുക്കുന്നതിനും;

(ഘ) അങ്ങനെയുള്ള വസ്തുവോ, പദാർത്ഥമോ, ഒരു മജിസ്ട്രേററിൻെറ മുമ്പാകെ കൊണ്ടുപോവുകയോ, കുററക്കാരനെ ഒരു മജിസ്ട്രേററിൻെറ മുൻപാകെ എത്തിക്കുന്നതുവരെ ആ സ്ഥലത്ത് അതിന് കാവൽ നില്ക്കുകയോ; അത് മററു വിധത്തിൽ വല്ല സുരക്ഷിത സ്ഥലത്തും വയ്ക്കുകയോ ചെയ്യുന്നതിനും;

(ങ) അങ്ങനെയുള്ള ഏതെങ്കിലും വസ്തുവോ പദാർത്ഥമോ, അതതു സംഗതിപോലെ, കളവുമുതൽ ആണെന്നോ ഈ വകുപ്പ് ബാധകമാകുന്ന ആക്ഷേപാർഹ പദാർത്ഥമാണെന്നോ അറിഞ്ഞുകൊണ്ടോ സംശയിക്കാൻ ന്യായമായ കാരണം ഉണ്ടായിട്ടോ, അത് നിക്ഷേപിക്കുന്നതിനോ വില്ക്കുന്നതിനോ ഉൽപാദിപ്പിക്കുന്നതിനോ ആരു നിന്നിട്ടുള്ളതായി തോന്നുന്നതും അങ്ങനെയുള്ള സ്ഥലത്ത് കാണപ്പെടുന്നതുമായ ഏതൊരാളിനേയും, കസ്ററഡിയിൽ എടുക്കുകയും ഒരു മജിസ്ട്രേററിൻെറ മുമ്പാകെ കൊണ്ട്ചെല്ലുകയും ചെയ്യുന്നതിനും,

പ്രാധികാരം നല്കാവുന്നതാണ്.

(2) ഈ വകുപ്പ് ബാധകമാകുന്ന ആക്ഷേപാർഹ പദാർത്ഥങ്ങൾ.—

(ക) കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയവും ;

(ഖ) ലോഹറേറാക്കൺ ആക്ററ്, 1889 (1889—ലെ 1) ഉല്ലംഘിച്ചുകൊണ്ട് ഉണ്ടാക്കിയതോ, കസ്ററംസ് ആക്ററ്, 1962, (1962-ലെ 52) 11—ാം വകുപ്പിൻ കീഴിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും വിജ്ഞാപനം ഉല്ലംഘിച്ചുകൊണ്ട് ഇൻഡ്യയിലേക്ക് കൊണ്ടുവന്നിട്ടുള്ളതോ ആയ ലോഹകഷണങ്ങളും;

(ഗ) കപടാനുകരണം നടത്തി ഉണ്ടാക്കിയ കറൻസി നോട്ടും; കപടാനുകരണം നടത്തി ഉണ്ടാക്കിയ സ്ററാമ്പുകളും;

(ഘ) വ്യാജ നിർമ്മിതരേഖകളും;

(ങ) വ്യാജമുദ്രകളും:

(ച) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 292-ാംവകുപ്പിൽ പരാമർശിച്ചിട്ടുള്ള അശ്ലീല സാധനങ്ങളും ;

(ഛ) (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള പദാർത്ഥങ്ങളിലേതെങ്കിലും നിർമ്മിക്കുന്നതിനുപയോഗിച്ച ഉപകരണങ്ങളും, അല്ലെങ്കിൽ സാമഗ്രികളും,

ആകുന്നു.

<u>95. ചില പ്രസിദ്ധീകരണങ്ങൾ കണ്ടുകെട്ടപ്പെട്ടതായി പ്രഖ്യാപിക്കുന്നതിനും അവയ്ക്കു ശോധനവാറണ്ടുകൾ പുറപ്പെടുവിക്കുന്നതിനും ഉള്ള അധികാരം.</u>—(1) (ക) ഏതെങ്കിലും വർത്തമാനപ്പത്രമോ പുസ്തകമോ;

(ഖ) ഏതെങ്കിലും രേഖയോ,

അത് എവിടെ അച്ചടിക്കപ്പെട്ടതായാലും, പ്രസിദ്ധീകരണം, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 124 ക. വകുപ്പിനോ; 153 ക. വകുപ്പിനോ 153 ഖ. വകുപ്പിനോ, 292-ാംവകുപ്പിനോ 293-ാം വകുപ്പിനോ 295ക. വകുപ്പിനോ കീഴിൽ ശിക്ഷാർഹമായിട്ടുള്ള ഏതെങ്കിലും സംഗതി അടങ്ങുന്നതാണെന്ന് സ്റേററ് ഗവൺമെൻറിന് തോന്നുന്നിടത്ത്, സ്റേററ് ഗവൺമെൻറിന്, വിജ്ഞാപനംവഴി, അതിൻെറ അഭിപ്രായത്തിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ട്, ആ വർത്തമാനപ്പത്രത്തിൻെറ അങ്ങനെയുള്ള സംഗതിയടങ്ങുന്ന ലക്കത്തിൻെറ ഏതൊരു പ്രതിയും, അങ്ങനെയുള്ള പുസ്തകത്തിൻേറയോ മററു രേഖകയുടേയോ ഏതൊരു പ്രതിയും, ഗവൺമെൻറിലേക്ക് കണ്ടു

കെട്ടപ്പെട്ടതായി പ്രഖ്യാപിക്കാവുന്നതും, അപ്പോഠം, അത്, ഏതു പോലീസ് ഉദ്യോഗസ്ഥനും, അത് ഇൻഡ്യക്കുള്ളിൽ എവിടെക്കണ്ടാലും പിടിച്ചെടുക്കാവുന്നതും, ഏതു മജിസ്ട്രേററിനും അങ്ങനെയുള്ള ലക്കത്തിൻെറ ഏതെങ്കിലും പ്രതിയോ അങ്ങനെയുള്ള ഏതെങ്കിലും പുസ്തകമോ മററുരേഖയോ ഉണ്ടായേക്കാവുന്നതോ, ഉണ്ടെന്ന് ന്യായമായി സംശയിക്കപ്പെടാവുന്നതോ ആയ കെട്ടിട പരിസരങ്ങളിൽ പ്രവേശിക്കുകയും, അതിനുവേണ്ടി ശോധനചെയ്യുകയും ചെയ്യുന്നതിന് സബ് ഇൻസ്പെക്ടരുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് വാറണ്ടുവഴി പ്രാധികാരം നല്കാവുന്നതുമാണ്.

(2) ഈ വകുപ്പിലും, 96-ാം വകുപ്പിലും

(ക) "വർത്തമാനപത്രത്തിനും" "പുസ്തകത്തിനും" "പ്രസ്സും പുസ്തകങ്ങളുടെ രജിസ്ട്രേറഷനും ആക്ററ്, 1867(1867-ലെ 25)-ൽ ഉള്ള അതേ അർത്ഥമുണ്ടായിരിക്കുന്നതും:

(ഖ) "രേഖ" യിൽ, ഏതെങ്കിലും വർണ്ണചിത്രമോ, രേഖാചിത്രമോ ഫോട്ടോയോ, മററ് ദൃശ്യമായ പ്രതിരൂപണമോ ഉഠപ്പെടുന്നതും

ആകുന്നു.

(3) ഈ വകുപ്പിൻകീഴിൽ പാസ്സാക്കപ്പെടുന്ന ഏതെങ്കിലും ഉത്തരവോ എടുക്കപ്പെടുന്ന ഏതെങ്കിലും നടപടിയോ 96-ാം വകുപ്പിലെ വ്യവസ്ഥകളാക്കനുസൃതമായല്ലാതെ ഏതെങ്കിലും കോടതിയിൽ ചോദ്യംചെയ്യപ്പെടാൻ പാടുള്ളതല്ല.

96. കണ്ടുകെട്ടലിനുള്ള പ്രഖ്യാപനം ദുർബലപ്പെടുത്തുന്നതിനു ഹൈക്കോടതിയോടുള്ള അപേക്ഷ—(1) ഏതു വർത്തമാനപ്പത്രത്തേയോ പുസ്തകത്തേയോ മററു രേഖയേയോ സംബന്ധിച്ചാണോ 95-ാം വകുപ്പിൻകീഴിൽ കണ്ടുകെട്ടലിനുള്ള പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ളത് അങ്ങനെയുള്ള ഏതെങ്കിലും വർത്തമാനപ്പത്രത്തിലോ പുസ്തകത്തിലോ, മററുരേഖയിലോ ഏതെങ്കിലും അവകാശമുള്ള ഏതെങ്കിലും ആഠക്ക്, അങ്ങനെയുള്ള പ്രഖ്യാപനം ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിയ തീയതിമുതൽ രണ്ടുമാസത്തിനകം, വർത്തമാനപത്രത്തിൻെറ ഏതു ലക്കത്തേയോ ഏതു പുസ്തകത്തേയോ മററു രേഖയേയോ സംബന്ധിച്ചാണോ പ്രഖ്യാപനം ചെയ്യപ്പെട്ടത്, ആ ലക്കത്തിലോ പുസ്തകത്തിലോ, മററു രേഖയിലോ 95-ാം വകുപ്പ്; (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും സംഗതി അടങ്ങിയിരുന്നില്ല എന്ന കാരണത്തിൻമേൽ, അങ്ങനെയുള്ള പ്രഖ്യാപനം ദുർബലപ്പെടുത്തുന്നതിന് ഹൈക്കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു അപേക്ഷയും, ഹൈക്കോടതി മൂന്നോ അതിലധികമോ ജഡ്ജിമാർ അടങ്ങിയതായിട്ടുള്ളിടത്ത്, മൂന്നു ജഡ്ജിമാരടങ്ങിയ ഒരു സ്പെഷ്യൽ ബെഞ്ച് കേട്ടു തീരുമാനിക്കേണ്ടതും, ഹൈക്കോടതി മൂന്നിൽകുറഞ്ഞ ജഡ്ജിമാർ അടങ്ങിയതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള സ്പെഷ്യൽ ബെഞ്ച് ആ ഹൈക്കോടതിയിലെ എല്ലാജഡ്ജിമാരും അടങ്ങിയതായിരിക്കേണ്ടതുമാകുന്നു.

(3) ഏതെങ്കിലും വർത്തമാനപത്രം സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ കേഠക്കുമ്പോഠ, അങ്ങനെയുള്ള വർത്തമാനപത്രത്തിൽ അടങ്ങിയ ഏതു വാക്കുകളേയോ അടയാളങ്ങളെയോ ദൃശ്യമായ പ്രതിരൂപണങ്ങളേയോ സംബന്ധിച്ചാണോ കണ്ടുകെട്ടലിനുള്ള പ്രഖ്യാപനം ചെയ്യപ്പെട്ടത്, ആ വാക്കുകളുടേയോ അടയാളങ്ങളുടേയോ ദൃശ്യമായ പ്രതിരൂപണങ്ങളുടേയോ സ്വഭാവമോ പ്രവണതയോ തെളിയിക്കുന്നതിന് സഹായിക്കുവാൻ തെളിവിൽ അങ്ങനെയുള്ള വർത്തമാനപത്രത്തിൻെറ ഏതെങ്കിലും പകർപ്പ് കൊടുക്കാവുന്നതാണ്.

(4) വർത്തമാനപത്രത്തിന്റെ ഏതു ലക്കത്തേയോ ഏതു പുസ്തകത്തേയോ, മററു രേഖയേയോ സംബന്ധിച്ചാണോ അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്, ആ ലക്കത്തിലോ പുസ്തകത്തിലോ മററുരേഖയിലോ 95-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലുംസംഗതി അടങ്ങിയിരുന്നുവെന്ന്, ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ, ഹൈക്കോടതി കണ്ടുകെട്ടലിനുള്ള പ്രഖ്യാപനം ദുർബലപ്പെടുത്തേണ്ടതാകുന്നു.

(5) സ്പെഷ്യൽ ബഞ്ചായി കൂടുന്ന ജഡ്ജിമാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുള്ളിടത്ത്, തീരുമാനം, ആ ജഡ്ജിമാരുടെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന് അനുസരണമായിരിക്കേണ്ടതാണ്.

97. അന്യായമായി തടഞ്ഞുവയ്ക്കപ്പെട്ട ആളുകൾക്കുള്ള ശോധന.—തടഞ്ഞുവയ്ക്കൽ കുററമായി തീരുന്ന പരിതഃസ്ഥിതികളിൽ ഏതെങ്കിലും ആളെ തടഞ്ഞുവച്ചിട്ടുള്ളതായി ഏതെങ്കിലും ജില്ലാ മജിസ്ട്രേററിനോ, സബ്ഡിവിഷണൽ മജിസ്ട്രേററിനോ, ഒന്നാംക്ലാസ് മജിസ്ട്രേററിനോ, വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന് ശോധന വാറൻറ് പുറപ്പെടുവിക്കാവുന്നതും, ആർക്കാണോ ആ വാറൻറ് അധികാരപ്പെടുത്തി കൊടുത്തിട്ടുള്ളത്, അയാൾ അങ്ങനെ തടഞ്ഞുവയ്ക്കപ്പെട്ട ആൾക്കുവേണ്ടി ശോധന ചെയ്യേണ്ടതും; അങ്ങനെയുള്ള ശോധന, ആ വാറൻറിന് അനുസൃതമായി ചെയ്യേണ്ടതും, ആളെ കണ്ടുകിട്ടിയാൽ അയാളെ ഉടനടി ഒരു മജിസ്ട്രേററിന്റെ മുമ്പാകെ കൊണ്ടുചെല്ലേണ്ടതും, അദ്ദേഹം സംഗതിയുടെ പരിതഃസ്ഥിതികളിൽ ഉചിതമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആകുന്നു.

98. ആളപഹരണം ചെയ്യപ്പെട്ട പെണ്ണുങ്ങളെ തിരികെ കൊടുക്കാൻ നിർബന്ധിക്കാനുള്ള അധികാരം.—നിയമവിരുദ്ധമായ ഏതെങ്കിലും ഉദ്ദേശ്യത്തിന്, ഒരു സ്ത്രീയോ, പതിനെട്ടുവയസ്സിന് താഴെയുള്ള ഒരു പെൺകുട്ടിയോ ആളപഹരണം ചെയ്യപ്പെട്ടതോ, നിയമവിരുദ്ധമായി തടഞ്ഞുവയ്ക്കപ്പെട്ടതോ സംബന്ധിച്ച് ശപഥത്തിൻമേൽ ചെയ്യുന്ന പരാതിയിൻമേൽ, ജില്ലാ മജിസ്ട്രേററിനോ സബ്ഡിവിഷണൽ മജിസ്ട്രേററിനോ ഒന്നാം ക്ലാസ് മജിസ്ട്രേററിനോ, അങ്ങനെയുള്ള സ്ത്രീയെ ഉടനെ അവളുടെ സ്വാതന്ത്ര്യം തിരിച്ച് കൊടുക്കുന്നതിനോ, അല്ലെങ്കിൽ അങ്ങനെയുള്ള പെൺകുട്ടിയെ അവളുടെ ഭർത്താവിനോ മാതാപിതാക്കൾക്കോ രക്ഷകർത്താവിനോ, അങ്ങനെയുള്ള കുട്ടിയുടെ നിയമപരമായ ചാർജ്ജുള്ള മററാൾക്കോ തിരിച്ചുകൊടുക്കുന്നതിനോ ഉത്തരവ് ചെയ്യാവുന്നതും; ആവശ്യകമായത്ര ബലം പ്രയോഗിച്ച് അങ്ങനെയുള്ള ഉത്തരവ് നിർബന്ധിച്ച് അനുസരിപ്പിക്കാവുന്നതും ആണ്.

ഗ—ശോധനകൾ സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

99. ശോധന വാറൻറുകൾ അധികാരപ്പെടുത്തിക്കൊടുക്കുന്നതും മററും.—38-ം, 70-ം, 72-ം, 74-ം, 77-ം, 78-ം, 79-ം വകുപ്പുകളിലെ വ്യവസ്ഥകൾ, ആകുന്നിടത്തോളം, 93-ാം വകുപ്പിനോ 94-ാം വകുപ്പിനോ 95-ാം വകുപ്പിനോ 97-ാം വകുപ്പിനോ കീഴിൽ പുറപ്പെടുവിക്കുന്ന എല്ലാ ശോധന വാറൻറുകൾക്കും ബാധകമാകുന്നതാണ്.

100. അടച്ചിട്ട സ്ഥലത്തിന്റെ ചാർജ്ജുള്ള ആളുകൾ ശോധന അനുവദിക്കണമെന്ന്.—(1) ഈ അദ്ധ്യായത്തിൻകീഴിൽ ശോധനയ്ക്കോ പരിശോധനയ്ക്കോ ബാദ്ധ്യസ്ഥമായ ഏതെങ്കിലും സ്ഥലം അടച്ചിട്ടിരിക്കുമ്പോഴെല്ലാം, അങ്ങനെയുള്ള സ്ഥലത്ത് താമസമുള്ളവരോ, അതിന്റെ ചാർജ്ജുള്ളവനോ ആയ ഏതെങ്കിലും ആൾ, വാറൻറ് നടപ്പാക്കുന്ന ഉദ്യോഗസ്ഥനോ

മററാളോ ആവശ്യപ്പെടുകയും വാറൻറ് ഹാജരാക്കുകയും ചെയ്യുന്നതിൻമേൽ അയാഠംക്ക് ആ സ്ഥലത്തിനുള്ളിലേക്ക് നിർബാധമായ പ്രവേശനം അനുവദിക്കുകയും, അതിനുള്ളിൽ ശോധനയ്ക്ക് ന്യായമായ എല്ലാ സൗകര്യങ്ങളും നല്കുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള സ്ഥലത്തേയ്ക്ക് അപ്രകാരം പ്രവേശം ലഭിക്കാൻ കഴിയുന്നില്ലെങ്കിൽ വാറൻറ് നടപ്പാക്കുന്ന ഉദ്യോഗസ്ഥനോ മററാഠംക്കോ 47-ാം വകുപ്പ്, (2)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്ന രീതിയിൽ തുടർന്ന് പ്രവർത്തിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള സ്ഥലത്തോ അതിനുചുററുമോ ഉള്ള ഏതെങ്കിലും ആഠം, ഏതു സാധനത്തിനുവേണ്ടിയാണോ ശോധന ചെയ്യേണ്ടത്, അത് അയാളുടെ ശരീരത്തിൽ ഒളിച്ചുവയ്ക്കുന്നതായി ന്യായമായി സംശയിക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള ആളെ ശോധന ചെയ്യാവുന്നതും, അങ്ങനെയുള്ള ആഠം സ്ത്രീയാണെങ്കിൽ, ശോധന ചെയ്യുന്നത് സഭ്യത ശരിക്കും ആചരിച്ചുകൊണ്ട് മറെറാരു സ്ത്രീ ആയിരിക്കേണ്ടതും ആകുന്നു.

(4) ഈ അദ്ധ്യായത്തിൻകീഴിൽ ശോധനചെയ്യുന്നതിന് മുൻപായി അത് ചെയ്യാൻ പുറപ്പെടുന്ന ഉദ്യോഗസ്ഥനോ മററാളോ, ശോധന ചെയ്യപ്പെടാനുള്ള സ്ഥലം സ്ഥിതിചെയ്യുന്ന പ്രദേശത്തെ രണ്ടോ അതിലധികമോ, സ്വതന്ത്രരും മാന്യരുമായ നിവാസികളേയോ, അല്ലെങ്കിൽ ശോധനയ്ക്ക് സാക്ഷിയാകുവാൻ മേല്പറഞ്ഞ പ്രദേശത്തെ യാതൊരു നിവാസിയും ലഭ്യമാകാതിരിക്കുകയോ സമ്മതിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, മറേറതെങ്കിലും പ്രദേശത്തെ, രണ്ടോ അതിലധികമോ സ്വതന്ത്രരും മാന്യരുമായ നിവാസികളേയോ, ശോധനയ്ക്ക് ഹാജരായി സാക്ഷിയാകുവാൻ വിളിക്കേണ്ടതും, അപ്രകാരം ചെയ്യുന്നതിന് അവർക്കോ അവരിൽ ആർക്കെങ്കിലുമോ ലിഖിതമായ ഉത്തരവ് നല്കാവുന്നതും ആണ്.

(5) ശോധന അവരുടെ സാന്നിദ്ധ്യത്തിൽ ചെയ്യേണ്ടതും, അങ്ങനെയുള്ള ശോധനയ്ക്കിടയിൽ പിടിച്ചെടുക്കപ്പെടുന്ന എല്ലാ സാധനങ്ങളുടേയും, അവ യഥാക്രമം കണ്ടെത്തപ്പെടുന്ന സ്ഥലങ്ങളുടേയും ഒരു ലിസ്ററ് അങ്ങനെയുള്ള ഉദ്യോഗസ്ഥനോ മററാളോ തയ്യാറാക്കേണ്ടതും അങ്ങനെയുള്ള സാക്ഷികഠം അത് ഒപ്പിടേണ്ടതും; എന്നാൽ ഈ വകുപ്പിൻകീഴിൽ ശോധനയ്ക്ക് സാക്ഷിയായിരിക്കുന്ന യാതൊരാളും കോടതി പ്രത്യേകമായി സമൻ ചെയ്യാത്തപക്ഷം, ശോധനയുടെ സാക്ഷിയായി കോടതിയിൽ ഹാജരാകേണ്ടതില്ലാത്തതും ആകുന്നു.

(6) ശോധന ചെയ്യപ്പെടുന്ന സ്ഥലത്തിൻെറ കൈവശക്കാരനേയോ, അയാഠംക്കുവേണ്ടി വല്ല ആളേയുമോ, ഏതൊരു സംഗതിയിലും, ശോധന സമയത്ത് സന്നിഹിതനാകുവാൻ അനുവദിക്കേണ്ടതും ഈ വകുപ്പിൻകീഴിൽ തയ്യാറാക്കിയ, മേല്പറഞ്ഞ സാക്ഷികഠം ഒപ്പിട്ടതും ആയ ലിസ്ററിൻെറ പകർപ്പ് അങ്ങനെയുള്ള കൈവശക്കാരനോ ആഠംക്കോ നല്കേണ്ടതുമാകുന്നു.

(7) (3)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആഠം ശോധനചെയ്യപ്പെടുമ്പോഠം, കൈവശമെടുക്കപ്പെടുന്ന എല്ലാ സാധനങ്ങളുടേയും ഒരു ലിസ്ററ് തയ്യാറാക്കേണ്ടതും, അതിൻെറ പകർപ്പ് അങ്ങനെയുള്ള ആഠംക്ക് നല്കേണ്ടതും ആകുന്നു.

(8) ഈ വകുപ്പിൻകീഴിലുള്ള ഒരു ശോധനയിൽ, ഹാജരാകാനും സാക്ഷിയാകാനും തനിക്ക് നല്കിയതോ, ടെൻഡെർ ചെയ്തതോ ആയ ലിഖിതമായ ഉത്തരവുവഴി ആവശ്യപ്പെടുമ്പോഠം, ന്യായമായ കാരണം കൂടാതെ അപ്രകാരം

ചെയ്യുവാൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആറം, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 187-ാം വകുപ്പിൻകീഴിലുള്ള കുററം ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

101. അധികാരിതയ്ക്കു വെളിയിൽവച്ചുള്ള ശോധനയിൽ കണ്ടെത്തുന്ന സാധനങ്ങൾ എന്തു ചെയ്യുന്നുവെന്ന്.—ശോധന വാറൻറ് പുറപ്പെടുവിക്കുന്ന കോടതിയുടെ തദ്ദേശാധികാരിതയ്ക്ക് വെളിയിലുള്ള ഏതെങ്കിലും സ്ഥലത്തുവച്ച് അത് നടപ്പാക്കുന്നതിൽ, ഏത് സാധനങ്ങൾക്കുവേണ്ടിയാണോ ശോധന ചെയ്തത്, അവയിൽ ഏതെങ്കിലും കണ്ടെത്തുമ്പോൾ ആ സാധനങ്ങൾ, ഇതിൽ ഇതിനുശേഷം അടങ്ങുന്ന വ്യവസ്ഥകൾക്ക് കീഴിൽ തയ്യാറാക്കപ്പെടുന്ന അവയുടെ ലിസ്ററ് സഹിതം, അങ്ങനെയുള്ള സ്ഥലം, വാറൻറ് പുറപ്പെടുവിച്ച കോടതിയേക്കാൾ ആ സ്ഥലത്ത് അധികാരിതയുള്ള മജിസ്ട്രേററിന് കൂടുതൽ അടുത്തല്ലാത്ത പക്ഷം അങ്ങനെയുള്ള കോടതി മുമ്പാകെയും ; കൂടുതൽ അടുത്തതായിരിക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള മജിസ്ട്രേററിൻെറ മുമ്പാകെയും ഉടനെ എത്തിക്കേണ്ടതും, അങ്ങനെയുള്ള മജിസ്ട്രേററ് അവ അങ്ങനെയുള്ള കോടതിയിൽ എത്തിക്കാൻ, വിപരീതമായതിന് തക്കകാരണമില്ലാത്ത പക്ഷം, പ്രാധികാരം നല്കിക്കൊണ്ട് ഉത്തരവ് ചെയ്യേണ്ടതുംആകുന്നു.

ഘ—പലവക

102. ചില വസ്തുക്കൾ പിടിച്ചെടുക്കാൻ പോലീസ് ഉദ്യോഗസ്ഥനുള്ള അധികാരം.—(1) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, കളവു ചെയ്യപ്പെട്ടതായി ആരോപിക്കപ്പെടുകയോ, സംശയിക്കപ്പെടുകയോ ചെയ്യുന്നതോ, ഏതെങ്കിലും കുററം ചെയ്തതായി സംശയം സൃഷ്ടിക്കുന്ന പരിതഃസ്ഥിതികളിൽ കണ്ടെത്തുന്നതോ ആയ ഏതെങ്കിലും വസ്തു പിടിച്ചെടുക്കാവുന്നതാണ്.

(2) അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥൻ ഒരു പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻെറ കീഴിലുള്ള ആളാണെങ്കിൽ, പിടിച്ചെടുത്തത്, ഉടനടി ആ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

103. മജിസ്ട്രേററിന് തൻെറ സാന്നിദ്ധ്യത്തിൽ ശോധന ചെയ്യാൻ നിദേശിക്കാമെന്ന്.—ഏതെങ്കിലും മജിസ്ട്രേററിന്, ഏതു സ്ഥലത്തിൻെറ ശോധയ്ക്കാണോ ശോധന വാറണ്ട് പുറപ്പെടുവിക്കുവാൻ തനിക്ക് ക്ഷമതയുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും സ്ഥലം, തൻെറ സാന്നിദ്ധ്യത്തിൽ ശോധന ചെയ്യാൻ നിദേശിക്കാവുന്നതാണ്.

104. ഹാജരാക്കപ്പെട്ട രേഖ മുതലായവ ഇംപൗണ്ട് ചെയ്യാനുള്ള അധികാരം.—ഏതെങ്കിലും കോടതിക്ക്, അതിനു യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഈ നിയമസംഹിതയിൻകീഴിൽ അതിൻെറ മുൻപാകെ ഹാജരാക്കപ്പെടുന്ന ഏതെങ്കിലും രേഖയോ, സാധനമോ ഇംപൗണ്ട് ചെയ്യാവുന്നതാണ്.

105. പ്രാസസ്സുകൾ സംബന്ധിച്ച പരസ്പര വ്യവസ്ഥകൾ.—(1) ഈ നിയമസംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ (ഈ വകുപ്പിൽ ഇതിനുശേഷം മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങൾ എന്ന് പരാമർശിക്കുന്നവ) ഉള്ള ഒരു കോടതി, അത് പുറപ്പെടുവിക്കുന്ന—

(ക) പ്രതിക്കുള്ള സമൻസോ ;

(ഖ) പ്രതിയുടെ അറസ്ററിനുള്ള വാറൻറോ ,

(ഗ) ഏതെങ്കിലും ആളോട് രേഖയോ മററു സാധനമോ സന്നിഹിതനായി ഹാജരാക്കുവാനോ, ഹാജരാക്കുവാനോ ആവശ്യപ്പെടുന്ന അയാംക്കുള്ള സമൻസോ ;

(ഘ) ശോധനവാറണ്ടോ, മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങംക്ക് വെളിയിലുള്ള് ഇൻഡ്യയിലെ ഏതെങ്കിലും സ്റേററിലോ പ്രദേശത്തോ ഉള്ള ഒരു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്ത് നടത്തണമെന്നോ, നടപ്പാക്കണമെന്നോ ആഗ്രഹിക്കുന്നിടത്ത്, അതിന്, അങ്ങനെയുള്ള സമൻസോ വാറൻേറാ, ഡ്യൂപ്ലിക്കേററായി, നടത്തുകയോ നടപ്പാക്കുകയോ, ചെയ്യുന്നതിനായി, പോസ്ററുവഴിയോ, മററുവിധത്തിലോ, ആ കോടതിയുടെ അദ്ധ്യക്ഷതവഹിക്കുന്ന ഉദ്യോഗസ്ഥന്, അയക്കാവുന്നതും ; (ക) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ പരാമർശിച്ച ഏതെങ്കിലും സമൻസ് അങ്ങനെ നടത്തിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള സമൻസിന്, അത് അയക്കപ്പെട്ട കോടതിയിലെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻ മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങളിലെ ഒരു മജിസ്ട്രേററായിരുന്നാലെന്നപോലെ, 68-ാം വകുപ്പിലെ വ്യവസ്ഥകം ബാധകമാകുന്നതുമാണ്.

(2) മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങളിലുള്ള ഒരു കോടതിക്ക് മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങംക്ക് വെളിയിലുള്ള ഇൻഡ്യയിലെ ഏതെങ്കിലും സ്റേററിലോ, പ്രദേശത്തോ ഉള്ള ഒരു കോടതി പുറപ്പെടുവിക്കുന്ന

(ക) പ്രതിക്കുള്ള സമൻസോ,

(ഖ) പ്രതിയുടെ അറസ്ററിനുള്ള വാറൻേറാ,

(ഗ) ഏതെങ്കിലും ആളോട്, രേഖയോ മററുസാധനമോ സന്നിഹിതനായി ഹാജരാക്കുവാനോ, ഹാജരാക്കുവാനോ ആവശ്യപ്പെടുന്ന അയാംക്കുള്ള സമൻസോ,

(ഘ) ശോധന-വാറണ്ടോ, നടത്താനോ നടപ്പാക്കാനോ ആയി കിട്ടിയിട്ടുള്ളിടത്ത്, അത് ആ കോടതിക്ക് അതിൻെറ തദ്ദേശാധികാരിതക്കുള്ളിൽ നടത്താനോ നടപ്പാക്കാനോ ആയി മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങളിലുള്ള മറെറാരു കോടതിയിൽനിന്ന്, കിട്ടിയ സമൻസോ വാറൻേറാ ആയിരുന്നാലെന്നപോലെ, നടത്തിക്കുകയോ നടപ്പാക്കിക്കുകയോ ചെയ്യേണ്ടതും :

(i) ഒരു അറസ്ററ് വാറൻറ് നടപ്പാക്കിയിട്ടുള്ളിടത്ത്, അറസ്ററ്ചെയ്യപ്പെട്ട ആളുടെ കാര്യം കഴിയുന്നിടത്തോളം, 80-ം, 81-ം വകുപ്പുകം നിർണ്ണയിക്കുന്ന നടപടിക്രമം അനുസരിച്ച് കൈകാര്യം ചെയ്യേണ്ടതും;

(ii) ഒരു ശോധന വാറൻറ് നടപ്പാക്കിയിട്ടുള്ളിടത്ത്, ശോധനയിൽ കണ്ടെത്തുന്ന സാധനങ്ങം, കഴിയുന്നിടത്തോളം, 101-ാം വകുപ്പ് നിർണ്ണയിക്കുന്ന നടപടിക്രമം അനുസരിച്ച് കൈകാര്യം ചെയ്യേണ്ടതും,

ആകുന്നു.

## അദ്ധ്യായം VIII

## സമാധാനപാലനത്തിനുള്ള ജാമ്യവും നല്ലനടപ്പിനുള്ള ജാമ്യവും

106. <u>കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ സമാധാനപാലനത്തിനുള്ള ജാമ്യം.</u>—(1) സെഷൻസ് കോടതിയോ, ഒന്നാംക്ലാസ് മജിസ്ട്രേററ് കോടതിയോ, ഒരാളെ (2)-ാം ഉപവകുപ്പിൽ, വിനിർദ്ദേശിക്കുന്ന ഏതെങ്കിലും കുററത്തിനോ, അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് പ്രേരണനല്കിയതിനോ, കുററസ്ഥാപനം ചെയ്യുകയും, സമാധാനപാലനത്തിന് അങ്ങനെയുള്ള ആളിൽ

നിന്ന് ജാമ്യം വാങ്ങുന്നത് ആവശ്യകമാണെന്ന് അതിന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള ആരാൾക്കെതിരായി ശിക്ഷാവിധി പാസ്സാക്കുന്ന സമയത്ത്, കോടതിക്ക് യുക്തമെന്നു തോന്നുന്നതും മൂന്നു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ളതുമായ സമാധാനപാലനത്തിനുള്ള, ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുവാൻ അയാളോട് ഉത്തരവ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച കുററങ്ങൾ—

(ക) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) VIII-ാം അദ്ധ്യായത്തിൻകീഴിൽ ശിക്ഷാർഹമായതും, അതിലെ 153ക വകുപ്പിനോ, 153ഖ വകുപ്പിനോ, 154-ാം വകുപ്പിനോ കീഴിൽ ശിക്ഷാർഹമായ കുററമല്ലാത്തതുമായ ഏതെങ്കിലും കുററവും;

(ഖ) കൈയേററമോ, കുററകരമായ ബലപ്രയോഗമോ ദ്രോഹം ചെയ്യലോ ആയതോ, അത് ഉൾപ്പെടുന്നതോ ആയ ഏതെങ്കിലും കുററവും;

(ഗ) ഏതെങ്കിലും കുററകരമായ ഭയപ്പെടുത്തൽ കുററവും;

(ഘ) സമാധാനലംഘനം ഉണ്ടാക്കിയതോ, ഉണ്ടാക്കുവാൻ ഇടയുണ്ടെന്ന് ഉദ്ദേശിക്കപ്പെട്ടിരുന്നതോ അറിഞ്ഞിരുന്നതോ ആയ ഏതെങ്കിലും കുററവും, ആകുന്നു.

(3) കുററസ്ഥാപനം അപ്പീലിലോ, മററുവിധത്തിലോ ദുർബലപ്പെടുത്തുന്നുവെങ്കിൽ, അപ്രകാരം ഒപ്പിട്ടു പൂർത്തീകരിക്കപ്പെട്ട ബാണ്ട് ശൂന്യമാകുന്നതാണ്.

(4) അപ്പീൽക്കോടതിക്കും, അല്ലെങ്കിൽ സ്വന്തം റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുന്ന കോടതിക്കുംകൂടി ഈ വകുപ്പിൻകീഴിലുള്ള ഉത്തരവ് ചെയ്യാവുന്നതാണ്.

107. മററ് സംഗതികളിൽ സമാധാനപാലനത്തിനുള്ള ജാമ്യം.—(1) ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിന്, ഏതെങ്കിലും ആൾ, സമാധാനലംഘനം നടത്തുവാനോ പൊതുപ്രശാന്തിയ്ക്ക് കലക്കമുണ്ടാക്കുവാനോ, സമാധാനലംഘനമുണ്ടാക്കുകയോ പൊതുസമാധാനത്തിന് കലക്കമുണ്ടാക്കുകയോ ചെയ്തേക്കാവുന്ന ഏതെങ്കിലും അന്യായമായ കൃത്യം ചെയ്യുവാനോ ഇടയുണ്ടെന്ന് വിവരം കിട്ടുകയും, തുടർന്ന് നടപടിയെടുക്കുവാൻ മതിയായ കാരണമുണ്ടെന്ന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അദ്ദേഹത്തിന്, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന രീതിയിൽ, അങ്ങനെയുള്ള ആളോട് മജിസ്ട്രേററിന് യുക്തമെന്ന് തോന്നുന്നതും, ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ളതുമായ, സമാധാനപാലനത്തിനുള്ള ഒരു ബാണ്ട് അയാളോട് ഒപ്പിട്ട് പൂർത്തീകരിക്കാൻ ഉത്തരവ് ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

(2) ഏതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററിന്റെ മുമ്പാകെ, ഈ വകുപ്പിൻകീഴിലുള്ള നടപടികൾ; സമാധാനലംഘനമോ, കലക്കമോ ഉണ്ടാകുമെന്ന ആശങ്ക ഉളവാക്കുന്ന സ്ഥലം, അദ്ദേഹത്തിന്റെ തദ്ദേശാധികാരിതയ്ക്കുള്ളിലായിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള അധികാരിതയ്ക്ക് വെളിയിൽവച്ച് സമാധാനലംഘനം നടത്തുകയോ പൊതുപ്രശാന്തിയ്ക്ക് കലക്കമുണ്ടാക്കുകയോ മേല്പറഞ്ഞതുപോലെയുള്ള ഏതെങ്കിലും അന്യായമായ കൃത്യം ചെയ്യുകയോ, ചെയ്യുവാൻ ഇടയുള്ള ഒരാൾ അങ്ങനെയുള്ള അധികാരിതയ്ക്കുള്ളിൽ, ഉണ്ടായിരിക്കുകയോ ചെയ്യുമ്പോൾ, എടുക്കാവുന്നതാണ്.

108. രാജ്യദ്രോഹപരമായ സംഗതികൾ പ്രസാരണം ചെയ്യുന്ന ആളുകളിൽ നിന്ന് നല്ലനടപ്പ് ജാമ്യം.—(1) ഒരു ഒന്നാംക്ലാസ് ജുഡീഷ്യൻ മജിസ്ട്രേട്ടിന് തന്റെ തദ്ദേശാധികാരിതയ്ക്കകത്തോ, പുറത്തോ—

(i) വാക്കാലോ ലിഖിതമായോ മറേറതെങ്കിലും രീതിയിലോ, ഉദ്ദേശ്യ പൂർവ്വം,—

(ക) പ്രസിദ്ധീകരണം ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 1160-ലെ 45, 124ക വകുപ്പിനോ, 153ക വകുപ്പിനോ, 153ഖ വകുപ്പിനോ, 295ക വകുപ്പിനോ കീഴിൽ ശിക്ഷാർഹമായിട്ടുള്ള ഏതെങ്കിലും സംഗതിയോ;

(ഖ) തന്റെ ഔദ്യോഗിക കർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി കരുതപ്പെടാവുന്നതോ ആയ ഒരു ജഡ്ജിയെ സംബന്ധിച്ചുള്ളതും ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിൻകീഴിൽ കുററകരമായ മയപ്പെടുത്തലോ, അപകീർത്തിപ്പെടുത്തലോ ആകുന്നതുമായ, ഏതെങ്കിലും സംഗതിയോ,

പ്രസാരണം ചെയ്യുകയോ, പ്രസാരണം ചെയ്യാൻ ശ്രമിക്കുകയോ, പ്രസാരണംചെയ്യുന്നതിന് പ്രേരണനല്കുകയോ; അല്ലെങ്കിൽ

(ii) ഇൻഡ്യൻശിക്ഷാനിയമ സംഹിത, (1860-ലെ 45) 292-ാംവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും അശ്ലീലസാധനം ഉണ്ടാക്കുകയോ ഉൽപാദിപ്പിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ, വിൽപനയ്ക്കായി സൂക്ഷിക്കുകയോ, ഇറക്കുമതിചെയ്യുകയോ കയററുമതിചെയ്യുകയോ, കൈമാററം ചെയ്യുകയോ വില്ക്കുകയോ, വാടകയ്ക്ക് കൊടുക്കുകയോ, വിതരണം ചെയ്യുകയോ, പബ്ലിക്കായി പ്രദർശിപ്പിക്കുകയോ, മറേറതെങ്കിലും രീതിയിൽ പ്രചരിപ്പിക്കുകയോ;

ചെയ്യുന്ന ഏതെങ്കിലും ആൾ തന്റെ തദ്ദേശാധികാരിതയ്ക്കുള്ളിൽ ഉണ്ടെന്ന് വിവരം കിട്ടുകയും തുടർന്ന്, നടപടി എടുക്കുവാൻ മതിയായ കാരണമുണ്ടെന്ന് തനിക്ക് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അദ്ദേഹത്തിന്, ഇതിൽ ഇതിന് ശേഷം വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ, അങ്ങനെയുള്ളയാളോട്, തനിക്ക് യുക്തമെന്ന് തോന്നുന്നതും ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ളതുമായ നല്ലനടപ്പിനുള്ള, ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ, ആയ ഒരു ബോണ്ട് അയാളോട് ഒപ്പിട്ട് പൂർത്തീകരിക്കാൻ ഉത്തരവ് ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കുവാൻ, ആവശ്യപ്പെടാവുന്നതാണ്.

(2) പ്രസ്സും പുസ്തകങ്ങളുടെ രജിസ്ട്രേഷനും ആക്ററിൽ 1867 (1867-ലെ 25) ൽ വ്യവസ്ഥചെയ്തിട്ടുള്ള ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തതും, അവയ്ക്കനുസൃതമായി എഡിററ് ചെയ്യുകയും അച്ചടിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തതുമായ ഏതെങ്കിലും പ്രസിദ്ധീകരണത്തിന്റെ എഡിറററുടേയോ, ഉടമസ്ഥന്റേയോ,- അച്ചടിക്കുന്നയാളുടേയോ, പ്രസാധകന്റെയോ എതിരായി, അങ്ങനെയുള്ള പ്രസിദ്ധീകരണത്തിൽ അടങ്ങിയ ഏതെങ്കിലും സംഗതി സംബന്ധിച്ച്, ഈ വകുപ്പിൻകീഴിലെ യാതൊരു നടപടിയും, സ്റേററ് ഗവൺമെൻറിന്റെയോ, ഇതിലേക്കായി സ്റേററ്ഗവൺമെൻറ് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ, ഉത്തരവിൻ പ്രകാരമോ പ്രാധികാരത്തിൽകീഴിലോ അല്ലാതെ, എടുക്കുവാൻ പാടുള്ളതല്ല.

109. സംശയിക്കപ്പെടുന്ന ആളുകളിൽനിന്ന് നല്ലനടപ്പു് ജാമ്യം.—ഒരു ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിന്, അദ്ദേഹത്തിന്റെ തദ്ദേശാധികാരിതക്കുള്ളിൽ, തന്റെ സാന്നിദ്ധ്യം ഒളിച്ചുവയ്ക്കുവാൻ മുൻകരുതലുകളെടുക്കുന്ന ഒരാൾ ഉണ്ടെന്നും, അയാൾ അങ്ങനെ ചെയ്യുന്നത് ഒരു കോഗ്നൈസബിൾ കുററം ചെയ്യുവാനുള്ള ലക്ഷ്യത്തോടെ ആണെന്ന് വിശ്വസിക്കുവാൻ കാരണമുണ്ടെന്നും വിവരം കിട്ടുമ്പോൾ, അദ്ദേഹത്തിന്, ഇതിൽ ഇതിനു ശേഷം വ്യവസ്ഥചെയ്യുന്ന രീതിയിൽ, അങ്ങനെയുള്ള ആളോട്, തനിക്ക് യുക്തമെന്നു തോന്നുന്നതും ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ളതുമായ അയാളുടെ നല്ലനടപ്പിനുള്ള, ജാമ്യക്കാരോട് കൂടിയതോ അല്ലാത്തതോ ആയ ഒരു ബാണ്ട് അയാളോട് ഒപ്പിട്ട് പൂർത്തീകരിക്കാൻ ഉത്തരവ് ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കുവാൻ ആവശ്യപ്പെടുന്നതാണ്.

110. പതിവ് കുററക്കാരിൽനിന്ന് നല്ലനടപ്പുജാമ്യം.—ഒരു ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിന്, തന്റെ തദ്ദേശാധികാരിതക്കുള്ളിൽ,—

(ക) പതിവായുള്ള കവർച്ചക്കാരനോ, ഭവനഭേദകനോ, കള്ളനോ, വ്യാജനിർമ്മാണം നടത്തുന്നവനോ, അല്ലെങ്കിൽ

(ഖ) കട്ടതാണെന്ന് അറിഞ്ഞുകൊണ്ട് കളവുമുതൽ പതിവായി സ്വീകരിക്കുന്നവനോ, അല്ലെങ്കിൽ

(ഗ) പതിവായി കള്ളൻമാരെ രക്ഷിക്കുകയോ, അവർക്ക് സംശ്രയം നല്കുകയോ, കളവുമുതൽ ഒളിച്ചുവയ്ക്കുന്നതിനോ, വ്യയനംചെയ്യുന്നതിനോ സഹായിക്കുകയോ ചെയ്യുന്നവനോ, അല്ലെങ്കിൽ

(ഘ) പതിവായി, ആൾമോഷണം, ആളപഹരണം, ഭയപ്പെടുത്തിയുള്ള അപഹരണം, ചതി, ദ്രോഹം, എന്നിവയിൽ ഏതെങ്കിലും കുററമോ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ലെ 12-ാം അദ്ധ്യായത്തിൻകീഴലോ ആ നിയമസംഹിതയിലെ 489ക വകുപ്പിനോ, 489ഖ വകുപ്പിനോ 489ഗ വകുപ്പിനോ 489ഘ വകുപ്പിനോകീഴിലോ, ശിക്ഷാർഹമായ ഏതെങ്കിലും കുററമോ, ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിന് പ്രേരണനല്കുകയോ ചെയ്യുന്നവനോ; അല്ലെങ്കിൽ

(ങ) പതിവായി, സമാധാനലംഘനം ഉൾപ്പൊള്ളുന്ന കുററങ്ങൾ ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ, ചെയ്യുന്നതിന് പ്രേരണനല്കുകയോ ചെയ്യുന്നവനോ; അല്ലെങ്കിൽ

(ച) പതിവായി,—

(i) താഴെപ്പറയുന്ന ആക്ടുകളിൽ അതായത്:—

(ക) മരുന്നുകളും ചമയക്കൂട്ടുകളും ആക്ററ്, 1940 (1940-ലെ 23);

(ഖ) വിദേശനാണയ ക്രമപ്പെടുത്തൽ ആക്ററ്, 1947 (1947-ലെ 7);

(ഗ) എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട്സ് ആക്ററ്, 1952; (1952-ലെ 19);

(ഘ) ഭക്ഷണത്തിൽ മായംചേർക്കൽ തടയൽ ആക്ററ്, 1954; (1954-ലെ 37);

(ങ) അവശ്യസാധനങ്ങൾ ആക്ററ്, 1955(1955-ലെ 10);

(ച) അസ്പൃശ്യതാ (കുററങ്ങൾ) ആക്ററ്, 1955 (1955-ലെ 22;)

(ഛ) കസ്ററംസ് ആക്ററ്, 1962 (1962-ലെ 52);

എന്നിവയിൽ ഒരു ആക്ററിനോ, ഒന്നിലധികം ആക്ററുകൾക്കോ കീഴിലുള്ള ഏതെങ്കിലും കുററമോ; അല്ലെങ്കിൽ

(ii) പൂഴ്ത്തിവയ്പോ, കൊള്ളലാഭമെടുക്കലോ, ഭക്ഷണത്തിലോ മരുന്നുകളിലോ മായംചേർക്കലോ അഴിമതിയോ തടയുന്നതിന് വ്യവസ്ഥ ചെയ്യുന്ന മറ്റേതെങ്കിലും നിയമത്തിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റമോ;

ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ, ചെയ്യുന്നതിന് പ്രേരണ നല്കുകയോ ചെയ്യുന്നവനോ; അല്ലെങ്കിൽ

(എ) അയാൾ ജാമ്യംകൂടാതെ സ്വതന്ത്രമായിരിക്കുന്നത് സമുദായത്തിന് അപായ സാദ്ധ്യതയുള്ളതാകത്തക്കവിധം എന്തിനും തുനിഞ്ഞവനും അപകടകാരിയും ആയിരിക്കുന്നവനോ,

ആയ ഒരാൾ ഉണ്ടെന്ന് വിവരം കിട്ടുമ്പോൾ അദ്ദേഹത്തിന് ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന രീതിയിൽ, അങ്ങനെയുള്ള ആളോട്, തനിക്ക് യുക്തമെന്ന് തോന്നുന്നതും മൂന്നുവർഷത്തിൽ കവിയാത്ത കാലത്തേക്കുള്ളതുമായ അയാളുടെ നല്ലനടപ്പിനുള്ള ജാമ്യക്കാരോടുകൂടിയ ഒരു ബോണ്ട്, അയാളോട് ഒപ്പിട്ട് പൂർത്തീകരിക്കാൻ ഉത്തരവ് ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കുവാൻ, ആവശ്യപ്പെടാവുന്നതാണ്.

111. ചെയ്യേണ്ട ഉത്തരവ്.— 107-ാം വകുപ്പിനോ 108-ാം വകുപ്പിനോ 109-ാം വകുപ്പിനോ 110-ാം വകുപ്പിനോ കീഴിൽ പ്രവർത്തിക്കുന്ന മജിസ്ട്രേറ്റ്, അങ്ങനെയുള്ള വകുപ്പിൻ കീഴിൽ ഏതെങ്കിലും ആളോട് കാരണം കാണിക്കുവാൻ ആവശ്യപ്പെടുന്നത് ആവശ്യമാണെന്ന് കരുതുമ്പോൾ, അദ്ദേഹം, കിട്ടിയ വിവരത്തിന്റെ സാരാംശവും, ഒപ്പിട്ടു പൂർത്തീകരിക്കേണ്ട ബോണ്ടിന്റെ തുകയും, അത് പ്രാബല്യത്തിലിരിക്കേണ്ട കാലവും, വേണ്ട ജാമ്യക്കാരുടെ (ആരെങ്കിലും വേണമെങ്കിൽ) അവരുടെ എണ്ണവും പ്രകൃതവും തരവും പ്രസ്താവിച്ചുകൊണ്ട്, ലിഖിതമായി ഉത്തരവ് ചെയ്യേണ്ടതാകുന്നു.

112. കോടതിയിൽ സന്നിഹിതനായിരിക്കുന്ന ആളെ സംബന്ധിച്ച നടപടിക്രമം.— അങ്ങനെ ഉത്തരവ് ചെയ്തിട്ടുള്ളത് ആരെ സംബന്ധിച്ചാണോ, അയാൾ കോടതിയിൽ സന്നിഹിതനാണെങ്കിൽ, അത് അയാളെ വായിച്ച് കേൾപ്പിക്കുകയോ, അയാൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതിന്റെ സാരാംശം അയാൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാകുന്നു.

113. അപ്രകാരം സന്നിഹിതനല്ലാത്ത ആളുടെ സംഗതിയിലുള്ള സമൻസോ വാറന്റോ.— അങ്ങനെയുള്ള ആൾ കോടതിയിൽ സന്നിഹിതനല്ലെങ്കിൽ, മജിസ്ട്രേറ്റ്, അയാളോട് ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട്, സമൻസോ, അങ്ങനെയുള്ള ആൾ കസ്റ്റഡിയിൽ ആയിരിക്കുമ്പോൾ, അയാൾ ഏത് ഉദ്യോഗസ്ഥന്റെ കസ്റ്റഡിയിലാണോ, ആ ഉദ്യോഗസ്ഥനോട് അയാളെ കോടതി മുമ്പാകെ കൊണ്ടുവരാൻ നിർദേശിക്കുന്ന വാറന്റോ പുറപ്പെടുവിക്കേണ്ടതാകുന്നു:

എന്നാൽ, അങ്ങനെയുള്ള മജിസ്ട്രേറ്റിന് ഒരു പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൻമേലോ, മറ്റുവിവരത്തിൻമേലോ (അങ്ങനെയുള്ള റിപ്പോർട്ടിന്റെയോ, വിവരത്തിന്റെയോ സാരാംശം മജിസ്ട്രേറ്റ് റിക്കാർഡാക്കേണ്ടതാണ്) സമാധാന ലംഘനം ചെയ്യുമെന്ന് ഭയപ്പെടുവാൻ കാരണമുണ്ടെന്നും, അങ്ങനെയുള്ള സമാധാന ലംഘനം അങ്ങനെയുള്ള ആളുടെ ഉടനെയുള്ള അറസ്റ്റിനാലല്ലാതെ മറ്റുവിധത്തിൽ തടയാൻ കഴിയുകയില്ലെന്നും തോന്നുമ്പോഴെല്ലാം, മജിസ്ട്രേറ്റിന് അയാളെ അറസ്റ്റ് ചെയ്യുന്നതിന് ഏതുസമയത്തും വാറന്റ് പുറപ്പെടുവിക്കാവുന്നതാണ്.

114. സമൻസിന്റെയോ വാറന്റിന്റെയോ കൂടെ ഉത്തരവിന്റെ പകർപ്പ് ഉണ്ടായിരിക്കണമെന്ന്.— 113-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു സമൻസിന്റെയും വാറന്റിന്റെയും കൂടെ, 111-ാം വകുപ്പിൻ കീഴിൽ ചെയ്യുന്ന ഉത്തരവിന്റെ പകർപ്പുംകൂടി ഉണ്ടായിരിക്കേണ്ടതും, അങ്ങനെയുള്ള സമൻസ് നടത്തുകയോ, വാറന്റ് നടപ്പാക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥൻ, അതു നടത്തുന്നത് ആർക്കാണോ, അല്ലെങ്കിൽ അതിൻ കീഴിൽ അറസ്റ്റ് ചെയ്യുന്നത് ആരെയാണോ, അയാൾക്ക് അങ്ങനെയുള്ള പകർപ്പ് നല്കേണ്ടതുമാകുന്നു.

115. നേരിട്ട് ഹാജരാകുന്നതു വേണ്ടെന്ന് വയ്ക്കാനുള്ള അധികാരം.—മജിസ്ട്രേറ്റിന്, മതിയായ കാരണം കാണുന്നുവെങ്കിൽ, സമാധാന പാലനത്തിനോ നല്ലനടപ്പിനോ ഉള്ള ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുവാൻ ഉത്തരവ് ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കുവാൻ ആവശ്യപ്പെടപ്പെട്ട ഏതെങ്കിലും ആൾ നേരിട്ടു ഹാജരാകുന്നത് വേണ്ടെന്ന് വയ്ക്കാവുന്നതും, വക്കീൽ മുഖാന്തരം ഹാജരാകുവാൻ അയാളെ അനുവദിക്കാവുന്നതുമാണ്.

116. വിവരത്തിന്റെ സത്യാവസ്ഥയെക്കുറിച്ചുള്ള അന്വേഷണവിചാരണ.—(1) 111-ാം വകുപ്പിൻ കീഴിലുള്ള ഉത്തരവ് കോടതിയിൽ സന്നിഹിതനായിരിക്കുന്ന ഒരാളെ 112-ാം വകുപ്പിൻകീഴിൽ വായിച്ചുകേൾപ്പിക്കുകയോ അയാൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്തിട്ടുള്ളപ്പോഴോ അല്ലെങ്കിൽ 113-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച സമൻസ് അനുസരിച്ച് ഏതെങ്കിലും ആൾ മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാകുകയോ, വാറന്റ് നടപ്പാക്കി കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോഴോ, മജിസ്ട്രേറ്റ്, ഏതു വിവരത്തിൻമേലാണോ നടപടി എടുക്കപ്പെട്ടത്, ആ വിവരത്തിന്റെ സത്യാവസ്ഥയെക്കുറിച്ച് തുടർന്നു അന്വേഷണവിചാരണ ചെയ്യേണ്ടതും, ആവശ്യമെന്ന് തോന്നുന്ന കൂടുതൽ തെളിവ് എടുക്കുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള അന്വേഷണവിചാരണ, പ്രായോഗികമായതിനൊത്ത് കഴിയുന്നത്ര അടുത്തുവരത്തക്കവിധം, സമൻസ് കേസുകളിൽ വിചാരണ നടത്തുന്നതിനും തെളിവ് റിക്കാർഡാക്കുന്നതിനും ഇതിൽ ഇതിനുശേഷം നിർണ്ണയിച്ചിട്ടുള്ള രീതിയിൽ നടത്തേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അന്വേഷണ വിചാരണ ആരംഭിച്ചതിനുശേഷവും പൂർത്തിയാകുന്നതിനു മുമ്പുമായി മജിസ്ട്രേറ്റിന്, സമാധാന ലംഘനമോ, പൊതുപ്രശാന്തിക്കു കലക്കമോ, ഏതെങ്കിലും കുറ്റം ചെയ്യലോ തടയുന്നതിനോ, പൊതുരക്ഷയ്ക്കുവേണ്ടിയോ ഉടനെയുള്ള നടപടികൾ ആവശ്യമാണെന്ന് അദ്ദേഹം കരുതുന്നുവെങ്കിൽ, ആരെസംബന്ധിച്ചാണോ, 111-ാം വകുപ്പിൻ കീഴിൽ ഉത്തരവ് ചെയ്തിട്ടുള്ളത്, അയാളോട്, അന്വേഷണവിചാരണ അവസാനിക്കുന്നതുവരെ സമാധാനം പാലിക്കുവാനോ, നല്ല നടപ്പിലിരിക്കാനോ ഉള്ള ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുവാൻ ലിഖിതമായി റിക്കാർഡാക്കിയ കാരണങ്ങളാൽ നിർദേശിക്കാവുന്നതും, അങ്ങനെയുള്ള ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്നതുവരെയോ, ഒപ്പിട്ട് പൂർത്തീകരിക്കൻ വീഴ്ചവരുത്തിയാൽ അന്വേഷണ വിചാരണ അവസാനിക്കുന്നതുവരെയോ, അയാളെ കസ്റ്റഡിയിൽ തടഞ്ഞുവയ്ക്കാവുന്നതുമാണ്:

എന്നാൽ—

(ക) ആർക്കെതിരായി 108-ാം വകുപ്പിനോ 109-ാം വകുപ്പിനോ 110-ാം വകുപ്പിനോ കീഴിൽ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നില്ല, അങ്ങനെയുള്ളയാതൊരാളോടും, നല്ല നടപ്പായിരിക്കുവാനുള്ള ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന് നിർദേശിക്കാൻ പാടില്ലാത്തതും;

(ഖ) അങ്ങനെയുള്ള ബാണ്ടിന്റെ ഉപാധികൾ, അതിന്റെ തുക സംബന്ധിച്ചുള്ളതോ ജാമ്യക്കാർക്കുള്ള വ്യവസ്ഥയെയോ, അവരുടെ എണ്ണത്തെയോ അവരുടെ ബാദ്ധ്യതയുടെ ആർത്ഥികവ്യാപ്തിയോ, സംബന്ധിച്ചുള്ളതോ ആയാലും, 111-ാം വകുപ്പിൻകീഴിലുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചതിലും കൂടുതൽ ഭാരിച്ചതായിരിക്കാൻ പാടില്ലാത്തതും,
ആകുന്നു.

(4) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരാൾ പതിവുകുറ്റക്കാരനാണെന്നോ, അയാൾ ജാമ്യം കൂടാതെ സ്വതന്ത്രനായിരിക്കുന്നത് സമുദായത്തിന് അപായസാദ്ധ്യതയുള്ളതാകത്തക്ക വിധം എന്തിനും തുനിഞ്ഞവനും അപകടകാരിയും ആണെന്നോ ഉള്ള വസ്തുത സാമാന്യഖ്യാതിയുടെ തെളിവിനാലോ, മററുവിധത്തിലോ, തെളിയിക്കാവുന്നതാണ്.

(5) അന്വേഷണവിചാരണയിലുള്ള കാര്യത്തിൽ രണ്ടോ അതിലധികമോ ആളുകൾ കൂട്ടുചേർന്നിട്ടുള്ളിടത്ത്, മജിസ്ട്രേററിന് നീതിപൂർവ്വകമെന്നു തോന്നുന്നതുപോലെ അവരുടെ കാര്യം ഒരേ അന്വേഷണവിചാരണയിലോ, വെവ്വേറെ അന്വേഷണവിചാരണകളിലോ കൈകാര്യം ചെയ്യാവുന്നതാണ്.

(6) ഈ വകുപ്പിൻ കീഴിലുള്ള അന്വേഷണവിചാരണ, അതിന്റെ പ്രാരംഭത്തീയതി മുതൽ ആറുമാസക്കാലത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും, അങ്ങനെയുള്ള അന്വേഷണവിചാരണ അപ്രകാരം പൂർത്തിയാക്കുന്നില്ലെങ്കിൽ, ഈ അദ്ധ്യായത്തിൻകീഴിലുള്ള നടപടികൾ, മേൽപറഞ്ഞ കാലം കഴിയുന്നതിൻമേൽ, ലിഖിതമായി റിക്കാർഡാക്കിയ പ്രത്യേക കാരണങ്ങളാൽ, മജിസ്ട്രേററ് മററുവിധത്തിൽ നിർദേശിക്കാത്തപക്ഷം, അവസാനിച്ചതായി നിലകൊള്ളുന്നതാകുന്നു:

എന്നാൽ, അങ്ങനെയുള്ള അന്വേഷണവിചാരണ നിലവിലുള്ളപ്പോൾ ഏതെങ്കിലും ആളെ തടങ്കലിൽ വച്ചിട്ടുള്ളിടത്ത്, അയാൾക്കെതിരായ നടപടി, അതിന് മുമ്പേ അവസാനിപ്പിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള തടങ്കലിന്റെ ആറുമാസക്കാലം കഴിയുന്നതിൻമേൽ അവസാനിച്ചതായി നിലകൊള്ളുന്നതാകുന്നു.

(7) (6)-ാം ഉപവകുപ്പിൻകീഴിൽ നടപടികൾ തുടരുന്നത് അനുവദിച്ചുകൊണ്ട് ഏതെങ്കിലും നിർദേശം, പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, സെഷൻസ് ജഡ്ജിക്ക്, അത് ഏതെങ്കിലും പ്രത്യേകകാരണത്തെ അടിസ്ഥാനമാക്കിയല്ലെന്നോ അത് ന്യായരഹിതമാണെന്നോ അദ്ദേഹത്തിന് ബോദ്ധ്യമാകുന്നുവെങ്കിൽ, സങ്കടകക്ഷി അദ്ദേഹത്തിന് കൊടുക്കുന്ന അപേക്ഷയിൻമേൽ, ആ നിർദേശം ഒഴിവാക്കാവുന്നതാണ്.

117 ജാമ്യം നൽകാനുള്ള ഉത്തരവ് — അങ്ങനെയുള്ള അന്വേഷണവിചാരണയുടെ ഫലമായി, ആരെ സംബന്ധിച്ചാണോ അന്വേഷണവിചാരണ ചെയ്യുന്നത്, അയാൾ അതതു സംഗതി പോലെ, സമാധാനം പാലിക്കുന്നതിനോ, നല്ലനടപ്പിലിരിക്കുന്നതിനോ, ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്നത് ആവശ്യമാണെന്ന് തെളിയിക്കപ്പെടുന്നുവെങ്കിൽ, മജിസ്ട്രേററ് അതനുസരിച്ച് ഉത്തരവ് ചെയ്യേണ്ടതാകുന്നു:

എന്നാൽ—

(ക) യാതൊരാളോടും, 111-ാം വകുപ്പിൻകീഴിൽ ചെയ്തിട്ടുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചതിൽനിന്ന് വ്യത്യസ്തമായ പ്രകൃതമുള്ളതോ കൂടുതൽ തുകയ്ക്കുള്ളതോ കൂടുതൽ കാലത്തേയ്ക്കുള്ളതോ ആയ ജാമ്യം നല്കുന്നതിന് ഉത്തരവ് ചെയ്യാൻ പാടുള്ളതല്ലാത്തതും;

(ഖ) ഏതൊരു ബോണ്ടിന്റെയും തുക കേസിന്റെ പരിതഃസ്ഥിതികൾ യഥാവിധി പരിഗണിച്ചുകൊണ്ട്, നിശ്ചയിക്കേണ്ടതും അത്യധികമായിരിക്കുവാൻ പാടില്ലാത്തതും;

(ഗ) ആരെ സംബന്ധിച്ചാണോ അന്വേഷണവിചാരണ ചെയ്യുന്നത്, അയാൾ മൈനറാണെങ്കിൽ, ബോണ്ട് അയാളുടെ ജാമ്യക്കാരാൽ മാത്രം ഒപ്പിട്ടു പൂർത്തികരിക്കപ്പെടേണ്ടതും,

ആകുന്നു.

118. ആർക്കെതിരായാണോ വിവരം നല്കപ്പെട്ടിരിക്കുന്നത് അയാളുടെ ഡിസ്ചാർജ്.—116-ാം വകുപ്പിൻകീഴിലുള്ള അന്വേഷണവിചാരണയിന്മേൽ ആരെ സംബന്ധിച്ചാണോ അന്വേഷണവിചാരണ ചെയ്യുന്നത്, അയാൾ അതതു സംഗതിപോലെ, സമാധാനം പാലിക്കുന്നതിനോ, നല്ലനടപ്പിലിരിക്കുന്നതിനോ ഒരു ബോണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്നത് ആവശ്യമാണെന്ന് തെളിയിക്കപ്പെടുന്നില്ലെങ്കിൽ, മജിസ്ട്രേറ്റ്, റിക്കാർഡിൽ ആ അർത്ഥത്തിലുള്ള ഒരു ഉൾക്കുറിപ്പ് ചേർക്കേണ്ടതും അങ്ങനെയുള്ള ആൾ കസ്റ്റഡിയിലായിരിക്കുന്നത്, അന്വേഷണവിചാരണയുടെ ആവശ്യങ്ങൾക്കു മാത്രമാണെങ്കിൽ അയാളെ മോചിപ്പിക്കേണ്ടതും, അങ്ങനെയുള്ള ആൾ കസ്റ്റഡിയിലല്ലെങ്കിൽ, അയാളെ ഡിസ്ചാർജ് ചെയ്യേണ്ടതും ആകുന്നു.

119. ജാമ്യം ആവശ്യപ്പെട്ടിട്ടുള്ള കാലത്തിന്റെ പ്രാരംഭം.—(1) ആരെ സംബന്ധിച്ചാണോ 106-ാം വകുപ്പിനോ 117-ാം വകുപ്പിനോ കീഴിൽ ജാമ്യം ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവ് ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ അങ്ങനെയുള്ള ഉത്തരവ് ചെയ്യപ്പെടുന്ന സമയത്ത്, തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയോ, വിധിച്ചിട്ടുള്ള തടവുശിക്ഷ അനുഭവിക്കുകയോ ചെയ്യുകയാണെങ്കിൽ, അങ്ങനെ ജാമ്യം ആവശ്യപ്പെട്ടിട്ടുള്ള കാലം അങ്ങനെയുള്ള ശിക്ഷ വിധിയുടെ കാലം കഴിയുന്നതോടെ ആരംഭിക്കുന്നതാകുന്നു.

(2) മറ്റു സംഗതികളിൽ, അങ്ങനെയുള്ള കാലം, മജിസ്ട്രേറ്റ് മതിയായ കാരണത്തിന്, പിന്നീടുള്ള ഒരു തീയതി നിശ്ചയിക്കാത്തപക്ഷം, അങ്ങനെയുള്ള ഉത്തരവിന്റെ തീയതി ആരംഭിക്കുന്നതാകുന്നു.

120. ബോണ്ടിന്റെ ഉള്ളടക്കം.—അങ്ങനെയുള്ള ഏതെങ്കിലും ആൾ ഒപ്പിട്ടു പൂർത്തീകരിക്കേണ്ട ബോണ്ട്, അതതു സംഗതിപോലെ, സമാധാനം പാലിക്കുന്നതിനോ നല്ലനടപ്പിലായിരിക്കുന്നതിനോ അയാളെ ബാദ്ധ്യസ്ഥനാക്കുന്നതായിരിക്കേണ്ടതും, രണ്ടാമതു പറഞ്ഞ സംഗതിയിൽ, തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ, അതിന് പ്രേരണ നല്കുകയോ ചെയ്യുന്നത്, അത് ചെയ്യുന്നതെവിടെയായാലും, ബോണ്ടിന്റെ ലംഘനമായിരിക്കുന്നതും ആണ്.

121. ജാമ്യക്കാരെ നിരസിക്കാനുള്ള അധികാരം.—(1) മജിസ്ട്രേറ്റിന് നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും ജാമ്യക്കാരനെയോ, താനോ, തന്റെ മുൻഗാമിയോ മുമ്പ് ഈ അദ്ധ്യായത്തിൻകീഴിൽ സ്വീകരിച്ച ഏതെങ്കിലും ജാമ്യക്കാരനെയോ, അങ്ങനെയുള്ള ആൾ ബോണ്ടിന്റെ ആവശ്യങ്ങൾക്ക് പറ്റിയ ആളല്ലെന്ന കാരണത്തിൻമേൽ സ്വീകരിക്കാൻ വിസമ്മതിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ജാമ്യക്കാരനെ അപ്രകാരം സ്വീകരിക്കുവാൻ വിസമ്മതിക്കുകയോ, നിരസിക്കുകയോ ചെയ്യുന്നതിനു മുൻപ്, അദ്ദേഹം, ജാമ്യക്കാരൻ പററിയ ആളാണോ എന്നതിനെക്കുറിച്ച് ശപഥത്തിന്മേലുള്ള ഒരു അന്വേഷണവിചാരണ സ്വയം നടത്തുകയോ, തന്റെ കീഴിലുള്ള ഒരു മജിസ്ട്രേററിനെക്കൊണ്ട് അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തിക്കുകയും അതിൻമേൽ റിപ്പോർട്ട് അയപ്പിക്കുകയും ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മജിസ്ട്രേററ്, അന്വേഷണവിചാരണ നടത്തുന്നതിനു മുൻപായി, ജാമ്യക്കാരനും, ജാമ്യക്കാരനെ നിർദ്ദേശിച്ച ആളിനും, ന്യായമായ നോട്ടീസ് നല്കേണ്ടതും, അന്വേഷണവിചാരണ നടത്തുന്നതിൽ, തന്റെ മുൻപാകെ നല്കുന്ന തെളിവിന്റെ സാരാംശം റിക്കാർഡാക്കേണ്ടതുമാകുന്നു.

(3) മജിസ്ട്രേററിന്, തന്റെ മുൻപാകെയോ, (1)-ാം ഉപവകുപ്പിൻ കീഴിൽ നിയുക്തനായ ഒരു മജിസ്ട്രേററിന്റെ മുൻപാകെയോ അപ്രകാരം നല്കിയ തെളിവും, അങ്ങനെയുള്ള മജിസ്ട്രേററിന്റെ റിപ്പോർട്ടും (വല്ലതുമുണ്ടെങ്കിൽ) പരിഗണിച്ചതിനുശേഷം, ജാമ്യക്കാരൻ ബോണ്ടിന്റെ ആവശ്യങ്ങൾക്ക് പററിയ ആളല്ലെന്നു ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹം, അതതു സംഗതിപോലെ, അങ്ങനെയുള്ള ജാമ്യക്കാരനെ, സ്വീകരിക്കുവാൻ വിസമ്മതിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ, അപ്രകാരം ചെയ്യുന്നതിന് തനിക്കുള്ള കാരണങ്ങൾ റിക്കാർഡാക്കിക്കൊണ്ട്, ഉത്തരവ് ചെയ്യേണ്ടതാകുന്നു:

എന്നാൽ, മുമ്പ് സ്വീകരിച്ച ഏതെങ്കിലും ജാമ്യക്കാരനെ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് ചെയ്യുന്നതിനുമുൻപായി, മജിസ്ട്രേററ്, യുക്തമെന്നു തോന്നുന്നതുപോലെ, തന്റെ സമൻസോ വാറന്റോ പുറപ്പെടുവിക്കുകയും ആർക്കുവേണ്ടിയാണോ ജാമ്യക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നത്, അയാൾ തന്റെ മുൻപാകെ ഹാജരാകാനോ കൊണ്ടുവരപ്പെടാനോ ഇടയാക്കുകയും ചെയ്യേണ്ടതാകുന്നു.

122. <u>ജാമ്യം നല്കാൻ വീഴ്ച വരുത്തിയാലുള്ള തടവ്.</u>—(1) (ക) 108-ാം വകുപ്പിനോ 117-ാം വകുപ്പിനോ കീഴിൽ ജാമ്യം നല്കാൻ ഉത്തരവ് ചെയ്യപ്പെട്ട ഏതെങ്കിലും ആൾ, അങ്ങനെയുള്ള ജാമ്യം നല്കേണ്ട കാലം ആരംഭിക്കുന്ന തീയതിയോ അതിനുമുമ്പോ അങ്ങനെയുള്ള ജാമ്യം നല്കുന്നില്ലെങ്കിൽ, അങ്ങനെയുള്ള കാലം കഴിയുന്നതുവരെക്കോ, അങ്ങനെയുള്ള കാലത്തിനുള്ളിൽ ജാമ്യം ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന കോടതിക്കോ മജിസ്ട്രേററിനോ അയാൾ ജാമ്യം നല്കുന്നതുവരെയ്ക്കോ, അയാളെ, ഇതിനുശേഷം എടുത്തുപറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ കാരാഗൃഹത്തിലേക്ക് കമ്മിററ് ചെയ്യുകയോ, അയാൾ അതിനുമുമ്പേതന്നെ കാരാഗൃഹത്തിൽ ആണെങ്കിൽ, കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കുകയോ ചെയ്യേണ്ടതാകുന്നു.

(ഖ) ഏതെങ്കിലും ആൾ 117-ാം വകുപ്പിൻകീഴിലുള്ള മജിസ്ട്രേററിന്റെ ഉത്തരവനുസരിച്ച് ജാമ്യക്കാരോടുകൂടിയതല്ലാത്ത ഒരു ബോണ്ട് ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതിനുശേഷം, ആ ബോണ്ട് ലംഘിച്ചിട്ടുള്ളതായി അങ്ങനെയുള്ള മജിസ്ട്രേററിനോ അദ്ദേഹത്തിന്റെ ഔദ്യോഗിക പിൻഗാമിക്കോ ബോദ്ധ്യപ്പെടത്തക്കവിധം തെളിയിക്കപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള മജിസ്ട്രേററിനോ ഔദ്യോഗിക പിൻഗാമിക്കോ അങ്ങനെ തെളിയിച്ചതിന്റെ കാരണങ്ങൾ റിക്കാർഡാക്കിയതിനുശേഷം ആ ആളെ അറസ്ററ് ചെയ്യാനും ബോണ്ടിന്റെ കാലാവധി അവസാനിക്കുന്നതുവരെ തടങ്കലിൽ വയ്ക്കുവാനും ഉത്തരവു ചെയ്യാവുന്നതും, അങ്ങനെയുള്ള ഉത്തരവ് നിയമപ്രകാരം ആ ആൾ അർഹിക്കുന്ന മറേറതെങ്കിലും ശിക്ഷയ്ക്കോ കണ്ടുകെട്ടലിനോ ഭംഗം വരാത്തവിധമുള്ളതായിരിക്കുന്നതും ആണ്.

(2) അങ്ങനെയുള്ള ആളോട്, മജിസ്ട്രേററ് ഒരു വർഷത്തിൽ കവിയുന്ന കാലത്തേക്ക് ജാമ്യം നല്കുവാൻ ഉത്തരവ് ചെയ്തിട്ടുള്ളപ്പോൾ, മേല്പറഞ്ഞ പോലെ അയാൾ അങ്ങനെയുള്ള ജാമ്യം നല്കുന്നില്ലെങ്കിൽ, ആ മജിസ്ട്രേററ് സെഷൻസ് ജഡ്ജിയുടെ ഉത്തരവുവരെ അയാളെ കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കുവാൻ നിർദേശിച്ചുകൊണ്ടുള്ള വാറണ്ട് പുറപ്പെടുവിക്കുകയും, ആ നടപടികൾ സൗകര്യമായിടത്തോളം വേഗത്തിൽ, അങ്ങനെയുള്ള കോടതി മുൻപാകെ വയ്ക്കുകയും ചെയ്യേണ്ടതുമാകുന്നു.

(3) അങ്ങനെയുള്ള കോടതിക്ക്, ആ നടപടികൾ പരിശോധിക്കുകയും, ആവശ്യകമായി തോന്നുന്ന തുടർന്നുള്ള ഏതെങ്കിലും വിവരമോ, തെളിവോ മജിസ്ട്രേററിനോടാവശ്യപ്പെടുകയും ചെയ്തതിനുശേഷവും, ബന്ധപ്പെട്ട ആൾക്ക് പറയുവാനുള്ളത് ബോധിപ്പിക്കാൻ ന്യായമായ അവസരം നല്കിയതിനുശേഷവും, ആ കേസ്സിൽ യുക്തമെന്നു തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതാണ്;

എന്നാൽ, ജാമ്യം നല്കാത്തതിന് ഏതെങ്കിലും ആളെ തടവിൽ വയ്ക്കുന്ന കാലം (വല്ലതുമുണ്ടെങ്കിൽ) മൂന്നു വർഷത്തിൽ കവിയുവാൻ പാടുള്ളതല്ല.

(4) ഒരേ നടപടിയിൽ രണ്ടോ അതിലധികമോ ആളുകളിൽനിന്ന്, ജാമ്യം ആവശ്യപ്പെട്ടിരിക്കുകയും, അവരിൽ ആരെയെങ്കിലും സംബന്ധിച്ച് നടപടികൾ സെഷൻസ് ജഡ്ജിക്ക് (2)-ാം ഉപവകുപ്പിൻകീഴിൽ റഫർ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള റഫറൻസിൽ, ജാമ്യം നല്കുവാൻ ഉത്തരവ് ചെയ്യപ്പെട്ട അങ്ങനെയുള്ള ആളുകളിൽ മററ് ഏതെങ്കിലും ആളുടേയും കേസ്സും ഉൾപ്പെടേണ്ടതും, ആ സംഗതിയിൽ, (2)-ം (3)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ അങ്ങനെയുള്ള മററ് ആളുടെ കേസ്സിനു കൂടി ബാധകമാകുന്നതുമാണ്. എന്നാൽ അയാളെ തടവിൽ വയ്ക്കാവുന്ന കാലം (വല്ലതുമുണ്ടെങ്കിൽ), അയാളോട് ജാമ്യം നല്കുവാനുത്തരവ് ചെയ്യപ്പെട്ട കാലത്തിൽ കവിയാൻ പാടുള്ളതല്ല.

(5) സെഷൻസ് ജഡ്ജിക്ക് (2)-ാം ഉപവകുപ്പിനോ (4)-ാം ഉപവകുപ്പിനോ കീഴിൽ തന്റെ മുമ്പാകെ വയ്ക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും നടപടികൾ സ്വവിവേകം ഉപയോഗിച്ച് അഡീഷണൽ സെഷൻസ് ജഡ്ജിക്കോ അസിസ്റ്റന്റ് സെഷൻസ് ജഡ്ജിക്കോ മാററാവുന്നതും, അങ്ങനെ മാററുന്നതിൻമേൽ അങ്ങനെയുള്ള അഡീഷണൽ സെഷൻസ് ജഡ്ജിക്കോ, അസിസ്റ്റന്റ് സെഷൻസ് ജഡ്ജിക്കോ അങ്ങനെയുള്ള നടപടികൾ സംബന്ധിച്ച് ഈ വകുപ്പിൻകീഴിൽ സെഷൻസ് ജഡ്ജിക്കുള്ള അധികാരങ്ങൾ പ്രയോഗിക്കാവുന്നതും ആണ്.

(6) ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് ജാമ്യം ടെൻഡർ ചെയ്യുന്നുവെങ്കിൽ, അയാൾ, ഉടനടി, ആ കാര്യം ഉത്തരവു ചെയ്ത കോടതിക്കോ, മജിസ്ട്രേററിനോ റഫർ ചെയ്യുകയും അങ്ങനെയുള്ള കോടതിയുടേയോ മജിസ്ട്രേററിന്റെയോ ഉത്തരവ് കാത്തിരിക്കുകയും ചെയ്യേണ്ടതാകുന്നു.

(7) സമാധാന പാലനത്തിനുള്ള ജാമ്യം നല്കാത്തതിനുള്ള തടവ് വെറും തടവായിരിക്കുന്നതാണ്.

(8) നല്ല നടപ്പിന് ജാമ്യം നല്കാത്തതിനുള്ള തടവ് നടപടികൾ 108-ാം വകുപ്പിൻകീഴിൽ എടുക്കപ്പെട്ടിരിക്കുന്നിടത്ത്, വെറും തടവായിരിക്കുന്നതും, നടപടികൾ 109-ാം വകുപ്പിനോ, 110-ാം വകുപ്പിനോ കീഴിൽ എടുക്കപ്പെട്ടിരിക്കുന്നിടത്ത്, ഓരോ കേസിലും കോടതിയോ, മജിസ്ട്രേററോ നിർദേശിക്കുന്നതുപോലെ കഠിനതടവോ വെറുംതടവോ ആയിരിക്കുന്നതുമാകുന്നു.

123. ജാമ്യം നല്കാത്തതിന് തടവിലാക്കപ്പെട്ട ആളുകളെ മോചിപ്പിക്കാനുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിൻകീഴിൽ ജാമ്യം നല്കാത്തതിന് തടവിലാക്കപ്പെട്ട ഏതെങ്കിലും ആളെ സമുദായത്തിനോ, മറേറതെങ്കിലും ആരംക്കോ അപായസാദ്ധ്യത കൂടാതെ മോചിപ്പിക്കാമെന്ന് ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്, അഭിപ്രായമുള്ള പ്പോഴെല്ലാം, അദ്ദേഹത്തിന് അങ്ങനെയുള്ള ആളെ ഡിസ്ചാർജ് ചെയ്യാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

(2) ഏതെങ്കിലും ആരം ഈ അദ്ധ്യായത്തിൻകീഴിൽ ജാമ്യം നല്കാത്തതിന് തടവിലാക്കപ്പെട്ടിട്ടുള്ളപ്പോഴെല്ലാം ഹൈക്കോടതിക്കോ, സെഷൻസ് കോടതിക്കോ, ഉത്തരവ് മറേറതെങ്കിലും കോടതി ചെയ്തിട്ടുള്ളിടത്ത്, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനോ, ജാമ്യത്തിന്റെ തുകയോ, ജാമ്യക്കാരുടെ എണ്ണമോ, ജാമ്യം ആവശ്യപ്പെട്ടിട്ടുള്ള കാലമോ കുറച്ചുകൊണ്ട് ഉത്തരവ് ചെയ്യാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഉത്തരവ് അങ്ങനെയുള്ള ആളെ, ഉപാധികരം കൂടാതെയോ, അയാരം സ്വീകരിക്കുന്ന ഏതെങ്കിലും ഉപാധികളിൻമേലോ, ഡിസ്ചാർജ് ചെയ്യാൻ നിദേശിക്കാവുന്നതാണ് :

എന്നാൽ, ചുമത്തപ്പെടുന്ന ഏതെങ്കിലും ഉപാധി, അങ്ങനെയുള്ള ആളോട് ജാമ്യം നൽകുവാൻ ഉത്തരവ് ചെയ്യപ്പെട്ട കാലം കഴിയുമ്പോരം, പ്രവർത്തനരഹിതമാകുന്നതാണ്.

(4) സോപാധികമായി ഡിസ്ചാർജ് ഏത് ഉപാധികളിൻമേൽ ചെയ്യാമെന്ന് സ്റേററ് ഗവൺമെൻറിന്, നിർണ്ണയിക്കാവുന്നതാണ്.

(5) ഏതെങ്കിലും ആരം ഡിസ്ചാർജ് ചെയ്യപ്പെട്ടിട്ടുള്ളത് ഏത് ഉപാധിയിൻമേലാണോ, അങ്ങനെയുള്ള ഏതെങ്കിലും ഉപാധി, ഡിസ്ചാർജ് ഉത്തരവ് ചെയ്ത ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെയോ, അദ്ദേഹത്തിന്റെ പിൻഗാമിയുടേയോ അഭിപ്രായത്തിൽ, നിറവേററിയിട്ടില്ലെങ്കിൽ, അദ്ദേഹത്തിന് ആ ഉത്തരവ് റദ്ദാക്കാവുന്നതാണ്.

(6) സോപാധികമായ ഡിസ്ചാർജ് ഉത്തരവ് (5)-ാം ഉപവകുപ്പിൻ കീഴിൽ റദ്ദാക്കപ്പെട്ടിട്ടുള്ളപ്പോരം അങ്ങനെയുള്ള ആളെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് വാറണ്ടുകൂടാതെ അറസ്ററ് ചെയ്യാവുന്നതും അങ്ങനെ ചെയ്യുന്നതായാൽ അയാളെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ മുൻപാകെ ഹാജരാക്കേണ്ടതുമാകുന്നു.

(7) അങ്ങനെയുള്ള ആരം അയാളെ ആദ്യമായി കമ്മിററ്ചെയ്തതോ തടഞ്ഞുവയ്ക്കുവാൻ ഉത്തരവ് ചെയ്തതോ ആയ കാലാവധിയുടെ, കഴിയാൻ ബാക്കിയുള്ള ഭാഗത്തേയ്ക്ക്, മൂല ഉത്തരവിലെ നിബന്ധനകരംക്കനുസൃതമായി, ജാമ്യം നല്കാത്തപക്ഷം, (അങ്ങനെയുള്ള ഭാഗം, ഡിസ്ചാർജിന്റെ ഉപാധികരം ലംഘിച്ച തീയതിക്കും, അങ്ങനെയുള്ള സോപാധികമായ ഡിസ്ചാർജ് ഇല്ലായിരുന്നില്ലെങ്കിൽ, അയാരംക്ക് മോചനത്തിന് അവകാശമുണ്ടാകുമായിരുന്ന തീയതിക്കും ഇടയ്ക്കുള്ള കാലത്തിന് തുല്യമായ കാലമായി കരുതപ്പെടുന്നതാണ) ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്, അങ്ങനെയുള്ള ആളെ, അങ്ങനെ കഴിയാൻ ബാക്കിയുള്ള ഭാഗം അനുഭവിക്കുവാൻ, കാരാഗൃഹത്തിലേയ്ക്ക് റിമാൻഡ് ചെയ്യാവുന്നതാണ്.

(8) (7)-ാം ഉപവകുപ്പിൻകീഴിൽ കാരാഗൃഹത്തിലേയ്ക്ക് റിമാൻഡ് ചെയ്യപ്പെടുന്ന ഒരാരം മേല്പറഞ്ഞ, കഴിയാൻ ബാക്കിയുള്ള ഭാഗത്തേയ്ക്ക് മൂല ഉത്തരവിലെ നിബന്ധനകരംക്കനുസൃതമായി, അങ്ങനെയുള്ള ഉത്തരവ് ചെയ്ത

കോടതിയ്ക്കോ, മജിസ്ട്രേററിന്നോ, അല്ലെങ്കിൽ അതിൻെറയോ അദ്ദേഹത്തിൻെറയോ പിൻഗാമിയോ, ജാമ്യം നല്കുന്നതായാൽ ഏതുസമയത്തും 122-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി മോചിപ്പിക്കപ്പെടേണ്ടതാകുന്നു.

(9) ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ, അത് ചെയ്ത ഏതെങ്കിലും ഉത്തരവുപ്രകാരം ഈ അദ്ധ്യായത്തിൻകീഴിൽ ഒപ്പിട്ട് പൂർത്തീകരിക്കപ്പെട്ടതും സമാധാനപാലനമോ നല്ല നടപ്പോ ഉള്ളതുമായ ഏതെങ്കിലും ബാണ്ട് ലിഖിതമായി റിക്കാർഡാക്കപ്പെടേണ്ട മതിയായ കാരണങ്ങളിൻമേൽ റദ്ദാക്കാവുന്നതും, അങ്ങനെയുള്ള ബാണ്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിൻെറ ഉത്തരവിൻകീഴിലോ അദ്ദേഹത്തിൻെറ ജില്ലയിലുള്ള മറേറതെങ്കിലും കോടതിയുടെ ഉത്തരവിൻകീഴിലോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള റദ്ദാക്കൽ അദ്ദേഹത്തിന് ചെയ്യാവുന്നതും ആകുന്നു.

(10) ഈ അദ്ധ്യായത്തിൻകീഴിൽ ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കാൻ ഉത്തരവ് ചെയ്യപ്പെട്ട മററാരാളുടെ സമാധാനപരമായ നടത്തയ്ക്കോ നല്ല നടപ്പിനോ ഉള്ള ഏതെങ്കിലും ജാമ്യക്കാരന് അങ്ങനെ ഉത്തരവ് ചെയ്യുന്ന കോടതിയോട് ആ ബാണ്ട് റദ്ദാക്കാൻ ഏത് സമയത്തും അപേക്ഷിക്കാവുന്നതും; അങ്ങനെ അപേക്ഷ ചെയ്യുന്നതിൻമേൽ, കോടതി, ആർക്ക് വേണ്ടിയാണ് അങ്ങനെയുള്ള ജാമ്യക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നത്, അയാൾ തൻെറ മുമ്പാകെ ഹാജരാകാനോ കൊണ്ടുവരപ്പെടാനോ ആവശ്യപ്പെട്ടുകൊണ്ട് അതിന് യുക്തമെന്ന് തോന്നുന്നതുപോലെ സമൻസോ വാറണ്ടോ പുറപ്പെടുവിക്കേണ്ടതാകുന്നു.

124. ബാണ്ടിൻെറ കഴിയാൻ ബാക്കിയുള്ള കാലത്തേയ്ക്കുള്ള ജാമ്യം.— (1) ആര് ഹാജരാകുന്നതിനാണോ 121-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയ്ക്കോ, 123-ാം വകുപ്പ് (10)-ാം ഉപവകുപ്പിനോ കീഴിൽ, സമൻസോ വാറണ്ടോ പുറപ്പെടുവിച്ചിട്ടുള്ളത്, അയാൾ മജിസ്ട്രേററിൻെറയോ, കോടതിയുടെയോ മുൻപാകെ ഹാജരാകുകയോ കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, മജിസ്ട്രേററോ കോടതിയോ, അങ്ങനെയുള്ളയാൾ ഒപ്പിട്ടു പൂർത്തീകരിച്ച ബാണ്ട് റദ്ദാക്കുകയും, അങ്ങനെയുള്ള ബാണ്ടിൻെറ കഴിയാൻ ബാക്കിയുള്ള കാലത്തേയ്ക്ക്, ആദ്യത്തെ ജാമ്യത്തിൻെറ അതേ തരത്തിലുള്ള പുതിയ ജാമ്യം നല്കുവാൻ അയാളോട് ഉത്തരവ് ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഏതൊരു ഉത്തരവും, 120 മുതൽ 123 വരെ (രണ്ടും ഉൾപ്പെടെ) വകുപ്പുകളുടെ ആവശ്യങ്ങൾക്കായി, അതതുസംഗതിപോലെ 106-ാം വകുപ്പിനോ 117-ാം വകുപ്പിനോ കീഴിൽ പുറപ്പെടുവിക്കപ്പെട്ട ഉത്തരവായി കരുതപ്പെടുന്നതാകുന്നു.

## അദ്ധ്യായം IX

## ഭാര്യമാരുടേയും, കുട്ടികളുടേയും മാതാപിതാക്കൻമാരുടേയും സംരക്ഷണത്തിനുള്ള ഉത്തരവ്

125. ഭാര്യമാരുടേയും കുട്ടികളുടേയും മാതാപിതാക്കൻമാരുടേയും സംരക്ഷണത്തിനുള്ള ഉത്തരവ്.— (1) മതിയായ ധനാഗമമാർഗ്ഗങ്ങളുണ്ടായിരിക്കെ ഏതെങ്കിലും ആൾ—

(ക) തൻെറ, സ്വയം സംരക്ഷിക്കുവാൻ കഴിവില്ലാത്ത ഭാര്യയെ, അല്ലെങ്കിൽ

(ഖ) തൻെറ സ്വയം സംരക്ഷിക്കുവാൻ കഴിയാത്തതും മൈനറുമായ നിയമാനുസൃതവേഴ്ചയിലുണ്ടായതോ നിയമവിരുദ്ധവേഴ്ചയിലുണ്ടായതോ ആയ കുട്ടിയെ, വിവാഹം കഴിച്ചതോ കഴിക്കാത്തതോ ആയാലും, അല്ലെങ്കിൽ

(ഗ) തന്റെ മേജർ ആയതും നിയമാനുസൃതവേഴ്ചയാലുണ്ടായതോ നിയമവിരുദ്ധവേഴ്ചയാലുണ്ടായതോ ആയതുമായ (വിവാഹിതയായ മകളല്ലാത്ത) കുട്ടിയെ ആകുട്ടിക്ക് ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും വൈകൃതമോ ക്ഷതിയോ കാരണമായി സ്വയം സംരക്ഷിക്കാൻ കഴിയാത്തിടത്ത്, അല്ലെങ്കിൽ

(ഘ) തന്റെ, സ്വയം സംരക്ഷിക്കുവാൻ കഴിയാത്ത, പിതാവിനെ അല്ലെങ്കിൽ മാതാവിനെ,

സംരക്ഷിക്കുന്നതിൽ ഉപേക്ഷ വരുത്തുകയോ, സംരക്ഷിക്കുവാൻ വിസമ്മതിക്കുകയോ ചെയ്യുന്നുവെങ്കിൽ,

അങ്ങനെയുള്ള ഉപേക്ഷയോ, വിസമ്മതമോ തെളിയിക്കുന്നതിൻമേൽ, ഒരു ഒന്നാം ക്ലാസ്സ് മജിസ്ട്രേററിന്, യുക്തമെന്നു തോന്നുന്നതും ഒട്ടാകെ പ്രതിമാസം അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ നിരക്കിൽ, അയാളുടെ ഭാര്യയുടേയോ, അങ്ങനെയുള്ള കുട്ടിയുടേയോ, പിതാവിന്റേയോ, മാതാവിന്റേയോ, സംരക്ഷണത്തിന് ഒരു പ്രതിമാസ ബത്ത വകയിരുത്തുവാനും അത് മജിസ്ട്രേററ് അതതുസമയം നിദേശിക്കുന്നയാൾക്ക് നല്കുവാനും അയാളോട് ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നാൽ, (ഖ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മൈനറായ ഒരു പെൺകുട്ടിയുടെ പിതാവിനോട്, അങ്ങനെയുള്ള ബത്ത അങ്ങനെയുള്ള മൈനറായ പെൺകുട്ടി വിവാഹിതയാണെങ്കിൽ അവളുടെ ഭർത്താവിന് മതിയായ ധനാഗമമാർഗ്ഗങ്ങളില്ലെന്ന് മജിസ്ട്രേററിന് ബോദ്ധ്യമാകുന്നുവെങ്കിൽ, അവൾ മേജറാകുന്നതുവരെ, നല്കുവാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

വിശദീകരണം.—ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്,—

(1) (ക) "മൈനർ" എന്നാൽ, ഇൻഡ്യൻ മെജാറിററി ആക്ററ്, 1875 (1875-ലെ 9)-ലെ വ്യവസ്ഥകൾക്കു കീഴിൽ മേജറായിട്ടില്ലാത്തതായി കരുതപ്പെടുന്ന ഒരാളെന്നർത്ഥമാകുന്നു ;

(ഖ) "ഭാര്യ" എന്നതിൽ, തന്റെ ഭർത്താവിനാൽ വിവാഹമോചനം ചെയ്യപ്പെടുകയോ, തന്റെ ഭർത്താവിൽനിന്ന് വിവാഹമോചനം ലഭിക്കുകയോ ചെയ്യുകയും പുനർവിവാഹം കഴിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന സ്ത്രീ ഉൾപ്പെടുന്നു.

(2) അങ്ങനെയുള്ള ബത്ത, ഉത്തരവിന്റെ തീയതി മുതല്ക്കോ അല്ലെങ്കിൽ, അപ്രകാരം ഉത്തരവ് ചെയ്യുന്നുവെങ്കിൽ, സംരക്ഷണത്തിനുള്ള അപേക്ഷയുടെ തീയതി മുതല്ക്കോ നല്കപ്പെടാനുള്ളതാണ്.

(3) അപ്രകാരം ഉത്തരവുചെയ്യപ്പെട്ട ഏതെങ്കിലും ആൾ, മതിയായ കാരണം കൂടാതെ ഉത്തരവ് അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും മജിസ്ട്രേററിന്, ഉത്തരവിന്റെ ഓരോ ലംഘനത്തിനും, കൊടുക്കാനുള്ള തുക പിഴകൾ ലെവി ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ, ലെവിചെയ്യുന്നതിന് വാറന്റ് പുറപ്പെടുവിക്കാവുന്നതും, വാറന്റ് നടപ്പാക്കിയതിനുശേഷം ഓരോ മാസത്തെ ബത്തയിലും, കൊടുക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകയ്ക്കോ, ഏതെങ്കിലും ഭാഗത്തിനോ അങ്ങനെയുള്ള ആൾക്ക് ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്കോ, അതിനുമുമ്പ് പണം കൊടുക്കുന്നുവെങ്കിൽ അതുവരെയോ, ഉള്ള തടവുശിക്ഷ വിധിക്കാവുന്നതും ആണ് :

എന്നാൽ, ഈ വകുപ്പിൻകീഴിൽ കൊടുക്കാനുള്ള ഏതെങ്കിലും തുക വസൂലാക്കുന്നതിന്, അത് കൊടുക്കാനുള്ളതായിത്തീർന്ന തീയതിമുതൽ ഒരു വർഷത്തെ കാലത്തിനുള്ളിൽ അങ്ങനെയുള്ള തുക ലെവിചെയ്യുവാൻ കോടതിക്ക് അപേക്ഷ ബോധിപ്പിക്കാത്തപക്ഷം, വാറന്റ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള ആൾ, തന്റെ ഭാര്യ തന്നോടുകൂടെ ജീവിയ്ക്കണമെന്ന ഉപാധിയിൻമേൽ അവളെ സംരക്ഷിക്കാമെന്ന് ആഫർചെയ്യുകയും അവൾ അയാളോടുകൂടെ ജീവിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള മജിസ്ട്രേററിന്, അവളുടെ വിസമ്മതത്തിന്, അവൾ പ്രസ്താവിക്കുന്ന ഏതെങ്കിലും കാരണങ്ങൾ പരിഗണിക്കാവുന്നതും, ഈ വകുപ്പിൻകീഴിൽ ഉത്തരവുചെയ്യുവാൻ ന്യായമായ കാരണമുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള ആഫർ ഉണ്ടെന്നിരിക്കിലും അപ്രകാരം ഉത്തരവ് ചെയ്യാവുന്നതുമാണ്.

വിശദീകരണം :—ഭർത്താവ് മറെറാരു സ്ത്രീയെ വിവാഹം കഴിച്ചിരിക്കുകയോ, അല്ലെങ്കിൽ വെപ്പാട്ടിയെ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അത് അയാളുടെ ഭാര്യയ്ക്ക് അയോളോടുകൂടെ ജീവിക്കാൻ വിസമ്മതിക്കുന്നതിനുള്ള ന്യായമായ കാരണമായി പരിഗണിക്കപ്പെടുന്നതാകുന്നു.

(4) ഈ വകുപ്പിൻകീഴിൽ ഒരു ഭാര്യയ്ക്കും, അവൾ വ്യഭിചാരജീവിതം നയിക്കുകയാണെങ്കിലോ, മതിയായ കാരണംകൂടാതെ അവളുടെ ഭർത്താവിനോടുകൂടെ ജീവിക്കാൻ വിസമ്മതിക്കുകയാണെങ്കിലോ, അവർ പരസ്പര സമ്മതപ്രകാരം വേറിട്ട് താമസിക്കുകയാണെങ്കിലോ അവളുടെ ഭർത്താവിൽ നിന്ന് ബത്ത കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(5) ആർക്ക് അനുകൂലമായാണോ ഈ വകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവ് പാസ്സാക്കിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ഭാര്യ വ്യഭിചാരജീവിതം നയിക്കുകയാണെന്നോ മതിയായ കാരണം കൂടാതെ ഭർത്താവിനോടുകൂടെ ജീവിക്കാൻ വിസമ്മതിക്കുകയാണെന്നോ അവർ പരസ്പര സമ്മത പ്രകാരം വേറിട്ട് താമസിക്കുകയാണെന്നോ തെളിയിക്കുന്നതിൻമേൻ മജിസ്ട്രേററ് ഉത്തരവ് റദ്ദാക്കേണ്ടതാണ്.

126. നടപടിക്രമം.—(1) ഏതെങ്കിലും ആൾക്ക് എതിരായി ഈ വകുപ്പിൻ കീഴിലുള്ള നടപടികൾ—

(ക) അയാൾ ഉള്ളതോ,

(ഖ) അയാളോ അയാളുടെ ഭാര്യയോ താമസിക്കുന്നതോ,

(ഗ) അയാൾ ഒടുവിൽ, അതതു സംഗതിപോലെ, അയാളുടെ ഭാര്യയോടുകൂടെയോ അല്ലെങ്കിൽ നിയമവിരുദ്ധമായ വേഴ്ചയിൽ ഉണ്ടായ കുട്ടിയുടെ അമ്മയോടുകൂടെയോ താമസിച്ചിരുന്നതോ,

ആയ ഏത് ജില്ലയിലും എടുക്കാവുന്നതാണ്.

(2) അങ്ങനെയുള്ള നടപടികളിലെ എല്ലാ തെളിവും, ആർക്കെതിരായാണോ സംരക്ഷണം നല്കാനുള്ള ഉത്തരവ് ചെയ്യാൻ നിർദ്ദേശമുള്ളത്, അയാളുടെ സാന്നിദ്ധ്യത്തിലോ അല്ലെങ്കിൽ, അയാൾനേരിട്ട് ഹാജരാകുന്നത് വേണ്ടെന്ന്‌വയ്ക്കുമ്പോൾ, അയാളുടെ വക്കീലിന്റെ സാന്നിദ്ധ്യത്തിലോ എടുക്കേണ്ടതും, സമൻസ് കേസ്സുകൾക്ക് നിർണ്ണയിച്ച രീതിയിൽ റിക്കാർഡാക്കേണ്ടതുമാകുന്നു :

എന്നാൽ, ആർക്കെതിരായാണോ സംരക്ഷണം നല്കാനുള്ള ഉത്തരവു ചെയ്യാൻ നിർദ്ദേശമുള്ളത്, ആ ആൾ, നടത്തൽ മനഃപൂർവ്വം ഒഴിവാക്കുകയോ കോടതിയിൽ ഹാജരാകാൻ മനഃപൂർവ്വം ഉപേക്ഷ കാണിക്കുകയോ ചെയ്യുകയാണെന്ന് മജിസ്ട്രേററിന് ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹത്തിന്

കേസ് എക്സ്പാർട്ടിയായി കേട്ടുതീരുമാനിക്കാവുന്നതും, അപ്രകാരം ചെയ്യപ്പെട്ട ഏതെങ്കിലും ഉത്തരവ്, അതിന്റെ തീയതി മുതൽ മൂന്നുമാസത്തിനകം കൊടുക്കുന്ന അപേക്ഷയിൻമേൽ തക്കതായ കാരണം കാണിക്കുന്നതായാൽ, എതിർകക്ഷിയ്ക്കു കോടതിച്ചെലവ് കൊടുക്കാനുള്ള നിബന്ധന ഉൾപ്പെടെ മജിസ്ട്രേററിന് നീതിപൂർവ്വകവും ഉചിതവുമാണെന്ന് തോന്നുന്ന നിബന്ധനകൾക്ക് വിധേയമായി, അസ്ഥിരപ്പെടുത്താവുന്നതുമാണ്.

(3) 125-ാം വകുപ്പിൻകീഴിലുള്ള അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ കോടതിക്ക് കോടതിച്ചെലവ് സംബന്ധിച്ച് നീതിപൂർവ്വകമായ ഉത്തരവ് പാസ്സാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

127. ബത്ത വ്യത്യാസപ്പെടുത്തൽ.—(1) 125-ാം വകുപ്പിൻകീഴിൽ പ്രതിമാസ ബത്ത കിട്ടുന്ന ഏതെങ്കിലും ആളുടേയോ, അല്ലെങ്കിൽ അതേ വകുപ്പിൻ കീഴിൽ, അതതുസംഗതിപോലെ, അയാളുടെ ഭാര്യയ്ക്കോ, കുട്ടിക്കോ പിതാവിനോ, മാതാവിനോ, പ്രതിമാസ ബത്ത കൊടുക്കുവാൻ ഉത്തരവുചെയ്യപ്പെട്ട ഒരാളുടേയോ, പരിതഃസ്ഥിതികളിൽ മാററം ഉണ്ടായിട്ടുള്ളതായി തെളിയിക്കപ്പെടുന്നതിൻമേൽ, മജിസ്ട്രേററിന്, ബത്തയിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന വ്യത്യാസം വരുത്താവുന്നതാണ് :

എന്നാൽ, അദ്ദേഹം ബത്ത വർദ്ധിപ്പിക്കുന്നുവെങ്കിൽ, ഒട്ടാകെയുള്ള അഞ്ഞൂറുരൂപയുടെ പ്രതിമാസ നിരക്കിൽ കവിയാൻ പാടുള്ളതല്ല.

(2) ക്ഷമതയുള്ള ഒരു സിവിൽകോടതിയുടെ ഏതെങ്കിലും തീരുമാനത്തിന്റെ അനന്തരഫലമായി, 125-ാം വകുപ്പിൻകീഴിൽ ചെയ്തിട്ടുള്ള ഏതെങ്കിലും ഉത്തരവ് റദ്ദാക്കണമെന്നോ വ്യത്യാസപ്പെടുത്തണമെന്നോ മജിസ്ട്രേററിന് തോന്നുന്നിടത്ത്, അദ്ദേഹം, അതതു സംഗതിപോലെ, അതനുസരിച്ച് ആ ഉത്തരവ് റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യേണ്ടതാകുന്നു.

(3) തന്റെ ഭർത്താവിനാൽ വിവാഹമോചനം ചെയ്യപ്പെടുകയോ തന്റെ ഭർത്താവിൽനിന്ന് വിവാഹമോചനം ലഭിക്കുകയോ ചെയ്ത ഒരു സ്ത്രീക്ക് അനുകൂലമായി 125-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, മജിസ്ട്രേററ്—

(ക) അങ്ങനെയുള്ള ഉത്തരവിന്റെ തീയതിക്ക് ശേഷം ആ സ്ത്രീ പുനർവിവാഹം ചെയ്തിട്ടുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ആ ഉത്തരവ് പുനർവിവാഹത്തിന്റെ തീയതി മുതല്ക്ക്, റദ്ദാക്കേണ്ടതും,

(ഖ) ആ സ്ത്രീ ഭർത്താവിനാൽ വിവാഹമോചനം ചെയ്യപ്പെടുകയും കക്ഷികൾക്ക് ബാധകമായ ഏതെങ്കിലും ആചാരാധിഷ്ഠിതനിയമത്തിനോ വ്യക്തിനിയമത്തിനോ കീഴിൽ അങ്ങനെയുള്ള വിവാഹമോചനത്തിൻമേൽ കൊടുക്കപ്പെടേണ്ട മുഴുവൻതുകയും, മുൻപറഞ്ഞ ഉത്തരവിന്റെ തീയതിക്ക് മുമ്പോ പിമ്പോ ആയാലും, അവൾക്ക് കിട്ടിയിട്ടുണ്ടെന്നും മജിസ്ട്രേററിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ—

(i) അങ്ങനെയുള്ള തുക അങ്ങനെയുള്ള ഉത്തരവിന് മുമ്പ് കൊടുക്കപ്പെട്ടിട്ടുള്ള സംഗതിയിൽ, അങ്ങനെയുള്ള ഉത്തരവ് ചെയ്ത തീയതി മുതല്ക്കും ;

(ii) മറേറതെങ്കിലും സംഗതിയിൽ ഏതു കാലാവധിക്കാണോ ആ സ്ത്രീക്ക് ഭർത്താവ് യഥാർത്ഥത്തിൽ സംരക്ഷണം നല്കിയിട്ടുള്ളത്, ആ കാലാവധി അവസാനിക്കുന്ന തീയതി മുതല്ക്കും,

അങ്ങനെയുള്ള ഉത്തരവു റദ്ദാക്കേണ്ടതും

(ഗ) ആ സ്ത്രീയ്ക്ക് തന്റെ ഭർത്താവിൽ നിന്ന് വിവാഹമോചനം ലഭിച്ചിട്ടുണ്ടെന്നും അവൾ തന്റെ വിവാഹമോചനത്തിനുശേഷം സംരക്ഷണത്തിനുള്ള തന്റെ അവകാശങ്ങൾ സേച്ഛയാ ഒഴിഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നു എന്നും മജിസ്ട്രേററിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ആ ഉത്തരവ് അതിന്റെ തീയതി മുതല്ക്ക് റദ്ദാക്കേണ്ടതും,

ആകുന്നു.

(4) ആർക്കാണോ 125-ാം വകുപ്പിൻ കീഴിൽ പ്രതിമാസബത്ത കൊടുക്കാൻ ഉത്തരവുചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ ഏതെങ്കിലും സംരക്ഷണച്ചെലവോ സ്ത്രീധനമോ വസൂലാക്കുന്നതിന് സിവിൽകോടതി ഏതെങ്കിലും വിധി പുറപ്പെടുവിക്കുന്ന സമയത്ത്, മേല്പറഞ്ഞ ഉത്തരവിനെത്തുടർന്ന് പ്രതിമാസബത്തയായി അങ്ങനെയുള്ള ആൾക്ക് കൊടുത്തിട്ടുള്ളതോ അയാൾ വസൂലാക്കിയിട്ടുള്ളതോ ആയ തുക കണക്കിലെടുക്കേണ്ടതാകുന്നു.

128. സംരക്ഷണത്തിനുള്ള ഉത്തരവ് പ്രാവർത്തികമാക്കൽ.—സംരക്ഷണത്തിനുള്ള ഉത്തരവിന്റെ ഒരു പകർപ്പ്, അത് ആർക്ക് അനുകൂലമായാണോ ചെയ്തിട്ടുള്ളത്, ആ ആൾക്കോ, അയാൾക്ക് രക്ഷാകർത്താവ് ആരെങ്കിലും ഉണ്ടെങ്കിൽ, അയാൾക്കോ അല്ലെങ്കിൽ ആർക്കാണോ ബത്ത കൊടുക്കാനുള്ളത്, ആ ആൾക്കോ പണംവാങ്ങാതെ കൊടുക്കേണ്ടതും; അങ്ങനെയുള്ള ഉത്തരവ്, ഏതെങ്കിലും മജിസ്ട്രേററിന്, കക്ഷികളുടെ അനന്യതയെക്കുറിച്ചും കൊടുക്കാനുള്ള ബത്ത കൊടുത്തിട്ടില്ല എന്നതിനെക്കുറിച്ചും ബോദ്ധ്യമാകുന്നതിൻമേൽ ആർക്ക് എതിരായാണോ ആ ഉത്തരവ് ചെയ്തിട്ടുള്ളത്, ആ ആൾ ഉള്ള സ്ഥലത്തുവച്ചും പ്രാവർത്തികമാക്കാവുന്നതുമാണ്.

## അദ്ധ്യായം X

## പൊതു സമാധാനത്തിന്റേയും പൊതു പ്രശാന്തിയുടേയും പാലനം

### (ക).— നിയമവിരുദ്ധസംഘങ്ങൾ

129. സിവിൽബലം ഉപയോഗിച്ച് സംഘത്തെ പിരിച്ചുവിടുന്നത്.—(1) ഏതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററിനോ, ഒരു പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അങ്ങനെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ അഭാവത്തിൽ, സബ് ഇൻസ്പെക്ടറുടെ പദവിയ്ക്ക് താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, ഒരു നിയമവിരുദ്ധസംഘത്തോടൊ, പൊതുസമാധാനത്തിന് കലക്കമുണ്ടാക്കാനിടയുള്ള അഞ്ചോ അതിൽ കൂടുതലോ ആളുകളുടെ ഏതെങ്കിലും സംഘത്തോടെ, പിരിഞ്ഞുപോകുവാൻ ആജ്ഞാപിക്കാവുന്നതും; അപ്പോൾ അതനുസരിച്ച് പിരിഞ്ഞുപോകുന്നത് അങ്ങനെയുള്ള സംഘത്തിലെ അംഗങ്ങളുടെ കർത്തവ്യമായിരിക്കുന്നതുമാണ്.

(2) അപ്രകാരം ആജ്ഞാപിക്കപ്പെടുന്നതിൻമേൽ അങ്ങനെയുള്ള ഏതെങ്കിലും സംഘം, പിരിഞ്ഞുപോകാതിരിക്കുന്നുവെങ്കിലോ, അല്ലെങ്കിൽ അപ്രകാരം ആജ്ഞാപിക്കപ്പെടാതിരിക്കെ, പിരിഞ്ഞുപോകാതിരിക്കാനുള്ള ദൃഢനിശ്ചയം കാണിക്കുന്ന രീതിയിൽ പെരുമാറുന്നുവെങ്കിലോ, ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിനോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു പോലീസ് ഉദ്യോഗസ്ഥനോ അങ്ങനെയുള്ള സംഘത്തെ ബലംകൊണ്ട് പിരിച്ചുവിടാൻ മുതിരാവുന്നതും, അങ്ങനെയുള്ള സംഘത്തെ പിരിച്ചു വിടുന്നതിനും

ആവശ്യമാകുന്നുവെങ്കിൽ അങ്ങനെയുള്ള സംഘത്തെ പിരിച്ചുവിടുന്നതിനു വേണ്ടിയോ, അല്ലെങ്കിൽ അതിന്റെ ഭാഗമായ ആളുകളെ നിയമാനുസരണം ശിക്ഷിക്കുന്നതിനുവേണ്ടിയോ അറസ്റ്റ് ചെയ്യുകയും തടഞ്ഞുവയ്ക്കുകയും ചെയ്യുന്നതിനുംവേണ്ടി സായുധസേനയിലെ ആഫീസറോ അംഗമോ ആയിരിക്കുകയും ആ നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നതല്ലാത്ത ഏതെങ്കിലും പുരുഷന്റെ സഹായം ആവശ്യപ്പെടാവുന്നതും, ആകുന്നു.

130. സംഘം പിരിച്ചുവിടാൻ സായുധസേനകളെ ഉപയോഗിക്കുന്നത്.— (1) അങ്ങനെയുള്ള ഏതെങ്കിലും സംഘത്തെ മററുവിധത്തിൽ പിരിച്ചുവിടാൻ കഴിയാതിരിക്കുകയും, അതിനെ പിരിച്ചുവിടേണ്ടത് പൊതുരക്ഷയ്ക്ക് ആവശ്യമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, സന്നിഹിതനായ ഏററവും കൂടിയ പദവിയുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേററിന്, സായുധസേനകളെക്കൊണ്ട് അത് പിരിച്ചുവിടുവിക്കാവുന്നതാണ്.

(2 അങ്ങനെയുള്ള മജിസ്ട്രേററിന്, സായുധസേനകളിൽപെട്ട ആളുകളുടെ ഏതെങ്കിലും ഗ്രൂപ്പിന്റെ കമാൻറുള്ള ഏതെങ്കിലും ആഫീസറോട്, അയാളുടെ കമാൻറിന്റെ കീഴിലുള്ള സായുധസേനകളുടെ സഹായത്തോടെ, ആ സംഘത്തെ പിരിച്ചുവിടുവാനും, അതിന്റെ ഭാഗമായവരും മജിസ്ട്രേററു നിർദേശിക്കുന്നവരോ അല്ലെങ്കിൽ ആരെയെല്ലാം അറസ്ററ്ചെയ്യുന്നതും തടഞ്ഞുവയ്ക്കുന്നതുമാണോ സംഘം പിരിച്ചുവിടുന്നതിനോ അവരെ നിയമാനുസൃതം ശിക്ഷിക്കുന്നതിനോ ആവശ്യമായേക്കാവുന്നത്, അങ്ങനെയുള്ളവരോ ആയവരുമായ ആളുകളെ അറസ്ററുചെയ്യുകയും തടഞ്ഞുവയ്ക്കുകയും ചെയ്യുവാനും ആവശ്യപ്പെടാവുന്നതാണ്.

(3) സായുധസേനകളിലെ അങ്ങനെയുള്ള ഏതൊരു ആഫീസറും, അങ്ങനെയുള്ള ആവശ്യപ്പെടലിനെ, യുക്തമെന്ന് താൻ കരുതുന്ന രീതിയിൽ അനുസരിക്കേണ്ടതും, എന്നാൽ അപ്രകാരം ചെയ്യുന്നതിൽ അയാശ ശരീരത്തിൻമേലും വസ്തുവിൻമേലും പ്രയോഗിക്കുന്ന ബലവും ഏല്പിക്കുന്ന ക്ഷതിയും സംഘം പിരിച്ചുവിടുകയും അങ്ങനെയുള്ള ആളുകളെ അറസ്ററ് ചെയ്യുകയും തടഞ്ഞുവയ്ക്കുകയും ചെയ്യുകയും ചെയ്യുന്നതിനോട് സംഗതമാകുന്നിടത്തോളം മാത്രമായിരിക്കേണ്ടതുമാകുന്നു.

131. സായുധസേനകളിലെ ചില ആഫീസർമാർക്ക് സംഘം പിരിച്ചുവിടാനുള്ള അധികാരം.— അങ്ങനെയുള്ള ഏതെങ്കിലും സംഘം പൊതുരക്ഷയെ പ്രത്യക്ഷത്തിൽ അപകടത്തിലാക്കുകയും, ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിനേയും വിവരമറിയിക്കാൻ കഴിയാതിരിക്കുകയുംചെയ്യുമ്പോശ, സായുധസേനകളിലെ ഏതെങ്കിലും കമ്മീഷൻഡ് ആഫീസർക്കോ ഗസററഡ് ആഫീസർക്കോ, തന്റെ കമാൻഡിൻകീഴിലുള്ള സായുധസേനകളുടെ സഹായത്തോടെ ആ സംഘത്തെ പിരിച്ചുവിടാവുന്നതും, അങ്ങനെയുള്ള സംഘത്തെ പിരിച്ചുവിടുന്നതിന് വേണ്ടിയോ അല്ലെങ്കിൽ അതിന്റെ ഭാഗമായ ഏതെങ്കിലും ആളുകളെ നിയമാനുസരണം ശിക്ഷിക്കുന്നതിനുവേണ്ടിയോ അറസ്ററ്ചെയ്യുകയും തടഞ്ഞുവയ്ക്കുകയും ചെയ്യാവുന്നതും, എന്നാൽ അയാശ ഈ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ, തനിയ്ക്ക് ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിനെ വിവരം അറിയിക്കുന്നത് പ്രായോഗികമാകുന്നുവെങ്കിൽ അയാശ അപ്രകാരം ചെയ്യേണ്ടതും, അപ്പോശ മുതൽ അയാശ അങ്ങനെയുള്ള പ്രവർത്തനം തുടർന്നുകൊണ്ട് പോകണമോ വേണ്ടയോ എന്നത് സംബന്ധിച്ച് മജിസ്ട്രേററിന്റെ ആദേശങ്ങശ അനുസരിക്കേണ്ടതും ആകുന്നു.

132. ഇതിനുമുമ്പുള്ള വകുപ്പുകളിൻ കീഴിൽ ചെയ്തിട്ടുള്ള കൃത്യങ്ങൾക്ക് പ്രാസിക്യൂട്ടുചെയ്യുന്നതിനെതിരായുള്ള രക്ഷണം.—(1) 129-ാം വകുപ്പിനോ 130-ാം വകുപ്പിനോ 131-ാം വകുപ്പിനോ കീഴിൽ ചെയ്തതായി കരുതപ്പെടാവുന്ന ഏതെങ്കിലും കൃത്യത്തിന്, ഏതെങ്കിലും ആൾക്ക് എതിരായി ഏതെങ്കിലും ക്രിമിനൽ കോടതിയിൽ,

(ക) അങ്ങനെയുള്ള ആൾ സായുധസേനകളിലെ ആഫീസറോ അംഗമോ ആയിരിക്കുന്നിടത്ത്, കേന്ദ്രഗവൺമെൻറിൻെറ അനുമതിയോടുകൂടിയോ;

(ഖ) മറേറതെങ്കിലും സംഗതിയിൽ സ്റേററ്ഗവൺമെൻറിൻെറ അനുമതിയോടുകൂടിയോ, അല്ലാതെ

പ്രാസിക്യൂഷൻ ആരംഭിക്കാൻ പാടുള്ളതല്ല.

(2) (ക) മേല്പറഞ്ഞ വകുപ്പുകളിൽ ഏതിനെങ്കിലും കീഴിൽ ഉത്തമവിശ്വാസപൂർവ്വം പ്രവർത്തിക്കുന്നയാതൊരു എക്സിക്യൂട്ടീവ് മജിസ്ട്രേററും അല്ലെങ്കിൽ പോലീസ് ആഫീസറും;

(ഖ) 129-ാം വകുപ്പിനോ 130-ാം വകുപ്പിനോകീഴിലുള്ള ആവശ്യപ്പെടൽ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ഏതെങ്കിലും കൃത്യംചെയ്യുന്ന യാതൊരാളും;

(ഗ) 131-ാം വകുപ്പിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം പ്രവർത്തിക്കുന്ന സായുധസേനകളിലെ യാതൊരു ആഫീസറും;

(ഘ) താൻ അനുസരിക്കാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും ഉത്തരവ് അനുസരിച്ചുകൊണ്ട് ഏതെങ്കിലും കൃത്യംചെയ്യുന്ന സായുധസേനകളിലെ യാതൊരു അംഗവും,

അതുവഴി ഒരു കുററം ചെയ്തതായി കരുതപ്പെടുന്നതല്ല.

(3) ഈ വകുപ്പിലും ഈ അദ്ധ്യായത്തിലെ ഇതിനുമുമ്പുള്ള വകുപ്പുകളിലും,—

(ക) "സായുധസേനകൾ" എന്ന പദത്തിന്, കരയിലെ സൈന്യമായി പ്രവർത്തിക്കുന്ന കരസേനയും, നാവികസേനയും, വ്യോമസേനയും എന്നർത്ഥമാകുന്നതും, അതിൽ അപ്രകാരം പ്രവർത്തിക്കുന്ന യൂണിയനിലെ മറേറതെങ്കിലും സായുധസേനകൾ ഉൾപ്പെടുന്നതുമാകുന്നു;

(ഖ) "ആഫീസർ", എന്നാൽ, സായുധസേനകളെ സംബന്ധിച്ചിടത്തോളം, ഗസററഡ് ആയതോ, സായുധസേനയിലെ ആഫീസറായി ശമ്പളമുള്ളതോ ആയ ആൾ എന്നർത്ഥമാകുന്നതും, അതിൽ ജൂനിയർ കമ്മീഷൻഡ് ആഫീസറും വാറൻറ് ആഫീസറും, പെററി ആഫീസറും, നാൺകമ്മിഷൻഡ് ആഫീസറും, നാൺ ഗസററഡ് ആഫീസറും ഉൾപ്പെടുന്നതും ആകുന്നു;

(ഗ) "അംഗം" എന്നാൽ, സായുധസേനകളെ സംബന്ധിച്ചിടത്തോളം, സായുധസേനകളിലെ ആഫീസർ അല്ലാത്ത ആൾ എന്നർത്ഥമാകുന്നു.

(ഖ) പൊതുജനശല്യങ്ങൾ

133. ശല്യം നീക്കംചെയ്യാനുള്ള സോപാധികമായ ഉത്തരവ്.—(1) ഒരു ഡിസ്ട്രിക്ററ് മജിസ്ട്രേററോ സബ്-ഡിവിഷണൽ മജിസ്ട്രേററോ അല്ലെങ്കിൽ സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ മറേറതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററോ, ഒരു പോലീസ് ഉദ്യോഗസ്ഥൻെറ റിപ്പോർട്ടോ മററുവിവരമോ കിട്ടുകയും യുക്തമെന്ന് തോന്നുന്ന തെളിവ് (വല്ലതും ഉണ്ടെങ്കിൽ) എടുക്കുകയും ചെയ്യുന്നതിൻമേൽ.—

(ക) ഏതെങ്കിലും പൊതുസ്ഥലത്തുനിന്നോ, പൊതുജനങ്ങൾ നിയമാനുസൃതമായി ഉപയോഗിക്കുന്നതോ ഉപയോഗിച്ചേക്കാവുന്നതോ ആയ ഏതെങ്കിലും വഴിയിൽനിന്നോ നദിയിൽനിന്നോ ചാലിൽനിന്നോ, ഏതെങ്കിലും നിയമവിരുദ്ധമായ തടസ്സമോ, ശല്യമോ നീക്കം ചെയ്യേണ്ടതാണെന്നോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും വ്യാപാരത്തിന്റേയോ ജീവനത്തിന്റേയോ നടത്തിപ്പോ, ഏതെങ്കിലും സാമാനങ്ങളുടേയോ കച്ചവടച്ചരക്കുകളുടേയോ സൂക്ഷിപ്പോ, സമുദായത്തിന്റെ ആരോഗ്യത്തിനോ ശാരീരികസുഖത്തിനോ ഹാനികരമാണെന്നും, അതുകൊണ്ട് അങ്ങനെയുള്ള വ്യാപാരമോ ജീവനമോ നിരോധിക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള സാമാനങ്ങളോ കച്ചവടച്ചരക്കുകളോ നീക്കം ചെയ്യുകയോ, അല്ലെങ്കിൽ അവയുടെ സൂക്ഷിപ്പ് ക്രമപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്നോ ; അല്ലെങ്കിൽ

(ഗ) തീ പിടിത്തമോ, പൊട്ടിത്തെറിയോ ഉണ്ടാക്കാൻ ഇടയുള്ള ഏതെങ്കിലും കെട്ടിടനിർമ്മാണമോ പദാർത്ഥം കൈയൊഴിയ്ക്കലോ തടയുകയോ നിറുത്തുകയോ ചെയ്യേണ്ടതാണെന്നോ ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും കെട്ടിടമോ, കൂടാരമോ പണിപ്പാടോ, അല്ലെങ്കിൽ ഏതെങ്കിലും വൃക്ഷമോ വീഴുകയും അതുനിമിത്തം അയൽപക്കത്ത് താമസിക്കുകയോ ബിസിനസ് നടത്തിക്കൊണ്ടുപോവുകയോ ചെയ്യുന്നവരോ, അതിലേ കടന്നുപോകുന്നവരോ ആയ ആളുകൾക്ക് ക്ഷതി ഉളവാക്കുകയും ചെയ്യാനിടയുള്ള അവസ്ഥയിലാണെന്നും, അതുകൊണ്ട് അങ്ങനെയുള്ള കെട്ടിടമോ കൂടാരമോ പണിപ്പാടോ നീക്കം ചെയ്യുന്നതോ റിപ്പയർ ചെയ്യുന്നതോ അതിന് താങ്ങു കൊടുക്കുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള വൃക്ഷം നീക്കം ചെയ്യുന്നതോ അതിന് താങ്ങു കൊടുക്കുന്നതോ ആവശ്യമാണെന്നോ ; അല്ലെങ്കിൽ

(ങ) അങ്ങനെയുള്ള ഏതെങ്കിലും വഴിക്കോ പൊതുസ്ഥലത്തിനോ തൊട്ടുള്ള ഏതെങ്കിലും കുളത്തിനോ, കിണററിനോ കുഴിച്ചയിടത്തിനോ, പൊതുജനങ്ങൾക്ക് ഉണ്ടാക്കാവുന്ന ആപത്ത് തടയത്തക്കരീതിയിൽ വേലി കെട്ടേണ്ടതാണെന്നോ ; അല്ലെങ്കിൽ

(ച) ഏതെങ്കിലും അപായകാരിയായ മൃഗത്തെ, നശിപ്പിക്കുകയോ, തടഞ്ഞുവയ്ക്കുകയോ മററുവിധത്തിൽ കൈയൊഴിക്കുകയോ, ചെയ്യേണ്ടതാണെന്നോ കരുതുമ്പോഴെല്ലാം, അങ്ങനെയുള്ള മജിസ്ട്രേററിന് ഒരു സോപാധികമായ ഉത്തരവ് അങ്ങനെയുള്ള തടസ്സമോ ശല്യമോ ഉണ്ടാകുന്നതോ അങ്ങനെയുള്ള വ്യാപാരമോ ജീവനമോ നടത്തിക്കൊണ്ടുപോകുന്നതോ അങ്ങനെയുള്ള ഏതെങ്കിലും സാമാനങ്ങളോ കച്ചവടച്ചരക്കുകളോ സൂക്ഷിക്കുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള കെട്ടിടത്തിന്റേയോ കൂടാരത്തിന്റേയോ പണിപ്പാടിന്റേയോ പദാർത്ഥത്തിന്റേയോ കുളത്തിന്റേയോ കിണററിന്റേയോ കുഴിച്ചയിടത്തിന്റേയോ ഉടമസ്ഥനോ അതു കൈവശം വയ്ക്കുന്നവനോ നിയന്ത്രിക്കുന്നവനോ ആയതോ അല്ലെങ്കിൽ അങ്ങനെയുള്ള മൃഗത്തിന്റേയോ വൃക്ഷത്തിന്റേയോ ഉടമസ്ഥനോ അതു കൈവശം വയ്ക്കുന്നവനോ ആയതോ ആയ ആളോട്, ഉത്തരവിൽ നിജപ്പെടുത്തിയിരിക്കേണ്ട ഒരു സമയത്തിനുള്ളിൽ—

(i) അങ്ങനെയുള്ള തടസസ്മോ ശല്യമോ നീക്കം ചെയ്യുന്നതിനോ ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള വ്യാപാരമോ ജീവനമോ നടത്തിക്കൊണ്ടുപോകുന്നത് അവസാനിപ്പിക്കുകയോ, നിദേശിക്കുന്ന രീതിയിൽ നീക്കം ചെയ്യുകയോ ക്രമപ്പെടുത്തുകയോ ചെയ്യുന്നതിനോ, അല്ലെങ്കിൽ അങ്ങനെ

യുള്ള സാമാനങ്ങളോ കച്ചവടച്ചരക്കുകളോ നീക്കം ചെയ്യുകയോ, നിദേശിക്കുന്ന രീതിയിൽ അവയുടെ സൂക്ഷിപ്പ് ക്രമപ്പെടുത്തുകയോ ചെയ്യുന്നതിനോ ; അല്ലെങ്കിൽ

(iii) അങ്ങനെയുള്ള കെട്ടിടത്തിന്റെ നിർമ്മാണം തടയുന്നതിനോ നിറുത്തൽ ചെയ്യുന്നതിനോ ; അല്ലെങ്കിൽ അങ്ങനെയുള്ള പദാർത്ഥം കൈയൊഴിക്കുന്നതിന് വ്യത്യാസം വരുത്തുന്നതിനോ ; അല്ലെങ്കിൽ

(iv) അങ്ങനെയുള്ള കെട്ടിടമോ കൂടാരമോ പണിപ്പാടോ നീക്കം ചെയ്യുകയോ, റിപ്പയർ ചെയ്യുകയോ ചെയ്യുന്നതിനോ അതിന് താങ്ങ് കൊടുക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള വൃക്ഷങ്ങൾ നീക്കം ചെയ്യുകയോ അതിന് താങ്ങ് കൊടുക്കുകയോ ചെയ്യുന്നതിനോ ; അല്ലെങ്കിൽ

(v) അങ്ങനെയുള്ള കുളത്തിനോ കിണററിനോ കുഴിച്ചയിടത്തിനോ വേലി കെട്ടുന്നതിനോ ; അല്ലെങ്കിൽ

(vi) അങ്ങനെയുള്ള അപായകാരിയായ മൃഗത്തെ മേൽപറഞ്ഞ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ, നശിപ്പിക്കുകയോ തടഞ്ഞുവയ്ക്കുകയോ കൈയൊഴിക്കുകയോ ചെയ്യുന്നതിനോ ;

അല്ലെങ്കിൽ, അയാൾ അപ്രകാരം ചെയ്യാൻ വിസമ്മതിക്കുന്നുവെങ്കിൽ, തന്റെയോ തന്റെ കീഴിലുള്ള മററു വല്ല എക്സിക്യൂട്ടീവ് മജിസ്ട്രേററിന്റെയോ മുമ്പാകെ, ഉത്തരവിൽ നിജപ്പെടുത്തിയിരിക്കേണ്ട സമയത്തും സ്ഥലത്തും ഹാജരാകുകയും ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ, ആ ഉത്തരവ് സ്ഥിരപ്പെടുത്താതിരിക്കാനുള്ള കാരണം കാണിക്കുകയും ചെയ്യുന്നതിനോ ആവശ്യപ്പെട്ടുകൊണ്ട്, പാസ്സാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ മജിസ്ട്രേററ് മുറപ്രകാരം പാസ്സാക്കിയിട്ടുള്ള യാതൊരു ഉത്തരവും ഏതെങ്കിലും സിവിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

വിശദീകരണം.—"പൊതുസ്ഥല"ത്തിൽ സ്റേററ്റ് വക വസ്തുവും, ക്യാമ്പ് ചെയ്യുന്ന സ്ഥലങ്ങളും, ശുചീകരണാവശ്യങ്ങൾക്കോ വിനോദാവശ്യങ്ങൾക്കോ ആയി ആർക്കും കൈവശമില്ലാതെ വിട്ടിട്ടുള്ള സ്ഥലങ്ങളുംകൂടി ഉൾപ്പെടുന്നതാകുന്നു.

134. ഉത്തരവിന്റെ നടത്തലോ വിജ്ഞാപനമോ.—(1) ഉത്തരവ് പ്രായോഗികമാണെങ്കിൽ ആർക്കെതിരായാണോ അത് ചെയ്യപ്പെട്ടിട്ടുള്ളത്, അയാൾക്ക് ഇതിൽ സമൻസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്ത രീതിയിൽ, നടത്തേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഉത്തരവ് അപ്രകാരം നടത്താൻ കഴിയുന്നില്ലെങ്കിൽ, സ്റേററ്ഗവൺമെൻറ് ചട്ടങ്ങൾവഴി നിദേശിക്കുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തുന്ന വിളംബരംവഴി വിജ്ഞാപനം ചെയ്യേണ്ടതും, അതിന്റെ പകർപ്പ്, അങ്ങനെയുള്ള ആളെ, ആ വിവരം അറിയിക്കാൻ ഏററവും പററിയ സ്ഥലത്തോ സ്ഥലങ്ങളിലോ പതിക്കേണ്ടതുമാകുന്നു.

135. അനുസരിക്കുന്നതിനോ കാരണം കാണിക്കുന്നതിനോ ഉള്ള ഉത്തരവ് നല്കപ്പെട്ട ആൾ.—ആർക്കെതിരായാണോ അങ്ങനെയുള്ള ഉത്തരവ് ചെയ്തിട്ടുള്ളത് അയാൾ—

(ക) ഉത്തരവ് നിദേശിക്കുന്ന കൃത്യം ഉത്തരവിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിലും രീതിയിലും നിർവ്വഹിക്കുകയോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഉത്തരവനുസരിച്ച് ഹാജരാകുകയും അതിനെതിരായ കാരണം കാണിക്കുകയും ചെയ്യുകയോ ; ചെയ്യേണ്ടതാകുന്നു.

136. അയാാം അപ്രകാരം ചെയ്യാതിരിക്കുന്നതിൻെറ അനന്തരഫലങ്ങൾ.—അങ്ങനെയുള്ള ആൾ, അങ്ങനെയുള്ള കൃത്യം ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ ഹാജരാകുകയും കാരണം കാണിക്കുകയും ചെയ്യാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അയാാം ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)യിലെ 188-ാം വകുപ്പിൽ അതിലേയ്ക്ക് നിർണ്ണയിച്ചിട്ടുള്ള ദണ്ഡനത്തിന് അർഹനാകുന്നതും, ഉത്തരവ് സ്ഥിരപ്പെടുത്തേണ്ടതുമാകുന്നു.

137. പൊതുജനാവകാശത്തിൻെറ അസ്തിത്വം നിഷേധിക്കുന്നിടത്തുള്ള നടപടിക്രമം.—(1) ഏതെങ്കിലും വഴിയോ നദിയോ ചാലോ സ്ഥലമോ ഉപയോഗിക്കുന്നതിൽ പൊതുജനങ്ങൾക്കുള്ള തടസ്സത്തേയോ, ശല്യത്തേയോ അപായത്തേയോ തടയുന്നതിനുവേണ്ടി 133-ാം വകുപ്പുൻകീഴിൽ ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്, മജിസ്ട്രേററ്, ആർക്കെതിരായാണോ ആ ഉത്തരവ് ചെയ്തിട്ടുള്ളത് അയാാം അദ്ദേഹത്തിൻെറ മുമ്പാകെ ഹാജരാകുന്നതിൻമേൽ, ആ വഴിയോ നദിയോ ചാലോ സ്ഥലമോ സംബന്ധിച്ചുള്ള ഏതെങ്കിലും പൊതുജനാവകാശത്തിൻെറ അസ്തിത്വം അയാാം നിഷേധിക്കുന്നുണ്ടോ എന്നതിനെപ്പററി ചോദ്യം ചെയ്യേണ്ടതും, അയാാം നിഷേധിക്കുന്നുവെങ്കിൽ, മജിസ്ട്രേട്ട് 138-ാം വകുപ്പിൻകീഴിൽ നടപടി തുടരുന്നതിനുമുമ്പ്, ആ വിഷയത്തെക്കുറിച്ച് അന്വേഷണവിചാരണ ചെയ്യേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള അന്വേഷണവിചാരണയിൽ അങ്ങനെയുള്ള നിഷേധത്തെ പിൻതാങ്ങുന്ന ഏതെങ്കിലും ആശ്രയനീയമായ തെളിവുണ്ടെന്നു കാണുന്നുവെങ്കിൽ, മജിസ്ട്രേട്ട് അങ്ങനെയുള്ള അവകാശത്തിൻെറ അസ്തിത്വവിഷയം ക്ഷമതയുള്ള ഒരു കോടതി തീരുമാനിക്കുന്നതുവരെ നടപടികൾ നിറുത്തിവയ്ക്കേണ്ടതും, അങ്ങനെയുള്ള തെളിവില്ലെന്നു കാണുന്നുവെങ്കിൽ, അദ്ദേഹം 138-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ നടപടി തുടരേണ്ടതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ മജിസ്ട്രേററിനാൽ ചോദ്യം ചെയ്യപ്പെടുന്നതിൻമേൽ, അതിൽ പരാമർശിച്ച പ്രകൃതത്തിലുള്ള പൊതുജനാവകാശത്തിൻെറ അസ്തിത്വം നിഷേധിക്കാതിരിക്കുകയോ അല്ലെങ്കിൽ അങ്ങനെ നിഷേധിച്ചിരിക്കേ, അതിനെ പിൻതാങ്ങുന്നതായി ആശ്രയനീയമായ തെളിവ് ഹാജരാക്കാതിരിക്കുകയോ ചെയ്തിട്ടുള്ള ആളെ പിന്നീടുള്ള നടപടികളിൽ അങ്ങനെയുള്ള ഏതെങ്കിലും നിഷേധം അനുവദിക്കുന്നതല്ല.

138. കാരണം കാണിക്കാൻ അയാാം ഹാജരാകുന്നിടത്തുള്ള നടപടി.—(1) ആർക്കെതിരായാണോ 133-ാം വകുപ്പിൻകീഴിൽ ഉത്തരവ് ചെയ്തിട്ടുള്ളത്, അയാാം ഹാജരാവുകയും, ഉത്തരവിന് എതിരായി കാരണം കാണിക്കുകയും ചെയ്യുന്നുവെങ്കിൽ, മജിസ്ട്രേററ് ആ വിഷയത്തിൽ ഒരു സമൻസ് കേസിലെന്നതുപോലെ തെളിവെടുക്കേണ്ടതാകുന്നു.

(2) ആ ഉത്തരവ്, ആദ്യം ചെയ്യപ്പെട്ടതുപോലെയോ അല്ലെങ്കിൽ ആവശ്യമാണെന്ന് താൻ കരുതുന്ന രൂപഭേദത്തിന് വിധേയമായോ, ന്യായവും ഉചിതവുമാണെന്ന് മജിസ്ട്രേററിന് ബോദ്ധ്യമാകുന്നുവെങ്കിൽ, ഉത്തരവ്, അതതു സംഗതിപോലെ, ഭേദഗതി കൂടാതേയോ, അങ്ങനെയുള്ള ഭേദഗതിയോടുകൂടിയോ സ്ഥിരപ്പെടുത്തേണ്ടതാകുന്നു.

(3) മജിസ്ട്രേററിന് അപ്രകാരം ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ, ആ കേസ്സിൽ തുടർന്നുള്ള യാതൊരു മേൽനടപടികളും എടുക്കാൻ പാടുള്ളതല്ല.

139. സ്ഥലത്തുചെന്ന് അന്വേഷണം നടത്താനും വിദഗ്ദ്ധനെ വിസ്തരിക്കാനും നിദേശിക്കാൻ മജിസ്ട്രേററിനുള്ള അധികാരം.— മജിസ്ട്രേററിന് 137-ാംവകുപ്പിനോ, 138-ാം വകുപ്പിനോ കീഴിലുള്ള അന്വേഷണവിചാരണയുടെ ആവശ്യങ്ങൾക്ക്—

(ക) തനിക്ക് യുക്തമെന്നു തോന്നുന്ന ഒരാൾ സ്ഥലത്തു ചെന്ന അന്വേഷണം നടത്തണമെന്നു നിദേശിക്കുകയോ; അല്ലെങ്കിൽ

(ഖ) ഒരു വിദഗ്ദ്ധനെ സമൻചെയ്തു വിസ്തരിക്കുകയോ,

ചെയ്യാവുന്നതാണ്.

140. ലിഖിതമായ ആദേശങ്ങൾ നല്കാനും മററും മജിസ്ട്രേററിനുള്ള അധികാരം.— (1) 139-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും ആൾ സ്ഥലത്തുചെന്നു അന്വേഷണം നടത്തണമെന്ന് മജിസ്ട്രേററു നിദേശിക്കുന്നിടത്ത് മജിസ്ട്രേററിന്—

(ക) അയാളുടെ മാർഗ്ഗദർശനത്തിന് ആവശ്യകമാണെന്നു തോന്നുന്ന ലിഖിതമായ ആദേശങ്ങൾ അയാൾക്ക് നല്കാവുന്നതാണ്;

(ഖ) സ്ഥലത്തുചെന്നുള്ള അന്വേഷണത്തിനു ആവശ്യകമായ ചെലവുകൾ മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ, ആരാണ് കൊടുക്കേണ്ടതെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

(2) അയാളുടെ റിപ്പോർട്ട് കേസ്സിൽ തെളിവായി വായിക്കാവുന്നതാണ്.

(3) 139-ാം വകുപ്പിൻകീഴിൽ മജിസ്ട്രേററ് ഒരു വിദഗ്ദ്ധനെ സമൻ ചെയ്തു വിസ്തരിക്കുന്നിടത്ത്, അങ്ങനെ സമൻ ചെയ്തു വിസ്തരിക്കുന്നതിനുള്ള കോടതിച്ചെലവ് ആരാണ് കൊടുക്കേണ്ടതെന്ന് മജിസ്ട്രേററിന് നിദേശിക്കാവുന്നതാണ്.

141. ഉത്തരവ് സ്ഥിരപ്പെടുത്തുന്നതിൻമേലുള്ള നടപടിക്രമവും അനുസരിക്കാത്തതിൻെറ അനന്തര ഫലങ്ങളും.— (1) 136-ാം വകുപ്പിനോ 138-ാം വകുപ്പിനോ കീഴിൽ ഒരു ഉത്തരവ് സ്ഥിരപ്പെടുത്തിയിട്ടുള്ളപ്പോൾ, ആർക്കെതിരെയാണോ ആ ഉത്തരവു ചെയ്തിട്ടുള്ളത്, അയാൾക്ക് അതിനെക്കുറിച്ച് മജിസ്ട്രേററ് നോട്ടീസ് നല്കേണ്ടതും, കൂടാതെ നോട്ടീസിൽ നിജപ്പെടുത്തിയിരിക്കേണ്ട സമയത്തിനുള്ളിൽ ഉത്തരവ് നിദേശിക്കുന്ന കൃത്യം നിർവഹിക്കുവാൻ ആവശ്യപ്പെടുകയും, അനുസരിക്കാതിരിക്കുന്നുവെങ്കിൽ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 188-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന ദണ്ഡനത്തിന് അയാൾ അർഹനാകുമെന്ന് അയാളെ അറിയിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള കൃത്യം നിജപ്പെടുത്തിയ സമയത്തിനുള്ളിൽ നിർവഹിക്കുന്നില്ലെങ്കിൽ, മജിസ്ട്രേററിന് അത് നിർവഹിപ്പിക്കാവുന്നതും, അതു നിർവഹിക്കുന്നതിനുള്ള ചെലവുകൾ തൻെറ ഉത്തരവുപ്രകാരം നീക്കം ചെയ്യപ്പെട്ട ഏതെങ്കിലും കെട്ടിടത്തിൻേറയോ, സാമാനങ്ങളുടേയോ മററുവസ്തുവിൻേറയോ വില്പന വഴിയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളുടേയോ അങ്ങനെയുള്ള മജിസ്ട്രേററിൻെറ തദ്ദേശാധികാരിതയ്ക്കുള്ളിലോ പുറത്തോ ഉള്ള മററ് ഏതെങ്കിലും ജംഗമവസ്തുവിൻെറ ഡിസ്ട്രസ്സോ, വില്പനയോ വഴിയോ വസൂലാക്കാവുന്നതും, അങ്ങനെയുള്ള മററുവസ്തു അങ്ങനെയുള്ള അധികാരിതയ്ക്ക് പുറത്താണെങ്കിൽ, ജപ്തി ചെയ്യപ്പെടേണ്ട വസ്തു, അതുകണ്ടെത്തുന്നത് ഏതു മജിസ്ട്രേററിൻെറ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ ആ മജിസ്ട്രേററ് എൻഡോഴ്സ് ചെയ്യുമ്പോൾ ജപ്തി ചെയ്തു വില്ക്കുന്നതിനായി ഉത്തരവ് പ്രാധികാരം നല്കേണ്ടതുമാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന ഏതെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരവും നിലനില്ക്കുന്നതല്ല.

142. അന്വേഷണവിചാരണ നിലവിലിരിക്കുമ്പോഴുള്ള ഇൻജങ്ഷൻ.—(1) 133-ാം വകുപ്പിൻകീഴിൽ ഒരു ഉത്തരവു ചെയ്യുന്ന മജിസ്ട്രേററ്, പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന ആസന്നമായ അപായത്തേയോ അല്ലെങ്കിൽ ഗൗരവമുള്ളതരം ക്ഷതിയേയോ തടയുന്നതിന് സത്വരനടപടികൾ എടുക്കേണ്ടതാണെന്ന് കരുതുന്നുവെങ്കിൽ, അദ്ദേഹത്തിന്, ആർക്കെതിരെയാണോ ഉത്തരവു ചെയ്തത്, അയാൾക്ക്, ആ വിഷയത്തിന്റെ തീരുമാനം കഴിയുന്നതുവരെ, അങ്ങനെയുള്ള അപായമോ ക്ഷതിയോ ഒഴിവാക്കുന്നതിനോ തടയുന്നതിനോ വേണ്ട ഇൻജങ്ഷൻ പുറപ്പെടുവിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ആൾ അങ്ങനെയുള്ള ഇൻജങ്ഷനെ ഉടനടി അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ, മജിസ്ട്രേററിന്, അങ്ങനെയുള്ള അപായം ഒഴിവാക്കുന്നതിനോ അങ്ങനെയുള്ള ക്ഷതി തടയുന്നതിനോ പററിയതാണെന്ന് തനിക്കു തോന്നുന്ന മാർഗ്ഗങ്ങൾ സ്വയം ഉപയോഗിക്കുകയോ ഉപയോഗിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(3) മജിസ്ട്രേററ് ഈ വകുപ്പിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന എന്തെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരവും നിലനില്ക്കുന്നതല്ല.

143. പൊതുജനശല്യത്തിന്റെ ആവർത്തനമോ തുടരലോ മജിസ്ട്രേററിന് നിരോധിക്കാവുന്നതാണ്.—ഡിസ്ട്രിക്ററ് മജിസ്ട്രേററിനോ, സബ്ഡിവിഷണൽ മജിസ്ട്രേററിനോ, സ്റേററ് ഗവൺമെന്റോ ഡിസ്ട്രിക്ററ് മജിസ്ട്രേററോ ഇതിലേയ്ക്ക് അധികാരപ്പെടുത്തുന്ന മറേറതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററിനോ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത(1860-ലെ 45)യിലോ ഏതെങ്കിലും പ്രത്യേകനിയമത്തിലോ തദ്ദേശനിയമത്തിലോ നിർവ്വചിച്ചതുപോലെയുള്ള പൊതുജനശല്യം ആവർത്തിക്കുകയോ തുടരുകയോ ചെയ്യരുതെന്ന് ഏതെങ്കിലും ആളോട് ഉത്തരവ് ചെയ്യാവുന്നതാണ്.

ഗ-ശല്യത്തിന്റേയോ ആശങ്കിതാപായത്തിന്റേയോ അടിയന്തര സ്വഭാവമുള്ള കേസുകൾ

144. ശല്യത്തിന്റേയോ ആശങ്കിതാപായത്തിന്റേയോ അടിയന്തരസ്വഭാവമുള്ള കേസ്സുകളിൽ ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഡിസ്ട്രിക്ററ് മജിസ്ട്രേററിന്റേയോ സബ്ഡിവിഷണൽ മജിസ്ട്രേററിന്റേയോ, ഇതിലേയ്ക്ക് സ്റേററ് ഗവൺമെന്റ് പ്രത്യേകം അധികാരപ്പെടുത്തിയ മറേറതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററിന്റേയോ അഭിപ്രായത്തിൽ, ഈ വകുപ്പിൻകീഴിൽ നടപടി തുടരുന്നതിന് മതിയായ കാരണം ഉണ്ടായിരിക്കുകയും ഉടൻ തടയുന്നതോ സത്വര പരിഹാരം ഉണ്ടാക്കുന്നതോ അഭിലഷണീയമായിരിക്കുകയും ചെയ്യുന്ന സംഗതികളിൽ, ഏതെങ്കിലും ആളോട്, ഒരു നിശ്ചിത കൃത്യത്തിൽനിന്ന് ഒഴിഞ്ഞുമാറണമെന്നോ, അല്ലെങ്കിൽ തന്റെ കൈവശത്തിലോ ഭരണത്തിൻകീഴിലോ ഉള്ള ഒരു നിശ്ചിതവസ്തു സംബന്ധിച്ച് ഒരു നിശ്ചിത ഉത്തരവെടുക്കണമെന്നോ ഉള്ള ഒരു നിദേശം, നിയമാനുസൃതമായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾക്ക് ഉണ്ടാകാവുന്ന തടസ്സമോ അലട്ടോ ക്ഷതിയോ, അല്ലെങ്കിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ രക്ഷയ്ക്കോ ഉള്ള അപായമോ അല്ലെങ്കിൽ പൊതുപ്രശാന്തിയ്ക്ക് ഉണ്ടാകുന്ന കലക്കമോ ലഹളയോ അടികലശലോ തടയാൻ ഇടയുള്ളതോ

തടയാൻ പ്രവണതയുള്ളതോ ആയിരിക്കുമെന്ന് അങ്ങനെയുള്ള മജിസ്ട്രേററ് കരുതുന്നുവെങ്കിൽ, അദ്ദേഹത്തിന് സംഗതിയുടെ സാരവത്തായ വസ്തുതകൾ പ്രസ്താവിച്ചുകൊണ്ടുള്ളതും 134-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നടത്തുന്നതുമായ, ലിഖിതമായ ഉത്തരവുവഴി, അപ്രകാരം നിദേശിക്കാവുന്നതാണ്.

(2) അടിയന്തരാവസ്ഥയുള്ള സംഗതികളിലോ, അല്ലെങ്കിൽ ആർക്കെതിരായുള്ളതാണോ ആ ഉത്തരവ്, അയാൾക്ക് തക്കസമയത്ത് നോട്ടീസ് നടത്തുവാൻ പരിത:സ്ഥിതികൾ അനുവദിക്കാത്ത സംഗതികളിലോ, ഈ വകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവ്, എക്സ്പാർട്ടിയായി പാസ്സാക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിലുള്ള ഉത്തരവ് ഒരു പ്രത്യേക വ്യക്തിക്കുള്ളതോ, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകമായ സ്ഥലത്തോ പ്രദേശത്തോ താമസിക്കുന്ന ആളുകൾക്കുള്ളതോ, അല്ലെങ്കിൽ പൊതുജനങ്ങൾക്ക് സാമാന്യമായി അവർ ഏതെങ്കിലും പ്രത്യേകമായ സ്ഥലത്തോ പ്രദേശത്തോ പതിവായി ചെല്ലുകയോ സന്ദർശനം നടത്തുകയോ ചെയ്യുമ്പോഴുള്ളതോ ആകാവുന്നതാണ്.

(4) ഈ വകുപ്പിൽകീഴിലുള്ള യാതൊരു ഉത്തരവും, അത് ചെയ്യുന്നതു മുതൽ രണ്ടു മാസത്തിലധികം കാലം പ്രാബല്യത്തിൽ ഇരിക്കുന്നതല്ല,

എന്നാൽ, മനുഷ്യൻെറ ജീവനോ ആരോഗ്യത്തിനോ രക്ഷക്കോ നേരിടുന്ന അപായം തടയുന്നതിനോ അല്ലെങ്കിൽ ലഹളയോ അടികലശലോ തടയുന്നതിനോ, അപ്രകാരം ചെയ്യുന്നതിനു സ്റേററ്ഗവൺമെൻറ് കരുതുന്നുവെങ്കിൽ, വിജ്ഞാപനംവഴി, ഈ വകുപ്പിൻകീഴിൽ ഒരു മജിസ്ട്രേററ് പാസ്സാക്കുന്ന ഒരുത്തരവ്, ആ ഉത്തരവ് ഇല്ലായിരുന്നുവെങ്കിൽ മേല്പറഞ്ഞ വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചതുപോലെ, ഏതുതീയതി മജിസ്ട്രേററ് ചെയ്ത ഉത്തരവിൻെറ കാലാവധിതീരുമായിരുന്നു, ആ തീയതിമുതൽ ആറുമാസത്തിൽ കവിയാത്ത സമയംകൂടി പ്രാബല്യത്തിൽ ഇരിക്കുന്നതാകുന്നു.

(5) ഏതെങ്കിലും മജിസ്ട്രേററിന്, ഈ വകുപ്പിൻകീഴിൽ താൻ തന്നെയോ തൻെറ കീഴിലുള്ള ഏതെങ്കിലും മജിസ്ട്രേററോ, തൻെറ ഔദ്യോഗിക മുൻഗാമിയോ ചെയ്തിട്ടുള്ള ഏതെങ്കിലും ഉത്തരവ് സ്വയമേവാ, അല്ലെങ്കിൽ സങ്കടക്കാരനായ ഏതെങ്കിലും ആളുടെ അപേക്ഷയിൻമേൽ, റദ്ദാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(6) സ്റേററ്ഗവൺമെൻറിന്, (4)-ാം ഉപവകുപ്പിലെ പരിമിതിവ്യവസ്ഥയിൻകീഴിൽ, അത് പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവ് സ്വയമേവ, അല്ലെങ്കിൽ സങ്കടക്കാരനായ ഏതെങ്കിലും ആളുടെ അപേക്ഷയിൻമേൽ റദ്ദാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(7) 5-ാം ഉപവകുപ്പിനോ (6)-ാം ഉപവകുപ്പിനോ കീഴിൽ ഒരു അപേക്ഷ കിട്ടുന്നിടത്ത്, അതതുസംഗതിപോലെ, മജിസ്ട്രേററോ, സ്റേററ് ഗവൺമെൻേറാ, അപേക്ഷകന് തൻേറയോ, അതിൻേറയോ മുമ്പാകെ നേരിട്ടോ വക്കീൽ മുഖാന്തരമോ ഹാജരാകുവാനും, ഉത്തരവിന് എതിരായി കാരണം കാണിക്കുവാനും നേരത്തെ അവസരം കൊടുക്കേണ്ടതും; അതതുസംഗതിപോലെ, മജിസ്ട്രേററോ, സ്റേററ്ഗവൺമെൻേറാ അപേക്ഷമുഴുവനായോ ഭാഗികമായോ നിരസിക്കുന്നുവെങ്കിൽ, അദ്ദേഹമോ, സ്റേററ്ഗവൺമെൻേറാ അപ്രകാരം ചെയ്യുന്നതിനുള്ള കാരണങ്ങൾ ലിഖിതമായി റിക്കാർഡാക്കേണ്ടതുമാകുന്നു.

ഘ.—സ്ഥാവരവസ്തുസംബന്ധിച്ച തർക്കങ്ങൾ

145. ഭൂമിയോ ജലമോ സംബന്ധിച്ച തർക്കം സമാധാനലംഘനം ഉണ്ടാക്കാൻ ഇടയുള്ളിടത്തുള്ള നടപടിക്രമം.—(1) ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിന്, ഒരു പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽനിന്നോ, അല്ലെങ്കിൽ മറേറതെങ്കിലും വിവരം കിട്ടിയതിൻമേലോ, തന്റെ തദ്ദേശാധികാരിതയ്ക്കുള്ളിൽ ഏതെങ്കിലും ഭൂമിയോ, ജലമോ അവയുടെ അതിരുകളോ സംബന്ധിച്ച് സമാധാനലംഘനം ഉണ്ടാക്കാനിടയുള്ള ഒരു തർക്കം നിലവിലുള്ളതായി ബോദ്ധ്യപ്പെടുമ്പോഴെല്ലാം, അദ്ദേഹം തനിക്ക് അപ്രകാരം ബോദ്ധ്യപ്പെടാനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ടും, അങ്ങനെയുള്ള തർക്കത്തിൽ താത്പര്യമുള്ള കക്ഷികളോട് നേരിട്ടോ വക്കീൽ മുഖാന്തരമോ വിനിർദ്ദിഷ്ടമായ തീയതിയിലും സമയത്തും തന്റെ കോടതിയിൽ ഹാജരാവുകയും തർക്കവസ്തുവിന്റെ യഥാർത്ഥ കൈവശത്തെക്കുറിച്ചുള്ള വസ്തുത സംബന്ധിച്ച അവരുടെ യഥാക്രമമുള്ള അവകാശവാദങ്ങളുടെ പത്രിക ബോധിപ്പിക്കുകയും ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ലിഖിതമായ ഉത്തരവ് ചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് "ഭൂമിയോ ജലമോ" എന്ന പദത്തിൽ, കെട്ടിടങ്ങളും ചന്തകളും ഫിഷറികളും ഭൂമിയിലെ വിളവുകളും മററു ഉത്പന്നങ്ങളും, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിലെ പാട്ടവും (വാടകയും) ലാഭവും ഉൾക്കൊള്ളുന്നതാകുന്നു.

(3) ആ ഉത്തരവിന്റെ പകർപ്പ്, ഈ നിയമസംഹിതയിൽ സമൻസ് നടത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ, മജിസ്ട്രേററ് നിർദ്ദേശിക്കുന്ന ആൾക്കോ ആളുകൾക്കോ നടത്തേണ്ടതും, ഒരു പകർപ്പെങ്കിലും തർക്കവസ്തുവിലോ അതിന് സമീപത്തോ ശ്രദ്ധ ആകർഷിക്കത്തക്ക ഒരു സ്ഥലത്ത് പതിക്കുന്നതുവഴി പരസ്യപ്പെടുത്തേണ്ടതുമാകുന്നു.

(4) അപ്പോൾ, മജിസ്ട്രേററ്, തർക്ക വസ്തു കൈവശം വയ്ക്കാൻ അവകാശത്തിനുള്ള ഏതെങ്കിലും കക്ഷികളുടെ വാദത്തിന്റെ ഗുണാഗുണങ്ങളേയോ അതിനുള്ള അവരുടെ അവകാശവാദങ്ങളേയോ ഗണിക്കാതെ, അപ്രകാരം ബോധിപ്പിക്കപ്പെട്ട പത്രികകൾ വായിച്ചുനോക്കുകയും, കക്ഷികളുടെ വാദം കേൾക്കുകയും അവർ ഹാജരാക്കുന്ന എല്ലാ തെളിവും സ്വീകരിക്കുകയും ആവശ്യമെന്ന് തനിക്ക്തോന്നുന്ന തുടർന്നുള്ള തെളിവ് വല്ലതുമുണ്ടെങ്കിൽ എടുക്കുകയും സാദ്ധ്യമെങ്കിൽ (1)-ാം ഉപവകുപ്പിൻകീഴിൽ താൻ ചെയ്ത ഉത്തരവിന്റെ തീയതി കക്ഷികളിൽ ആർക്കെങ്കിലും തർക്കവസ്തു കൈവശം ഉണ്ടായിരുന്നോ എന്നും, അത് അവരിൽ ആർക്കായിരിക്കുന്നു എന്നും തീരുമാനിക്കുകയും ചെയ്യേണ്ടതാകുന്നു:

എന്നാൽ, ഒരു പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ മററു വിവരമോ തനിക്ക് കിട്ടിയ തീയതിയ്ക്ക് തൊട്ടുമുമ്പുള്ള രണ്ടുമാസത്തിനുള്ളിലോ അല്ലെങ്കിൽ ആ തീയതിക്ക് ശേഷവും (1)-ാം ഉപവകുപ്പിൻകീഴിലുള്ള തന്റെ ഉത്തരവിന്റെ തീയതിക്കുമുമ്പുമായോ ഏതെങ്കിലും കക്ഷി ബലം പ്രയോഗിച്ചും അന്യായമായും കൈവശത്തിൽനിന്ന് നീക്കം ചെയ്യപ്പെട്ടതായി മജിസ്ട്രേററിന് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന് കൈവശത്തുനിന്ന് അപ്രകാരം പുറത്താക്കപ്പെട്ട കക്ഷിയെ (1)-ാം ഉപവകുപ്പിൻകീഴിലുള്ള തന്റെ ഉത്തരവിന്റെ തീയതി അയാൾക്ക് കൈവശമുണ്ടായിരുന്നാലെന്നപോലെ, പരിഗണിക്കാവുന്നതാണ്.

(5) ഈ വകുപ്പിലെ യാതൊന്നും, അപ്രകാരം ഹാജരാകാൻ ആവശ്യപ്പെടപ്പെട്ട ഏതെങ്കിലും കക്ഷിയേയോ താത്പര്യമുള്ള മറേറതെങ്കിലും ആളേയോ മുൻ പ്രസ്താവിച്ചപോലെയുള്ള യാതൊരു തർക്കവും നിലവിൽ ഇരിക്കുകയോ നിലവിൽ ഉണ്ടായിരിക്കുകയോ ചെയ്തിട്ടില്ലെന്ന് കാണിക്കുന്നതിൽനിന്ന് തടയുന്നതല്ലാത്തതും; അങ്ങനെയുള്ള സംഗതിയിൽ മജിസ്ട്രേററ് തന്റെ മേല്പറഞ്ഞ ഉത്തരവ് റദ്ദാക്കേണ്ടതും, അതിനെത്തുടർന്നുള്ള എല്ലാ നടപടികളും നിറുത്തിവയ്ക്കേണ്ടതും, എന്നാൽ അങ്ങനെയുള്ള റദ്ദാക്കലിനു വിധേയമായി, മജിസ്ട്രേററിന്റെ (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവ് അന്തിമമായിരിക്കുന്നതും ആണ്.

(6) (ക) കക്ഷികളിൽ ഒരാൾക്ക് മേല്പറഞ്ഞ വസ്തുവിന്റെ അങ്ങനെയുള്ള കൈവശം ഉണ്ടായിരുന്നുവെന്നോ, അല്ലെങ്കിൽ, (4)—ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിൻ കീഴിൽ, ഉണ്ടായിരുന്നതായി പരിഗണിക്കപ്പെടേണ്ടതാണെന്നോ മജിസ്ട്രേററ് തീരുമാനിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള കക്ഷിക്ക്, നിയമത്തിന്റെ മുറപ്രകാരമുള്ള ഗതിയിൽ ഒഴിപ്പിക്കപ്പെടുന്നതുവരെ അത് കൈവശം വയ്ക്കാൻ അവകാശമുള്ളതായി പ്രഖ്യാപിച്ചുകൊണ്ടും അങ്ങനെ ഒഴിപ്പിക്കപ്പെടുന്നതുവരെ അങ്ങനെയുള്ള കൈവശത്തിന് വിഘ്നമുണ്ടാക്കുന്നതിനെ വിലക്കിക്കൊണ്ടും അദ്ദേഹം ഉത്തരവ് പുറപ്പെടുവിക്കേണ്ടതും; (4)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയ്ക്കു കീഴിൽ അദ്ദേഹം നടപടി തുടരുമ്പോൾ, ബലം പ്രയോഗിച്ചും അന്യായമായും കൈവശത്തുനിന്നും നീക്കം ചെയ്യപ്പെട്ട കക്ഷിക്ക് കൈവശം തിരിയെക്കൊടുക്കാവുന്നതുമാണ്.

(ഖ) ഈ ഉപവകുപ്പിൻ കീഴിൽ ചെയ്യുന്ന ഉത്തരവ് (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നടത്തുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

(7) അങ്ങനെയുള്ള ഏതെങ്കിലും നടപടിയിലെ ഏതെങ്കിലും കക്ഷി മരിക്കുമ്പോൾ, മജിസ്ട്രേററിന്, മരിച്ചുപോയ കക്ഷിയുടെ നിയമാനുസൃത പ്രതിനിധിയെ ആ നടപടിയിലെ കക്ഷി ചേർപ്പിക്കാവുന്നതും, അങ്ങനെ ചെയ്യുന്നതിൻമേൽ അന്വേഷണ വിചാരണ തുടരേണ്ടതും, അങ്ങനെയുള്ള നടപടിയുടെ ആവശ്യങ്ങൾക്ക്, ആരാണ് മരിച്ചുപോയ കക്ഷിയുടെ നിയമാനുസൃത പ്രതിനിധി എന്നുള്ള പ്രശ്നം ഉൽഭവിക്കുന്നുവെങ്കിൽ, മരിച്ചുപോയ കക്ഷിയുടെ പ്രതിനിധികളാണെന്ന് അവകാശപ്പെടുന്ന എല്ലാ ആളുകളേയും അതിലെ കക്ഷികൾ ആക്കേണ്ടതും ആകുന്നു.

(8) ഈ വകുപ്പിൻകീഴിൽ തന്റെ മുമ്പാകെ നിലവിലുള്ള ഒരു നടപടിയിലെ തർക്കവസ്തുവായ വസ്തുവിലെ ഏതെങ്കിലും വിളവോ മററ് ഉത്പന്നമോ, വേഗത്തിലും സ്വാഭാവികമായും കേട് വന്നുപോകുന്നതാണെന്ന് മജിസ്ട്രേററിന് അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹത്തിന്, അങ്ങനെയുള്ള വസ്തുവിന്റെ ശരിയായ സൂക്ഷിപ്പിനോ വില്പനയ്ക്കോ ഉത്തരവ് ചെയ്യാവുന്നതും, അന്വേഷണവിചാരണ പൂർത്തിയാകുന്നതിൻമേൽ, അങ്ങനെയുള്ള വസ്തുവോ അത് വിററുകിട്ടിയതോ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് തനിക്ക് യുക്തമെന്ന് തോന്നുന്ന ഉത്തരവ് ചെയ്യേണ്ടതുമാകുന്നു.

(9) മജിസ്ട്രേററിന്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഈ വകുപ്പിൻകീഴിലുള്ള നടപടികളുടെ ഏതു ഘട്ടത്തിലും, ഇരു കക്ഷികളിൽ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, ഏതെങ്കിലും സാക്ഷിക്ക് അയാളോട് ഹാജരാകുവാനോ, ഏതെങ്കിലും രേഖയോ, സാധനമോ ഹാജരാക്കുവാനോ നിർദേശിച്ചുകൊണ്ട് സമൻസ് പുറപ്പെടുവിക്കാവുന്നതാണ്.

(10) ഈ വകുപ്പിലെ യാതൊന്നും, 107-ാം വകുപ്പിൻകീഴിൽ നടപടി തുടരാനുള്ള മജിസ്ട്രേററിന്റെ അധികാരങ്ങൾക്ക് ന്യൂനത വരുത്തുന്നതായി കരുതപ്പെടുന്നതല്ല.

146. തർക്കവസ്തു ജപ്തി ചെയ്യുവാനും റിസീവറെ നിയമിക്കുവാനുമുള്ള അധികാരം.—(1) 145-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവ് ചെയ്തതിനുശേഷം ഏതെങ്കിലും സമയത്ത്, കേസ് അടിയന്താവസ്ഥയിലുള്ള ഒന്നാണെന്ന് മജിസ്ട്രേററ് കരുതുന്നുവെങ്കിൽ, അല്ലെങ്കിൽ അദ്ദേഹം, കക്ഷികളിൽ ആർക്കും 145-ാം വകുപ്പിൽ പരാമർശിച്ചതുപോലെയുള്ള കൈവശം അപ്പോൾ ഉണ്ടായിരുന്നില്ല എന്ന് തീരുമാനിക്കുന്നുവെങ്കിൽ, അല്ലെങ്കിൽ തർക്കവസ്തുവിന്റെ അങ്ങനെയുള്ള കൈവശം അപ്പോൾ അവരിൽ ആർക്കായിരുന്നുവെന്ന് സ്വയം ബോദ്ധ്യപ്പെടുത്താൻ അദ്ദേഹത്തിന് കഴിയുന്നില്ലെങ്കിൽ, അദ്ദേഹത്തിന് തർക്കവസ്തു അതിന്റെ കൈവശത്തിന് അവകാശപ്പെട്ട ആൾ ആരാണെന്നുള്ളതു സംബന്ധിച്ച്, കക്ഷികൾക്ക് അതിൻമേലുള്ള അവകാശങ്ങൾ, ക്ഷമതയുള്ള ഒരു കോടതി തീരുമാനിക്കുന്നതുവരെയുള്ള കാലത്തേക്ക് ജപ്തി ചെയ്യാവുന്നതാണ്:

എന്നാൽ, തർക്കവസ്തു സംബന്ധിച്ച് മേലാൽ സമാധാനലംഘനത്തിന് യാതൊരു സംഭാവ്യതയും ഇല്ലെന്ന് ബോദ്ധ്യമാകുന്നുവെങ്കിൽ, അങ്ങനെയുള്ള മജിസ്ട്രേററിന് ഏതു സമയത്തും ജപ്തി പിൻവലിക്കാവുന്നതാണ്.

(2) മജിസ്ട്രേററ് തർക്കവസ്തു ജപ്തി ചെയ്യുമ്പോൾ അദ്ദേഹത്തിന്, അതു സംബന്ധിച്ച് ഏതെങ്കിലും സിവിൽ കോടതി റിസീവറെ നിയമിച്ചിട്ടില്ലെങ്കിൽ, വസ്തു നോക്കി രക്ഷിക്കുന്നതിന്, തക്കതാണെന്നു കരുതുന്ന ഏർപ്പാടുകൾ ചെയ്യുകയോ, അല്ലെങ്കിൽ യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അതിന് റിസീവറെ നിയമിക്കുകയോ ചെയ്യാവുന്നതും, ആ റിസീവർക്ക്, മജിസ്ട്രേററിന്റെ നിയന്ത്രണത്തിന് വിധേയമായി, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ നിയമിക്കപ്പെട്ട റിസീവർക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും ആകുന്നു:

എന്നാൽ, തർക്കവസ്തു സംബന്ധിച്ച് ഏതെങ്കിലും സിവിൽ കോടതി പിന്നീട് റിസീവറെ നിയമിക്കുന്നപക്ഷം, മജിസ്ട്രേററ്—

(ക) താൻ നിയമിച്ചിട്ടുള്ള റിസീവറോട് തർക്കവസ്തുവിന്റെ കൈവശം സിവിൽക്കോടതി നിയമിച്ചിട്ടുള്ള റിസീവർക്ക് ഏല്പിച്ചുകൊടുക്കാൻ ഉത്തരവ് ചെയ്യേണ്ടതും, അതിനുശേഷം, താൻ നിയമിച്ച റിസീവറെ ഡിസ്ചാർജ് ചെയ്യേണ്ടതും;

(ഖ) അദ്ദേഹത്തിന് ന്യായമായതും ആനുഷംഗികമോ അനന്തരഫലമായുള്ളതോ ആയതും ആയ ഉത്തരവുകൾ ചെയ്യാവുന്നതും, ആണ്.

147. ഭൂമിയോ ജലമോ ഉപയോഗിക്കാനുള്ള അവകാശം സംബന്ധിച്ച് തർക്കം —(1) ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേററിന്, ഒരു പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽനിന്നോ, അല്ലെങ്കിൽ മറേറതെങ്കിലും വിവരത്തിൽ നിന്നോ, തന്റെ തദ്ദേശാധികാരിതയ്ക്കുള്ളിൽ ഉള്ള ഏതെങ്കിലും ഭൂമിയുടേയോ ജലത്തിന്റേയോ ഉപയോഗത്തിൽ ഉണ്ടെന്നു പറയുന്ന അവകാശം സംബന്ധിച്ച് അത്, ഒരു സൗകര്യാവകാശമായോ മററു വിധത്തിലോ അവകാശപ്പെടുന്നത് ആയാലും, സമാധാനലംഘനം ഉണ്ടാക്കാൻ ഇടയുള്ള ഒരു തർക്കം നിലവിലുള്ളതായി ബോദ്ധ്യപ്പെടുമ്പോഴെല്ലാം, അദ്ദേഹം തനിക്ക് അപ്രകാരം ബോദ്ധ്യപ്പെടാനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ടും, അങ്ങനെയുള്ള തർക്കത്തിൽ താൽപര്യമുള്ള കക്ഷികളോട് നേരിട്ടോ വക്കീൽ മുഖാന്തരമോ

വിനിർദ്ദിഷ്ടമായ തീയതിയിലും സമയത്തും തന്റെ കോടതിയിൽ ഹാജരാവുകയും അവരുടെ യഥാക്രമമുള്ള അവകാശവാദങ്ങളുടെ പത്രികകൾ ബോധിപ്പിക്കുകയും ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ടും ലിഖിതമായ ഉത്തരവ് ചെയ്യേണ്ടതാകുന്നു.

വിശദീകരണം.—''ഭൂമിയോ ജലമോ'' എന്ന പദത്തിന്, 145-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) അപ്പോൾ മജിസ്ട്രേററ് അപ്രകാരം ബോധിപ്പിക്കപ്പെട്ട പത്രികകൾ വായിച്ചുനോക്കുകയും കക്ഷികളുടെ വാദം കേൾക്കുകയും, അവർ യഥാക്രമം ഹാജരാക്കുന്ന എല്ലാ തെളിവും സ്വീകരിക്കുകയും, അങ്ങനെയുള്ള തെളിവിന്റെ പ്രഭാവം പരിഗണിക്കുകയും, ആവശ്യമെന്ന് തനിക്ക് തോന്നുന്ന തുടർന്നുള്ള തെളിവ് വല്ലതുമുണ്ടെങ്കിൽ എടുക്കുകയും, സാദ്ധ്യമെങ്കിൽ, അങ്ങനെയുള്ള അവകാശം നിലവിലുണ്ടോ എന്ന് തീരുമാനിക്കുകയും ചെയ്യേണ്ടതും; അങ്ങനെയുള്ള അന്വേഷണവിചാരണയുടെ സംഗതിയിൽ, 145-ാം വകുപ്പിലെ വ്യവസ്ഥകൾ ആകുന്നത്ര ബാധകമാകുന്നതുമാണ്.

(3) അങ്ങനെയുള്ള അവകാശം നിലവിലുണ്ടെന്ന് അങ്ങനെയുള്ള മജിസ്ട്രേററിന് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന് അങ്ങനെയുള്ള അവകാശത്തിന്റെ പ്രയോഗത്തിന് എന്തെങ്കിലും വിഘാതം ഉണ്ടാക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് ചെയ്യാവുന്നതും, അതിൽ തക്ക സംഗതിയിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തിന്റെ പ്രയോഗത്തിലുള്ള ഏതെങ്കിലും തടസ്സം നീക്കം ചെയ്യുന്നതിലുള്ള ഉത്തരവ് ഉൾപ്പെടുന്നതും ആണ്:

എന്നാൽ, ആ അവകാശം, വർഷത്തിൽ എല്ലാ സമയത്തും പ്രയോഗിക്കാവുന്നതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള അവകാശം ആ അന്വേഷണവിചാരണ ആരംഭിക്കുന്നതിലേക്ക് നയിച്ച പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ മററു വിവരമോ (1)-ാം ഉപവകുപ്പിൻകീഴിൽ കിട്ടുന്നതിന് തൊട്ടു മുമ്പുള്ള മൂന്നു മാസങ്ങൾക്കകം പ്രയോഗിച്ചിട്ടില്ലാത്തപക്ഷമോ, അല്ലെങ്കിൽ ആ അവകാശം ചില പ്രത്യേക കാലങ്ങളിലോ പ്രത്യേക അവസരങ്ങളിലോ മാത്രം പ്രയോഗിക്കാവുന്നതായിട്ടുള്ളിടത്ത്, ആ അവകാശം അങ്ങനെ റിപ്പോർട്ടോ വിവരമോ കിട്ടുന്നതിന് മുമ്പ് അങ്ങനെയുള്ള കാലങ്ങളിലെ ഏററവും ഒടുവിലത്തേതിലോ അല്ലെങ്കിൽ അങ്ങനെയുള്ള അവസരങ്ങളിൽ ഏററവും ഒടുവിലത്തേതിലോ പ്രയോഗിച്ചിട്ടില്ലാത്തപക്ഷമോ, അങ്ങനെയുള്ള യാതൊരുത്തരവും ചെയ്യുവാൻ പാടുള്ളതല്ല.

(4) 145-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടികളിൽ തർക്കം ഭൂമിയുടേയോ ജലത്തിന്റേയോ ഉപയോഗത്തിന് ഉണ്ടെന്നു പറയുന്ന അവകാശം സംബന്ധിച്ചാണെന്ന് മജിസ്ട്രേററ് കാണുമ്പോൾ, അദ്ദേഹത്തിന് കാരണങ്ങൾ റിക്കാർഡാക്കിയതിനുശേഷം, നടപടികൾ (1)-ാം ഉപവകുപ്പിൻകീഴിൽ ആരംഭിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ തുടരാവുന്നതും;

(1)-ാം ഉപവകുപ്പിൻകീഴിൽ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടികളിൽ, തർക്കം 145-ാം വകുപ്പിൻകീഴിൽ കൈകാര്യം ചെയ്യേണ്ടതാണെന്ന് മജിസ്ട്രേററ് കാണുമ്പോൾ, അദ്ദേഹത്തിന് കാരണങ്ങൾ റിക്കാർഡാക്കിയതിനുശേഷം, നടപടികൾ 145-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ആരംഭിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ തുടരാവുന്നതും ആകുന്നു.

148. സ്ഥലത്തുവച്ചുള്ള അന്വേഷണവിചാരണ.—(1) 145-ാം വകുപ്പിന്റേയോ, 146-ാം വകുപ്പിന്റേയോ, 147-ാം വകുപ്പിന്റേയോ ആവശ്യങ്ങൾക്ക് സ്ഥലത്തുവച്ചുള്ള അന്വേഷണ വിചാരണ ആവശ്യമുള്ളപ്പോഴെല്ലാം, ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിനോ സബ് ഡിവിഷനൽ മജിസ്ട്രേറ്റിനോ ആ അന്വേഷണ വിചാരണ നടത്തുന്നതിന് തന്റെ കീഴിലുള്ള ഏതെങ്കിലും മജിസ്ട്രേട്ടിനെ നിയോഗിക്കാവുന്നതും, അയാളുടെ മാർഗ്ഗദർശനത്തിന് ആവശ്യമാണെന്ന് തോന്നുന്ന ലിഖിതമായ ആദേശങ്ങൾ അയാൾക്ക് നൽകാവുന്നതും, ആ അന്വേഷണവിചാരണക്ക് ആവശ്യമായ ചെലവുകൾ മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ആരാണ് കൊടുക്കേണ്ടതെന്ന് പ്രഖ്യാപിക്കാവുന്നതും ആണ്.

(2) അപ്രകാരം നിയോഗിക്കപ്പെട്ട ആളുടെ റിപ്പോർട്ട് കേസ്സിൽ തെളിവായി വായിക്കാവുന്നതാണ്.

(3) 145-ാം വകുപ്പിനോ, 146-ാം വകുപ്പിനോ, 147-ാം വകുപ്പിനോ കീഴിലുള്ള നടപടിയിൽ ഏതെങ്കിലുംകക്ഷിക്ക് എന്തെങ്കിലും കോടതിച്ചെലവ് നേരിട്ടിട്ടുള്ളപ്പോൾ, ആരാണ് അങ്ങനെയുള്ള കോടതിച്ചെലവ് കൊടുക്കേണ്ടതാണെന്നും, അത് അങ്ങനെയുള്ള കക്ഷിയോ മറ്റേതെങ്കിലും കക്ഷിയോ ആണോ എന്നും, അത് മുഴുവനുമായാണോ ഭാഗികമായാണോ ആനുപാതികമായാണോ എന്നും തീരുമാനം ചെയ്യുന്ന മജിസ്ട്രേറ്റിന് നിദേശിക്കാവുന്നതും അങ്ങനെയുള്ള കോടതിച്ചെലവിൽ സാക്ഷികളെ സംബന്ധിച്ച് നേരിട്ടിട്ടുള്ള ഏതെങ്കിലും ചെലവുകളും കോടതി ന്യായമാണെന്ന് കരുതുന്ന വക്കീൽ ഫീസും ഉൾപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം XI

## പോലീസിന്റെ നിവാരകപ്രവർത്തനം

149. പോലീസ് കോഗ്നൈസബിൾ കുറ്റങ്ങൾ തടയണമെന്ന്.—ഏതെങ്കിലും കോഗ്നൈസബിൾ കുറ്റം ചെയ്യുന്നത് തടയുവാൻവേണ്ടി ഏതൊരു പോലീസ് ഉദ്യോഗസ്ഥനും ഇടപെടാവുന്നതും, അയാൾ തന്റെ കഴിവിന്റെ പരമാവധിക്കൊത്തവണ്ണം തടയേണ്ടതുമാകുന്നു.

150. കോഗ്നൈസബിൾ കുറ്റങ്ങൾ ചെയ്യുവാനുള്ള പദ്ധതിയെക്കുറിച്ചുള്ള വിവരം.—ഏതെങ്കിലും കോഗ്നൈസബിൾ കുറ്റം ചെയ്യാനുള്ള ഒരു പദ്ധതിയെക്കുറിച്ച് വിവരം കിട്ടുന്ന ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, അങ്ങനെയുള്ള വിവരം താൻ ഏതു പോലീസ് ഉദ്യോഗസ്ഥന് കീഴിലാണോ ആ ഉദ്യോഗസ്ഥനേയും, അങ്ങനെയുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നത് തടയുന്നതോ അത് നടപടിയ്ക്ക് എടുക്കുന്നതോ തന്റെ കർത്തവ്യമായ മറ്റേതെങ്കിലും ഉദ്യോഗസ്ഥനേയും, അറിയിക്കേണ്ടതാകുന്നു.

151. കോഗ്നൈസബിൾ കുറ്റങ്ങൾ ചെയ്യുന്നതു തടയാൻ അറസ്റ്റ്.—

(1) ഏതെങ്കിലും കോഗ്നൈസബിൾ കുറ്റം ചെയ്യാനുള്ള ഒരു പദ്ധതിയെക്കുറിച്ച് അറിയുന്ന പോലീസ് ഉദ്യോഗസ്ഥന്, ആ കുറ്റം ചെയ്യുന്നത് മററുവിധത്തിൽ തടയാൻ കഴിയുകയില്ലെന്ന് തനിക്ക് തോന്നുന്നുവെങ്കിൽ, ഒരു മജിസ്ട്രേറ്റിന്റെ ഉത്തരവുകൂടാതെയും വാറന്റുകൂടാതെയും, അപ്രകാരം പദ്ധതിയുള്ള ആളെ അറസ്റ്റുചെയ്യാവുന്നതാണ്.

(2) 1-ാം ഉപവകുപ്പിൻകീഴിൽ അറസ്ററ് ചെയ്യപ്പെടുന്ന യാതൊരാളേയും, അയാളെ തുടർന്നു തടങ്കലിൽ വയ്ക്കുന്നത് ഈ നിയമസംഹിതയിലെ മറേറതെങ്കിലും വ്യവസ്ഥകാംക്കോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിനോ കീഴിൽ ആവശ്യമായിരിക്കുകയോ അധികാരപ്പെടുത്തിയതായിരിക്കുകയോ ചെയ്യാത്തപക്ഷം, അയാളെ അറസ്ററ് ചെയ്ത സമയം മുതൽ ഇരുപത്തിനാലു മണിക്കൂറിൽ കവിഞ്ഞകാലം തടങ്കലിൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല.

152. പൊതുമുതലിന് ക്ഷതി തടയുന്നത്.—ഒരു പോലീസ് ഉദ്യോഗസ്ഥന്, ഏതെങ്കിലും ജംഗമമോ സ്ഥാവരമോ ആയ പൊതുമുതലിന് തന്റെ കൺമുമ്പിൽവച്ച് ചെയ്യാൻ ശ്രമിക്കുന്ന ഏതെങ്കിലും ക്ഷതി തടയുന്നതിനോ, അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് ഭൂമി ചിഹ്നമോ, ജലഗതാഗതത്തിനുപയോഗിക്കുന്ന ബോയിയോ മററു ഏതെങ്കിലും ചിഹ്നമോ നീക്കം ചെയ്യുകയോ അതിന് ക്ഷതി ഏല്പിക്കുകയോ ചെയ്യുന്നത് തടയുന്നതിനോ തന്റെ സ്വന്തം പ്രാധികാരത്തിൻമേൽ ഇടപെടാവുന്നതാണ്.

153. തൂക്കങ്ങളുടേയും അളവുകളുടേയും പരിശോധന.—(1) ഒരു പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്, അങ്ങനെയുള്ള സ്റേറഷന്റെ അതിർത്തിക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്ത്, അവിടെ ഉപയോഗിക്കുന്നതോ വച്ചിട്ടുള്ളതോ ആയ ഏതെങ്കിലും തൂക്കങ്ങളോഅളവുകളോ തൂക്കാനുള്ള ഉപകരണങ്ങളോ പരിശോധിക്കുകയോ അവയ്ക്കുവേണ്ടി ശോധന ചെയ്യുകയോ ചെയ്യുന്നതിലേക്ക് അങ്ങനെയുള്ള സ്ഥലത്തു ഏതെങ്കിലും വ്യാജമായ തൂക്കങ്ങളോ അളവുകളോ തൂക്കാനുള്ള ഉപകരണങ്ങളോ ഉണ്ടെന്നു തനിക്ക് വിശ്വസിക്കാൻ കാരണമുള്ളപ്പോഴെല്ലാം, വാറൻറുകൂടാതെ പ്രവേശിക്കാവുന്നതാണ്.

(2) അയാം അങ്ങനെയുള്ള സ്ഥലത്തു ഏതെങ്കിലും വ്യാജമായ തൂക്കങ്ങളോ, അളവുകളോ തൂക്കാനുള്ള ഉപകരണങ്ങളോ കാണുന്നുവെങ്കിൽ, അയാംക്ക് അവ പിടിച്ചെടുക്കാവുന്നതും, അയാം ഉടനടി അധികാരിതയുള്ള മജിസ്ട്രേററിന് അങ്ങനെ പിടിച്ചെടുത്തതിനെക്കുറിച്ച് വിവരം നല്കേണ്ടതുമാകുന്നു.

## അദ്ധ്യായം XII

## പോലീസിന് കൊടുക്കുന്ന വിവരവും അന്വേഷണത്തിനുള്ള അവരുടെ അധികാരങ്ങളും

154. കോഗ്നൈസബിാം കേസ്സുകളിലെ വിവരം.—(1) ഒരു കോഗ്നൈസബിാം കുററം ചെയ്യുന്നത് സംബന്ധിച്ച് കൊടുക്കുന്ന ഏതൊരു വിവരവും, അത് ഒരു പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് വാക്കാൽ നല്കുന്നതാണെങ്കിൽ, അയാളാലോ അയാളുടെ നിദേശത്തിൻകീഴിലോ ലിഖിതമാക്കേണ്ടതും, വിവരം കൊടുക്കുന്ന ആളെ അത് വായിച്ചു കേൾപ്പിക്കേണ്ടതും ആകുന്നു ; അങ്ങനെ കൊടുക്കുന്ന ഏതൊരു വിവരവും, ലിഖിതമായി നല്കുന്നതോ മേൽപറഞ്ഞതുപോലെ ലിഖിതമാക്കിയതോ ആയാലും, അത് നല്കുന്ന ആൾ ഒപ്പിടേണ്ടതും, അതിന്റെ സാരം, സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് നിർണ്ണയിക്കുന്ന രൂപത്തിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ വച്ചുപോരേണ്ട ഒരു ബുക്കിൽ ചേർക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ റിക്കാർഡാക്കിയതുപോലെയുള്ള ആ വിവരത്തിന്റെ ഒരു പകർപ്പ്, വിവരം കൊടുക്കുന്ന ആാംക്ക്, ഉടനടി സൗജന്യമായി കൊടുക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച വിവരം റിക്കാർഡാക്കുന്നതിന് ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഒരു ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വിസമ്മതം വഴി സങ്കടക്കാരനായ ഏതെങ്കിലും ആരംക്ക്, അങ്ങനെയുള്ള വിവരത്തിന്റെ സാരം ലിഖിതമായും പോസ്റ്റ് വഴിയും ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുക്കാവുന്നതും, അങ്ങനെയുള്ള വിവരം ഒരു കോഗ്നൈസബിൾ കുററം ചെയ്യപ്പെട്ടിട്ടുള്ളതായി വെളിപ്പെടുത്തുന്നുവെന്നു ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹം കേസ് ഈ നിയമസംഹിത വ്യവസ്ഥ ചെയ്യുന്ന രീതിയിൽ, താൻ തന്നെ അന്വേഷണം നടത്തുകയോ, താന്റെ കീഴിലുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോട് അന്വേഷണം നടത്തുവാൻ നിദേശിക്കുകയോ ചെയ്യേണ്ടതും; അങ്ങനെയുള്ള ഉദ്യോഗസ്ഥന് ആ കുററംസംബന്ധിച്ച് പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്.

155. <u>കോഗ്നൈസബിൾ അല്ലാത്ത കേസ്സുകളിൽ കൊടുക്കുന്ന വിവരവും അങ്ങനെയുള്ള കേസ്സുകളുടെ അന്വേഷണവും.</u>—(1) ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് അങ്ങനെയുള്ള സ്റ്റേഷന്റെ അതിർത്തിക്കുള്ളിൽ ഒരു കോഗ്നൈസബിൾ അല്ലാത്ത കുററം ചെയ്തിട്ടുള്ളതായി വിവരം നല്കപ്പെടുമ്പോൾ, അയാൾ സ്റ്റേററ് ഗവൺമെന്റ് ഇതിലേക്കു നിർണ്ണയിക്കുന്ന രൂപത്തിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ വച്ചുപോരേണ്ട ഒരു ബുക്കിൽ, ആ വിവരത്തിന്റെ സാരം ചേർക്കുകയോ ചേർപ്പിക്കുകയോ ചെയ്യുകയും, വിവരം കൊടുക്കുന്ന ആളെ മജിസ്ട്രേറ്റിന്റെ അടുക്കൽ പറഞ്ഞയക്കുകയും ചെയ്യേണ്ടതാണ്.

(2) യാതൊരു പോലീസ് ഉദ്യോഗസ്ഥനും ഒരു കോഗ്നൈസബിൾ അല്ലാത്ത കേസ്, അങ്ങനെയുള്ള കേസ് വിചാരണ ചെയ്യുവാനോ വിചാരണയ്ക്ക് കമ്മിററു ചെയ്യുവാനോ അധികാരമുള്ള മജിസ്ട്രേററിന്റെ ഉത്തരവു കൂടാതെ അന്വേഷണം നടത്താൻ പാടുള്ളതല്ല.

(3) അങ്ങനെയുള്ള ഉത്തരവു കിട്ടുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് കോഗ്നൈസബിൾ കേസ്സിൽ പ്രയോഗിക്കാവുന്ന അതേ അധികാരങ്ങൾ (വാറന്റു കൂടാതെ അറസ്ററ് ചെയ്യാനുള്ള അധികാരം ഒഴികെ) ആ അന്വേഷണം സംബന്ധിച്ച് പ്രയോഗിക്കാവുന്നതാണ്.

(4) ഒരു കേസ് രണ്ടോ അതിലധികമോ കുററങ്ങൾ സംബന്ധിക്കുന്നതും അവയിൽ ഒന്നെങ്കിലും കോഗ്നൈസബിൾ ആയതും ആകുന്നിടത്ത്, മററ് കുററങ്ങൾ കോഗ്നൈസബിൾ അല്ലാത്തവയാണെന്നിരുന്നാലും, ആ കേസ് കോഗ്നൈസബിൾ കേസ്സായി കരുതപ്പെടുന്നതാകുന്നു.

156. <u>കോഗ്നൈസബിൾ കേസ്സുകൾ അന്വേഷണം നടത്താൻ പോലീസുദ്യോഗസ്ഥനുള്ള അധികാരം.</u>—(1) ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്, അങ്ങനെയുള്ള സ്റ്റേഷന്റെ അതിർത്തിക്കുള്ളിലുള്ള തദ്ദേശപ്രദേശത്ത് അധികാരിതയുള്ള കോടതിക്ക് XIII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് കീഴിൽ അന്വേഷണ വിചാരണ നടത്തുന്നതിനോ വിചാരണ ചെയ്യുന്നതിനോ അധികാരം ഉണ്ടായിരിക്കുന്ന ഏതെങ്കിലും കോഗ്നൈസബിൾ കേസ് മജിസ്ട്രേററിന്റെ ഉത്തരവുകൂടാതെ, അന്വേഷണം നടത്താവുന്നതാണ്.

(2) ഒരു പോലീസ് ഉദ്യോഗസ്ഥന്റെ അങ്ങനെയുള്ള ഏതെങ്കിലും കേസ്സിലെ യാതൊരു നടപടിയും ആ കേസ്, അന്വേഷണംനടത്താൻ അങ്ങനെയുള്ള ഉദ്യോഗസ്ഥന് ഈ വകുപ്പിൻകീഴിൽ അധികാരം നല്കപ്പെടാത്ത ഒന്നാണെന്ന കാരണത്തിൻമേൽ ഒരു ഘട്ടത്തിലും ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

(3) 190-ാം വകുപ്പിൻകീഴിൽ അധികാരം നല്കപ്പെട്ട ഏതെങ്കിലും മജിസ്ട്രേററ്റിന്, മേല്പറഞ്ഞ ഒരു അന്വേഷണം നടത്തുവാൻ ഉത്തരവുചെയ്യാവുന്നതാണ്.

157. അന്വേഷണം നടത്താനുള്ള നടപടിക്രമം.—(1) കിട്ടിയ വിവരത്തിൽനിന്നോ മററു വിധത്തിലോ ഒരു പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് അന്വേഷണം നടത്തുവാൻ തന്നെ, 156-ാം വകുപ്പിൻകീഴിൽ അധികാരപ്പെടുത്തിയ ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ളതായി സംശയിക്കാൻ കാരണമുണ്ടെങ്കിൽ, അയാാം ഉടനടി അതിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ട്, പോലീസ് റിപ്പോർട്ടിൻമേൽ അങ്ങനെയുള്ള കുററം നടപടിക്കെടുക്കാൻ അധികാരപ്പെടുത്തപ്പെട്ട ഒരു മജിസ്ട്രേററ്റിന്, അയച്ചുകൊടുക്കേണ്ടതും, ആ കേസ്സിന്റെ വസ്തുതകളേയും പരിതഃസ്ഥിതികളേയുംകുറിച്ച് അന്വേഷണം നടത്താനും, ആവശ്യമുണ്ടെങ്കിൽ, കുററക്കാരനെ കണ്ടുപിടിക്കാനും അറസ്ററ്ചെയ്യാനും ഉള്ള നടപടികളം എടുക്കുന്നതിനുമായി, സ്ഥലത്തേക്ക് താൻതന്നെ ചെല്ലുകയോ അല്ലെങ്കിൽ തന്റെ കീഴ് ഉദ്യോഗസ്ഥൻമാരിൽ സ്റേററ് ഗവൺമെൻറ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, അതിലേയ്ക്ക് നിർണ്ണയിക്കുന്ന പദവിക്ക് താഴെയല്ലാത്ത പദവിയുള്ള ഒരാളെ ചെല്ലാൻ നിയോഗിക്കുകയോ ചെയ്യേണ്ടതുമാകുന്നു:

എന്നാൽ—

(ക) അങ്ങനെയുള്ള ഏതെങ്കിലും കുററം ചെയ്തതിനെക്കുറിച്ചുള്ള വിവരം, ഏതെങ്കിലും ആളുടെ പേർ പറഞ്ഞ് അയാൾക്കെതിരായി നല്കപ്പെടുകയും കേസ് ഗൗരവമുള്ള സ്വഭാവത്തിലുള്ളതല്ലാതിരിക്കുകയും ചെയ്യുമ്പോൾ, പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ സ്ഥലത്തുവച്ച് അന്വേഷണം നടത്തുന്നതിനായി താൻ തന്നെ ചെല്ലുകയോ ഒരു കീഴുദ്യോഗസ്ഥനെ നിയോഗിക്കുകയോ ചെയ്യേണ്ടതില്ല;

(ഖ) അന്വേഷണം തുടങ്ങാൻ മതിയായ കാരണമില്ലെന്ന് പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് തോന്നുന്നുവെങ്കിൽ, അയാൾ ആ കേസ്സ് അന്വേഷണം നടത്താൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിലെ (ക) യും (ഖ) യും ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള സംഗതികളിൽ ഓരോന്നിലും, പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ തന്റെ റിപ്പോർട്ടിൽ ആ ഉപവകുപ്പ് ആവശ്യപ്പെടുന്നത് പൂർണ്ണമായി അനുസരിക്കാത്തതിന് തനിക്കുള്ള കാരണങ്ങളും പ്രസ്താവിക്കേണ്ടതും, മേല്പറഞ്ഞ പരിമിതി വ്യവസ്ഥയിലെ (ഖ) ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സംഗതിയിൽ, ആ ഉദ്യോഗസ്ഥൻ, താൻ ആ കേസ് അന്വേഷണം നടത്തുകയോ, നടത്തിക്കുകയോ ചെയ്യുന്നതല്ലെന്നുള്ള വസ്തുത, വിവരം കൊടുക്കുന്ന ആൾ, ആരെങ്കിലും ഉണ്ടെങ്കിൽ, അയാളെ സ്റേററ്ഗവൺമെൻറ് നിർണ്ണയിക്കുന്ന രീതിയിൽ ഉടനടി അറിയിക്കേണ്ടതും ആകുന്നു.

158. റിപ്പോർട്ട് സമർപ്പിക്കുന്നത് എങ്ങനെയെന്ന്.—(1) 157-ാം വകുപ്പിൻകീഴിൽ ഒരു മജിസ്ട്രേററിന് അയച്ചുകൊടുക്കുന്ന ഏതൊരു റിപ്പോർട്ടും, സ്റേററ്ഗവൺമെൻറ്, അതിലേക്ക് സാമാന്യമോ പ്രത്യേകമായോ ആയ ഉത്തരവുവഴി, നിയമിക്കുന്ന പോലീസ് മേലുദ്യോഗസ്ഥൻ വഴിയായി സമർപ്പിക്കേണ്ടതാണെന്ന്, സ്റേററ്ഗവൺമെൻറ് നിർദ്ദേശിക്കുന്നുവെങ്കിൽ അപ്രകാരം സമർപ്പിക്കപ്പെടേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മേലുദ്യോഗസ്ഥന്, തനിക്ക് യുക്തമെന്ന് തോന്നുന്ന ആദേശങ്ങൾ, പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് നല്കാവുന്നതും, അയാൾ അങ്ങനെയുള്ള ആദേശങ്ങൾ അങ്ങനെയുള്ള റിപ്പോർട്ടിൻമേൽ റിക്കാർഡാക്കിയതിന് ശേഷം, അത് കാലതാമസംകൂടാതെ മജിസ്ട്രേറ്റിന് എത്തിച്ചുകൊടുക്കേണ്ടതുമാകുന്നു.

159. **അന്വേഷണമോ പ്രാരംഭികമായ അന്വേഷണവിചാരണയോ നടത്താനുള്ള അധികാരം.**—അങ്ങനെയുള്ള റിപ്പോർട്ട് കിട്ടുന്നതിൻമേൽ, അങ്ങനെയുള്ള മജിസ്ട്രേറ്റിന്, ഒരു അന്വേഷണം നടത്തുവാൻ നിദേശിക്കുകയോ, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഉടനെതന്നെ ഈ നിയമസംഹിതയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ആ കേസ്, സംബന്ധിച്ച് പ്രാരംഭികമായ അന്വേഷണവിചാരണ നടത്തുകയോ അതുസംബന്ധിച്ച് മററുവിധത്തിൽ, വേണ്ടതു ചെയ്യുകയോ ചെയ്യാൻ ആരംഭിക്കുകയോ, ആരംഭിക്കാൻ തന്റെ കീഴിലുള്ള ഒരു മജിസ്ട്രേറ്റിനെ നിയോഗിക്കുകയോ ചെയ്യാവുന്നതാണ്.

160. **സാക്ഷികൾ ഹാജരാകണമെന്ന് ആവശ്യപ്പെടാൻ പോലീസ് ഉദ്യോഗസ്ഥനുള്ള അധികാരം.**— (1) ഈ അദ്ധ്യായത്തിൻകീഴിൽ അന്വേഷണം നടത്തുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, നല്കപ്പെടുന്ന വിവരത്തിൽനിന്നോ മററുവിധത്തിലോ, കേസ്സിലെ വസ്തുതകളും പരിതഃസ്ഥിതികളും നേരിട്ടറിവുള്ളവനായി കാണപ്പെടുന്ന ഏതെങ്കിലും ആൾ തന്റെ സ്വന്തം സ്റ്റേഷന്റേയോ തൊട്ടടുത്തുള്ള ഏതെങ്കിലും സ്റ്റേഷന്റേയോ അതിർത്തിക്കുള്ളിലുള്ളവനായിരിക്കെ, തന്റെ മുമ്പാകെ ഹാജരാകണമെന്ന് ലിഖിതമായ ഉത്തരവുവഴി ആവശ്യപ്പെടാവുന്നതും; അങ്ങനെയുള്ള ആൾ അപ്രകാരം ആവശ്യപ്പെടുന്നതുപോലെ ഹാജരാകേണ്ടതുമാണ് :

എന്നാൽ, ഒരു സ്ത്രീയോ പതിനഞ്ചു വയസ്സിന് താഴെയുള്ള ഒരു പുരുഷനോ, അങ്ങനെയുള്ള സ്ത്രീയോ പുരുഷനോ താമസിക്കുന്ന സ്ഥലത്തല്ലാതെ മറേറതെങ്കിലും സ്ഥലത്ത് ഹാജരാകണമെന്ന് ആവശ്യപ്പെടാൻ പാടുള്ളതല്ല.

(2) സ്റേററ് ഗവൺമെന്റിന്, ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾവഴി, (1)-ാം ഉപവകുപ്പിൻ കീഴിൽ തന്റെ വസതിയല്ലാത്ത മറേറതെങ്കിലും സ്ഥലത്ത് ഹാജരാകുന്ന ഏതൊരാളുടേയും ന്യായമായ ചെലവുകൾ പോലീസ് ഉദ്യോഗസ്ഥൻ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യാവുന്നതാണ്.

161. **സാക്ഷികളെ പോലീസ് വിസ്തരിക്കുന്നത്.**—(1) ഈ അദ്ധ്യായത്തിൻകീഴിൽ അന്വേഷണം നടത്തുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ ആവശ്യപ്പെടലനുസരിച്ച് പ്രവർത്തിക്കുകയും സ്റേററ്ഗവൺമെന്റ് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഇതിലേക്ക് നിർണ്ണയിക്കുന്ന പദവിയ്ക്ക് താഴെ അല്ലാത്ത പദവിയുണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ കേസ്സിന്റെ വസ്തുതകളും പരിതഃസ്ഥിതികളും നേരിട്ടറിയാവുന്നതായി കരുതപ്പെടുന്ന ഏതെങ്കിലും ആളെ വാക്കാൽ വിസ്തരിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ആൾ, ഏത് ചോദ്യങ്ങളുടെ ഉത്തരങ്ങൾക്കാണോ തന്നെ ഒരു ക്രിമിനൽ ചാർജ്ജിനോ അല്ലെങ്കിൽ ഒരു ദണ്ഡനത്തിനോ കണ്ടുകെട്ടലിനോ വിധേയനാക്കാൻ ഇടയാക്കുന്ന പ്രവണതയുണ്ടായിരിക്കുന്നത്, അങ്ങനെയുള്ള ചോദ്യങ്ങൾ അല്ലാത്തതും അങ്ങനെയുള്ള കേസ്സ് സംബന്ധിച്ച് തന്നോട് ചോദിക്കുന്നതുമായ എല്ലാ ചോദ്യങ്ങൾക്കും സത്യസന്ധമായി ഉത്തരം നല്കാൻ ബാദ്ധ്യസ്ഥനാകുന്നു.

(3) പോലീസ് ഉദ്യോഗസ്ഥന് ഈ വകുപ്പിൻകീഴിലുള്ള ഒരു വിസ്താരത്തിനിടയിൽ, തനിക്ക് നല്കുന്ന ഏതെങ്കിലും സ്റേറററ്മെൻറ് ലിഖിതത്തിലാക്കാവുന്നതും; അപ്രകാരം ചെയ്യുന്നുവെങ്കിൽ അയാൾ, താൻ ആരുടെയെല്ലാം സ്റേറററ്മെൻറാണോ റിക്കാർഡാക്കുന്നത്, അങ്ങനെയുള്ളവരിൽ ഓരോ ആളുടേയും സ്റേറററ്മെൻറ് വെവ്വേറെയായും സത്യസന്ധമായും റിക്കാർഡാക്കേണ്ടതും ആകുന്നു.

162. പോലീസിന് നല്കുന്ന സ്റേറററ്മെൻറുകൾ ഒപ്പിടേണ്ടതില്ലെന്ന് തെളിവിൽ സ്റേറററുമെൻറുകൾ ഉപയോഗിക്കുന്നത്.—(1) ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഒരു അന്വേഷണത്തിനിടയിൽ ഏതെങ്കിലും ആൾ ഒരു പോലീസ് ഉദ്യോഗസ്ഥന് നല്കുന്ന യാതൊരു സ്റേറററ്മെൻറും, ലിഖിതമാകുന്നുവെങ്കിൽ അതു നല്കുന്നയാൾ അതു ഒപ്പിടേണ്ടതില്ലെന്നും, അതു സംബന്ധിച്ച് ഒരു പോലീസ് ഡയറിയിലുള്ളതോ മററുവിധത്തിലുള്ളതോ ആയ യാതൊരു റിക്കാർഡും, അങ്ങനെയുള്ള സ്റേറററ്മെൻറിൻേറയോ റിക്കാർഡിൻേറയോ യാതൊരു ഭാഗവും, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്തിട്ടുള്ള വിധത്തിലല്ലാതെ, അങ്ങനെയുള്ള സ്റേറററ്മെൻറ് നല്കിയ സമയത്ത് അന്വേഷണത്തിലായിരുന്ന ഏതെങ്കിലും കുററംസംബന്ധിച്ച ഏതെങ്കിലും അന്വേഷണവിചാരണയിലോ, വിചാരണയിലോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ പാടുള്ളതല്ല:

എന്നാൽ, ആരുടെ സ്റേറററ്മെൻറാണോ മേല്പറഞ്ഞ പ്രകാരം ലിഖിതത്തിലാക്കിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും സാക്ഷിയെ അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ പ്രാസിക്യൂഷൻ സാക്ഷിയായി വിളിക്കുമ്പോൾ, അയാളുടെ സ്റേറററ്മെൻറിൻെറ ഏതെങ്കിലും ഭാഗം, അത് മുറപ്രകാരം തെളിയിക്കപ്പെടുന്നുവെങ്കിൽ, കുററാരോപണം ചെയ്യപ്പെടുന്ന ആൾക്കും, കോടതിയുടെ അനുവാദത്തോടുകൂടെ പ്രാസിക്യൂഷനും, ഇൻഡ്യൻ തെളിവ് ആക്ററ്, 1872 (1872-ലെ 1)-ലെ 145-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ, അങ്ങനെയുള്ള സാക്ഷി പറഞ്ഞതിന് വിരുദ്ധമായത് കാണിക്കാൻ ഉപയോഗിക്കാവുന്നതും; അങ്ങനെയുള്ള സ്റേറററ്മെൻറിൻെറ ഏതെങ്കിലും ഭാഗം അപ്രകാരം ഉപയോഗിക്കപ്പെടുമ്പോൾ, അതിൻെറ ഏതെങ്കിലും ഭാഗം, അങ്ങനെയുള്ള സാക്ഷിയുടെ പുനർവിസ്താരത്തിലും, എന്നാൽ അയാളുടെ എതിർവിസ്താരത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വിഷയം വിശദീകരിക്കുന്നതിന് വേണ്ടിമാത്രവും ഉപയോഗിക്കാവുന്നതുമാണ്.

(2) ഈ വകുപ്പിലെ യാതൊന്നും, ഇൻഡ്യൻ തെളിവ് ആക്ററ്, 1872 (1872-ലെ 1), 32-ാം വകുപ്പിലെ (1)-ാം ഖണ്ഡത്തിലെ വ്യവസ്ഥകളിൽ പെടുന്ന ഏതെങ്കിലും സ്റേറററ്മെൻറിന് ബാധകമാകുന്നതായോ ആ ആക്ററിലെ 27-ാം വകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതായോ കരുതപ്പെടുന്നതല്ല.

വിശദീകരണം.—(1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റേറററ്മെൻറിൽ, ഒരു വസ്തുതയോ പരിതഃസ്ഥിതിയോ പറയാൻ വിട്ടുപോകുന്നത്, അങ്ങനെ വിട്ടുപോകുന്ന സന്ദർഭം പരിഗണിക്കുമ്പോൾ പ്രാധാന്യം ഏറിയതും മററുവിധത്തിൽ പ്രസക്തമായതുമായി കാണപ്പെടുന്നുവെങ്കിൽ, അത് പറഞ്ഞതിന് വിരുദ്ധമായത് കാണിക്കൽ ആകാവുന്നതും, എന്നാൽ ഏതെങ്കിലും വിട്ടുപോകൽ ഒരു പ്രത്യേക സന്ദർഭത്തിൽ പറഞ്ഞതിന് വിരുദ്ധമായത് കാണിക്കൽ ആകുമോയെന്നുള്ളത് ഒരു വസ്തുതാപ്രശ്നമായിരിക്കുന്നതും ആണ്.

163. പ്രചോദനം നല്കാൻ പാടില്ലെന്ന്.—(1) യാതൊരു പോലീസ് ഉദ്യോഗസ്ഥനും, അല്ലെങ്കിൽ അധികാരസ്ഥാനത്തുള്ള മറ്റാളും ഇൻഡ്യൻ തെളിവ് ആക്ററ്, 1872 (1872-ലെ 1)-ലെ 24-ാംവകുപ്പിൽ പറയുന്നതുപോലെയുള്ള ഏതെങ്കിലും പ്രചോദനമോ ഭീഷണിയോ നല്കുകയോ നല്കിക്കുകയോ വാഗ്ദാനം ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) എന്നാൽ യാതൊരു പോലീസ് ഉദ്യോഗസ്ഥനും, അല്ലെങ്കിൽ മററാളും യാതൊരാളേയും, ഏതെങ്കിലും മുന്നറിയിപ്പുവഴിയോ മററുവിധത്തിലോ, ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണത്തിനിടയിൽ സ്വതന്ത്രമായി സ്വന്തം ഇച്ഛക്കനുസരിച്ച് നല്കാൻ ആഗ്രഹിക്കുന്ന ഏതെങ്കിലും സ്റേററ്മെൻറ് നല്കുന്നതിൽനിന്ന് തടയാൻ പാടുള്ളതല്ല:

എന്നാൽ ഈ ഉപവകുപ്പിലെ യാതൊന്നും, 164-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

164. കുററസമ്മതങ്ങളും സ്റേററ്മെൻറുകളും റിക്കാർഡാക്കുന്നത്.—(1) ഏതെങ്കിലും മഹാനഗര മജിസ്ട്രേററിനോ ജുഡീഷ്യൽ മജിസ്ട്രേററിനോ, അദ്ദേഹത്തിന് ആ കേസ്സിൽ അധികാരിത ഉണ്ടെങ്കിലും, ഇല്ലെങ്കിലും ഈ അദ്ധ്യായത്തിൻ കീഴിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻകീഴിലോ ഉള്ള ഒരു അന്വേഷണത്തിനിടയിലോ അല്ലെങ്കിൽ അതിനു ശേഷവും അന്വേഷണവിചാരണയോ, വിചാരണയോ ആരംഭിക്കുന്നതിന് മുമ്പുള്ള ഏതെങ്കിലും സമയത്തോ തന്നോട് നടത്തുന്ന കുററസമ്മതമോ, സ്റേററ്മെൻേറാ റിക്കാർഡാക്കാവുന്നതാണ്;

എന്നാൽ, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻ കീഴിൽ ഒരു മജിസ്ട്രേററിൻെറ ഏതെങ്കിലും അധികാരം നല്കപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻ യാതൊരു കുററസമ്മതവും റിക്കാർഡാക്കാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള ഏതെങ്കിലും കുററസമ്മതം റിക്കാർഡാക്കുന്നതിനു മുമ്പ്, മജിസ്ട്രേററ്, അതു നടത്തുന്ന ആളോട് അയാൾ കുററസമ്മതം നടത്താൻ ബാദ്ധ്യസ്ഥനല്ലെന്നും, അയാൾ അപ്രകാരം ചെയ്യുന്നുവെങ്കിൽ, അത് അയാൾക്ക് എതിരായ തെളിവായി ഉപയോഗപ്പെടുത്തിയേക്കാമെന്നും, വിശദീകരിച്ചുകൊടുക്കേണ്ടതും ; അതു നടത്തുന്ന ആളെ ചോദ്യം ചെയ്യുന്നതിൻമേൽ അത് സ്വെച്ഛയാ നടത്തുന്നതാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമില്ലാത്തപക്ഷം, മജിസ്ട്രേററ് അങ്ങനെയുള്ള ഏതെങ്കിലും കുററസമ്മതം റിക്കാർഡാക്കാൻ പാടില്ലാത്തതുമാകുന്നു.

(3) മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാകുന്ന ആൾ കുററസമ്മതം റിക്കാർഡാക്കപ്പെടുന്നതിനുമുമ്പ് ഏതെങ്കിലും സമയത്ത്, താൻ കുററസമ്മതം നടത്താൻ ഒരുക്കമല്ലെന്ന് പറയുന്നുവെങ്കിൽ, മജിസ്ട്രേററ് അങ്ങനെയുള്ള ആളെ പോലീസ് കസ്ററഡിയിൽ തടങ്കലിൽ വയ്ക്കുവാനുള്ള പ്രാധികാരം നല്കാൻ പാടുള്ളതല്ല.

(4) അങ്ങനെയുള്ള ഏതെങ്കിലും കുററസമ്മതം 281-ാം വകുപ്പിൽ കുററാരോപണം ചെയ്യപ്പെട്ട ഒരാളുടെ വിസ്താരം റിക്കാർഡാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ റിക്കാർഡാക്കേണ്ടതും ; കുററസമ്മതം നടത്തുന്ന ആൾ അത് ഒപ്പിടേണ്ടതും : മജിസ്ട്രേററ് അങ്ങനെയുള്ള റിക്കാർഡിൽ ചുവടെ താഴെപ്പറയുന്ന അർത്ഥത്തിലുള്ള ഒരു മെമ്മോറാണ്ഡം ചേർക്കേണ്ടതുമാകുന്നു :—

**"ഞാൻ (പേര് ............)ക്ക് അയാൾ കുററസമ്മതം നടത്താൻ ബാദ്ധ്യസ്ഥനല്ലെന്നും അപ്രകാരം ചെയ്യുന്നുവെങ്കിൽ, അയാൾ നടത്തുന്ന ഏതെങ്കിലും കുററസമ്മതം അയാൾക്ക് എതിരായ തെളിവായി ഉപയോഗപ്പെടുത്തിയേക്കാ**

മെന്നും വിശദീകരിച്ചുകൊടുത്തിട്ടുള്ളതും ഈ കുററസമ്മതം സ്വേച്ഛയാ നടത്തിയിട്ടുള്ളതാണെന്ന് ഞാൻ വിശ്വസിക്കുന്നതുമാകുന്നു. അത് എന്റെ സാന്നിദ്ധ്യത്തിലും ഞാൻ കേൾക്കെയും എടുത്തിട്ടുള്ളതും, അത് നടത്തിയ ആൾക്ക് വായിച്ചുകൊടുക്കുകയും ശരിയാണെന്ന് അയാൾ സമ്മതിക്കുകയും ചെയ്തിട്ടുള്ളതും, അത് അയാൾ നല്കിയിട്ടുള്ള സ്റേറററുമെൻറിന്റെ പൂർണ്ണവും സത്യവുമായ വിവരണം അടങ്ങുന്നതും ആകുന്നു.

ക, ഖ. (ഒപ്പ്)
മജിസ്ട്രേട്ട്

(5) (1)-ാം ഉപവകുപ്പിൻകീഴിൽ നൽകിയിട്ടുള്ള (കുററസമ്മതമല്ലാത്ത) ഏതെങ്കിലും സ്റേററ്മെൻറ് തെളിവ് റിക്കാർഡാക്കുന്നതിലേക്ക് ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതും, മജിസ്ട്രേട്ടിന്റെ അഭിപ്രായത്തിൽ കേസിന്റെ പരിതഃസ്ഥിതിയ്ക്ക് ഏററവും യോജിച്ചതുമായ രീതിയിൽ റിക്കാർഡാക്കേണ്ടതും ; ആരുടെ സ്റേററ്മെൻറാണോ അപ്രകാരം റിക്കാർഡാക്കുന്നത്, ആ ആളെക്കൊണ്ട് ശപഥം ചെയ്യിക്കാൻ മജിസ്ട്രേററിന് അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(6) ഈ വകുപ്പിൻകീഴിൽ ഒരു കുററസമ്മതമോ സ്റേററുമെൻേറാ റിക്കാർഡാക്കുന്ന മജിസ്ട്രേററ് അത് ആ കേസ് അന്വേഷണവിചാരണ ചെയ്യുകയോ, വിചാരണ ചെയ്യുകയോ ചെയ്യുന്ന മജിസ്ട്രേററിന് അയച്ചുകൊടുക്കേണ്ടതാകുന്നു.

165. <u>പോലീസ് ഉദ്യോഗസ്ഥൻ ശോധന ചെയ്യുന്നത്</u>.—(1) പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോ അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥനോ, തനിക്ക് അന്വേഷണം നടത്തുവാൻ പ്രാധികാരമുള്ള ഏതെങ്കിലും കുററത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിലേയ്ക്ക് ആവശ്യമായ ഏതെങ്കിലും സാധനം തനിക്ക് ചാർജ്ജുള്ളതോ താൻ ജോലിയിലിരിക്കുന്നതോ ആയ പോലീസ് സ്റേറഷന്റെ അതിർത്തിക്കുള്ളിലെ ഏതെങ്കിലും സ്ഥലത്ത് കണ്ടെത്താവുന്നതാണെന്നും, ആ സാധനം, തന്റെ അഭിപ്രായത്തിൽ അധികം കാലതാമസംകൂടാതെ മററുവിധത്തിൽ ലഭിക്കാൻ കഴിയുകയില്ലെന്നും, വിശ്വസിക്കാൻ ന്യായമായ കാരണങ്ങൾ ഉള്ളപ്പോഴെല്ലാം, ആ ഉദ്യോഗസ്ഥന് തന്റെ വിശ്വാസത്തിനുള്ള കാരണങ്ങൾ ലിഖിതമായി റിക്കാർഡാക്കുകയും ഏതു സാധനത്തിനാണോ ശോധന നടത്തുന്നത് അത് അങ്ങനെയുള്ള ലിഖിതത്തിൽ കഴിയുന്നത്ര വിനിർദ്ദിഷ്ടമാക്കുകയും ചെയ്തതിനുശേഷം അങ്ങനെയുള്ള സ്റേറഷന്റെ അതിർത്തിക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്ത് അങ്ങനെയുള്ള സാധനത്തിന് ശോധന ചെയ്യുകയോ ശോധന ചെയ്യിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നടപടി എടുക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ, പ്രായോഗികമാണെങ്കിൽ ശോധന നേരിട്ടു നടത്തേണ്ടതാകുന്നു.

(3) ശോധന നേരിട്ട് നടത്താൻ തനിക്ക് കഴിയാതിരിക്കുകയും ശോധന ചെയ്യാൻ ക്ഷമതയുള്ള മറെറാരാളും ആ സമയത്ത് സന്നിഹിതനല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാൾക്ക് തന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോട് ശോധന നടത്താൻ ആവശ്യപ്പെടുന്നതിനുള്ള കാരണങ്ങൾ ലിഖിതമായി റിക്കാർഡാക്കിയതിനുശേഷം, അപ്രകാരം ആവശ്യപ്പെടാവുന്നതും, അയാൾ അങ്ങനെയുള്ള കീഴുദ്യോഗസ്ഥന് ശോധന ചെയ്യാനുള്ള സ്ഥലം വിനിർദ്ദേശിച്ചുകൊണ്ടും, ഏത് സാധനത്തിനാണോ ശോധന നടത്തുന്നത്, ആ സാധനം കഴിയുന്നത്ര വിനിർദ്ദിഷ്ടമാക്കിയും ലിഖിതമായ ഉത്തരവ് നല്കേണ്ടതും; അപ്പോൾ അങ്ങനെയുള്ള കീഴ് ഉദ്യോഗസ്ഥന് ആ സ്ഥലത്ത് ആ സാധനത്തിന് ശോധന ചെയ്യാവുന്നതും ആണ്.

(4) ശോധന വാറൻറുകളെക്കുറിച്ച് ഈ നിയമസംഹിതയിലെ വ്യവസ്ഥകളും ശോധനകളെക്കുറിച്ച് 100-ാം വകുപ്പിൽ അടങ്ങിയ സാമാന്യ വ്യവസ്ഥകളും, ആകുന്നത്ര ഈ വകുപ്പിൻകീഴിൽ ചെയ്യുന്ന ശോധനയ്ക്ക് ബാധകമാകുന്നതാണ്.

(5) (1)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റിക്കാർഡിൻെറ പകർപ്പുകൾ, ഉടനടി ആ കുററം നടപടിക്കെടുക്കാൻ അധികാരപ്പെടുത്തപ്പെട്ട ഏററവും അടുത്തുള്ള മജിസ്ട്രേററിന് അയച്ചുകൊടുക്കേണ്ടതും, മജിസ്ട്രേററ് അതിൻെറ ഒരു പകർപ്പ് ശോധന ചെയ്ത സ്ഥലത്തിൻെറ ഉടമസ്ഥനോ കൈവശക്കാരനോ, അപേക്ഷയിൻമേൽ, സൗജന്യമായി നല്കേണ്ടതുമാകുന്നു.

166. <u>പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന് മറെറാരാളോട് ശോധന വാറൻറ് പുറപ്പെടുവിക്കാൻ എപ്പോൾ ആവശ്യപ്പെടാമെന്ന്.</u> (1) പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനോ ഒരു അന്വേഷണം നടത്തുന്ന സബ്ഇൻസ്പെക്ററുടെ പദവിക്ക് താഴെയല്ലാത്ത പദവിയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനോ, മറെറാരു പോലീസ് സ്റേറഷൻെറ, അത്, അതേ ജില്ലയിലോ വേറൊരു ജില്ലയിലോ ആയാലും, ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് ഏതെങ്കിലും സ്ഥലത്ത് ഒരു ശോധന ചെയ്യിക്കാൻ, അങ്ങനെയുള്ള ശോധന ആ ഉദ്യോഗസ്ഥന് തൻെറ സ്റേറഷൻെറ അതിർത്തിക്കുള്ളിൽ ചെയ്യിക്കാവുന്ന ഏതെങ്കിലും സംഗതിയിൽ ആവശ്യപ്പെടാവുന്നതാണ്.

(2) അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, അങ്ങനെ ആവശ്യപ്പെടുന്നതിൻമേൽ, 165-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടി തുടരേണ്ടതും ഏതൊരു ഉദ്യോഗസ്ഥൻെറ അപേക്ഷ പ്രകാരമാണോ ശോധന ചെയ്തത്, അയാൾക്ക്, കണ്ടെടുത്ത സാധനം, വല്ലതുമുണ്ടെങ്കിൽ, അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ശോധന ചെയ്യിക്കാൻ മറെറാരു പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുന്നതിനാൽ ഉണ്ടാകുന്ന കാലതാമസം, ഒരു കുററം ചെയ്തതിൻെറ തെളിവ് ഒളിച്ചുവയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന ഫലമുളവാക്കിയേക്കാമെന്ന് വിശ്വസിക്കാൻ കാരണമുണ്ടായിരിക്കുമ്പോഴെല്ലാം, പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനോ, ഈ അദ്ധ്യായത്തിൻകീഴിൽ ഏതെങ്കിലും അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥനോ, മറെറാരു പോലീസ് സ്റേറഷനിലെ അതിർത്തിക്കുള്ളിലെ ഏതെങ്കിലും സ്ഥലം, അത് തൻെറ സ്വന്തം പോലീസ് സ്റേറഷൻെറ അതിർത്തിക്കുള്ളിൽ ഉളളതായിരുന്നാലെന്നപോലെ, 165-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ശോധന ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്യുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ശോധന നടത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ, ഏത് പോലീസ് സ്റേറഷൻെറ അതിർത്തിക്കുള്ളിലാണോ അങ്ങനെയുള്ള സ്ഥലം സ്ഥിതി ചെയ്യുന്നത്, ആ പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്, ശോധനയെക്കുറിച്ചുള്ള നോട്ടീസ് ഉടനടി അയക്കേണ്ടതും, കൂടാതെ അങ്ങനെയുള്ള നോട്ടീസിൻെറ കൂടെ 100-ാം വകുപ്പിൻ കീഴിൽ തയ്യാറാക്കിയ ലിസ്ററിൻെറ (വല്ലതുമുണ്ടെങ്കിൽ) ഒരു പകർപ്പ് അയക്കുകയും, ആ കുററം നടപടിക്കെടുക്കാൻ അധികാരപ്പെടുത്തപ്പെട്ട ഏററവും അടുത്തുള്ള മജിസ്ട്രേററിന് 165-ാം വകുപ്പ് (1)-ം (3)-ം ഉപവകുപ്പുകളിൽ പരാമർശിച്ച റിക്കാർഡുകളുടെ പകർപ്പുകൾ അയക്കുകയും ചെയ്യേണ്ടതാകുന്നു.

(5) (4)-ാം ഉപവകുപ്പിൻകീഴിൽ മജിസ്ട്രേററിന് അയച്ചുകൊടുത്ത ഏതെങ്കിലും റിക്കാർഡിൻെറ ഒരു പകർപ്പ് ശോധന ചെയ്യപ്പെട്ട സ്ഥലത്തിൻെറ ഉടമസ്ഥനോ കൈവശക്കാരനോ, അപേക്ഷയിൻമേൽ സൗജന്യമായി, നല്കേണ്ടതാകുന്നു.

167. അന്വേഷണം ഇരുപത്തിനാലു മണിക്കൂറിനകം പൂർത്തിയാക്കാൻ കഴിയ ത്തപ്പോഴുള്ള നടപടിക്രമം.—(1) ഏതെങ്കിലും ആളെ അറസ്ററ്ചെയ്യുകയും കസ്ററഡിയിൽ തടഞ്ഞുവയ്ക്കുകയും 57-ാം വകുപ്പ് നിജപ്പെടുത്തിയിട്ടുള്ള ഇരുപത്തിനാലു മണിക്കൂർ സമയത്തിനകത്ത് അന്വേഷണം പൂർത്തിയാക്കാൻ കഴിയുകയില്ലെന്ന് കാണുകയും, കുററാരോപണമോ വിവരമോ അടിസ്ഥാനമുള്ളതാണെന്ന് വിശ്വസിക്കാൻ കാരണങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോഴെല്ലാം, പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനോ അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥനോ, അയാൾ ഒരു സബ് ഇൻസ്പെക്ററുടേതിൽ താഴെ പദവിയുള്ള ആളല്ലെങ്കിൽ ഇതിൽ ഇതിനു ശേഷം നിർണ്ണയിക്കുന്ന ഡയറിയിലെ ആ കേസ് സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകളുടെ ഒരു പകർപ്പ് ഏററവും അടുത്തുള്ള ജുഡീഷ്യൽ മജിസ്ട്രേററിന് ഉടനടി എത്തിക്കേണ്ടതും, അതേസമയം കുററാരോപണം ചെയ്യപ്പെട്ട ആളെ അങ്ങനെയുള്ള മജിസ്ട്രേററിൻെറ അടുക്കൽ അയക്കേണ്ടതും ആകുന്നു.

(2) ഏത് മജിസ്ട്രേററിൻെറ അടുക്കലാണോ, കുററാരോപണം ചെയ്യപ്പെട്ട ആളെ ഈ വകുപ്പിൻ കീഴിൽ അയച്ചിട്ടുള്ളത്, ആ മജിസ്ട്രേററിന്, അദ്ദേഹത്തിന് ആ കേസ് വിചാരണ ചെയ്യാൻ അധികാരിത ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, ഒട്ടാകെ പതിനഞ്ചു ദിവസത്തിൽ കവിയാത്ത കാലത്തേയ്ക്ക് കുററാരോപണം ചെയ്യപ്പെട്ടയാളെ യുക്തമെന്ന് തനിക്ക് തോന്നുന്ന കസ്ററഡിയിൽ തടഞ്ഞുവയ്ക്കുവാൻ അപ്പപ്പോഴായി പ്രാധികാരം നല്കാവുന്നതും; ആ കേസ് വിചാരണ ചെയ്യുന്നതിനോ വിചാരണയ്ക്ക് കമ്മിററ് ചെയ്യുന്നതിനോ അദ്ദേഹത്തിന് അധികാരിത ഇല്ലാതിരിക്കുകയും, പിന്നേയും തടഞ്ഞുവയ്ക്കുന്നത് ആവശ്യകമല്ലെന്ന് കരുതുകയും ചെയ്യുന്നുവെങ്കിൽ, അദ്ദേഹത്തിന് കുററാരോപണം ചെയ്യപ്പെട്ട ആളെ അങ്ങനെയുള്ള അധികാരിതയുള്ള ഒരു മജിസ്ട്രേററിൻെറ അടുക്കൽ അയക്കാൻ ഉത്തരവ് ചെയ്യാവുന്നതും ആകുന്നു.

എന്നാൽ—

(ക) പതിനഞ്ചു ദിവസക്കാലത്തിലധികം, കുററാരോപണം ചെയ്യപ്പെട്ട ആളെ പോലീസ് കസ്ററഡിയിലല്ലാതെ തടഞ്ഞുവയ്ക്കുന്നതിന് പ്രാധികാരം നല്കാൻ തക്ക കാരണങ്ങൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, മജിസ്ട്രേററിന് അപ്രകാരം ചെയ്യാവുന്നതും; എന്നാൽ യാതൊരു മജിസ്ട്രേററും, കുററാരോപണം ചെയ്യപ്പെട്ട ആളെ, ഒട്ടാകെ അറുപതു ദിവസത്തിൽ കവിയുന്ന കാലത്തേക്ക്, ഈ വകുപ്പിൻകീഴിൽ കസ്ററഡിയിൽ തടഞ്ഞുവയ്ക്കാൻ പ്രാധികാരം നല്കാൻ പാടില്ലാത്തതും, മേല്പറഞ്ഞ അറുപതുദിവസക്കാലം അവസാനിക്കുന്നതോടെ, കുററാരോപണം ചെയ്യപ്പെട്ട ആളെ, അയാൾ ജാമ്യം നല്കാൻ ഒരുക്കമാവുകയും നല്കുകയും ചെയ്യുന്നുവെങ്കിൽ, വിമോചിപ്പിക്കേണ്ടതും; ഈ വകുപ്പിൻകീഴിൽ വിമോചിപ്പിക്കപ്പെട്ട ഏതൊരാളും XXXIII-ാം അദ്ധ്യായത്തിൻ കീഴിൽ ആ അദ്ധ്യായത്തിൻെറ ആവശ്യങ്ങൾക്ക് വിമോചിപ്പിക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

(ഖ) യാതൊരു മജിസ്ട്രേററും, കുററാരോപണം ചെയ്യപ്പെട്ട ആൾ തൻെറ മുമ്പാകെ ഹാജരാക്കപ്പെടാത്തപക്ഷം, ഈ വകുപ്പിൻകീഴിലെ ഏതെങ്കിലും കസ്ററഡിയിലുള്ള തടഞ്ഞുവയ്ക്കലിന് പ്രാധികാരം നല്കാൻ പാടുള്ളതല്ല.

(ഗ) ഹൈക്കോടതി ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടില്ലാത്ത യാതൊരു രണ്ടാംക്ലാസ് മജിസ്ട്രേററും, പോലീസ് കസ്ററഡിയിലുള്ള തടഞ്ഞുവയ്ക്കലിന് പ്രാധികാരം നല്കാൻ പാടുള്ളതല്ല.

വിശദീകരണം.—കുററാരോപണം ചെയ്യപ്പെട്ട ആളെ, (ഖ) ഖണ്ഡിക ആവശ്യപ്പെടുന്നതുപോലെ ഹാജരാക്കിയോ എന്ന പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, കുററാരോപണം ചെയ്യപ്പെട്ട ആളെ ഹാജരാക്കിയത്, തടഞ്ഞുവയ്ക്കാൻ പ്രാധികാരം നല്കുന്ന ഉത്തരവിൻ മേലുള്ള അയാളുടെ ഒപ്പുവഴി തെളിയിക്കാവുന്നതാണ്.

(3) പൊലീസ് കസ്ററഡിയിലുള്ള തടഞ്ഞു വയ്ക്കലിന് ഈ വകുപ്പിൻകീഴിൽ പ്രാധികാരം നല്കുന്ന മജിസ്ട്രേററ്, അപ്രകാരം ചെയ്യുന്നതിന് തനിക്കുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതാകുന്നു.

(4) അങ്ങനെയുള്ള ഉത്തരവ് ചെയ്യുന്ന, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ് അല്ലാത്ത ഏതെങ്കിലും മജിസ്ട്രേററ്, തന്റെ ഉത്തരവിന്റെ ഒരു പകർപ്പ്, ആ ഉത്തരവ് ചെയ്യുന്നതിന് തനിക്കുള്ള കാരണങ്ങളോടെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന് അയക്കേണ്ടതാകുന്നു.

(5) മജിസ്ട്രേററിന് സമൻസ് കേസായി വിചാരണ ചെയ്യാവുന്ന ഏതെങ്കിലും കേസ്സിൽ, കുററാരോപണം ചെയ്യപ്പെട്ട ആളെ, അറസ്ററ് ചെയ്ത തീയതി മുതൽ ആറുമാസക്കാലത്തിനുള്ളിൽ അന്വേഷണം അവസാനിച്ചിട്ടില്ലെങ്കിൽ, പ്രത്യേക കാരണങ്ങളാലും നീതിന്യായത്തിന്റെ താൽപര്യം പരിഗണിച്ചും അന്വേഷണം ആറുമാസക്കാലത്തിനുശേഷം തുടരുന്നത് ആവശ്യമാണെന്ന് അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ മജിസ്ട്രേററിനെ ബോദ്ധ്യപ്പെടുത്താത്തപക്ഷം, മജിസ്ട്രേററു കുററത്തിന്റെ തുടർന്നുള്ള അന്വേഷണം നിറുത്തിവച്ചുകൊണ്ടുള്ള ഉത്തരവ്, ചെയ്യേണ്ടതാകുന്നു.

(6) (5)-ാം ഉപവകുപ്പിൻകീഴിൽ കുററത്തിന്റെ തുടർന്നുള്ള അന്വേഷണം നിറുത്തിവച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് ചെയ്തിട്ടുള്ളിടത്ത്, സെഷൻസ് ജഡ്ജിക്ക്, തനിക്ക് നല്കപ്പെട്ടിട്ടുള്ള അപേക്ഷയിന്മേലോ അല്ലാതെയോ ആ കുററത്തിന്റെ തുടർന്നുള്ള അന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യമാകുന്നുവെങ്കിൽ (5)-ാം ഉപവകുപ്പിൻകീഴിൽ ചെയ്ത ഉത്തരവ് ദുർബ്ബലപ്പെടുത്തുകയും, ജാമ്യവും മററു വിഷയങ്ങളും സംബന്ധിച്ച് താൻ വിനിർദ്ദേശിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി, കുററത്തിന്റെ തുടർന്നുള്ള അന്വേഷണം നടത്തുവാൻ നിദേശിക്കുകയും ചെയ്യാവുന്നതാണ്.

168. പോലീസിലെ കീഴ്യുദ്യോഗസ്ഥനാലുള്ള അന്വേഷണത്തിന്റെ റിപ്പോർട്ട് - പോലീസിലെ ഏതെങ്കിലും കീഴുദ്യോഗസ്ഥൻ ഈ അദ്ധ്യായത്തിൻകീഴിൽ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുള്ളപ്പോൾ, അയാൾ അങ്ങനെയുള്ള അന്വേഷണത്തിന്റെ ഫലം പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

169. തെളിവ് പോരാത്തപ്പോൾ പ്രതിയുടെ വിമോചനം.— ഈ അദ്ധ്യായത്തിൻകീഴിലുള്ള ഒരു അന്വേഷണത്തിൻമേൽ, പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്, പ്രതിയെ മജിസ്ട്രേററിന്റെ അടുക്കൽ അയക്കുന്നത് ന്യായീകരിക്കാൻ മതിയായ തെളിവോ, ന്യായമായ സംശയകാരണമോ ഇല്ലെന്ന് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള ആൾ കസ്ററഡിയിലാണെങ്കിൽ, പോലീസ്

റിപ്പോർട്ടിൻമേൽ ആ കുററം നടപടിക്കെടുക്കാനും, പ്രതിയെ വിചാരണ ചെയ്യുകയോ വിചാരണയ്ക്ക് കമ്മിററ് ചെയ്യുകയോ ചെയ്യാനും അധികാരപ്പെടുത്തപ്പെട്ട ഒരു മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാകാൻ ആവശ്യപ്പെടുന്നപക്ഷവും ആവശ്യപ്പെടുമ്പോഴും, അപ്രകാരം ഹാജരാകുന്നതിനുള്ളതും അങ്ങനെയുള്ള ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്നതുപോലെ, ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയതുമായ ഒരു ബോണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്നതിൻമേൽ അയാളെ വിമോചിപ്പിക്കേണ്ടതാകുന്നു.

170. തെളിവ് മതിയായിരിക്കുമ്പോൾ കേസ്സുകൾ മജിസ്ട്രേററിന് അയക്കണമെന്ന്.— (1) ഈ അദ്ധ്യായത്തിൻകീഴിലുള്ള ഒരു അന്വേഷണത്തിൻമേൽ, പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് മേല്പറഞ്ഞതുപോലെ, മതിയായ തെളിവോ ന്യായമായ കാരണമോ ഉണ്ടെന്ന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, ഒരു പോലീസ് റിപ്പോർട്ടിൻമേൽ കുററം നടപടിക്കെടുക്കാനും പ്രതിയെ വിചാരണ ചെയ്യുകയോ വിചാരണയ്ക്ക് കമ്മിററ് ചെയ്യുകയോ ചെയ്യാനും അധികാരപ്പെടുത്തപ്പെട്ട ഒരു മജിസ്ട്രേററിന്റെ അടുക്കൽ പ്രതിയെ കസ്ററഡിയിൽ അയക്കുകയോ, അല്ലെങ്കിൽ, ആ കുററം ജാമ്യം അനുവദിക്കേണ്ടതായിരിക്കുകയും പ്രതിക്ക് ജാമ്യം നല്കാൻ കഴിയുകയും ചെയ്യുന്നുവെങ്കിൽ, അയാളിൽനിന്ന്, അയാൾ ഒരു നിശ്ചിത ദിവസം അങ്ങനെയുള്ള മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാകുന്നതിനും, മററുവിധത്തിൽ നിർദ്ദേശിക്കുന്നതുവരെ, ആ മജിസ്ട്രേററിന്റെ മുമ്പാകെ ദിനംപ്രതി ഹാജരാകുന്നതിനുമുള്ള ജാമ്യം വാങ്ങുകയോ ചെയ്യേണ്ടതാകുന്നു.

(2) പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ഈ വകുപ്പിൻകീഴിൽ, പ്രതിയെ മജിസ്ട്രേററിന്റെ അടുക്കൽ അയയ്ക്കുകയോ അല്ലെങ്കിൽ അയാൾ അങ്ങനെയുള്ള മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാകുന്നതിനുള്ള ജാമ്യം വാങ്ങുകയോ ചെയ്യുമ്പോൾ, ആ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാക്കപ്പെടേണ്ടത് ആവശ്യകമായേക്കാവുന്ന ഏതെങ്കിലും ആയുധമോ മററു സാധനമോ അദ്ദേഹത്തിന് അയക്കുകയും, പരാതിക്കാരനോടും (വല്ലവരുമുണ്ടെങ്കിൽ) കേസ്സ ലെ വസ്തുതകളും പരിതഃസ്ഥിതികളും നേരിട്ടറിവുള്ളവരാണെന്ന് തനിക്ക് തോന്നുന്നവരിൽ ആവശ്യകമാണെന്ന് താൻ കരുതുന്നത്ര ആളുകളോടും ബോണ്ടിൽ നിർദ്ദേശിക്കുന്നതുപോലെ മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാകുന്നതിനുള്ള ഒരു ബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കാനും പ്രതിക്കെതിരായുള്ള ചാർജ്ജിന്റെ വിഷയത്തിൽ, (അതതുസംഗതിപോലെ) പ്രോസിക്യൂട്ട് ചെയ്യുകയോ തെളിവ് കൊടുക്കുകയോ ചെയ്യാനും ആവശ്യപ്പെടേണ്ടതും ആകുന്നു.

(3) ബോണ്ടിൽ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കോടതിയെ കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള കോടതിയിൽ, അങ്ങനെയുള്ള മജിസ്ട്രേററ്, കേസ്സ് അന്വേഷണത്തിനോ വിചാരണയ്ക്കോ റഫർ ചെയ്യുന്ന ഏതെങ്കിലും കോടതി ഉൾപ്പെടുന്നതായി ഗണിക്കപ്പെടുന്നതാണ്; എന്നാൽ, അതിന് അങ്ങനെയുള്ള പരാതിക്കാരനോ ആളുകൾക്കോ അങ്ങനെയുള്ള റഫറൻസിനെക്കുറിച്ച് ന്യായമായ നോട്ടീസ് നല്കിയിരിക്കണം.

(4) ഏത് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിലാണോ ബോണ്ട് ഒപ്പിട്ടു പൂർത്തീകരിച്ചത്, ആ ഉദ്യോഗസ്ഥൻ അതിന്റെ ഒരു പകർപ്പ് അത് ഒപ്പിട്ടു പൂർത്തീകരിച്ചവരിൽ ഒരാൾക്ക് നല്കേണ്ടതും, അതിനുശേഷം അസ്സൽ തന്റെ റിപ്പോർട്ടോടുകൂടെ മജിസ്ട്രേററിന് അയക്കേണ്ടതും ആകുന്നു.

171. **പോലീസ് ഉദ്യോഗസ്ഥനെ അനുഗമിക്കാൻ പരാതിക്കാരനോടും സാക്ഷിയോടും ആവശ്യപ്പെടാവുന്നതല്ലെന്നും അവരെ തടഞ്ഞുവയ്ക്കലിന് വിധേയരാക്കാവുന്നതല്ലെന്നും.**— ഏതെങ്കിലും കോടതിയിലേയ്ക്കു പോകുന്ന വഴിയ്ക്ക്, യാതൊരു പരാതിക്കാരനോടോ, സാക്ഷിയോടോ ഒരു പോലീസ് ഉദ്യോഗസ്ഥനെ അനുഗമിക്കാൻ ആവശ്യപ്പെടുകയോ അയാളെ അനാവശ്യമായ തടഞ്ഞുവയ്ക്കലിനോ അസൗകര്യത്തിനോ വിധേയരാക്കുകയോ, താൻ ഹാജരാകുന്നതിന് തൻെറ സ്വന്തം ബാണ്ട് അല്ലാത്ത ഏതെങ്കിലും ജാമ്യം കൊടുക്കാൻ അയാളോട് ആവശ്യപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ 170-ാം വകുപ്പിൽ നിദേശിച്ചതുപോലെ ഹാജരാകാനോ ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കാനോ ഏതെങ്കിലും പരാതിക്കാരനോ സാക്ഷിയോ വിസമ്മതിക്കുന്നുവെങ്കിൽ, പോലീസ് സ്റ്റേഷൻെറ ചാർജ്ജുള്ള പോലീസ് ഉദ്യോഗസ്ഥന് അയാളെ കസ്റ്റഡിയിൽ മജിസ്ട്രേററിൻെറ അടുക്കൽ അയയ്ക്കാവുന്നതും, മജിസ്ട്രേററിന്, അയാൾ അങ്ങനെയുള്ള ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്നതുവരെയോ കേസ്സിൻെറ ഹിയറിംങ് പൂർത്തിയാക്കുന്നതുവരെയോ അയാളെ കസ്റ്റഡിയിൽ തടഞ്ഞുവയ്ക്കാവുന്നതും ആണ്.

172. **അന്വേഷണത്തിലെ നടപടികളുടെ ഡയറി.**—(1) ഈ അദ്ധ്യായത്തിൻകീഴിൽ ഒരു അന്വേഷണം നടത്തുന്ന ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, തനിക്ക് വിവരം കിട്ടിയ സമയവും, താൻ, തൻെറ അന്വേഷണം തുടങ്ങുകയും അവസാനിപ്പിക്കുകയുംചെയ്ത സമയവും, താൻ സന്ദർശിച്ച സ്ഥലം അല്ലെങ്കിൽ സ്ഥലങ്ങളും, തൻെറ അന്വേഷണത്തിലൂടെ തിട്ടപ്പെടുത്തിയ പരിതഃസ്ഥിതികളെക്കുറിച്ചുള്ള ഒരു സ്റ്റേറ്റ്മെൻറും കാണിച്ചുകൊണ്ട് അന്വേഷണത്തിലെ തൻെറ നടപടികൾ അനുദിനം ഒരു ഡയറിയിൽ ചേർക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ക്രിമിനൽ കോടതിക്ക്, അങ്ങനെയുള്ള കോടതിയിൽ, അന്വേഷണത്തിലോ വിചാരണയിലോ ഇരിക്കുന്ന കേസ്സിൻെറ പോലീസ് ഡയറികൾ വരുത്താവുന്നതും, അങ്ങനെയുള്ള ഡയറികൾ കേസ്സിലെ തെളിവായിട്ടല്ലാതെ, എന്നാൽ അങ്ങനെയുള്ള അന്വേഷണത്തിലോ വിചാരണയിലോ കോടതിയെ സഹായിക്കുന്നതിനായി ഉപയോഗിക്കാവുന്നതും ആണ്.

(3) പ്രതിക്കോ അയാളുടെ ഏജൻറുമാർക്കോ അങ്ങനെയുള്ള ഡയറികൾ വരുത്തണമെന്ന് ആവശ്യപ്പെടാൻ അവകാശമില്ലാത്തതും, കോടതി അവ നോക്കിയിട്ടുണ്ട് എന്ന കാരണത്താൽ മാത്രം അവ കാണാൻ അയാൾക്കോ അവർക്കോ അവകാശമില്ലാത്തതും ആകുന്നു; എന്നാൽ അവ ഉണ്ടാക്കിയ പോലീസ് ഉദ്യോഗസ്ഥൻ തൻെറ ഓർമ്മ പുതുക്കാൻ അവ ഉപയോഗിക്കുകയോ അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞതിനു വിരുദ്ധമായതു കാണിക്കുന്നതിനു വേണ്ടി കോടതി അവയെ ഉപയോഗിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതതു സംഗതിപോലെ, ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872ലെ 1)-ലെ 161-ാം വകുപ്പിലേയോ 145-ാം വകുപ്പിലേയോ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

173. **അന്വേഷണം പൂർത്തിയാക്കുന്നതിൻമേൽ പോലീസ് ഉദ്യോഗസ്ഥൻെറ റിപ്പോർട്ട്.**—(1) ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതൊരു അന്വേഷണവും അനാവശ്യമായ കാലതാമസം കൂടാതെ പൂർത്തിയാക്കേണ്ടതാണ്.

(2) (i) അത് പൂർത്തിയാക്കിയ ഉടനെ പോലീസ് സ്റ്റേഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ, പോലീസ് റിപ്പോർട്ടിൻമേൽ കുററം നടപടി ക്കെടുക്കാൻ അധികാരപ്പെടുത്തപ്പെട്ട ഒരു മജിസ്ട്രേററിന്, സ്റ്റേററ് ഗവൺമെൻറ് നിർണ്ണയിച്ചിട്ടുള്ള ഒരു ഫാറത്തിൽ ഒരു റിപ്പോർട്ട്.—

(ക) കക്ഷികളുടെ പേരുകളും;

(ഖ) വിവരത്തിന്റെ പ്രകൃതവും;

(ഗ) കേസ്സിന്റെ പരിതഃസ്ഥിതികൾ നേരിട്ടറിവുള്ളവരാണെന്നു തോന്നുന്ന ആളുകളുടെ പേരുകളും;

(ഘ) ഏതെങ്കിലും കുററം ചെയ്തിട്ടുള്ളതായി തോന്നുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ആരാലാണെന്നും;

(ങ) പ്രതി അറസ്ററ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നും;

(ച) അയാളെ അയാളുടെ ബാണ്ടിൻമേൽ മോചിപ്പിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ജാമ്യക്കാരോടുകൂടിയോ അല്ലാതെയോ എന്നും;

(ഛ) അയാളെ 170-ാം വകുപ്പിൻകീഴിൽ കസ്ററഡിയിൽ അയച്ചിട്ടുണ്ടോ എന്നും,

പ്രസ്താവിച്ചുകൊണ്ട് അയക്കേണ്ടതാകുന്നു.

(ii) ആ ഉദ്യോഗസ്ഥൻ, താൻ എടുത്ത നടപടിയെപ്പററി കുററം ചെയ്തതു സംബന്ധിച്ച വിവരം ആദ്യം നല്കിയ ആരെങ്കിലും ഉണ്ടെങ്കിൽ, അയാളെ സ്റേററു ഗവൺമെൻറ് നിർണ്ണയിക്കുന്ന രീതിയിൽ അറിയിക്കേണ്ടതുമാകുന്നു.

(3) 158-ാം വകുപ്പിൻകീഴിൽ പോലീസിലെ ഒരു മേലുദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളിടത്ത്, റിപ്പോർട്ട് ആ ഉദ്യോഗസ്ഥൻവഴി സമർപ്പിക്കേണ്ടതാണെന്ന് സ്റേററ് ഗവൺമെൻറ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിർദേശിക്കുന്ന ഏതെങ്കിലും സംഗതിയിൽ അപ്രകാരം സമർപ്പിക്കേണ്ടതും ആ ഉദ്യോഗസ്ഥന് മജിസ്ട്രേററിന്റെ ഉത്തരവ് വരുന്നതുവരെ തുടർന്നുള്ള അന്വേഷണം നടത്താൻ പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് നിർദേശിക്കാവുന്നതും ആണ്.

(4) ഈ വകുപ്പിൻകീഴിൽ അയക്കുന്ന റിപ്പോർട്ടിൽനിന്ന്, പ്രതിയെ, അയാളുടെ ബാണ്ടിൻമേൽ വിമോചിപ്പിച്ചിട്ടുണ്ടെന്ന് കാണുമ്പോഴെല്ലാം, മജിസ്ട്രേററ്, അങ്ങനെയുള്ള ബാണ്ടിന്റെ ബാദ്ധ്യത വിടുർത്തുന്നതോ മററു വിധത്തിലുള്ളതോ ആയ, യുക്തമെന്നു തോന്നുന്ന ഉത്തരവ് ചെയ്യേണ്ടതാകുന്നു.

(5) അങ്ങനെയുള്ള റിപ്പോർട്ട്, 170-ാം വകുപ്പ് ബാധകമാകുന്ന ഒരു കേസ്സ് സംബന്ധിച്ചുള്ളതാകുമ്പോൾ, പോലീസ് ഉദ്യോഗസ്ഥൻ റിപ്പോർട്ടോടുകൂടി—

(ക) അന്വേഷണത്തിനിടയിൽ മുമ്പേ മജിസ്ട്രേററിന്, അയച്ചുകൊടുത്തിട്ടുള്ളവയല്ലാത്തതും, പ്രോസിക്യൂഷൻ ആശ്രയിക്കാൻ ഉദ്ദേശിക്കുന്നതുമായ എല്ലാ രേഖകളും അവയുടെ പ്രസക്തമായ എക്സ്ട്രാക്ററുകളും ;

(ഖ) പ്രോസിക്യൂഷൻ, അതിന്റെ സാക്ഷികളായി വിസ്തരിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ ആളുകളുടേയും 161-ാം വകുപ്പിൻകീഴിൽ റിക്കാർഡാക്കിയിട്ടുള്ള സ്റേറററ്മെൻറുകളും,

മജിസ്ട്രേററിന് അയക്കേണ്ടതാകുന്നു.

(6) അങ്ങനെയുള്ള ഏതെങ്കിലും സ്റേറററ്മെൻറിന്റെ ഏതെങ്കിലും ഭാഗം നടപടികളുടെ വിഷയവസ്തുവിന് പ്രസക്തമായതല്ലെന്നോ, അത് പ്രതിയ്ക്ക് വെളിപ്പെടുത്തുന്നത് നീതിയുടെ താത്പര്യത്തിന് ആവശ്യമായതല്ലാത്തതും പൊതുതാത്പര്യത്തിന് സമീചീനമല്ലാത്തതും ആണെന്നോ പോലീസ് ഉദ്യോഗസ്ഥന് അഭിപ്രായമുണ്ടെങ്കിൽ, അയാൾ സ്റേറററ്മെൻറിന്റെ ആ ഭാഗം ചൂണ്ടിക്കാണിക്കുകയും കുററാരോപണം ചെയ്യപ്പെട്ട

ആൾക്ക് നല്കുന്ന പകർപ്പുകളിൽ നിന്ന് ആ ഭാഗം ഒഴിവാക്കുവാൻ മജിസ്ട്രേററിനോട് അപേക്ഷിച്ചുകൊണ്ടും, അങ്ങനെ അപേക്ഷിക്കുന്നതിന് തനിക്കുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ടും ഉള്ള ഒരു കുറിപ്പ് ചേർക്കുകയും ചെയ്യേണ്ടതാകുന്നു.

(7) കേസ് അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥന് (5)-ാം ഉപവകുപ്പിൽ പരാമർശിച്ച എല്ലാ രേഖകളുടേയോ ഏതെങ്കിലും രേഖകളുടേയോ പകർപ്പുകൾ പ്രതിയ്ക്ക് നല്കുന്നത് സൗകര്യപ്രദമാണെന്ന് കാണുമ്പോൾ, അപ്രകാരം നല്കാവുന്നതാണ്.

(8) ഈ വകുപ്പിലെ യാതൊന്നും, (2)-ാം ഉപവകുപ്പിൻകീഴിലുള്ള റിപ്പോർട്ട് മജിസ്ട്രേററിന് അയച്ചുകൊടുത്തതിനുശേഷം, ഒരു കുററം സംബന്ധിച്ച് തുടർന്നുള്ള അന്വേഷണം തടയുന്നതായി കരുതപ്പെടുന്നതല്ലാത്തതും, അങ്ങനെയുള്ള അന്വേഷണത്തിൻമേൽ, പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്, തുടർന്നുള്ള തെളിവ് വാങ്മൂലമോ രേഖാമൂലമോ ആയാലും, ലഭിക്കുന്നിടത്ത്, അയാൾ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അങ്ങനെയുള്ള തെളിവ് സംബന്ധിച്ച തുടർന്നുള്ള റിപ്പോർട്ടോ റിപ്പോർട്ടുകളോ മജിസ്ട്രേററിന് അയക്കേണ്ടതും, അങ്ങനെയുള്ള റിപ്പോർട്ടോ റിപ്പോർട്ടുകളോ സംബന്ധിച്ച് (2) മുതൽ (6) വരെ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ, ആകുന്നത്ര (2)-ാം ഉപവകുപ്പിൻകീഴിൽ അയക്കുന്ന ഒരു റിപ്പോർട്ട് സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതും ആണ്.

174. ആത്മഹത്യ മുതലായവ പോലീസ് അന്വേഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യണമെന്ന്.—(1) ഒരു പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോ സ്റേററ് ഗവൺമെൻറ് ഇതിലേക്ക് പ്രത്യേകം അധികാരപ്പെടുത്തുന്ന മറെറതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, ഒരാൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നോ, അല്ലെങ്കിൽ മറെറാരാളാലോ, ഒരു മൃഗത്താലോ, യന്ത്രത്താലോ, യദൃശ്ചാ സംഭവത്താലോ കൊല്ലപ്പെട്ടിട്ടുണ്ടെന്നോ, അല്ലെങ്കിൽ മറെറതെങ്കിലും ആൾ ഒരു കുററം ചെയ്തിട്ടുണ്ടെന്ന് ന്യായമായ സംശയം ഉളവാക്കുന്ന പരിതഃസ്ഥിതികളിൽ മരിച്ചിട്ടുണ്ടെന്നോ വിവരം കിട്ടുമ്പോൾ, അയാൾ ഉടനെ, ഇൻക്വസ്ററുകൾ നടത്താൻ അധികാരപ്പെടുത്തപ്പെട്ട ഏററവും അടുത്തുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേററിന് അതിനെക്കുറിച്ച് അറിവ് നല്കേണ്ടതും, സ്റേററ് ഗവൺമെൻറ് നിർണ്ണയിച്ചിട്ടുള്ള ഏതെങ്കിലും ചട്ടമോ ഡിസ്ട്രിക്ററ് മജിസ്ട്രേററിന്റേയോ സബ്ഡിവിഷണൽ മജിസ്ട്രേററിന്റേയോ സാമാന്യമോ പ്രത്യേകമോ ആയ ഏതെങ്കിലും ഉത്തരവോ മററു വിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്തപക്ഷം, മരിച്ചുപോയ ആളുടെ ശരീരമുള്ള സ്ഥലത്ത് ചെല്ലേണ്ടതും, അവിടെ വച്ച് അയൽപക്കത്തെ മാന്യരായ രണ്ടോ അതിലധികമോ നിവാസികളുടെ സാന്നിദ്ധ്യത്തിൽ അന്വേഷണം നടത്തുകയും, ശരീരത്തിൻമേൽ കാണപ്പെടുന്ന ക്ഷതങ്ങളും ഒടിവുകളും ചതവുകളും ക്ഷതിയുടെ മററടയാളങ്ങളും വിവരിച്ചുകൊണ്ടും, അങ്ങനെയുള്ള അടയാളങ്ങൾ ഏത് രീതിയിലോ അല്ലെങ്കിൽ ഏത് ആയുധത്താലോ ഉപകരണത്താലോ (വല്ലതുമുണ്ടെങ്കിൽ) ആണ് ഏല്പിക്കപ്പെട്ടിട്ടുള്ളതായി കാണുന്നതെന്നു പ്രസ്താവിച്ചുകൊണ്ടും ഉള്ള മരണത്തിന്റെ ദൃശ്യമായ കാരണത്തെപ്പററിയുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) റിപ്പോർട്ട്, അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥനും മററാളുകളും, അല്ലെങ്കിൽ അവരിൽ അതിനോടു യോജിക്കുന്നത്ര ആളുകളും ഒപ്പിടേണ്ടതും, ഡിസ്ട്രിക്ററ് മജിസ്ട്രേററിനോ സബ്ഡിവിഷണൽ മജിസ്ട്രേററിനോ ഉടനടി അയയ്ക്കേണ്ടതും ആകുന്നു.

(3) മരണകാരണത്തെക്കുറിച്ച് എന്തെങ്കിലും സംശയം ഉള്ളപ്പോഴോ, അല്ലെങ്കിൽ സ്റേററ്റ് ഗവൺമെൻറ് ഇതിലേക്ക് നിർണ്ണയിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ആ ശരീരം അത് പരിശോധിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തോടെ ഏററവും അടുത്തുള്ള സിവിൽ സർജനോ, സ്റേററ്റ് ഗവൺമെൻറ് ഇതിലേക്ക് നിയമിക്കുന്ന യോഗ്യതയുള്ള മററ ചികിൽസകനോ, കാലാവസ്ഥയുടേയും ദൂരത്തിൻേറയും സ്ഥിതി അങ്ങനെയുള്ള പരിശോധന ഉപയോഗശൂന്യമാക്കത്തക്കവണ്ണം വഴിയിൽവച്ച് അഴുകിപ്പോകാനുള്ള സാദ്ധ്യത കൂടാതെ അപ്രകാരം അയക്കാൻ അനുവദിക്കുന്നുവെങ്കിൽ, അയക്കുന്നത് സമീചിനമാണെന്ന് മറേറതെങ്കിലും കാരണത്താൽ പോലീസ് ഉദ്യോഗസ്ഥൻ കരുതുമ്പോഴോ അയയ്ക്കേണ്ടതാകുന്നു.

(4) താഴെ പറയുന്ന മജിസ്ട്രേററുമാരെ, അതായത്, ഏതെങ്കിലും ഡിസ്ട്രിക്ററ് മജിസ്ട്രേററ് അല്ലെങ്കിൽ സബ്ഡിവിഷണൽ മജിസ്ട്രേററ് സ്റേററ്റ് ഗവൺമെൻേറാ ഡിസ്ട്രിക്ററ് മജിസ്ട്രേററോ ഇതിലേക്ക് പ്രത്യേകം അധികാരപ്പെടുത്തുന്ന മറേറതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററ് എന്നിവരെ ഇൻക്വസ്ററുകൾ നടത്താൻ അധികാരപ്പെടുത്തിയിരിക്കുന്നു.

175. <u>ആളുകളെ സമൻചെയ്യാനുള്ള അധികാരം.</u>—(1) 174-ാം വകുപ്പിൻ കീഴിൽ നടപടി തുടരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്, മേല്പറഞ്ഞ അന്വേഷണത്തിനുവേണ്ടി മേല്പറഞ്ഞതുപോലുള്ള രണ്ടോ അതിലധികമോ ആളുകളേയും കേസ്സിൻെറ വസ്തുതകൾ നേരിട്ടറിയുന്നവനായി കാണുന്ന മറേറതെങ്കിലും ആളേയും, ലിഖിതമായ ഉത്തരവുവഴി സമൻചെയ്യാവുന്നതും, അങ്ങനെ സമൻചെയ്യപ്പെട്ട ഏതൊരാളും ഹാജരാകുന്നതിനും, ഏത് ചോദ്യങ്ങളുടെ ഉത്തരങ്ങൾക്കാണോ തന്നെ, ഒരു ക്രിമിനൽ ചാർജ്ജിനോ, അല്ലെങ്കിൽ ഒരു ദണ്ഡനത്തിനോ, കണ്ടുകെട്ടലിനോ വിധേയനാക്കാനിടയാക്കുന്ന പ്രവണത യുണ്ടായിരിക്കുന്നത്, അങ്ങനെയുള്ള ചോദ്യങ്ങൾ അല്ലാത്ത എല്ലാ ചോദ്യങ്ങൾക്കും സത്യസന്ധമായി ഉത്തരം നല്കുന്നും ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്.

(2) വസ്തുതകൾ, 170-ാം വകുപ്പ് ബാധകമാകുന്ന ഒരു കോഗ്നൈസബിൾ കുററം വെളിവാക്കുന്നില്ലെങ്കിൽ, അങ്ങനെയുള്ള ആളുകളോട് മജിസ്ട്രേററിൻെറ കോടതിയിൽ ഹാജരാകുവാൻ പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടാൻ പാടുള്ളതല്ല.

176. <u>മരണകാരണത്തെക്കുറിച്ചുള്ള മജിസ്ട്രേററിൻെറ അന്വേഷണ വിചാരണ.</u>—(1) ഏതെങ്കിലും ആൾ പോലീസിൻെറ കസ്ററഡിയിലായിരിക്കുമ്പോൾ മരിക്കുന്ന സംഗതിയിൽ, ഇൻക്വസ്ററുകൾ നടത്താൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏററവും അടുത്തുള്ള മജിസ്ട്രേററ് നടത്തേണ്ടതും, 174-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള മറേറതെങ്കിലും സംഗതിയിൽ, പോലീസ് ഉദ്യോഗസ്ഥൻ നടത്തിയ അന്വേഷണത്തിനു പകരമായോ അതിനു പുറമേയോ മരണകാരണത്തെക്കുറിച്ചുള്ള ഒരു അന്വേഷണ വിചാരണ അപ്രകാരം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും മജിസ്ട്രേററിന് നടത്താവുന്നതും ആകുന്നു; അദ്ദേഹം അപ്രകാരം ചെയ്യുന്നുവെങ്കിൽ, അദ്ദേഹത്തിന് അതു നടത്തുന്നതിൽ ഒരു കുററത്തെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുന്നതിന് തനിക്ക് ഉണ്ടായിരിക്കുന്ന എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുന്ന മജിസ്ട്രേററ്, അതു സംബന്ധിച്ച് താൻ എടുക്കുന്ന തെളിവ് ഇതിൽ ഇതിനുശേഷം നിർണ്ണയിച്ചിട്ടുള്ള ഏതെങ്കിലും രീതിയിൽ കേസ്സിൻെറ പരിതഃസ്ഥിതികൾക്കനുസൃതമായി റിക്കാർഡാക്കേണ്ടതാകുന്നു.

(3) മറവുചെയ്തു കഴിഞ്ഞ ഏതെങ്കിലും ആളുടെ ശവശരീരം, അയാളുടെ മരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനുവേണ്ടി, പരിശോധിക്കുന്നത് സമീചീനമാണെന്ന് അങ്ങനെയുള്ള മജിസ്ട്രേററ് കരുതുമ്പോഴെല്ലാം, അദ്ദേഹത്തിന് ആ ശരീരം പുറത്തെടുപ്പിക്കുകയും പരിശോധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ ഒരു അന്വേഷണ വിചാരണ നടത്തേണ്ടതായിട്ടുള്ളിടത്ത്, മജിസ്ട്രേററ്, പ്രായോഗികമാകുന്നിടത്തെല്ലാം, മരിച്ചുപോയ ആളുമായി ബന്ധുത്വമുള്ളവരിൽ ആരുടെയെല്ലാമാണോ പേരും മേൽവിലാസവും അറിയാവുന്നത്, അവർക്ക് വിവരം നല്കേണ്ടതും, അന്വേഷണവിചാരണയിൽ സന്നിഹിതരായിരിക്കാൻ അവരെ അനുവദിക്കേണ്ടതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ, ''ബന്ധുത്വമുള്ളവർ'' എന്ന പദത്തിന് മാതാപിതാക്കൻമാർ, കുട്ടികൾ, സഹോദരൻമാർ, സഹോദരിമാർ, ഭാര്യ അല്ലെങ്കിൽ ഭർത്താവ് എന്നിവർ എന്നർത്ഥമാകുന്നു.

## അദ്ധ്യായം XIII

## അന്വേഷണവിചാരണകളിലും വിചാരണകളിലും ക്രിമിനൽ കോടതികൾക്കുള്ള അധികാരിത

177. <u>അന്വേഷണവിചാരണയ്ക്കും വിചാരണയ്ക്കും ഉള്ള സാധാരണ സ്ഥലം.</u>—ഏതൊരു കുററവും, സാധാരണമായി ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ അത് ചെയ്തിട്ടുള്ളത്, ആ കോടതി അന്വേഷണവിചാരണ ചെയ്യുകയും വിചാരണചെയ്യുകയും ചെയ്യേണ്ടതാകുന്നു.

178. <u>അന്വേഷണവിചാരണയ്ക്കുള്ളതോ വിചാരണയ്ക്കുള്ളതോ ആയ സ്ഥലം.</u>—(ക) അനേകം തദ്ദേശപ്രദേശങ്ങളിൽ ഏതിനുള്ളിൽ വച്ചാണോ കുററംചെയ്തിട്ടുള്ളതെന്ന് അനിശ്ചിതമായിരിക്കുമ്പോഴോ, അല്ലെങ്കിൽ

(ഖ) കുററം ഭാഗികമായി ഒരു തദ്ദേശപ്രദേശത്തുവച്ചും ഭാഗികമായി മററൊന്നിൽവച്ചും ചെയ്യുന്നിടത്തോ, അല്ലെങ്കിൽ

(ഗ) കുററം തുടരുന്ന ഒന്നായിരിക്കുകയും, ഒന്നിലധികം തദ്ദേശപ്രദേശങ്ങളിൽവച്ച് ചെയ്യുന്നത് തുടരുകയും ചെയ്യുന്നിടത്തോ, അല്ലെങ്കിൽ

(ഘ) അത് വ്യത്യസ്ത തദ്ദേശപ്രദേശങ്ങളിൽ വച്ചു ചെയ്യുന്ന പല കൃത്യങ്ങൾ അടങ്ങിയിരിക്കുന്നിടത്തോ,

അങ്ങനെയുള്ള തദ്ദേശപ്രദേശങ്ങളിൽ ഏതിലെങ്കിലും അധികാരിതയുള്ള കോടതിക്ക്, അത് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്.

179. <u>കൃത്യംചെയ്യുന്നതോ അനന്തരഫലം ഉണ്ടാകുന്നതോ ആയ സ്ഥലത്ത് കുററം വിചാരണ ചെയ്യാമെന്ന്.</u>—ഒരു കൃത്യം എന്തെങ്കിലും ചെയ്തതു കാരണമായും അതിൽനിന്നുണ്ടായ ഒരു അനന്തരഫലം കാരണമായും ഒരു കുററമായിരിക്കുമ്പോൾ, ആ കുററം അങ്ങനെ എന്തെങ്കിലും ചെയ്തതോ ആ അനന്തരഫലം ഉണ്ടായതോ ഏത് കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്.

180. കൃത്യം മററുകുററവുമായുള്ള ബന്ധം കാരണം കുററമാകുന്നിടത്ത് വിചാരണയ്ക്കുള്ള സ്ഥലം.—ഒരു കൃത്യം, അതിന്, ഒരു കുററമായതോ, ചെയ്യുന്ന ആൾ കുററം ചെയ്യാൻ സമർത്ഥതയുള്ള ആൾ ആയിരുന്നുവെങ്കിൽ കുററമാകുമായിരുന്നതോ ആയ മറെറന്തെങ്കിലും കൃത്യവുമായുള്ള ബന്ധം കാരണം ഒരു കുററം ആയിരിക്കുമ്പോൾ, ആദ്യം പറഞ്ഞ കുററം, ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ രണ്ടിലേതെങ്കിലും കൃത്യം ചെയ്യപ്പെട്ടത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാവുന്നതാണ്.

181. ചില കുററങ്ങളുടെ സംഗതിയിൽ വിചാരണയ്ക്കുള്ള സ്ഥലം.—(1) തഗ്ഗായിരിക്കുന്നതോ, തഗ്ഗ് ചെയ്ത കൊലപാതകമോ കൂട്ടായ്മക്കവർച്ചയോ, കൊലപാതകത്തോടുകൂടിയ കൂട്ടായ്മക്കവർച്ചയോ, കൂട്ടായ്മക്കവർച്ചക്കാരുടെ സംഘത്തിൽ പെടുന്നതോ, കസ്ററഡിയിൽനിന്ന് രക്ഷപ്പെടുന്നതോ ആയ ഏതെങ്കിലും കുററം ഏതൊരു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ ആ കുററം ചെയ്യുകയോ പ്രതി കാണപ്പെടുകയോ ചെയ്യുന്നത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) ആൾമോഷണമോ ആളപഹരണമോ ആയ ഏതെങ്കിലും കുററം ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ, ആ ആൾ, ആൾമോഷണം ചെയ്യപ്പെടുകയോ ആളപഹരണം ചെയ്യുകയോ കൊണ്ടുപോകുകയോ ഒളിച്ചുവയ്ക്കുകയോ, തടഞ്ഞുവയ്ക്കുകയോ ചെയ്തത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) മോഷണമോ, ഭയപ്പെടുത്തിയുള്ള അപഹരണമോ കവർച്ചയോ ആയ ഏതെങ്കിലും കുററം, ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ ആ കുററം ചെയ്യുകയോ, അല്ലെങ്കിൽ കുററത്തിന് വിഷയമായ കളവുമുതൽ അത് ചെയ്ത ഏതെങ്കിലും ആളോ, അങ്ങനെയുള്ള വസ്തു, അത് കളവുമുതലാണെന്ന് അറിഞ്ഞുകൊണ്ടോ അറിയാൻ കാരണമുണ്ടായിട്ടോ, സ്വീകരിക്കുകയോ വച്ചുപോരുകയോ ചെയ്ത ഏതെങ്കിലും ആളോ കൈവശംവയ്ക്കുകയോ ചെയ്തത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(4) കുററകരമായ ദുർവിനിയോഗമോ കുററകരമായ ട്രസ്ററ് ലംഘനമോ ആയ ഏതെങ്കിലും കുററം, ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ ആ കുററം ചെയ്യുകയോ കുററത്തിന് വിഷയമായ വസ്തുവിന്റെ ഏതെങ്കിലും ഭാഗം സ്വീകരിക്കുകയോ വച്ചുപോരുകയോ അല്ലെങ്കിൽ അത് കുററാരോപണം ചെയ്യപ്പെട്ട പ്രതിയോട് തിരിച്ചുകൊടുക്കാനോ കണക്കുപറയാനോ ആവശ്യപ്പെടുകയോ ചെയ്തത്, ആ കോടതിക്ക് അന്വേഷണവിചാരണചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാവുന്നതാണ്.

(5) കളവുമുതൽ കൈവശംവയ്ക്കുന്നത് ഉൾപ്പെടുന്ന ഏതെങ്കിലും കുററം ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ ആ കുററം ചെയ്യുകയോ, അല്ലെങ്കിൽ കളവുമുതൽ, അതു കളവുമുതലാണെന്ന് അറിഞ്ഞുകൊണ്ടോ അറിയാൻ കാരണമുണ്ടായിട്ടോ സ്വീകരിക്കുകയോ വച്ചുപോരുകയോ ചെയ്ത ഏതെങ്കിലും ആൾ, കൈവശം വയ്ക്കുകയോ ചെയ്തത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാവുന്നതാണ്.

182. കത്തുകൾ മുതലായവ വഴി ചെയ്യപ്പെടുന്ന കുററങ്ങൾ.—(1) ചതിക്കൽ ഉൾപ്പെടുന്ന ഏതെങ്കിലും കുററം കബളിപ്പിക്കൽ, കത്തുകളോ ടെലികമ്മ്യൂണിക്കേഷൻ സന്ദേശങ്ങളോ വഴി നടത്തിയിട്ടുള്ളതാണെങ്കിൽ, ഏതു കോടതിയുടെ തദ്ദേശാധികാരതയ്ക്കുള്ളിലാണോ അങ്ങനെയുള്ള കത്തുകളോ സന്ദേശങ്ങളോ അയക്കുകയോ സ്വീകരിക്കുകയോ ചെയ്തത്, ആ കോടതിക്ക് അന്വേഷണവിചാരണചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാവുന്നതും ; ചതിക്കുകയും വസ്തു കൈയേല്പിക്കുവാൻ നേരുകേടായി പ്രചോദിപ്പിക്കുന്നതിനിടയാക്കുകയും ചെയ്യുന്നതായ ഏതെങ്കിലും കുററം ഏതുകോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ വസ്തു കബളിപ്പിക്കപ്പെട്ട ആൾ കൈയേല്പിച്ചുകൊടുക്കുകയോ കുററാരോപണംചെയ്യപ്പെട്ട ആൾ സ്വീകരിക്കുകയോ ചെയ്തത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോചെയ്യാവുന്നതും ആണ്.

(2) [ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)494-ാം വകുപ്പിനോ 495-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ ആ കുററം ചെയ്യപ്പെടുകയോ കുററം ചെയ്ത ആൾ ആദ്യവിവാഹത്തിലെ തന്റെ ഭാര്യയോടോ ഭർത്താവിനോടോ കൂടി ഒടുവിൽ താമസിക്കുകയോ ചെയ്തത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാവുന്നതാണ്.]

183. യാത്രയിലോ സമുദ്രയാത്രയിലോ വച്ച് ചെയ്യുന്ന കുററം.—ഒരു കുററം, കുററം ചെയ്യുന്നയാളോ, ആർക്കെതിരായാണോ കുററം ചെയ്യുന്നത് അയാളോ, ഏത് സാധനം സംബന്ധിച്ചാണോ കുററം ചെയ്യുന്നത്, ആ സാധനമോ, ഒരു യാത്രയോ സമുദ്രയാത്രയോ ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ചെയ്യുമ്പോൾ, ആ കുററം. ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലൂടെയോ ഉള്ളിലേയ്ക്കോ ആണോ, ആ ആളോ സാധനമോ, ആ യാത്രയോ, സമുദ്രയാത്രയോ ചെയ്യുന്നതിനിടയിൽ കടന്നുപോയത്, ആ കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്.

184. ഒരുമിച്ചു വിചാരണചെയ്യാവുന്ന കുററങ്ങൾ വിചാരണചെയ്യുന്നതിനുള്ള സ്ഥലം.—(ക) ഏതെങ്കിലും ആൾ ചെയ്ത കുററങ്ങൾ, അവയിൽ ഓരോന്നും 219-ാം വകുപ്പിലേയോ 220-ാം വകുപ്പിലേയോ 221-ാം വകുപ്പിലേയോ വ്യവസ്ഥകളുടെ ബലത്തിൽ അയാളെ ഒരൊററ വിചാരണയിൽ ചാർജ്ജ്ചെയ്തു വിചാരണചെയ്യത്തക്കവയാവുകയോ ; അല്ലെങ്കിൽ

(ഖ) പല ആളുകൾ ചെയ്യുന്ന കുററമോ കുററങ്ങളോ 223-ാം വകുപ്പിലെ വ്യവസ്ഥകളുടെ ബലത്തിൽ അവരെ ഒരുമിച്ചു ചാർജ്ജ് ചെയ്തു വിചാരണ ചെയ്യത്തക്കവയാവുകയോ,

ചെയ്യുന്നിടത്ത്, ആ കുററങ്ങൾ, അവയിൽ ഏതെങ്കിലും അന്വേഷണ വിചാരണചെയ്യുകയോ ചെയ്യാൻ ക്ഷമതയുള്ള ഏതെങ്കിലും കോടതിക്ക് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്

185. കേസ്സുകൾ വ്യത്യസ്ത സെഷൻസ് ഡിവിഷനുകളിൽ വിചാരണ ചെയ്യണമെന്ന് ഉത്തരവ് ചെയ്യാനുള്ള അധികാരം.—ഈ അദ്ധ്യായത്തിലെ മുൻവ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്റേററ് ഗവൺമെൻറിന്, ഏതെങ്കിലും ജില്ലയിൽ വിചാരണയ്ക്ക് കമ്മിററ് ചെയ്തിട്ടുള്ള ഏതെങ്കിലും കേസ്സുകളോ, ഏതെങ്കിലും തരം കേസ്സുകളോ ഏതെങ്കിലും സെഷൻസ് ഡിവിഷനിൽ വിചാരണചെയ്യാമെന്ന് നിർദേശിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള നിർദേശം, ഭരണഘടനയ്ക്കോ ഈ നിയമസംഹിതയ്ക്കോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിനോ കീഴിൽ ഹൈക്കോടതിയോ സുപ്രീംകോടതിയോ മുമ്പേ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദേശത്തിന് വിരുദ്ധമായിരിക്കരുത്.

186. സംശയമുണ്ടെങ്കിൽ അന്വേഷണവിചാരണയോ വിചാരണയോ നടക്കേണ്ടത് ഏതു ജില്ലയിലാണെന്ന് ഹൈക്കോടതി തീരുമാനിക്കണമെന്ന്.—രണ്ടോ അതിലധികമോ കോടതികൾ ഒരേകുററം നടപടിക്കെടുക്കുകയും, അവയിൽ ഏത് കോടതിയാണ് ആ കുററം അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യേണ്ടതെന്ന പ്രശ്നം ഉത്ഭവിക്കുകയും ചെയ്യുന്നിടത്ത്, ആ പ്രശ്നം—

(ക) ആ കോടതികൾ ഒരേ ഹൈക്കോടതിയുടെ കീഴിലാണെങ്കിൽ, ആ ഹൈക്കോടതിയാലും ;

(ഖ) ആ കോടതികൾ ഒരേ ഹൈക്കോടതിയുടെ കീഴിലല്ലെങ്കിൽ ഏതു ഹൈക്കോടതിയുടെ ക്രിമിനൽ അപ്പീൽ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിൽ വച്ചാണോ നടപടികൾ ആദ്യം ആരംഭിച്ചത്, ആ ഹൈക്കോടതിയാലും തീരുമാനിക്കപ്പെടേണ്ടതും, അപ്പോൾ ആ കുററം സംബന്ധിച്ച മററെല്ലാ നടപടികളും തുടരാതിരിക്കുന്നതുമാകുന്നു.

187. തദ്ദേശാധികാരിതയ്ക്കുവെളിയിൽവച്ച് ചെയ്ത കുററത്തിന് സമൺസോ വാറൻേറാ, പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഒരു ഒന്നാം
ക്ലാസ് മജിസ്ട്രേററിന്, തൻെറ തദ്ദേശാധികാരിതക്കുള്ളിലുള്ള ഏതെങ്കിലും
ആൾ, അങ്ങനെയുള്ള അധികാരിതയ്ക്കു വെളിയിൽ വച്ച് (ഇൻഡ്യയ്ക്ക്
അകത്തോ പുറത്തോ ആയാലും) 177 മുതൽ 185 വരെ (2-ം ഉൾപ്പെടെ)
വകുപ്പുകളിലെ വ്യവസ്ഥകൾക്കോ തൽസമയം പ്രാബല്യത്തിലുള്ള മറേറ
തെങ്കിലും നിയമത്തിനോ കീഴിൽ, അങ്ങനെയുള്ള അധികാരിതയ്ക്കുള്ളിൽ
അന്വേഷണവിചാരണചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതല്ലാ
ത്തതും, എന്നാൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ
ത്തിൻ കീഴിൽ ഇൻഡ്യയിൽ വിചാരണ ചെയ്യാവുന്നതുമായ ഒരു കുററം
ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കുവാൻ കാരണം കാണുമ്പോൾ, ആ കുററം
അങ്ങനെയുള്ള തദ്ദേശാധികാരിതയ്ക്കുള്ളിൽ ചെയ്തതായിരുന്നാലെന്ന
പോലെ, അത് അന്വേഷണവിചാരണ ചെയ്യുകയും അങ്ങനെയുള്ള ആളെ
തൻെറ മുമ്പാകെ ഹാജരാകാൻ ഇതിനുമുൻപ് വ്യവസ്ഥചെയ്തിട്ടുള്ള
രീതിയിൽ നിർബന്ധിക്കുകയും, അയാളെ അങ്ങനെയുള്ള കുററം അന്വേഷ
ണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാൻ അധികാരിതയുള്ള
മജിസ്ട്രേററിൻെറ അടുക്കൽ അയക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള
കുററം മരണശിക്ഷയോ ജീവപര്യന്തത്തടവോ നല്കി ശിക്ഷിക്കാവുന്നത
ല്ലാത്തതായിരിക്കുകയും അങ്ങനെയുള്ള ആൾ ഈ വകുപ്പിൻകീഴിൽ പ്രവർ
ത്തിക്കുന്ന മജിസ്ട്രേററിന് ബോദ്ധ്യമാകുന്നതും ജാമ്യം നല്കാൻ തയാറായ
വനും ഒരുക്കമുള്ളവനും ആയിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെ
അധികാരിതയുള്ള മജിസ്ട്രേററിൻെറ മുമ്പാകെ അയാൾ ഹാജരാകുന്നതിന്

ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ബോണ്ട് വാങ്ങുകയോ ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) അങ്ങനെ അധികാരിതയുള്ള ഒന്നിലധികം മജിസ്ട്രേററുമാർ ഉണ്ടായിരിക്കയും, ഏതു മജിസ്ട്രേററിന്റെ അടുക്കലോ മുമ്പാകെയോ ആണ്, അങ്ങനെയുള്ള ആളെ അയക്കുകയോ ഹാജരാക്കാൻ ബാദ്ധ്യസ്ഥനാക്കുകയോ ചെയ്യേണ്ടതെന്ന് ഈ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന മജിസ്ട്രേററിന് സ്വയം ബോദ്ധ്യപ്പെടുത്താൻ കഴിയാതെ വരികയും ചെയ്യുമ്പോൾ, കേസ്സ് ഹൈക്കോടതിയുടെ ഉത്തരവിന്നായി റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു.

188. ഇൻഡ്യയ്ക്ക് പുറത്തു വച്ചു ചെയ്യുന്ന കുററം.—ഒരു കുററം ഇൻഡ്യയ്ക്ക് പുറത്തുവച്ച്—

(ക) പുറം കടലിലോ മററ് എവിടെയെങ്കിലും വച്ച് ഒരു ഇൻഡ്യൻ പൗരനോ, അല്ലെങ്കിൽ

(ഖ) ഇൻഡ്യയിൽ രജിസ്ററർ ചെയ്തിട്ടുള്ള ഏതെങ്കിലും കപ്പലിലോ വിമാനത്തിലോ വച്ച് അങ്ങനെയുള്ള പൗരനല്ലാത്ത ഏതെങ്കിലും ആളോ,

ചെയ്യുമ്പോൾ, അങ്ങനെയുള്ള കുററം അയാളെ ഇൻഡ്യയ്ക്കകത്ത് കണ്ടെത്തുന്ന ഏതെങ്കിലും സ്ഥലത്തു വച്ച് ചെയ്തതായിരുന്നാലെന്ന പോലെ, അതുസംബന്ധിച്ച് അയാളെ കൈകാര്യം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ അദ്ധ്യായത്തിലെ മുൻവകുപ്പുകളിൽ ഏതിലെങ്കിലും എന്തുതന്നെ ഉണ്ടായിരുന്നാലും, അങ്ങനെയുള്ള യാതൊരു കുററവും, കേന്ദ്രഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുമതികൂടാതെ, ഇൻഡ്യയിൽ അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

189. ഇൻഡ്യക്ക് പുറത്തുവച്ച് ചെയ്ത കുററങ്ങൾ സംബന്ധിച്ച തെളിവ് സ്വീകരിക്കുന്നത്.—ഇൻഡ്യയ്ക്ക് പുറത്തുള്ള രാജ്യക്ഷേത്രത്തിൽ വച്ച് ചെയ്തതായി പറയപ്പെടുന്ന ഏതെങ്കിലും കുററം, 188-ാം വകുപ്പിലെ വ്യവസ്ഥകൾക്കുകീഴിൽ അന്വേഷണ വിചാരണചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്തുകൊണ്ടിരിക്കുമ്പോൾ, കേന്ദ്രഗവൺമെൻറിന്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ. ആ രാജ്യക്ഷേത്രത്തിനകത്തോ അതിനുവേണ്ടിയോ ഉള്ള ഒരു ന്യായാധിപന്റെ മുമ്പാകെയോ, അല്ലെങ്കിൽ ആ രാജ്യക്ഷേത്രത്തിനകത്തോ അതിന് വേണ്ടിയോ ഉള്ള ഒരു നയതന്ത്രപ്രതിനിധിയുടേയോ, കാൺസുലർ പ്രതിനിധിയുടേയോ മുമ്പാകെയോ നല്കുന്ന മൊഴിയുടേയോ ഹാജരാക്കുന്ന ലക്ഷ്യരേഖകളുടേയോ പകർപ്പുകൾ, അങ്ങനെയുള്ള അന്വേഷണവിചാരണയോ വിചാരണയോ നടത്തുന്ന കോടതി അതിന്, അങ്ങനെയുള്ള മൊഴികളോ ലക്ഷ്യരേഖകളോ സംബന്ധിക്കുന്ന വിഷയങ്ങളെ ക്കുറിച്ച് തെളിവ് എടുക്കാൻ കമ്മിഷനെ നിയമിക്കാവുന്ന ഏതുസംഗതിയിലും തെളിവായി സ്വീകരിക്കേണ്ടതാണെന്ന് നിദേശിക്കാവുന്നതാണ്.

## അദ്ധ്യായം XIV

## നടപടികൾ ആരംഭിക്കുന്നതിന് വേണ്ട ഉപാധികൾ

190. മജിസ്ട്രേററുമാർ കുററങ്ങൾ നടപടിക്കെടുക്കുന്നത്.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേററിനും (2)-ാം ഉപവകുപ്പിൻകീഴിൽ ഇതിലേക്കും പ്രത്യേകം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും രണ്ടാംക്ലാസ് മജിസ്ട്രേററിനും ഏതെങ്കിലും കുററം—

(ക) അങ്ങനെയുള്ള കുററത്തെ ആ കുററമാക്കുന്ന വസ്തുതകളെ ക്കുറിച്ചുള്ള പരാതി കിട്ടുന്നതിൻമേലോ ;

(ഖ) അങ്ങനെയുള്ള വസ്തുതകളുടെ പോലീസ് റിപ്പോർട്ടിൻമേലോ;

(ഗ) അങ്ങനെയുള്ള കുററംചെയ്തിട്ടുണ്ടെന്ന് പോലീസ് ഉദ്യോഗസ്ഥനല്ലാത്ത ഏതെങ്കിലും ആളിൽനിന്ന് കിട്ടിയ വിവരത്തിൻമേലോ, അല്ലെങ്കിൽ തന്റെ സ്വന്തം അറിവിൻമേലോ,

നടപടിക്കെടുക്കാവുന്നതാണ്.

(2) ചീഫ് ജുഡിഷ്യൽ മജിസ്ട്രേററിന്, ഏതെങ്കിലും രണ്ടാംക്ലാസ് മജിസ്ട്രേററിനെ, അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്നത് അദ്ദേഹത്തിന്റെ ക്ഷമതയിലായിട്ടുള്ള കുററങ്ങൾ (1)-ാം ഉപവകുപ്പിൻകീഴിൽ നടപടിക്കെടുക്കാൻ അധികാരപ്പെടുത്താവുന്നതാണ്.

191. പ്രതിയുടെ അപേക്ഷയിൻമേൽ മാററുന്നത്.—ഒരു മജിസ്ട്രേററ് 190-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ ഒരു കുററം നടപടിക്കെടുക്കുമ്പോൾ, ഏതെങ്കിലും തെളിവ് എടുക്കുന്നതിനുമുമ്പ്, പ്രതിയെ, ആ കേസ് മറെറാരു മജിസ്ട്രേററ് അന്വേഷണവിചാരണചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്തുകിട്ടാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണെന്ന് അറിയിക്കേണ്ടതും, പ്രതിയോ, ഒന്നിലധികം പ്രതികൾ ഉണ്ടെങ്കിൽ അവരിൽ ആരെങ്കിലുമോ നടപടിക്കെടുക്കുന്ന മജിസ്ട്രേററിന്റെ മുമ്പാകെയുള്ള തുടർന്നുള്ള നടപടികളെ ആക്ഷേപിക്കുന്നുവെങ്കിൽ, കേസ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന വേറെ മജിസ്ട്രേററിന് മാറേറണ്ടതും ആകുന്നു.

192. കേസ്സുകൾ മജിസ്ട്രേററുമാർക്ക് ഏല്പിച്ചുകൊടുക്കുന്നത്.—

(1) ഏതെങ്കിലും ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന് കുററം നടപടിയ്ക്ക് എടുത്തതിനുശേഷം കേസ് അന്വേഷണ വിചാരണയ്ക്കോ വിചാരണയ്ക്കോ ആയി തന്റെ കീഴിലുള്ള ക്ഷമതയുള്ള ഏതെങ്കിലും മജിസ്ട്രേററിന് ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(2) ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ് ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേററിന്, കുററം നടപടിക്കെടുത്തതിനുശേഷം, കേസ് അന്വേഷണ വിചാരണയ്ക്കോ വിചാരണയ്ക്കോ ആയി ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, വിനിർദ്ദേശിക്കുന്ന ക്ഷമതയുള്ള മറേറതെങ്കിലും മജിസ്ട്രേററിന് ഏല്പിച്ചുകൊടുക്കാവുന്നതും അപ്പോൾ അങ്ങനെയുള്ള മജിസ്ട്രേററിന് അന്വേഷണ വിചാരണയോ, വിചാരണയോ നടത്താവുന്നതും ആകുന്നു.

193. സെഷൻസ്കോടതികൾ കുററങ്ങൾ നടപടിക്കെടുക്കുന്നത്.—ഈ നിയമസംഹിതയോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമമോ പ്രകടമായി മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, യാതൊരു സെഷൻസ് കോടതിയും, ഏതെങ്കിലും കുററം ഒരു മജിസ്ട്രേററ് ഈ നിയമസംഹിതയിൻ കീഴിൽ, കേസ് അതിന് ആ കോടതിയ്ക്ക് കമ്മിററ് ചെയ്തിട്ടില്ലാത്തപക്ഷം, ആദ്യാധികാരിതയുള്ള കോടതിയായി നടപടിക്കെടുക്കാൻ പാടുള്ളതല്ല.

194. അഡീഷണൽ സെഷൻസ്ജഡ്ജിമാരും അസിസ്ററൻറ് സെഷൻസ് ജഡ്ജിമാരും അവർക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ളകേസുകൾ വിചാരണ ചെയ്യണമെന്ന്.—ഒരു അഡീഷണൽ സെഷൻസ് ജഡ്ജിയോ, അസിസ്ററൻറ് സെഷൻസ് ജഡ്ജിയോ, തനിക്ക്, ഡിവിഷനിലെ സെഷൻസ് ജഡ്ജി, സാമാന്യമോ

പ്രത്യേകമോ ആയ ഉത്തരവുവഴി, വിചാരണയ്ക്കായി ഏല്പിച്ചുകൊടുക്കുന്നതോ, അല്ലെങ്കിൽ ഹൈക്കോടതി പ്രത്യേകമായ ഉത്തരവുവഴി തന്നോട് വിചാരണ ചെയ്യാൻ നിദേശിക്കുന്നതോ ആയ കേസ്സുകൾ വിചാരണചെയ്യേണ്ടതാകുന്നു.

195. പബ്ലിക് സർവ്വൻറുമാരുടെ നിയമാനുസൃതമായ പ്രാധികാരത്തിൻെറ അലക്ഷ്യത്തിനും, പൊതുനീതിയ്ക്കെതിരായ കുററങ്ങൾക്കും, തെളിവിൽ കൊടുത്ത രേഖകൾ സംബന്ധിച്ച കുററങ്ങൾക്കും ഉള്ള പ്രാസിക്യൂഷൻ.—

(1) യാതൊരു കോടതിയും,—

(ക) (i) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 172 മുതൽ 188 വരെ (രണ്ടും ഉൾപ്പെടെ) വകുപ്പുകൾക്കുകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററമോ, അല്ലെങ്കിൽ

(ii) അങ്ങനെയുള്ള കുററത്തിന് ഏതെങ്കിലും പ്രേരണനല്കലോ അങ്ങനെയുള്ള കുററം ചെയ്യാനുള്ള ഏതെങ്കിലും ശ്രമമോ,

(iii) അങ്ങനെയുള്ള കുററം ചെയ്യുവാനുള്ള ഏതെങ്കിലും കുററകരമായ ഗൂഢാലോചനയോ;

ബന്ധപ്പെട്ട പബ്ലിക് സർവ്വൻറിൻേറയോ, അല്ലെങ്കിൽ അയാൾ ഭരണപരമായി ഏതു പബ്ലിക് സർവ്വൻറിൻെറ കീഴിലാണോ, ആ പബ്ലിക് സർവ്വൻറിൻേറയോ ലിഖിതമായ പരാതിയിൻമേലല്ലാതേയും;

(ഖ) (i) ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) യിലെ താഴെപ്പറയുന്ന, അതായത് 193 മുതൽ 196 വരെ (രണ്ടും ഉൾപ്പെടെ) 199, 200, 205 മുതൽ 211 വരെ (രണ്ടും ഉൾപ്പെടെ), 228 എന്നീ വകുപ്പുകൾക്കുകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ഏതെങ്കിലും കോടതിയിലെ ഏതെങ്കിലും നടപടിയിലോ അതുസംബന്ധിച്ചോ ചെയ്തിട്ടുള്ളതാണെന്ന് പറയപ്പെടുമ്പോൾ, അങ്ങനെയുള്ള കുററമോ; അല്ലെങ്കിൽ

(ii) മേല്പറഞ്ഞ നിയമസംഹിത, 463-ാം വകുപ്പിൽ വിവരിച്ചിട്ടുള്ളതോ, 471-ാം വകുപ്പിനോ 475-ാം വകുപ്പിനോ 476-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്നതോ ആയ ഏതെങ്കിലും കുററം ഏതെങ്കിലും കോടതിയിലെ നടപടിയിൽ ഹാജരാക്കിയതോ തെളിവിൽ നല്കിയതോ ആയ ഒരു രേഖ സംബന്ധിച്ച് ചെയ്തിട്ടുള്ളതായി പറയപ്പെടുമ്പോൾ, അങ്ങനെയുള്ള കുററമോ, അല്ലെങ്കിൽ

(iii) (i)-ാം ഉപവകുപ്പിലോ, (ii)-ാം ഉപവകുപ്പിലോ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കുററം ചെയ്യുവാനുള്ള ഏതെങ്കിലും കുററകരമായ ഗൂഢാലോചനയോ, അങ്ങനെയുള്ള കുററം ചെയ്യുവാനുള്ള ഏതെങ്കിലും ശ്രമമോ, അങ്ങനെയുള്ള കുററത്തിന് ഏതെങ്കിലും പ്രേരണ നല്കലോ,

ആ കോടതിയുടേയോ അല്ലെങ്കിൽ ആ കോടതി ഏത് കോടതിയുടെ കീഴിലാണോ, അങ്ങനെയുള്ള മറെറതെങ്കിലും കോടതിയുടേയോ ലിഖിതമായ പരാതിയിൻമേൽ അല്ലാതെയും; നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ ഒരു പബ്ലിക് സർവ്വൻറ് ഒരു പരാതി കൊടുത്തിട്ടുള്ളിടത്ത്, ഭരണപരമായി അയാാം ഏത് അധികാരസ്ഥാനത്തിന് കീഴിലാണോ, അങ്ങനെയുള്ള ഏതെങ്കിലും അധികാര സ്ഥാനത്തിന് ആ പരാതി പിൻവലിക്കാൻ ഉത്തരവുചെയ്യുകയും അങ്ങനെയുള്ള ഉത്തരവിൻെറ പകർപ്പ് കോടതിക്ക് അയക്കുകയും ചെയ്യാവുന്നതും കോടതിയ്ക്ക് അത് കിട്ടിയാൽ, ആ പരാതിയിൻമേൽ തുടർന്നുള്ള യാതൊരു നടപടിയും എടുക്കാൻ പാടില്ലാത്തതും ആകുന്നു;

എന്നാൽ ആദ്യത്തെ കോടതിയിലെ വിചാരണ പൂർത്തിയായിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള യാതൊരു പിൻവലിക്കലിനും ഉത്തരവു ചെയ്യാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ "കോടതി" എന്ന പദത്തിന് സിവിലോ റവന്യൂവോ ക്രിമിനലോ ആയ കോടതി എന്നർത്ഥമാകുന്നതും, അതിൽ കേന്ദ്ര ആക്റോ, പ്രവിശ്യആക്റോ, സ്റേററ് ആക്റോ ഏർപ്പെടുത്തിയിട്ടുള്ള ഒരു ട്രൈബ്യൂണൽ, അതിനെ ഈ വകുപ്പിൻെറ ആവശ്യങ്ങാംക്ക് കോടതിയായി ആ ആക്ററ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ, ഉാംപ്പെടുന്നതും ആകുന്നു.

(4) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻെറ ആവശ്യങ്ങാംക്ക്, ഒരു കോടതി, ആ കോടതിയുടെ അപ്പീൽ കൊടുക്കാവുന്ന വിധികളിൽനിന്നോ ശിക്ഷാ വിധികളിൽനിന്നോ, സാധാരണമായി അപ്പീലുകാം ഉള്ള കോടതിയ്ക്കോ, അല്ലെങ്കിൽ ഏതു സിവിൽ കോടതിയുടെ വിധികളിൽ നിന്നാണോ സാധാരണമായി അപ്പീൽ ഇല്ലാത്തത്, അങ്ങനെയുള്ള സിവിൽ കോടതിയുടെ സംഗതിയിൽ, ആ കോടതി സ്ഥിതി ചെയ്യുന്നത് സാധാരണ ആദ്യ സിവിൽ അധികാരിതയുള്ള ഏത് പ്രിൻസിപ്പൽ കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ, ആ പ്രിൻസിപ്പൽ കോടതിക്കോ കീഴിലാണെന്ന് കരുതപ്പെടുന്നതാകുന്നു :

എന്നാൽ.—

(ക) അങ്ങനെയുള്ള കോടതി, ഒന്നിലധികം കോടതികളിലേയ്ക്ക് അപ്പീലുകാം ഉണ്ടായിരിക്കുമ്പോാം, അധികാരിത സംബന്ധിച്ച് താഴെയായ അപ്പീൽ കോടതിയ്ക്ക് കീഴിലായാണ് കരുതപ്പെടുന്നത്.

(ഖ) സിവിൽ കോടതിയിലേക്കും റവന്യൂ കോടതിയിലേക്കും അപ്പീലുകാം ഉണ്ടായിരിക്കുമ്പോാം, അങ്ങനെയുള്ള കോടതി, ഏത് കേസോ നടപടിയോ സംബന്ധിച്ചാണ് കുററം ചെയ്യപ്പെട്ടതായി പറയപ്പെടുന്നത്, ആ കേസ്സിൻേറയോ നടപടിയുടേയോ പ്രകൃതമനുസരിച്ച് സിവിൽകോടതിയുടേയോ, റവന്യൂ കോടതിയുടേയോ കീഴിലാണെന്ന് കരുതപ്പെടുന്നതാകുന്നു.

196. <u>സ്റേററിനെതിരായ കുററങ്ങാംക്കും അങ്ങനെയുള്ള കുററം ചെയ്യാനുള്ള കുററകരമായ ഗൂഢാലോചനയ്ക്കും ഉള്ള പ്രാസിക്യൂഷൻ.</u>—

(1) യാതൊരു കോടതിയും—

(ക) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) VI-ാം അദ്ധ്യായത്തിൻകീഴിലോ 153 ക വകുപ്പിനോ 153 ഖ വകുപ്പിനോ 295 ക വകുപ്പിനോ 505-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററമോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള കുററം ചെയ്യാനുള്ള കുററകരമായ ഗൂഢാലോചനയോ, അല്ലെങ്കിൽ

(ഗ) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത 108 ക വകുപ്പിൽ വിവരിച്ചതു പോലെയുള്ള ഏതെങ്കിലും പ്രേരണ നല്കലോ,

കേന്ദ്ര ഗവൺമെൻറിൻേറയോ സ്റേററ് ഗവൺമെൻറിൻേറയോ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല ;

(2) യാതൊരു കോടതിയും, നടപടികൾ ആരംഭിക്കുന്നതിന് സ്റേററ് ഗവൺമെൻേറാ ഡിസ്ട്രിക്ററ് മജിസ്ട്രേററാ ലിഖിതമായി സമ്മതിച്ചിട്ടില്ലാത്തപക്ഷം, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 120 ക വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, മരണശിക്ഷയോ ജീവപര്യന്തതടവോ, രണ്ടു വർഷത്തേയ്ക്കോ കൂടുതൽ കാലത്തേയ്ക്കോ ഉള്ള കഠിനതടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കോഗ്നൈസബിൾ കുററം ചെയ്യാനുള്ള കുററകരമായ ഗൂഢാലോചന അല്ലാത്തതുമായ ഏതെങ്കിലും കുററകരമായ ഗൂഢാലോചനയായ കുററം നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല:

എന്നാൽ, ആ കുററകരമായ ഗൂഢാലോചന 195-ാംവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒന്നായിരിക്കുന്നിടത്ത്, അങ്ങനെയുള്ള സമ്മതം ആവശ്യമായിരിക്കുന്നതല്ല.

(3) കേന്ദ്ര ഗവൺമെൻറിനോ സ്റേററ് ഗവൺമെൻറിനോ, (1)-ാം ഉപവകുപ്പിൻകീഴിൽ അനുമതി നല്കുന്നതിനുമുമ്പും, സ്റേററ് ഗവൺമെൻറിനോ ഡിസ്ട്രിക്ററ് മജിസ്ട്രേററിനോ (2)-ാം ഉപവകുപ്പിൻ കീഴിൽ സമ്മതം നല്കുന്നതിനുമുമ്പും, ഇൻസ്പെക്ററുടേതിൽ താഴെ പദവിയുള്ള ആളല്ലാത്ത പോലീസ് ഉദ്യോഗസ്ഥനാലുള്ള പ്രാരംഭാന്വേഷണത്തിന് ഉത്തരവു ചെയ്യാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, ആ പോലീസ് ഉദ്യോഗസ്ഥന് 155-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ച അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും ആണ്.

197. ജഡ്ജിമാരേയും പബ്ലിക് സർവ്വൻറുമാരേയും പ്രാസിക്യൂട്ട് ചെയ്യുന്നത്.— (1) ഒരു ജഡ്ജിയോ, മജിസ്ട്രേററോ, ഗവൺമെൻറിനാലോ ഗവൺമെൻറിൻെറ അനുമതിയോടുകൂടിയോ അല്ലാതെ തൻെറ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യപ്പെടാവുന്നതല്ലാത്ത പബ്ലിക് സർവ്വൻേറാ ആയതോ ആയിരുന്നതോ ആയ ഏതെങ്കിലും ആളെ തൻെറ ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കുന്നതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ, അയാൾ ചെയ്തതായി പറയപ്പെടുന്ന ഏതെങ്കിലും കുററത്തിന് കുററാരോപണം ചെയ്യപ്പെടുമ്പോൾ യാതൊരു കോടതിയും അങ്ങനെയുള്ള കുററം—

(ക) അതത് സംഗതിപോലെ, യൂണിയൻെറ കാര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടു ജോലിയിലിരിക്കുന്നതോ, പറയപ്പെടുന്ന കുററം ചെയ്യുന്ന സമയത്ത് ജോലിയിലിരുന്നിരുന്നതോ ആയ ഒരാളുടെ സംഗതിയിൽ കേന്ദ്ര ഗവൺമെൻറിൻേറയും,

(ഖ) അതതു സംഗതിപോലെ, ഒരു സ്റേററിൻെറ കാര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ജോലിയിലുള്ളതോ പറയപ്പെടുന്ന കുററം ചെയ്യുന്ന സമയത്ത് ജോലിയിലിരുന്നതോ ആയ ഒരാളുടെ സംഗതിയിൽ, സ്റേററ് ഗവൺമെൻറിൻേറയും,

മുൻകൂട്ടിയുള്ള അനുമതികൂടാതെ നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(2) യാതൊരു കോടതിയും, യൂണിയൻെറ സായുധസേനകളിലെ ഏതെങ്കിലും അംഗം, തൻെറ ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കുന്നതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയോ, പ്രവർത്തിച്ചുകൊണ്ടിരുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ, അയാൾ ചെയ്തതായി പറയപ്പെടുന്ന ഏതെങ്കിലും കുററം കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

(3) സ്റേററ് ഗവൺമെൻറിന്, വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കുന്ന തരത്തിലും വിഭാഗത്തിലുമുള്ളവരും പൊതുസമാധാനം പാലിക്കാൻ ചുമതലപ്പെട്ടവരും ആയ സേനാംഗങ്ങൾക്ക്, അവർ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത് എവിടെ ആയാലും, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ബാധകമാകുമെന്നു നിദേശിക്കാവുന്നതും, അപ്പോൾ ആ ഉപവകുപ്പിലെ വ്യവസ്ഥകൾ അതിലുള്ള ''കേന്ദ്ര ഗവൺമെൻറ്'' എന്ന പദത്തിന് പകരം ''സ്റേററ് ഗവൺമെൻറ്'' എന്ന പദം ചേർത്തിരുന്നാലെന്നപോലെ ബാധകമാകുന്നതും ആണ്.

(4) അതതുസംഗതിപോലെ,കേന്ദ്രഗവൺമെൻറിനോ സ്റേററ് ഗവൺമെൻറിനോ അങ്ങനെയുള്ള ജഡ്ജിയുടേയോ മജിസ്ട്രേററിൻേറയോ പബ്ളിക് സർവൻറിൻെറയോ പ്രാസിക്യൂഷൻ, നടത്തേണ്ടത് ആരാണെന്നും ഏത് രീതിയിലാണെന്നും ഏത് കുററത്തിനോ കുററങ്ങൾക്കോ ആണെന്നും നിർണ്ണയിക്കുകയും, ഏത് കോടതിയിലാണ് വിചാരണനടത്തേണ്ടതെന്ന് വിനിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

198. വിവാഹസംബന്ധമായ കുററങ്ങൾക്കുള്ള പ്രാസിക്യൂഷൻ. (1) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) XX-ാം അദ്ധ്യായത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, ആ കുററത്താൽ സങ്കടക്കാരനായ ഏതെങ്കിലും ആരം കൊടുക്കുന്ന പരാതിയിൻമേൽ അല്ലാതെ യാതൊരു കോടതിയും നടപടിയെടുക്കാൻ പാടുള്ളതല്ല :

എന്നാൽ—

(ക) അങ്ങനെയുള്ള ആരം പതിനെട്ടു വയസ്സിന് താഴെയുള്ളവനോ, ജഡബുദ്ധിയോ ഭ്രാന്തനോ അല്ലെങ്കിൽ പരാതി കൊടുക്കാൻ രോഗത്താലോ ദൗർബല്യത്താലോ കഴിവില്ലാത്തവനോ അല്ലെങ്കിൽ ദേശാചാരങ്ങളോ സംപ്രദായങ്ങളോ അനുസരിച്ച് പൊതുസ്ഥലത്ത് പ്രത്യക്ഷപ്പെടുന്നതിന് നിർബന്ധിക്കപ്പെടാൻ പാടില്ലാത്ത സ്ത്രീയോ ആയിരിക്കുന്നിടത്ത്, അയാൾക്കോ അവൾക്കോ വേണ്ടി മറേറതെങ്കിലും ആൾക്ക് കോടതിയുടെ അനുമതിയോടുകൂടി, പരാതി കൊടുക്കാവുന്നതും;

(ഖ) അങ്ങനെയുള്ള ആരം ഭർത്താവായിരിക്കുകയും, അയാരം തനിക്ക് നേരിട്ട് പരാതികൊടുക്കാൻ കഴിവുണ്ടാക്കുന്നതിന് അവധി ലഭിക്കുന്നതിൽ നിന്ന്അയാളെ തടയുന്നവയാണെന്ന് അയാളുടെ കമാൻറിങ്ങ് ആഫീസർ സർട്ടിഫൈ ചെയ്യുന്ന അവസ്ഥകളിൽ യൂണിയൻെറ ഏതെങ്കിലും സായുധ സേനയിൽ സേവനം അനുഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നിടത്ത്, (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭർത്താവ് പ്രാധികാരം നല്കുന്ന മറേറതെങ്കിലും ആൾക്ക്, അയാൾക്കുവേണ്ടി പരാതി കൊടുക്കാവുന്നതും :

(ഗ) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 494-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്താൽ സങ്കടക്കാരനായആരം, ഭാര്യയായിരിക്കുന്നിടത്ത്, പരാതി അവൾക്കുവേണ്ടി, അവളുടെ പിതാവിനോ മാതാവിനോ സഹോദരനോ സഹോദരിക്കോ, പുത്രനോ പുത്രിക്കോ അല്ലെങ്കിൽ അവളുടെ പിതാവിൻേറയോ മാതാവിൻേറയോ സഹോദരനോ സഹോദരിയ്ക്കോ കൊടുക്കാവുന്നതും,
ആണ്;

(2) (1)-ാം ഉപവകുപ്പിൻെറ ആവശ്യങ്ങൾക്ക്, മേല്പറഞ്ഞ നിയമസംഹിത 497-ാം വകുപ്പിനോ 498-ാംവകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്താൽ സ്ത്രീയുടെ ഭർത്താവല്ലാത്ത യാതൊരാളും സങ്കടക്കാരനായി കരുതപ്പെടുന്നതല്ല:

എന്നാൽ, ഭർത്താവിന്റെ അസാന്നിദ്ധ്യത്തിൽ അങ്ങനെയുള്ള കുററം ചെയ്യപ്പെട്ടസമയത്ത് അയാൾക്കുവേണ്ടി, ആ സ്ത്രീയുടെ മേൽനോട്ടം വഹിച്ചിരുന്ന ഏതെങ്കിലും ആൾക്ക്, കോടതിയുടെ അനുമതിയോടുകൂടി ഭർത്താവിനു വേണ്ടി പരാതികൊടുക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡത്തിൻകീഴിൽ വരുന്ന ഏതെങ്കിലും സംഗതിയിൽ, പതിനെട്ടുവയസ്സിൽ താഴെയുള്ളവനോ ഭ്രാന്തനോ ആയ ഒരാൾക്ക്വേണ്ടി ആ മൈനറുടേയോ ഭ്രാന്തന്റേയോ ശരീരത്തിന്റെ രക്ഷാകർത്താവായി, ക്ഷമതയുള്ള അധികാരസ്ഥാനത്താൽ നിയമിക്കപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത ഒരാൾ പരാതി കൊടുക്കാൻ ഒരുമ്പെടുകയും, അങ്ങനെ നിയമിക്കപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടുള്ള ഒരു രക്ഷാകർത്താവുണ്ടെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുമ്പോൾ, കോടതി, അനുമതിക്കുള്ള അപേക്ഷ അനുവദിക്കുന്നതിനുമുമ്പ്, അങ്ങനെയുള്ള രക്ഷാകർത്താവിന് നോട്ടീസ് കൊടുപ്പിക്കുകയും, അയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ അവസരം കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

(4) (1)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിലെ (ഖ) ഖണ്ഡത്തിൽ പരാമർശിച്ച പ്രാധികാരം ലിഖിതമായതും ഭർത്താവ് ഒപ്പിടുകയോ മററു വിധത്തിൽ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ളതും, പരാതിയ്ക്ക് അടിസ്ഥാനമാക്കാൻപോകുന്ന ആരോപണങ്ങളെപ്പററി അയാളെ അറിയിച്ചിട്ടുണ്ടെന്ന അർത്ഥത്തിലുള്ള ഒരു പ്രസ്താവന അടങ്ങിയതും, അയാളുടെ കമാൻഡിങ്ങ്ആഫീസർ മേലൊപ്പു വച്ചിട്ടുള്ളതും, നേരിട്ട് ഒരു പരാതി കൊടുക്കുന്നതിനുവേണ്ടി ഭർത്താവിന് അവധി അനുവദിക്കാൻ തൽസമയം കഴിയുകയില്ലെന്ന അർത്ഥത്തിലുള്ള ആ ആഫീസർ ഒപ്പിട്ട ഒരു സർട്ടിഫിക്കററ്, സഹിതം ഉള്ളതും ആയിരിക്കേണ്ടതാകുന്നു.

(5) അങ്ങനെയുള്ള പ്രാധികാരമാണെന്ന് കരുതപ്പെടാവുന്നതും (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കുന്നതും ആയ ഏതെങ്കിലും രേഖയും ആ ഉപവകുപ്പ് ആവശ്യപ്പെടുന്ന സർട്ടിഫിക്കററ് ആണെന്ന് കരുതപ്പെടാവുന്ന ഏതെങ്കിലും രേഖയും, വിപരീതമായത് തെളിയിക്കപ്പെടാത്തപക്ഷം, യഥാർത്ഥമായവയാണെന്ന് അനുമാനിക്കപ്പെടേണ്ടതും, തെളിവിൽ സ്വീകരിക്കപ്പെടേണ്ടതും ആകുന്നു.

(6) യാതൊരു കോടതിയും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 376-ാം വകുപ്പിൻകീഴിലുള്ള ഒരു കുററം, അങ്ങനെയുള്ള കുററം, ഭാര്യ പതിനഞ്ചുവയസ്സിന് താഴെയുള്ളവളായിരിക്കെ, ഒരു പുരുഷന്റെ സ്വന്തംഭാര്യയുമായുള്ള ലൈംഗികസംഗം ആകുന്നിടത്ത്, കുററംചെയ്ത തീയതിമുതൽ ഒരു വർഷത്തിലധികം കാലം കഴിഞ്ഞിട്ടുണ്ടെങ്കിൽ, നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(7) ഈ വകുപ്പിലെ വ്യവസ്ഥകൾ, കുററത്തിന് പ്രേരണ നല്കുന്നതിനോ കുററംചെയ്യാനുള്ള ശ്രമത്തിനോ, കുററത്തിന് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

199. <u>അപകീർത്തിപ്പെടുത്തലിനുള്ള പ്രാസിക്യൂഷൻ</u>.—(1) യാതൊരു കോടതിയും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) XXI-ാം അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, ആ കുററത്താൽ സങ്കടക്കാരനായ ഏതെങ്കിലും ആൾ കൊടുക്കുന്ന പരാതിയിൻമേലല്ലാതെ, നടപടിക്കെടുക്കാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള ആാം, പതിനെട്ടുവയസ്സിന് താഴെയുള്ളവനോ, ജഡബുദ്ധിയോ ഭ്രാന്തനോ അല്ലെങ്കിൽ പരാതികൊടുക്കാൻ രോഗത്താലോ ദൗർബല്യത്താലോ കഴിവില്ലാത്തവനോ അല്ലെങ്കിൽ ദേശാചാരങ്ങളോ സംപ്രദായങ്ങളോ അനുസരിച്ച് പൊതുസ്ഥലത്ത് പ്രത്യക്ഷപ്പെടുന്നതിന് നിർബന്ധിക്കപ്പെടാൻ പാടില്ലാത്ത സ്ത്രീയോ ആയിരിക്കുന്നിടത്ത്, അയാാക്കോ അവാക്കോ വേണ്ടി മറ്റേതെങ്കിലും ആാക്ക്, കോടതിയുടെ അനുമതിയോടുകൂടി, പരാതി കൊടുക്കാവുന്നതാണ്.

(2) ഈ നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) XXI-ാം അദ്ധ്യായത്തിൻ കീഴിൽവരുന്ന ഏതെങ്കിലും കുററം, അത് ചെയ്യപ്പെടുന്ന സമയത്ത് ഇൻഡ്യയുടെ രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ, ഒരു സ്റേററിൻെറ ഗവർണ്ണറോ ഒരു യൂണിയൻ രാജ്യക്ഷേത്രത്തിൻെറ അഡ്മിനിസ്ട്രേററോ യൂണിയൻേറയോ, ഒരു സ്റേററിൻേറയോ ഒരു യൂണിയൻ രാജ്യക്ഷേത്രത്തിൻേറയോ മന്ത്രിയോ, യൂണിയൻേറയോ ഒരു സ്റേററിൻെറയോ കാര്യങ്ങളുമായി ബന്ധപ്പെട്ട് ജോലിയിലിരിക്കുന്ന മറേറതെങ്കിലും പബ്ലിക് സർവൻേറാ, ആയ ഒരാാക്കെതിരായി, അയാളുടെ പബ്ലിക്ക് ചുമതലകാ നിർവ്വഹിക്കുന്നതിലുള്ള അയാളുടെ പെരുമാററം സംബന്ധിച്ച് ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെടുമ്പോാ, ആ കുററം ഒരു സെഷൻസ് കോടതിക്ക്, കേസ്സ് അതിന് കമ്മിററ് ചെയ്യപ്പെടാതെ തന്നെ പബ്ലിക്ക് പ്രാസിക്യൂട്ടർ ലിഖിതമായി കൊടുക്കുന്ന പരാതിയിൻമേൽ നടപടിക്കെടുക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതൊരു പരാതിയിലും ആരോപിക്കപ്പെട്ടിട്ടുള്ള കുററത്തെ അങ്ങനെയുള്ള കുററമാക്കുന്ന വസ്തുതകളും, അങ്ങനെയുള്ള കുററത്തിൻെറ പ്രകൃതവും, പ്രതിയ്ക്ക് അയാാ ചെയ്തതായി ആരോപിക്കപ്പെട്ടിട്ടുള്ള കുററത്തെക്കുറിച്ച് അറിവ് നൽകാൻ ന്യായമായി മതിയായ മററുവിവരങ്ങളും കാണിച്ചിരിക്കേണ്ടതാകുന്നു.

(4) പബ്ലിക് പ്രാസിക്യൂട്ടർ, (2)-ാം ഉപവകുപ്പിൻകീഴിലുള്ള യാതൊരു പരാതിയും.—

(ക) ഒരു സ്റേററിൻെറ ഗവർണ്ണറോ ഒരു സ്റേററ്ഗവൺമെൻറിലെ മന്ത്രിയോ ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ഒരാളുടെ സംഗതിയിൽ ആ സ്റേററ് ഗവൺമെൻറിൻേറയോ;

(ഖ) ഒരു സ്റേററിൻെറ കാര്യങ്ങളുമായി ബന്ധപ്പെട്ട് ജോലിയിലിരിക്കുന്ന മറേറതെങ്കിലും പബ്ലിക്ക് സർവൻറിൻെറ സംഗതിയിൽ, ആ സ്റേററ് ഗവൺമെൻറിൻേറയോ;

(ഗ) മറേറതെങ്കിലും സംഗതിയിൽ കേന്ദ്രഗവൺമെൻറിൻേറയോ;

മുൻകൂട്ടിയുള്ള അനുമതികൂടാതെ കൊടുക്കാൻ പാടുള്ളതല്ല.

(5) യാതൊരു സെഷൻസ് കോടതിയും, (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു കുററം, ആ കുററം ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെട്ടിട്ടുള്ള തീയതിമുതൽ ആറുമാസത്തിനകം പരാതി കൊടുത്തിട്ടില്ലാത്തപക്ഷം, നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(6) ഈ വകുപ്പിലെ യാതൊന്നും, ആർക്കെതിരായാണോ കുററം ചെയ്തതായി ആരോപിക്കപ്പെട്ടിട്ടുള്ളത്, ആ ആാക്ക് അധികാരിതയുള്ള ഒരു മജിസ്ട്രേററിൻെറ മുമ്പാകെ ആ കുററം സംബന്ധിച്ച് പരാതികൊടുക്കാനുള്ള അവകാശത്തേയോ, അങ്ങനെയുള്ള പരാതിയിൻമേൽ ആ കുററം നടപടിക്കെടുക്കാൻ അങ്ങനെയുള്ള മജിസ്ട്രേററിനുള്ള അധികാരത്തേയോ ബാധിക്കുന്നതല്ല.

## അദ്ധ്യായം XV
## മജിസ്ട്രേററുമാർക്ക് കൊടുക്കുന്ന പരാതികൾ

200. പരാതിക്കാരനെ വിസ്തരിക്കുന്നത്.— പരാതിയിൻമേൽ കുററം നടപടിക്കെടുക്കുന്ന ഒരു മജിസ്ട്രേററ്, പരാതിക്കാരനേയും സന്നിഹിതരായ സാക്ഷികൾ, വല്ലവരുമുണ്ടെങ്കിൽ അവരേയും ശപഥത്തിൻമേൽ വിസ്തരിക്കേണ്ടതും, അങ്ങനെയുള്ള വിസ്താരത്തിന്റെ സാരം ലിഖിതത്തിലാക്കുകയും പരാതിക്കാരനും സാക്ഷികളും, കൂടാതെ മജിസ്ട്രേററും അതിൽ ഒപ്പിടുകയും ചെയ്യേണ്ടതും ആകുന്നു:

എന്നാൽ, പരാതി ലിഖിതമായി കൊടുത്തിട്ടുള്ളതാകുമ്പോൾ,—

(ക) പരാതി, തന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പ്രവർത്തിക്കുന്നതോ പ്രവർത്തിക്കുന്നതായി കരുതപ്പെടാവുന്നതോ ആയ ഒരു പബ്ലിക് സർവന്റോ അല്ലെങ്കിൽ ഒരു കോടതിയോ കൊടുത്തിട്ടുള്ളതാണെങ്കിലോ; അല്ലെങ്കിൽ

(ഖ) മജിസ്ട്രേററ് കേസ് 192-ാം വകുപ്പിൻകീഴിൽ അന്വേഷണവിചാരണക്കോ വിചാരണക്കോ ആയി മററാരു മജിസ്ട്രേററിന് ഏല്പിച്ചുകൊടുക്കുന്നുവെങ്കിലോ; മജിസ്ട്രേററ് പരാതിക്കാരനേയും സാക്ഷികളേയും വിസ്തരിക്കേണ്ടതില്ല:

എന്നുമാത്രമല്ല, മജിസ്ട്രേററ് പരാതിക്കാരനേയും സാക്ഷികളേയും വിസ്തരിച്ചതിനുശേഷം, കേസ് 192-ാം വകുപ്പിൻ കീഴിൽ മററാരു മജിസ്ട്രേററിന് ഏൽപിച്ചുകൊടുക്കുന്നുവെങ്കിൽ രണ്ടാമത് പറഞ്ഞ മജിസ്ട്രേററ് അവരെവീണ്ടും വിസ്തരിക്കേണ്ടതില്ല.

201. കേസ് നടപടിക്കെടുക്കാൻ ക്ഷമതയില്ലാത്ത മജിസ്ട്രേററിന്റെ നടപടിക്രമം.— പരാതി, കുററം നടപടിക്കെടുക്കാൻ ക്ഷമതയില്ലാത്ത മജിസ്ട്രേററിന് കൊടുത്തിട്ടുള്ളതാണെങ്കിൽ, അദ്ദേഹം—

(ക) പരാതി ലിഖിതത്തിൽ ആണെങ്കിൽ, അത് ശരിയായ കോടതിയിൽ ബോധിപ്പിക്കണമെന്ന അർത്ഥത്തിൽ ഉള്ള ഒരു എൻഡോഴ്സ്മെന്റോടുകൂടി അങ്ങനെ ബോധിപ്പിക്കാനായി തിരിയെ കൊടുക്കേണ്ടതും;

(ഖ) പരാതി ലിഖിതത്തിൽ അല്ലെങ്കിൽ, പരാതിക്കാരനെ ശരിയായ കോടതിയിൽ പോകാൻ നിദേശിക്കേണ്ടതും,

ആകുന്നു.

202. പ്രാസസ് പുറപ്പെടുവിക്കുന്നത് നീട്ടിവയ്ക്കൽ.—(1) ഏതെങ്കിലും മജിസ്ട്രേററിന്, നടപടിക്കെടുക്കാൻ തനിക്ക് പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഒരു കുററത്തെക്കുറിച്ചുള്ളതോ, അല്ലെങ്കിൽ 192-ാം വകുപ്പിൻകീഴിൽ തനിക്ക് ഏല്പിച്ചുകിട്ടിയിട്ടുള്ളതോ ആയ ഒരു പരാതി, കിട്ടുന്നതിൻമേൽ, തനിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, പ്രതിയ്ക്ക് എതിരായി പ്രാസസ് പുറപ്പെടുവിക്കുന്നത് നീട്ടിവയ്ക്കുകയും, നടപടി തുടരുന്നതിന് മതിയായ കാരണം ഉണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുന്നതിനുവേണ്ടി കേസ് സ്വയംഅന്വേഷണവിചാരണചെയ്യുകയോ അല്ലെങ്കിൽ ഒരു പോലീസ് ഉദ്യോഗസ്ഥനോ തനിക്ക് യുക്തമെന്ന് തോന്നുന്ന മറേറതെങ്കിലും ആളോ അന്വേഷണം നടത്തണമെന്ന് നിദേശിക്കുകയോ ചെയ്യുകയും ചെയ്യാവുന്നതാണ്:

എന്നാൽ അന്വേഷണത്തിനുള്ള അങ്ങനെയുള്ള യാതൊരു നിദേശവും—

(ക) പരാതിപ്പെട്ട കുററം, കേവലം സെഷൻസ് കോടതിയാൽ വിചാരണ ചെയ്യപ്പെടാവുന്നതാണെന്ന് മജിസ്ട്രേററിന് തോന്നുന്നിടത്തോ ; അല്ലെങ്കിൽ

(ഖ) പരാതി ഒരു കോടതി കൊടുത്തിട്ടുള്ളതല്ലാത്തിടത്ത്, പരാതിക്കാരനേയും സന്നിഹിതരായ സാക്ഷികളേയും (വല്ലവരുമുണ്ടെങ്കിൽ) 200-ാം വകുപ്പിൻകീഴിൽ ശപഥത്തിൻമേൽ വിസ്തരിച്ചിട്ടില്ലാത്തപക്ഷമോ,

കൊടുക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അന്വേഷണവിചാരണയിൽ, മജിസ്ട്രേററിന്; തനിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ശപഥത്തിൻമേൽ സാക്ഷികളുടെ തെളിവ് എടുക്കാവുന്നതാണ് :

എന്നാൽ പരാതിപ്പെട്ട കുററം കേവലം സെഷൻസ് കോടതിയാൽ വിചാരണ ചെയ്യപ്പെടാവുന്നതാണെന്ന് മജിസ്ട്രേററിന് തോന്നുന്നുവെങ്കിൽ, അദ്ദേഹം പരാതിക്കാരനോട് അയാളുടെ എല്ലാ സാക്ഷികളേയും ഹാജരാക്കാൻ ആവശ്യപ്പെടുകയും അവരെ ശപഥത്തിൻമേൽ വിസ്തരിക്കുകയും ചെയ്യേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു അന്വേഷണം, പോലീസ് ഉദ്യോഗസ്ഥൻ അല്ലാത്ത ഒരാം നടത്തിയിട്ടുള്ളതാണെങ്കിൽ, അയാംക്ക് ആ അന്വേഷണത്തിലേക്കായി വാറൻറ് കൂടാതെ അറസ്ററ്ചെയ്യാനുള്ള അധികാരം ഒഴികെ പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന് ഈ നിയമസംഹിത നല്കുന്ന എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

203. പരാതി തള്ളിക്കളയുന്നത്.— പരാതിക്കാരൻേറയും സാക്ഷികളുടേയും ശപഥത്തിൻമേലുള്ള സ്റേററ്മെൻറുകളും (വല്ലതുമുണ്ടെങ്കിൽ) 202-ാം വകുപ്പിൻകീഴിലുള്ള അന്വേഷണവിചാരണയുടേയോ അന്വേഷണത്തിൻേറയോ (വല്ലതുമുണ്ടെങ്കിൽ) ഫലവും, പരിഗണിച്ചതിനുശേഷം, നടപടി തുടരുന്നതിന് മതിയായ കാരണമില്ലെന്ന് മജിസ്ട്രേററിന് അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹം പരാതി തള്ളിക്കളയേണ്ടതും, അങ്ങനെയുള്ള ഏതൊരു സംഗതിയിലും അപ്രകാരം ചെയ്യുന്നതിന് തനിക്കുള്ള കാരണങ്ങാം സംക്ഷിപ്തമായി റിക്കാർഡാക്കേണ്ടതും ആകുന്നു.

## അദ്ധ്യായം XVI

## മജിസ്ട്രേട്ടുമാരുടെ മുമ്പാകെ നടപടികളുടെ പ്രാരംഭം

204. പ്രാസസ്സ് പുറപ്പെടുവിക്കുന്നത്.—(1) കുററം നടപടിക്കെടുക്കുന്ന മജിസ്ട്രേററിൻെറ അഭിപ്രായത്തിൽ നടപടിതുടരാൻ മതിയായ കാരണം ഉണ്ടായിരിക്കുകയും, കേസ്സ്—

(ക) സമൺസ് കേസ്സാണെന്ന് തോന്നുകയും ചെയ്യുന്നുവെങ്കിൽ അദ്ദേഹം പ്രതി ഹാജരാകാനുള്ള തൻെറ സമൺസ് പുറപ്പെടുവിക്കേണ്ടതോ,

(ഖ) വാറൻറ് കേസ്സാണെന്ന് തോന്നുകയും ചെയ്യുന്നുവെങ്കിൽ അദ്ദേഹത്തിന് തൻേറയോ (തനിക്ക് സ്വയം അധികാരിതയില്ലെങ്കിൽ) അധികാരിതയുള്ള മറേറതെങ്കിലും മജിസ്ട്രേട്ടിൻെറ മുമ്പാകെ ഒരു നിശ്ചിത സമയത്ത് പ്രതിയെ കൊണ്ടുവരികയോ അയാം ഹാജരാകുകയോ ചെയ്യുന്നതിന് ഇടയാക്കുന്ന വാറണ്ടോ യുക്തമെന്ന് തോന്നുന്നുവെങ്കിൽ സമൺസോ പുറപ്പെടുവിക്കാവുന്നതാകുന്നു

(2) പ്രാസിക്യൂഷൻ സാക്ഷികളുടെ ലിസ്ററ് ഫയൽചെയ്യുന്നതുവരെ പ്രതിക്ക് എതിരായി (1)-ാം ഉപവകുപ്പിൻകീഴിൽ യാതൊരും സമൺസും അല്ലെങ്കിൽ വാറൻറും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(3) ലിഖിതമായി കൊടുത്തിട്ടുള്ള പരാതിയിൻമേൽ ആരംഭിക്കുന്ന ഒരു നടപടിയിൽ (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന സമൺസിൻേറയും അല്ലെങ്കിൽ വാറൻറിൻേറയും കൂടെ അങ്ങനെയുള്ള പരാതിയുടെ പകർപ്പും ഉണ്ടായിരിക്കേണ്ടതാണ്.

(4) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം ഏതെങ്കിലും പ്രാസസ്സ് ഫീസോ മററു ഫീസോ കൊടുക്കാനുള്ളതായിരിക്കുമ്പോൾ, ഫീസ് കൊടുക്കുന്നതുവരെ യാതൊരു പ്രാസസ്സും പുറപ്പെടുവിക്കാൻ പാടില്ലാത്തതും, ന്യായമായ സമയത്തിനുള്ളിൽ അങ്ങനെയുള്ള ഫീസ് കൊടുക്കുന്നില്ലെങ്കിൽ മജിസ്ട്രേററിന് പരാതി തള്ളിക്കളയാവുന്നതും ആണ്.

(5) ഈ വകുപ്പിലെ യാതൊന്നും 87-ാം വകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

205. മജിസ്ട്രേററിന് പ്രതി നേരിട്ട് ഹാജരാകുന്നത് വേണ്ടെന്ന് വയ്ക്കാമെന്ന്.— (1) മജിസ്ട്രേററ് സമൻസ് പുറപ്പെടുവിക്കുമ്പോഴെല്ലാം അദ്ദേഹത്തിന് പ്രതി നേരിട്ട് ഹാജരാകുന്നത് വേണ്ടെന്ന് വയ്ക്കുകയും, അയാളുടെ വക്കീൽ മുഖാന്തിരം ഹാജരാകുന്നതിന് അയാളെ അനുവദിക്കുകയും ചെയ്യുന്നതിന് കാരണം കാണുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതാണ്.

(2) എന്നാൽ, കേസ് അന്വേഷണ വിചാരണചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്ന മജിസ്ട്രേററിന്, പ്രതി നേരിട്ട് ഹാജരാകണമെന്ന് സ്വവിവേകം ഉപയോഗിച്ച് നടപടികളുടെ ഏതു ഘട്ടത്തിലും നിദേശിക്കുകയും, ആവശ്യമാണെങ്കിൽ, ഇതിൽ ഇതിനുമുമ്പ് വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ അങ്ങനെ ഹാജരാക്കുകയും ചെയ്യാവുന്നതാണ്.

206. ചെറുതരം കുററത്തിൻെറ കേസ്സിൽ പ്രത്യേക സമൺസ്.— (1) ഒരു ചെറുതരം കുററം നടപടിക്കെടുക്കുന്ന മജിസ്ട്രേററിൻെറ അഭിപ്രായത്തിൽ, കേസ്സ് 260-ാം വകുപ്പിൻ കീഴിൽ സമ്മറിയായി തീർപ്പാക്കാവുന്നതാണെങ്കിൽ മജിസ്ട്രേററ്, ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, അദ്ദേഹത്തിന് വിപരീതമായ അഭിപ്രായമുള്ളിടത്തൊഴികെ, പ്രതി വിനിർദ്ദിഷ്ടമായ ഒരു തീയതി, മജിസ്ട്രേററിൻെറ മുമ്പാകെ നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരാകണമെന്നോ അല്ലെങ്കിൽ മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാകാതെ ചാർജ്ജിന് അപരാധിയാണെന്ന് സമ്മതിക്കാൻ അയാൾ ആഗ്രഹിക്കുന്നുവെങ്കിൽ, വിനിർദ്ദിഷ്ടമായ തീയതിക്കുമുമ്പ്, ലിഖിതമായി ആ സമ്മതവും സമൺസിൽ വിനിർദ്ദേശിക്കുന്ന പിഴയുടെ തുകയും മജിസ്ട്രേററിന് തപാൽ വഴിയോ ആൾവഴിയോ അയക്കണമെന്നോ, അല്ലെങ്കിൽ അയാൾ വക്കീൽ മുഖാന്തരം ഹാജരാവുകയും അങ്ങനെയുള്ള വക്കീൽ മുഖാന്തിരം ചാർജ്ജിന് അപരാധ യാണെന്ന് സമ്മതിക്കുകയും ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ തനിക്കുവേണ്ടി ചാർജ്ജിന് അപരാധിയാണെന്ന് സമ്മതിക്കാനും അങ്ങനെയുള്ള വക്കീൽമുഖാന്തരം പിഴ ഒടുക്കുന്നതിനും വക്കീലിന് പ്രാധികാരം നല്കണമെന്നോ ആവശ്യപ്പെട്ടുകൊണ്ട്, അയാൾക്ക് സമൻസ് പുറപ്പെടുവിക്കേണ്ടതാകുന്നു;

എന്നാൽ, അങ്ങനെയുള്ള സമൺസിൽ വിനിർദ്ദേശിക്കുന്ന പിഴയുടെ തുക നൂറു രൂപയിൽ കവിയാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ''ചെറുതരം കുററ''ത്തിന് ആയിരം രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്ക് മാത്രം ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ മോട്ടാർ വാഹന ആക്ററ്, 1939 (1939 ലെ 4)—ൻ കീഴിലോ പ്രതിയെ അപരാധിയാണെന്ന സമ്മതത്തിൻമേൽ അയാളുടെ അസാന്നിദ്ധ്യത്തിൽ ശിക്ഷിക്കുന്നതിന്

വ്യവസ്ഥചെയ്യുന്ന മറേറതെങ്കിലും നിയമത്തിൻ കീഴിലോ അപ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ഉരംപ്പെടുന്നതല്ലാത്തതും ആകുന്നു.

207. <u>പോലീസ് റിപ്പോർട്ടിൻേറയും മററ് രേഖകളുടേയും പകർപ്പ് പ്രതിക്ക് നല്കുന്നത്.</u>— പോലീസ് റിപ്പോർട്ടിൻമേൽ നടപടി ആരംഭിച്ചിട്ടുള്ള ഏതെങ്കിലും കേസ്സിൽ, മജിസ്ട്രേററ് പ്രതിക്ക്,കാലതാമസംകൂടാതെ, താഴെപ്പറയുന്ന ഓരോന്നിൻേറയും പകർപ്പ് സൗജന്യമായി നല്കേണ്ടതാണ്:—

(i) പോലീസ് റിപ്പോർട്ട് ;

(ii) 154-ാം വകുപ്പിൻകീഴിൽ റിക്കാർഡാക്കിയ പ്രഥമ വിവര റിപ്പോർട്ട് ;

(iii) പ്രാസിക്യൂഷൻ, അതിൻെറ സാക്ഷികളായി വിസ്തരിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ ആളുകളുടേയും 161-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ റിക്കാർഡാക്കിയ സ്റേറററുമെൻറുകരം, അവയിൽ 173-ാംവകുപ്പ് (6)-ാം ഉപവകുപ്പിൻകീഴിൽ ഏത് ഭാഗം സംബന്ധിച്ചാണോ പോലീസ് ഉദ്യോഗസ്ഥൻ അത് ഒഴിവാക്കണമെന്ന് അപേക്ഷ നല്കിയിട്ടുള്ളത്, അങ്ങനെയുള്ള ഭാഗം അവയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് ;

(iv) 164-ാം വകുപ്പിൻകീഴിൽ റിക്കാർഡാക്കിയിട്ടുള്ള കുററസമ്മതങ്ങളും സ്റേറററുമെൻറുകളും, വല്ലതുമുണ്ടെങ്കിൽ ;

(v) 173-ാംവകുപ്പ് (5)-ാം ഉപവകുപ്പിൻ കീഴിൽ പോലീസ് റിപ്പോർട്ടോടുകൂടി മജിസ്ട്രേററിന് അയച്ചുകൊടുത്തിട്ടുള്ള മറേറതെങ്കിലും രേഖയോ അതിൻെറ പ്രസക്തമായ എക്സ്ട്രാക്ററോ:

എന്നാൽ, മജിസ്ട്രേററിന്, ഒരു സ്റേറററുമെൻറിൻെറ (iii)-ാം ഖണ്ഡത്തിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും ഭാഗം വായിക്കുകയും, പോലീസ് ഉദ്യോഗസ്ഥൻ അങ്ങനെയുള്ള അപേക്ഷയ്ക്ക് നല്കിയിട്ടുള്ള കാരണങ്ങരം പരിഗണിക്കുകയും ചെയ്തതിനുശേഷം, സ്റേറററുമെൻറിൻെറ ആ ഭാഗത്തിൻേറയോ അല്ലെങ്കിൽ അതിൻെറ സമുചിതമാണെന്ന് തനിക്ക് തോന്നുന്ന ഭാഗത്തിൻേറയോ പകർപ്പ് പ്രതിക്ക് നല്കണമെന്ന് നിദേശിക്കാവുന്നതാണ്.

എന്നുമാത്രമല്ല. (v)-ാം ഖണ്ഡത്തിൽ പരാമർശിച്ച ഏതെങ്കിലും രേഖ, വളരെ വലുതാണെന്ന് മജിസ്ട്രേററിന് ബോദ്ധ്യമാകുന്നുവെങ്കിൽ,അദ്ദേഹം പ്രതിക്ക് അതിൻെറ പകർപ്പ് നല്കുന്നതിനുപകരം കോടതിയിൽവച്ച് നേരിട്ടോ വക്കീൽ മുഖാന്തരമോ പരിശോധിക്കാൻ മാത്രം അയാളെ അനുവദിക്കുമെന്ന് നിർദ്ദേശിക്കേണ്ടതാകുന്നു.

208. <u>സെഷൻസ് കോടതിക്ക് വിചാരണ ചെയ്യാവുന്ന മററു കേസുകളിൽ പ്രതിക്ക് സ്റേറററുമെൻറുകളുടേയും രേഖകളുടേയും പകർപ്പുകരം നല്കുന്നത്:</u>—പോലീസ് റിപ്പോർട്ടിൻമേലല്ലാതെ ആരംഭിച്ചിട്ടുള്ളകേസ്സിൽ 204-ാം വകുപ്പിൻകീഴിൽ പ്രാസസ്സ് പുറപ്പെടുവിക്കുന്ന മജിസ്ട്രേററിന് ആ കുററം കേവലം സെഷൻസ് കോടതിയാൽ വിചാരണ ചെയ്യപ്പെടാവുന്നതാണെന്ന് തോന്നുന്നിടത്ത്, അദ്ദേഹം കാലതാമസം കൂടാതെ പ്രതിക്ക് താഴെ പറയുന്ന ഓരോന്നിൻേറയും പകർപ്പ് സൗജന്യമായി നല്കേണ്ടതാണ്—

(i) മജിസ്ട്രേററ് വിസ്തരിച്ച എല്ലാ ആളുകളുടേയും 200-ാംവകുപ്പിനോ 202-ാംവകുപ്പിനോ കീഴിൽ റിക്കാർഡാക്കിയിട്ടുള്ള സ്റേറററുമെൻറുകരം ;

(ii) 161-ാം വകുപ്പിനോ 164-ാം വകുപ്പിനോ കീഴിൽ റിക്കാർഡാക്കിയിട്ടുള്ള സ്റേറററുമെൻറുകളും കുററസമ്മതങ്ങളും, വല്ലതുമുണ്ടെങ്കിൽ ;

(iii) പ്രാസിക്യൂഷൻ ആശ്രയിക്കാൻ ഉദ്ദേശിക്കുന്നതും മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാക്കിയതുമായ ഏതെങ്കിലും രേഖകൾ ;

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രേഖ വളരെ വലുതാണെന്ന് മജിസ്ട്രേററിന് ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹം പ്രതിക്ക് അതിന്റെ പകർപ്പ് നൽകുന്നതിനുപകരം, കോടതിയിൽവച്ച് നേരിട്ടോ വക്കീൽ മുഖാന്തരമോ അത് പരിശോധിക്കാൻ മാത്രം അയാളെ അനുവദിക്കുമെന്ന് നിദേശിക്കേണ്ടതാകുന്നു.

209. കുററം കേവലം സെഷൻസ് കോടതിയിൽ വിചാരണ ചെയ്യപ്പെടാവുന്നതാകുമ്പോൾ കേസ് അതിന് കമ്മിററ് ചെയ്യുന്നത്:—പോലീസ് റിപ്പോർട്ടിൻമേലോ അല്ലാതെയോ ആരംഭിക്കപ്പെട്ടിട്ടുള്ള ഒരു കേസ്സിൽ, പ്രതി മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാവുകയോ കൊണ്ടുവരപ്പെടുകയോ ചെയ്യുകയും കുററം കേവലം സെഷൻസ് കോടതിയിൽ വിചാരണ ചെയ്യപ്പെടാവുന്നതാണെന്ന് മജിസ്ട്രേററിന് തോന്നുകയും ചെയ്യുമ്പോൾ, അദ്ദേഹം—

(ക) (കേസ്സ് സെഷൻസ് കോടതിക്ക് കമ്മിററ് ചെയ്യുകയും ;) See Ship

(ഖ) വിചാരണയ്ക്കിടയിലും അത് അവസാനിക്കുന്നതുവരേയും പ്രതിയെ, ജാമ്യം സംബന്ധിച്ച ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായി, കസ്ററഡിയിലേക്ക് റിമാൻറ് ചെയ്യുകയും ;

(ഗ) കേസ്സ് റിക്കാർഡും, തെളിവിൽ ഹാജരാക്കാനുള്ള രേഖകളും സാധനങ്ങളും, വല്ലതുമുണ്ടെങ്കിൽ അവയും, ആ കോടതിക്ക് അയക്കുകയും ;

(ഘ) കേസ് സെഷൻസ് കോടതിക്ക് കമ്മിററ് ചെയ്തത് പബ്ലിക്ക് പ്രാസിക്യൂട്ടറെ തെര്യപ്പെടുത്തുകയും .

ചെയ്യേണ്ടതാകുന്നു.

210. ഒരേ കുററം സംബന്ധിച്ച് പരാതിക്കേസ്സും പോലീസ് അന്വേഷണവും ഉള്ളപ്പോൾ അനുവർത്തിക്കാനുള്ള നടപടിക്രമം:—(1) പോലീസ് റിപ്പോർട്ടിൻമേൽ അല്ലാതെ ആരംഭിക്കപ്പെട്ടിട്ടുള്ള (ഇതിൽ ഇതിനുശേഷം പരാതിക്കേസ്സ് എന്ന് പരാമർശിക്കുന്ന)കേസ്സിൽ, മജിസ്ട്രേററിന് താൻ നടത്തുന്ന അന്വേഷണ വിചാരണയുടേയോ വിചാരണയുടേയോ ഇടയിൽ ആ അന്വേഷണ വിചാരണയുടെയോ വിചാരണയുടെയോ വിഷയമായ കുററം സംബന്ധിച്ച് പോലീസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്ന് തോന്നാൻ ഇടയാകുന്നു എങ്കിൽ, അദ്ദേഹം അങ്ങനെയുള്ള അന്വേഷണ വിചാരണയുടേയോ വിചാരണയുടേയോ നടപടികൾ നിറുത്തി വയ്ക്കുകയും, ആ അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥനിൽനിന്ന് ആ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു.

(2) അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ 173-ാം വകുപ്പിൻകീഴിൽ റിപ്പോർട്ട് ചെയ്യുകയും, അങ്ങനെയുള്ള റിപ്പോർട്ടിൻമേൽ മജിസ്ട്രേററ് പരാതിക്കേസിൽ ഏതെങ്കിലും പ്രതിക്കെതിരായി ഏതെങ്കിലും കുററം നടപടിക്ക് എടുക്കുകയും ചെയ്യുന്നുവെങ്കിൽ, അദ്ദേഹം പരാതിക്കേസ്സും പോലീസ് റിപ്പോർട്ടിൽനിന്നും ഉദ്ഭവിക്കുന്ന കേസും അവ രണ്ടും പോലീസ് റിപ്പോർട്ടിൻമേൽ ആരംഭിക്കപ്പെട്ടിട്ടുള്ളവയായിരുന്നാലെന്നപോലെ, ഒരുമിച്ച് അന്വേഷണ വിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

(3) പോലീസ് റിപ്പോർട്ട്, പരാതിക്കേസിലെ ഏതെങ്കിലും പ്രതിയെ സംബന്ധിക്കുന്നില്ലെങ്കിലോ മജിസ്ട്രേററ് പോലീസ് റിപ്പോർട്ടിൻമേൽ

ഏതെങ്കിലും കുററം നടപടിക്ക് എടുക്കുന്നില്ലെങ്കിലോ, അദ്ദേഹം, താൻ നിറുത്തിവച്ച അന്വേഷണവിചാരണയോ വിചാരണയോ, ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, തുടർന്നു നടത്തേണ്ടതാകുന്നു.

## അദ്ധ്യായം XVII

## ചാർജ്

### (ക) ചാർജുകളുടെ രൂപം

211. ചാർജിന്റെ ഉള്ളടക്കം.— (1) ഈ നിയമസംഹിതയിൻകീഴിലുള്ള ഏതൊരു ചാർജും പ്രതി ചാർജ് ചെയ്യപ്പെട്ടിട്ടുള്ള കുററം എന്താണെന്ന് പ്രസ്താവിക്കേണ്ടതാകുന്നു.

(2) കുററത്തെ സൃഷ്ടിക്കുന്ന നിയമം, അതിന് വിനിർദ്ദിഷ്ടമായ ഏതെങ്കിലും പേര് നല്കുന്നുണ്ടെങ്കിൽ, ചാർജിൽ കുററം, ആ പേരുകൊണ്ടു മാത്രം വിവരിക്കപ്പെടാവുന്നതാണ്.

(3) കുററത്തെ സൃഷ്ടിക്കുന്ന നിയമം, അതിന് വിനിർദ്ദിഷ്ടമായ ഏതെങ്കിലും പേര് നൽകുന്നില്ലെങ്കിൽ പ്രതിക്ക്, അയാളെ ഏത് സംഗതിക്കാണ് ചാർജ് ചെയ്തിട്ടുള്ളത് എന്നതിനെപ്പററി അറിവു നല്കുന്നതിന് കുററത്തിന്റെ നിർവ്വചനത്തിലുള്ളതിൽ എത്ര വേണമോ അത്രയും പ്രസ്താവിച്ചിരിക്കേണ്ടതാണ്.

(4) കുററം ചെയ്തതായി പറഞ്ഞിട്ടുള്ളത് ഏതു നിയമത്തിനും നിയമ വകുപ്പിനും എതിരായിട്ടാണ് എന്നത് ചാർജിൽ പറഞ്ഞിരിക്കേണ്ടതാകുന്നു.

(5) ചാർജ് ചെയ്തിരിക്കുന്നു എന്ന വസ്തുത അങ്ങനെ ചാർജ് ചെയ്ത കേസ്സിൽ, ചാർജ് ചെയ്യപ്പെട്ടിട്ടുള്ള കുററത്തെ, ആ കുററമാക്കുന്നതിന് നിയമം ആവശ്യപ്പെടുന്ന ഏതൊരു നിയമപരമായ ഉപാധിയും നിറവേററിയിട്ടുണ്ട് എന്ന പ്രസ്താവനക്ക് സമമായിരിക്കുന്നതാണ്.

(6) ചാർജ് കോടതിയിലെ ഭാഷയിൽ എഴുതിയിരിക്കേണ്ടതാകുന്നു.

(7) പ്രതി ഏതെങ്കിലും കുററത്തിന് മുൻകുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കെ, അങ്ങനെയുള്ള മുൻകുററസ്ഥാപനം കാരണം പിന്നീടുള്ള കുററത്തിന് വർദ്ധിപ്പിച്ച ശിക്ഷയ്ക്കോ വ്യത്യസ്ത തരത്തിലുള്ള ശിക്ഷയ്ക്കോ അർഹനായിരിക്കുകയും, പിന്നീടുള്ള കുററത്തിന് നല്കുന്നത് യുക്തമാണെന്ന് കോടതിക്ക് തോന്നിയേക്കാവുന്ന ശിക്ഷയെ ബാധിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള മുൻകുററസ്ഥാപനം തെളിയിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുവെങ്കിൽ, മുൻകുററസ്ഥാപനത്തിന്റെ വസ്തുതയും തീയതിയും സ്ഥലവും ചാർജിൽ പ്രസ്താവിച്ചിരിക്കേണ്ടതാണ്; അങ്ങനെ പ്രസ്താവിക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ശിക്ഷാവിധി പാസ്സാക്കുന്നതിനുമുമ്പ് ഏത് സമയത്തും കോടതിക്ക് അത് ചേർക്കാവുന്നതും ആണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ക, ഖ യുടെ കൊലപാതകത്തിന് ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു. ഇതു ക യുടെ കൃത്യം ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യിലെ 299-ം 300-ം വകുപ്പുകളിൽ കൊടുത്തിട്ടുള്ള കൊലപാതകത്തിന്റെ നിർവ്വചനത്തിനുള്ളിൽ വരുന്നുണ്ടെന്നും മേല്പറഞ്ഞ നിയമസംഹിതയിലെ ഏതെങ്കിലും സാമാന്യമായ അപവാദങ്ങൾക്കുള്ളിൽ വരുന്നില്ലെന്നും; 300-ാം വകുപ്പിലെ

അഞ്ച് അപവാദങ്ങളിൽ ഏതിലെങ്കിലും വരുന്നില്ലെന്നും 1-ാം അപവാദത്തിനുള്ളിൽവരുന്നുണ്ടെങ്കിൽ, ആ അപവാദത്തിലെ മൂന്നു പരിമിതി വ്യവസ്ഥകളിൽ ഒന്നല്ലെങ്കിൽ മറ്റൊന്ന് അതിനു ബാധകമാകുന്നുണ്ടെന്നും ഉള്ള ഒരു പ്രസ്താവനയ്ക്ക് സമമാണ്.

(ഖ) വെടിവയ്ക്കാനുള്ള ഒരു ഉപകരണത്താൽ ഖ യ്ക്ക് സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിച്ചതിന് ക ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 326-ാം വകുപ്പിൻ കീഴിൽ ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്നു. ഇത്, കേസ്സ് മേല്പറഞ്ഞ നിയമസംഹിതയിലെ 335-ാം വകുപ്പിലെ വ്യവസ്ഥയിൻ വരുന്നില്ലെന്നും സാമാന്യമായ അപവാദങ്ങൾ അതിന് ബാധകമാകുന്നില്ലെന്നും ഉള്ള പ്രസ്താവനയ്ക്ക് സമമാണ്.

(ഗ) ക കൊലപാതകത്തിനോ ചതിക്കലിനോ മോഷണത്തിനോ ഭയപ്പെടുത്തിയുള്ള അപഹരണത്തിനോ വ്യഭിചാരത്തിനോ കുററകരമായ ഭയപ്പെടുത്തലിനോ വ്യാജമായ വസ്തുചിഹ്നം ഉപയോഗിക്കുന്നതിനോ കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജിന് ക കൊലപാതമോ ചതിക്കലോ മോഷണമോ ഭയപ്പെടുത്തിയുള്ള അപഹരണമോ വ്യഭിചാരമോ കുററകരമായ ഭയപ്പെടുത്തലോ ചെയ്തു എന്നോ വ്യാജമായ വസ്തു ചിഹ്നം ഉപയോഗിച്ചു എന്നോ ആ കുററങ്ങളുടെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യിൽ അടങ്ങിയ നിർവ്വചനം പരാമർശിക്കാതെ പ്രസ്താവിക്കാവുന്നതാണ്; എന്നാൽ ഓരോ സംഗതിയിലും ഏത് വകുപ്പുകളിൻ കീഴിലാണോ ആ കുററം ശിക്ഷിക്കപ്പെടാവുന്നത്, ആ വകുപ്പുകൾ ചാർജ്ജിൽ പരാമർശിക്കണം.

(ഘ) ഒരു പബ്ലിക് സർവൻറിന്റെ നിയമാനുസൃതമായ പ്രാധികാരപ്രകാരം വില്പനയ്ക്ക് വച്ചിരിക്കുന്ന ഒരു വസ്തുവിന്റെ വില്പന ഉദ്ദേശ്യപൂർവ്വം തടസ്സപ്പെടുത്തിയതിന് ക ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 184-ാം വകുപ്പിൻകീഴിൽ ചാർജ്ജു ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജ് മേല്പറഞ്ഞ വാക്കുകളിൽ ആയിരിക്കേണ്ടതാണ്.

212. സമയവും സ്ഥലവും ആളേയും സംബന്ധിച്ച വിവരങ്ങൾ.— (1) ചാർജ്ജിൽ ആരോപിക്കപ്പെട്ട കുററത്തിന്റെ സമയവും സ്ഥലവും സംബന്ധിച്ചും, ഏത് ആൾക്ക് (ആരെങ്കിലും ഉണ്ടെങ്കിൽ) എതിരായാണോ, അല്ലെങ്കിൽ ഏത് സാധനം (എന്തെങ്കിലും ഉണ്ടെങ്കിൽ) സംബന്ധിച്ചാണോ, ആ കുററം ചെയ്തിട്ടുള്ളത്, ആ ആളേയും സാധനത്തേയും സംബന്ധിച്ച് ഉള്ളതും പ്രതിക്ക് അയാളെ ഏതു സംഗതിക്കാണോ ചാർജ്ജ് ചെയ്തിട്ടുള്ളതു എന്നതിനെപ്പററി അറിവു നല്കുന്നതിനു ന്യായമായി മതിയായതും, ആയ വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതാകുന്നു.

(2) പ്രതി കുററകരമായ ട്രസ്ററ് ലംഘനത്തിനോ പണത്തിന്റേയോ മററു ജംഗമവസ്തുവിന്റേയോ നേരുകേടായ ദുർവിനിയോഗത്തിനോ ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുമ്പോൾ, പ്രത്യേക ഇനങ്ങളോ, കൃത്യമായ തീയതികളോ വിനിർദ്ദേശിക്കാതെ, അതതു സംഗതിപോലെ, മൊത്തം തുക വിനിർദ്ദേശിക്കുകയോ, അല്ലെങ്കിൽ ഏത് ജംഗമവസ്തു സംബന്ധിച്ചാണോ കുററം ചെയ്തതായി ആരോപിച്ചിട്ടുള്ളത്, ആ ജംഗമവസ്തു വിവരിക്കുകയോ ചെയ്യുകയും, ഏത് തീയതികൾക്കിടയിൽ ആ കുററം ചെയ്തുവെന്നാണോ ആരോപിച്ചിട്ടുള്ളത്, ആ തീയതികൾ വിനിർദ്ദേശിക്കുകയും ചെയ്യുന്നത് മതിയാകുന്നതും, അപ്രകാരം തയ്യാറാക്കുന്ന ചാർജ്ജ് 219-ാം വകുപ്പിന്റെ അർത്ഥത്തിൽ ഒരൊററ കുററത്തിനുള്ള ചാർജ്ജായി കരുതപ്പെടുന്നതും ആകുന്നു :

**എന്നാൽ, അങ്ങനെയുള്ള തീയതികളിൽ ആദ്യത്തേതിനും അവസാനത്തേതിനും ഇടയ്ക്കുള്ള സമയം ഒരു വർഷത്തിൽ കവിയാൻ പാടുള്ളതല്ല.**

213. കുററംചെയ്ത രീതി എപ്പോൾ പ്രസ്താവിച്ചിരിക്കണമെന്ന്.—കേസ്സിന്റെ സ്വഭാവം 211-ം 212-ം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ പ്രതിയ്ക്ക് അയാളെ ഏത് സംഗതിക്കാണ് ചാർജ്ജ് ചെയ്തിട്ടുള്ളത് എന്നതിനെപ്പററി മതിയായ അറിവ് നല്കാത്തവിധം ഉള്ളതാകുമ്പോൾ, ചാർജ്ജിൽ, ആ ആവശ്യത്തിന് ആരോപിക്കപ്പെട്ട കുററം ചെയ്ത രീതിയുടെ ഏതു വിവരങ്ങൾ മതിയാകുമോ, ആ വിവരങ്ങൾകൂടി അടങ്ങിയിരിക്കേണ്ടതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക ഒരു പ്രത്യേക സാധനത്തിന്റെ ഒരു പ്രത്യേക സമയത്തും സ്ഥലത്തുവച്ചും ഉള്ള മോഷണത്തിന് കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജ് മോഷണം നടത്തിയ രീതി വിവരിക്കേണ്ടതില്ല.

(ഖ) ഖ യെ പറയപ്പെട്ട ഒരു സമയത്തും സ്ഥലത്തുവച്ചും ചതിച്ചതിന് ക കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജ് ക ഖ യെ ചതിച്ചരീതി വിവരിക്കണം.

(ഗ) ക പറയപ്പെട്ട ഒരു സമയത്തും സ്ഥലത്തുവച്ചും വ്യാജമായ തെളിവുനല്കിയതിന് കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജ് ക നല്കിയ തെളിവിൽ വ്യാജമാണെന്ന് ആരോപിക്കപ്പെട്ടിരിക്കുന്ന ഭാഗം വിവരിക്കണം.

(ഘ) ഖ എന്ന പബ്ലിക് സർവൻറിനെ അയാളുടെ പബ്ലിക് ചുമതലകൾ നിർവ്വഹിക്കുന്നതിൽ പറയപ്പെട്ട ഒരു സമയത്തും സ്ഥലത്തുവച്ചും തടസ്സപ്പെടുത്തിയതിന് ക കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജ് ക ഖ യെ അയാളുടെ ചുമതലകൾ നിർവഹിക്കുന്നതിൽ തടസ്സപ്പെടുത്തിയ രീതി വിവരിക്കണം.

(ങ) പറയപ്പെട്ട ഒരു സമയത്തും സ്ഥലത്തുവച്ചുമുള്ള ഖ യുടെ കൊലപാതകത്തിന് ക കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജ് ക ഖ യെ കൊലചെയ്ത രീതി പ്രസ്താവിക്കേണ്ടതില്ല.

(ച) ഖ യെ ശിക്ഷയിൽനിന്ന് രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ, നിയമനിർദേശം അനുസരിക്കാതിരുന്നതിന് ക കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. ചാർജ്ജ്, ചാർജ്ജ്ചെയ്യപ്പെട്ട അനുസരിക്കാതിരിക്കലും ലംഘിക്കപ്പെട്ട നിയമവും വിവരിക്കണം.

214. ചാർജ്ജിലുള്ള വാക്കുകൾ ഏതു് നിയമത്തിൻകീഴിലാണോ കുററം ശിക്ഷിക്കപ്പെടാവുന്നത് ആ നിയമത്തിലെ അർത്ഥത്തിൽ എടുക്കണം എന്ന്.—ഏതൊരു ചാർജ്ജിനും കുററം വിവരിക്കുന്നതിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്ക് ഏതു നിയമത്തിൻ കീഴിലാണോ അങ്ങനെയുള്ള കുററം ശിക്ഷിക്കപ്പെടാവുന്നത്, ആ നിയമത്തിൽ അവയ്ക്ക് യഥാക്രമം ഉള്ള അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

215. തെററുകളുടെ പ്രഭാവം.—ചാർജ്ജിൽ കുററമോ പ്രസ്താവിക്കേണ്ടതായ വിവരങ്ങളോ പ്രസ്താവിക്കുന്നതിലുള്ള യാതൊരു തെററും, ആ കുററമോ വിവരങ്ങളോ പ്രസ്താവിക്കാൻ വിട്ടുപോകുന്നതും അങ്ങനെയുള്ള തെററോ വിട്ടുപോകലോ കുററാരോപണം ചെയ്യപ്പെട്ട ആളെ യഥാർത്ഥത്തിൽ വഴിതെററിക്കുകയും തന്മൂലം, നീതിലോപത്തിനിടയാക്കുകയും ചെയ്തിട്ടില്ലാത്ത പക്ഷം, സാരമായതാണെന്ന് കേസ്സിന്റെ ഏതെങ്കിലും ഘട്ടത്തിൽ കരുതപ്പെടുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ക കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയം, അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് തന്റെ കൈവശം വന്നപ്പോൾ അറിഞ്ഞുകൊണ്ട് കൈവശം വച്ചിരുന്നതിന് 'വഞ്ചനാപൂർവ്വകമായി' എന്ന വാക്ക് ചാർജ്ജിൽ വിട്ടുകളഞ്ഞുകൊണ്ട് ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 242-ാം വകുപ്പിൻകീഴിൽ ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്നു. ഈ വിട്ടുകളയൽ ക യെ യഥാർത്ഥത്തിൽ വഴി തെററിച്ചുവെന്ന് കാണാത്തപക്ഷം ആ തെററ് സാരമായതായി പരിഗണിക്കപ്പെടുന്നതല്ല.

(ഖ) ഖ യെ ചതിച്ചതിന് ക ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയും, അയാൾ ഖ യെ ചതിച്ച രീതി ചാർജ്ജിൽ വിവരിക്കാതിരിക്കുകയോ തെററായി വിവരിക്കുകയോ ചെയ്യുകയും ചെയ്യുന്നു. ക സ്വയം പ്രതിവാദം ചെയ്യുകയും സാക്ഷികളെ വിളിക്കുകയും ആ ഇടപാടിനെപ്പററിയുള്ള സ്വന്തം വിവരണം നല്കുകയും ചെയ്യുന്നു. ഇതിൽനിന്ന് കോടതിക്ക് ചതിക്കലിന്റെ രീതി വിവരിക്കാൻ വിട്ടുപോയത് സാരമായതല്ലെന്ന നിഗമനത്തിൽ എത്താവുന്നതാണ്.

(ഗ) ഖ യെ ചതിച്ചതിന് ക ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയും, അയാൾ ഖ യെ ചതിച്ച രീതി ചാർജ്ജിൽ വിവരിക്കാതിരിക്കുകയും ചെയ്യുന്നു. ക യും ഖ യും തമ്മിൽ അനേകം ഇടപാടുകൾ ഉണ്ടായിരിക്കുകയും, ക യ്ക്ക്, ചാർജ് അവയിൽ ഏതിനെക്കുറിച്ചുള്ളതാണെന്ന് അറിയാൻ മാർഗ്ഗമില്ലാതിരിക്കുകയും, ക യാതൊരു പ്രതിവാദവും ചെയ്യാതിരിക്കുകയും ചെയ്തിരുന്നു. അങ്ങനെയുള്ള വസ്തുതകളിൽനിന്ന് കോടതിക്ക് ചതിക്കലിന്റെ രീതി വിവരിക്കാൻ വിട്ടുപോയത് ആ സംഗതിയിൽ സാരമായ ഒരു തെററാണെന്ന നിഗമനത്തിൽ എത്താവുന്നതാണ്.

(ഘ) ക 1882 ജനുവരി 21-ാം തീയതി ഖോഡാബക്ഷിനെ കൊല ചെയ്തതിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്നു. കൊല ചെയ്യപ്പെട്ട ആളുടെ പേർ യഥാർത്ഥത്തിൽ ഹൈദർബക്ഷ് എന്നും കൊലപാതകത്തിന്റെ തീയതി 1882 ജനുവരി 20-ം ആയിരുന്നു. ക ഒരൊററ കൊലപാതകത്തിനല്ലാതെ ഒരിക്കലും ചാർജ്ജ് ചെയ്യപ്പെട്ടിരുന്നില്ല. അയാൾ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഉണ്ടായിരുന്ന ഹൈദർബക്ഷിന്റെ കേസ്സിനെക്കുറിച്ച് മാത്രമായിരുന്ന അന്വേഷണ വിചാരണ കേൾക്കുകയും ചെയ്തിരുന്നു. ഈ വസ്തുതകളിൽനിന്ന് കോടതിക്ക് ക വഴി തെററിക്കപ്പെട്ടിട്ടില്ലെന്നും ചാർജ്ജിലുള്ള തെററ് സാരമായതല്ലെന്നുമുള്ള നിഗമനത്തിൽ എത്താവുന്നതാണ്.

(ങ) ക 1882 ജനുവരി 20-ാം തീയതി ഹൈദർബക്ഷിനെയും 1882 ജനുവരി 21-ാം തീയതി (ആ കൊലപാതകത്തിന് അയാളെ അറസ്ററ് ചെയ്യാൻ ശ്രമിച്ച) ഖോഡാബക്ഷിനേയും കൊല ചെയ്തതിന് ചാർജ്ജു ചെയ്യപ്പെട്ടിരുന്നു. ഹൈദർബക്ഷിന്റെ കൊലപാതകത്തിന് ചാർജ്ജു ചെയ്യപ്പെട്ടിരുന്നപ്പോൾ അയാൾ ഖോഡാബക്ഷിന്റെ കൊലപാതകത്തിന് വിചാരണ ചെയ്യപ്പെട്ടു. അയാളുടെ പ്രതിവാദത്തിന് സന്നിഹിതരായിരുന്ന സാക്ഷികൾ ഹൈദർബക്ഷിന്റെ കേസ്സിലെ സാക്ഷികളായിരുന്നു. ഇതിൽനിന്ന് കോടതിക്ക് ക വഴി തെററിക്കപ്പെട്ടു എന്നും തെററ് സാരമായതാണെന്നും ഉള്ള നിഗമനത്തിലെത്താവുന്നതാണ്.

216. കോടതിക്ക് ചാർജ്ജ് വ്യത്യാസപ്പെടുത്താമെന്ന്. (1) ഏതു കോടതിക്കും വിധി പ്രസ്താവിക്കുന്നതിനുമുമ്പ് ഏതു സമയത്തും ഏതു ചാർജ്ജും വ്യത്യാസപ്പെടുത്തുകയോ, അതിനോട് ഏതെങ്കിലും ചാർജ്ജ് കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു വ്യത്യാസപ്പെടുത്തലും കൂട്ടിച്ചേർക്കലും കുററാരോപണം ചെയ്യപ്പെട്ട ആൾക്ക് വായിച്ചു വിശദീകരിച്ചുകൊടുക്കേണ്ടതാകുന്നു.

(3) ചാർജ്ജിലുള്ള വ്യത്യാസപ്പെടുത്തലോ കൂട്ടിച്ചേർക്കലോ കോടതിയുടെ അഭിപ്രായത്തിൽ, വിചാരണ ഉടനെ തുടർന്നു നടത്തുന്നത്, പ്രതിക്ക്, അയാളുടെ പ്രതിവാദത്തിലോ, പ്രാസിക്യൂട്ടർക്ക് കേസ്സ് നടത്തുന്നതിലോ, ദോഷം ചെയ്യാൻ ഇടയില്ലാത്ത വിധത്തിലുള്ളതാണെങ്കിൽ, അങ്ങനെ വ്യത്യാസപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്തതിനുശേഷം, കോടതിക്ക് വ്യത്യാസപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്ത ചാർജ്ജു ആദ്യത്തെ ചാർജ്ജായിരുന്നാലെന്നപോലെ സ്വവിവേകമുപയോഗിച്ച് വിചാരണ തുടർന്നു നടത്താവുന്നതാണ്.

(4) അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലോ കൂട്ടിച്ചേർക്കലോ, കോടതിയുടെ അഭിപ്രായത്തിൽ വിചാരണ ഉടനെ തുടർന്നു നടത്തുന്നത് കുററാരോപണം ചെയ്യപ്പെട്ട ആൾക്കോ പ്രാസിക്യൂട്ടർക്കോ മേല്പ്പറഞ്ഞതുപോലെ ദോഷം ചെയ്യാൻ ഇടയാക്കുന്ന വിധത്തിലുള്ളതാണെങ്കിൽ, കോടതിക്ക് പുതിയ വിചാരണ നിർദേശിക്കുകയോ ആവശ്യമായത്ര കാലത്തേക്ക് വിചാരണ നീട്ടിവയ്ക്കുകയോ ചെയ്യാവുന്നതാണ്.

(5) വ്യത്യാസപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്ത ചാർജ്ജിൽ പ്രസ്താവിച്ചിട്ടുള്ള കുററം, പ്രാസിക്യൂഷന് മുൻകൂട്ടിയുള്ള അനുമതി ആവശ്യമായിട്ടുള്ള ഒന്നാണെങ്കിൽ, അങ്ങനെയുള്ള അനുമതി ലഭിക്കുന്നതുവരെ വ്യത്യാസപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്ന ചാർജ്ജിന് അടിസ്ഥാനമായ അതേ വസ്തുതകളിൻമേൽ പ്രാസിക്യൂഷനുള്ള അനുമതി മുമ്പേ ലഭിച്ചിട്ടില്ലാത്തപക്ഷം കേസ് തുടർന്നു നടത്താൻ പാടുള്ളതല്ല.

217. ചാർജ്ജു വ്യത്യാസപ്പെടുത്തുമ്പോൾ സാക്ഷികളെ തിരിയെ വിളിക്കുന്നത്. വിചാരണ ആരംഭിച്ചതിനുശേഷം, കോടതി, ചാർജ്ജു വ്യത്യാസപ്പെടുത്തുകയോ അതിനോട് ചാർജ്ജ് കൂട്ടിച്ചേർക്കുകയോ ചെയ്യുമ്പോഴെല്ലാം പ്രാസിക്യൂട്ടറേയും പ്രതിയേയും—

(ക) അതതുസംഗതിപോലെ, പ്രാസിക്യൂട്ടറോ പ്രതിയോ ശല്യമോ കാലതാമസമോ ഉണ്ടാക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ നീതിയുടെ ലക്ഷ്യം പരാജയപ്പെടുത്തുന്നതിന് വേണ്ടിയോ ആണ് ഏതെങ്കിലും സാക്ഷിയെ തിരിയെ വിളിക്കുകയോ പുനർവിസ്താരം ചെയ്യുകയോ ചെയ്യാൻ ആഗ്രഹിക്കുന്നതെന്ന്, കോടതി, ലിഖിതമായി റിക്കാർഡാക്കിയ കാരണങ്ങളാൽ കരുതാത്തപക്ഷം, വിസ്തരിക്കപ്പെട്ടിട്ടുണ്ടായിരിക്കാവുന്ന അങ്ങനെയുള്ള ഏതു സാക്ഷിയേയും തിരിയെ വിളിക്കുകയോ വീണ്ടും സമൺ ചെയ്യുകയോ ചെയ്യുകയും അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലോ കൂട്ടിച്ചേർക്കലോ സംബന്ധിച്ച് വിസ്തരിക്കുകയോ ചെയ്യുന്നതിനും ;

(ഖ) കൂടാതെ, കേസ്സിന് സാരമായതാണെന്ന് കോടതി കരുതുന്ന ഏതെങ്കിലും കൂടുതൽ സാക്ഷിയെ വിളിക്കുന്നതിനും , അനുവദിക്കുന്നതാകുന്നു.

## ഖ—ചാർജ്ജുകൾ ചേർക്കൽ

218. വിഭിന്നമായ കുററങ്ങൾക്ക് വേറിട്ട ചാർജ്ജുകൾ. (1) ഏതു കുററത്തിനാണോ ഏതെങ്കിലും ആൾ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതൊരു വിഭിന്നമായ കുററത്തിനും വെവ്വേറെയുള്ള ചാർജ്ജുണ്ടായിരിക്കേണ്ടതും, അങ്ങനെയുള്ള ഏതൊരു ചാർജ്ജും വെവ്വേറെ വിചാരണ ചെയ്യേണ്ടതുമാകുന്നു :

എന്നാൽ, കുററാരോപണം ചെയ്യപ്പെട്ട ആരം, ലിഖിതമായ അപേക്ഷ വഴി, അയാറക്കെതിരായി തയ്യാറാക്കിയിട്ടുള്ള എല്ലാ ചാർജ്ജുകളുമോ അവയിൽ ഏതെങ്കിലുമോ മജിസ്ട്രേററ് ഒരുമിച്ചു വിചാരണ ചെയ്യണമെന്ന് ആഗ്രഹിക്കുകയും, അയാറക്ക് അതുകൊണ്ട് ദോഷമുണ്ടാകാൻ ഇടയില്ലെന്ന് മജിസ്ട്രേട്ടിന് അഭിപ്രായം ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, അദ്ദേഹത്തിന് അപ്രകാരം ഒരുമിച്ച് വിചാരണ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും 219, 220, 221, 223 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല.

ദൃഷ്ടാന്തം

ക ഒരവസരത്തിലെ മോഷണത്തിനും മററാരവസരത്തിലെ കഠിനമായ ദേഹോപദ്രവമേല്പിക്കലിനും കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. മോഷണത്തിനും കഠിനമായ ദേഹോപദ്രവം ഏല്പിക്കലിനും ക യെ വെവ്വേറെ ചാർജ്ജ് ചെയ്യുകയും വെവ്വേറെ വിചാരണ ചെയ്യുകയും ചെയ്യണം.

219. ഒരു വർഷത്തിനകത്തുള്ള ഒരേതരത്തിലുള്ള മൂന്നു കുററങ്ങറക്ക് ഒരുമിച്ച് ചാർജ്ജ് ചെയ്യാമെന്ന്. (1) ഒരാറ ആദ്യത്തേത് മുതൽ അവസാനത്തേതുവരെ പന്ത്രണ്ടുമാസത്തിനിടയ്ക്കു ചെയ്ത ഒരേതരത്തിലുള്ള ഒന്നിലധികം കുററങ്ങറക്ക്, അവ ഒരേ ആളെ സംബന്ധിച്ചതായാലും അല്ലെങ്കിലും, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളപ്പോറ അവയിൽ മൂന്നിൽ കവിയാത്ത എത്ര കുററങ്ങറക്കും അയാളെ ഒരൊററ വിചാരണയിൽ ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) കുററങ്ങറ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) ലേയോ ഏതെങ്കിലും പ്രത്യേകനിയമത്തിലെയോ തദ്ദേശനിയമത്തിലേയോ ഒരേ വകുപ്പിൻകീഴിൽ ഒരേ തോതിലുള്ള ശിക്ഷ നല്കി ശിക്ഷിക്കപ്പെടാവുന്നതാകുമ്പോറ അവ ഒരേതരത്തിലുള്ളവയാണ്;

എന്നാൽ, ഈ വകുപ്പിന്റെ ആവശ്യങ്ങറക്ക്, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 379-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം, ആ നിയമസംഹിത 380-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററത്തിന്റെ അതേതരത്തിലുള്ളതായി കരുതപ്പെടുന്നതും, ആ നിയമസംഹിതയിലേയോ ഏതെങ്കിലും പ്രത്യേകനിയമത്തിലെയോ തദ്ദേശ നിയമത്തിലേയോ ഏതെങ്കിലും വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം, അങ്ങനെയുള്ള കുററം ചെയ്യാനുള്ള ശ്രമം കുററമായിരിക്കുമ്പോറ, അങ്ങനെയുള്ള ശ്രമത്തിന്റെ അതേതരത്തിലുള്ള കുററമായി കരുതപ്പെടുന്നതും ആകുന്നു.

220. ഒന്നിലധികം കുററങ്ങറക്കുള്ള വിചാരണ.—(1) ഒരേ ഇടപാട് ആകത്തക്കവിധം അന്യോന്യം ബന്ധപ്പെട്ട കൃത്യങ്ങളുടെ ഒരൊററ പരമ്പരയിൽ ഒരേ ആറ ഒന്നിലധികം കുററങ്ങറ ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള ഏതൊരു കുററത്തിനും അയാളെ ഒരൊററ വിചാരണയിൽ ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) 212-ാം വകുപ്പ് (2)-ാം ഉപവകുപ്പിലോ 219-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, ഒന്നോ അതിലധികമോ കുററകരമായ വിശ്വാസലംഘനക്കുററത്തിനോ, വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗക്കുററത്തിനോ ചാർജ്ജ് ചെയ്യപ്പെട്ട ഒരാറ ആ കുററമോ കുററങ്ങളോ ചെയ്യുന്നത് സുകരമാക്കാനോ ഒളിച്ചുവയ്ക്കാനോവേണ്ടി ഒന്നോ അതിലധികമോ കണക്കുകളുടെ വ്യാജീകരണക്കുററം ചെയ്തതിന് കുററാരോപണം ചെയ്യ

പ്പെട്ടിരിക്കുമ്പോൾ, അങ്ങനെയുള്ള ഏതൊരു കുററത്തിനും അയാളെ ഒരൊററ വിചാരണയിൽ ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.

(3) ആരോപിക്കപ്പെട്ടിട്ടുള്ള കൃത്യങ്ങൾ, കുററങ്ങൾ നിർവ്വചിക്കുകയോ കുററങ്ങൾക്ക് ശിക്ഷ നല്കാൻ വ്യവസ്ഥ ചെയ്യുകയോ ചെയ്യുന്നതും, തൽസമയം പ്രാബല്യത്തിലുള്ളതുമായ ഏതെങ്കിലും നിയമത്തിലെ രണ്ടോ അതിലധികമോ വെവ്വേറെയുള്ള നിർവ്വചനങ്ങളിൽപ്പെടുന്ന ഒരു കുററത്തെ, ആ കുററമാക്കുന്നവയാണെങ്കിൽ, അവയ്ക്ക് കുററാരോപണം ചെയ്യപ്പെട്ട ആളെ, അങ്ങനെയുള്ള കുററങ്ങളിൽ ഓരോന്നിനും ഒരൊററ വിചാരണയിൽ ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.

(4) പല കൃത്യങ്ങൾ, അവയിൽ ഒന്നോ അതിലധികമോ അത് തനിയേയോ അവ തനിയേയോ ഒരു കുററത്തെ ആ കുററമാക്കുന്നവയായിരിക്കുകയും, അവ, ഒന്നിക്കുമ്പോൾ, വ്യത്യസ്തമായ ഒരു കുററത്തെ ആ കുററമാക്കുന്നവയായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവയ്ക്ക് കുററാരോപണം ചെയ്യപ്പെട്ട ആളെ അങ്ങനെയുള്ള കൃത്യങ്ങൾ ഒന്നിക്കുമ്പോൾ കുററമാക്കുന്ന കൃത്യത്തിനും അങ്ങനെയുള്ള കൃത്യങ്ങളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ കുററമാക്കുന്ന ഏതെങ്കിലും കുററത്തിനും ഒരൊററ വിചാരണയിൽ ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.

(5) ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (1860-ലെ 45) യിലെ 71-ാം വകുപ്പിനെ ബാധിക്കുന്നതല്ല.

## (1)—ാം ഉപവകുപ്പിനുള്ള ദൃഷ്ടാന്തങ്ങൾ

(ക) ക നിയമാനുസൃത കസ്ററഡിയിലായിരുന്ന ഒരാളായ ഖ യെ രക്ഷപ്പെടുത്തുകയും, അങ്ങനെ ചെയ്യുന്നതിൽ ഖ യുടെ കസ്ററഡിയുണ്ടായിരുന്ന കാൺസ്ററബിളായ ഗ യ്ക്ക് കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയും ചെയ്യുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 225-ം 333-ം വകുപ്പുകളിൻ കീഴിലുള്ള കുററങ്ങൾക്ക് ചാർജ്ജു ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ഖ) 'ക' വ്യഭിചാരം ചെയ്യണമെന്ന ഉദ്ദേശത്തോടെ പകൽ ഭവനഭേദനം ചെയ്യുകയും, അങ്ങനെ പ്രവേശിച്ച വീട്ടിൽ വച്ച് 'ഖ' യുടെ ഭാര്യയുമായി വ്യഭിചാരം ചെയ്യുകയും ചെയ്യുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 454-ം 497-ം വകുപ്പുകളിൻ കീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെയായി ചാർജ്ജു ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയുംചെയ്യാവുന്നതാണ്.

(ഗ) ക ഗ യുടെ ഭാര്യയായ ഖ യുമായി വ്യഭിചാരം ചെയ്യണമെന്ന ഉദ്ദേശത്തോടെ അവളെ ഗ യിൽ നിന്നു വശീകരിച്ചുകൊണ്ടുപോവുകയും അവളുമായി വ്യഭിചാരം ചെയ്യുകയും ചെയ്യുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 498-ം 497-ം വകുപ്പുകളിൻ കീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെയായി ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ഘ) ക പല മുദ്രകളും അവ കപടാനുകരണം നടത്തിയുണ്ടാക്കിയവയാണെന്ന് അറിഞ്ഞുകൊണ്ടും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 466-ാം വകുപ്പിൻ കീഴിൽ ശിക്ഷാർഹമായ പല വ്യാജനിർമ്മാണങ്ങളും നടത്തുന്നതിന് വേണ്ടി ഉപയോഗിക്കാൻ ഉദ്ദേശിച്ചുകൊണ്ടും തന്റെ കൈവശം വയ്ക്കുന്നു. ക യെ ഓരോ മുദ്രയും കൈവശം വച്ചതിന് ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 473-ാം വകുപ്പിൻ കീഴിൽ വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ങ) ക ഖ യ്ക്കു ക്ഷതി ഏല്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ അയാൾക്കെതിരായി ഒരു ക്രിമിനൽ നടപടി, അങ്ങനെയുള്ള നടപടിക്ക് നീതിപൂർവ്വകമോ നിയമാനുസൃതമോ ആയ കാരണമില്ലെന്ന് അറിഞ്ഞുകൊണ്ട് ആരംഭിക്കുകയും, കൂടാതെ ഖ ഒരു കുററം ചെയ്തതായി അങ്ങനെയുള്ള ചാർജ്ജിന് നീതി പൂർവ്വകമോ നിയമാനുസൃതമോ ആയ കാരണം ഇല്ലെന്ന് അറിഞ്ഞുകൊണ്ട് വ്യാജമായി കുററാരോപണം ചെയ്യുകയും ചെയ്യുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത(1860-ലെ45) 211-ാം വകുപ്പിൻ കീഴിൽ രണ്ടു കുററങ്ങൾക്കും വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ച) ക ഖ യ്ക്ക് ക്ഷതി എല്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ, അയാൾ ഒരു കുററം ചെയ്തതായി അങ്ങനെയുള്ള ചാർജ്ജിന് നീതിപൂർവ്വകമോ നിയമാനുസൃതമോ ആയ കാരണം ഇല്ലെന്നറിഞ്ഞുകൊണ്ട് വ്യാജമായി കുററാരോപണം ചെയ്യുന്നു. വിചാരണയിൽ ക ഖ യ്ക്കെതിരായി വ്യാജമായ തെളിവുനല്കുന്നതുവഴി അയാളെ മരണശിക്ഷ നല്കാവുന്ന ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 211-ം 194-ം വകുപ്പുകളിൻ കീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ഛ) ക, മററ് ആറുപേരോടുകൂടി ലഹള നടത്തിൽ കഠിനമായ ദേഹോപദ്രവം, ഒരു പബ്ളിക് സർവൻറ് എന്ന നിലയിലുള്ള തൻെറ കർത്തവ്യം നിർവഹിക്കുന്നതിൽ ലഹള അമർത്തുന്നതിന് യത്നിച്ചുകൊണ്ടിരിക്കുന്ന ഒരു പബ്ലിക് സർവൻറിനെ കൈയേററം ചെയ്യുക, എന്നീ കുററങ്ങൾ ചെയ്യുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 147, 325, 152 എന്നീ വകുപ്പുകളിൻ കീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനംചെയ്യുകയും ചെയ്യാവുന്നതാണ്.

(ജ) ഖ, ഗ, ഘ എന്നീ ആളുകൾക്ക് സംഭ്രാന്തി ഉണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ക അവരുടെ ശരീരത്തിന് ക്ഷതി ഏല്പിക്കുമെന്ന് അവരെ ഒരേ സമയത്ത് ഭീഷണിപ്പെടുത്തുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 506-ാം വകുപ്പിൻകീഴിലുള്ള മൂന്നു കുററങ്ങളിൽ ഓരോന്നിനും വെവ്വേറെ ചാർജ്ജ്ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

യഥാക്രമം (ക) മുതൽ (ജ) വരെയുള്ള ദൃഷ്ടാന്തങ്ങളിൽ പരാമർശിച്ച വെവ്വേറെയുള്ള ചാർജ്ജുകൾ ഒരേ സമയത്തു വിചാരണ ചെയ്യാവുന്നതാണ്.

## (3)—ാം ഉപവകുപ്പിനുള്ള ദൃഷ്ടാന്തങ്ങൾ

(ത്ധ) ക ഒരു ചൂരൽ കൊണ്ട് ഖ യെ അന്യായമായി അടിക്കുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45 ) 352, 323 എന്നീ വകുപ്പുകളിൻ കീഴിൽ കുററങ്ങൾക്ക് വെവ്വേറെ ചാർജ്ജു ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ഞ) മോഷ്ടിക്കപ്പെട്ട ധാന്യത്തിൻെറ പല ചാക്കുകൾ, അവ കളവുമുതലാണെന്ന് അറിയാവുന്ന കയ്ക്കും ഖ യ്ക്കും ഒളിച്ചു വയ്ക്കുന്നതിന് വേണ്ടി ഏല്പിച്ചുകൊടുക്കുന്നു. അപ്പോൾ ക യും ഖ യും ആ ചാക്കുകൾ ഒരു ധാന്യക്കുഴിയുടെ അടിയിൽ ഒളിച്ചുവയ്ക്കുന്നതിന് സ്വേച്ഛയാ പരസ്പരം സഹായിക്കുന്നു. ക യേയും ഖ യേയും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 411-ം 414-ാം വകുപ്പുകളിൽ കീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ട) ക തന്റെ കുട്ടിയെ, അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടുപോകുന്നതു വഴി താൻ അതിന്റെ മരണം സംഭവിക്കാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടി അങ്ങനെ ചെയ്യുന്നു. അങ്ങനെ അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടുപോയതിന്റെ ഫലമായി കുട്ടി മരിക്കുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 317-ം 304-ം വകുപ്പുകളിൻ കീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

(ഠ) ക ഒരു പബ്ലിക് സർവൻറായ ഖ യെ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 167-ാം വകുപ്പിൻകീഴിലുള്ള കുററത്തിന് കുററസ്ഥാപനം ചെയ്യുന്നതിനുവേണ്ടി, വ്യാജനിർമ്മിതമായ ഒരു രേഖ യഥാർത്ഥമായ തെളിവെന്നപോലെ നേരുകേടായി ഉപയോഗിക്കുന്നു. ക യെ ആ നിയമ സംഹിത (466-ാം വകുപ്പോടുകൂടെ വായിക്കപ്പെടുന്ന ) 471-ം 196-ം വകുപ്പുകളിൻ കീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

## (4)—ാം ഉപവകുപ്പിനുള്ള ദൃഷ്ടാന്തം

(ഡ) ക ഖ യെ കവർച്ച ചെയ്യുകയും അങ്ങനെ ചെയ്യുന്നതിൽ സേ്വച്ഛയാ അയാൾക്ക് ദേഹോപദ്രവം ഏല്പിക്കുകയും ചെയ്യുന്നു. ക യെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 323, 392, 394 എന്നീ വകുപ്പുകളിൻകീഴിലുള്ള കുററങ്ങൾക്ക് വെവ്വേറെ ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

221. ഏത് കുററമാണ് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് സംശയമുള്ളിടത്ത്.— (1) ഒരൊററ കൃത്യമോ കൃത്യങ്ങളുടെ പരമ്പരയോ, തെളിയിക്കാൻ കഴിയുന്ന വസ്തുതകൾ പല കുററങ്ങളിൽ ഏതിനെയാണ് ആ കുററമാക്കുന്നത് എന്ന് സംശയമുണ്ടാകത്തക്ക സ്വഭാവത്തോടുകൂടിയതാണെങ്കിൽ, പ്രതിയെ അങ്ങനെയുള്ള കുററങ്ങളിൽ എല്ലാമോ ഏതെങ്കിലുമോ ചെയ്തതിന് ചാർജ്ജ്ചെയ്യാവുന്നതും, അങ്ങനെയുള്ള എത്രയെങ്കിലും ചാർജ്ജുകൾ ഒരേ വിചാരണയിൽ വിചാരണ ചെയ്യാവുന്നതുമാകുന്നു ; അല്ലെങ്കിൽ മേല്പറഞ്ഞ കുററങ്ങളിൽ ഏതെങ്കിലും ഒന്ന് ചെയ്തതിന് അയാളെ ആനുകല്പികമായി ചാർജ്ജ് ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള സംഗതിയിൽ പ്രതി ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയും, തെളിവിൽ അയാൾ, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ അയാളെ ചാർജ്ജ് ചെയ്യാമായിരുന്ന വ്യത്യസ്തമായ ഒരു കുററം ചെയ്തതായി കാണപ്പെടുകയും ചെയ്യുന്നുവെങ്കിൽ, അയാളെ അയാൾ ചെയ്തതായി കാണപ്പെടുന്ന കുററത്തിന്, അതിന് അയാളെ ചാർജ്ജ്ചെയ്തിട്ടില്ലെങ്കിൽ കൂടി. കുററസ്ഥാപനം ചെയ്യാവുന്നതാണ്,

## ദൃഷ്ടാന്തങ്ങൾ

(ക) ക മോഷണമോ കളവു മുതൽ സ്വീകരിക്കലോ കുററകരമായ ട്രസ്ററ് ലംഘനമോ ചതിക്കലോ ആകാവുന്ന ഒരു കൃത്യത്തിന് കുററാരോപണം ചെയ്യപ്പെട്ടിരിക്കുന്നു. അയാളെ മോഷണത്തിനും കളവുമുതൽ സ്വീകരിക്കലിനും കുററകരമായ ട്രസ്ററ് ലംഘനത്തിനും ചതിക്കലിനും ചാർജ്ജ്ചെയ്യുകയോ അല്ലെങ്കിൽ അയാൾ മോഷണം ചെയ്യുകയോ കളവുമുതൽ സ്വീകരിക്കുകയോ കുററകരമായി ട്രസ്ററ് ലംഘിക്കുകയോ, ചതിക്കുകയോ ചെയ്തതായി ചാർജ്ജ് ചെയ്യാവുന്നതാണ്.

(ഖ) ഈ പറഞ്ഞ കേസ്സിൽ, ക യെ മോഷണത്തിനു മാത്രം ചാർജ്ജു ചെയ്തു. അയാൾ കുററകരമായ ട്രസ്ററ് ലംഘനക്കുററമോ കളവുമുതൽ

സ്വീകരിക്കൽ കുററമോ ചെയ്തതായി കാണപ്പെടുന്നു. അയാളെ (അതതു സംഗതിപോലെ) കുററകരമായ ട്രസ്ററ് ലംഘനത്തിനോ കളവു മുതൽ സ്വീകരിക്കലിനോ, അങ്ങനെയുള്ള കുററത്തിന് അയാളെ ചാർജ്ജ് ചെയ്തിട്ടില്ലെങ്കിൽ കൂടി കുററ സ്ഥാപനം ചെയ്യാവുന്നതാണ്.

(ഗ) ഖ ഒരു ഗദകൊണ്ട് ഗ യെ അടിക്കുന്നത് താൻ കണ്ടു എന്ന് ക മജിസ്ട്രേട്ടറിന്റെ മുമ്പാകെ ശപഥത്തിൻമേൽ പ്രസ്താവിക്കുന്നു. ഖ, ഗ യെ ഒരിക്കലും അടിച്ചിട്ടില്ലെന്ന് ക സെഷൻസ് കോടതി മുമ്പാകെ ശപഥത്തിൻ മേൽ പ്രസ്താവിക്കുന്നു. പരസ്പര വിരുദ്ധമായ ഈ പ്രസ്താവനകളിൽ ഏതാണ് വ്യാജമെന്ന് തെളിയിക്കാൻ കഴിയില്ലെങ്കിലും ക യെ ആനുകല്പികമായി ചാർജ്ജ് ചെയ്യുകയും ഉദ്ദേശ്യപൂർവ്വം വ്യാജമായ തെളിവ് നല്കിയതിന് കുററസ്ഥാപനം ചെയ്യുകയും ചെയ്യാവുന്നതാണ്.

222. <u>തെളിയിക്കപ്പെട്ട കുററം ചാർജ്ജ് ചെയ്യപ്പെട്ട കുററത്തിൽ ഉംപ്പെട്ടിരിക്കുമ്പോരം</u>.— (1) ഒരാരം ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയും, അത് പല വിവരങ്ങരം അടങ്ങിയതായിരിക്കുകയും അവയിൽ ചിലത് മാത്രം ചേർന്നാൽ പൂർത്തിയായ ഒരു ചെറിയ കുററമാവുകയും, അങ്ങനെ ചേർന്നത് തെളിയിക്കപ്പെടുകയും, എന്നാൽ ബാക്കി വിവരങ്ങരം തെളിയിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോരം അയാളെ ആ ചെറിയ കുററത്തിന്, അതിന് അയാളെ ചാർജ്ജ് ചെയ്തിട്ടില്ലെങ്കിൽകൂടി, കുററസ്ഥാപനം ചെയ്യാവുന്നതാണ്.

(2) ഒരാരം ഒരു കുററത്തിനു ചാർജ്ജു ചെയ്യപ്പെടുകയും അതിനെ ഒരു ചെറിയ കുററമായി താഴ്ത്തുന്ന വസ്തുതകരം തെളിയിക്കപ്പെടുകയും ചെയ്യുമ്പോരം, അയാളെ ആ ചെറിയ കുററത്തിന്, അതിന് അയാളെ ചാർജ്ജ് ചെയ്തിട്ടില്ലെങ്കിൽ കൂടി, കുററസ്ഥാപനം ചെയ്യാവുന്നതാണ്.

(3) ഒരാരം ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുമ്പോരം, അയാളെ അങ്ങനെയുള്ള കുററം ചെയ്യാനുള്ള ശ്രമത്തിന് ആ ശ്രമത്തിനു വേറിട്ടചാർജ്ജ് ചെയ്തിട്ടില്ലെങ്കിൽ കൂടി,കുററസ്ഥാപനം ചെയ്യാവുന്നതാണ്

(4) ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും ചെറിയ കുററത്തിനുള്ള കുററസ്ഥാപനത്തിന്, ആ ചെറിയ കുററം സംബന്ധിച്ച നടപടികരം ആരംഭിക്കുന്നതിന് ആവശ്യകമായ ഉപാധികരം നിറവേററപ്പെട്ടിട്ടില്ലെങ്കിൽ, പ്രാധികാരം നല്കുന്നതായി കരുതപ്പെടുന്നതല്ല.

### ദൃഷ്ടാന്തങ്ങരം

(ക) ഒരു കാരിയറെന്നനിലയിൽ തന്നെ ഭരമേല്പിച്ചിട്ടുള്ള വസ്തു സംബന്ധിച്ച്, ക കുററകരമായ ട്രസ്ററ് ലംഘനത്തിന് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത 407-ാം വകുപ്പിൻ കീഴിൽ ചാർജ്ജ്ചെയ്യപ്പെട്ടിരിക്കുന്നു. ആ വസ്തു സംബന്ധിച്ച് അയാരം ആ നിയമ സംഹിത (1860-ലെ 45) യിലെ 406-ാം വകുപ്പിൻ കീഴിൽ കുററകരമായ ട്രസ്ററ് ലംഘനം ചെയ്തുവെന്നും, എന്നാൽ അത് അയാളെ ഒരു കാരിയർ എന്ന നിലയിൽ ഭരമേല്പിച്ചിട്ടുണ്ടായിരുന്നില്ലെന്നും കാണപ്പെടുന്നു. അയാളെ മുൻപറഞ്ഞ 406-ാം വകുപ്പിൻ കീഴിൽ കുററകരമായ ട്രസ്ററ് ലംഘനത്തിന് കുററസ്ഥാപനം ചെയ്യാവുന്നതാണ്.

(ഖ) കഠിനമായ ദേഹോപദ്രവം ഏല്പിച്ചതിന് ക ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 325-ാം വകുപ്പിൻ കീഴിൽ ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്നു. താൻ ഗുരുവായതും പെട്ടന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ പ്രവർത്തിച്ചതാണെന്ന് അയാരം തെളിയിക്കുന്നു. അയാളെ മേല്പറഞ്ഞ നിയമ സംഹിത 335-ാം വകുപ്പിൻകീഴിൽ കുററസ്ഥാപനം ചെയ്യാവുന്നതാണ്.

223. എങ്ങനെയുള്ള ആളുകളെ കൂട്ടായി ചാർജ്ജ് ചെയ്യാമെന്ന് .— താഴെപ്പറയുന്ന ആളുകളെ ഒരുമിച്ച് ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്, അതായത് :—

(ക) ഒരേ ഇടപാടിനിടയിൽ ചെയ്യപ്പെട്ടിട്ടുള്ള ഒരേ കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളെ ;

(ഖ) ഒരു കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളേയും ആ കുററത്തിന് പ്രേരണ നല്കിയതിനോ ആ കുററം ചെയ്യാൻ ശ്രമിച്ചതിനോ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളേയും ;

(ഗ) പന്ത്രണ്ടു മാസക്കാലത്തിനുള്ളിൽ കൂട്ടായി ചെയ്തിട്ടുള്ളതും 219-ാം വകുപ്പിന്റെ അർത്ഥത്തിൽ ഒരേതരത്തിലുള്ളതുമായ ഒന്നിലധികം കുററങ്ങൾക്ക് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളെ ;

(ഘ) ഒരേ ഇടപാടിനിടയിൽ ചെയ്യപ്പെട്ടിട്ടുള്ള വ്യത്യസ്തമായ കുററങ്ങൾക്ക് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളെ ;

(ങ) മോഷണമോ, ഭയപ്പെടുത്തിയുള്ള അപഹരണമോ, ചതിക്കലോ കുററകരമായ ദുർവിനിയോഗമോ ഉൾപ്പെടുന്ന കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളേയും, ആദ്യം പറഞ്ഞ ആളുകൾ ചെയ്ത അങ്ങനെയുള്ള ഏതെങ്കിലും കുററം വഴി കൈവശം മാറിയതായി ആരോപിക്കപ്പെട്ടിട്ടുള്ള വസ്തു സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ അതു വ്യയനം ചെയ്യുന്നതിലോ ഒളിച്ചുവയ്ക്കുന്നതിലോ സഹായിക്കുകയോ ചെയ്തതിനോ അല്ലെങ്കിൽ ഒടുവിൽ പറഞ്ഞ അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് പ്രേരണ നല്കിയതിനോ അങ്ങനെയുള്ള കുററം ചെയ്യാൻ ശ്രമിച്ചതിനോ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളേയും ;

(ച) ഒരു ഒററക്കുററം വഴി കൈവശം മാറിയിട്ടുള്ള കളവുമുതൽ സംബന്ധിച്ച് ഇൻഡ്യൻശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 411-ം 414-ം വകുപ്പുകൾക്കോ അവയിൽ ഏതെങ്കിലും വകുപ്പിനോ കീഴിലുള്ള കുററങ്ങൾക്ക് കുററാരോപണം ചെയ്യപ്പെട്ട ആളുകളെ ;

(ഛ) കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയം സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860–ലെ 45) XII-ാം അദ്ധ്യായത്തിൻ കീഴിൽ ഏതെങ്കിലും കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളേയും, അതേ നാണയം സംബന്ധിച്ച് മേല്പറഞ്ഞ അദ്ധ്യായത്തിൻകീഴിൽ മറേറതെങ്കിലും കുററത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് പ്രേരണ നല്കിയതിനോ അങ്ങനെയുള്ള കുററം ചെയ്യാൻ ശ്രമിച്ചതിനോ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുകളേയും :

അങ്ങനെയുള്ള എല്ലാ ചാർജ്ജുകൾക്കും ഈ അദ്ധ്യായത്തിലെ ആദ്യഭാഗത്ത് അടങ്ങിയ വ്യവസ്ഥകൾ ആകുന്നത്ര ബാധകമാകുന്നതും ആണ്.

എന്നാൽ, അനേകം ആളുകൾ വെവ്വേറെയുള്ള കുററങ്ങൾക്ക് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയും അങ്ങനെയുള്ള ആളുകൾ ഈ വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട വിഭാഗങ്ങളിൽ ഏതിലെങ്കിലും പെടാതിരിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ളആളുകൾ തങ്ങളെഎല്ലാവരേയുംഒന്നിച്ചു വിചാരണ ചെയ്യണമെന്ന് ലിഖിതമായ അപേക്ഷവഴി ആവശ്യപ്പെടുകയും, അപ്രകാരം വിചാരണ ചെയ്യുന്നത് അവരെ ദോഷകരമായി ബാധിക്കുകയില്ലെന്നും അത് സമീചീനമാണെന്നും മജിസ്ട്രേററിന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ, അദ്ദേഹത്തിന് അങ്ങനെയുള്ള എല്ലാ ആളുകളേയും ഒന്നിച്ചു വിചാരണ ചെയ്യാവുന്നതാണ്.

224 പല ചാർജ്ജുകളിൽ ഒന്നിൻമേൽ കുററസ്ഥാപനം ചെയ്യുമ്പോഠം ബാക്കി ചാർജ്ജുകഠം പിൻവലിക്കുന്നത്.—ഒരേ ആഠംക്കെതിരായി ഒന്നിലധികം ശീർഷകങ്ങഠം അടങ്ങിയ ചാർജ്ജ് തയ്യാറാക്കുകയും അവയിൽ ഒന്നോ, അതിലധികമോ ചാർജ്ജിൻമേൽ കുററസ്ഥാപനം ഉണ്ടാവുകയും ചെയ്തിരിക്കുമ്പോഠം, പരാതിക്കാരനോ പ്രാസിക്യൂഷൻ നടത്തുന്ന ഉദ്യോഗസ്ഥനോ കോടതിയുടെ സമ്മതത്തോടുകൂടി ബാക്കിയുള്ള ചാർജ്ജോ, ചാർജ്ജുകളോ പിൻവലിക്കുകയോ, അല്ലെങ്കിൽ കോടതിക്ക് സ്വയമേവ അങ്ങനെയുള്ള ചാർജ്ജിൻേറയോ ചാർജ്ജുകളുടേയോ അന്വേഷണവിചാരണയോ വിചാരണയോ നിറുത്തിവയ്ക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള പിൻവലിക്കലിന് ആ കുററസ്ഥാപനം ദുർബലപ്പെടുത്താത്തപക്ഷം, അങ്ങനെയുള്ള ചാർജ്ജിൻമേലോ ചാർജ്ജുകളിൻമേലോ ഉള്ള കുററവിമുക്തമാക്കലിന്റെ പ്രഭാവമുണ്ടായിരിക്കുന്നതും, കുററസ്ഥാപനം ദുർബലപ്പെടുത്തുന്ന സംഗതിയിൽ മേല്പറഞ്ഞ കോടതിക്ക് (കുററസ്ഥാപനം ദുർബലപ്പെടുത്തുന്ന കോടതിയുടെ ഉത്തരവിനു വിധേയമായി) അപ്രകാരം പിൻവലിക്കപ്പെട്ട ചാർജ്ജിൻേറയോ ചാർജുകളുടേയോ അന്വേഷണ വിചാരണയോ, വിചാരണയോ തുടർന്നു നടത്താവുന്നതും ആണ്.

## അദ്ധ്യായം XVIII

## സെഷൻസ് കോടതി മുമ്പാകെയുള്ള വിചാരണ

225 വിചാരണ പബ്ലിക്ക് പ്രാസിക്യൂട്ടർ നടത്തണമെന്ന്.—സെഷൻസ് കോടതിയുടെ മുമ്പാകെയുള്ള ഏതൊരു വിചാരണയിലും, പ്രാസിക്യൂഷൻ പബ്ലിക്ക് പ്രാസിക്യൂട്ടർ നടത്തേണ്ടതാകുന്നു.

226 പ്രാസിക്യൂഷൻ ഭാഗം കേസ് ആരംഭിക്കുന്നത്.—209-ാം വകുപ്പിൻ കീഴിൽ കേസ്സ് കമ്മിററ് ചെയ്തതിനനുസൃതമായി പ്രതി കോടതിമുമ്പാകെ ഹാജരാവുകയോ കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോഠം, പ്രാസിക്യൂട്ടർ, അയാഠംക്കെതിരായി കൊണ്ടുവന്നിട്ടുള്ള ചാർജ്ജ് വിവരിച്ചുകൊണ്ടും, അയാഠം എന്ത് തെളിവുകൊണ്ടാണ് കുററാരോപണം ചെയ്യപ്പെട്ട ആളുടെ അപരാധം തെളിയിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് പ്രസ്താവിച്ചുകൊണ്ടും തന്റെ കേസ് ആരംഭിക്കേണ്ടതാണ്.

227 ഡിസ്ചാർജ് ചെയ്യൽ. — കേസ്സ് റിക്കാർഡും അതിനോടൊന്നിച്ച് സമർപ്പിച്ചിട്ടുള്ള രേഖകളും പരിഗണിക്കുകയും, പ്രതിക്കും പ്രാസിക്യൂഷനും ഇതിലേയ്ക്ക് പറയാനുള്ളത് കേഠംക്കുകയും ചെയ്യുന്നതിൻമേൽ പ്രതിക്കെതിരായി തുടർന്നു നടപടി എടുക്കാൻ മതിയായ കാരണമില്ലെന്ന് ജഡ്ജി കരുതുന്നുവെങ്കിൽ, അദ്ദേഹം പ്രതിയെ ഡിസ്ചാർജ്ജ് ചെയ്യുകയും, അപ്രകാരം ചെയ്യുന്നതിന് തനിക്കുള്ള കാരണങ്ങഠം റിക്കാർഡാക്കുകയും ചെയ്യേണ്ടതാകുന്നു.

228 ചാർജ്ജ് തയ്യാറാക്കൽ,—(1) മേല്പറഞ്ഞപ്രകാരം പരിഗണിക്കുകയും കേഠംക്കുകയും ചെയ്തതിനുശേഷം ജഡ്ജിക്ക് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആഠം—

(ക) കേവലം സെഷൻസ് കോടതിയാൽ വിചാരണ ചെയ്യപ്പെടാവുന്നതല്ലാത്ത ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ളതായി അനുമാനിക്കാൻ കാരണമുണ്ടെന്ന അഭിപ്രായം ഉണ്ടെങ്കിൽ, അദ്ദേഹത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആഠംക്കെതിരായി ചാർജ്ജ് തയ്യാറാക്കുകയും, ഉത്തരവുവഴി ആ കേസ്സ് വിചാരണയ്ക്കായി ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന് മാററുകയും ചെയ്യാവുന്നതും

അപ്പോൾ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ്റ് ആ കുററം പോലീസ് റിപ്പോർട്ടിൻമേൽ ആരംഭിക്കപ്പെടുന്ന വാറൻറു കേസ്സുകളുടെ വിചാരണയ്ക്കുള്ള നടപടിക്രമം അനുസരിച്ച് വിചാരണ ചെയ്യേണ്ടതും ;

(ഖ) കേവലം സെഷൻസ് കോടതിയാൽ വിചാരണചെയ്യപ്പെടാവുന്ന ഒരു കുററം ചെയ്തിട്ടുള്ളതായി അനുമാനിക്കാൻ കാരണമുണ്ടെന്നു അഭിപ്രായമുണ്ടെങ്കിൽ, പ്രതിയ്ക്കെതിരായി ലിഖിതമായി ചാർജ്ജ് തയ്യാറാക്കേണ്ടതും ; ആകുന്നു.

(2) ജഡ്ജി (1-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും ചാർജ്ജ് തയ്യാറാക്കുന്നിടത്ത്, ആ ചാർജ്ജ് പ്രതിയ്ക്ക് വായിച്ച് വിശദീകരിച്ചു കൊടുക്കേണ്ടതും, പ്രതിയോട് അയാൾ ചാർജ്ജ് ചെയ്യപ്പെട്ട കുററത്തിന് അപരാധിയാണെന്നു സമ്മതിക്കുകയോ, വിചാരണ ചെയ്യപ്പെടണമെന്ന് അവകാശപ്പെടുകയോ, ഏതാണ് ചെയ്യുന്നതെന്ന് ചോദിക്കുകയും ചെയ്യേണ്ടതാകുന്നു.

229 അപരാധിയാണെന്ന് സമ്മതിക്കുന്നതിൻമേൽ കുററസ്ഥാപനം.—പ്രതി അപരാധിയാണെന്ന് സമ്മതിക്കുന്നുവെങ്കിൽ, ജഡ്ജി ആ സമ്മതം റിക്കാർഡാക്കേണ്ടതും, അദ്ദേഹത്തിന് സ്വവിവേകം ഉപയോഗിച്ച് അയാളെ അതിൻമേൽ കുററസ്ഥാപനം ചെയ്യാവുന്നതും ആണ്.

230 പ്രാസിക്യൂഷൻ തെളിവിനുള്ള തീയതി.—പ്രതി വാദിക്കുവാൻ വിസമ്മതിക്കുകയോ, വാദിക്കാതിരിക്കുകയോ, വിചാരണ ചെയ്യപ്പെടണമെന്നു അവകാശപ്പെടുകയോ, അയാളെ 229-ാം വകുപ്പിൻകീഴിൽ കുററസ്ഥാപനം ചെയ്യാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ജഡ്ജി, സാക്ഷികളുടെ വിസ്താരത്തിന് ഒരു തീയതി നിശ്ചയിക്കേണ്ടതും, അദ്ദേഹത്തിന് പ്രാസിക്യൂഷന്റെ അപേക്ഷയിൻമേൽ, ഏതെങ്കിലും സാക്ഷിയെ ഹാജരാകാൻ നിർബന്ധിക്കുന്നതോ ഏതെങ്കിലും രേഖയോ മററ് സാധനമോ ഹാജരാക്കുവാൻ നിർബന്ധിക്കുന്നതോ ആയ ഏതെങ്കിലും പ്രോസസ്സ് പുറപ്പെടുവിക്കാവുന്നതും ആണ്.

231 പ്രാസിക്യൂഷൻ ഭാഗം തെളിവ്.—(1) അപ്രകാരം നിശ്ചയിക്കപ്പെട്ട തീയതി, ജഡ്ജി പ്രാസിക്യൂഷന് താങ്ങായി ഹാജരാക്കുന്ന എല്ലാ തെളിവും എടുക്കുവാനുള്ള നടപടി തുടരേണ്ടതാകുന്നു.

(2) ജഡ്ജിക്ക്, സ്വവിവേകം ഉപയോഗിച്ച് ഏതെങ്കിലും സാക്ഷിയുടെ എതിർവിസ്താരം മറേറതെങ്കിലും സാക്ഷിയേയോ സാക്ഷികളേയോ വിസ്തരിച്ചു കഴിയുന്നതുവരെ നീട്ടിവയ്ക്കുകയോ, ഏതെങ്കിലും സാക്ഷിയെവീണ്ടും എതിർവിസ്താരം ചെയ്യുന്നതിനായി തിരിയെ വിളിക്കുകയോ ചെയ്യാവുന്നതാണ്.

232 കുററവിമുക്തമാക്കൽ.—പ്രാസിക്യൂഷൻ ഭാഗം തെളിവ് എടുക്കുകയും കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളെ വിസ്തരിക്കുകയും, പ്രാസിക്യൂഷനും പ്രതിഭാഗത്തിനും ആ പ്രശ്നം സംബന്ധിച്ച് പറയാനുള്ളത് കേൾക്കുകയും ചെയ്തതിനുശേഷം, പ്രതി കുററം ചെയ്തു എന്നതിന് തെളിവില്ലെന്ന് ജഡ്ജി കരുതുന്നുവെങ്കിൽ, അദ്ദേഹം ഒരു കുററവിമുക്തമാക്കൽ ഉത്തരവ് റിക്കാർഡാക്കേണ്ടതാകുന്നു.

233 പ്രതിവാദത്തിലേക്ക് പ്രവേശിക്കുന്നത്.—(1) പ്രതി 232-ാം വകുപ്പിൻകീഴിൽ കുററവിമുക്തമാക്കിയിട്ടില്ലാത്തിടത്ത്, അയാളോട് അയാളുടെ പതിവാദത്തിലേയ്ക്ക പ്രവേശിക്കാനും, അതിന് താങ്ങായി അയാൾക്ക് ഉണ്ടാകാവുന്ന തെളിവ് നല്കാനും ആവശ്യപ്പെടേണ്ടതാകുന്നു.

(2) പ്രതി ലിഖിതമായി ഏതെങ്കിലും സ്റേററ്മെൻറ് നല്കുന്നുവെങ്കിൽ ജഡ്ജി അത് റിക്കാർഡിനോടൊപ്പം ഫയൽ ചെയ്യേണ്ടതാകുന്നു.

(3) ഏതെങ്കിലും സാക്ഷിയെ ഹാജരാകാൻ നിർബന്ധിക്കുന്നതോ ഏതെങ്കിലും രേഖയോ സാധനമോ ഹാജരാക്കാൻ നിർബന്ധിക്കുന്നതോ ആയ ഏതെങ്കിലും പ്രാസസ്സ് പുറപ്പെടുവിക്കുവാൻ പ്രതി അപേക്ഷിക്കുന്നുവെങ്കിൽ, ജഡ്ജി അങ്ങനെ അപേക്ഷ കൊടുത്തിട്ടുള്ളത് ശല്യമോ കാലതാമസമോ ഉണ്ടാക്കുന്നതിനുവേണ്ടിയോ നീതിയുടെ ലക്ഷ്യം പരാജയപ്പെടുത്തുന്നതിന് വേണ്ടിയോ ആണെന്നുള്ള കാരണത്തിൻമേൽ, അത് നിരസിക്കപ്പെടേണ്ടതാണെന്ന് റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ താൻ കരുതാത്തപക്ഷം അങ്ങനെയുള്ള പ്രാസസ്സ് പുറപ്പെടുവിക്കേണ്ടതാണ്.

234 വിവാദം.—പ്രതിഭാഗം സാക്ഷികളുടെ (ആരെങ്കിലും ഉണ്ടെങ്കിൽ) വിസ്താരം പൂർത്തിയാകുമ്പോൾ, പ്രാസിക്യൂട്ടർ തന്റെ കേസ് ഉപസംഹരിക്കേണ്ടതും പ്രതിക്കോ അയാളുടെ വക്കീലിനോ മറുപടി പറയാൻ അവകാശമുണ്ടായിരിക്കുന്നതും ആണ്:

എന്നാൽ, പ്രതിയോ അയാളുടെ വക്കീലോ ഏതെങ്കിലും നിയമപ്രശ്നം ഉന്നയിക്കുന്നിടത്ത്, പ്രാസിക്യൂഷന് ജഡ്ജിയുടെ അനുവാദത്തോടുകൂടി അങ്ങനെയുള്ള നിയമപ്രശ്നം സംബന്ധിച്ച് പറയാനുള്ളതു പറയാവുന്നതാണ്.

235 കുററവിമുക്തമാക്കുന്നതോ കുററസ്ഥാപനം ചെയ്യുന്നതോ ആയ വിധി.—(1) വിവാദവും നിയമപ്രശ്നങ്ങളിൻമേൽ പറയാനുള്ളതും (ഏതെങ്കിലും ഉണ്ടെങ്കിൽ) കേട്ടതിനു ശേഷം ജഡ്ജി കേസിൽ വിധി പ്രസ്താവിക്കേണ്ടതാകുന്നു.

(2) പ്രതിയെ കുററസ്ഥാപനം ചെയ്യുന്നുവെങ്കിൽ, ജഡ്ജി 360-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് നടപടിയെടുക്കാത്തപക്ഷം, ശിക്ഷാവിധിയുടെ പ്രശ്നത്തിൻമേൽ പ്രതിയ്ക്ക് പറയാനുള്ളതു കേൾക്കുകയും അതിനുശേഷം അയാൾക്ക് നിയമമനുസരിച്ച് ശിക്ഷ വിധിക്കുകയും ചെയ്യേണ്ടതാകുന്നു.

236 മുൻകുററസ്ഥാപനം.—211-ാം വകുപ്പിലെ (7)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കുകീഴിൽ ഒരു മുൻകുററസ്ഥാപനത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയും, ചാർജ്ജിൽ ആരോപിക്കപ്പെട്ടതുപോലെ, തന്നെ മുൻപ് കുററസ്ഥാപനം ചെയ്തതായി പ്രതി സമ്മതിക്കാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, ജഡ്ജിക്ക്, 229-ാം വകുപ്പിനോ, 235-ാം വകുപ്പിനോ കീഴിൽ മുൻപത്തെ പ്രതിയെ കുററസ്ഥാപനം ചെയ്തതിനുശേഷം, ആരോപിക്കപ്പെട്ട മുൻകുററസ്ഥാപനം സംബന്ധിച്ച് തെളിവെടുക്കാവുന്നതും അദ്ദേഹം അതിൻമേൽ ഒരു തീർപ്പ് റിക്കാർഡാക്കേണ്ടതും ആണ്:

എന്നാൽ പ്രതിയെ 229-ാം വകുപ്പിനോ, 235-ാം വകുപ്പിനോ, കീഴിൽ കുററസ്ഥാപനം ചെയ്തിട്ടില്ലാത്തപക്ഷവും ചെയ്യുന്നതുവരേയും ജഡ്ജി അങ്ങനെയുള്ള യാതൊരു ചാർജ്ജും, വായിച്ചുകേൾപ്പിക്കുകയോ പ്രതിയോട് അതിൻമേൽ വാദിക്കാൻ ആവശ്യപ്പെടുകയോ പ്രാസിക്യൂഷൻ നല്കുന്ന ഏതെങ്കിലും തെളിവിലോ മുൻകുററസ്ഥാപനം പരാമർശിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

**237. 199 (2)-ാം വകുപ്പിൻ കീഴിൽ നടപടി ആരംഭിച്ചിട്ടുള്ള കേസ്സുകളിലെ നടപടിക്രമം.**—(1) 199-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ ഒരു കുററം നടപടിക്കെടുക്കുന്ന സെഷൻസ് കോടതി, കേസ്സ് ഒരു മജിസ്ട്രേററു കോടതി മുമ്പാകെ പോലീസ് റിപ്പോർട്ടിൻമേൽ അല്ലാതെ ആരംഭിക്കുന്ന വാറൻറു കേസ്സുകളിലെ നടപടിക്രമമനുസരിച്ച് വിചാരണ ചെയ്യേണ്ടതാകുന്നു:

എന്നാൽ, ആർക്കെതിരായി കുററം ചെയ്തുവെന്നാണോ ആരോപിച്ചിട്ടുള്ളത്, അയാളെ, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ സെഷൻസ് കോടതി മററുവിധത്തിൽ നിദേശിക്കുന്നില്ലാത്തപക്ഷം, പ്രാസിക്യൂഷൻ സാക്ഷിയായി വിസ്തരിക്കേണ്ടതാകുന്നു.

(2) ഈ വകുപ്പിൻകീഴിലുള്ള ഏതൊരു വിചാരണയും, അത് സ്വകാര്യമായി നടത്തണമെന്ന് ഏതെങ്കിലും കക്ഷി ആഗ്രഹിക്കുകയോ, അല്ലെങ്കിൽ അപ്രകാരം ചെയ്യുന്നത് യുക്തമാണെന്ന് കോടതി കരുതുകയോ ചെയ്യുന്നുവെങ്കിൽ, അപ്രകാരം നടത്തേണ്ടതാകുന്നു.

(3) അങ്ങനെയുള്ള ഏതെങ്കിലും കേസ്സിൽ, കോടതി, പ്രതികളിൽ എല്ലാവരേയുമോ അവരിൽ ആരേയെങ്കിലുമോ ഡിസ്ചാർജ് ചെയ്യുകയോ, കുററവിമുക്തമാക്കുകയോ ചെയ്യുകയും, അവർക്കോ അവരിൽ ആർക്കെങ്കിലുമോ എതിരായുള്ള കുററാരോപണം ചെയ്യുന്നതിന് ന്യായമായ കാരണമുണ്ടായിരുന്നില്ലെന്ന് കോടതിക്ക് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കോടതിക്ക് അതിൻെറ ഡിസ്ചാർജ് ഉത്തരവിനാലോ കുററവിമുക്തമാക്കൽ ഉത്തരവിനാലോ, ആർക്കെതിരായി കുററം ചെയ്തുവെന്നാണോ ആരോപിച്ചിട്ടുള്ളത്, ആ ആളോട് (പ്രസിഡൻേറാ, വൈസ് പ്രസിഡൻേറാ, ഒരു സ്റേററിലെ ഗവർണ്ണറോ, യൂണിയൻ പ്രദേശത്തിലെ അഡ്മിനിസ്ട്രേററോ അല്ലാതെ) അങ്ങനെ പ്രതിയോ അല്ലെങ്കിൽ അങ്ങനെയുള്ളവർ ഒന്നിലധികമുള്ളപ്പോൾ അവരിൽ ഓരോരുത്തർക്കുമോ ആർക്കെങ്കിലുമോ അയാൾ നഷ്ടപരിഹാരം കൊടുക്കാതിരിക്കാൻ കാരണം കാണിക്കാൻ നിദേശിക്കാവുന്നതാണ്.

(4) അപ്രകാരം നിദേശിക്കപ്പെട്ട ആൾ കാണിക്കുന്ന ഏതു കാരണവും കോടതി റിക്കാർഡാക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടതും, കുററാരോപണം ചെയ്യുന്നതിന് ന്യായമായ കാരണം ഉണ്ടായിരുന്നില്ലെന്ന് ബോധ്യപ്പെടുന്നുവെങ്കിൽ, കോടതി, ആയിരം രൂപയിൽ കവിയാത്തതും കോടതി നിശ്ചയിക്കുന്നതുമായ തുക അയാൾ പ്രതിക്കോ പ്രതികളിൽ ഓരോരുത്തർക്കുമോ ആർക്കെങ്കിലുമോ നഷ്ടപരിഹാരം കൊടുക്കണമെന്ന് റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ ഉത്തരവ് ചെയ്യാവുന്നതും ആണ്.

(5) 4-ാം ഉപവകുപ്പിൻകീഴിൽ അവാർഡ് ചെയ്യുന്ന നഷ്ടപരിഹാരം, മജിസ്ട്രേററ് ചുമത്തുന്ന പിഴയായിരുന്നാലെന്നപോലെ വസൂലാക്കപ്പെടുന്നതാകുന്നു.

(6) (4)-ാം ഉപവകുപ്പിൻകീഴിൽ നഷ്ടപരിഹാരം കൊടുക്കാൻ നിദേശിക്കപ്പെട്ടിട്ടുള്ള യാതൊരാളും, ഈ വകുപ്പിൻ കീഴിൽ കൊടുക്കുന്ന പരാതിയെ സംബന്ധിച്ചുള്ള സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും ബാധ്യതയിൽ നിന്ന്, അങ്ങനെയുള്ള ഉത്തരവു കാരണം, ഒഴിവാക്കപ്പെടുന്നതല്ല;

എന്നാൽ, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഒരാൾക്ക്, ഈ വകുപ്പിൻകീഴിൽ കൊടുക്കുന്ന ഏതെങ്കിലും തുക, അതേ വിഷയം സംബന്ധിച്ച് പിന്നീടുള്ള ഏതെങ്കിലും സിവിൽ വ്യവഹാരത്തിൽ അയാൾക്ക് നഷ്ടപരിഹാരം അവാർഡ് ചെയ്യുന്നതിൽ കണക്കിലെടുക്കപ്പെടുന്നതാകുന്നു.

(7) (4)-ാം ഉപവകുപ്പിൻ കീഴിൽ നഷ്ടപരിഹാരം കൊടുക്കാൻ ഉത്തരവ് ചെയ്യപ്പെട്ട ആൾക്ക്, ഉത്തരവ് നഷ്ടപരിഹാരം കൊടുക്കുന്നതിനെ സംബന്ധി

ക്കുന്നിടത്തോളം, അതിനെതിരായി ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാവുന്നതാണ്.

(8) കുററാരോപണം ചെയ്യപ്പെട്ട ഒരാൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഉത്തരവ് ചെയ്തിട്ടുള്ളപ്പോൾ, അപ്പീൽ ബോധിപ്പിക്കാൻ അനുവദിച്ചിട്ടുള്ള കാലാവധി കഴിയുന്നതിനുമുമ്പോ, അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, അപ്പീൽ തീരുമാനിക്കുന്നതിനു മുമ്പോ, നഷ്ടപരിഹാരം അയാൾക്ക് കൊടുക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം XIX

## മജിസ്ട്രേററുമാർ വാറൻറു കേസ്സുകൾ വിചാരണ ചെയ്യുന്നത്

### (ക) പോലീസ് റിപ്പോർട്ടിൻമേൽ ആരംഭിക്കപ്പെട്ട കേസ്സുകൾ

238. 207-ാം വകുപ്പ് അനുസരിക്കുന്നത്.—പോലീസ് റിപ്പോർട്ടിൻമേൽ ആരംഭിക്കപ്പെട്ട ഏതെങ്കിലും വാറൻറ് കേസ്സിൽ, വിചാരണയുടെ പ്രാരംഭത്തിൽ പ്രതി ഹാജരാവുകയോ, കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, താൻ 207-ാംവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചിട്ടുണ്ടെന്ന് മജിസ്ട്രേററ് സ്വയം ബോദ്ധ്യപ്പെടുത്തേണ്ടതാകുന്നു.

239. പ്രതിയെ ഡിസ്ചാർജ് ചെയ്യേണ്ടത് എപ്പോഴെന്ന്.—പോലീസ് റിപ്പോർട്ടും അതോടുകൂടി 173-ാം വകുപ്പിൻകീഴിൽ അയച്ചിട്ടുള്ള രേഖകളും പരിഗണിക്കുകയും, പ്രതിയുടെ, മജിസ്ട്രേററിന് ആവശ്യമെന്ന് തോന്നുന്ന വിസ്താരം വല്ലതുമുണ്ടെങ്കിൽ അത് ചെയ്യുകയും ചെയ്തതിൻമേലും, പ്രാസിക്യൂഷനും പ്രതിക്കും പറയാനുള്ളത് പറയാൻ അവസരം കൊടുത്തതിനു ശേഷവും, പ്രതിക്കെതിരായുള്ള ചാർജ്ജ് അടിസ്ഥാനരഹിതമാണെന്ന് മജിസ്ട്രേററ് കരുതുന്നുവെങ്കിൽ, അദ്ദേഹം പ്രതിയെ ഡിസ്ചാർജ് ചെയ്യുകയും അപ്രകാരം ചെയ്യുന്നതിന് തനിക്കുള്ള കാരണങ്ങൾ റിക്കാർഡാക്കുകയും ചെയ്യേണ്ടതാകുന്നു.

240. ചാർജ്ജ് തയ്യാറാക്കൽ.—(1) അപ്രകാരം പരിഗണിക്കുകയും വിസ്താരം വല്ലതുമുണ്ടെങ്കിൽ അത് ചെയ്യുകയും പറയാനുള്ളത് കേൾക്കുകയും ചെയ്തതിൻമേൽ, മജിസ്ട്രേററിന് പ്രതി, ഈ അദ്ധ്യായത്തിൻകീഴിൽ വിചാരണ ചെയ്യാവുന്നതും, അങ്ങനെയുള്ള മജിസ്ട്രേററിന് വിചാരണ ചെയ്യാൻ ക്ഷമതയുള്ളതും അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ പര്യാപ്തമായ ശിക്ഷ കൊടുക്കുവാൻ അദ്ദേഹത്തിന് കഴിയുന്നതുമായ ഒരു കുററം ചെയ്തിട്ടുണ്ടെന്ന് അനുമാനിക്കാൻ കാരണമുണ്ടെന്ന് മജിസ്ട്രേററിന് അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹം പ്രതിക്കെതിരായി ലിഖിതമായി ചാർജ്ജ് തയ്യാറാക്കേണ്ടതാകുന്നു.

(2) പിന്നീട് ചാർജ്ജ് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾക്ക് വായിച്ചും, വിശദീകരിച്ചുകൊടുക്കുകയും, അയാളോട് ചാർജ്ജ് ചെയ്യപ്പെട്ട കുററത്തിന് അപരാധിയാണെന്ന് സമ്മതിക്കുകയോ വിചാരണ ചെയ്യപ്പെടണമെന്ന് അവകാശപ്പെടുകയോ, ഏതാണ് അയാൾ ചെയ്യുന്നതെന്ന് ചോദിക്കുകയും ചെയ്യേണ്ടതാണ്.

241. അപരാധിയാണെന്ന് സമ്മതത്തിൻമേൽ കുററസ്ഥാപനം.—പ്രതി അപരാധിയാണെന്ന് സമ്മതിക്കുന്നുവെങ്കിൽ, മജിസ്ട്രേററ് ആ സമ്മതം റിക്കാർഡാക്കേണ്ടതും, അദ്ദേഹത്തിന് സ്വവിവേകം ഉപയോഗിച്ച് അയാളിൽ അതിൻമേൽ കുററസ്ഥാപനം ചെയ്യാവുന്നതുമാകുന്നു.

242. പ്രാസിക്യൂഷൻ ഭാഗം തെളിവ്.—(1) പ്രതിവാദിക്കാൻ വിസമ്മതിക്കുകയോ, വാദിക്കാതിരിക്കുകയോ, വിചാരണ ചെയ്യപ്പെടണമെന്ന് അവകാശപ്പെടുകയോ, മജിസ്ട്രേററ് അയാളെ 241-ാം വകുപ്പിൻകീഴിൽ കുററസ്ഥാപനം ചെയ്യാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, മജിസ്ട്രേററ് സാക്ഷികളുടെ വിസ്താരത്തിന് ഒരു തീയതി നിശ്ചയിക്കേണ്ടതാകുന്നു.

(2) മജിസ്ട്രേററിന് പ്രാസിക്യൂഷന്റെ അപേക്ഷയിൻമേൽ പ്രാസിക്യൂഷന്റെ സാക്ഷികളിൽ ആർക്കെങ്കിലും അയാളോട് ഹാജരാകുവാനോ ഏതെങ്കിലും രേഖയോ മററു സാധനമോ ഹാജരാക്കുവാനോ, നിർദേശിച്ചുകൊണ്ടുള്ള സമൻസ് പുറപ്പെടുവിക്കാവുന്നതാണ്.

(3) അപ്രകാരം നിശ്ചയിക്കപ്പെട്ട തീയതി, മജിസ്ട്രേററ് പ്രാസിക്യൂഷന് താങ്ങായി ഹാജരാക്കുന്ന എല്ലാ തെളിവും എടുക്കുവാനുള്ള നടപടി തുടരേണ്ടതാകുന്നു:

എന്നാൽ, മജിസ്ട്രേററിന് ഏതെങ്കിലും സാക്ഷിയുടെ എതിർവിസ്താരം മറേറതെങ്കിലും സാക്ഷിയേയോ, സാക്ഷികളേയോ വിസ്തരിച്ച് കഴിയുന്നതുവരെ നീട്ടിവക്കുകയോ ഏതെങ്കിലും സാക്ഷിയെ വീണ്ടും എതിർ വിസ്താരം ചെയ്യുന്നതിനായി തിരിയെ വിളിക്കുകയോ ചെയ്യാവുന്നതാണ്.

243. പ്രതിഭാഗം തെളിവ്.—(1) പിന്നീട് പ്രതിയോട് അയാളുടെ പ്രതിവാദത്തിലേക്ക് പ്രവേശിക്കുവാനും അയാളുടെ തെളിവ് ഹാജരാക്കുവാനും ആവശ്യപ്പെടേണ്ടതും, പ്രതി ലിഖിതമായ ഏതെങ്കിലും സ്റേറററ്മെൻറ് നല്കുന്നുവെങ്കിൽ മജിസ്ട്രേററ് അത് റിക്കാർഡിനോടൊപ്പം ഫയൽ ചെയ്യേണ്ടതുമാകുന്നു.

(2) തന്റെ പ്രതിവാദത്തിലേക്ക് പ്രവേശിച്ചതിനു ശേഷം വിസ്താരത്തിനോ എതിർ വിസ്താരത്തിനോവേണ്ടി ഏതെങ്കിലും സാക്ഷിയെ ഹാജരാകാൻ നിർബന്ധിക്കുന്നതോ, ഏതെങ്കിലും രേഖയോ മററ് സാധനമോ ഹാജരാക്കുവാൻ നിർബന്ധിക്കുന്നതോ ആയ ഏതെങ്കിലും പ്രാസസ്സ് പുറപ്പെടുവിക്കാൻ പ്രതി മജിസ്ട്രേററിനോട് അപേക്ഷിക്കുന്നുവെങ്കിൽ, മജിസ്ട്രേററ് അങ്ങനെ അപേക്ഷ കൊടുത്തിട്ടുള്ളത്, ശല്യമോ കാലതാമസമോ ഉണ്ടാക്കുന്നതിനുവേണ്ടിയോ, നീതിയുടെ ലക്ഷ്യം പരാജയപ്പെടുത്തുന്നതിനുവേണ്ടിയോ ആണെന്നുള്ള കാരണത്തിൻമേൽ അത് നിരസിക്കപ്പെടേണ്ടതാണെന്ന് കരുതാത്ത പക്ഷം, അങ്ങനെയുള്ള പ്രാസസ്സ് പുറപ്പെടുവിക്കേണ്ടതാകുന്നു; നിരസിക്കാനുള്ള കാരണം അദ്ദേഹം ലിഖിതമായി റിക്കാർഡാക്കേണ്ടതും ആണ്:

എന്നാൽ, പ്രതി തന്റെ പ്രതിവാദത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഏതെങ്കിലും സാക്ഷിയെ എതിർവിസ്താരം ചെയ്തിട്ടുണ്ടായിരിക്കുകയോ എതിർ വിസ്താരം ചെയ്യുവാൻ അയാൾക്ക് അവസരം ലഭിച്ചിട്ടുണ്ടായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, നീതിയുടെ ലക്ഷ്യത്തിന് ആവശ്യമാണെന്ന് മജിസ്ട്രേററിന് ബോദ്ധ്യപ്പെടാത്ത പക്ഷം, അങ്ങനെയുള്ള സാക്ഷിയെ ഹാജരാക്കാൻ ഈ വകുപ്പിൻകീഴിൽ നിർബന്ധിക്കാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷയിൻമേൽ ഏതെങ്കിലും സാക്ഷിയെ സമൻചെയ്യുന്നതിന് മുൻപ്, മജിസ്ട്രേററിന്, വിചാരണയുടെ ആവശ്യങ്ങൾക്കായി ഹാജരാകുന്നതിൽ സാക്ഷിക്ക് നേരിടുന്ന ന്യായമായ ചെലവുകൾ, കോടതിയിൽ ഡിപ്പാസിററ് ചെയ്യണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

## ഖ.—പോലീസ് റിപ്പോർട്ടിൻമേൽ അല്ലാതെ ആരംഭിക്കപ്പെടുന്ന കേസ്സുകൾ

244. പ്രാസിക്യൂഷൻഭാഗം തെളിവ്.—(1) പോലീസ് റിപ്പോർട്ടിൻമേൽ അല്ലാതെ ആരംഭിക്കപ്പെടുന്ന ഏതെങ്കിലും വാറൻറ് കേസ്സിൽ പ്രതി മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാവുകയോ കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, മജിസ്ട്രേററ്, പ്രാസിക്യൂഷന് പറയുവാനുള്ളത് കേൾക്കുകയും, പ്രാസിക്യൂഷന് താങ്ങായി ഹാജരാക്കുന്ന എല്ലാ തെളിവും എടുക്കുകയും ചെയ്യാൻ നടപടി തുടരേണ്ടതാകുന്നു.

(2) മജിസ്ട്രേററിന്, പ്രാസിക്യൂഷൻെറ അപേക്ഷയിൻമേൽ, പ്രാസിക്യൂഷൻെറ സാക്ഷികളിൽ ആർക്കെങ്കിലും അയാളോട് ഹാജരാകുവാനോ ഏതെങ്കിലും രേഖയോ മററു സാധനമോ ഹാജരാക്കുവാനോ നിദേശിച്ചുകൊണ്ടുള്ള സമൻസ് പുറപ്പെടുവിക്കാവുന്നതാണ്.

245. പ്രതി എപ്പോൾ ഡിസ്ചാർജ് ചെയ്യപ്പെടണമെന്ന്.—(1) 244-ാം വകുപ്പിൽ പരാമർശിച്ച എല്ലാ തെളിവും എടുത്തതിൻമേൽ, ഖണ്ഡിക്കപ്പെടാതിരിക്കുന്നുവെങ്കിൽ പ്രതിയെ കുററസ്ഥാപനം ചെയ്യുന്നത് നീതീകരിക്കത്തക്കയാതൊരു കേസ്സും അയാൾക്കെതിരായി സമർത്ഥിക്കപ്പെട്ടിട്ടില്ലെന്ന്, റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ മജിസ്ട്രേററ് കരുതുന്നുവെങ്കിൽ, അദ്ദേഹം അയാളെ ഡിസ്ചാർജ് ചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിലെ യാതൊന്നും, ഒരു മജിസ്ട്രേററിനെ ചാർജ്ജ് അടിസ്ഥാനരഹിതമാണെന്ന് താൻ റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, അദ്ദേഹം കരുതുന്നുവെങ്കിൽ, കേസ്സിൻെറ ഏതു് മുൻഘട്ടത്തിലും പ്രതിയെ ഡിസ്ചാർജ്ജ് ചെയ്യുന്നതിൽനിന്ന് തടയുന്നതായി കരുതപ്പെടുന്നതല്ല.

246. പ്രതിയെ ഡിസ്ചാർജ് ചെയ്യുന്നില്ലെങ്കിലുള്ള നടപടിക്രമം.—

(1) അങ്ങനെയുള്ള തെളിവ് എടുത്തിട്ടുള്ളപ്പോഴോ, കേസ്സിൻെറ ഏതെങ്കിലും മുൻഘട്ടത്തിലോ, മജിസ്ട്രേററിന്, പ്രതി ഈ അദ്ധ്യായത്തിൻ കീഴിൽ വിചാരണ ചെയ്യാവുന്നതും, അങ്ങനെയുള്ള മജിസ്ട്രേററിന് വിചാരണ ചെയ്യുവാൻ ക്ഷമതയുള്ളതും അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ പര്യാപ്തമായ ശിക്ഷ കൊടുക്കുവാൻ അദ്ദേഹത്തിന് കഴിയുന്നതുമായ ഒരു കുററം ചെയ്തിട്ടുണ്ടെന്ന് അനുമാനിക്കാൻ കാരണമുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹം പ്രതിക്കെതിരായി ലിഖിതമായി ചാർജ്ജ് തയ്യാറാക്കേണ്ടതാകുന്നു.

(2) പിന്നീട് ചാർജ്ജ് പ്രതിക്ക് വായിച്ചു വിശദീകരിച്ചുകൊടുക്കുകയും അയാളോട് കുററത്തിന് അപരാധിയാണെന്ന് സമ്മതിക്കുന്നുണ്ടോ അല്ലെങ്കിൽ അയാൾക്ക് വല്ല പ്രതിവാദവും ചെയ്യാനുണ്ടോ എന്ന് ചോദിക്കുകയും ചെയ്യേണ്ടതാകുന്നു.

(3) പ്രതി അപരാധിയാണെന്ന് സമ്മതിക്കുന്നുവെങ്കിൽ, മജിസ്ട്രേററ് ആ സമ്മതം റിക്കാർഡാക്കേണ്ടതും, അദ്ദേഹത്തിന് സ്വവിവേകം ഉപയോഗിച്ച് അയാളെ അതിൻമേൽ കുററസ്ഥാപനം ചെയ്യാവുന്നതും ആണ്.

(4) പ്രതി വദിക്കാൻ വിസമ്മതിക്കുകയോ വാദിക്കാതിരിക്കുകയോ, വിചാരണ ചെയ്യപ്പെടണമെന്ന് അവകാശപ്പെടുകയോ പ്രതി (3)-ാം ഉപവകുപ്പിൻ കീഴിൽ കുററസ്ഥാപനം ചെയ്യപ്പെടാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അയാളോട് കേസ്സിൻെറ അടുത്ത വിചാരണയുടെ പ്രാരംഭത്തിലോ അല്ലെങ്കിൽ മജിസ്ട്രേററിന് റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഉടനടിയോ, തെളിവെടുക്കപ്പെട്ടിട്ടുള്ള പ്രാസിക്യൂഷൻഭാഗം സാക്ഷി

കളിൽ ആരെയെങ്കിലും അയാൾ എതിർ വിസ്താരം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ അവരിൽ ആരെയാണെന്നും പ്രസ്താവിക്കുവാൻ ആവശ്യപ്പെടേണ്ടതാകുന്നു.

(5) താൻ അപ്രകാരം ആഗ്രഹിക്കുന്നുണ്ടെന്ന് അയാൾ പറയുന്നുവെങ്കിൽ, അയാൾ പറയുന്ന സാക്ഷികളെ വീണ്ടും വിളിക്കേണ്ടതും എതിർ വിസ്താരത്തിനും പുനർവിസ്താരത്തിനും ശേഷം (വല്ലതും ഉണ്ടെങ്കിൽ) അവരെ ഡിസ്ചാർജ് ചെയ്യേണ്ടതും ആകുന്നു.

(6) പിന്നീട്, പ്രാസിക്യൂഷൻ ഭാഗത്ത് ബാക്കിയുള്ള ഏതെങ്കിലും സാക്ഷികളുടെ തെളിവെടുക്കേണ്ടതും, എതിർ വിസ്താരത്തിനും പുനർ വിസ്താരത്തിനും ശേഷം (വല്ലതും ഉണ്ടെങ്കിൽ) അവരേയും ഡിസ്ചാർജ് ചെയ്യേണ്ടതും ആകുന്നു.

247. പ്രതിഭാഗം തെളിവ്.—പിന്നീട് പ്രതിയോട് അയാളുടെ പ്രതിവാദത്തിലേക്ക് പ്രവേശിക്കുവാനും അയാളുടെ തെളിവ് ഹാജരാക്കുവാനും ആവശ്യപ്പെടേണ്ടതും, 243-ാം വകുപ്പിലെ വ്യവസ്ഥകൾ ആ സംഗതിയിൽ ബാധകമാകുന്നതും ആണ്.

ഗ.—വിചാരണയുടെ സമാപനം

248. കുററവിമുക്തമാക്കൽ അല്ലെങ്കിൽ കുററസ്ഥാപനം ചെയ്യൽ.—(1) ചാർജ്ജ് തയ്യാറാക്കപ്പെട്ടിട്ടുള്ള ഈ അദ്ധ്യായത്തിൻകീഴിലെ ഏതെങ്കിലുംകേസ്സിൽ മജിസ്ട്രേററ്, പ്രതി അപരാധിയല്ലെന്ന് കാണുന്നുവെങ്കിൽ, അദ്ദേഹം, ഒരു കുററവിമുക്തമാക്കൽ ഉത്തരവ് റിക്കാർഡാക്കേണ്ടതാകുന്നു.

(2) ഈ അദ്ധ്യായത്തിൻകീഴിലെ ഏതെങ്കിലും കേസ്സിൽ മജിസ്ട്രേററ് പ്രതി അപരാധിയാണെന്ന് കാണുകയും, എന്നാൽ 325-ാം വകുപ്പിലേയോ 360-ാം വകുപ്പിലേയോ വ്യവസ്ഥകളനുസരിച്ച് നടപടി തുടരാതിരിക്കുകയും ചെയ്യുന്നിടത്ത്, അദ്ദേഹം ശിക്ഷാവിധിയുടെ പ്രശ്നത്തിൻമേൽ പ്രതിക്ക് പറയുവാനുള്ളത് കേട്ടതിനുശേഷം നിയമമനുസരിച്ചുള്ള ശിക്ഷ വിധിക്കേണ്ടതാകുന്നു.

(3) ഈ അദ്ധ്യായത്തിൻ കീഴിലെ ഏതെങ്കിലും കേസ്സിൽ 211-ാം വകുപ്പ് (7)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കുകീഴിൽ ഒരു മുൻകുററ സ്ഥാപനത്തിൽ ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയും ചാർജ്ജിൽ ആരോപിക്കപ്പെട്ടതുപോലെ, തന്നെ മുൻപ് കുററസ്ഥാപനം ചെയ്തതായി പ്രതി സമ്മതിക്കാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ മജിസ്ട്രേററിന് മേല്പറഞ്ഞ പ്രതിയെ കുററസ്ഥാപനം ചെയ്തതിനുശേഷം ആരോപിക്കപ്പെട്ട മുൻകുററസ്ഥാപനം സംബന്ധിച്ച് തെളിവെടുക്കാവുന്നതും, അദ്ദേഹം അതിൻമേൽ ഒരു തീർപ്പ് റിക്കാർഡാക്കേണ്ടതും ആകുന്നു:

എന്നാൽ, പ്രതിയെ (2)-ാം ഉപവകുപ്പിൻകീഴിൽ കുററസ്ഥാപനം ചെയ്തിട്ടില്ലാത്തപക്ഷവും ചെയ്യുന്നതുവരേയും മജിസ്ട്രേററ് അങ്ങനെയുള്ള യാതൊരു ചാർജ്ജും വായിച്ചുകേൾപ്പിക്കുകയോ പ്രതിയോട് അതിൻമേൽ വാദിക്കുവാൻ ആവശ്യപ്പെടുകയോ, പ്രാസിക്യൂഷനോ പ്രാസിക്യൂഷൻ നല്കുന്ന ഏതെങ്കിലും തെളിവിലോ ആ മുൻകുററസ്ഥാപനം പരാമർശിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

249. പരാതിക്കാരൻ ഹാജരാകാതിരിക്കുന്നത്.—നടപടികൾ പരാതിയിൻമേൽ ആരംഭിക്കപ്പെട്ടിരിക്കുകയും കേസ്സിന്റെ ഹീയറിങ്ങിന് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം പരാതിക്കാരൻ ഹാജരാകാതിരിക്കുകയും, കുററം നിയമാനുസൃതം രാജിയാക്കാവുന്നതായിരിക്കുകയോ കോഗ്നൈസബിൾ കുററം

അല്ലാത്തതായിരിക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ, ഇതിൽ ഇതിനുമുമ്പ് എന്തുതന്നെ അടങ്ങിയിരുന്നാലും, മജിസ്ട്രേററിന്, പ്രതിയെ ചാർജ്ജ് തയ്യാറാക്കപ്പെടുന്നതിനുമുമ്പ് ഏതു സമയത്തും സ്വവിവേകം ഉപയോഗിച്ച് ഡിസ്ചാർജ്ജ് ചെയ്യാവുന്നതാണ്.

250. ന്യായമായ കാരണംകൂടാതെയുള്ള കുററാരോപണത്തിനുള്ള നഷ്ട പരിഹാരം.—(1) പരാതിയിൻമേലോ അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥനോ മജിസ്ട്രേററിനോ നല്കപ്പെട്ട വിവരത്തിൻമേലോ ആരംഭിക്കപ്പെട്ട ഏതെങ്കിലും കേസ്സിൽ, ഒരു മജിസ്ട്രേററിന് വിചാരണ ചെയ്യാവുന്നതായ ഏതെങ്കിലും കുററത്തിന് ഒന്നോ അധിലധികമോ ആളുകൾ കുററാരോപണം ചെയ്യപ്പെട്ടിരിക്കുകയും കേസ്സ് കേട്ട മജിസ്ട്രേററ് പ്രതികളിൽ എല്ലാവരേയുമോ അവരിൽ ആരെയെങ്കിലുമോ ഡിസ്ചാർജ്ജ് ചെയ്യുകയോ, കുററവിമുക്തമാക്കുകയോ ചെയ്യുകയും അവർക്കോ അവരിൽ ആർക്കെങ്കിലുമോ എതിരായുള്ള കുററാരോപണം ചെയ്തതിന് ന്യായമായ കാരണമുണ്ടായിരുന്നില്ലെന്ന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അദ്ദേഹത്തിന് തന്റെ ഡിസ്ചാർജ്ജ് ഉത്തരവിനാലോ, കുററവിമുക്തമാക്കൽ ഉത്തരവിനാലോ, ആരുടെ പരാതിയിൻമേലോ ആര് നല്കിയ വിവരത്തിൻമേലോ ആണോ കുററാരോപണം ചെയ്യപ്പെട്ടത്, അയാൾ സന്നിഹിതനാണെങ്കിൽ അയാളോട്, അങ്ങനെയുള്ള പ്രതിക്കോ അല്ലെങ്കിൽ അങ്ങനെയുള്ളവർ ഒന്നിലധികമുള്ളപ്പോൾ അവരിൽ ഓരോരുത്തർക്കുമോ ആർക്കെങ്കിലുമോ നഷ്ടപരിഹാരം കൊടുക്കാതിരിക്കാൻ കാരണം കാണിക്കുവാൻ ഉടനടി ആവശ്യപ്പെടുകയോ, അങ്ങനെയുള്ള ആൾ സന്നിഹിതനല്ലെങ്കിൽ, അയാൾക്ക് ഹാജരാകുവാനും മേല്പറഞ്ഞവിധം കാരണം കാണിക്കുവാനും ഉള്ള സമൻസ് പുറപ്പെടുവിക്കുവാൻ നിദേശിക്കുകയോ ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള പരാതിക്കാരനോ വിവരം നല്കുന്ന ആളോ കാണിക്കുന്ന ഏത് കാരണവും മജിസ്ട്രേററ് റിക്കാർഡാക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടതും കുററാരോപണം ചെയ്യുന്നതിന് ന്യായമായ കാരണം ഉണ്ടായിരുന്നില്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, മജിസ്ട്രേററിന് ചുമത്തുവാൻതന്നെ അധികാരപ്പെടുത്തിയിട്ടുള്ള പിഴയുടെ തുകയിൽ കവിയാത്തതും താൻ നിശ്ചയിക്കുന്നതും ആയ തുക അങ്ങനെയുള്ള പരാതിക്കാരനോ, വിവരം നല്കുന്ന ആളോ പ്രതിക്കോ പ്രതികളിൽ ഓരോരുത്തർക്കുമോ ആർക്കെങ്കിലുമോ നഷ്ടപരിഹാരം കൊടുക്കേണ്ടതാണെന്ന് റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ ഉത്തരവ് ചെയ്യാവുന്നതും ആണ്.

(3) മജിസ്ട്രേററിന്, (2)-ാം ഉപവകുപ്പിൻകീഴിലെ നഷ്ടപരിഹാരം നല്കുവാൻ നിദേശിക്കുന്ന ഉത്തരവിനാൽ, നഷ്ടപരിഹാരം കൊടുക്കാൻ വീഴ്ച വരുത്തിയാൽ, അത് കൊടുക്കുവാൻ ഉത്തരവു ചെയ്യപ്പെട്ടയാൾ മുപ്പതു ദിവസത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള വെറും തടവ് അനുഭവിക്കേണ്ടതാണെന്നുകൂടി ഉത്തരവ് ചെയ്യാവുന്നതാണ്.

(4) ഏതെങ്കിലും ആൾ (3)-ാം ഉപവകുപ്പിൻകീഴിൽ തടവിലാക്കപ്പെട്ടിരിക്കുമ്പോൾ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 68-ം 69-ം വകുപ്പുകളിലെ വ്യവസ്ഥകൾ ആകുന്നത്ര ബാധകമാകുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ നഷ്ടപരിഹാരം കൊടുക്കുവാൻ നിദേശിക്കപ്പെട്ടിട്ടുള്ള യാതൊരാളും, അയാൾ കൊടുത്തിട്ടുള്ള പരാതിയോ നല്കിയിട്ടുള്ള വിവരത്തേയോ സംബന്ധിച്ചുള്ള സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും ബാദ്ധ്യതയിൽനിന്ന്, അങ്ങനെയുള്ള ഉത്തരവ് കാരണം ഒഴിവാക്കപ്പെടുന്നതല്ല:

എന്നാൽ, പ്രതിക്ക്, ഈ വകുപ്പിൻകീഴിൽ കൊടുക്കുന്ന ഏതെങ്കിലും തുക അതേ വിഷയം സംബന്ധിച്ച് പിന്നീടുള്ള ഏതെങ്കിലും സിവിൽ വ്യവഹാര

ത്തിൽ അയാൾക്ക് നഷ്ടപരിഹാരം അവാർഡ് ചെയ്യുന്നതിൽ കണക്കിലെടുക്കപ്പെടുന്നതാകുന്നു.

(6) നൂറുരൂപയിൽ കവിയുന്ന നഷ്ടപരിഹാരം കൊടുക്കുവാൻ (2)-ാം ഉപവകുപ്പിൻകീഴിൽ ഒരു രണ്ടാം ക്ലാസ് മജിസ്ട്രേററിനാൽ ഉത്തരവു ചെയ്യപ്പെട്ട ഒരു പരാതിക്കാരനോ, വിവരം നല്കുന്ന ആൾക്കോ താൻ അങ്ങനെയുള്ള മജിസ്ട്രേററ് നടത്തിയ ഒരു വിചാരണയിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ ആ ഉത്തരവിനെതിരായി അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പിൻകീഴിൽ അപ്പീലിന് വിധേയമായ ഒരു കേസ്സിൽ, ഒരു പ്രതിയ്ക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഉത്തരവ് ചെയ്തിട്ടുള്ളപ്പോൾ, അപ്പീൽ ബോധിപ്പിക്കാൻ അനുവദിച്ചിട്ടുള്ള കാലാവധി കഴിയുന്നതിനുമുമ്പോ, അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, അപ്പീൽ തീരുമാനിക്കുന്നതിനു മുമ്പോ, നഷ്ടപരിഹാരം ആയാൾക്കു കൊടുക്കാൻ പാടില്ലാത്തതും അങ്ങനെയുള്ള ഉത്തരവ് ചെയ്തിട്ടുള്ളത് അപ്രകാരം അപ്പീലിന് വിധേയമല്ലാത്ത ഒരു കേസ്സിൽ ആയിരിക്കുന്നിടത്ത്, നഷ്ടപരിഹാരം ആ ഉത്തരവിൻെറ തീയതി മുതൽ ഒരു മാസം അവസാനിക്കുന്നതിനുമുൻപ് കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

(8) ഈ വകുപ്പിലെ വ്യവസ്ഥകൾ വാറൻറ് കേസ്സുകൾക്കെന്നപോലെ സമൺസ് കേസ്സുകൾക്കും ബാധകമാകുന്നു.

## അദ്ധ്യായം XX

## മജിസ്ട്രേററുമാർ സമൺസ് കേസ്സുകൾ വിചാരണചെയ്യുന്നത്

251. <u>കുററാരോപണത്തിൻെറ സാരാംശം പറഞ്ഞുകൊടുക്കണമെന്ന്.</u>— ഒരു സമൺസ് കേസ്സിൽ, പ്രതി മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാവുകയോ, കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ ഏതു് കുററത്തിനാണ് അയാൾ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളത്, ആ കുററത്തിൻെറ വിവരങ്ങൾ അയാൾക്കു പറഞ്ഞു കൊടുക്കുകയും, അയാൾ അപരാധിയാണെന്ന് സമ്മതിക്കുന്നുണ്ടോ അല്ലെങ്കിൽ അയാൾക്ക് വല്ല പ്രതിവാദവും ചെയ്യാനുണ്ടോ എന്ന് അയാളോട് ചോദിക്കുകയും ചെയ്യേണ്ടതും, എന്നാൽ ഔപചാരികമായ ചാർജ്ജ് തയ്യാറാക്കേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു.

252. <u>അപരാധിയാണെന്ന് സമ്മതിക്കുന്നതിൻമേൽ കുററസ്ഥാപനം.</u>— പ്രതി അപരാധിയാണെന്നു സമ്മതിക്കുന്നുവെങ്കിൽ, മജിസ്ട്രേററ് ആ സമ്മതം പ്രതി ഉപയോഗിച്ച വാക്കുകളുടെ, കഴിയുന്നത്ര അടുത്തുവരുന്ന വാക്കുകളിൽ റിക്കാർഡാക്കേണ്ടതും, അദ്ദേഹത്തിന് സ്വവിവേകം ഉപയോഗിച്ച് അയാളെ അതിൻമേൽ കുററസ്ഥാപനം ചെയ്യാവുന്നതും ആണ്.

253. <u>ചെറുതരം കേസ്സുകളിൽ പ്രതിയുടെ അസാന്നിദ്ധ്യത്തിൽ അപരാധിയാണെന്നു സമ്മതിക്കുന്നതിൻമേലുള്ള കുററസ്ഥാപനം.</u>—(1) 206-ാം വകുപ്പിൻകീഴിൽ സമൺസ് പുറപ്പെടുവിച്ചിരിക്കുകയും പ്രതി മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാകാതെ ചാർജ്ജിന് അപരാധിയാണെന്നു സമ്മതിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നിടത്ത്, അയാൾ തൻെറ സമ്മതം അടങ്ങിയ ഒരു കത്തും സമൺസിൽ വിനിർദ്ദേശിച്ചിട്ടുള്ള പിഴയുടെ തുകയും മജിസ്ട്രേററിന് പോസ്ററുവഴിയോ ആൾവഴിയോ അയച്ചുകൊടുക്കേണ്ടതാകുന്നു.

(2) മജിസ്ട്രേററിന് പ്രതിയെ അയാൾ അപരാധിയാണെന്ന് സമ്മതിക്കുന്നതിൻമേൽ, അയാളുടെ അസാന്നിദ്ധ്യത്തിൽ സ്വവിവേകമുപയോഗിച്ച്

കുററസ്ഥാപനം ചെയ്യുകയും, സമൺസിൽ വിനിർദ്ദേശിച്ചിട്ടുള്ള പിഴ ഒടുക്കു നായി അയാൾക്ക് ശിക്ഷ വിധിക്കുകയും ചെയ്യാവുന്നതും, പ്രതി അയച്ചു കൊടുത്തിട്ടുള്ള തുക ആ പിഴയിലേയ്ക്കു വകവയ്ക്കേണ്ടതും പ്രതി ഇതി ലേയ്ക്കു പ്രാധികാരം നല്കിയിട്ടുള്ള ഒരു വക്കീൽ, പ്രതിക്ക് വേണ്ടി അപരാ ധിയാണെന്നു സമ്മതിക്കുന്നിടത്ത്, മജിസ്ട്രേററ് ആ സമ്മതം ആ വക്കീൽ ഉപയോഗിച്ച വാക്കുകളുടെ കഴിയുന്നത്ര അടുത്തുവരുന്ന വാക്കുകളിൽ റിക്കാർ ഡാക്കേണ്ടതും, അദ്ദേഹത്തിന് പ്രതിയെ അങ്ങനെയുള്ള സമ്മതത്തിൻമേൽ സ്വവിവേകമുപയോഗിച്ച് കുററസ്ഥാപനം ചെയ്യുകയും മേല്പറഞ്ഞ വിധം അയാൾക്ക് ശിക്ഷ വിധിക്കുകയും ചെയ്യാവുന്നതും ആണ്.

254. കുററസ്ഥാപനം ചെയ്യുന്നില്ലെങ്കിലുള്ള നടപടിക്രമം.— (1) 252-ാം വകുപ്പിനോ 253-ാം വകുപ്പിനോ കീഴിൽ മജിസ്ട്രേററ് പ്രതിയെ കുററസ്ഥാ പനം ചെയ്യുന്നില്ലെങ്കിൽ, അദ്ദേഹം പ്രാസിക്യൂഷന് പറയാനുള്ളത് കേൾക്കു കയും പ്രാസിക്യൂഷന് താങ്ങായി ഹാജരാക്കുന്ന എല്ലാ തെളിവും എടുക്കു കയും ചെയ്യേണ്ടതും, കൂടാതെ പ്രതിയ്ക്ക് പറയാനുള്ളത് കേൾക്കുകയും അയാൾ തന്റെ പ്രതിവാദത്തിൽ ഹാജരാക്കുന്ന എല്ലാതെളിവും എടുക്കുകയും ചെയ്യാനുള്ള നടപടി തുടരേണ്ടതാകുന്നു.

(2) മജിസ്ട്രേററിന്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, പ്രാസിക്യൂ ഷൻേറയൊ പ്രതിയുടേയോ അപേക്ഷയിൻമേൽ ഏതെങ്കിലും സാക്ഷിക്ക്, അയാളോട് ഹാജരാകുവാനോ ഏതെങ്കിലും രേഖയോ മററ് സാധനമോ ഹാജരാ ക്കുവാനോ നിദേശിച്ചുകൊണ്ടുള്ള സമൺസ് പുറപ്പെടുവിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള അപേക്ഷയിൻമേൽ ഏതെങ്കിലും സാക്ഷിയെ സമൻ ചെയ്യുന്നതിനുമുമ്പ് മജിസ്ട്രേററിന് വിചാരണയുടെ ആവശ്യങ്ങൾ ക്കായി ഹാജരാകുന്നതിൽ നേരിടുന്ന സാക്ഷിയുടെ ന്യായമായ ചെലവുകൾ കോടതിയിൽ ഡെപ്പോസിററുചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതാണ്.

255. കുററവിമുക്തമാക്കൽ അല്ലെങ്കിൽ കുററസ്ഥാപനംചെയ്യൽ. —(1) 254-ാം വകുപ്പിൽ പരാമർശിച്ചതെളിവും താൻ സ്വയമേവ ഹാജരാക്കിക്കുന്ന കൂടു തൽ തെളിവ് വല്ലതും ഉണ്ടെങ്കിൽ അതും എടുത്തതിൻമേൽ, മജിസ്ട്രേററ് പ്രതി അപരാധിയല്ലെന്ന് കാണുന്നുവെങ്കിൽ അദ്ദേഹം കുററവിമുക്തമാക്കൽ ഉത്തരവ് റിക്കാർഡാക്കേണ്ടതാണ്.

(2) മജിസ്ട്രേററ്, 325-ാം വകുപ്പിലെയോ 360-ാം വകുപ്പിലേയോ വ്യവസ്ഥകളനുസരിച്ച് നടപടി തുടരാതിരിക്കുന്നിടത്ത്, അദ്ദേഹം പ്രതി അപരാധിയാണെന്ന് കാണുന്നുവെങ്കിൽ അയാൾക്ക് നിയമമനുസരിച്ചുള്ള ശിക്ഷ വിധിക്കേണ്ടതാകുന്നു.

(3) 252-ാം വകുപ്പിനോ, 255-ാം വകുപ്പിനോ കീഴിൽ, മജിസ്ട്രേററിന് പരാതിയുടേയോ സമൻസിൻേറയോ സ്വഭാവം എന്തുതന്നെയായിരുന്നാലും, ഈ അദ്ധ്യായത്തിൻകീഴിൽ വിചാരണചെയ്യപ്പെടാവുന്നതും, സമ്മതിക്കപ്പെട്ടതോ തെളിയിക്കപ്പെട്ടതോ ആയ വസ്തുതകളിൽനിന്ന് പ്രതി ചെയ്തിട്ടുള്ളതായി കാണപ്പെടുന്നതുമായ ഏതെങ്കിലും കുററത്തിന് അയാളെ കുററസ്ഥാപനം ചെയ്യുന്നതുവഴി അയാൾക്ക് ദോഷം വരുന്നതല്ലെന്ന് തനിക്ക് ബോദ്ധ്യ മാകുന്നുവെങ്കിൽ, അപ്രകാരം കുററസ്ഥാപനം ചെയ്യാവുന്നതാണ്.

256. പരാതിക്കാരൻ ഹാ ജ രാ കാ തി രി ക്കു ക യോ മ രി ക്കു ക യോ ചെയ്യുന്നത്.—(1) സമൺസ് പരാതിയിൻമേൽ പുറപ്പെടുവിച്ചിരിക്കുകയും പ്രതി ഹാജരാകാൻ നിശ്ചയിച്ചിട്ടുള്ള ദിവസമോ ഹിയറിങ്ങ് നീട്ടിവയ്ക്കുന്ന പിന്നീടുള്ള ദിവസമോ, പരാതിക്കാരൻ ഹാജരാകാതിരിക്കുകയും ചെയ്യുന്നു വെങ്കിൽ, ഇതിൽ ഇതിനുമുമ്പ്എന്തുതന്നെ അടങ്ങിയിരുന്നാലും, കേസ്സിന്റെ

ഹിയറിങ്ങ് മറെറാരു ദിവസത്തേയ്ക്ക് നീട്ടിവയ്ക്കുന്നത് ഉചിതമായിരിക്കുമെന്ന് വല്ല കാരണത്താലും തനിക്ക് തോന്നാത്തപക്ഷം, മജിസ്ട്രേററ് പ്രതിയെ കുററവിമുക്തനാക്കേണ്ടതാകുന്നു;

എന്നാൽ, വക്കീലോ പ്രാസിക്യൂഷൻ നടത്തുന്ന ഉദ്യോഗസ്ഥനോ പരാതിക്കാരനെ പ്രതിനിധാനം ചെയ്യുന്നിടത്തോ, അല്ലെങ്കിൽ പരാതിക്കാരൻ നേരിട്ടു ഹാജരാകുന്നത് ആവശ്യമില്ലെന്ന് മജിസ്ട്രേററിന് അഭിപ്രായമുള്ളിടത്തോ, അദ്ദേഹത്തിന് അയാൾ ഹാജരാകുന്നത് വേണ്ടെന്നുവയ്ക്കുകയും കേസ്സ് തുടർന്നു നടത്തുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, പരാതിക്കാരൻ ഹാജരാകാതിരിക്കുന്നത് അയാളുടെ മരണം കാരണമായിട്ടുള്ളിടത്ത് ആകുന്നത്ര ബാധകമാകുന്നതാണ്.

257. <u>പരാതി പിൻവലിക്കൽ.</u>— ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും കേസ്സിൽ അന്തിമ ഉത്തരവ് പാസ്സാക്കുന്നതിനുമുമ്പ്, ഏതെങ്കിലും സമയത്ത്, പ്രതിയ്ക്കോ പ്രതികൾ ഒന്നിലധികം ഉണ്ടെങ്കിൽ അവർ എല്ലാവർക്കുമോ, അവരിൽ ആർക്കെങ്കിലുമോ എതിരായുള്ള തന്റെ പരാതി പിൻവലിക്കുവാൻ തന്നെ അനുവദിക്കുന്നതിന് മതിയായ കാരണങ്ങളുണ്ടെന്ന് പരാതിക്കാരൻ മജിസ്ട്രേററിനെ ബോദ്ധ്യപ്പെടുത്തുന്നു എങ്കിൽ, അദ്ദേഹത്തിന് അതു പിൻവലിക്കാൻ അയാളെ അനുവദിക്കാവുന്നതും, അപ്പോൾ അദ്ദേഹം പ്രതികളിൽ ആർക്കെതിരായാണോ പരാതി അപ്രകാരം പിൻവലിക്കപ്പെട്ടിട്ടുള്ളത്, അയാളെ കുററവിമുക്തനാക്കേണ്ടതും ആണ്.

258. <u>ചില കേസ്സുകളിൽ നടപടികൾ നിറുത്താനുള്ള അധികാരം</u> — പരാതിയിൻമേൽ അല്ലാതെ ആരംഭിക്കപ്പെട്ട ഏതെങ്കിലും സമൻസ് കേസ്സിൽ ഒന്നാംക്ലാസ് മജിസ്ട്രേററിനോ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, മറേറതെങ്കിലും ജുഡീഷ്യൽ മജിസ്ട്രേററിനോ വിധിയൊന്നും പ്രസ്താവിക്കാതെ താൻ റിക്കാർഡാക്കേണ്ടതായ കാരണങ്ങളാൽ ഏതു ഘട്ടത്തിലും നടപടികൾ നിറുത്താവുന്നതും, അങ്ങനെ നടപടികൾ നിറുത്തുന്നത് മുഖ്യസാക്ഷികളുടെ തെളിവ് റിക്കാർഡാക്കിയതിനുശേഷം ആയിരിക്കുന്നിടത്ത്, അദ്ദേഹം കുററവിമുക്തമാക്കൽ വിധി പ്രസ്താവിക്കേണ്ടതും, മറേറതെങ്കിലും സംഗതിയിൽ, പ്രതിയെ മോചിപ്പിക്കേണ്ടതും അങ്ങനെ മോചിപ്പിക്കുന്നതിന് ഡിസ്ചാർജ്ജിന്റെ പ്രഭാവമുണ്ടായിരിക്കുന്നതും ആകുന്നു.

259. <u>സമൺസുകേസ്സുകളെ വാറൻറ് കേസുകളായി മാററുവാൻ കോടതിക്കുള്ള അധികാരം.</u>— ആറുമാസത്തിൽ കവിയുന്ന കാലത്തേക്ക് തടവുനല്കി ശിക്ഷിക്കാവുന്ന കുററം സംബന്ധിച്ച ഒരു സമൺസ് കേസ്സിന്റെ വിചാരണയ്ക്കിടയിൻ നീതിയുടെ താത്പര്യത്തിന്, ആ കുററം വാറൻറ് കേസ്സുകളുടെ വിചാരണയ്ക്കുള്ള നടപടിക്രമം അനുസരിച്ച് വിചാരണചെയ്യപ്പെടണമെന്ന് മജിസ്ട്രേററിന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള മജിസ്ട്രേററിന്, ആ കേസ്സ് വാറൻറുകേസുകളുടെ വിചാരണയ്ക്ക് ഈ നിയമസംഹിത വ്യവസ്ഥ ചെയ്യുന്നരീതിയിൽ കേസ്സ് വീണ്ടും കേൾക്കാൻ നടപടിതുടരുകയും, വിസ്തരിക്കപ്പെട്ടിട്ടുണ്ടായിരിക്കാവുന്ന ഏതെങ്കിലും സാക്ഷിയെ തിരിയെ വിളിയ്ക്കുകയും ചെയ്യാവുന്നതാണ്.

## അദ്ധ്യായം XXI

## സമമറി വിചാരണകൾ

260. സമമറിയായി വിചാരണചെയ്യുവാനുള്ള അധികാരം.—(1) ഈ നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും.

(ക) ഏതെങ്കിലും ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനോ;

(ഖ) ഏതെങ്കിലും മഹാനഗര മജിസ്ട്രേററിനോ;

(ഗ) ഇതിലേയ്ക്ക് ഹൈക്കോടതിയാൽ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒന്നാംക്ലാസ്സ് മജിസ്ട്രേററിനോ;

തനിക്ക് യുക്തമെന്നുതോന്നുന്നുവെങ്കിൽ, താഴെ പറയുന്ന എല്ലാ കുററങ്ങളുമോ അവയിൽ ഏതെങ്കിലുമോ സമമറിയായി വിചാരണചെയ്യാവുന്നതാണ്.

(i) മരണശിക്ഷയോ ജീവപര്യന്തതടവോ, രണ്ടുവർഷത്തിൽ കവിയുന്ന കാലത്തേയ്ക്കുള്ള തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതല്ലാത്ത കുററങ്ങൾ;

(ii) മോഷ്ടിക്കപ്പെട്ട വസ്തുവിൻെറ മൂല്യം ഇരുനൂറുരൂപയിൽ കവിയാതിരിക്കുന്നിടത്ത്, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 379-ാം വകുപ്പിനോ 380-ാം വകുപ്പിനോ 381-ാം വകുപ്പിനോ കീഴിലുള്ള മോഷണം;

(iii) വസ്തുവിൻെറ മൂല്യം, ഇരുനൂററു രൂപയിൽ കവിയാതിരിക്കുന്നിടത്ത്, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) യിലെ 411-ാം വകുപ്പിൻകീഴിൽ കളവുമുതൽ സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ ചെയ്യൽ;

(iv) വസ്തുവിൻെറ മൂല്യം ഇരുനൂററു രൂപയിൽ കവിയാതിരിക്കുന്നിടത്ത്, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45)യിലെ 414-ാം വകുപ്പിൻകീഴിൽ കളവുമുതൽ ഒളിച്ചുവയ്ക്കുകയോ വ്യയനം ചെയ്യുകയോ ചെയ്യുന്നതിൽ സഹായിക്കൽ;

(v) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 454-ം 456-ം വകുപ്പുകൾക്കുകീഴിലുള്ള കുററങ്ങൾ;

(vi) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 504-ാം വകുപ്പിൻകീഴിൽ സമാധാനം ലംഘിക്കുന്നതിന് പ്രകോപനം നല്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള അപമാനിക്കലും, 506-ാം വകുപ്പിൻകീഴിലുള്ള കുററകരമായ ഭയപ്പെടുത്തലും;

(vii) മുൻപറഞ്ഞ ഏതെങ്കിലും കുററത്തിനുള്ള പ്രേരണം;

(viii) മുൻപറഞ്ഞ ഏതെങ്കിലും കുററം ചെയ്യുവാനുള്ള ശ്രമം കുററമായിരിക്കുമ്പോൾ, അങ്ങനെയുള്ള ശ്രമം;

(ix) ഏതു കൃത്യം സംബന്ധിച്ചാണോ കന്നുകാലി അതിക്രമ ആക്ററ്, 1871 (1871-ലെ 1) 20-ാം വകുപ്പിൻ കീഴിൽ പരാതി കൊടുക്കാവുന്നത്, അങ്ങനെയുള്ള കൃത്യത്താൽ കുററമാക്കപ്പെടുന്ന ഏതെങ്കിലും കുററം.

(2) സമ്മറി വിചാരണയ്ക്കിടയിൽ, സമ്മറിയായി വിചാരണ ചെയ്യുന്നത് അഭിലഷണീയമല്ലാത്തവിധമുള്ളതാണ് കേസ്സിൻെറ സ്വഭാവം എന്ന് മജിസ്ട്രേററിന് തോന്നുന്നുവെങ്കിൽ, അദ്ദേഹം വല്ല സാക്ഷികളും വിസ്തരിക്ക

പ്പെട്ടിട്ടുണ്ടെങ്കിൽ അവരെ തിരിയെ വിളിക്കുകയും, ഈ നിയമസംഹിത വ്യവസ്ഥ ചെയ്യുന്ന രീതിയിൽ കേസ്സ് വീണ്ടും കേൾക്കുവാൻ നടപടി തുടരുകയും ചെയ്യേണ്ടതാകുന്നു.

261. രണ്ടാം ക്ലാസ് മജിസ്ട്രേററുമാർ സമ്മറി വിചാരണ ചെയ്യുന്നത്.—ഹൈക്കോടതിക്ക്, രണ്ടാം ക്ലാസ് മജിസ്ട്രേററിന്റെ അധികാരങ്ങൾ വിനിവേശിപ്പിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും മജിസ്ട്രേററിന്, പിഴശിക്ഷ മാത്രമോ അല്ലെങ്കിൽ പിഴ ശിക്ഷയോടുകൂടിയതോ കൂടാത്തതോ ആയ ആറുമാസത്തിൽകവിയാത്ത കാലത്തെ തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററവും, അങ്ങനെയുള്ള ഏതെങ്കിലും കുററത്തിനുള്ള ഏതെങ്കിലും പ്രേരണയും കുററം ചെയ്യാനുള്ള ഏതെങ്കിലും ശ്രമവും സമ്മറിയായി വിചാരണ ചെയ്യുവാനുള്ള അധികാരം നല്കാവുന്നതാണ്.

262. സമ്മറി വിചാരണയ്ക്കുള്ള നടപടിക്രമം.—(1) ഈ അദ്ധ്യായത്തിൻകീഴിലുള്ള വിചാരണകളിൽ, ഇതിൽ ഇതിനുശേഷം പറഞ്ഞിട്ടുള്ളതല്ലാത്ത സംഗതികളിൽ, ഈ നിയമസംഹിതയിൽ സമൺസ് കേസ്സുകളുടെ വിചാരണയ്ക്ക് വിനിർദ്ദേശിച്ചിട്ടുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതാകുന്നു.

(2) ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും കുററസ്ഥാപനത്തിന്റെ സംഗതിയിൽ, മൂന്നു മാസത്തിൽ കവിയുന്ന കാലത്തെ തടവിനുള്ള യാതൊരു ശിക്ഷാവിധിയും പാസ്സാക്കാവുന്നതല്ല.

263. സമ്മറി വിചാരണകളുടെ റിക്കാർഡ്.—സമ്മറിയായി വിചാരണ ചെയ്യുന്ന ഏതൊരു കേസിലും, സ്റേററ് ഗവൺമെൻറ് നിർദേശിക്കുന്ന രൂപത്തിൽ മജിസ്ട്രേററ് താഴെ പറയുന്ന വിവരങ്ങൾ ചേർക്കേണ്ടതാകുന്നു, അയായത്:—

(ക) കേസ്സിന്റെ ക്രമനമ്പർ;

(ഖ) കുററം ചെയ്ത തീയതി;

(ഗ) റിപ്പോർട്ടിന്റേയോ പരാതിയുടേയോ തീയതി;

(ഘ) പരാതിക്കാരന്റെ (ആരെങ്കിലും ഉണ്ടെങ്കിൽ) പേര്;

(ങ) പ്രതിയുടെ പേരും, മാതാപിതാക്കൾ ആരാണെന്നുള്ളതും, താമസസ്ഥലവും;

(ച) പരാതിപ്പെട്ട കുററവും തെളിയിക്കപ്പെട്ട കുററവും, (വല്ലതും ഉണ്ടെങ്കിൽ) 260-ാം വകുപ്പിലെ (i)-ാം ഉപവകുപ്പിലെ (ii)-ാം ഖണ്ഡത്തിന്റേയോ (iii)-ാം ഖണ്ഡത്തിന്റേയോ (iv)-ാം ഖണ്ഡത്തിന്റേയോ കീഴിൽ വരുന്ന കേസ്സുകളിൽ, ഏതു വസ്തു സംബന്ധിച്ചാണോ കുററം ചെയ്യപ്പെട്ടിട്ടുള്ളത്, ആ വസ്തുവിന്റെ മൂല്യവും;

(ഛ) പ്രതിയുടെ വാദവും അയാളുടെ വിസ്താരവും (വല്ലതും ഉണ്ടെങ്കിൽ);

(ജ) തീർപ്പ്;

(ഝ) ശിക്ഷാവിധി അല്ലെങ്കിൽ മററ് അന്തിമ ഉത്തരവ്;

(ഞ) നടപടികൾ അവസാനിച്ച തീയതി.

264. സമ്മറിയായി വിചാരണ ചെയ്തിട്ടുള്ള കേസ്സുകളിലെ വിധിന്യായം.—പ്രതി അപരാധിയാണെന്ന് സമ്മതിക്കാത്ത സമ്മറിയായി വിചാരണ ചെയ്യപ്പെടുന്ന ഏതൊരു കേസ്സിലും, മജിസ്ട്രേററ് തെളിവിന്റെ

സാരാംശവും തീർപ്പിനുള്ള കാരണങ്ങളുടെ സംക്ഷിപ്തമായ ഒരു സ്റ്റേററ്മെൻറ് അടങ്ങിയ വിധിന്യായവും റിക്കാർഡാക്കേണ്ടതാകുന്നു.

265. റിക്കാർഡിൻേറയും വിധിന്യായത്തിൻേറയും ഭാഷ.—(1) അങ്ങനെയുള്ള ഏതൊരു റിക്കാർഡും വിധിന്യായവും കോടതിയിലെ ഭാഷയിൽ എഴുതപ്പെടേണ്ടതാകുന്നു.

(2) ഹൈക്കോടതിക്ക്, കുററങ്ങൾ സമ്മറിയായി വിചാരണ ചെയ്യുവാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും മജിസ്ട്രേററിന്, മുൻപറഞ്ഞ റിക്കാർഡോ വിധിന്യായമോ അവ രണ്ടുമോ ചീഫ് ജുഡിഷ്യൽ മജിസ്ട്രേററ് ഇതിലേയ്ക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥൻ മുഖാന്തിരം തയ്യാറാക്കുവാൻ പ്രാധികാരം നല്കാവുന്നതും അപ്രകാരം തയ്യാറാക്കപ്പെട്ട റിക്കാർഡോ, വിധിന്യായമോ അങ്ങനെയുള്ള മജിസ്ട്രേററ് ഒപ്പിടേണ്ടതും ആകുന്നു.

## അദ്ധ്യായം XXII

## കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടുന്ന ആളുകൾ ഹാജരാകുന്നത്

266. നിർവ്വചനങ്ങൾ.—ഈ അദ്ധ്യായത്തിൽ,—

(ക) "തടങ്കലിൽവയ്ക്കപ്പെട്ട" എന്നതിൽ, നിവാരകത്തടങ്കലിന് വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ തടങ്കലിൽ വയ്ക്കപ്പെട്ട എന്നത് ഉൾപ്പെടുന്നു;

(ഖ) "കാരാഗൃഹ"ത്തിൽ,—

(i) സാമാന്യമോ, പ്രത്യേകമോ ആയ ഉത്തരവിനാൽ സബ്സിഡിയറി ജയിലായി സ്റ്റേററ് ഗവൺമെൻറ് പ്രഖ്യാപിക്കുന്ന ഏതെങ്കിലും സ്ഥലവും;

(ii) ഏതെങ്കിലും ദുർഗ്ഗുണ പരിഹാര പാഠശാലയും, അല്ലെങ്കിൽ ബോഴ്സ്ററൽ സ്ഥാപനവും, അതേ പ്രകൃതത്തിലുള്ള മററു സ്ഥാപനവും ഉൾപ്പെടുന്നു.

267. തടവുകാർ ഹാജരാകണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം.—(1) ഈ നിയമ സംഹിതയിൻകീഴിലുള്ള ഒരു അന്വേഷണ വിചാരണയ്ക്കോ, വിചാരണയ്ക്കോ, മററു നടപടിയ്ക്കോ ഇടയിൽ ഒരു ക്രിമിനൽ കോടതിക്ക്,

(ക) കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടുന്ന ഒരാളെ ഒരു കുററത്തിനുള്ള ചാർജ്ജിന് മറുപടി പറയാനോ, അയാൾക്കെതിരായുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യത്തിനുവേണ്ടിയോ കോടതി മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നോ; അല്ലെങ്കിൽ;

(ഖ) അങ്ങനെയുള്ള ആളെ സാക്ഷിയായി വിസ്തരിക്കുന്നത് നീതിയുടെ ലക്ഷ്യങ്ങൾക്ക് ആവശ്യകമാണെന്നോ, കോടതിയ്ക്ക് തോന്നുമ്പോഴെല്ലാം അതതു സംഗതിപോലെ, ചാർജ്ജിന് മറുപടി പറയാനോ, അങ്ങനെയുള്ള നടപടിയുടെ ആവശ്യത്തിനുവേണ്ടിയോ തെളിവു നല്കുന്നതിനോ, അങ്ങനെയുള്ള ആളെ കോടതിമുമ്പാകെ ഹാജരാക്കുവാൻ കാരാഗൃഹത്തിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവ് ഒരു രണ്ടാംക്ലാസ് മജിസ്ട്രേററ് ചെയ്തിരിക്കുന്നിടത്ത്, അത് അങ്ങനെയുള്ള മജിസ്ട്രേററ് ഏതു ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിൻെറ കീഴിലാണോ ആ ചീഫ് ജുഡീഷ്യൽ

മജിസ്ട്രേററ്, അതിൽ മേലൊപ്പ് ഇടാത്തപക്ഷം, കാരാഗ്രഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് അയച്ചുകൊടുക്കുകയോ അയാരം അതനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ മേലൊപ്പിടുന്നതിന് സമർപ്പിക്കപ്പെടുന്ന ഏതൊരു ഉത്തരവിന്റേയുമോ, മജിസ്ട്രേററിന്റെ അഭിപ്രായത്തിൽ ആ ഉത്തരവു ആവശ്യമാക്കുന്ന വസ്തുതകളുടെ ഒരു സ്റേററ്മെന്റ് ഉണ്ടായിരിക്കേണ്ടതും ഏത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനാണോ അത് സമർപ്പിക്കപ്പെടുന്നത്, ആ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന് അങ്ങനെയുള്ള സ്റേററ്മെന്റ് പരിഗണിച്ചതിനുശേഷം ആ ഉത്തരവ് മേലൊപ്പിടാൻ വിസമ്മതിക്കാവുന്നതും ആണ്.

268. <u>267-ാം വകുപ്പിന്റെ പ്രവർത്തനത്തിൽനിന്ന് ചില ആളുകളെ ഒഴിച്ചു നിർത്താൻ സ്റേററ് ഗവൺമെന്റിനുള്ള അധികാരം</u>.—(1) സ്റേററ് ഗവൺമെന്റിന്, 2-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിഷയങ്ങരം കണക്കിലെടുത്തുകൊണ്ട്, ഏതു സമയത്തും സാമാന്യമോ, പ്രത്യേകമോ ആയ ഉത്തരവുവഴി ഏതെങ്കിലും ആളേയോ ഏതെങ്കിലും തരത്തിൽപെട്ട ആളുകളേയോ അയാളേയോ അവരേയോ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യുന്ന കാരാഗൃഹത്തിൽനിന്ന് നീക്കം ചെയ്യരുതെന്ന് നിർദേശിക്കാവുന്നതും, അപ്പോരം, ആ ഉത്തരവ് പ്രാബല്യത്തിലിരിക്കുന്നിടത്തോളം, 267-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന യാതൊരു ഉത്തരവിനും, അതു സ്റേററ് ഗവൺമെന്റിന്റെ ഉത്തരവിന് മുമ്പോ പിമ്പോ ഉള്ളതായിരുന്നാലും, അങ്ങനെയുള്ള ആളെയോ തരത്തിൽപെട്ട ആളുകളെയോ സംബന്ധിച്ച് പ്രഭാവമുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവു ചെയ്യുന്നതിനു മുമ്പ്, സ്റേററ്ഗവൺമെന്റ് താഴെ പറയുന്ന വിഷയങ്ങരം കണക്കിലെടുക്കേണ്ടതാണ്, അതായത്:—

(ക) ആ ആളേയൊ തരത്തിൽപ്പെട്ട ആളുകളേയൊ കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യാൻ ഉത്തരവ് ചെയ്തത് ഏത് കുററത്തിനാണോ, ആ കുററത്തിന്റെ സ്വഭാവവും, ഏത് കാരണങ്ങളിൻമേലാണോ ആ കാരണങ്ങളും,

(ഖ) ആ ആളേയൊ തരത്തിൽപെട്ട ആളുകളേയൊ കാരാഗൃഹത്തിൽനിന്ന് നീക്കം ചെയ്യുവാൻ അനുവദിക്കുന്നുവെങ്കിൽ, പൊതു സമാധാനത്തിന് കലക്കമുണ്ടാകാനുള്ള സംഭാവ്യത;

(ഗ) പൊതു താത്പര്യം, സാമാന്യമായി.

269. <u>കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ചില സന്ദർഭങ്ങളിൽ ഉത്തരവ് നടപ്പാക്കാതിരിക്കണമെന്ന്</u>.— ആരെ സംബന്ധിച്ചാണോ 267-ാം വകുപ്പിൻകീഴിൽ ഒരു ഉത്തരവ് ചെയ്തിട്ടുള്ളത്, ആ ആരം—

(ക) രോഗമോ, ദൗർബല്യമോ കാരണം കാരാഗൃഹത്തിൽനിന്ന് നീക്കം ചെയ്യപ്പെടുവാൻ പററാത്ത ആളായിരിക്കുകയോ; അല്ലെങ്കിൽ

(ഖ) വിചാരണയ്ക്ക് കമ്മിററ് ചെയ്യപ്പെട്ട ആളായിരിക്കുകയോ, വിചാരണ നിലവിലിരിക്കെ അല്ലെങ്കിൽ പ്രാരംഭാന്വേഷണം നിലവിലിരിക്കെ റിമാൻഡിലായിരിക്കുകയോ; അല്ലെങ്കിൽ

(ഗ) ഉത്തരവ് അനുസരിക്കുന്നതിനും, അയാളെ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്തിട്ടുള്ള കാരാഗൃഹത്തിലേയ്ക്ക് അയാളെ തിരിയെ കൊണ്ടുപോകുന്നതിനും വേണ്ട സമയം അവസാനിക്കുന്നതിനു

മുമ്പ്, അവസാനിക്കുന്ന ഒരു കാലത്തേയ്ക്കുള്ള കസ്റ്റഡിയിലായിരിക്കുകയോ; അല്ലെങ്കിൽ

(ഘ) 268-ാം വകുപ്പിൻകീഴിൽ സ്റ്റേററ് ഗവൺമെൻറ് ചെയ്തിട്ടുള്ള ഉത്തരവ് ബാധകമാകുന്ന ആളാം ആയിരിക്കുകയോ,

ചെയ്യുന്നിടത്ത്, കാരാഗൃഹത്തിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ കോടതിയുടെ ഉത്തരവ് നടപ്പാക്കാതിരിക്കുകയും അപ്രകാരം നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണങ്ങളുടെ ഒരു സ്റ്റേററുമെൻറ് കോടതിക്ക് അയക്കുകയും ചെയ്യേണ്ടതാകുന്നു;

എന്നാൽ, അങ്ങനെയുള്ള ആരം ഹാജരാകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് കാരാഗൃഹത്തിൽനിന്ന് ഇരുപത്തഞ്ച് കിലോമീററിൽ കൂടുതൽ ദൂരെയല്ലാത്ത ഒരു സ്ഥലത്തുവച്ച് തെളിവുനല്കുന്നതിന് ആയിരിക്കുന്നിടത്ത്, കാരാഗൃഹത്തിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ (ഖ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കാരണത്താൽ അപ്രകാരം നടപ്പാക്കാതിരിക്കാൻ പാടുള്ളതല്ല.

270. തടവുകാരനെ കോടതിയിലേക്ക് കസ്റ്റഡിയിൽ കൊണ്ടുവരണമെന്ന്.—267-ാംവകുപ്പ് (1)-ാംഉപവകുപ്പിൻകീഴിൽ ചെയ്തിട്ടുള്ളതും, ആവശ്യമായിട്ടുള്ളിടത്ത് അതിലെ (2)-ാം ഉപവകുപ്പിൻകീഴിൽ മുറപ്രകാരം മേലൊപ്പിട്ടിട്ടുള്ളതുമായ ഒരു ഉത്തരവ് ഡെലിവറി ചെയ്യുന്നതിൻമേൽ, കാരാഗൃഹത്തിൻെറ ചാർജുള്ള ഉദ്യോഗസ്ഥൻ ഉത്തരവിൽ പേർ പറഞ്ഞിട്ടുള്ള ആളൊ അയാരം ഹാജരാകേണ്ടത് ഏത് കോടതിയിലാണോ, ആ കോടതിയിലേക്ക്, ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്ത് അയാരം അവിടെ സന്നിഹിതനാകത്തക്കവണ്ണം കൊണ്ടുചെല്ലാൻ ഇടയാക്കുകയും അയാളെ വിസ്തരിക്കുന്നതുവരേയൊ, അയാളെ തടഞ്ഞുവച്ചിരുന്നതോ തടങ്കലിൽ വച്ചിരിക്കുന്നതോ ആയ കാരാഗൃഹത്തിലേക്ക് അയാളെ തിരിയെ കൊണ്ടുപോകുന്നതിന് കോടതി തനിക്ക് പ്രാധികാരം നല്കുന്നതുവരേയൊ, അയാളെ കോടതിയിലോ കോടതിയുടെ അടുത്തോ കസ്റ്റഡിയിൽ വയ്പിക്കുകയും ചെയ്യേണ്ടതും, ഇത് 269-ാം വകുപ്പിലെ വ്യവസ്ഥകരംക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

271. കാരാഗൃഹത്തിലുള്ള സാക്ഷിയെ വിസ്തരിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിക്കാനുള്ള അധികാരം.— ഈ അദ്ധ്യായത്തിലെ വ്യവസ്ഥകരം, കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടുന്ന ഏതെങ്കിലും ആളെ സാക്ഷിയായി വിസ്തരിക്കുന്നതിന്, 284-ാം വകുപ്പിൻകീഴിൽ കമ്മീഷൻ പുറപ്പെടുവിക്കാനുള്ള കോടതിയുടെ അധികാരത്തിന് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതും ; XXIII-ാംഅദ്ധ്യായത്തിലെ ഖ ഭാഗത്തിലെ വ്യവസ്ഥകരം കാരാഗൃഹത്തിലുള്ള അങ്ങനെയുള്ള ഏതെങ്കിലും ആളെ കമ്മീഷൻ മുഖാന്തിരം വിസ്തരിക്കുന്നതിന് മറേറതെങ്കിലും ആളെ കമ്മീഷൻ മുഖാന്തിരം വിസ്തരിക്കുന്നതും സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതുമാണ്.

## അദ്ധ്യായം XXIII

## അന്വേഷണ വിചാരണകളിലേയും വിചാരണകളിലേയും തെളിവ്

### ക-തെളിവ് എടുക്കുകയും റിക്കാർഡാക്കുകയും ചെയ്യുന്ന സമ്പ്രദായം

272. കോടതികളിലെ ഭാഷ.—സ്റ്റേററ് ഗവൺമെൻറിന് ഈ നിയമസംഹിതയുടെ ആവശ്യങ്ങരംക്ക്, സ്റ്റേററിലെ ഹൈക്കോടതിയല്ലാത്ത ഓരോ കോടതിയിലെയും ഭാഷ എന്തായിരിക്കണമെന്ന് നിശ്ചയിക്കാവുന്നതാണ്.

273. തെളിവ് പ്രതിയുടെ സാന്നിദ്ധ്യത്തിൽ എടുക്കണമെന്ന്.— മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, വിചാരണയ്ക്കോ മററു നടപടിക്കോ ഇടയിൽ എടുക്കുന്ന എല്ലാ തെളിവും പ്രതിയുടെ സാന്നിദ്ധ്യത്തിലോ, അയാം നേരിട്ട് ഹാജരാകുന്നതു വേണ്ടെന്ന് വച്ചിട്ടുള്ളപ്പോം, അയാളുടെ വക്കീലിൻെറ സാന്നിദ്ധ്യത്തിലോ എടുക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ ''പ്രതി'' എന്നതിൽ, ആരെ സംബന്ധിച്ചാണോ ഈ നിയമസംഹിതയിൻ കീഴിൽ VIII-ാം അദ്ധ്യായത്തിൻ കീഴിലുള്ള ഏതെങ്കിലും നടപടി ആരംഭിക്കപ്പെട്ടിട്ടുള്ളത്, അയാം ഉംപ്പെടുന്നു.

274. സമൻസ് കേസ്സുകളിലേയും അന്വേഷണ വിചാരണകളിലേയും റിക്കാർഡ്.—(1) മജിസ്ട്രേററിൻെറ മുമ്പാകെ വിചാരണ ചെയ്യപ്പെടുന്ന എല്ലാ സമൻസ് കേസ്സുകളിലും, 145 മുതൽ 148 വരെ (രണ്ടും ഉംപ്പെടെ) വകുപ്പുകളിൻകീഴിലുള്ള എല്ലാ അന്വേഷണ വിചാരണകളിലും, വിചാരണയ്ക്കിടയിലുള്ളതല്ലാത്ത 446-ാംവകുപ്പിൻകീഴിലെ എല്ലാ നടപടികളിലും,'മജിസ്ട്രേററ്, ഓരോ സാക്ഷിയുടേയും വിസ്താരം തുടർന്നുകൊണ്ടിരിക്കെ, കോടതിയിലെ ഭാഷയിൽ, അയാളുടെ തെളിവിൻെറ സാരാംശത്തിൻെറ മെമ്മോറാണ്ടം ഉണ്ടാക്കേണ്ടതാകുന്നു.

എന്നാൽ, മജിസ്ട്രേററിന് സ്വയം അങ്ങനെയുള്ള മെമ്മോറാണ്ടം ഉണ്ടാക്കുവാൻ കഴിയുന്നില്ലെങ്കിൽ, അദ്ദേഹം തനിക്ക് കഴിയാത്തതിനുള്ള കാരണം റിക്കാർഡാക്കിയതിനുശേഷം, അങ്ങനെയുള്ള മെമ്മോറാണ്ടം തുറന്ന കോടതിയിൽ ലിഖിതമായോ താൻ പറഞ്ഞുകൊടുത്തതിൽനിന്നോ ഉണ്ടാക്കിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മെമ്മോറാണ്ടം മജിസ്ട്രേററ് ഒപ്പിടേണ്ടതും, അത് റിക്കാർഡിൻെറ ഭാഗമായിത്തീരുന്നതും ആകുന്നു.

275. വാറൻറ് കേസ്സുകളിലെ റിക്കാർഡ്.—(1) മജിസ്ട്രേററിൻെറ മുമ്പാകെ വിചാരണ ചെയ്യപ്പെടുന്ന എല്ലാ വാറണ്ട് കേസ്സുകളിലും, ഓരോ സാക്ഷിയുടേയും തെളിവ് ആ സാക്ഷിയുടെ വിസ്താരം തുടർന്നുകൊണ്ടിരിക്കെ മജിസ്ട്രേററ് തന്നെയോ, തുറന്ന കോടതിയിൽ അദ്ദേഹംപറഞ്ഞുകൊടുത്തതിൽനിന്നോ, അല്ലെങ്കിൽ ശാരീരികമോ മററു വിധത്തിലുള്ളതോ ആയ കഴിവുകേടുകാരണം അദ്ദേഹത്തിന് അപ്രകാരം ചെയ്യുവാൻ കഴിയാത്തിടത്ത്, അദ്ദേഹത്തിൻെറ നിദേശത്തിനും മേലന്വേഷണത്തിനും കീഴിൽ അദ്ദേഹം ഇതിലേക്ക് നിയമിക്കുന്ന കോടതിയിലെ ഒരു ഉദ്യോഗസ്ഥനോ എഴുതി എടുക്കേണ്ടതാകുന്നു.

(2) മജിസ്ട്രേററ്, തെളിവ് എഴുതിയെടുപ്പിക്കുന്നിടത്ത്, അദ്ദേഹം (1)-ാം ഉപവകുപ്പിൽ പരാമർശിച്ച കാരണങ്ങളാൽ തെളിവ് തനിക്ക് സ്വയം എഴുതിയെടുക്കാൻ കഴിഞ്ഞില്ലെന്നുള്ള ഒരു സർട്ടിഫിക്കററ് റിക്കാർഡാക്കേണ്ടതാകുന്നു.

(3) അങ്ങനെയുള്ള തെളിവ് സാധാരണമായി ആഖ്യാന രൂപത്തിൽ എഴുതിയെടുക്കേണ്ടതും; എന്നാൽ മജിസ്ട്രേററിന് സ്വവിവേകം ഉപയോഗിച്ച് അങ്ങനെയുള്ള തെളിവിൻെറ ഏതെങ്കിലും ഭാഗം ചോദ്യോത്തരരൂപത്തിൽ എഴുതിയെടുക്കുകയോ എഴുതിയെടുപ്പിക്കുകയോ ചെയ്യാവുന്നതുമാണ്.

(4) അപ്രകാരം എഴുതിയെടുക്കുന്ന തെളിവ് മജിസ്ട്രേററ് ഒപ്പിടേണ്ടതും അത്, റിക്കാർഡിൻെറ ഭാഗമായിത്തീരുന്നതും ആകുന്നു.

276. സെഷൻസ് കോടതിമുമ്പാകെയുള്ള വിചാരണയിലെ റിക്കാർഡ്.—(1) സെഷൻസ് കോടതി മുമ്പാകെയുള്ള എല്ലാ വിചാരണകളിലും, ഓരോ സാക്ഷിയുടേയും തെളിവ്, ആ സാക്ഷിയുടെ വിസ്താരം തുടർന്നുകൊണ്ടിരിക്കെ, അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജി തന്നെയോ അല്ലെങ്കിൽ തുറന്ന കോടതിയിൽ അദ്ദേഹം പറഞ്ഞുകൊടുക്കുന്നതിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നിദേശത്തിനും മേലന്വേഷണത്തിനും കീഴിൽ അദ്ദേഹം ഇതിലേക്ക് നിയമിക്കുന്ന കോടതിയിലെ ഒരു ഉദ്യോഗസ്ഥനോ എഴുതിയെടുക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള തെളിവ് സാധാരണമായി ചോദ്യോത്തര രൂപത്തിൽ എഴുതിയെടുക്കേണ്ടതും ; എന്നാൽ അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിക്ക് സ്വവിവേകം ഉപയോഗിച്ച് അങ്ങനെയുള്ള തെളിവ് മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ആഖ്യാനരൂപത്തിൽ എഴുതിയെടുക്കുകയോ എഴുതിയെടുപ്പിക്കുകയോ ചെയ്യാവുന്നതുമാണ്.

(3) അപ്രകാരം എഴുതിയെടുക്കുന്ന തെളിവ് അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജി ഒപ്പിടേണ്ടതും, അതു റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും, ആകുന്നു.

277. തെളിവ് റിക്കാർഡിന്റെ ഭാഷ.—275-ാം വകുപ്പിനോ 276-ാം വകുപ്പിനോ കീഴിൽ തെളിവ് എഴുതിയെടുക്കപ്പെടുന്ന ഏതൊരു കേസ്സിലും.—

(ക) സാക്ഷി കോടതിയിലെ ഭാഷയിൽ തെളിവ് നല്കുന്നുവെങ്കിൽ, അത് ആ ഭാഷയിൽ എഴുതിയെടുക്കേണ്ടതും ;

(ഖ) അയാാം മറ്റേതെങ്കിലും ഭാഷയിൽ തെളിവ് നല്കുന്നുവെങ്കിൽ, പ്രായോഗികമാണെങ്കിൽ, അത് ആ ഭാഷയിൽ എഴുതി എടുക്കാവുന്നതും, അപ്രകാരം ചെയ്യുന്നത് പ്രായോഗികമല്ലെങ്കിൽ, സാക്ഷിയുടെ വിസ്താരം തുടർന്നുകൊണ്ടിരിക്കെ കോടതിയിലെ ഭാഷയിൽ ആ തെളിവിന്റെ ശരിയായ തർജ്ജമ തയ്യാറാക്കേണ്ടതും, അത് മജിസ്ട്രേററോ അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിയോ ഒപ്പിട്ടിരിക്കേണ്ടതും, റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും ആകുന്നു.

(ഗ) തെളിവ് കോടതിയിലെ ഭാഷയല്ലാത്ത ഒരു ഭാഷയിൽ (ഖ) ഖണ്ഡത്തിൻകീഴിൽ എഴുതിയെടുക്കപ്പെടുന്നിടത്ത്, കോടതിയിലെ ഭാഷയിൽ അതിന്റെ തർജ്ജമ പ്രായോഗികമാകുന്നിടത്തോളം വേഗത്തിൽ തയ്യാറാക്കേണ്ടതും അത് മജിസ്ട്രേററോ, അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിയോ ഒപ്പിട്ടിരിക്കേണ്ടതും, റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും ആണ് :

എന്നാൽ (ഖ) ഖണ്ഡത്തിൻകീഴിൽ തെളിവ് ഇംഗ്ലീഷിൽ എടുക്കപ്പെടുകയും കോടതിയിലെ ഭാഷയിൽ അതിന്റെ തർജ്ജമയ്ക്ക് കക്ഷികളിൽ ആരും ആവശ്യപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ, കോടതിക്ക് അങ്ങനെയുള്ള തർജ്ജമ വേണ്ടെന്നുവയ്ക്കാവുന്നതാണ്.

278. അങ്ങനെയുള്ള തെളിവ് പൂർത്തിയാകുമ്പോൾ അതു സംബന്ധിച്ച നടപടിക്രമം.—(1) ഓരോ സാക്ഷിയുടേയും 275-ാം വകുപ്പിനോ, 276-ാം വകുപ്പിനോ കീഴിൽ എഴുതിയെടുക്കപ്പെടുന്ന തെളിവ് പൂർത്തിയാകുമ്പോൾ, അത് അയാൾക്ക്, പ്രതി ഹാജരുണ്ടെങ്കിൽ, അയാളുടേയോ അയാൾ വക്കീൽ മുഖാന്തിരം ഹാജരാകുന്നുവെങ്കിൽ അയാളുടെ വക്കീലിന്റേയോ സാന്നിദ്ധ്യത്തിൽ വായിച്ചുകൊടുക്കേണ്ടതും, ആവശ്യമാണെങ്കിൽ തിരുത്തപ്പെടേണ്ടതും ആകുന്നു.

(2) സാക്ഷിക്ക് തെളിവ് വായിച്ചുകൊടുക്കുമ്പോൾ അയാൾ അതിന്റെ ഏതെങ്കിലും ഭാഗം ശരിയാണെന്നുള്ളത് നിഷേധിക്കുന്നുവെങ്കിൽ, മജിസ്ട്രേററിനോ അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിക്കോ തെളിവ് തിരുത്തുന്നതിനുപകരം അതിൻമേൽ സാക്ഷി അതിനെക്കുറിച്ച് ഉന്നയിക്കുന്ന ആക്ഷേപത്തിന്റെ ഒരു മെമ്മോറാണ്ടം കുറിക്കാവുന്നതും, തനിക്ക് ആവശ്യമാണെന്ന് തോന്നുന്ന റിമാർക്കുകൾ അദ്ദേഹം കൂട്ടിച്ചേർക്കേണ്ടതും ആകുന്നു.

(3) തെളിവ് റിക്കാർഡാക്കുന്നത് അത് നല്കപ്പെട്ട ഭാഷയിൽനിന്ന് വ്യത്യസ്തമായ ഒരു ഭാഷയിലായിരിക്കുകയും, സാക്ഷിക്ക് ആ ഭാഷ മനസിലാകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ റിക്കാർഡ് അത് നല്കപ്പെട്ട ഭാഷയിലോ അയാൾക്ക് മനസ്സിലാവുന്ന ഒരു ഭാഷയിലോ അയാൾക്ക് ഭാഷാന്തരികരിച്ചുകൊടുക്കേണ്ടതാകുന്നു.

279. പ്രതിയ്ക്കോ അയാളുടെ വക്കീലിനോ തെളിവ് ഭാഷാന്തരീകരിച്ച് കൊടുക്കുന്നത്.—(1) ഏതെങ്കിലും തെളിവ് പ്രതിയ്ക്ക് മനസിലാകാത്ത ഭാഷയിൽ നല്കപ്പെടുകയും, അയാൾ കോടതിയിൽ നേരിട്ട് സന്നിഹിതനായിരിക്കുകയും ചെയ്യുമ്പോഴെല്ലാം, അത് അയാൾക്ക് തുറന്ന കോടതിയിൽ അയാൾക്ക് മനസ്സിലാവുന്ന ഒരു ഭാഷയിൽ ഭാഷാന്തരീകരിച്ചു കൊടുക്കേണ്ടതാകുന്നു.

(2) അയാൾ വക്കീൽ മുഖാന്തരം ഹാജരാവുകയും, തെളിവ് കോടതിയിലെ ഭാഷയല്ലാത്തതും വക്കീലിന് മനസ്സിലാകാത്തതും ആയ ഒരു ഭാഷയിൽ നല്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, അത് അങ്ങനെയുള്ള വക്കീലിന് കോടതിയിലെ ഭാഷയിൽ ഭാഷാന്തരീകരിച്ചുകൊടുക്കേണ്ടതാകുന്നു.

(3) രേഖകൾ ഔപചാരികമായി തെളിയിക്കപ്പെടുന്നതിനുവേണ്ടി ഹാജരാക്കിയിരിക്കുമ്പോൾ, അതിൽ ആവശ്യകമാണെന്ന് തോന്നുന്നിടത്തോളം ഭാഷാന്തരീകരിച്ചുകൊടുക്കുന്നത് കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് ചെയ്യേണ്ട കാര്യമാകുന്നു.

280. സാക്ഷിയുടെ ചേഷ്ടിതം സംബന്ധിച്ച റിമാർക്കുകൾ.—അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിയോ, മജിസ്ട്രേററോ, ഒരു സാക്ഷിയുടെ തെളിവ് റിക്കാർഡാക്കിയിട്ടുള്ളപ്പോൾ, വിസ്തരിക്കപ്പെട്ടുകൊണ്ടിരിക്കെ അങ്ങനെയുള്ള സാക്ഷിയുടെ ചേഷ്ടിതം സംബന്ധിച്ച് സാരവത്താണെന്ന് തനിക്ക് തോന്നുന്ന റിമാർക്കുകൾകൂടി (വല്ലതും ഉണ്ടെങ്കിൽ) അദ്ദേഹം റിക്കാർഡാക്കേണ്ടതാകുന്നു.

281. പ്രതിയുടെ വിസ്താരത്തിന്റെ റിക്കാർഡ്.—(1) പ്രതി ഒരു മഹാനഗര മജിസ്ട്രേററിനാൽ വിസ്തരിക്കപ്പെടുമ്പോഴെല്ലാം മജിസ്ട്രേററ് പ്രതിയുടെ വിസ്താരത്തിന്റെ സാരാംശത്തിന്റെ ഒരു മെമ്മോറാണ്ടം കോടതിയിലെ ഭാഷയിൽ കുറിക്കേണ്ടതും, അങ്ങനെയുള്ള മെമ്മോറാണ്ടം മജിസ്ട്രേററ് ഒപ്പിടേണ്ടതും റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും ആകുന്നു.

(2) മഹാനഗരമജിസ്ട്രേററ് അല്ലാത്ത ഏതെങ്കിലും മജിസ്ട്രേററോ, സെഷൻസ് കോടതിയോ, പ്രതിയെ വിസ്തരിക്കുമ്പോഴെല്ലാം, അയാളോട് ചോദിക്കുന്ന ഏതൊരു ചോദ്യവും അയാൾ നല്കുന്ന ഏതൊരു ഉത്തരവും ഉൾപ്പെടെ, അങ്ങനെയുള്ള വിസ്താരം മുഴുവനും, അദ്ധ്യക്ഷതവഹിക്കുന്ന ജഡ്ജിയോ മജിസ്ട്രേട്ടോ, താൻതന്നെയോ അല്ലെങ്കിൽ ശാരീരികമോ മററുവിധത്തിലുള്ളതോ ആയ കഴിവുകേട് കാരണം അദ്ദേഹത്തിന് അപ്രകാരം ചെയ്യുവാൻ കഴിയാത്തിടത്ത്, അദ്ദേഹത്തിന്റെ നിദേശത്തിനും മേലന്വേഷണത്തിനും കീഴിൽ, അദ്ദേഹം ഇതിലേക്ക്

നിയമിക്കുന്ന കോടതിയിലെ ഒരു ഉദ്യോഗസ്ഥനോ, പൂർണ്ണമായി റിക്കാർഡാക്കേണ്ടതാകുന്നു.

(3) ആ റിക്കാർഡ്, പ്രായോഗികമാണെങ്കിൽ, പ്രതിവിസ്തരിക്കപ്പെടുന്ന ഭാഷയിലായിരിക്കേണ്ടതും, അത് പ്രായോഗികമല്ലെങ്കിൽ കോടതിയിലെ ഭാഷയിലായിരിക്കേണ്ടതും ആണ്.

(4) ആ റിക്കാർഡ് പ്രതിക്ക് കാണിച്ചുകൊടുക്കുകയോ വായിച്ചുകൊടുക്കുകയോ, അത് എഴുതിയഭാഷ അയാൾക്ക് മനസ്സിലാകുന്നില്ലെങ്കിൽ, അത് അയാൾക്ക് മനസ്സിലാകുന്ന ഒരു ഭാഷയിൽ അയാൾക്ക് ഭാഷാന്തരീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതും, അയാൾക്ക് അയാളുടെ ഉത്തരങ്ങൾ വിശദീകരിക്കുവാനോ, അവയോട് കൂട്ടിച്ചേർക്കാനോ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും ആണ്.

(5) അതിനുശേഷം പ്രതിയും മജിസ്ട്രേറ്റും അല്ലെങ്കിൽ അദ്ധ്യക്ഷതവഹിക്കുന്ന ജഡ്ജിയും അത് ഒപ്പിടേണ്ടതും, വിസ്താരം ചെയ്തത് തന്റെ സാന്നിദ്ധ്യത്തിലും താൻ കേൾക്കെയും ആയിരുന്നു എന്നും ആ റിക്കാർഡ് പ്രതിചെയ്ത സ്റ്റേറ്റ്മെന്റിന്റെ പൂർണ്ണവും സത്യസന്ധവുമായ വിവരണം അടങ്ങിയതാണെന്നും മജിസ്ട്രേറ്റോ, ജഡ്ജിയോ സ്വന്തം കൈപ്പടയിൽ സർട്ടിഫൈ ചെയ്യേണ്ടതും ആകുന്നു.

(6) ഈ വകുപ്പിലെ യാതൊന്നും, പ്രതിയുടെ ഒരു സമ്മറി വിചാരണയ്ക്കിടയിലുള്ള വിസ്താരത്തിന് ബാധകമാകുന്നതായി കരുതപ്പെടുന്നതല്ല.

282. ദ്വിഭാഷി സത്യസന്ധമായി ഭാഷാന്തരീകരിക്കാൻ ബാദ്ധ്യസ്ഥനാണെന്ന്.—ഏതെങ്കിലും തെളിവോ സ്റ്റേറ്റ്മെന്റോ ഭാഷാന്തരീകരിക്കുന്നതിന് ഏതെങ്കിലും ക്രിമിനൽ കോടതിക്ക് ദ്വിഭാഷിയുടെ സേവനം ആവശ്യമായി വരുമ്പോൾ, അയാൾ അങ്ങനെയുള്ള തെളിവിന്റേയോ സ്റ്റേറ്റ്മെന്റിന്റേയോ സത്യസന്ധമായ ഭാഷാന്തരീകരണം നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

283. ഹൈക്കോടതിയിലെ റിക്കാർഡ്.—ഓരോ ഹൈക്കോടതിക്കും, അതിന്റെ മുമ്പാകെ വരുന്ന കേസ്സുകളിൽ സാക്ഷികളുടെ തെളിവും പ്രതിയുടെ വിസ്താരവും എഴുതി എടുക്കപ്പെടേണ്ടരീതി സാമാന്യമായ ചട്ടംവഴി നിർണ്ണയിക്കാവുന്നതും, അങ്ങനെയുള്ള തെളിവും വിസ്താരവും അങ്ങനെയുള്ള ചട്ടം അനുസരിച്ച് എഴുതി എടുക്കേണ്ടതും ആകുന്നു.

ഖ.—സാക്ഷികളുടെ വിസ്താരത്തിനുള്ള കമ്മീഷനുകൾ

284. എപ്പോൾ സാക്ഷികൾ ഹാജരാകുന്നത് വേണ്ടെന്ന് വയ്ക്കുകയും കമ്മീഷൻ പുറപ്പെടുവിക്കുകയും ചെയ്യാമെന്ന്.—(1) ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണവിചാരണയ്ക്കോ വിചാരണയ്ക്കോ മററ് നടപടിക്ക് ഇടയിൽ സാക്ഷിയെ വിസ്തരിക്കേണ്ടത് നീതിയുടെ ലക്ഷ്യങ്ങൾക്ക് ആവശ്യകമാണെന്നും, കേസ്സിന്റെ പരിതഃസ്ഥിതികളിൽ ന്യായമില്ലാത്ത കാലതാമസമോ ചെലവോ അസൗകര്യമോ കൂടാതെ അങ്ങനെയുള്ള സാക്ഷിയെ ഹാജരാക്കിക്കാൻ കഴിയുകയില്ലെന്നും കോടതിക്കോ മജിസ്ട്രേററിനോ തോന്നുമ്പോഴെല്ലാം കോടതിയ്ക്കോ മജിസ്ട്രേററിനോ അങ്ങനെ ഹാജരാകുന്നത് വേണ്ടെന്ന് വയ്ക്കാവുന്നതും, സാക്ഷിയുടെ വിസ്താരത്തിന് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ പുറപ്പെടുവിക്കാവുന്നതും ആണ്" ;

എന്നാൽ, ഇൻഡ്യയുടെ രാഷ്ട്രപതിയേയോ ഉപരാഷ്ട്രപതിയേയോ ഒരു സ്റ്റേററിലെ ഗവർണ്ണറേയോ ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെ ഭരണ കർത്താവിനേയോ സാക്ഷിയായി വിസ്തരിക്കേണ്ടത് നീതിയുടെ ലക്ഷ്യങ്ങൾക്ക് ആവശ്യകമായിരിക്കുന്നിടത്ത്, അങ്ങനെയുള്ള സാക്ഷിയുടെ വിസ്താരത്തിന് കമ്മീഷൻ പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) പ്രാസിക്യൂഷൻ ഭാഗം സാക്ഷിയുടെ വിസ്താരത്തിന് കമ്മീഷൻ പുറപ്പെടുവിക്കുമ്പോൾ, വക്കീൽ ഫീസ് ഉൾപ്പെടെ, പ്രതിയുടെ ചെലവുകൾ നേരിടുന്നതിന്, ന്യായമാണെന്ന് കോടതി കരുതുന്ന തുക പ്രാസിക്യൂഷൻ കൊടുക്കേണ്ടതാണെന്ന് കോടതിക്ക് നിദേശിക്കാവുന്നതാണ്.

285. ആർക്കാണ് കമ്മീഷൻ അധികാരപ്പെടുത്തിക്കൊടുക്കേണ്ടതെന്ന്.— (1) സാക്ഷി ഈ നിയമസംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾക്കുള്ളിലാണെങ്കിൽ, കമ്മീഷൻ, അതത് സംഗതിപോലെ, ഏത് ചീഫ് മഹാനഗര മജിസ്ട്രേററിൻേറയോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിൻേറയോ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ സാക്ഷിയെ കാണുന്നത്, ആ ചീഫ് മഹാനഗര മജിസ്ട്രേററിനോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനോ അധികാരപ്പെടുത്തിക്കൊടുക്കേണ്ടതാകുന്നു.

(2) സാക്ഷി, ഇൻഡ്യയിൽ, എന്നാൽ ഈ നിയമസംഹിത വ്യാപിക്കുന്നതല്ലാത്ത ഒരു സ്റ്റേററിലോ പ്രദേശത്തോ ആണെങ്കിൽ, കമ്മീഷൻ കേന്ദ്രഗവൺമെൻറ് വിജ്ഞാപനംവഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന കോടതിക്കോ ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിക്കൊടുക്കേണ്ടതാകുന്നു.

(3) സാക്ഷി, ഇൻഡ്യയ്ക്കു പുറത്തുള്ള ഒരു രാജ്യത്തോ സ്ഥലത്തോ ആയിരിക്കുകയും, ക്രിമിനൽ വിഷയങ്ങൾ സംബന്ധിച്ച് സാക്ഷിയുടെ തെളിവ് എടുക്കുന്നതിന് അങ്ങനെയുള്ള രാജ്യത്തേയോ സ്ഥലത്തേയോ ഗവൺമെൻറുമായി കേന്ദ്രഗവൺമെൻറ് ഏർപ്പാടുകൾ ഉണ്ടാക്കിയിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കമ്മീഷൻ, കേന്ദ്രഗവൺമെൻറ് വിജ്ഞാപനം വഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന ഫാറത്തിൽ പുറപ്പെടുവിക്കുകയും, അങ്ങനെ വിനിർദ്ദേശിക്കുന്ന കോടതിക്കോ ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിക്കൊടുക്കുകയും, അത് എത്തിച്ചുകൊടുക്കുന്നതിനായി അങ്ങനെ വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിന് അയക്കുകയും ചെയ്യേണ്ടതാകുന്നു.

286. കമ്മീഷനുകളുടെ നിർവ്വഹണം.— കമ്മീഷൻ കിട്ടുമ്പോൾ, ചീഫ് മഹാനഗരമജിസ്ട്രേററോ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്ക് നിയമിക്കുന്ന മഹാനഗരമജിസ്ട്രേററോ, ജുഡീഷ്യൽ മജിസ്ട്രേററോ സാക്ഷിയെ തൻെറ മുമ്പാകെ സമൺ ചെയ്യുകയോ സാക്ഷിയുള്ള സ്ഥലത്തേയ്ക്ക് പോവുകയോ ചെയ്യേണ്ടതും; ഈ നിയമസംഹിതയിൽ കീഴിൽ വാറൻറ് കേസ്സുകളുടെ വിചാരണയിലെന്നപോലെ അതേ രീതിയിൽ അയാളുടെ തെളിവ് എഴുതിയെടുക്കേണ്ടതും, അദ്ദേഹത്തിന് ഈ ആവശ്യത്തിലേക്ക് അതേ അധികാരങ്ങൾ പ്രയോഗിക്കാവുന്നതും ആണ്.

287. കക്ഷികൾക്ക് സാക്ഷികളെ വിസ്തരിക്കാമെന്ന്.— (1) കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഈ നിയമ സംഹിതയിൻകീഴിലെ ഏതെങ്കിലും നടപടിയിലെ കക്ഷികൾക്ക്, യഥാക്രമം വിവാദ്യവിഷയം സംബന്ധിച്ച് പ്രസക്തമാണെന്ന്, കമ്മീഷൻ പുറപ്പെടുവിക്കുന്ന കോടതിക്കോ മജിസ്ട്രേററിനോ തോന്നുന്ന ഏതെങ്കിലും ലിഖിതമായ ചോദ്യങ്ങൾ അയച്ചുകൊടുക്കാവുന്നതും, കമ്മീഷൻ ആർക്കാണോ അധികാരപ്പെടുത്തി

കൊടുത്തിട്ടുള്ളത്, ആ മജിസ്ട്രേററോ, കോടതിയോ, ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ അത് നിർവ്വഹിക്കാനുള്ള കർത്തവ്യം പ്രത്യായോജനം ചെയ്യപ്പെട്ടിട്ടുള്ള ആളോ അങ്ങനെയുള്ള ചോദ്യങ്ങളിൻമേൽ സാക്ഷികളെ വിസ്തരിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും ആണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും കക്ഷിക്ക്, അങ്ങനെയുള്ള മജിസ്ട്രേററിൻേറയോ, കോടതിയുടേയോ, ഉദ്യോഗസ്ഥൻേറയോ മുമ്പാകെ വക്കീൽ മുഖാന്തരമോ, കസ്ററഡിയിലല്ലെങ്കിൽ നേരിട്ടോ, ഹാജരാകാവുന്നതും മേല്പറഞ്ഞ സാക്ഷിയെ (അതതുസംഗതിപോലെ) വിസ്തരിക്കുകയോ, എതിർ വിസ്താരം ചെയ്യുകയോ, പുനർവിസ്താരം ചെയ്യുകയോ ചെയ്യാവുന്നതും ആണ്.

288. കമ്മീഷൻ മടക്കുന്നത്.— (1) 284-ാം വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും കമ്മീഷൻ മുറപ്രകാരം നിർവ്വഹിക്കപ്പെട്ടതിനുശേഷം, അത് അതിൻകീഴിൽ വിസ്തരിക്കപ്പെട്ട സാക്ഷിയുടെ മൊഴിയോടുകൂടി, കമ്മീഷൻ പുറപ്പെടുവിച്ച കോടതിക്കോ, മജിസ്ട്രേററിനോ മടക്കേണ്ടതും, കമ്മീഷനും, അതു മടക്കിയ രേഖയും, മൊഴിയും ന്യായമായ എല്ലാസമയത്തും കക്ഷികളുടെ പരിശോധനയ്ക്കായി പ്രാപ്യമാക്കേണ്ടതും, നീതിപൂർവ്വകമായ എല്ലാ അപവാദങ്ങൾക്കും വിധേയമായി ഇരു കക്ഷികളിൽ ആർക്കെങ്കിലും കേസ്സിൽ തെളിവായി വായിക്കാവുന്നതും, അവ റിക്കാർഡിൻെറ ഭാഗമായിത്തീരുന്നതും ആണ്.

(2) അപ്രകാരം എടുക്കപ്പെട്ട ഏതെങ്കിലും മൊഴി, ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1)-ലെ 33-ാം വകുപ്പ് നിർണ്ണയിക്കുന്ന ഉപാധികൾ നിറവേററുന്നു എങ്കിൽ, അത് കേസ്സിൻെറ മറെറാരു കോടതിമുമ്പാകെയുള്ള പിന്നീടുള്ള ഏതെങ്കിലും ഘട്ടത്തിലും തെളിവിൽ സ്വീകരിക്കപ്പെടാവുന്നതാണ്.

289. നടപടി നീട്ടിവയ്ക്കൽ.— 284-ാം വകുപ്പിൻകീഴിൽ കമ്മീഷൻ പുറപ്പെടുവിക്കപ്പെടുന്ന ഏതൊരു കേസ്സിലും, അന്വേഷണവിചാരണയോ വിചാരണയോ മററുനടപടിയോ, കമ്മീഷൻ നിർവ്വഹിച്ചു മടക്കാൻ ന്യായമായി മതിയായതും വിനിർദ്ദേശിക്കപ്പെടുന്നതും ആയ ഒരു സമയത്തേക്ക് നീട്ടിവയ്ക്കാവുന്നതാണ്.

290. വിദേശക്കമ്മീഷനുകളുടെ നിർവ്വഹണം.— (1) 286-ാം വകുപ്പിലെ വ്യവസ്ഥകളും, 287-ം 288-ം വകുപ്പുകളിൽ കമ്മീഷൻ നിർവ്വഹിച്ചു മടക്കുന്നത് സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥകളും, ഇതിനുശേഷം പറഞ്ഞിട്ടുള്ള ഏതെങ്കിലും കോടതികളിലോ ജഡ്ജിമാരിലോ മജിസ്ട്രേററ്മാരിലോ ആരെങ്കിലും പുറപ്പെടുവിക്കുന്ന കമ്മീഷനുകൾ സംബന്ധിച്ച്, അവ 284-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന കമ്മീഷനുകൾക്ക് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച കോടതികളും, ജഡ്ജിമാരും, മജിസ്ട്രേററുമാരും—

(ക) ഇൻഡ്യയിലെ, ഈ നിയമസംഹിത വ്യാപകമാകാത്ത ഒരു പ്രദേശത്തിനുള്ളിൽ അധികാരിത പ്രയോഗിക്കുന്നതും, കേന്ദ്രഗവൺമെൻറ് വിജ്ഞാപനംവഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്നതുമായ ഏതെങ്കിലും കോടതിയും ജഡ്ജിയും മജിസ്ട്രേററും;

(ഖ) ഇൻഡ്യയ്ക്ക് പുറത്തുള്ളതും കേന്ദ്രഗവൺമെൻറ് വിജ്ഞാപനംവഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്നതുമായ, രാജ്യത്തോ, സ്ഥലത്തോ അധികാരിത പ്രായോഗിക്കുകയും ആ രാജ്യത്തോ സ്ഥലത്തോ പ്രാബ

ല്യത്തിലുള്ള നിയമത്തിൻകീഴിൽ ക്രിമിനൽ വിഷയങ്ങൾ സംബന്ധിച്ച് സാക്ഷികളുടെ വിസ്താരത്തിന് കമ്മീഷനുകൾ പുറപ്പെടുവിക്കാൻ പ്രാധികാരമുണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും കോടതിയും ജഡ്ജിയും, മജിസ്ട്രേററും,

ആകുന്നു.

291. മെഡിക്കൽ സാക്ഷിയുടെ മൊഴി.— (1) പ്രതിയുടെ സാന്നിദ്ധ്യത്തിൽ മജിസ്ട്രേററ് എടുക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ ഈ അദ്ധ്യായത്തിൻകീഴിൽ കമ്മീഷൻ മുഖാന്തരം എടുത്തിട്ടുള്ളതോ ആയ ഒരു സിവിൽസർജ്ജൻേറയോ, മററു മെഡിക്കൽ സാക്ഷികളുടേയോ മൊഴി, മൊഴിനല്കുന്ന ആളെ സാക്ഷിയായി വിളിക്കുന്നില്ലെങ്കിലും, ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണവിചാരണയിലോ വിചാരണയിലോ, മററു നടപടിയിലോ തെളിവായി നല്കാവുന്നതാണ്.

(2) കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും മൊഴിനല്കുന്ന ആളെ, അയാൾ നല്കിയ മൊഴിയുടെ വിഷയം സംബന്ധിച്ച് സമൺ ചെയ്തു വിസ്തരിക്കാവുന്നതും, പ്രാസിക്യൂഷൻേറയോ, പ്രതിയുടേയോ അപേക്ഷയിൻമേലോ, അപ്രകാരം ചെയ്യേണ്ടതും ആകുന്നു.

292. കമ്മട്ടത്തിലെ ഉദ്യോഗസ്ഥൻമാരുടെ തെളിവ്.—(1) കമ്മട്ടത്തിലേയോ, ഇൻഡ്യാ സെക്യൂരിട്ടി പ്രസ്സിലേയോ (സ്ററാമ്പ്-സ്റേറഷനറി കൺട്രോളറുടെ ആഫീസ് ഉൾപ്പെടെ) കേന്ദ്രഗവൺമെൻറ്, വിജ്ഞാപനംവഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഗസററഡ് ഉദ്യോഗസ്ഥൻെറ കൈയൊപ്പോടുകൂടിയതും, ഈ നിയമസംഹിതയിൻ കീഴിലെ ഏതെങ്കിലും നടപടിക്കിടയിൽ പരിശോധനയ്ക്കും റിപ്പോർട്ടിനും ആയി, അയാൾക്ക് മുറപ്രകാരം അയച്ചിട്ടുള്ള ഏതെങ്കിലും പദാർത്ഥമോ സാധനമോ സംബന്ധിച്ചതും ആയ റിപ്പോർട്ടാണെന്ന് കരുതപ്പെടാവുന്ന ഏതെങ്കിലും രേഖ, അങ്ങനെയുള്ള ഉദ്യോഗസ്ഥനെ സാക്ഷിയായി വിളിച്ചിട്ടില്ലെങ്കിലും, ഈ നിയമസംഹിതയിൻകീഴിലെ ഏതെങ്കിലും അന്വേഷണവിചാരണയിലോ വിചാരണയിലോ മററു നടപടിയിലോ തെളിവായി ഉപയോഗിക്കാവുന്നതാണ്.

(2) കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെ അയാളുടെ റിപ്പോർട്ടിൻെറ വിഷയംസംബന്ധിച്ച് സമൺ ചെയ്തു വിസ്തരിക്കാവുന്നതാണ്;

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉദ്യോഗസ്ഥനും റിപ്പോർട്ട് ഏത് റിക്കാർഡുകളെ അടിസ്ഥാനമാക്കിയുള്ളതാണോ, ആ റിക്കാർഡുകൾ ഹാജരാക്കാനായി സമൺ ചെയ്യപ്പെടാൻ പാടുള്ളതല്ല.

(3) ഇൻഡ്യൻ തെളിവ് ആക്ററ്, 1872 (1872-ലെ 1)-ലെ 123-ം 124-ം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ, അങ്ങനെയുള്ള യാതൊരു ഉദ്യോഗസ്ഥനും, അതതു സംഗതിപോലെ, കമ്മട്ടം മാസ്റററുടേയോ ഇൻഡ്യാ സെക്യൂരിററി പ്രസ്സിൻേറയോ സ്ററാമ്പ്-സ്റേറഷനറി കൺട്രോളറുടേയോ അനുവാദംകൂടാതെ,—

(ക) റിപ്പോർട്ട്, പ്രസിദ്ധപ്പെടുത്താത്ത ഏത് ഔദ്യോഗിക റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയുള്ളതാണോ, ആ റിപ്പോർട്ട്, അങ്ങനെയുള്ള ഏതെങ്കിലും റിക്കാർഡുകളിൽനിന്ന് സിദ്ധിക്കുന്ന ഏതെങ്കിലും തെളിവ് നല്കുവാനോ ;

(ഖ) ആ പദാർത്ഥത്തിന്റേയോ, സാധനത്തിന്റേയോ പരിശോധനയ്ക്കിടയിൽ താൻ പ്രയോഗിച്ച ഏതെങ്കിലും വല്ല പരീക്ഷണത്തിന്റെ പ്രകൃതമോ വിവരങ്ങളോ വെളിപ്പെടുത്തുവാനോ,

അനുവദിക്കപ്പെടാൻ പാടുള്ളതല്ല.

293. ചില ഗവൺമെന്റ് ശാസ്ത്ര വിദഗ്ദ്ധൻമാരുടെ റിപ്പോർട്ടുകൾ.—(1) ഈ വകുപ്പ് ബാധകമാകുന്ന ഒരു ഗവൺമെന്റ് ശാസ്ത്രവിദഗ്ദ്ധന്റെ കൈയൊപ്പോടുകൂടിയതും, ഈ നിയമസംഹിതയ്ക്കുകീഴിലെ ഏതെങ്കിലും നടപടിക്കിടയിൽ പരിശോധനയ്ക്കും അല്ലെങ്കിൽ വിശ്ലേഷണത്തിനും റിപ്പോർട്ടിനും ആയി അയാൾക്ക് മുറപ്രകാരം അയച്ചിട്ടുള്ള ഏതെങ്കിലും പദാർത്ഥമോ സാധനമോ സംബന്ധിച്ചുള്ളതും ആയ ഒരു റിപ്പോർട്ടാണെന്ന് കരുതപ്പെടാവുന്ന ഏതെങ്കിലും രേഖ, ഈ നിയമസംഹിതയിൻ കീഴിലെ ഏതെങ്കിലും അന്വേഷണവിചാരണയിലോ വിചാരണയിലോ മററു നടപടിയിലോ തെളിവായി ഉപയോഗിക്കാവുന്നതാണ്.

(2) കോടതിക്ക്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും വിദഗ്ദ്ധനെ അയാളുടെ റിപ്പോർട്ടിന്റെ വിഷയംസംബന്ധിച്ച് സമൺ ചെയ്തു വിസ്തരിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള ഏതെങ്കിലും വിദഗ്ദ്ധനെ കോടതി സമൺ ചെയ്യുകയും, അയാൾക്ക് നേരിട്ട് ഹാജരാകാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, അയാൾക്ക് തന്നോട് നേരിട്ട് ഹാജരാകാൻ കോടതി പ്രകടമായി നിദേശിച്ചിട്ടില്ലാത്തപക്ഷം, തന്നോടൊപ്പം ജോലിചെയ്യുന്ന ഉത്തരവാദിത്വമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെ, അങ്ങനെയുള്ള ഉദ്യോഗസ്ഥന് കേസ്സിന്റെ വസ്തുതകളെപ്പററി നല്ലതുപോലെ അറിവുണ്ടായിരിക്കുകയും, തനിക്കുവേണ്ടി കോടതിയിൽ തൃപ്തികരമായി മൊഴിനല്കാൻ അയാൾക്ക് കഴിയുകയും ചെയ്യുന്നുവെങ്കിൽ, കോടതിയിൽ ഹാജരാകാൻ നിയോജിക്കാവുന്നതാണ്.

(4) ഈ വകുപ്പ് താഴെപ്പറയുന്ന ഗവൺമെന്റ് ശാസ്ത്രവിദഗ്ദ്ധൻമാർക്ക് ബാധകമാകുന്നു,

അതായത്:—

(ക) ഗവൺമെന്റിന്റെ ഏതെങ്കിലും കെമിക്കൽ എക്സാമിനർ, അല്ലെങ്കിൽ അസിസ്ററന്റ് കെമിക്കൽ എക്സാമിനർ ;

(ഖ) സ്ഫോടകവസ്തുക്കളുടെ ചീഫ് ഇൻസ്പെക്ററർ ;

(ഗ) വിരലടയാള ബ്യൂറോ ഡയറക്ററർ ;

(ഘ) ബോംബെ ഹാഫ്കീൻ ഇൻസ്ററിറ്റ്യൂട്ട് ഡയറക്ററർ ;

(ങ) ഒരു സെൻട്രൽ ഫോറൻസിക്ക് സയൻസ് ലാബൊറട്ടറിയുടേയോ, സ്റേറററ് ഫോറൻസിക്ക് സയൻസ് ലാബൊറട്ടറിയുടേയോ ഡയറക്ററർ ;

(ച) ഗവൺമെന്റ് സെറോലൊജിസ്ററ്.

294. ചില രേഖകൾ ഔപചാരികമായി തെളിയിക്കേണ്ടെന്ന്.—(1) പ്രാസിക്യൂഷനോ, പ്രതിയോ ഏതെങ്കിലും കോടതി മുമ്പാകെ ഏതെങ്കിലും രേഖ ഫയൽ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഏതൊരു രേഖയുടേയും വിവരം ഒരു ലിസ്ററിൽ ഉൾപ്പെടുത്തുകയും, അങ്ങനെയുള്ള ഓരോ രേഖയുടേയും യഥാർത്ഥത സമ്മതിക്കുകയോ നിഷേധിക്കുകയോ ചെയ്യാൻ, അതതു സംഗതിപോലെ, പ്രാസിക്യൂഷനോടോ പ്രതിയോടോ അല്ലെങ്കിൽ പ്രാസിക്യൂഷനോ പ്രതിക്കോ വക്കീലുണ്ടെങ്കിൽ, ആ വക്കീലിനോടോ ആവശ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു.

(2) രേഖകളുടെ ആ ലിസ്റ്റ് സ്റ്റേറ്റ്ഗവൺമെൻറ് നിർണ്ണയിക്കുന്ന ഫാറത്തിൽ ആയിരിക്കേണ്ടതാണ്.

(3) ഏതെങ്കിലും രേഖയുടെ യഥാർത്ഥത തർക്കിക്കപ്പെടാതിരിക്കുന്നിടത്ത്, അങ്ങനെയുള്ള രേഖ, അത് ഒപ്പിട്ടതായി കരുതപ്പെടാവുന്ന ആളുടെ ഒപ്പ് തെളിയിക്കാതെ ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണ വിചാരണയിലോ, വിചാരണയിലോ മററ് നടപടിയിലോ തെളിവായി വായിക്കപ്പെടാവുന്നതാണ്.

എന്നാൽ, കോടതിക്ക് സ്വവിവേകമുപയോഗിച്ച്, അങ്ങനെയുള്ള ഒപ്പ് തെളിയിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്;

295. പബ്ലിക് സർവൻറുമാരുടെ പെരുമാററം തെളിയിക്കുന്ന സത്യവാങ്മൂലം.—ഈ നിയമസംഹിതയിൻകീഴിലെ ഏതെങ്കിലും അന്വേഷണ വിചാരണയ്ക്കോ, വിചാരണയ്ക്കോ, മററു നടപടിയ്ക്കോ ഇടയിൽ ഏതെങ്കിലും അപേക്ഷ കൊടുത്തിരിക്കുകയും, അതിൽ ഏതെങ്കിലും പബ്ലിക് സർവൻറിനെ സംബന്ധിച്ച് ആരോപണങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അപേക്ഷകന് അപേക്ഷയിൽ ആരോപിക്കപ്പെട്ടിട്ടുള്ള വസ്തുതകളുടെ തെളിവ് സത്യവാങ്മൂലംവഴി നല്കാവുന്നതും, കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള വസ്തുതകൾ സംബന്ധിച്ച തെളിവ് അപ്രകാരം നല്കണമെന്ന് ഉത്തരവ് ചെയ്യാവുന്നതും ആണ്.

296. ഔപചാരിക സ്വഭാവത്തിലുള്ള തെളിവ് സത്യവാങ്മൂലത്തിൻമേൽ ആകാമെന്ന്.—(1) ആരുടെ തെളിവ് ഔപചാരിക സ്വഭാവമുള്ളതാണോ അയാളുടെ തെളിവ് സത്യവാങ്മൂലം വഴി നല്കാവുന്നതും, ന്യായമായ എല്ലാ അപവാദങ്ങൾക്കും വിധേയമായി, ഈ നിയമസംഹിതയിൻകീഴിലെ ഏതെങ്കിലും അന്വേഷണവിചാരണയിലോ വിചാരണയിലോ, മററു നടപടിയിലോ തെളിവായി വായിക്കാവുന്നതും ആണ്.

(2) കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ആളെ, അയാളുടെ സത്യവാങ്മൂലത്തിൽ അടങ്ങിയിട്ടുള്ള വസ്തുത സംബന്ധിച്ച് സമൺ ചെയ്തു വിസ്തരിക്കാവുന്നതും, പ്രാസിക്യൂഷൻേറയോ പ്രതിയുടേയോ അപേക്ഷയിൻമേൽ കോടതി അപ്രകാരം ചെയ്യേണ്ടതും ആകുന്നു.

297. സത്യവാങ്മൂലങ്ങൾ ഏതു അധികാരസ്ഥാനങ്ങളുടെ മുമ്പാകെ ശപഥത്തിൻമേൽ നല്കാമെന്ന്.—(1) ഈ നിയമസംഹിതയിൻകീഴിൽ ഏതെങ്കിലും കോടതിമുമ്പാകെ ഉപയോഗിക്കേണ്ട സത്യവാങ്മൂലങ്ങൾ—

(ക) ഏതെങ്കിലും ജഡ്ജിയുടേയോ, മജിസ്ട്രേററിൻേറയോ,

(ഖ) ഹൈക്കോടതിയോ, സെഷൻസ് കോടതിയോ നിയമിക്കുന്ന ഏതെങ്കിലും ശപഥങ്ങൾക്കുള്ള കമ്മീഷണറുടേയോ, അല്ലെങ്കിൽ

(ഗ) നോട്ടറി ആക്ററ്, 1952 (1952-ലെ 53)-ൻ കീഴിൽ നിയമിക്കപ്പെടുന്ന ഏതെങ്കിലും നോട്ടറിയുടേയോ,

മുമ്പാകെ ശപഥത്തിൻമേലോ പ്രതിജ്ഞയിൻമേലോ നല്കാവുന്നതാണ്.

(2) സത്യവാങ്മൂലങ്ങൾ, മൊഴിനല്കുന്ന ആൾക്ക്, തൻെറ സ്വന്തം അറിവിൽനിന്ന് തെളിയിക്കുവാൻ കഴിയുന്ന വസ്തുതകളും, സത്യമാണെന്ന് വിശ്വസിക്കുവാൻ തനിക്ക് ന്യായമായി കാരണമുള്ള വസ്തുതകളും മാത്രം അടങ്ങിയവയും, അവ രണ്ടും വെവ്വേറെ പ്രസ്താവിച്ചിട്ടുള്ളവയും ആയിരിക്കേണ്ടതും രണ്ടാമത് പറഞ്ഞ സംഗതിയിൽ മൊഴി നല്കുന്ന ആൾ അങ്ങനെയുള്ള വിശ്വാസത്തിൻെറ കാരണങ്ങൾ വ്യക്തമായി പ്രസ്താവിക്കേണ്ടതും ആകുന്നു.

(3) കോടതിക്ക് സത്യവാങ്മൂലത്തിലെ അപവാദപരമോ അപ്രസക്തമോ ആയ ഏതെങ്കിലും വിഷയം നീക്കം ചെയ്യണമെന്നോ ഭേദഗതി ചെയ്യണമെന്നോ ഉത്തരവ് ചെയ്യാവുന്നതാണ്.

298. മുൻപുള്ള കുററസ്ഥാപനമോ കുററവിമുക്തമാക്കലോ എങ്ങനെ തെളിയിക്കണമെന്ന്.—ഈ നിയമസംഹിതയിൻകീഴിലെ ഏതെങ്കിലും അന്വേഷണ വിചാരണയിലോ വിചാരണയിലോ, മററു നടപടിയിലോ മുൻപുള്ള ഒരു കുററസ്ഥാപനമോ കുററവിമുക്തമാക്കലോ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം വ്യവസ്ഥചെയ്യുന്ന മറേറതെങ്കിലും സംപ്രദായത്തിന് പുറമെ,—

(ക) ആ ശിക്ഷാവിധിയുടേയോ ഉത്തരവിന്റേയോ പകർപ്പാണെന്ന് അങ്ങനെയുള്ള കുററസ്ഥാപനമോ കുററവിമുക്തമാക്കലോ ചെയ്ത കോടതിയുടെ റിക്കാർഡുകളുടെ കസ്ററഡിയുള്ള ഉദ്യോഗസ്ഥൻ, തന്റെ കൈയൊപ്പോടുകൂടി സർട്ടിഫൈ ചെയ്യുന്ന എക്സ്ട്രാക്ററ് വഴിയോ,

(ഖ) കുററസ്ഥാപനത്തിന്റെ സംഗതിയിൽ, ശിക്ഷയോ, അതിന്റെ ഏതെങ്കിലും ഭാഗമോ ഏത് ജയിലിൽവച്ചാണോ അനുഭവിച്ചത്, ആ ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ഒപ്പിട്ടിട്ടുള്ള സർട്ടിഫിക്കററ് വഴിയോ അല്ലെങ്കിൽ, കമ്മിററ് ചെയ്യുന്ന ഏത് വാറന്റിൻകീഴിലാണോ ശിക്ഷ സഹിച്ചത്, ആ വാറന്റ് ഹാജരാക്കുന്നതുവഴിയോ,

അങ്ങനെയുള്ള സംഗതികളിൽ ഓരോന്നിലും, അപ്രകാരം കുററസ്ഥാപനം ചെയ്യപ്പെട്ടതോ, കുററവിമുക്തമാക്കപ്പെട്ടതോ ആയ ആളും പ്രതിയും തമ്മിലുള്ള അനന്യത സംബന്ധിച്ച തെളിവുസഹിതം, തെളിയിക്കാവുന്നതാണ്.

299. പ്രതിയുടെ അസാന്നിദ്ധ്യത്തിൽ തെളിവ് റിക്കാർഡാക്കൽ.—(1) പ്രതി ഒളിവിൽ പോയിട്ടുണ്ടെന്നും, അയാളെ ഉടനെ അറസ്ററ് ചെയ്യുന്നതിനുള്ള സാദ്ധ്യതയില്ലെന്നും തെളിയിക്കപ്പെടുന്നു എങ്കിൽ, പരാതിപ്പെട്ടിട്ടുള്ള കുററത്തിന്, അങ്ങനെയുള്ള ആളെ വിചാരണ ചെയ്യുവാൻ ക്ഷമതയുള്ള കോടതിക്ക്, അയാളുടെ അസാന്നിദ്ധ്യത്തിൽ, പ്രാസിക്യൂഷനുവേണ്ടി ഹാജരാക്കപ്പെട്ട സാക്ഷികളെ (ആരെങ്കിലും ഉണ്ടെങ്കിൽ) വിസ്തരിക്കുകയും, അവരുടെ മൊഴികരം റിക്കാർഡാക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും മൊഴി, മൊഴി നല്കുന്ന ആരം മരിച്ചുപോവുകയോ അയാരംക്ക് തെളിവ് നല്കുവാൻ കഴിവില്ലാതാവുകയോ അയാളെ കണ്ടെത്താൻ കഴിയാതിരിക്കുകയോ, കേസിന്റെ പരിതഃസ്ഥിതികളിൽ ന്യായമല്ലാത്ത കാലതാമസമോ, ചെലവോ അസൗകര്യമോ കൂടാതെ അയാളെ ഹാജരാക്കിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള പ്രതിയെ അറസ്ററ് ചെയ്യുന്നതിൻമേൽ അയാളെ ചാർജ്ജ് ചെയ്തിട്ടുള്ള കുററത്തിന്റെ അന്വേഷണവിചാരണയിലോ, വിചാരണയിലോ അയാരംക്കെതിരായി തെളിവിൽ നല്കാവുന്നതും ആണ്.

(2) മരണശിക്ഷയോ, ജീവപര്യന്തതടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, അറിയപ്പെടാത്ത വല്ല ആളോ ആളുകളോ ചെയ്തിട്ടുണ്ടെന്നു കാണപ്പെടുന്നുവെങ്കിൽ, ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ, ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേററ് ഒരു അന്വേഷണ വിചാരണ നടത്തുകയും ആ കുററം സംബന്ധിച്ച് തെളിവ് നല്കാൻ കഴിവുള്ള ഏതെങ്കിലും സാക്ഷികളെ വിസ്തരിക്കുകയും ചെയ്യേണ്ടതാണെന്നു നിർദ്ദേശിക്കാവുന്നതും, അപ്രകാരം എടുക്കപ്പെടുന്ന ഏതെങ്കിലും മൊഴികരം, മൊഴി നല്കുന്ന ആരം മരിച്ചുപോവുകയോ അയാരംക്ക് തെളിവ്

നല്കാൻ കഴിവില്ലാതാവുകയോ, അയാശ ഇൻഡ്യയുടെ അതിർത്തിക്ക് പുറത്താ യിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ഇൻഡ്യയിൽ ആ കുററത്തിന് കുററാരോപണം ചെയ്യപ്പെടുന്ന ഏതെങ്കിലും ആശക്കെതിരായി തെളിവ് നല്കാവുന്നതും ആണ്.

## അദ്ധ്യായം XXIV

## അന്വേഷണവിചാരണകളും വിചാരണകളും സംബന്ധിച്ച സാമാന്യ വ്യവസ്ഥകശ

300. ഒരിക്കൽ കുററസ്ഥാപനം ചെയ്യപ്പെട്ടതോ കുററവിമുക്തനാക്കപ്പെട്ടതോ ആയ ആശ അതേ കുററത്തിന് വിചാരണ ചെയ്യപ്പെടാവുന്നതല്ലെന്ന്.—(1) ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതിയാൽ ഒരു കുററത്തിന് ഒരിക്കൽ വിചാരണ ചെയ്യപ്പെടുകയും, അങ്ങനെയുള്ള കുററം സംബന്ധിച്ച് കുററസ്ഥാപനം ചെയ്യപ്പെടുകയോ കുററവിമുക്തനാക്കപ്പെടുകയോ ചെയ്യുകയും ചെയ്യുന്ന ഒരാശ, അങ്ങനെയുള്ള കുററസ്ഥാപനമോ കുററവിമുക്തമാക്കലോ പ്രാബല്യത്തിലിരിക്കുമ്പോശ, അതേ കുററത്തിനോ, അല്ലെങ്കിൽ അതേ വസ്തുതകളിൻമേൽ ഏത് കുററത്തിനാണോ അയാശക്കെതിരായുള്ള ചാർജ്ജിൽനിന്ന് വ്യത്യസ്തമായ ഒരു ചാർജ്ജ് 221-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കാമായിരുന്നത്, അല്ലെങ്കിൽ അതിലെ (2)-ാം ഉപവകുപ്പിൻ കീഴിൽ അയാളെ കുററസ്ഥാപനം ചെയ്യാമായിരുന്നത്, അങ്ങനെയുള്ള മറേറതെങ്കിലും കുററത്തിനോ, വീണ്ടും വിചാരണ ചെയ്യപ്പെടുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

(2) ഏതെങ്കിലും കുററത്തിന് കുററവിമുക്തനാക്കപ്പെടുകയോ, കുററസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്ത ഒരാളെ, പിന്നീട് സ്റേററ് ഗവൺമെൻറിൻെറ സമ്മതത്തോടുകൂടി, മുമ്പിലത്തെ വിചാരണയിൽ 220-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ അയാശക്കെതിരായി ഒരു വേറെയായ ചാർജ്ജ് ഉണ്ടാക്കാമായിരുന്ന ഏതെങ്കിലും വിഭിന്നകുററത്തിന് വിചാരണ ചെയ്യാവുന്നതാണ്.

(3) ഏത് അനന്തരഫലങ്ങളാണോ, ഏതെങ്കിലും കൃത്യത്തോടുചേർന്നാൽ ആ കൃത്യം കുററമാക്കിത്തീർക്കുന്നത്, ഏത് കുററത്തെയാണോ അതിൽനിന്ന് വ്യത്യസ്തമായ ഒരു കുററത്തെ ആ കുററമാക്കിത്തീർക്കുന്നത്, അങ്ങനെയുള്ള അനന്തരഫലങ്ങളുണ്ടാക്കുന്ന കൃത്യം കുററമാക്കിത്തീർക്കുന്നത് ഏതു കുററത്തെയാണോ, ആ കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ട ഒരാളെ അയാശ കുററസ്ഥാപനം ചെയ്യപ്പെട്ട സമയത്ത് ആ അനന്തരഫലങ്ങശ സംഭവിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലോ, സംഭവിച്ചിട്ടുണ്ടായിരുന്നതായി കോടതിക്ക് അറിവുണ്ടായിരുന്നില്ലെങ്കിലോ, രണ്ടാമത് പറഞ്ഞ വ്യത്യസ്തമായ കുററത്തിന് പിന്നീട് വിചാരണ ചെയ്യാവുന്നതാണ്.

(4) ഏതെങ്കിലും കൃത്യങ്ങശ കുററമാക്കിത്തീർക്കുന്ന ഏതെങ്കിലും കുററത്തിന് കുററവിമുക്തനാക്കപ്പെടുകയോ കുററസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്ത ഒരാളെ, അങ്ങനെയുള്ള കുററവിമുക്തമാക്കലോ കുററസ്ഥാപനമോ ഉണ്ടെന്നിരുന്നാലും, അയാശ ചെയ്തിട്ടുണ്ടാകാവുന്ന അതേ കൃത്യങ്ങശ കുററമാക്കിത്തീർക്കുന്നതും പിന്നീട് ചാർജ്ജ് ചെയ്യുന്നതുമായ മറേറതെങ്കിലും കുററത്തിന്, അത് വിചാരണ ചെയ്യാൻ അയാളെ ആദ്യം വിചാരണ ചെയ്ത കോടതിക്ക് ക്ഷമത ഇല്ലായിരുന്നുവെങ്കിൽ, അങ്ങനെ പിന്നീട് ചാർജ് ചെയ്യാവുന്നതും വിചാരണ ചെയ്യാവുന്നതും ആണ്.

(5) 258-ാം വകുപ്പിൻകീഴിൽ ഡിസ്ചാർജ് ചെയ്യപ്പെട്ട ഒരാളെ, അയാളെ ഡിസ്ചാർജ് ചെയ്ത കോടതിയുടേയോ, ആ കോടതി ഏതു കോടതിക്ക് കീഴിലാണോ അങ്ങനെയുള്ള മറേറതെങ്കിലും കോടതിയുടേയോ, സമ്മതം കൂടാതെ അതേ കുററത്തിന് വീണ്ടും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(6) ഈ വകുപ്പിലെ യാതൊന്നും സാമാന്യഖണ്ഡങ്ങൾ ആക്ററ്, 1897 (1897-ലെ 10)-ലെ 26-ാം വകുപ്പിലേയോ, ഈ നിയമസംഹിതയിലെ 188-ാം വകുപ്പിലേയോ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

വിശദീകരണം.—പരാതി തള്ളിക്കളയുന്നതോ, പ്രതിയെ ഡിസ്ചാർജ് ചെയ്യുന്നതോ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് കുററവിമുക്തമാക്കൽ ആകുന്നതല്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ക യെ ഭൃത്യനെന്ന നിലയിലെ മോഷണത്തിനുള്ള ചാർജ്ജിന് വിചാരണ ചെയ്യുകയും കുററവിമുക്തനാക്കുകയും ചെയ്യുന്നു. കുററവിമുക്തനാക്കൽ പ്രാബല്യത്തിലിരിക്കുമ്പോൾ, ഭൃത്യനെന്ന നിലയിലെ മോഷണത്തിനോ അതേ വസ്തുതകളിൻമേൽ വെറും മോഷണത്തിനോ കുററകരമായ ട്രസ്ററ് ലംഘനത്തിനോ അയാളെ പിന്നീട് ചാർജ്ജ് ചെയ്യാവുന്നതല്ല.

(ഖ) ക കഠിനമായ ദേഹോപദ്രവം ഏല്പിച്ചതിന് വിചാരണ ചെയ്യപ്പെടുകയും, കുററസ്ഥാപനം ചെയ്യപ്പെടുകയും ചെയ്യുന്നു. ക്ഷതി ഏല്പിക്കപ്പെട്ട ആൾ പിന്നീട് മരിക്കുന്നു. ക യെ കുററകരമായ നരഹത്യക്ക് വീണ്ടും വിചാരണ ചെയ്യാവുന്നതാണ്.

(ഗ) ഖ യുടെ നരഹത്യയ്ക്ക് ക സെഷൻസ് കോടതി മുമ്പാകെ ചാർജ്ജ്ചെയ്യപ്പെടുകയും കുററസ്ഥാപനം ചെയ്യപ്പെടുകയും ചെയ്യുന്നു. അതേ വസ്തുതകളിൻമേൽ ക യെ പിന്നീട് ഖ യുടെ കൊലപാതകത്തിന് വിചാരണ ചെയ്യാവുന്നതല്ല.

(ഘ) ഖ യ്ക്ക് സ്വേച്ഛയാ ദേഹോപദ്രവം ഏല്പിച്ചതിന് ക യെ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേററ് ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യുന്നു. കേസ്സ് ഈ വകുപ്പിലെ (3)-ാംഉപവകുപ്പിൽ വരാത്ത പക്ഷം, അതേ വസ്തുതകളിൻമേൽ ക യെ ഖ യ്ക്ക് സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിച്ചതിന് പിന്നീട് വിചാരണ ചെയ്യാവുന്നതല്ല.

(ങ) ഖ യുടെ ശരീരത്തിൽനിന്നുള്ള വസ്തുമോഷണത്തിന് ക യെ ഒരു രണ്ടാംക്ലാസ് മജിസ്ട്രേററ് ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യുന്നു. അതേ വസ്തുതകളിൻമേൽ ക യെ പിന്നീട് കവർച്ചയ്ക്ക് ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.

(ച) ഘ യെ കവർച്ച ചെയ്തതിന് ക, ഖ, ഗ എന്നിവരെ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേററ് ചാർജ്ജ് ചെയ്യുകയും കുററസ്ഥാപനം ചെയ്യുകയും ചെയ്യുന്നു. അതേ വസ്തുതകളിൻമേൽ ക, ഖ, ഗ എന്നിവരെ കൂട്ടായ്മക്കവർച്ചയ്ക്ക് പിന്നീട് ചാർജ്ജ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.

301. പബ്ലിക് പ്രാസിക്യൂട്ടർമാർ ഹാജരാകുന്നത്.—(1) ഒരു കേസ്സിന്റെ ചാർജ്ജുള്ള പബ്ലിക് പ്രാസിക്യൂട്ടർക്കോ അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടർക്കോ ആ കേസ് അന്വേഷണവിചാരണയിലോ വിചാരണയിലോ അപ്പീലിലോ ഇരിക്കുന്ന ഏതു കോടതി മുമ്പാകെയും ലിഖിതമായ യാതൊരു പ്രാധികാരവും കൂടാതെ ഹാജരായി വാദിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും കേസ്സിൽ ഏതെങ്കിലും കോടതിയിൽ ഏതെങ്കിലും ആളെ പ്രാസിക്യൂട്ടുചെയ്യാൻ ഏതെങ്കിലും സ്വകാര്യ വ്യക്തി ഒരു വക്കീലിന് ഉപദേശം നല്കുന്നുവെങ്കിൽ, കേസ്സിന്റെ ചാർജ്ജുള്ള പബ്ലിക്ക് പ്രാസിക്യൂട്ടറോ അസിസ്റ്റന്റ് പബ്ലിക്ക് പ്രാസിക്യൂട്ടറോ ആ പ്രാസിക്യൂഷൻ നടത്തേണ്ടതും, അപ്രകാരം ഉപദേശം നല്കപ്പെട്ട വക്കീൽ അതിൽ പബ്ലിക്ക് പ്രാസിക്യൂട്ടറുടെയോ, അസിസ്റ്റന്റ് പബ്ലിക്ക് പ്രാസിക്യൂട്ടറുടെയോ നിദേശങ്ങൾക്കുകീഴിൽ പ്രവർത്തിക്കേണ്ടതും, ആ വക്കീലിന് കേസ്സിലെ തെളിവ് എടുത്തുകഴിഞ്ഞതിനുശേഷം കോടതിയുടെ അനുവാദത്തോടുകൂടി ലിഖിതമായ വിവാദം സമർപ്പിക്കാവുന്നതും ആണ്.

302. പ്രാസിക്യൂഷൻ നടത്തുവാനുള്ള അനുവാദം.—(1) ഒരു കേസ്സ് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും മജിസ്ട്രേററിന് ഇൻസ്പെക്ടറുടെ താഴെ പദവിയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനല്ലാത്ത ഏതെങ്കിലും ആളെ പ്രാസിക്യൂഷൻ നടത്തുവാൻ അനുവദിക്കാവുന്നതാണ്; എന്നാൽ അഡ്വക്കേററ്ജനറലോ ഗവൺമെൻറ് അഡ്വക്കേററോ, പബ്ലിക്ക് പ്രാസിക്യൂട്ടറോ, അസിസ്റ്റന്റ് പബ്ലിക്ക് പ്രാസിക്യൂട്ടറോ അല്ലാത്ത യാതൊരാൾക്കും അങ്ങനെയുള്ള അനുവാദം കൂടാതെ അപ്രകാരം ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതല്ല:

എന്നാൽ, യാതൊരു പോലീസ് ഉദ്യോഗസ്ഥനേയും അയാൾ പ്രതി പ്രാസിക്യൂട്ട് ചെയ്യപ്പെടുന്നത് ഏത് കുററത്തിനാണോ, ആ കുററത്തിന്റെ അന്വേഷണത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ പ്രാസിക്യൂഷൻ നടത്തുവാൻ അനുവദിക്കാൻ പാടുള്ളതല്ല.

(2) പ്രാസിക്യൂഷൻ നടത്തുന്ന ഏതെങ്കിലും ആൾക്ക് നേരിട്ടോ, വക്കീൽ മുഖേനയോ അപ്രകാരം ചെയ്യാവുന്നതാണ്.

303. നടപടികൾ ആരംഭിക്കപ്പെടുന്നത് ആർക്കെതിരായാണോ അയാൾക്ക് പ്രതിവാദിക്കാനുള്ള അവകാശം.—ക്രിമിനൽക്കോടതിയുടെ മുമ്പാകെ കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾക്കോ നിയമസംഹിതയിൻകീഴിൽ ആർക്കെതിരായാണോ നടപടികൾ ആരംഭിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾക്കോ അവകാശം എന്ന നിലയിൽ, തനിക്ക് ഇഷ്ടമുള്ള ഒരു വക്കീൽ മുഖേന പ്രതിവാദിക്കാവുന്നതാണ്.

304. പ്രതിയ്ക്ക് ചില കേസ്സുകളിൽ സ്റേററ്റ് ചെലവിൽ നിയമസഹായം.—(1) സെഷൻസ് കോടതി മുമ്പാകെയുള്ള ഒരു വിചാരണയിൽ പ്രതി വക്കീലിനാൽ പ്രതിനിധാനം ചെയ്യപ്പെടാതിരിക്കുകയും, പ്രതിക്ക് വക്കീലിനെ ഏർപ്പെടുത്താൻ മതിയായ കഴിവില്ലെന്നു കോടതിക്ക് തോന്നുകയും ചെയ്യുന്നിടത്ത്, കോടതി അയാളുടെ പ്രതിവാദത്തിന് സ്റേററ്റ് ചെലവിൽ വക്കീലിനെ നിശ്ചയിക്കേണ്ടതാകുന്നു.

(2) ഹൈക്കോടതിക്ക്, സ്റേററ്റ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി—

(ക) (1)-ാം ഉപവകുപ്പിൻകീഴിൽ പ്രതിവാദത്തിനുള്ള വക്കീൽമാരെ തിരഞ്ഞെടുക്കുന്ന സംപ്രദായത്തിനും;

(ഖ) കോടതി അങ്ങനെയുള്ള വക്കീൽമാർക്ക് അനുവദിക്കേണ്ട സൗകര്യങ്ങൾക്കും;

(ഗ) അങ്ങനെയുള്ള വക്കീൽമാർക്ക് ഗവൺമെൻറ് കൊടുക്കേണ്ട ഫീസ്സിനും, സാമാന്യമായി (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനും,

വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) സ്റ്റേറ്റ് ഗവൺമെന്റിന്, വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽ, (1)-ം (2)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ, അവ സെഷൻസ് കോടതികളുടെ മുമ്പാകെയുള്ള വിചാരണകൾ സംബന്ധിച്ച് ബാധകമാകുന്നതുപോലെ സ്റ്റേററിലെ മററ് കോടതികളുടെ മുമ്പാകെയുള്ള ഏതെങ്കിലും തരം വിചാരണകൾ സംബന്ധിച്ച് ബാധകമാകുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

305. ഏകാംഗയോഗമോ, രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘമോ പ്രതി ആകുമ്പോഴത്തെ നടപടിക്രമം.—(1) ഈ വകുപ്പിൽ 'ഏകാംഗയോഗ'ത്തിന് ഏകാംഗീകൃത കമ്പനിയോ, മററ് ഏകാംഗീകൃത നികായമോ എന്നർത്ഥമാകുന്നതും, അതിൽ സംഘ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ൻ കീഴിൽ രജിസ്റ്റർ ചെയ്തസംഘം ഉൾപ്പെടുന്നതും ആകുന്നു.

(2) ഒരു ഏകാംഗയോഗം ഒരു അന്വേഷണ വിചാരണയിലോ, വിചാരണയിലോ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളോ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളവരിൽ ഒരാളോ ആയിരിക്കുന്നിടത്ത്, അതിന് അന്വേഷണവിചാരണയുടേയോ വിചാരണയുടേയോ ആവശ്യത്തിനായി ഒരു പ്രതിനിധിയെ നിയമിക്കാവുന്നതും, അങ്ങനെയുള്ള നിയമനം ഏകാംഗയോഗത്തിന്റെ മുദ്രയോടു കൂടി ആയിരിക്കേണ്ട ആവശ്യമില്ലാത്തതും ആണ്.

(3) ഒരു ഏകാംഗയോഗത്തിന്റെ പ്രതിനിധി ഹാജരാകുന്നിടത്ത്, ഏതെങ്കിലും സംഗതി പ്രതിയുടെ സാന്നിദ്ധ്യത്തിൽ ചെയ്യേണ്ടതാണെന്നോ അയാൾക്ക് വായിച്ചുകൊടുക്കുകയോ അയാളോട് പറയുകയോ അയാൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണെന്നോ ഈ നിയമസംഹിത ആവശ്യപ്പെടുന്ന ഏതെങ്കിലും വ്യവസ്ഥയ്ക്ക്, ആ സംഗതി ആ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ ചെയ്യേണ്ടതാണെന്നോ അത് അയാൾക്ക് വായിച്ചുകൊടുക്കുകയോ, അയാളോട് പറയുകയോ, അയാൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണെന്നോ ആവശ്യപ്പെടുന്ന വ്യവസ്ഥയായി അർത്ഥം കല്പിക്കേണ്ടതും, പ്രതിയെ വിസ്തരിക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്ന ഏതെങ്കിലും വ്യവസ്ഥയ്ക്ക് ആ പ്രതിനിധിയെ വിസ്തരിക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്ന വ്യവസ്ഥയായി അർത്ഥം കല്പിക്കേണ്ടതും ആകുന്നു.

(4) ഏകാംഗയോഗത്തിന്റെ പ്രതിനിധി ഹാജരാകാത്തിടത്ത്, (3)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെ ആവശ്യപ്പെടുന്ന ഏതെങ്കിലും വ്യവസ്ഥ ബാധകമാകുന്നതല്ല.

(5) ഏകാംഗയോഗത്തിന്റെ മാനേജിങ് ഡയറക്ടറോ, ഏകാംഗയോഗത്തിന്റെ കാര്യങ്ങളുടെ മാനേജ്മെന്റ് ഉള്ള ആളോ, ഉള്ളവരിൽ ഒരാളോ ആയ ഏതെങ്കിലും ആളോ(അയാൾക്ക് എന്തു പേരുപറഞ്ഞാലും) ഒപ്പിട്ടതാണെന്ന്കരുതപ്പെടാവുന്ന ലിഖിതമായ ഒരു സ്റ്റേററ്മെന്റ്,അതിൽ പേരു പറയപ്പെട്ടിട്ടുള്ള ആളെ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഏകാംഗയോഗത്തിന്റെ പ്രതിനിധിയായി നിയമിച്ചിട്ടുണ്ടെന്ന് അർത്ഥംവരുന്നവിധം പറഞ്ഞുകൊണ്ട് ഫയൽ ചെയ്യുന്നിടത്ത്, വിപരീതമായത് തെളിയിക്കാത്തപക്ഷം, കോടതി അങ്ങനെയുള്ള ആൾ അപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ളതാണെന്ന് അനുമാനിക്കേണ്ടതാകുന്നു.

(6) കോടതി മുമ്പാകെയുള്ള ഒരു അന്വേഷണവിചാരണയിലോ, വിചാരണയിലോ ഒരു ഏകാംഗയോഗത്തിന്റെ പ്രതിനിധിയായി ഹാജരാകുന്ന ഏതെങ്കിലും ആൾ, അങ്ങനെയുള്ള പ്രതിനിധിയാണോ അല്ലയോ എന്ന പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം കോടതി തീരുമാനിക്കേണ്ടതാകുന്നു.

306. <u>കൂട്ടുകുററക്കാരന് മാപ്പ് ടെൻഡർ ചെയ്യൽ.</u>—(1) ഈ വകുപ്പ് ബാധകമാകുന്ന ഒരു കുററവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കു കയോ, അതിന് അരു നില്ക്കുകയോ ചെയ്തിരുന്നതായി സങ്കല്പിക്ക പ്പെടുന്ന ഏതെങ്കിലും ആളുടെ തെളിവ് ലഭിക്കുവാനുള്ള ലക്ഷ്യത്തോടെ, ചീഫ്ജുഡീഷ്യൽ മജിസ്ട്രേററിനോ മഹാനഗരമജിസ്ട്രേററിനോ കുററത്തി ന്റെ അന്വേഷണത്തിന്റേയോ അന്വേഷണവിചാരണയുടേയോ വിചാരണ യുടേയോ ഏതെങ്കിലും ഘട്ടത്തിലും, ആ കുററം അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്ന ഒന്നാംക്ലാസ്സ് മജിസ്ട്രേ ററിന്; അന്വേഷണവിചാരണയുടേയോ വിചാരണയുടേയോ ഏതെങ്കിലും ഘട്ടത്തിലും, അങ്ങനെയുള്ള ആരംക്ക് ആ കുററം സംബന്ധിച്ച് അത് ചെയ്യുന്ന തിൽ കർത്താവ് എന്ന നിലയിലായാലും പ്രേരകനെന്നനിലയിലായാലും ബന്ധപ്പെട്ട മറെറതൊരാളെ സംബന്ധിച്ചും, അയാളുടെ അറിവിൽപ്പെടുന്ന മുഴുവൻ പരിത:സ്ഥിതികളും പൂർണ്ണമായും സത്യമായും അയാരം വെളി പ്പെടുത്തണമെന്ന ഉപാധിയിൻമേൽ മാപ്പ് ടെൻഡർ ചെയ്യാവുന്നതാണ്.

(2) ഈ വകുപ്പ്— (ക) കേവലം സെഷൻസ് കോടതിയാലോ, ക്രിമിനൽ നിയമഭേദഗതി ആക്ററ്, 1952(1952-ലെ46)-ൻ കീഴിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ ജഡ്ജിയുടെ കോടതിയാലോ വിചാരണ ചെയ്യപ്പെടാവുന്ന ഏതെങ്കിലും കുററത്തിനും;

(ഖ) ഏഴുവർഷത്തോളമാകാവുന്ന തടവുശിക്ഷ നല്കിയോ കൂടുതൽ കഠിനമായ ശിക്ഷാവിധി നല്കിയോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിനും, ബാധകമാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ മാപ്പ് ടെൻഡർ ചെയ്യുന്ന ഏതൊരു മജിസ്ട്രേററും—

(ക) അപ്രകാരം ചെയ്യുന്നതിനു തനിക്കുള്ള കാരണങ്ങളും;

(ഖ) ടെൻഡർ ചെയ്തത് ആർക്കാണോ, അയാരം അത് സ്വീകരിച്ചുവോ ഇല്ലയോ എന്നും,

റിക്കാർഡാക്കേണ്ടതും, പ്രതിയുടെ അപേക്ഷയിൻമേൽ അയാരംക്ക് അങ്ങ നെയുള്ള റിക്കാർഡിന്റെ പകർപ്പ് സൗജന്യമായി നല്കേണ്ടതും ആകുന്നു.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ മാപ്പു ടെൻഡർ ചെയ്തത് സ്വീകരി ക്കുന്ന ഏതൊരാളേയും—

(ക) കുററം നടപടിക്കെടുക്കുന്ന മജിസ്ട്രേററിന്റെ കോടതിയിലും, പിന്നീടുള്ള വിചാരണ (വല്ലതും ഉണ്ടെങ്കിൽ) അതിലും, സാക്ഷിയായി വിസ്തരിക്കേണ്ടതും ;

(ഖ) അയാരം മുമ്പേതന്നെ ജാമ്യത്തിലല്ലാത്തപക്ഷം, വിചാരണ അവ സാനിക്കുന്നതുവരെ അയാളെ കസ്ററഡിയിൽ തടങ്കലിൽ വയ്ക്കേണ്ടതും, ആകുന്നു.

(5) ഒരാരം, (1)-ാം ഉപവകുപ്പിൻകീഴിൽ മാപ്പു ടെൻഡർ ചെയ്തത് സ്വീകരിക്കുകയും (4)-ാം ഉപവകുപ്പിൻ കീഴിൽ വിസ്തരിക്കപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ളിടത്ത്, കുററം നടപടിക്കെടുക്കുന്ന മജിസ്ട്രേററ്, കേസ്സിൽ തുടർന്നുള്ള ഏതെങ്കിലും അന്വേഷണ വിചാരണ ചെയ്യാതെ—

(ക) അത് വിചാരണയ്ക്കായി—

(i) കുററം കേവലം സെഷൻസ് കോടതിക്ക് വിചാരണചെയ്യാവുന്നതാ ണെങ്കിലോ നടപടിക്കെടുക്കുന്ന മജിസ്ട്രേററു ചീഫ്ജുഡീഷ്യൽ മജിസ്ട്രേററാണെങ്കിലോ, സെഷൻസ് കോടതിക്കും

(ii) കുററം കേവലം ക്രിമിനൽ നിയമ ഭേഗതി ആക്ററ്, 1952 (1952-ലെ 46)-ൻ കീഴിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ ജഡ്ജിയുടെ കോടതിക്ക് വിചാരണചെയ്യാവുന്നതാണെങ്കിൽ, ആ കോടതിക്കും,

കമ്മിററ് ചെയ്യേണ്ടതും ;

(ഖ) മറേറതെങ്കിലും സംഗതിയിൽ, കേസ്സ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന് ഏല്പിച്ചുകൊടുക്കേണ്ടതും, അദ്ദേഹം ആ കേസ്സ് സ്വയം വിചാരണ ചെയ്യേണ്ടതും,

ആകുന്നു.

307. മാപ്പ് ടെൻഡർ ചെയ്യാൻ നിദേശിക്കാനുള്ള അധികാരം.—കേസ്സ് കമ്മിററ് ചെയ്തതിനുശേഷവും, എന്നാൽ വിധി പ്രസ്താവിക്കുന്നതിനുമുമ്പും ഉള്ള ഏതു സമയത്തും കമ്മിററ് ചെയ്തത് ഏതു കോടതിയ്ക്കാണോ ആ കോടതിക്ക്, അങ്ങനെയുള്ള ഏതെങ്കിലും കുററവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കുകയോ അതിന് അരുനില്ക്കുകയോ ചെയ്തിരുന്നതായിസങ്കല്പിക്കപ്പെടുന്ന ഏതെങ്കിലും ആളുടെ തെളിവ് വിചാരണയിൽ ലഭിക്കാനുള്ള ലക്ഷ്യത്തോടെ, അങ്ങനെയുള്ള ആളക്ക് അതേ ഉപാധിയിൻമേൽ മാപ്പ് ടെൻഡർ ചെയ്യാവുന്നതാണ്.

308. മാപ്പിൻെറ ഉപാധികൾ അനുസരിക്കാതിരിക്കുന്ന ആളുടെ വിചാരണ.—(1) 306-ാം വകുപ്പിനോ 307-ാം വകുപ്പിനോ കീഴിൽ മാപ്പിൻെറ ടെൻഡർ സ്വീകരിച്ചിട്ടുള്ള ആളെ സംബന്ധിച്ച്, അയാൾ സാരവത്തായ എന്തെങ്കിലും മനഃപൂർവ്വം ഒളിച്ചുവച്ചോ വ്യാജമായ തെളിവു നല്കിയോ, മാപ്പ് ടെൻഡർ ചെയ്തത് ഏതു ഉപാധിയിൻമേലാണോ, ആ ഉപാധി തൻെറ അഭിപ്രായത്തിൽ അനുസരിക്കാതിരുന്നിട്ടുണ്ടെന്ന് പബ്ലിക്ക് പ്രാസിക്യൂട്ടർ സർട്ടിഫൈ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ആളെ ഏതു കുററം സംബന്ധിച്ചാണോ മാപ്പ് ടെൻഡർ ചെയ്തത്, ആ കുററത്തിനും, അല്ലെങ്കിൽ അതേ വിഷയം സംബന്ധിച്ച് അയാൾ അപരാധിയാണെന്നു തോന്നുന്ന മറേറതെങ്കിലും കുററത്തിനും, കൂടാതെ വ്യാജമായ തെളിവ് നല്കൽ എന്ന കുററത്തിനും, വിചാരണ ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ആളെ, മറേറതെങ്കിലും പ്രതിയോടൊപ്പം കൂട്ടായി വിചാരണ ചെയ്യാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, വ്യാജമായ തെളിവ് നല്കൽ എന്ന കുററത്തിന്, അങ്ങനെയുള്ള ആളെ ഹൈക്കോടതിയുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ വിചാരണചെയ്യാൻ പാടില്ലാത്തതും, 195-ാം വകുപ്പിലോ 340-ാം വകുപ്പിലോ അടങ്ങിയ യാതൊന്നും ആ കുററത്തിന് ബാധകമാകുന്നതല്ലാത്തതും ആണ്.

(2) മാപ്പിൻെറ ടെൻഡർ സ്വീകരിക്കുന്ന ആൾ നല്കുകയും 164-ാം വകുപ്പിൻകീഴിൽ മജിസ്ട്രേററോ, 306-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ കോടതിയോ റിക്കാർഡാക്കുന്നതും ആയ ഏതെങ്കിലും സ്റേറററ്മെൻറ് അങ്ങനെയുള്ള വിചാരണയിൽ അയാൾക്കെതിരായി തെളിവിൽ നല്കാവുന്നതാണ്.

(3) അങ്ങനെയുള്ള വിചാരണയിൽ, പ്രതിക്ക് അങ്ങനെയുള്ള മാപ്പ് ടെൻഡർ ചെയ്തത് ഏതു് ഉപാധിയിൻമേലാണോ, ആ ഉപാധി താൻ അനുസരിച്ചിട്ടുണ്ടെന്ന് വാദിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും, ആ സംഗതിയിൽ, ഉപാധി അനുസരിച്ചിട്ടില്ലെന്ന് പ്രാസിക്യൂഷൻ തെളിയിക്കേണ്ടതും ആകുന്നു.

(4) അങ്ങനെയുള്ള വിചാരണയിൽ, കോടതി—

(ക) അത് സെഷൻസ് കോടതിയാണെങ്കിൽ, പ്രതിയെ ആ ചാർജ്ജ് വായിച്ചുകേൾപ്പിക്കുകയും അയാൾക്ക് അത് വിശദീകരിച്ചുകൊടുക്കുകയും ചെയ്യുന്നതിനുമുമ്പും,

(ഖ) അത് മജിസ്ട്രേററ് കോടതിയാണെങ്കിൽ, പ്രാസിക്യൂഷൻ ഭാഗം സാക്ഷികളുടെ തെളിവെടുക്കുന്നതിനുമുമ്പും;

പ്രതിയോട്, മാപ്പ് ടെൻഡർ ചെയ്യുന്നത് ഏത് ഉപാധിയിൽമേലാണോ ആ ഉപാധികൾ അനുസരിച്ചിട്ടുണ്ടെന്ന് അയാൾ വാദിക്കുന്നുണ്ടോ എന്ന് ചോദിക്കേണ്ടതാകുന്നു.

(5) പ്രതി അപ്രകാരം വാദിക്കുന്നു എങ്കിൽ, കോടതി ആ വാദം റിക്കാർഡാക്കുകയും വിചാരണ തുടർന്നു നടത്തുകയും ചെയ്യേണ്ടതും, പ്രതി, മാപ്പിന്റെ ഉപാധികൾ അനുസരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് കേസ്സിൽ വിധി പ്രസ്താവിക്കുന്നതിനുമുമ്പ് തീരുമാനിക്കേണ്ടതും, അപ്രകാരംഅനുസരിച്ചിട്ടുണ്ടെന്ന് തീരുമാനിക്കുന്നുവെങ്കിൽ, ഈ നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കുററവിമുക്തമാക്കിക്കൊണ്ടുള്ള വിധി പ്രസ്താവിക്കേണ്ടതും ആകുന്നു.

309. <u>നടപടികൾ നീട്ടിവയ്ക്കാനോ നീട്ടാനോ ഉള്ള അധികാരം.</u>— (1) ഏതൊരു അന്വേഷണവിചാരണയിലും വിചാരണയിലും, നടപടികൾ സാദ്ധ്യമായിടത്തോളം, സത്വരമായി നടത്തേണ്ടതും, പ്രത്യേകിച്ച്, സാക്ഷികളുടെ വിസ്താരം ഒരിക്കൽ ആരംഭിച്ചിട്ടുണ്ടെങ്കിൽ, അത് അങ്ങനെയുള്ള വിസ്താരം പിറെറ ദിവസത്തിനുശേഷമുള്ള ഒരു ദിവസത്തേക്ക് നീട്ടിവയ്ക്കേണ്ടത് ആവശ്യമാണെന്ന് റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ, കോടതി കാണാത്തപക്ഷം, ഹാജരായിട്ടുള്ള എല്ലാ സാക്ഷികളേയും വിസ്തരിച്ചുകഴിയുന്നതുവരെ അനുദിനംതുടരേണ്ടതും ആകുന്നു.

(2) കുററം നടപടിക്ക് എടുത്തതിനുശേഷമോ വിചാരണയുടെ പ്രാരംഭത്തിനുശേഷമോ ഏതെങ്കിലും അന്വേഷണവിചാരണയുടേയോ വിചാരണയുടേയോ പ്രാരംഭം നീട്ടുന്നതോ, ഏതെങ്കിലും അന്വേഷണവിചാരണയോ വിചാരണയോ നീട്ടിവയ്ക്കുന്നതോ ആവശ്യമോ ആശാസ്യമോ ആണെന്ന് കോടതി കാണുന്നു എങ്കിൽ, കോടതിക്ക്, അതു യുക്തമെന്ന് തോന്നുന്ന നിബന്ധനകളിൻമേൽ ന്യായമാണെന്ന് കരുതുന്ന സമയത്തേയ്ക്ക് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ അതതു സമയം, നീട്ടുകയോ നീട്ടിവയ്ക്കുകയോ ചെയ്യാവുന്നതും, പ്രതി കസ്ററഡിയിലാണെങ്കിൽ അയാളെ വാറൻറുമൂലം റിമാൻറ് ചെയ്യാവുന്നതും ആണ്:

എന്നാൽ യാതൊരു മജിസ്ട്രേററും, പ്രതിയെ ഒരിക്കൽ പതിനഞ്ചു ദിവസത്തിൽ കവിയുന്ന ഒരു കാലാവധിയ്ക്ക്, ഈ വകുപ്പിൻകീഴിൽ കസ്ററഡിയിലേക്ക് റിമാൻറ് ചെയ്യുവാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, സാക്ഷികൾ ഹാജരുണ്ടെങ്കിൽ അവരെ വിസ്തരിക്കാതെ യാതൊരു നീട്ടലും നീട്ടിവയ്ക്കലും, റിക്കാർഡാക്കേണ്ട പ്രത്യേക കാരണങ്ങളാൽ അല്ലാതെ, അനുവദിക്കുവാൻ പാടുള്ളതല്ല.

വിശദീകരണം 1.— പ്രതി ഒരു കുററം ചെയ്തിട്ടുണ്ടായേക്കാമെന്ന് സംശയം ജനിപ്പിക്കുവാൻ മതിയായ തെളിവ് ലഭിച്ചിരിക്കുകയും,, റിമാൻറ് വഴി കൂടുതൽ തെളിവ് ലഭിക്കുവാൻ ഇടയുണ്ടെന്ന് തോന്നുകയും ചെയ്യുന്നുവെങ്കിൽ, ഇത് റിമാൻറിന് ന്യായമായ കാരണമാകുന്നു.

വിശദീകരണം 2.— നീട്ടാലോ നീട്ടിവയ്ക്കലോ അനുവദിക്കപ്പെടാവുന്നത് ഏതു നിബന്ധനകളിൻമേലാണോ, അവയിൽ പ്രാസിക്യൂഷനോ പ്രതിയോ തക്കകേസ്സുകളിൽ കോടതിച്ചെലവ് നൽകുന്നതും ഉൾപ്പെടുന്നു.

310. <u>സ്ഥലപരിശോധന.</u>—(1) ഏതെങ്കിലും ജഡ്ജിക്കോ മജിസ്ട്രേററിനോ ഏതെങ്കിലും അന്വേഷണ വിചാരണയുടേയോ വിചാരണയുടേയോ, മററ്

നടപടിയുടേയോ ഏതെങ്കിലും ഘട്ടത്തിൽ, കക്ഷികൾക്ക് മുറപ്രകാരമുള്ള നോട്ടീസിനുശേഷം കുററംചെയ്തതായി പറയപ്പെടുന്നഏതെങ്കിലും സ്ഥലമോ, അങ്ങനെയുള്ള അന്വേഷണവിചാരണയിലോ, വിചാരണയ ലോ നല്കുന്ന തെളിവ് വിലയിരുത്തുന്നത ന് തൻെറ അഭിപ്രായത്തിൽ നോക്കേണ്ടത് ആവശ്യ മായ മററേതെങ്കിലും സ്ഥലമോ, സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള പരിശോധനയിൽ നിരീക്ഷിക്കുന്ന ഏതെങ്കിലും പ്രസക്ത വസ്തുതകളുടെ ഒരു മെമ്മോറാണ്ടം അനാവശ്യമായകാല താമസം കൂടാതെ അദ്ദേഹം റിക്കാർഡാക്കേണ്ടതും ആണ്.

(2) അങ്ങനെയുള്ള മെമ്മോറാണ്ടം, കേസ്സ് റിക്കാർഡിൻെറ ഭാഗമാകുന്നതും, പ്രാസിക്യൂട്ടറോ പരാതിക്കാരനോ പ്രതിയോ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾക്ക് മെമ്മോറണ്ടത്തിൻെറ പകർപ്പ് സൗജന്യമായി നല്കേണ്ടതും ആകുന്നു.

311. സാരവത്തായ തെളിവിനുള്ള സാക്ഷിയെ സമൺ ചെയ്യുവാനോ സന്നിഹിതനായ ആളെ വിസ്തരിക്കുവാനോ ഉള്ള അധികാരം.— ഏതെങ്കിലും കോടതിക്ക്, ഈ നിയമസംഹിതയിൻ കീഴിലുള്ള ഏതെങ്കിലും അന്വേഷണ വിചാരണയുടേയോ വിചാരണയുടേയോ മററു നടപടിയുടേയോ ഏതെങ്കിലും ഘട്ടത്തിൽ, ഏതെങ്കിലും ആളെ സാക്ഷിയായി സമൺചെയ്യുകയോ, സാക്ഷിയായി സമൺചെയ്യപ്പെട്ടിട്ടില്ലെങ്കിലും ഹാജരുള്ള ഏതെങ്കിലും ആളെ വിസ്തരിക്കുകയോ, മുമ്പേ വിസ്തരിക്കപ്പെട്ട ഏതെങ്കിലും ആളെ തിരിയെ വിളിച്ചു പുനർവിസ്താരം ചെയ്യുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള ആളുടെ തെളിവ് കേസ്സിൻെറ നീതിപൂർവ്വകമായ തീരുമാനത്തിന് ആവശ്യമാണെന്ന് തോന്നുന്നു എങ്കിൽ കോടതി, അങ്ങനെയുള്ള ഏതെങ്കിലും ആളെ സമൺ ചെയ്ത്, വിസ്തരിക്കുകയോ തിരിയെ വിളിച്ചു പുനർവിസ്താരം ചെയ്യുകയോ ചെയ്യേണ്ടതും ആകുന്നു.

312 പരാതിക്കാരുടേയും സാക്ഷികളുടേയും ചെലവുകൾ.—സ്റേററ് ഗവൺമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഏതെങ്കിലും ക്രിമിനൽക്കോടതിക്ക്, അതിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ആ കോടതിയുടെ മുമ്പാകെയുള്ള ഈ നിയമസംഹിതയിൻ കീഴിൽ ഏതെങ്കിലും അന്വേഷണ വിചാരണയുടേയോ, വിചാരണയുടേയോ മററു നടപടിയുടേയോ ആവശ്യങ്ങൾക്ക് ഹാജരാകുന്ന ഏതെങ്കിലും പരാതിക്കാരൻേറയോ സാക്ഷിയുടേയോ ന്യായമായ ചെലവുകൾ ഗവൺമെൻറ് ഭാഗത്തുനിന്ന് കൊടുക്കുവാൻ ഉത്തരവുചെയ്യാവുന്നതാണ്.

313. പ്രതിയെ വിസ്തരിക്കാനുള്ള അധികാരം.—(1) ഏതൊരു അന്വേഷണ വിചാരണയിലും, അല്ലെങ്കിൽ വിചാരണയിലും തെളിവിൽ തനിക്കെതിരായി കാണപ്പെടുന്ന ഏതെങ്കിലും പരിതഃസ്ഥിതികൾ നേരിട്ടു വിശദീകരിക്കുവാൻ പ്രതിയ്ക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടി—

(ക) കോടതിക്ക് ഏതെങ്കിലും ഘട്ടത്തിൽ പ്രതിയ്ക്ക്മുന്നറിയിപ്പ് നല്കാതെ ആവശ്യമാണെന്ന് കോടതി കരുതുന്ന ചോദ്യങ്ങൾ അയാളോട് ചോദിക്കാവുന്നതും;

(ഖ) പ്രാസിക്യൂഷൻ ഭാഗം സാക്ഷികളെ വിസ്തരിച്ചതിനുശേഷമായും, അയാളോട്, പ്രതിവാദത്തിൽ പ്രവേശിക്കാൻ ആവശ്യപ്പെടുന്നതിനു മുമ്പായും,കോടതി കേസ്സ് സംബന്ധിച്ച് അയാളെ സാമാന്യമായി ചോദ്യം ചെയ്യേണ്ടതും,

ആകുന്നു :

എന്നാൽ, സമൺസ് കേസ്സിൽ, കോടതി പ്രതി നേരിട്ട് ഹാജരാകുന്നത് വേണ്ടെന്ന് വച്ചിട്ടുള്ളിടത്ത്, കോടതിക്ക് (ഖ) ഖണ്ഡത്തിൻ കീഴിലെ അയാളുടെ വിസ്താരവും വേണ്ടെന്നുവയ്ക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വിസ്തരിക്കപ്പെടുമ്പോൾ, പ്രതിയെ ശപഥം ചെയ്യിക്കാൻ പാടുള്ളതല്ല.

(3) അങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി നല്കാൻ വിസമ്മതിക്കുന്നതുകൊണ്ടോ, അവയ്ക്ക് വ്യാജമായ മറുപടി നല്കുന്നതുകൊണ്ടോ പ്രതി സ്വയം ശിക്ഷാർഹനാകുന്നില്ല.

(4) പ്രതി നല്കുന്ന മറുപടികൾ അങ്ങനെയുള്ള അന്വേഷണവിചാരണയിലോ വിചാരണയിലോ പരിഗണനയിൽ എടുക്കപ്പെടാവുന്നതും, ഏതു കുററം അയാൾ ചെയ്തതായികാണിക്കാൻ പ്രവണതയുള്ളവയാണോ ആ മറുപടികൾ, അങ്ങനെയുള്ള മറേറതെങ്കിലും കുററത്തിന്റെ അന്വേഷണവിചാരണയിലോ വിചാരണയിലോ അയാൾക്ക് അനുകൂലമായോ, പ്രതികൂലമായോ ഉപയോഗിക്കപ്പെടാവുന്നതും ആണ്.

314. വാക്കാൽ വിവാദവും വിവാദത്തിന്റെ മെമ്മോറാണ്ടവും.—(1) ഏതെങ്കിലും കക്ഷിക്ക്, തന്റെ തെളിവ് എടുത്തുകഴിഞ്ഞതിനുശേഷം, ആകുന്നത്ര വേഗത്തിൽ, സംക്ഷിപ്തമായ വാക്കാൽ വിവാദം നടത്താവുന്നതും, വാക്കാൽ വിവാദം വല്ലതും ഉണ്ടെങ്കിൽ, അത് പൂർത്തിയാക്കുന്നതിനുമുമ്പ് കോടതിക്ക് തന്റെ കേസ്സിന് താങ്ങായ വിവാദം സംക്ഷിപ്തമായും വിഭിന്ന ശീർഷകങ്ങളിലായും പ്രതിപാദിച്ചുകൊണ്ട് ഒരു മെമ്മോറാണ്ടം സമർപ്പിക്കാവുന്നതും, അങ്ങനെയുള്ള ഏതൊരു മെമ്മോറാണ്ടവും റിക്കാർഡിന്റെ ഭാഗമായിത്തീരുന്നതും ആകുന്നു.

(2) അങ്ങനെയുള്ള ഏതൊരു മെമ്മോറണ്ടത്തിന്റേയും പകർപ്പ് അതേ സമയം തന്നെ എതിർകക്ഷിക്ക് നല്കേണ്ടതാകുന്നു.

(3) ലിഖിതമായ വിവാദം ഫയൽ ചെയ്യുന്നതിനുവേണ്ടി നടപടികൾ നീട്ടിവയ്ക്കുന്നത്, ആവശ്യകമാണെന്ന് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, കോടതി കരുതാത്തപക്ഷം, യാതൊരു സംഗതിയിലും അങ്ങനെ നീട്ടിവയ്ക്കാൻ പാടുള്ളതല്ല.

(4) വാക്കാൽ വിവാദങ്ങൾ സംക്ഷിപ്തമോ പ്രസക്തമോ അല്ലെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, കോടതിക്ക് അങ്ങനെയുള്ള വിവാദങ്ങൾ ക്രമപ്പെടുത്താവുന്നതാണ്.

315. പ്രതി ക്ഷമതയുള്ള സാക്ഷിയാണെന്ന്.— (1) ക്രിമിനൽ കോടതി മുമ്പാകെ ഒരു കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ, ക്ഷമതയുള്ള പ്രതിഭാഗം സാക്ഷിയായിരിക്കുന്നതും, അയാൾക്ക് തനിക്കെതിരായോ, അതേവിചാരണയിൽ തന്നോടൊപ്പം ചാർജ്ജ് ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്കെതിരായോഉള്ള ചാർജ്ജ് നില്ക്കുകയില്ലെന്ന് തെളിയിക്കുന്നതിന് ശപഥത്തിൻമേൽ തെളിവ് നല്കാവുന്നതും ആണ്.

എന്നാൽ—

(ക) അയാളെ, അയാളുടെ തന്നെ ലിഖിതമായ അപേക്ഷയില്ലാതെ ഒരു സാക്ഷിയായി വിളിക്കാൻ പാടുള്ളതല്ല;

(ഖ) അയാൾ തെളിവ് നല്കാതിരിക്കുന്നത്, കക്ഷികളിൽ ആരുടേയെങ്കിലുമോ കോടതിയുടേയോ വല്ല വിമർശനത്തിനും വിധേയമാക്കാൻ പാടുള്ളതോ, അത് അയാൾക്കോ, അതേ വിചാരണയിൽ അയാളോടൊപ്പം ചാർജ്ജ്

ചെയ്യപ്പെട്ട മറ്റേതെങ്കിലും ആൾക്കോ എതിരായി വല്ല അനുമാനവും ഉണ്ടാക്കുന്നതോ അല്ല.

(2) ആർക്കെതിരായാണോ 98-ാം വകുപ്പിനോ, 107-ാം വകുപ്പിനോ 108-ാം വകുപ്പിനോ 109-ാം വകുപ്പിനോ, 110-ാം വകുപ്പിനോ IX-ാം അദ്ധ്യായത്തിനോ X-ാം അദ്ധ്യായത്തിലെ, ഖ ഭാഗത്തിനോ, ഗ ഭാഗത്തിനോ, ഘ ഭാഗത്തിനോ, കീഴിൽ ഏതെങ്കിലും ക്രിമിനൽക്കോടതിയിൽ നടപടികൾ ആരംഭിക്കപ്പെട്ടിട്ടുള്ളത്, അയാൾക്ക് അങ്ങനെയുള്ള നടപടികളിൽ തന്നെത്തന്നെ സാക്ഷിയായി നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ, 108-ാം വകുപ്പിനോ 109-ാം വകുപ്പിനോ 110-ാം വകുപ്പിനോ കീഴിലുള്ള നടപടികളിൽ, അങ്ങനെയുള്ള ആൾ തെളിവ് നല്കാതിരിക്കുന്നത്, കക്ഷികളിൽ ആരുടെയെങ്കിലുമോ കോടതിയുടേയോ വല്ല വിമർശനത്തിനും വിധേയമാക്കാൻ പാടുള്ളതോ, അത് അയാൾക്കോ, അതേവിചാരണയിൽ അയാളോടൊപ്പം ചാർജ് ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്കോ എതിരായി വല്ല അനുമാനവും ഉണ്ടാക്കുന്നതോ അല്ല.

316. <u>വെളിപ്പെടുത്താൻ പ്രചോദിപ്പിക്കുന്നതിന് യാതൊരു സ്വാധീനവും ചെലുത്താവുന്നതല്ലെന്ന്.</u>—306-ം, 307-ം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, പ്രതിയുടെ അറിവിൽപ്പെട്ട ഏതെങ്കിലും വിഷയം വെളിപ്പെടുത്താനോ വെളിപ്പെടുത്താതിരിക്കാനോ അയാളെ പ്രചോദിപ്പിക്കാനായി ഏതെങ്കിലും വാഗ്ദാനമോ ഭീഷണിയോവഴിയോ മററുവധത്തിലോ യാതൊരു സ്വാധീനവും അയാളിൽ ചെലുത്താൻ പാടുള്ളതല്ല.

317. <u>ചില സംഗതികളിൽ പ്രതിയുടെ അസാന്നിദ്ധ്യത്തിൽ അന്വേഷണ വിചാരണകളും വിചാരണകളും നടത്തുവാനുള്ള വ്യവസ്ഥ.</u>—(1) ഈ നിയമസംഹിതയിൻകീഴിലുള്ള ഒരു അന്വേഷണ വിചാരണയുടേയോ വിചാരണയുടേയോ ഏതെങ്കിലും ഘട്ടത്തിൽ, നീതിയുടെ താത്പര്യങ്ങൾക്ക് പ്രതി കോടതി മുമ്പാകെ നേരിട്ടുഹാജരാകുന്നത് ആവശ്യമില്ലെന്നോ, അയാൾ കോടതിയിലെ നടപടികളെ തുടരെത്തുടരെ വിഘ്നപ്പെടുത്തുന്നു എന്നോ റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ ജഡ്ജിക്കോ മജിസ്ട്രേററിനോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അദ്ദേഹത്തിന് പ്രതിയുടെ സാന്നിദ്ധ്യം, അയാളെ വക്കീൽ പ്രതിനിധാനം ചെയ്യുന്നുവെങ്കിൽ, വേണ്ടന്നുവയ്ക്കുകയും അയാളുടെ അസാന്നിദ്ധ്യത്തിൽ അന്വേഷണവിചാരണയോ വിചാരണയോ തുടർന്നു നടത്തുകയും, അയാൾ നേരിട്ടു ഹാജരാകണമെന്ന്, നടപടികളുടെ പിന്നീടുള്ള ഏതെങ്കിലും ഘട്ടത്തിൽ, നിർദേശിക്കുകയും ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ, പ്രതിയെ വക്കീൽ പ്രതിനിധാനം ചെയ്യുന്നില്ലെങ്കിലോ, അയാളുടെ നേരിട്ടുള്ള സാന്നിദ്ധ്യം ആവശ്യമാണെന്ന് ജഡ്ജിയോ, മജിസ്ട്രേററോ കരുതുന്നുവെങ്കിലോ, അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്നുവെങ്കിൽ റിക്കാർഡാക്കപ്പെടേണ്ട കാരണങ്ങളാൽ അങ്ങനെയുള്ള അന്വേഷണവിചാരണയോ, വിചാരണയോ നീട്ടിവയ്ക്കുകയോ, അയാളുടെ കേസ്സ് വേറിട്ട് എടുക്കുകയോ വിചാരണ ചെയ്യുകയോ ചെയ്യേണ്ടതാണെന്ന് ഉത്തരവുചെയ്യുകയോ ചെയ്യാവുന്നതാണ്.

318. പ്രതിയ്ക്ക് നടപടികൾ മനസ്സിലാകാത്തിടത്തുള്ള നടപടിക്രമം.—പ്രതി ചിത്തഭ്രമമുള്ളവനല്ലെന്നിരുന്നാലും, നടപടികൾ മനസ്സിലാക്കാൻ കഴിയുകയില്ലെങ്കിൽ, കോടതിക്ക്, അന്വേഷണവിചാരണയോ വിചാരണയോ തുടർന്നു നടത്താവുന്നതാണ്; ഹൈക്കോടതിയല്ലാത്ത ഒരു കോടതിയുടെ സംഗതിയിൽ, അങ്ങനെയുള്ള നടപടികൾ കുററസ്ഥാപനത്തിൽ അവസാനിക്കുന്നുവെങ്കിൽ, നടപടികൾ കേസ്സിന്റെ പരിതസ്ഥിതികളുടെ ഒരു റിപ്പോർട്ടോടുകൂടി ഹൈക്കോടതിയിലേയ്ക്ക് അയക്കേണ്ടതും, ഹൈക്കോടതി അതിൻമേൽ അതിന് യുക്തമെന്നു തോന്നുന്ന ഉത്തരവ് പാസ്സാക്കുന്നതും ആണ്.

319. കുററത്തിന് അപരാധികളാണെന്ന് കാണപ്പെടുന്ന മററ് ആളുകൾക്കെതിരായി നടപടിയെടുക്കാനുള്ള അധികാരം.—(1) ഒരു കുററത്തിന്റെ ഏതെങ്കിലും അന്വേഷണവിചാരണയ്ക്കോ വിചാരണയ്ക്കോ ഇടയിൽ, പ്രതിയല്ലാത്ത ഏതെങ്കിലും ആൾ, അയാളെ പ്രതിയോടൊപ്പം വിചാരണ ചെയ്യത്തക്ക ഏതെങ്കിലും കുററം ചെയ്തിട്ടുണ്ടെന്ന് തെളിവിൽനിന്ന് കാണപ്പെടുന്നിടത്ത്, കോടതിക്ക് അയാൾ ചെയ്തിട്ടുള്ളതായി കാണപ്പെടുന്ന കുററത്തിന് അയാൾക്കെതിരായി നടപടിയെടുക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ആൾ കോടതിയിൽ ഹാജരില്ലാത്തിടത്ത്, മുൻപറഞ്ഞ ആവശ്യത്തിനായി, കേസ്സിന്റെ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്നതുപോലെ അയാളെ അറസ്ററ് ചെയ്യുകയോ സമൺ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) അറസ്ററിൻകീഴിലോ, സമൺസിൻമേലോ അല്ലെന്നിരുന്നാലും കോടതിയിൽ ഹാജരുള്ള ഏതെങ്കിലും ആളെ, ആ കോടതിക്ക് അയാൾ ചെയ്തിട്ടുള്ളതായി കാണപ്പെടുന്ന കുററത്തിന്റെ അന്വേഷണവിചാരണയ്ക്കോ വിചാരണയ്ക്കോവേണ്ടി അയാളെ തടഞ്ഞുവയ്ക്കാവുന്നതാണ്.

(4) കോടതി ഏതെങ്കിലും ആൾക്കെതിരായി (1)-ാം ഉപവകുപ്പിൻ കീഴിൽ നടപടിയെടുക്കുകയാണെങ്കിൽ—

(ക) അങ്ങനെയുള്ള ആളെസംബന്ധിച്ച് നടപടികൾ പുതുതായി ആരംഭിക്കുകയും സാക്ഷികളെ വീണ്ടും കേൾക്കുകയും ചെയ്യേണ്ടതും;

(ഖ) അന്വേഷണ വിചാരണയോ വിചാരണയോ ആരംഭിച്ചത് ഏത് കുററത്തിൻമേലാണോ, ആ കുററം കോടതി നടപടിക്കെടുത്തപ്പോൾ, അങ്ങനെയുള്ള ആൾ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളായിരുന്നാലെന്നപോലെ, കേസ് (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾക്കു വിധേയമായി തുടരേണ്ടതും, ആകുന്നു.

320. കുററങ്ങൾ രാജിയാക്കൽ.—(1) ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) യിലെ അടുത്തു താഴെയുള്ള അനുസൂചികയിലെ ആദ്യത്തെ രണ്ട് കള്ളികളിൽ വിനിർദ്ദേശിക്കുന്ന വകുപ്പുകളിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററങ്ങൾ ആ അനുസൂചികയിലെ മൂന്നാം കള്ളിയിൽ പറഞ്ഞിട്ടുള്ള ആളുകളാൽ രാജിയാക്കപ്പെടാവുന്നതാണ്;

# അനുസൂചിക

| കുററം | ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിലെ, ബാധക മാകുന്ന വകുപ്പ് | ഏതാളാൽ കുററം രാജിയാക്കപ്പെടാമെന്ന് |
|---|---|---|
| (1) | (2) | (3) |
| ഏതെങ്കിലും ആളുടെ മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തണമെന്ന സുചിന്തിതമായ ഉദ്ദേശത്തോടുകൂടി വാക്കുകറം ഉച്ചരിക്കുകയും മററും ചെയ്യുന്നത് | 298 | ആരുടെ മതപരമായ വികാരങ്ങളെയാണോ വ്രണപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്, അയാറം. |
| ദേഹോപദ്രവം ഏല്പിക്കൽ | 323<br>334 | ദേഹോപദ്രവം ഏല്പിക്കപ്പെട്ട ആറം. |
| ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യൽ | 341<br>342 | തടസ്സപ്പെടുത്തപ്പെടുകയോ തടഞ്ഞുവയ്ക്കപ്പെടുകയോ ചെയ്ത ആറം. |
| കൈയേററം അല്ലെങ്കിൽ കുററകരമായ ബലപ്രയോഗം | 352<br>355<br>358 | ആരുടെ നേർക്കാണോ കൈയേററം നടത്തിയത്, അല്ലെങ്കിൽ കുററകരമായ ബലംപ്രയോഗിച്ചത്, അയാറം. |
| ദ്രോഹം ഉണ്ടാക്കപ്പെടുന്ന നഷ്ടമോ നാശനഷ്ടമോ ഒരു സ്വകാര്യവ്യക്തിക്കുള്ള നഷ്ടമോ നാശനഷ്ടമോമാത്രം ആയിരിക്കുമ്പോറം | 426<br>427 | ആർക്കാണോ നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കിയിട്ടുള്ളത്, അയാറം. |
| കുററകരമായ വസ്തുകൈയേററം | 447 | കൈയേററം നടത്തപ്പെട്ട വസ്തു കൈവശമുള്ള ആറം. |
| ഭവനകൈയേററം | 448 | ടി |
| സർവ്വീസ് കാൺട്രാക്ററുകളുടെ കുററകരമായ ലംഘനം | 491 | കുററക്കാരൻ ആരുമായാണോ കാൺട്രാക്ററ് ചെയ്തിട്ടുള്ളത് അയാറം. |
| വ്യഭിചാരം | 497 | സ്ത്രീയുടെ ഭർത്താവ്. |
| വിവാഹിതയായ സ്ത്രീയെ കുററകരമായ ഉദ്ദേശത്തോടുകൂടെ വശീകരിച്ചുകൊണ്ടുപോവുകയോ കൂട്ടിക്കൊണ്ടുപോവുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത് | 498 | ടി. |
| അപകീർത്തിപ്പെടുത്തൽ | 500 | അപകീർത്തിപ്പെടുത്തപ്പെട്ട ആറം. |

| (1) | (2) | (3) |
|---|---|---|
| സംഗതി, അപകീർത്തികരമാണെന്ന് അറിഞ്ഞുകൊണ്ട് അച്ചടിക്കുകയോ കൊത്തിയുണ്ടാക്കുകയോ ചെയ്യുന്നത് | 501 | അപകീർത്തിപ്പെടുത്തപ്പെട്ട ആൾ. |
| അപകീർത്തികരമായ സംഗതി അടങ്ങിയിട്ടുള്ള, അച്ചടിച്ചതോ, കൊത്തിയുണ്ടാക്കിയതോ ആയ സാധനം, അത് അങ്ങനെയുള്ള സംഗതി അടങ്ങിയിട്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ട് വില്ക്കുന്നത് | 502 | ടി. |
| സമാധാനം ലംഘിക്കുന്നതിന് പ്രകോപനം നല്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അപമാനിക്കുന്നത് | 504 | അപമാനിക്കപ്പെട്ട ആൾ |
| കുററകരമായ ഭയപ്പെടുത്തൽ, കുററം ഏഴു വർഷത്തേയ്ക്ക് തടവു നല്കി ശിക്ഷിക്കപ്പെടാവുന്നതാകുമ്പോഴൊഴികെ | 506 | ഭയപ്പെടുത്തപ്പെട്ട ആൾ. |
| ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാകുമെന്നു ഒരാളെ വിശ്വസിപ്പിക്കുന്നതുവഴി ഇടയാക്കുന്ന കൃത്യം | 508 | ആർക്കെതിരായാണോ കുററം ചെയ്തത്, അയാൾ. |

(2) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ അടുത്തു താഴെയുള്ള അനുസൂചികയിലെ ആദ്യത്തെ രണ്ട് കള്ളികളിൽ വിനിർദ്ദേശിക്കുന്ന വകുപ്പുകളിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററങ്ങൾ ആ അനുസൂചികയിലെ മൂന്നാം കള്ളിയിൽ പറഞ്ഞിട്ടുള്ള ആളുകളാൽ, അങ്ങനെയുള്ള കുററത്തിനുള്ള ഏതെങ്കിലും പ്രാസിക്യൂഷൻ ഏതു കോടതിയുടെ മുമ്പാകെയാണോ നിലവിലിരിക്കുന്നത്, ആ കോടതിയുടെ അനുവാദത്തോടുകൂടി, രാജിയാക്കപ്പെടാവുന്നതാണ്:—

## അനുസൂചിക

| കുററം | ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ ബാധകമാകുന്ന വകുപ്പ് | ഏതാളാൽ കുററം രാജിയാക്കപ്പെടാമെന്നോ ആ ആൾ |
|---|---|---|
| 1 | 2 | 3 |
| അപായകരമായ ആയുധങ്ങളാലോ മാർഗ്ഗങ്ങളിലൂടെയോ സേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്. | 324 | ദേഹോപദ്രവം ഏല്പിപ്പെട്ട ആൾ. |

| (1) | (2) | (3) |
|---|---|---|
| സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 325 | ദേഹോപദ്രവം ഏല്പിക്കപ്പെട്ട ആൾ. |
| ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 335 | ടി |
| മനുഷ്യജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാകത്തക്കവിധം അത്ര സാഹസികമായോ ഉപേക്ഷാപൂർവ്വകമായോ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ദേഹോപദ്രവം ഏല്പിക്കുന്നത്. | 337 | ടി |
| മനുഷ്യജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കത്തക്കവിധം അത്ര സാഹസികമായും ഉപേക്ഷാ പൂർവ്വകമായും ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 338 | ടി |
| ഒരാളെ, മൂന്നോ അതിൽകൂടുതലോ ദിവസത്തേയ്ക്ക് അന്യായമായി തടഞ്ഞുവയ്ക്കുന്നത്. | 343 | തടഞ്ഞുവയ്ക്കപ്പെട്ട ആൾ. |
| പത്തോ അതിൽകൂടുതലോ ദിവസത്തേയ്ക്ക് അന്യായമായി തടഞ്ഞുവയ്ക്കുന്നത്. | 344 | ടി |
| രഹസ്യമായി, ഒരാളെ അന്യായമായി തടഞ്ഞുവയ്ക്കുന്നത്. | 346 | ടി |
| സ്ത്രീയെ മാനഭംഗപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവളുടെ നേരെ നടത്തുന്ന കൈയേററമോ കുററകരമായ ബലപ്രയോഗമോ. | 354 | ഏതു സ്ത്രീക്കെതിരായാണോ കൈയേററം ചെയ്യുകയോ കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്തത് ആ സ്ത്രീ. |
| ഒരാളെ അന്യായമായി തടഞ്ഞുവയ്ക്കാൻ ശ്രമിക്കുന്നതിലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ. | 357 | ആർക്കെതിരായാണോ കൈയേററം ചെയ്യുകയോ ബലം പ്രയോഗിക്കുകയോ ചെയ്തത് ആ ആൾ. |
| മോഷണം, മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ മൂല്യം ഇരുനൂററിയമ്പതുരൂപയിൽ കവിയാതിരിക്കുമ്പോൾ, | 379 | മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ ഉടമസ്ഥൻ. |
| യജമാനന്റെ കൈവശത്തിലുള്ള വസ്തു, ക്ലാർക്കോ ഭൃത്യനോ മോഷണം നടത്തുന്നത്, മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ മൂല്യം ഇരുനൂററിയമ്പതുരൂപയിൽ കവിയാതിരിക്കുന്നിടത്ത്. | 381 | ടി |

| (1) | (2) | (3) |
|---|---|---|
| വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗം. | 403 | ദുർവിനിയോഗം ചെയ്യപ്പെട്ട വസ്തുവിന്റെ ഉടമസ്ഥൻ. |
| കുററകരമായ ട്രസ്ററ് ലംഘനം, വസ്തുവിന്റെ മൂല്യം ഇരുനൂററിയമ്പതുരൂപയിൽ കവിയാതിരിക്കുന്നിടത്ത്. | 406 | ഏതു വസ്തുസംബന്ധിച്ചാണോ ട്രസ്ററ്ലംഘനം നടത്തപ്പെട്ടത്, ആ വസ്തുവിന്റെ ഉടമസ്ഥൻ. |
| കാരിയറും, പാതാറുടമയും മററും ട്രസ്ററ്ലംഘനം നടത്തുന്നവസ്തുവിന്റെ മൂല്യം ഇരുനൂററിയമ്പതുരൂപയിൽ കവിയാതിരിക്കുന്നന്നിടത്ത്. | 407 | ടി. |
| ക്ലാർക്കോ, ഭൃത്യനോ കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്നത്, വസ്തുവിന്റെ മൂല്യം ഇരുനൂററിയമ്പതുരൂപയിൽ കവിയാതിരിക്കുന്നിടത്ത്. | 408 | ടി. |
| കളവുമുതലാണെന്നറിഞ്ഞുകൊണ്ട് കളവുമുതൽ നേരുകേടായി സ്വീകരിക്കുന്നത്, മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ മൂല്യം ഇരുനൂററിയമ്പതുരൂപയിൽ കവിയാതിരിക്കുമ്പോൾ. | 411 | മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ ഉടമസ്ഥൻ. |
| കളവുമുതലാണെന്നറിഞ്ഞുകൊണ്ട്, അത് ഒളിച്ചുവയ്ക്കുന്നതിലോ വ്യയനം ചെയ്യുന്നതിലോ സഹായിക്കുന്നത് മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ മൂല്യം ഇരുനൂററിയമ്പതുരൂപയിൽ കവിയാതിരിക്കുന്നിടത്ത്. | 414 | ടി. |
| ചതിക്കൽ. | 417 | ചതിക്കപ്പെട്ട ആൾ. |
| ഏതാളുടെ താത്പര്യം സംരക്ഷിക്കുവാനാണോ നിയമത്താലോ നിയമാനുസൃതമായ കാൺട്രാക്ററിനാലോ കുററക്കാരൻ ബാദ്ധ്യസ്ഥനായിരുന്നത്, ആ ആളെ ചതിക്കുന്നത്. | 418 | ടി. |
| ആൾമാറാട്ടം വഴി ചതിക്കുന്നത്. | 419 | ടി. |
| ചതിക്കുകയും, വസ്തു നല്കുവാനോ, ഒരുമൂല്യമുള്ള ഈട് ഉണ്ടാക്കുവാനോ, വ്യത്യാസപ്പെടുത്തുവാനോ നശിപ്പിക്കുവാനോ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നത്. | 420 | ടി. |
| ഉത്തമർണ്ണന്മാരുടെ ഇടയിൽ വിതരണം ചെയ്യുന്നതു തടയുവാനായി വസ്തു വഞ്ചനാപൂർവ്വകമായി നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുക മുതലായത്. | 421 | അതു ബാധിക്കുന്ന ഉത്തമർണ്ണന്മാർ. |

| (1) | (2) | (3) |
|---|---|---|
| കുററക്കാരന്, കിട്ടേണ്ട കടമോ ഡിമാൻറോ തൻെറ ഉത്തമർണ്ണൻമാർക്ക് ലഭ്യമാകുന്നത് വഞ്ചനാപൂർവ്വകമായി തടയുന്നത്. | 422 | അതു ബാധിക്കുന്ന ഉത്തമർണ്ണൻമാർ. |
| വഞ്ചനാപൂർവ്വകമായി പ്രതിഫലത്തെപ്പററി വ്യാജമായ പ്രസ്താവന അടങ്ങിയ കൈമാററക്കരണം ഒപ്പിട്ടു പൂർത്തീകരിക്കുന്നത്. | 423 | അതു ബാധിക്കുന്ന ആരം. |
| വഞ്ചനാപൂർവ്വകമായി വസ്തു നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്. | 424 | ടി. |
| പത്തുരൂപയോ അതിൽ കൂടുതലോ വിലയുള്ള ജന്തുവിനെ കൊല്ലുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം. | 428 | ജന്തുവിൻെറ ഉടമസ്ഥൻ. |
| എന്തുവിലയുമുള്ളകന്നുകാലിമുതലായവയേയോ അമ്പതുരൂപയോ അതിൽ കൂടുതലോ വിലയുള്ള മറേറതെങ്കിലും ജന്തുവിനേയോ കൊല്ലുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം. | 429 | കന്നുകാലികളുടെയോ ജന്തുവിൻെറയോ ഉടമസ്ഥൻ. |
| വെള്ളം അന്യായമായി തിരിച്ചുവിടുന്നതുവഴി ജലസേചന നിർമ്മാണങ്ങൾക്ക് ക്ഷതി ഉളവാക്കുന്നതുവഴിയുള്ള ദ്രോഹം ഉണ്ടാക്കിയ നഷ്ടമോ നാശനഷ്ടമോ ഒരു സ്വകാര്യവ്യക്തിക്കുള്ള നഷ്ടമോ നാശനഷ്ടമോ മാത്രമായിരിക്കുമ്പോൾ. | 430 | ആർക്കാണോ നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കിയിട്ടുള്ളത് അയാൾ. |
| തടവുനല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം (മോഷണം അല്ലാത്തത്) ചെയ്യുന്നതിനുവേണ്ടി ഭവന കൈയേററം. | 451 | കൈയേററം ചെയ്യപ്പെട്ട ഭവനം കൈവശം ഉള്ള ആരം. |
| വ്യാജമായ വ്യാപാരചിഹ്നമോ വ്യാജമായ വസ്തു ചിഹ്നമോ ഉപയോഗിക്കുന്നത്. | 482 | അങ്ങനെ ഉപയോഗംവഴി ആർക്കാണോ നഷ്ടമോ, ക്ഷതിയോ ഉണ്ടായത്, ആ ആരം, |
| മറെറാരാരം ഉപയോഗിക്കുന്ന വ്യാപാരചിഹ്നത്തിൻെറയോ വസ്തു ചിഹ്നത്തിൻെറയോ കപടാനുകരണം നടത്തുന്നത്. | 483 | ആരുടെ വ്യാപാരചിഹ്നത്തിൻെറയോ വസ്തുചിഹ്നത്തിൻെറയോ ആണോ കപടാനുകരണം നടത്തിയത് ആ ആരം |

| (1) | (2) | (3) |
|---|---|---|
| കപടാനുകരണം നടത്തിയുണ്ടാക്കിയ ഒരു വസ്തു ചിഹ്നംകൊണ്ട് ചിഹ്നമിട്ട ചരക്കുകൾ അറിഞ്ഞുകൊണ്ട് വില്ക്കുകയോ, വില്പനയ്ക്കോ നിർമ്മാണാവശ്യത്തിനോ ആയി പ്രദർശിപ്പിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്. | 486 | ആരുടെ വ്യാപാര ചിഹ്നത്തിന്റെയോ വസ്തുചിഹ്നത്തിന്റെയോ ആണോ കപടാനുകരണം നടത്തിയത് ആ ആൾ. |
| ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ വീണ്ടും വിവാഹം കഴിക്കുന്നത് | 494 | അപ്രകാരം വിവാഹം കഴിക്കുന്ന ആളുടെ ഭർത്താവോ, ഭാര്യയോ. |
| രാഷ്ട്രപതിക്കോ ഉപരാഷ്ട്രപതിക്കോ, സ്റ്റേറ്റിലെ ഗവർണ്ണർക്കോ യൂണിയൻരാജ്യക്ഷേത്രത്തിലെ അഡ്മിനിസ്ട്രേറ്റർക്കോ, മന്ത്രിക്കോ എതിരായി, അവരുടെ പബ്ലിക് ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള അവരുടെ പെരുമാററം സംബന്ധിച്ചുള്ള അപകീർത്തിപ്പെടുത്തൽ, പബ്ലിക് പ്രാസിക്യൂട്ടർ ചെയ്തിട്ടുള്ള പരാതിയിൻമേൽ ആരംഭിക്കപ്പെട്ടിട്ടുള്ളപ്പോൾ. | 500 | ആരെയാണോ അപകീർത്തിപ്പെടുത്തിയത് അയാൾ |
| സ്ത്രീയുടെ മാനത്തെ അധിക്ഷേപിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് വാക്കോ ശബ്ദമോ ഉച്ചരിക്കുകയോ, ആംഗ്യം കാണിക്കുകയോ ഏതെങ്കിലും സാധനം പ്രദർശിപ്പിക്കുകയോ ചെയ്യുന്നതോ സ്ത്രീയുടെ ഏകാന്തതയെ അതിക്രമിക്കുകയോ ചെയ്യുന്നതോ. | 509 | ഏത് സ്ത്രീയെയാണോ അപമാനിക്കുവാൻ ഉദ്ദേശിച്ചത്, അല്ലെങ്കിൽ ഏത് സ്ത്രീയുടെ ഏകാന്തതയാണോ അതിക്രമിക്കപ്പെട്ടത്, ആ സ്ത്രീ. |

(3) ഏതെങ്കിലും കുററം ഈ വകുപ്പിൻകീഴിൽ രാജിയാക്കപ്പെടാവുന്നതാകുമ്പോൾ, അങ്ങനെയുള്ള കുററത്തിനുള്ള പ്രേരണയോ അങ്ങനെയുള്ള കുററം ചെയ്യുന്നതിനുള്ള ശ്രമമോ (അങ്ങനെയുള്ള ശ്രമംതന്നെ കുററമായിരിക്കുമ്പോൾ) അതേ രീതിയിൽ രാജിയാക്കപ്പെടാവുന്നതാണ്.

(4) (ക) ഒരു കുററം ഈ വകുപ്പിൻകീഴിൽ രാജിയാക്കാൻ മററുവിധത്തിൽ ക്ഷമതയുണ്ടാകുമായിരുന്ന ഏതെങ്കിലും ആൾ പതിനെട്ടു വയസ്സിനു താഴെയുള്ളവനോ, ജഡബുദ്ധിയോ, ചിത്തഭ്രമമുള്ളവനോ ആയിരിക്കുമ്പോൾ, അയാൾക്കുവേണ്ടി കാൺട്രാക്റ്റു ചെയ്യാൻ ക്ഷമതയുള്ള ഏതെങ്കിലും ആൾക്ക്, കോടതിയുടെ അനുവാദത്തോടുകൂടി, അങ്ങനെയുള്ള കുററം രാജിയാക്കാവുന്നതാണ്.

(ഖ) ഈ വകുപ്പിൻകീഴിൽ ഒരു കുററം രാജിയാക്കുവാൻ മററുവിധത്തിൽ ക്ഷമതയുണ്ടാകുമായിരുന്ന ഏതെങ്കിലും ആൾ മരിച്ചുപോയിട്ടുള്ളപ്പോൾ, അങ്ങനെയുള്ളയാളുടെ, സിവിൽ നടപടി നിയമസംഹിത, 1908 (1905-ലെ 5) നിർവചിച്ചപ്രകാരമുള്ള നിയമാനുസൃത പ്രതിനിധിക്ക്, കോടതിയുടെ സമ്മതത്തോടുകൂടി, കുററം രാജിയാക്കാവുന്നതാണ്.

(5) പ്രതിയെ വിചാരണയ്ക്ക് കമ്മിററ് ചെയ്തിരിക്കുമ്പോഴോ, അല്ലെങ്കിൽ അയാളെ കുററസ്ഥാപനം ചെയ്തിരിക്കുകയും അപ്പീൽ നിലവിലിരിക്കുകയും ചെയ്യുമ്പോഴോ, അതതു സംഗതിപോലെ, അയാളെ ഏതു കോടതിയിലേക്കാണോ കമ്മിററ് ചെയ്തിട്ടുള്ളത്, ആ കോടതിയുടേയോ അല്ലെങ്കിൽ അപ്പീൽ കേൾക്കേണ്ട കോടതിയുടേയോ അനുമതി കൂടാതെ കുററം രാജിയാക്കാൻ അനുവദിക്കപ്പെടുന്നതല്ല.

(6) 401-ാം വകുപ്പിൻകീഴിൽ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുന്ന ഹൈക്കോടതിക്കോ, സെഷൻസ് കോടതിക്കോ, ഏതെങ്കിലും ആളെ, അയാൾക്ക് ഈ വകുപ്പിൻകീഴിൽ രാജിയാക്കാൻ ക്ഷമതയുള്ള ഏതെങ്കിലും കുററം രാജിയാക്കാൻ അനുവദിക്കാവുന്നതാണ്.

(7) യാതൊരു കുററവും, പ്രതി അങ്ങനെയുള്ള കുററത്തിന് ഒരു മുൻ കുററസ്ഥാപനം കാരണമായി, വർദ്ധിപ്പിച്ച ശിക്ഷയ്ക്കോ, വ്യത്യസ്ത തരത്തിലുള്ള ശിക്ഷയ്ക്കോ അർഹനാണെങ്കിൽ, രാജിയാക്കാൻ പാടുള്ളതല്ല.

(8) ഒരു കുററത്തിന്റെ, ഈ വകുപ്പിൻകീഴിലുള്ള രാജിക്ക്, ഏതു പ്രതിയുമായാണോ കുററം രാജിയാക്കിയത്, അയാളെ കുററവിമുക്തനാക്കുന്ന പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(9) യാതൊരു കുററവും ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, രാജിയാക്കാൻ പാടുള്ളതല്ല.

321. <u>പ്രാസിക്യൂഷനിൽനിന്ന് പിൻവലിക്കൽ.</u>—കേസിന്റെ ചാർജ്ജുള്ള പബ്ലിക് പ്രാസിക്യൂട്ടർക്കോ, അസിസ്ററൻറ് പബ്ലിക് പ്രാസിക്യൂട്ടർക്കോ കോടതിയുടെ സമ്മതത്തോടുകൂടി, വിധി പ്രസ്താവിക്കുന്നതിനുമുൻപ് ഏതു സമയത്തും, ഏതെങ്കിലും ആളെ പ്രാസിക്യൂട്ട് ചെയ്യുന്നതിൽനിന്ന് സാമാന്യമായോ അല്ലെങ്കിൽ അയാളെ വിചാരണ ചെയ്യുന്ന കുററങ്ങളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ സംബന്ധിച്ചോ പിൻവലിക്കാവുന്നതും അങ്ങനെ പിൻവലിക്കുന്നതിൻമേൽ,—

(ക) അത് ചാർജ്ജ് തയ്യാറാക്കുന്നതിനുമുമ്പ് ചെയ്തതാണെങ്കിൽ, പ്രതിയെ അങ്ങനെയുള്ള കുററമോ കുററങ്ങളോ സംബന്ധിച്ച് ഡിസ്ചാർജ് ചെയ്യേണ്ടതും;

(ഖ) അത് ചാർജ്ജ് തയ്യാറാക്കിയതിനുശേഷമോ ഈ സംഹിതയിൻ കീഴിൽ ചാർജ്ജ് ആവശ്യമില്ലാത്തപ്പോഴോ ചെയ്തതാണെങ്കിൽ, അയാളെ അങ്ങനെയുള്ള കുററമോ കുററങ്ങളോ സംബന്ധിച്ച് കുററവിമുക്തനാക്കേണ്ടതും,

ആകുന്നു:

എന്നാൽ അങ്ങനെയുള്ള കുററം—

(i) യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്ന ഒരു വിഷയം സംബന്ധിച്ച ഏതെങ്കിലും നിയമത്തിന് എതിരായതോ,

(ii) ഡൽഹി സ്പെഷ്യൽ പോലീസ് എസ്ററാബ്ലിഷ്മെൻറ് ആക്ററ്, 1946 (1946-ലെ 25)-ൻ കീഴിൽ ഡൽഹി സ്പെഷ്യൽപോലീസ് എസ്ററാബ്ലിഷ്മെൻറ് അന്വേഷണം നടത്തിയതോ,

(iii) കേന്ദ്ര ഗവൺമെൻറിന്റെ വകയായ ഏതെങ്കിലും വസ്തുവിന്റെ ദുർവിനിയോഗമോ, നശീകരണമോ നാശനഷ്ടമോ ഉൾക്കൊള്ളുന്നതോ,

(iv) കേന്ദ്ര ഗവൺമെൻറ് സർവ്വീസിലുള്ള ഒരാൾ, തന്റെ ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കുന്നതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ ചെയ്തതോ,

ആയിരിക്കുകയും കേസ്സിന്റെ ചാർജ്ജുള്ള പബ്ലിക് പ്രാസിക്യൂട്ടർ കേന്ദ്രഗവൺമെന്റ് നിയമിച്ചിട്ടുള്ള ആളല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അപ്രകാരം ചെയ്യുവാൻ കേന്ദ്രഗവൺമെന്റ് അയാളെ അനുവദിച്ചിട്ടില്ലാത്ത പക്ഷം, അയാരം പ്രാസിക്യൂഷനിൽനിന്ന് പിൻവലിക്കുവാനുള്ള കോടതിയുടെ സമ്മതത്തിന് കോടതിയോട് അപേക്ഷിക്കുവാൻ പാടില്ലാത്തതും, കോടതി, അതിന്റെ സമ്മതം നല്കുന്നതിനു മുമ്പായി, പ്രാസിക്യൂഷനിൽ നിന്ന് പിൻവലിക്കാൻ കേന്ദ്രഗവൺമെന്റ് നല്കിയിട്ടുള്ള അനുവാദം കോടതി മുമ്പാകെ ഹാജരാക്കാൻ പ്രാസിക്യൂട്ടറോട് നിദേശിക്കേണ്ടതും ആകുന്നു.

322. മജിസ്ട്രേററിന് തീർപ്പാക്കാൻ കഴിയാത്ത കേസ്സുകളിലെ നടപടിക്രമം.—(1) ഏതെങ്കിലും ജില്ലയിലെ ഒരു മജിസ്ട്രേററിന്റെ മുമ്പാകെയുള്ള, കുററം സംബന്ധിച്ച അന്വേഷണ വിചാരണയ്ക്കോ, വിചാരണയ്ക്കോ ഇടയിൽ, മജിസ്ട്രേററിന്, തെളിവ്,—

(ക) കേസ്സ് വിചാരണചെയ്യാനോ, വിചാരണയ്ക്കു കമ്മിററ് ചെയ്യാനോ അയാരംക്ക് അധികാരിതയില്ലെന്നോ;

(ഖ) കേസ്സ്, ജില്ലയിലെ മറേറതെങ്കിലും ഒരു മജിസ്ട്രേററ് വിചാരണചെയ്യുകയോ വിചാരണയ്ക്ക് കമ്മിററ് ചെയ്യുകയോ ചെയ്യേണ്ട ആയ ഒന്നാണെന്നോ;

(ഗ) കേസ്സ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ് വിചാരണ ചെയ്യേണ്ടതാണെന്നോ,

ഉള്ള ഒരു അനുമാനം നീതീകരിക്കുന്നതാണെന്ന് തോന്നുന്നുവെങ്കിൽ, അദ്ദേഹം നടപടികരം നിറുത്തിവയ്ക്കുകയും, കേസ്സ്, അതിന്റെ സ്വഭാവം വിശദീകരിച്ചുകൊണ്ടുള്ള ഒരു സംക്ഷിപ്തറിപ്പോർട്ടോടുകൂടി ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനോ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ് നിദേശിക്കുന്ന അധികാരിതയുള്ള മറേറതെങ്കിലും മജിസ്ട്രേററിനോ,സമർപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) കേസ്സ് സമർപ്പിക്കപ്പെട്ട മജിസ്ട്രേററിന്, അദ്ദേഹത്തെ കേസ്സ് സ്വയം വിചാരണ ചെയ്യുവാനോ, തന്റെ കീഴിലുള്ള അധികാരിതയുള്ള ഏതെങ്കിലും മജിസ്ട്രേററിന് റഫർ ചെയ്യുവാനോ, പ്രതിയെ വിചാരണയ്ക്ക് കമ്മിററ് ചെയ്യുവാനോ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അപ്രകാരം ചെയ്യാവുന്നതാണ്.

323. അന്വേഷണവിചാരണയോ വിചാരണയോ ആരംഭിച്ചതിനുശേഷം, കേസ്സ് കമ്മിററ് ചെയ്യപ്പെടേണ്ടതാണെന്ന് മജിസ്ട്രേററ് കാണുമ്പോഴുള്ള നടപടിക്രമം.— ഒരു മജിസ്ട്രേററിന്റെ മുമ്പാകെയുള്ള കുററംസംബന്ധിച്ച് ഏതെങ്കിലും അന്വേഷണവിചാരണയിലോ, വിചാരണയിലോ വിധിന്യായം ഒപ്പിടുന്നതിനുമുൻപ് നടപടികളുടെ എതെങ്കിലും ഘട്ടത്തിൽ, അദ്ദേഹത്തിന് കേസ്സ് സെഷൻസ് കോടതി വിചാരണചെയ്യേണ്ടതാണെന്നു തോന്നുന്നുവെങ്കിൽ, അദ്ദേഹം അത്, ഇതിൽ ഇതിനുമുൻപ് അടങ്ങിയ വ്യവസ്ഥകരംക്കു കീഴിൽ, ആ കോടതിയിലേക്ക് കമ്മിററ് ചെയ്യേണ്ടതാകുന്നു.

324. നാണയം സംബന്ധിച്ച കുററങ്ങരംക്കും സ്ററാമ്പ് നിയമത്തിനോ വസ്തുവിനോ എതിരായുള്ള കുററങ്ങരംക്കും മുൻ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആളുകളുടെ വിചാരണ.—(1) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യിലെ XII-ാം അദ്ധ്യായത്തിനോ XVII-ാം അദ്ധ്യായത്തിനോ കീഴിൽ, മൂന്നു വർഷത്തേയ്ക്കോ അതിൽ കൂടുതൽ കാലത്തേക്കോ തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ,

ഴാം ആ അദ്ധ്യായങ്ങളിൽ ഏതിലെങ്കിലും കീഴിൽ മൂന്നു വർഷത്തേയ്ക്കോ അതിൽ കൂടുതൽ കാലത്തേയ്ക്കോ തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് വീണ്ടും കുററാരോപണം ചെയ്യപ്പെട്ടിരിക്കുകയും, കേസ് ഏത് മജിസ്ട്രേററിന്റെ മുൻപാകെയാണോ നിലവിലിരിക്കുന്നത് ആ മജിസ്ട്രേററിന് അങ്ങനെയുള്ള ആരം ആ കുററം ചെയ്തിട്ടുണ്ടെന്ന് അനുമാനിക്കുവാൻ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നിടത്ത്, മജിസ്ട്രേററിന് കേസ്സ് വിചാരണ ചെയ്യാൻ ക്ഷമത ഉണ്ടായിരിക്കുകയും, പ്രതിയെ കുററസ്ഥാപനം ചെയ്യുന്നുവെങ്കിൽ, പര്യാപ്തമായ ശിക്ഷാവിധി തനിക്കുതന്നെ പാസാക്കുവാൻകഴിയുമെന്ന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യാത്തപക്ഷം, അയാളെ വിചാരണയ്ക്കായി ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ അടുക്കലേയ്ക്ക് അയക്കുകയോ, സെഷൻസ് കോടതിയിലേയ്ക്ക് കമ്മിററ് ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

(2) ഏതെങ്കിലും ആളെ (1)-ാം ഉപവകുപ്പിൻകീഴിൽ വിചാരണയ്ക്കായി ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ അടുക്കലേയ്ക്ക് അയയ്ക്കുകയോ, സെഷൻസ് കോടതിയിലേയ്ക്ക് കമ്മിററ് ചെയ്യുകയോ ചെയ്യുമ്പോൾ, അതേ അന്വേഷണവിചാരണയിലോ വിചാരണയിലോ അയാളോടൊപ്പം കൂട്ടായി കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള മറേറതെങ്കിലും ആളെ, അയാളെ അതതു സംഗതിപോലെ, 239-ാം വകുപ്പിനോ, 245-ാം വകുപ്പിനോകീഴിൽ മജിസ്ട്രേററ് ഡിസ്ചാർജുചെയ്യാത്തപക്ഷം, അതേപോലെ അയക്കുകയോ, കമ്മിററ് ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

325. <u>മതിയായിടത്തോളം തീവ്രമായ ശിക്ഷാവിധി പാസ്സാക്കാൻ മജിസ്ട്രേററിന് കഴിയാത്തപ്പോഴുള്ള നടപടിക്രമം.</u>—(1) പ്രാസിക്യൂഷൻ ഭാഗവും പ്രതിയുടെ ഭാഗവും തെളിവ് കേട്ടതിനുശേഷം, മജിസ്ട്രേററിന് പ്രതി അപരാധിയാണെന്നും, ചുമത്തുവാൻ തന്നെ അധികാരപ്പെടുത്തിയിട്ടുള്ള ശിക്ഷയിൽനിന്ന് വ്യത്യസ്തമായ തരത്തിലുള്ളതോ അതിലും തീവ്രമായതോ ആയ ശിക്ഷ അയാൾക്ക് കിട്ടേണ്ടതാണെന്നും അഭിപ്രായമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ താൻ ഒരു രണ്ടാംക്ളാസ് മജിസ്ട്രേററായിരിക്കേ, പ്രതിയോട് 106-ാം വകുപ്പിൻ കീഴിൽ ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കാൻ ആവശ്യപ്പെടേണ്ടതാണെന്ന് അഭിപ്രായമുണ്ടായിരിക്കുകയോ ചെയ്യുമ്പോഴെല്ലാം, അദ്ദേഹത്തിന് ആ അഭിപ്രായം റിക്കാർഡാക്കുകയും താൻ ഏതു ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കീഴിലാണോ ആ മജിസ്ട്രേററിന് നടപടികൾ സമർപ്പിക്കുകയും അദ്ദേഹത്തിന്റെ അടുക്കലേയ്ക്ക് പ്രതിയെ അയക്കുകയും ചെയ്യാവുന്നതാണ്.

(2) ഒന്നിലധികം പ്രതികളെ ഒരുമിച്ച് വിചാരണ ചെയ്യുകയും, അങ്ങനെയുള്ളവരിൽ ഏതെങ്കിലും പ്രതിയെ സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻ കീഴിൽ നടപടി തുടരേണ്ടത് ആവശ്യമാണെന്ന് മജിസ്ട്രേററിന് തോന്നുകയും ചെയ്യുമ്പോൾ, അദ്ദേഹം തന്റെ അഭിപ്രായത്തിൽ അപരാധികളായി തോന്നുന്ന എല്ലാ പ്രതികളേയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ അടുക്കലേയ്ക്ക അയക്കേണ്ടതാകുന്നു.

(3) നടപടികൾ സമർപ്പിക്കപ്പെട്ടിട്ടുള്ള ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, കക്ഷികളെ വിസ്തരിക്കുകയും, കേസിൽ മുൻപേ തെളിവ് നല്കിക്കഴിഞ്ഞിട്ടുള്ള ഏതെങ്കിലും സാക്ഷിയെ തിരിയെ വിളിച്ച് വിസ്തരിക്കുകയും ചെയ്യാവുന്നതും, കൂടുതലായ ഏതെങ്കിലും തെളിവ് ആവശ്യപ്പെടുകയും എടുക്കുകയും ചെയ്യാവുന്നതും, അദ്ദേഹം കേസ്സിൽ യുക്തമെന്ന് തോന്നുന്നതും നിയമമനുസരിച്ചുള്ളതുമായ വിധിയോ ശിക്ഷാവിധിയോ ഉത്തരവോ പാസ്സാക്കേണ്ടതും ആകുന്നു.

326. ഭാഗികമായി ഒരു മജിസ്ട്രേററും ഭാഗികമായി മറെറാരു മജിസ്ട്രേററും റിക്കാർഡാക്കുന്ന തെളിവിൻമേൽ കുററസ്ഥാപനം ചെയ്യുകയോ, കമ്മിററ് ചെയ്യുകയോ ചെയ്യുന്നത്.—(1) ഒരു അന്വേഷണവിചാരണയിലോ, വിചാരണയിലോ തെളിവ് മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ കേൾക്കുകയും റിക്കാർഡാക്കുകയും ചെയ്തതിനുശേഷം, ഏതെങ്കിലും മജിസ്ട്രേററ് അതിൽ അധികാരിത പ്രയോഗിക്കുന്നത് അവസാനിക്കുകയും, അങ്ങനെയുള്ള അധികാരിതയുണ്ടായിരിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന മറെറാരു മജിസ്ട്രേററ് അദ്ദേഹത്തിൻെറ പിൻഗാമിയാവുകയും ചെയ്യുമ്പോ ഴെല്ലാം, അങ്ങനെ പിൻഗാമിയാകുന്ന മജിസ്ട്രേററിന് തൻെറ മുൻഗാമി അപ്രകാരം റിക്കാർഡാക്കിയിട്ടുള്ള തെളിവിൻമേലോ, ഭാഗികമായി തൻെറ മുൻഗാമിയും ഭാഗികമായി താനും റിക്കാർഡാക്കിയ തെളിവിൻമേലോ പ്രവർത്തിക്കാവുന്നതാണ്:

എന്നാൽ, മുമ്പേ തെളിവ് റിക്കാർഡാക്കപ്പെട്ടുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും സാക്ഷികളെ വീണ്ടും വിസ്തരിക്കേണ്ടത് നീതിയുടെ താല്പര്യങ്ങൾക്ക് ആവശ്യമാണെന്ന് പിൻഗാമിയായ മജിസ്ട്രേററിന് അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹത്തിന് അങ്ങനെയുള്ള ഏതെങ്കിലും സാക്ഷികളെ വീണ്ടും സമൺ ചെയ്യാവുന്നതും, താൻ അനുവദിക്കുന്ന വീണ്ടുമുള്ള വിസ്താരവും എതിർ വിസ്താരവും പുനർവിസ്താരവും, വല്ലതും ഉണ്ടെങ്കിൽ, അതിനുശേഷം, സാക്ഷികളെ ഡിസ്ചാർജ്ചെയ്യേണ്ടതും ആകുന്നു.

(2) ഒരു കേസ്സ് ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്കുകീഴിൽ ഒരു മജിസ്ട്രേററിൽനിന്ന് മറെറാരു മജിസ്ട്രേററിന് മാററുമ്പോൾ, (1)-ാം ഉപവകുപ്പിൻെറ അർത്ഥത്തിൽ, ആദ്യംപറഞ്ഞ ആൾ അതിൽ അധികാരിത പ്രയോഗിക്കുന്നത് അവസാനിക്കുന്നതായും പിന്നീട് പറഞ്ഞ ആൾ അദ്ദേഹത്തിൻെറ പിൻഗാമിയാകുന്നതായും കരുതപ്പെടുന്നതാകുന്നു.

(3) ഈ വകുപ്പിലെ യാതൊന്നും സമ്മറിവിചാരണകൾക്കോ, 322-ാം വകുപ്പിൻകീഴിൽ നടപടികൾ നിറുത്തിവച്ചതോ 325-ാം വകുപ്പിൻകീഴിൽ മേലധികാരമുള്ള മജിസ്ട്രേററിന് നടപടികൾ സമർപ്പിച്ചിട്ടുള്ളതോ ആയ കേസ്സുകൾക്കോ ബാധകമാകുന്നതല്ല.

327. തുറന്ന കോടതിയായിരിക്കണമെന്ന്. ഏതെങ്കിലും കുററം അന്വേഷണവിചാരണ ചെയ്യുന്നതിനോ, വിചാരണ ചെയ്യുന്നതിനോ വേണ്ടി ഏതെങ്കിലും ക്രിമിനൽ കോടതി കൂടുന്ന സ്ഥലം തുറന്ന കോടതിയായി കരുതപ്പെടുന്നതും, അതിലേയ്ക്ക് പൊതുജനങ്ങൾക്ക് സാമാന്യമായി, അവരെ സൗകര്യമായി കൊള്ളിക്കാവുന്നിടത്തോളം പ്രവേശനം ഉണ്ടായിരിക്കുന്നതും ആകുന്നു:

എന്നാൽ, അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിക്കോ, മജിസ്ട്രേററിനോ, യുക്തമെന്നു തോന്നുന്നുവെങ്കിൽ, ഏതെങ്കിലും പ്രത്യേക കേസ്സിൻെറ അന്വേഷണവിചാരണയുടേയോ, വിചാരണയുടേയോ ഏതു ഘട്ടത്തിലും, പൊതുജനങ്ങൾക്ക് സാമാന്യമായോ, ഏതെങ്കിലും പ്രത്യേക ആൾക്കോ, കോടതി ഉപയോഗിക്കുന്ന മുറിയിലോ കെട്ടിടത്തിലോ പ്രവേശനം ഉണ്ടായിരിക്കുന്നതല്ലെന്നോ, അവരോ ആ ആളോ അവിടെയുണ്ടാകാൻ പാടില്ലെന്നോ, അവിടെ തുടർന്നുണ്ടായിരിക്കാൻ പാടില്ലെന്നോ ഉത്തരവ് ചെയ്യാവുന്നതാണ്.

## അദ്ധ്യായം XXV

## ചിത്തഭ്രമമുള്ള പ്രതിയെ സംബന്ധിച്ച വ്യവസ്ഥകൾ

328. പ്രതി ഭ്രാന്തനായിരിക്കുമ്പോഴത്തെ നടപടിക്രമം.—(1) അന്വേഷണ വിചാരണ നടത്തുന്ന ഒരു മജിസ്ട്രേററിന്, ആർക്കെതിരായാണോ അന്വേഷണ വിചാരണ നടത്തുന്നത്, അയാൾക്ക് ചിത്തഭ്രമമുണ്ടെന്നും, തൽഫലമായി അയാൾക്ക് തന്റെ പ്രതിവാദംചെയ്യാൻ കഴിവില്ലെന്നും വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹം അങ്ങനെയുള്ള ചിത്തഭ്രമത്തിന്റെ വസ്തുതയെക്കുറിച്ച് അന്വേഷണവിചാരണ ചെയ്യുകയും ആ ജില്ലയിലെ സിവിൽ സർജ്ജനെ കൊണ്ടോ, സ്റേററ്റ് ഗവൺമെന്റ് നിർദ്ദേശിക്കുന്ന മറെറതെങ്കിലും മെഡിക്കൽ ആഫീസറെക്കൊണ്ടോ പരിശോധിപ്പിക്കുകയും ചെയ്യേണ്ടതും, അതോടെ അങ്ങനെയുള്ള സർജ്ജനേയോ മററ് ആഫീസറേയോ സാക്ഷിയായി വിസ്തരിക്കുകയും, ആ വിസ്താരം ലിഖിതമാക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള വിസ്താരവും അന്വേഷണവിചാരണയും കഴിയുന്നതുവരെ മജിസ്ട്രേററിന്, അങ്ങനെയുള്ള ആളുടെ കാര്യം 330-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൈകാര്യം ചെയ്യാവുന്നതാണ്.

(3) അങ്ങനെയുള്ള മജിസ്ട്രേററിന്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ആൾക്ക് ചിത്തഭ്രമമുണ്ടെന്നും തൽഫലമായി തന്റെ പ്രതിവാദത്തിന് കഴിവില്ലെന്നും അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹം ആ അർത്ഥത്തിലുള്ള തീരുമാനം റിക്കാർഡാക്കുകയും ആ കേസ്സിലെ തുടർന്നുള്ള നടപടികൾ നീട്ടുകയും ചെയ്യേണ്ടതാകുന്നു.

329. കോടതി മുമ്പാകെ വിചാരണചെയ്യപ്പെടുന്ന ചിത്തഭ്രമമുള്ള ആളുടെ സംഗതിയിലെ നടപടിക്രമം.—(1) ഒരു മജിസ്ട്രേററിന്റേയോ സെഷൻസ് കോടതിയുടേയോ മുമ്പാകെയുള്ള ഏതെങ്കിലും ആളുടെ വിചാരണയിൽ, മജിസ്ട്രേററിനോ കോടതിക്കോ, അങ്ങനെയുള്ള ആൾക്ക് ചിത്തഭ്രമമുണ്ടെന്നും, തൽഫലമായി അയാൾക്ക് തന്റെ പ്രതിവാദം ചെയ്യാൻ കഴിവില്ലെന്നും തോന്നുന്നുവെങ്കിൽ മജിസ്ട്രേററോ, കോടതിയോ ആദ്യമായി, അങ്ങനെയുള്ള ചിത്തഭ്രമത്തിന്റേയും കഴിവില്ലായ്മയുടേയും വസ്തുത വിചാരണ ചെയ്യേണ്ടതും, തന്റേയോ കോടതിയുടേയോ മുമ്പാകെ ഹാജരാകുന്ന ചികിൽസീയവും മററുതരത്തിലുള്ളതുമായ തെളിവ് പരിഗണിച്ചതിനുശേഷം, ആ വസ്തുതയെപ്പററി മജിസ്ട്രേററിനോ കോടതിക്കോ ബോദ്ധ്യപ്പെടുകയാണെങ്കിൽ അദ്ദേഹമോ, കോടതിയോ, ആ അർത്ഥത്തിലുള്ള തീരുമാനം റിക്കാർഡാക്കുകയും കേസ്സിന്റെ തുടർന്നുള്ള നടപടികൾ നീട്ടുകയും ചെയ്യേണ്ടതാകുന്നു.

(2) പ്രതിയുടെ ചിത്തഭ്രമത്തിന്റേയും കഴിവില്ലായ്മയുടേയും വസ്തുതയുടെ വിചാരണ മജിസ്ട്രേററിന്റേയോ കോടതിയുടേയോ മുമ്പാകെയുള്ള അയാളുടെ വിചാരണയുടെ ഭാഗമായി കരുതപ്പെടുന്നതാകുന്നു.

330. ഭ്രാന്തനെ, അന്വേഷണമോ വിചാരണയോ കഴിയുന്നതുവരെ വിമോചിപ്പിക്കുന്നത്.—(1) ഒരാൾക്ക് ചിത്തഭ്രമമുണ്ടെന്നും തന്റെ പ്രതിവാദം ചെയ്യാൻ കഴിവില്ലെന്നും 328-ാം വകുപ്പിനോ 329-ാം വകുപ്പിനോ കീഴിൽ കാണുമ്പോഴെല്ലാം, അതതു സംഗതിപോലെ, മജിസ്ട്രേററിനോ കോടതിക്കോ കേസ്സ് ജാമ്യം സ്വീകരിക്കാവുന്നതോ അല്ലാത്തതോ ആയാലും, അയാളെ ശരിയായിനോക്കി രക്ഷിച്ചുകൊള്ളുമെന്നും, തനിക്ക് തന്നെയോ മറെറതെങ്കിലും

ആരെക്കൊ ക്ഷതി ഉണ്ടാക്കുന്നതിൽനിന്ന് അയാളെ തടയുമെന്നും, ആവശ്യപ്പെടുമ്പോൾ മജിസ്ട്രേററിൻേറയോ കോടതിയുടേയോ, മജിസ്ട്രേററോ, കോടതിയോ ഇതിലേയ്ക്കു നിയമിക്കുന്ന മററ് ഉദ്യോഗസ്ഥൻേറയോ മുമ്പാകെ അയാൾ ഹാജരാകുമെന്നും ഉള്ളതിന് മതിയായ ഈട് നല്കുന്നതിൻമേൽ അയാളെ വിമോചിപ്പിക്കാവുന്നതാണ്.

(2) കേസ്സ് മജിസ്ട്രേററിൻേറയോ കോടതിയുടേയോ അഭിപ്രായത്തിൽ ജാമ്യം സ്വീകരിക്കാൻ പാടില്ലാത്ത ഒന്നാണെങ്കിലോ, മതിയായ ഈട് നല്കപ്പെടുന്നില്ലെങ്കിലോ അതത് സംഗതിപോലെ, മജിസ്ട്രേററോ കോടതിയോ പ്രതിയെ യുക്തമെന്നു തോന്നുന്ന സമയത്തും രീതിയിലും സുരക്ഷിതമായ കസ്ററഡിയിൽ തടഞ്ഞുവയ്ക്കാൻ ഉത്തരവ് ചെയ്യുകയും, എടുത്ത നടപടി സ്റേററ് ഗവൺമെൻറിന റിപ്പോർട്ടു ചെയ്യുകയും, ചെയ്യേണ്ടതാകുന്നു:

എന്നാൽ, ഇൻഡ്യൻ ഭ്രാന്ത് ആക്ററ്, 1912-ൻ കീഴിൽ സ്റേററ് ഗവൺമെൻറ് ഉണ്ടാക്കിയിട്ടുണ്ടായിരിക്കാവുന്ന ചട്ടങ്ങൾക്ക് അനുസൃതമായല്ലാത്ത പ്രതിയെ ഭ്രാന്താലയത്തിൽ തടങ്കലിൽ വയ്ക്കാനുള്ള യാതൊരു ഉത്തരവും ചെയ്യാൻ പാടുള്ളതല്ല.

331. അന്വേഷണവിചാരണയോ, വിചാരണയോ പുനരാരംഭിക്കുന്നത്.—(1) അന്വേഷണവിചാരണയോ, വിചാരണയോ 328-ാം വകുപ്പിനോ 329-ാം വകുപ്പിനോ കീഴിൽ നീട്ടിയിരിക്കുമ്പോഴെല്ലാം, അതത് സംഗതിപോലെ, മജിസ്ട്രേററിനോ കോടതിക്കോ ബന്ധപ്പെട്ട ആൾക്ക് ചിത്തഭ്രമം ഇല്ലാതായിത്തീർന്നതിന് ശേഷം ഏതു സമയത്തും അന്വേഷണവിചാരണയോ വിചാരണയോ പുനരാരംഭിക്കുകയും, പ്രതി അങ്ങനെയുള്ള മജിസ്ട്രേററിൻേറയോ കോടതിയുടേയോ മുമ്പാകെ ഹാജരാവുകയോ കൊണ്ടുവരപ്പെടുകയോ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്.

(2) പ്രതിയെ 330-ാം വകുപ്പിൻകീഴിൽ വിമോചിപ്പിച്ചിരിക്കുകയും, അയാൾ ഹാജരാകുന്നതിനു ജാമ്യം നില്ക്കുന്നവർ, മജിസ്ട്രേററോ കോടതിയോ ഇതിലേയ്ക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥൻെറ മുമ്പാകെ അയാളെ ഹാജരാക്കുകയും ചെയ്യുമ്പോൾ, പ്രതിയ്ക്ക് തൻെറ പ്രതിവാദം ചെയ്യാൻ കഴിവുണ്ടെന്നുള്ള ആ ഉദ്യോഗസ്ഥൻെറ സർട്ടിഫിക്കററ് തെളിവിൽ സ്വീകരിക്കപ്പെടേണ്ടതാകുന്നു.

332. മജിസ്ട്രേററിൻേറയോ കോടതിയുടേയോ മുമ്പാകെ പ്രതി ഹാജരാകുന്നതിൻമേലുള്ള നടപടിക്രമം.—(1) പ്രതി അതതുസംഗതിപോലെ, മജിസ്ട്രേററിൻേറയോ കോടതിയുടേയോ മുമ്പാകെ ഹാജരാവുകയോ വീണ്ടും കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, മജിസ്ട്രേററോ കോടതിയോ, അയാൾക്ക് തൻെറ പ്രതിവാദം ചെയ്യാൻ കഴിവുണ്ടെന്നു കരുതുന്നുവെങ്കിൽ, അന്വേഷണവിചാരണയോ വിചാരണയോ തുടർന്നു നടക്കേണ്ടതാകുന്നു.

(2) പ്രതിക്ക് അപ്പോഴും തൻെറ പ്രതിവാദം ചെയ്യാൻ കഴിവില്ലെന്നു കരുതുന്നുവെങ്കിൽ, മജിസ്ട്രേററോ കോടതിയോ, അതതു സംഗതിപോലെ, 328-ാം വകുപ്പിലെയോ 329-ാം വകുപ്പിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതും, പ്രതിക്ക് ചിത്തഭ്രമം ഉണ്ടെന്നും തൽഫലമായി തൻെറ പ്രതിവാദം ചെയ്യാൻ കഴിവില്ലെന്നും കാണപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള പ്രതിയുടെ കാര്യം 330-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൈകാര്യം ചെയ്യേണ്ടതും ആകുന്നു.

333. പ്രതി സ്വസ്ഥചിത്തനാണെന്ന് കാണുമ്പോൾ.— അന്വേഷണവിചാരണ സമയത്തോ, വിചാരണ സമയത്തോ പ്രതി സ്വസ്ഥചിത്തനാണെന്നു കാണുകയും, മജിസ്ട്രേററിന് തൻെറ മുമ്പാകെ നല്കിയിട്ടുള്ള തെളിവിൽ

നിന്ന്, പ്രതി, അയാൾ സ്വസ്ഥചിത്തനായിരുന്നുവെങ്കിൽ കുററമാകുമായിരുന്ന ഒരു കൃത്യം ചെയ്തിട്ടുണ്ടെന്നും, കൃത്യംചെയ്ത സമയത്ത് ചിത്തഭ്രമം കാരണമായി അയാൾക്ക് കൃത്യത്തിൻെറ സ്വഭാവമോ അതു തെററായതോ, നിയമത്തിന് വിപരീതമായതോ ആണെന്നോ അറിയുവാൻ കഴിവില്ലായിരുന്നുവെന്നും വിശ്വസിക്കാൻ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുമ്പോൾ, മജിസ്ട്രേററ് കേസ് തുടർന്നു നടത്തേണ്ടതും, പ്രതിയെ സെഷൻസ് കോടതി വിചാരണ ചെയ്യേണ്ടതാണെങ്കിൽ അയാളെ സെഷൻസ് കോടതിയിലേക്ക് കമ്മിററ് ചെയ്യേണ്ടതും, ആകുന്നു.

334. ചിത്തഭ്രമം കാരണമായി കുററവിമുക്തമാക്കുന്നതിനുള്ള വിധിന്യായം.—ഏതെങ്കിലും ആളെ, അയാൾ കുററംചെയ്തതായി ആരോപിക്കപ്പെടുന്ന സമയത്ത്, അയാൾക്ക് ചിത്തഭ്രമം കാരണമായി, ആ കുററത്തെ കുററമാക്കുന്നതായി ആരോപിക്കപ്പെടുന്ന കൃത്യത്തിൻെറ സ്വഭാവമോ, അതു തെററായതോ നിയമത്തിന് വിപരീതമായതോ ആണെന്നോ അറിയുവാൻ കഴിവില്ലായിരുന്നു എന്ന കാരണത്തിൻമേൽ കുററവിമുക്തനാക്കുമ്പോഴെല്ലാം, ആ തീരുമാനം, അയാൾ ആ കൃത്യം ചെയ്തുവോ ഇല്ലയോ എന്ന് വ്യക്തമായി പ്രസ്താവിക്കേണ്ടതാകുന്നു.

335. അങ്ങനെയുള്ള കാരണത്തിൻമേൽ കുററവിമുക്തനാക്കപ്പെടുന്ന ആളെ സുരക്ഷിതമായ തടങ്കലിൽ സൂക്ഷിക്കണമെന്ന്.—(1) തീരുമാനം, പ്രതി ആരോപിക്കപ്പെട്ട കൃത്യം ചെയ്തുവെന്ന് പ്രസ്താവിക്കുമ്പോഴെല്ലാം, വിചാരണ നടന്നത് ഏത് മജിസ്ട്രേററിൻെറയോ കോടതിയുടെയോ മുമ്പാകെയാണോ, ആ മജിസ്ട്രേററോ കോടതിയോ, ഉണ്ടെന്നു കണ്ട കഴിവില്ലായ്മ ഇല്ലായിരുന്നുവെങ്കിൽ, അങ്ങനെയുള്ള കൃത്യം ഒരു കുററമാകുമായിരുന്നുവെങ്കിൽ,—

(ക) അങ്ങനെയുള്ള ആളെ മജിസ്ട്രേററിനോ കോടതിക്കോ യുക്തമെന്നു തോന്നുന്ന സ്ഥലത്തും രീതിയിലും സുരക്ഷിതമായ തടങ്കലിൽ സൂക്ഷിക്കാൻ ഉത്തരവു ചെയ്യുകയോ;

(ഖ) അങ്ങനെയുള്ള ആളെ, അയാളുടെ ഏതെങ്കിലും ചാർച്ചക്കാരനോ, സ്നേഹിതനോ ഏല്പിച്ചുകൊടുക്കാൻ ഉത്തരവ് ചെയ്യുകയോ,

ചെയ്യേണ്ടതാകുന്നു.

(2) ഇൻഡ്യൻ ഭ്രാന്ത് ആക്ററ്, 1912(1912-ലെ4)-ൻ കീഴിൽ സ്റേററ് ഗവൺമെൻറ് ഉണ്ടാക്കിയിരിക്കാവുന്ന ചട്ടങ്ങൾ അനുസരിച്ചല്ലാതെ, പ്രതിയെ ഭ്രാന്താലയത്തിൽ തടങ്കലിൽ വയ്ക്കാൻ (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിൻകീഴിൽ യാതൊരു ഉത്തരവും ചെയ്യാൻ പാടുള്ളതല്ല.

(3) പ്രതിയെ ചാർച്ചക്കാരനോ, സ്നേഹിതനോ ഏല്പിച്ചുകൊടുക്കുന്നതിന്, (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻകീഴിൽ യാതൊരു ഉത്തരവും അങ്ങനെയുള്ള ചാർച്ചക്കാരൻേറയോ സ്നേഹിതൻേറയോ അപേക്ഷയിൻമേലും ഏല്പിച്ചുകൊടുക്കുന്ന ആളെ—

(ക) ശരിയായി നോക്കി രക്ഷിക്കുമെന്നും, അയാൾക്കോ മറേറതെങ്കിലും ആൾക്കോ ക്ഷതി ഉണ്ടാക്കുന്നതിൽ നിന്ന് അയാളെ തടയുമെന്നും;

(ഖ) സ്റേററ് ഗവൺമെൻറ് നിദേശിക്കുന്ന ആഫീസറുടെ പരിശോധനയ്ക്കും, നിദേശിക്കുന്ന സമയത്തും സ്ഥലത്തും ഹാജരാക്കുമെന്നും,

ഉള്ളതിന് മജിസ്ട്രേററിനോ, കോടതിക്കോ ബോദ്ധ്യപ്പെടുന്ന ജാമ്യം നല്കുന്നതിൻമേലും അല്ലാതെ, യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ എടുത്ത നടപടി മജിസ്ട്രേറ്റോ, കോടതിയോ, സ്റ്റേറ്റ് ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

336. ജയിലിന്റെ ചാർജുള്ള ഉദ്യോഗസ്ഥനെ ചുമതലകൾ നിർവ്വഹിക്കാൻ അധികാരപ്പെടുത്താൻ സ്റ്റേറ്റ് ഗവൺമെന്റിനുള്ള അധികാരം.—സ്റ്റേറ്റ് ഗവൺമെന്റിന് 330-ാം വകുപ്പിലേയോ 335-ാം വകുപ്പിലേയോ വ്യവസ്ഥകൾക്ക് കീഴിൽ ഒരാളെ തടഞ്ഞുവച്ചിട്ടുള്ള ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനെ 337-ാം വകുപ്പിനോ 338-ാം വകുപ്പിനോ കീഴിൽ കാരാഗൃഹങ്ങളുടെ ഇൻസ്പെക്ടർ ജനറൽക്കുള്ള ചുമതലകൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കാൻ അധികാരപ്പെടുത്താവുന്നതാണ്.

337. ഭ്രാന്തനായ തടവുകാരന് തന്റെ പ്രതിവാദം ചെയ്യാൻ കഴിവുണ്ടെന്ന് റിപ്പോർട്ട്ചെയ്യപ്പെടുന്നിടത്തുള്ള നടപടിക്രമം.—അങ്ങനെയുള്ള ആളെ 330-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ തടങ്കലിൽ വച്ചിരിക്കുകയും, ജയിലിൽ തടങ്കലിൽ വയ്ക്കപ്പെട്ട ആളുടെ സംഗതിയിൽ, കാരാഗൃഹത്തിന്റെ ഇൻസ്പെക്ടർ ജനറലോ, ഭ്രാന്താലയത്തിൽ തടങ്കലിൽ വയ്ക്കപ്പെട്ട ആളുടെ സംഗതിയിൽ, ആ ആലയത്തിലെ സന്ദർശകരോ അവരിൽ ഏതെങ്കിലും രണ്ടു പേരോ, തന്റേയോ, തങ്ങളുടെയോ അഭിപ്രായത്തിൽ അങ്ങനെയുള്ള ആൾക്ക്, അയാളുടെ പ്രതിവാദം ചെയ്യാൻ കഴിവുണ്ടെന്ന് സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അയാളെ,അതതു സംഗതിപോലെ, മജിസ്ട്രേറ്റിന്റേയോ കോടതിയുടേയോ മുമ്പാകെ, മജിസ്ട്രേറ്റോ, കോടതിയോ നിശ്ചയിക്കുന്ന സമയത്ത് കൊണ്ടുചെല്ലേണ്ടതും, മജിസ്ട്രേറ്റോ, കോടതിയോ അയാളുടെ കാര്യം 332-ാം വകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ കൈകാര്യം ചെയ്യേണ്ടതും, അങ്ങനെയുള്ള ഇൻസ്പെക്ടർ ജനറലുടേയോ, സന്ദർശകരുടേയോ മുൻപറഞ്ഞതുപോലെയുള്ള സർട്ടിഫിക്കററ് തെളിവായി സ്വീകാര്യമായിരിക്കേണ്ടതും ആകുന്നു.

338. തടങ്കലിൽ വയ്ക്കപ്പെട്ട ഭ്രാന്തൻ വിമോചിക്കപ്പെടാൻ പററിയവനാണെന്ന് പ്രഖ്യാപിക്കപ്പെടുന്നിടത്തുള്ള നടപടിക്രമം.—(1) അങ്ങനെയുള്ള ആളെ 330-ാം വകുപ്പ് (1)-ാം ഉപവകുപ്പിലേയോ 335-ാം വകുപ്പിലേയോ വ്യവസ്ഥകൾക്കു കീഴിൽ തടങ്കലിൽ വച്ചിരിക്കുകയും, അങ്ങനെയുള്ള ഇൻസ്പെക്ടർ ജനറലോ, സന്ദർശകരോ, തന്റേയോ, തങ്ങളുടേയോ നിർണ്ണയശക്തി ഉപയോഗിച്ച് അയാളെ, അയാൾക്ക് തന്നെയോ, മറേറതെങ്കിലും ആൾക്കോ ക്ഷതി ഉണ്ടാക്കുന്ന അപായം കൂടാതെ വിമോചിപ്പിക്കാമെന്ന് സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, സ്റ്റേറ്റ് ഗവൺമെന്റിന് അതോടെ അയാളെ വിമോചിപ്പിക്കുന്നതിനോ, തടങ്കലിൽ സൂക്ഷിക്കുന്നതിനോ, അയാളെ മുമ്പേ പബ്ലിക് ഭ്രാന്താലയത്തിലേയ്ക്ക് അയച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ അങ്ങനെയുള്ള ആലയത്തിലേയ്ക്ക് മാററുന്നതിനോ ഉത്തരവ് ചെയ്യാവുന്നതാണ്, അത് സ്റ്റേറ്റ് ഗവൺമെന്റിന് അയാളെ ആലയത്തിലേയ്ക്കു മാററുന്നതിലേക്ക് ഉത്തരവു ചെയ്യുന്ന സംഗതിയിൽ, ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനും രണ്ട് മെഡിക്കൽ ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്ന ഒരു കമ്മീഷനെ നിയമിക്കാവുന്നതും ആണ്.

(2) അങ്ങനെയുള്ള കമ്മീഷൻ, അങ്ങനെയുള്ള ആളുടെ മാനസികാവസ്ഥയെക്കുറിച്ച് ഔപചാരികമായ അന്വേഷണം നടത്തുകയും, ആവശ്യമുള്ള തെളിവ് എടുക്കുകയും സ്റ്റേറ്റ് ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതും, സ്റ്റേറ്റ് ഗവൺമെന്റിന് യുക്തമെന്നു തോന്നുന്നപോലെ, അയാളെ വിമോചിപ്പിക്കുന്നതിനോ തടങ്കലിൽ വയ്ക്കുന്നതിനോ ഉത്തരവ് ചെയ്യാവുന്നതും ആണ്.

339. ഭ്രാന്തനെ ചാർച്ചക്കാരന്റേയോ സ്നേഹിതന്റേയോ മേൽനോട്ടത്തിലേയ്ക്കു ഏല്പിക്കുന്നത്.—(1) 330-ാം വകുപ്പിലെയോ 335-ാം വകുപ്പിലെയോ വ്യവസ്ഥകൾക്കു കീഴിൽ തടങ്കലിൽ വയ്ക്കപ്പെട്ട ഏതെങ്കിലും ആളെ, തന്റെ മേൽനോട്ടത്തിലേക്കും കസ്റ്റഡിയിലേക്കും ഏല്പിക്കണമെന്ന് അയാളുടെ ഏതെങ്കിലും ചാർച്ചക്കാരനോ സ്നേഹിതനോ ആഗ്രഹിക്കുമ്പോഴെല്ലാം സ്റ്റേറ്റ് ഗവൺമെന്റിന്, അങ്ങനെയുള്ള ചാർച്ചക്കാരന്റേയോ സ്നേഹിതന്റേയോ അപേക്ഷയിൻമേലും, ഏല്പിച്ചുകൊടുക്കപ്പെടുന്ന ആളെ—

(ക) ശരിയായി നോക്കി രക്ഷിക്കുമെന്നും, തനിക്കുതന്നെയോ മറ്റേതെങ്കിലും ആൾക്കോ ക്ഷതി ഉണ്ടാക്കുന്നതിൽ നിന്നു അയാളെ തടയുമെന്നും;

(ഖ) സ്റ്റേറ്റ് ഗവൺമെന്റ് നിദേശിക്കുന്ന ആഫീസറുടെ പരിശോധനയ്ക്കും നിദേശിക്കുന്ന സമയത്തും സ്ഥലത്തും ഹാജരാക്കുമെന്നും;

(ഗ) 330-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ തടങ്കലിൽ വയ്ക്കപ്പെടുന്ന ആളുടെ സംഗതിയിൽ, അയാളെ അങ്ങിനെയുള്ള മജിസ്ട്രേറ്റിന്റേയോ കോടതിയുടേയോ മുമ്പാകെ ആവശ്യപ്പെടുമ്പോൾ ഹാജരാക്കാമെന്നും ;

ഉള്ളതിന് സ്റ്റേറ്റ് ഗവൺമെന്റിന് ബോദ്ധ്യപ്പെടുന്ന ജാമ്യം നല്കുന്നതിൻമേലും അങ്ങനെയുള്ള ആളെ അങ്ങനെയുള്ള ചാർച്ചക്കാരനോ സ്നേഹിതനോ ഏല്പ്പിച്ചുകൊടുക്കണമെന്ന് ഉത്തരവു ചെയ്യാവുന്നതാണ്.

(2) അപ്രകാരം ഏല്പിക്കപ്പെടുന്ന ആൾ, അയാൾക്കു ചിത്തഭ്രമം ഉണ്ടെന്നും അയാളുടെ പ്രതിവാദം ചെയ്യാൻ കഴിവില്ലെന്ന കാരണത്താൽ വിചാരണ നീട്ടിയിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് കുറ്റാരോപണം ചെയ്യപ്പെട്ടിരിക്കുകയും, (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ച പരിശോധന നടത്തുന്ന ആഫീസർ അങ്ങനെയുള്ള ആൾക്ക് അയാളുടെ പ്രതിവാദം ചെയ്യാൻ കഴിവുണ്ടെന്ന് ഏതെങ്കിലും സമയത്ത് മജിസ്ട്രേറ്റിനോ കോടതിക്കോ സർട്ടിഫൈ ചെയ്തു കൊടുക്കുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള മജിസ്ട്രേറ്റോ കോടതിയോ അയാളെ ആർക്കാണോ ഏൽപ്പിച്ചു കൊടുത്തത്, ആ ചാർച്ചക്കാരനോടോ സ്നേഹിതനോടോ ആ പ്രതിയെ മജിസ്ട്രേറ്റിന്റേയോ കോടതിയുടേയോ മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും, അങ്ങനെ ഹാജരാക്കുന്നതിൻമേൽ മജിസ്ട്രേറ്റോ കോടതിയോ 332-ാം വകുപ്പിലെ വ്യവസ്ഥകൾക്കു അനുസൃതമായി നടപടിതുടരേണ്ടതും പരിശോധന നടത്തുന്ന ആഫീസറുടെ സർട്ടിഫിക്കറ്റ് തെളിവായി സ്വീകാര്യമായിരിക്കേണ്ടതും ആകുന്നു.

## അദ്ധ്യായം XXVI.

## നീതിന്യായ ഭരണത്തെ ബാധിക്കുന്ന കുറ്റങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ

340. 195-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സംഗതികളിലെ നടപടിക്രമം. (1) ഏതെങ്കിലും കോടതിയ്ക്ക്, അതിനോട്, ഇതിലേക്ക് ചെയ്യുന്ന അപേക്ഷയിൻമേലോ, മറ്റു വിധത്തിലോ 195-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളതും, അതതു സംഗതിപോലെ, ആ കോടതിയിലെ ഒരു നടപടിയിലോ, അതു സംബന്ധിച്ചോ, അല്ലെങ്കിൽ ആ കോടതിയിലെ ഒരു നടപടിയിൽ ഹാജരാക്കിയതോ തെളിവിൽ നല്കിയതോ ആയ ഒരു രേഖ സംബന്ധിച്ചോ, ചെയ്തിട്ടുള്ളതായി കാണപ്പെടുന്നതും ആയ ഏതെങ്കിലും കുറ്റം സംബന്ധിച്ച് അന്വേഷണ വിചാരണ ചെയ്യുന്നത് നീതിയുടെ താത്പര്യങ്ങൾക്ക് സമീചീനമാണെന്ന് അഭിപ്രായമുള്ളപ്പോൾ, അങ്ങനെയുള്ള കോടതിക്ക്

യുക്തമെന്നു തോന്നുന്ന പ്രാരംഭാന്വേഷണം വല്ലതും ഉണ്ടെങ്കിൽ അതിനുശേഷം,—

(ക) ആ അർത്ഥത്തിലുള്ള ഒരു തീരുമാനം റിക്കാർഡാക്കുകയും;

(ഖ) അതിനെക്കുറിച്ച് ലിഖിതമായ പരാതികൊടുക്കുകയും,

(ഗ) അത് അധികാരിതയുള്ള ഒരു ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന് അയക്കുകയും;

(ഘ) പ്രതി, അങ്ങനെയുള്ള മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാകുന്നതിനു മതിയായ ജാമ്യം സ്വീകരിക്കുകയോ, അല്ലെങ്കിൽ ആരോപിക്കപ്പെട്ട കുററം ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും, പ്രതിയെ കസ്ററഡിയിൽ അങ്ങനെയുള്ള മജിസ്ട്രേട്ടിന്റെ അടുക്കൽ അയക്കേണ്ടത് ആവശ്യകമാണെന്ന് കോടതിക്ക് തോന്നുകയും ചെയ്യുന്നുവെങ്കിൽ, അപ്രകാരം അയക്കുകയോ ചെയ്യുകയും;

(ങ) അങ്ങനെയുള്ള മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാവുകയും, തെളിവു നൽകുകയും ചെയ്യാൻ ഏതെങ്കിലും ആളെക്കൊണ്ട് ബാണ്ട് വയ്പ്പിക്കുകയും,

ചെയ്യാവുന്നതാണ്.

(2) ഒരു കുററം സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻകീഴിൽ കോടതിക്ക് നല്കപ്പെട്ട അധികാരം, കോടതി ആ കുററം സംബന്ധിച്ച് (1)—ാം ഉപവകുപ്പിൻ കീഴിൽ ഒരു പരാതി കൊടുക്കുകയോ, അങ്ങനെയുള്ള ഒരു പരാതി കൊടുക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ നിരാസിക്കുകയോ ചെയ്തിട്ടില്ലാത്ത ഏതെങ്കിലുംസംഗതിയിൽ, ആ കോടതി 195-ാംവകുപ്പ് (4)-ാം ഉപവകുപ്പിന്റെ അർത്ഥത്തിൽ ഏതു കോടതിയ്ക്ക് കീഴിലാണോ, ആ കോടതിക്ക് പ്രയോഗിക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ കൊടുക്കുന്ന പരാതി,—

(ക) പരാതി കൊടുക്കുന്ന കോടതി ഹൈക്കോടതിയായിരിക്കുന്നിടത്ത്, കോടതി നിശ്ചയിക്കുന്ന കോടതിയുദ്യോഗസ്ഥനും,

(ഖ) മററതെങ്കിലും സംഗതിയിൽ, കോടതിയുടെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥനും; ഒപ്പിടേണ്ടതാകുന്നു,

(4) ഈ വകുപ്പിൽ, ''കോടതി'' യ്ക്ക്, 195-ാം വകുപ്പിലെ അതേ അർത്ഥം ഉള്ളതാകുന്നു.

341. അപ്പീൽ.—(1) ആരുടെ അപേക്ഷയിൻമേലാണോ ഹൈക്കോടതിയല്ലാത്ത ഏതെങ്കിലും കോടതി, 340-ാം വകുപ്പ് (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ പരാതികൊടുക്കാൻ വിസമ്മതിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആളക്കോ അല്ലെങ്കിൽ ആർക്കെതിരായാണോ അങ്ങനെയുള്ള കോടതി അങ്ങനെയുള്ള പരാതി കൊടുത്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആളക്കോ ആ കോടതി, 195-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ അർത്ഥത്തിൽ ഏതു കോടതിക്ക് കീഴിലാണോ ആ കോടതിയിലേയ്ക്ക് അപ്പീൽ കൊടുക്കാവുന്നതും, അപ്പോൾ, മേൽക്കോടതിക്ക്, ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് കൊടുത്തതിനുശേഷം, അതതുസംഗതിപോലെ, പരാതി പിൻവലിക്കുന്നതിനോ ആദ്യംപറഞ്ഞ കോടതിക്ക് 340-ാം വകുപ്പിൻകീഴിൽ കൊടുക്കാമായിരുന്ന പരാതി കൊടുക്കുന്നതിനോ നിദേശിക്കാവുന്നതും, ആ കോടതി അങ്ങനെയുള്ള പരാതികൊടുക്കുന്നു എങ്കിൽ, ആ വകുപ്പിലെ വ്യവസ്ഥകൾ അതനുസരിച്ച് ബാധകമാകുന്നതും ആണ്.

(2) ഈ വകുപ്പിൻകീഴിലുള്ള ഉത്തരവും, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിന് വിധേയമായി 340-ാം വകുപ്പിൻ കീഴിലുള്ള ഉത്തരവും അന്തിമമായിരിക്കുന്നതും, റിവിഷന് വിധേയമായിരിക്കുന്നതല്ലാത്തതും ആകുന്നു.

342. (1) കോടതിച്ചെലവ് നല്കാനുത്തരവ് ചെയ്യുവാനുള്ള അധികാരം.— 340-ാം വകുപ്പിൻ കീഴിൽ പരാതി, ഫയൽ ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും കോടതിയിൽ കൊടുത്തിട്ടുള്ള അപേക്ഷയോ 341-ാം വകുപ്പിൻകീഴിൽ അപ്പീലോ കൈകാര്യം ചെയ്യുന്ന ആ കോടതിക്ക്, ചെലവ് സംബന്ധിച്ച് നീതിപൂർവ്വകമായ ഉത്തരവ് ചെയ്യുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

343. നടപടിക്കെടുക്കുന്ന മജിസ്ട്രേററിന്റെ നടപടിക്രമം.—(1) 340-ാം വകുപ്പിനോ 341-ാം വകുപ്പിനോ കീഴിൽ പരാതി കൊടുക്കപ്പെട്ട മജിസ്ട്രേററ്, (XV)-ാം അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആ കേസ്സ് ആകുന്നത്ര അത് പോലീസ് റിപ്പോർട്ടിൻമേൽ ആരംഭിക്കപ്പെട്ടതായിരുന്നാലെന്ന പോലെ, കൈകാര്യം ചെയ്യാൻ നടപടി തുടരേണ്ടതാകുന്നു.

(2) ആ വിഷയം ഉദ്ഭവിച്ചത് ഏതു നീതിന്യായ നടപടിയിൽ നിന്നാണോ, അതിലുണ്ടായ തീരുമാനത്തിനെതിരായി അപ്പീൽ നിലവിലുണ്ടെന്നു അങ്ങനെയുള്ള മജിസ്ട്രേററിന്റേയോ, മററ്, ഏത് മജിസ്ട്രേററിനാണോ കേസ്സ് മാററിയിട്ടുണ്ടായിരിക്കാവുന്നത്, അങ്ങനെയുള്ള ഏതെങ്കിലും മജിസ്ട്രേററിന്റേയോ അറിവിൽ കൊണ്ടുവരുന്നിടത്ത്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഏത് ഘട്ടത്തിലും കേസ്സിന്റെ ഹിയറിങ്ങ്, അങ്ങനെയുള്ള അപ്പീൽ തീരുമാനിക്കുന്നതുവരെ നീട്ടിവയ്ക്കാവുന്നതാണ്.

344. വ്യാജമായ തെളിവ് നല്കുന്നതിനുള്ള വിചാരണയ്ക്കുള്ള സമ്മറി നടപടിക്രമം.—(1) ഏതെങ്കിലും നീതിന്യായ നടപടി തീർപ്പാക്കിക്കൊണ്ടുള്ള ഏതെങ്കിലും വിധിയോ അന്തിമോത്തരവോ പ്രസ്താവിക്കുന്ന സമയത്ത്, സെഷൻസ് കോടതിയോ ഒന്നാംക്ലാസ് മജിസ്ട്രേററോ, അങ്ങനെയുള്ള നടപടിയിൽ ഹാജരാകുന്ന ഏതെങ്കിലും സാക്ഷി, ആ നടപടിയിൽ ഉപയോഗിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടി, അറിഞ്ഞുകൊണ്ടോ മനഃപൂർവ്വമായോ വ്യാജമായ തെളിവ് നല്കിയിട്ടുണ്ടായിരുന്നു എന്നോ വ്യാജമായ തെളിവ് നിർമ്മിച്ചിട്ടുണ്ടായിരുന്നു എന്നോ ഉള്ള അർത്ഥത്തിൽ ഒരു അഭിപ്രായം പ്രകടിപ്പിക്കുന്നുവെങ്കിൽ, ആ കോടതിക്കോ, മജിസ്ട്രേററിനോ, അതതു സംഗതിപോലെ, വ്യാജമായ തെളിവ് നല്കിയതിനോ നിർമ്മിച്ചതിനോ സാക്ഷിയെ സമ്മറിയായി വിചാരണ ചെയ്യേണ്ടത് നീതിയുടെ താത്പര്യത്തിന് ആവശ്യവും സമീചീനവും ആണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ആ കുററം നടപടിക്കെടുക്കുകയും കുററക്കാരന് അങ്ങനെയുള്ള കുററത്തിന് അയാളെ ശിക്ഷിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ അവസരം നല്കിയതിനുശേഷം, അയാളെ സമ്മറിയായി വിചാരണ ചെയ്യുകയും, മൂന്നുമാസംത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി അയാളെ ശിക്ഷിക്കുകയും ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു കേസ്സിലും, കോടതി സമ്മറി വിചാരണകരക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം പ്രായോഗികമാകുന്നിടത്തോളം അടുത്തുവരുന്നത്ര പിൻതുടരേണ്ടതാകുന്നു.

(3) ഈ വകുപ്പിലെ യാതൊന്നും ഈ വകുപ്പിൻകീഴിൽ നടപടിയെടുക്കാൻ കോടതി ഇഷ്ടപ്പെടാതിരിക്കുന്നിടത്ത്, 340-ാം വകുപ്പിൻകീഴിൽ കുററത്തിന് പരാതികൊടുക്കുവാനുള്ള അതിന്റെ അധികാരത്തെ ബാധിക്കുന്നതല്ല.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും നടപടി ആരംഭിച്ചതിനുശേഷം, ആ ഉപവകുപ്പിൽ പരാമർശിച്ച അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ള

വിധിയ്ക്കോ ഉത്തരവിനോ എതിരായി അപ്പീലോ, റിവിഷനുള്ള അപേക്ഷയോ ബോധിപ്പിക്കുകയോ ഫയൽ ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് സെഷൻസ് കോടതിക്കോ, ഒന്നാംക്ലാസ് മജിസ്ട്രേററിനോ തോന്നിക്കുന്നിടത്ത്, ആ കോടതിയോ മജിസ്ട്രേട്ടോ, അതതുസംഗതിപോലെ, അപ്പീലോ റിവിഷനുള്ള അപേക്ഷയോ തീർപ്പാക്കുന്നതുവരെ, വിചാരണയുടെ തുടർന്നുള്ള നടപടികൾ നിറുത്തിവയ്ക്കേണ്ടതും അപ്പോൾ വിചാരണയുടെ തുടർന്നുള്ള നടപടികൾ അപ്പീലിൻേറയോ, റിവിഷനുള്ള അപേക്ഷയുടേയോ ഫലമനുസരിച്ച് ആയിരിക്കേണ്ടതും ആകുന്നു.

345. ചിലതരം അലക്ഷ്യങ്ങളിലെ നടപടിക്രമം.—(1) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യിലെ 175-ാം വകുപ്പിലോ 178-ാം വകുപ്പിലോ 179-ാം വകുപ്പിലോ 180-ാം വകുപ്പിലോ 228-ാം വകുപ്പിലോ വിവരിച്ചതുപോലെയുള്ള ഏതെങ്കിലുംകുററം ഏതെങ്കിലുംസിവിൽകോടതിയോ ക്രിമിനൽ കോടതിയോ റവന്യൂകോടതിയോ കാൺകെയോ അതിന്റെ സാന്നിദ്ധ്യത്തിലോ ചെയ്യുമ്പോൾ, കോടതിക്ക് കുററക്കാരനെ തടങ്കലിൽ സൂക്ഷിപ്പിക്കാവുന്നതും, അതേ ദിവസം കോടതി പിരിയുന്നതിനുമുമ്പ് ഏതെങ്കിലും സമയത്ത് ആ കുററം നടപടിക്കെടുക്കാവുന്നതും, കുററക്കാരന്, അയാളെ ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കാതിരിക്കുവാൻ കാരണം കാണിക്കുവാൻ ന്യായമായ അവസരം നല്കിയതിനുശേഷം അയാൾക്ക് 200 രൂപയിൽ കവിയാത്ത പിഴശിക്ഷയും പിഴ ഒടുക്കാൻ വീഴ്ചവരുത്തിയാൽ, പിഴ മുമ്പേ അടയ്ക്കാത്തപക്ഷം, ഒരു മാസത്തോളമാകാവുന്ന വെറും തടവുശിക്ഷയും വിധിക്കാവുന്നതും ആണ്.

(2) അങ്ങനെയുള്ള ഏതൊരു കേസ്സിലും കോടതി കുററത്തെ കുററമാക്കുന്ന വസ്തുതകളും അതോടൊപ്പം കുററക്കാരൻ ചെയ്തിട്ടുള്ള സ്റേറററ്മെൻറ് (വല്ലതും ഉണ്ടെങ്കിൽ) അതും, തീരുമാനവും ശിക്ഷാവിധിയും റിക്കാർഡാക്കേണ്ടതാകുന്നു.

(3) കുററം ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45-ലെ) 228-ാം വകുപ്പിൻകീഴിൽ ഉള്ളതാണെങ്കിൽ, ആ റിക്കാർഡ്, ഏത് നീതിന്യായ നടപടി സംബന്ധിച്ചാണോ, വിഘ്നപ്പെടുത്തുകയോ അപമാനിക്കപ്പെടുകയോ ചെയ്ത കോടതി കൂടിയിരുന്നത്, ആ നടപടിയുടെ സ്വഭാവവും ഘട്ടവും കാണിച്ചിരിക്കേണ്ടതാകുന്നു.

346. കേസ്സ് 345-ാം വകുപ്പിൻകീഴിൽ കൈകാര്യം ചെയ്യേണ്ടതല്ലെന്ന് കോടതി കരുതുന്നിടത്തുള്ള നടപടിക്രമം.—(1) 345-ാം വകുപ്പിൽ പരാമർശിച്ചതും കോടതി കാൺകെയോ അതിന്റെ സാന്നിദ്ധ്യത്തിലോ ചെയ്തിട്ടുള്ളതും ആയ കുററങ്ങളിൽ ഏതിനെങ്കിലും കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളെ പിഴ ഒടുക്കുന്നതിന് വീഴ്ച വരുത്തുന്നതിൻമേലല്ലാതെ തടവിലാക്കേണ്ടതാണെന്നോ, അയാളുടെമേൽ ഇരുനൂറു രൂപയിൽ കവിയുന്ന പിഴ ചുമത്തേണ്ടതാണെന്നോ ഏതെങ്കിലും കേസിൽ കോടതി കരുതുകയോ, അല്ലെങ്കിൽ കേസ്സ് 345-ാം വകുപ്പിൻകീഴിൽ തീർപ്പാക്കേണ്ടതല്ലെന്ന് മറേറതെങ്കിലും കാരണത്താൽ അങ്ങനെയുള്ള കോടതിക്ക് അഭിപ്രായമുണ്ടായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിന് കുററത്തെ കുററമാക്കുന്ന വസ്തുതകളും പ്രതിയുടെ സ്റേററ്മെൻറും, ഇതിൽ ഇതിനുമുമ്പ് വ്യവസ്ഥ ചെയ്തതുപോലെ, റിക്കാർഡാക്കിയതിനുശേഷം, കേസ്സ് അത് വിചാരണ ചെയ്യാൻ അധികാരിതയുള്ള ഒരു മജിസ്ട്രേററിന് അയച്ചുകൊടുക്കാവുന്നതും, അങ്ങനെയുള്ള ആൾ അങ്ങനെയുള്ള മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാകുന്നതിന് ജാമ്യം നല്കുവാൻ ആവശ്യപ്പെടാവുന്നതും, മതിയായ ജാമ്യം നല്കിയില്ലെങ്കിൽ അദ്ദേഹം അങ്ങനെയുള്ള ആളെ കസ്ററഡിയിൽ അങ്ങനെയുള്ള മജിസ്ട്രേററിന്റെ അടുക്കലേയ്ക്ക് അയക്കേണ്ടതും ആകുന്നു.

(2) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും കേസ്സ് അയച്ചുകൊടുക്കപ്പെട്ട മജിസ്ട്രേററ്, ആകുന്നത്ര, അത് പോലീസ് റിപ്പോർട്ടിൻമേൽ ആരംഭിക്കപ്പെട്ടതായിരുന്നാലെന്നപോലെ, തുടർന്ന് കൈകാര്യം ചെയ്യേണ്ടതാകുന്നു.

347. രജിസ്ട്രാറോ സബ്‌രജിസ്ട്രാറോ എപ്പോഴാം സിവിൽ കോടതിയായി കരുതപ്പെടണമെന്ന്.—ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററ്, 1908 (1908-ലെ 16)-ൻ കീഴിൽനിയമിക്കപ്പെട്ട ഏതെങ്കിലും രജിസ്ട്രാറോ സബ്‌രജിസ്ട്രാറോ 345-ം 346-ം വകുപ്പുകളുടെ അർത്ഥത്തിൽ സിവിൽകോടതിയായി കരുതപ്പെടേണ്ടതാണെന്ന് സ്റേറററ്ഗവൺമെൻറ് നിദേശിക്കുമ്പോൾ, അപ്രകാരം കരുതപ്പെടുന്നതാകുന്നു.

348. ക്ഷമായാചനം ചെയ്യുന്നതിൻമേൽ കുററക്കാരനെ ഡിസ്ചാർജ് ചെയ്യുന്നത്.—ഏതെങ്കിലും കോടതി ഒരു കുററക്കാരനെ അയാളോട് ചെയ്യുവാൻ നിയമാനുസൃതം ആവശ്യപ്പെട്ട ഏതെങ്കിലും ചെയ്യുവാൻ വിസമ്മതിക്കുകയോ ചെയ്യാതിരിക്കുകയോ ചെയ്തതിനോ ഉദ്ദേശ്യപൂർവ്വമായ ഏതെങ്കിലും അപമാനിക്കലിനോ വിഘ്നപ്പെടുത്തലിനോ 345-ാം വകുപ്പിൻകീഴിൽ ശിക്ഷയ്ക്കു വിധിക്കുകയോ, വിചാരണയ്ക്കായി 346-ാം വകുപ്പിൻകീഴിൽ ഒരു മജിസ്ട്രേററിന്റെ അടുക്കലേയ്ക്കയയ്ക്കുകയോ ചെയ്തിട്ടുള്ളപ്പോൾ, കോടതിക്ക് സ്വവിവേകം ഉപയോഗിച്ച്, കുററക്കാരനെ തദ്ദയാം അതിന്റെ ഉത്തരവിനെ അതു ആവശ്യപ്പെട്ടതിനോ വഴങ്ങുന്നതിൻമേലോ, അതിന് ബോധ്യപ്പെടുന്നവിധം ക്ഷമായാചനം ചെയ്യുന്നതിൻമേലോ ഡിസ്ചാർജ് ചെയ്യുകയോ അയാളുടെ ശിക്ഷ ഇളവുചെയ്യുകയോ ചെയ്യാവുന്നതാണ്.

349. ഉത്തരം നല്കാനോ രേഖ ഹാജരാക്കാനോ വിസമ്മതിക്കുന്ന ആളെ തടവിലാക്കുകയോ കമ്മിററ് ചെയ്യുകയോ ചെയ്യുന്നത്.—ഒരു ക്രിമിനൽ കോടതിയുടെ മുമ്പാകെ രേഖയോ സാധനമോ ഹാജരാക്കാൻ വിളിക്കപ്പെട്ട ഏതെങ്കിലും സാക്ഷിയോ ആളോ, അയാളോട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നല്കാനോ അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ളതും, കോടതി അയാളോട് ഹാജരാക്കാൻ ആവശ്യപ്പെടുന്നതുമായ ഏതെങ്കിലും രേഖയോ സാധനമോ ഹാജരാക്കാനോ വിസമ്മതിക്കുകയും, അങ്ങനെയുള്ള വിസമ്മതത്തിന് യുക്തിപൂർവമായ ന്യായീകരണം നല്കാൻ അയാൾക്ക് ന്യായമായ അവസരം നല്കിയതിനുശേഷം അപ്രകാരംചെയ്യാതിരിക്കുകയുംചെയ്യുന്നുവെങ്കിൽ, ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, കോടതിക്ക് അയാളെ ഏഴുദിവസത്തിൽക്കവിയാത്ത ഏതെങ്കിലും കാലത്തേയ്ക്ക്, അതിനിടയ്ക്ക് അങ്ങനെയുള്ള ആൾ വിസ്തരിക്കപ്പെടുകയും ഉത്തരം നല്കയും ചെയ്യുന്നതിനോ, രേഖയോ സാധനമോ ഹാജരാക്കാനോ സമ്മതിക്കാത്ത പക്ഷം, വെറും തടവുശിക്ഷയ്ക്ക് വിധിക്കുകയോ അല്ലെങ്കിൽ അദ്ധ്യക്ഷത വഹിക്കുന്ന മജിസ്ട്രേററോ ജഡ്ജിയോ ഒപ്പിട്ടവാറൻറ് പ്രകാരം കോടതിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെകസ്ററഡിയിലേക്ക് കമ്മിററ് ചെയ്യുകയോ ചെയ്യാവുന്നതും, അയാൾ വിസമ്മതിക്കുന്നത് തുടർന്നു പോകുന്ന സംഗതിയിൽ, അയാളുടെ കാര്യം 345-ാം വകുപ്പിലെയോ 346-ാം വകുപ്പിലെയോ വ്യവസ്ഥകൾ അനുസരിച്ച് കൈകാര്യം ചെയ്യാവുന്നതും ആണ്.

350. സാക്ഷി സമൺസ് അനുസരിച്ച് ഹാജരാകാത്തതിന് ശിക്ഷിക്കാനുള്ള സമ്മറി നടപടിക്രമം.—(1) ഒരു ക്രിമിനൽക്കോടതി മുമ്പാകെ ഹാജരാകാൻ സമൺ ചെയ്യപ്പെട്ടിരിക്കെ, ഏതെങ്കിലും സാക്ഷി സമൺ അനുസരിച്ച് നിശ്ചിതമായ സ്ഥലത്തും സമയത്തും ഹാജരാകാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കുകയും, ആ സ്ഥലത്തോ സമയത്തോ ഹാജരാകാൻ നീതിപൂർവ്വ

മായ ന്യായീകരണമില്ലാതെ ഉപേക്ഷവരുത്തുകയോ വിസമ്മതിക്കുകയോ അല്ലെങ്കിൽ അയാരം ഹാജരാകേണ്ട സ്ഥലത്തുനിന്ന് അയാരക്ക് നിയമാനുസൃതമായി വിട്ടുപോകാവുന്ന സമയത്തിനുമുമ്പ് വിട്ടുപോവുകയോ ചെയ്യുകയും, അങ്ങനെയുള്ള സാക്ഷിഹാജരാകേണ്ടത് ഏത് കോടതി മുമ്പാകെയാണോ, ആ കോടതിക്ക് സാക്ഷിയെ സമ്മറിയായി വിചാരണ ചെയ്യേണ്ടത് നീതിയുടെ താൽപര്യങ്ങരക്ക് സമീചിനമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ കോടതിക്ക്, ആ കുററം നടപടിക്കെടുക്കുകയും കുററക്കാരനെ ഈ വകുപ്പിൻ കീഴിൽ ശിക്ഷിക്കാതിരിക്കാൻ കാരണം കാണിക്കാൻ അയാരക്ക് അവസരം നല്കിയതിനുശേഷം, നൂറുരൂപയിൽ കവിയാത്ത പിഴയ്ക്ക് ശിക്ഷിക്കുകയും ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു കേസിലും കോടതി പ്രായോഗികമായിടത്തോളം അടുത്തുവരുന്നത്ര, സമ്മറി വിചാരണകരക്കു നിർണ്ണയിക്കപ്പെട്ട നടപടിക്രമം അനുവർത്തിക്കേണ്ടതാകുന്നു.

351. 344, 345, 349, 350 എന്നീ വകുപ്പുകരക്ക് കീഴിലെ, കുററസ്ഥാപനങ്ങളിൽ നിന്നുള്ള അപ്പീലുകരം.—(1) 344-ാം വകുപ്പിനോ 345-ാം വകുപ്പിനോ 349-ാം വകുപ്പിനോ 350-ാം വകുപ്പിനോ കീഴിൽ ഹൈക്കോടതിയല്ലാത്ത ഏതെങ്കിലും കോടതി ശിക്ഷയ്ക്ക് വിധിച്ചിട്ടുള്ള ഏതെങ്കിലും ആരക്ക്, ഈ നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള കോടതിയിൽ ഉണ്ടായ വിധികളിൽനിന്നും ഉത്തരവുകളിൽനിന്നും ഏത് കോടതിയിലേയ്ക്കാണോ സാധാരണമായി അപ്പീൽ ഉള്ളത്, ആ കോടതിയിലേയ്ക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

(2) XIX-ാം അദ്ധ്യായത്തിലെ വ്യവസ്ഥകരം, അവ ബാധകമാകുന്നിടത്തോളം, ഈ വകുപ്പിൻകീഴിലുള്ള അപ്പീലുകരക്ക് ബാധകമാകുന്നതും, അപ്പീൽ കോടതിക്ക്, അപ്പീൽ കൊടുക്കപ്പെട്ട തീരുമാനം വ്യത്യാസപ്പെടുത്തുകയോ, മറിച്ച് വിധിക്കുകയോ അപ്പീൽ കൊടുക്കപ്പെട്ട ശിക്ഷാവിധിയിലെ ശിക്ഷ കുറവുചെയ്യുകയോ, മറിച്ച് വിധിക്കുകയോ ചെയ്യാവുന്നതും ആണ്.

(3) ഒരു സ്മാരം ക്ലാസ് കോടതിയുടെ അങ്ങനെയുള്ള കുററസ്ഥാപനത്തിൽനിന്നുള്ള അപ്പീൽ, ആകോടതി സ്ഥിതി ചെയ്യുന്നത്, ഏതു സെഷൻസ് ഡിവിഷനിലാണോ, ആ സെഷൻസ് ഡിവിഷനിലേയ്ക്കുള്ള സെഷൻസ് കോടതിയിലേയ്ക്ക് ആയിരിക്കുന്നതാണ്.

(4) 347-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരു നിദേശത്തിൻെറ ബലത്തിൽ ഒരു സിവിൽക്കോടതിയായി കരുതപ്പെടുന്ന ഏതെങ്കിലും രജിസ്ട്രാറുടേയോ സബ് രജിസ്ട്രാറുടേയോ അങ്ങനെയുള്ള കുററസ്ഥാപനത്തിൽ നിന്നുള്ള ഒരു അപ്പീൽ അങ്ങനെയുള്ള രജിസ്ട്രാറുടേയോ, സബ്രജിസ്ട്രാറുടേയോ, ആഫീസ് സ്ഥിതിചെയ്യുന്നത് ഏത് സെഷൻസ് ഡിവിഷനിലാണോ ആ സെഷൻസ് ഡിവിഷനിലേയ്ക്കുള്ള സെഷൻസ് കോടതിയിലേയ്ക്ക് ആയിരിക്കുന്നതാണ്.

352. ചില ജഡ്ജിമാരും മജിസ്ട്രേററുമാരും തങ്ങളുടെ മുമ്പാകെ ചെയ്യപ്പെടുന്ന ചില കുററങ്ങരം വിചാരണ ചെയ്യാൻ പാടുള്ളതല്ലെന്ന്.—344, 345, 349, 350 എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, ഒരു ക്രിമിനൽ കോടതിയിലെ (ഒരു ഹൈക്കോടതിയിലെ ജഡ്ജിയല്ലാത്ത) യാതൊരു ജഡ്ജിയും മജിസ്ട്രേററും ഏതെങ്കിലും ആളെ 195-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും കുററത്തിന്. അങ്ങനെയുള്ള കുററം തൻെറ മുമ്പാകെയോ, തൻെറ പ്രാധികാരത്തിൻെറ അലക്ഷ്യമായോ ചെയ്യപ്പെട്ടതോ അല്ലെങ്കിൽ ഒരു നീതിന്യായ നടപടിയ്ക്കിടയിൽ അങ്ങനെയുള്ള ജഡ്ജിയോ മജിസ്ട്രേററോ എന്ന നിലയിൽ തൻെറ അറിവിൽ കൊണ്ടുവരപ്പെട്ടതോ ആയിരിക്കുമ്പോരം, വിചാരണ ചെയ്യാൻ പാടുള്ളതല്ല.

## അദ്ധ്യായം XXVII

## വിധിന്യായം

353. വിധിന്യായം.—(1) ആദ്യാധികാരിതയുള്ള ഏതെങ്കിലും ക്രിമിനൽ ക്കോടതിയിലെ ഏതൊരു വിചാരണയിലേയും വിധിന്യായം, വിചാരണ അവസാനിച്ച ഉടനേയോ, കക്ഷികൾക്കോ അവരുടെ വക്കീൽമാർക്കോ നോട്ടീസ് നല്കപ്പെട്ട പിന്നീടുള്ള ഏതെങ്കിലും സമയത്തോ തുറന്ന കോടതിയിൽവച്ച് അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻ—

(ക) വിധിന്യായം മുഴുവനായി നല്കിയോ;

(ഖ) വിധിന്യായം മുഴുവൻ വായിച്ചു കേൾപ്പിച്ചോ;

(ഗ) വിധിന്യായത്തിന്റെ പ്രാവർത്തികഭാഗം വായിച്ചുകേൾപ്പിക്കുകയും, പ്രതിക്കോ അയാളുടെ വക്കീലിനോ മനസ്സിലാകുന്ന ഭാഷയിൽ വിധിന്യായത്തിന്റെ സാരം വിശദീകരിക്കുകയും ചെയ്തുകൊണ്ടോ, പ്രസ്താവിക്കേണ്ടതാകുന്നു.

(2) വിധിന്യായം ഒന്നാം വകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ നല്കിയിട്ടുള്ളടത്ത്, അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻ അത് ചുരുക്കെഴുത്തിൽ എഴുതി എടുപ്പിക്കുകയും പകർത്തെഴുത്ത് പ്രതിയും അതിലെ ഓരോ പേജും, അതു തയ്യാറായാൽ കഴിയുന്നതും വേഗത്തിൽ ഒപ്പിടുകയും തുറന്ന കോടതിയിൽ വച്ച് വിധിന്യായം നല്കിയ തീയതി അതിൽ എഴുതുകയും ചെയ്യേണ്ടതാകുന്നു.

(3) വിധിന്യായമോ, അതിന്റെ പ്രാവർത്തികഭാഗമോ, അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിനോ, (ഗ) ഖണ്ഡത്തിനോ കീഴിൽ വായിച്ചുകേൾപ്പിക്കുന്നിടത്ത്, അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻ തുറന്ന കോടതിയിൽ വച്ച് അതിൽ തീയതിവച്ച് ഒപ്പിടുകയും അതു തന്റെ സ്വന്തം കൈപ്പടയിൽ എഴുതിയിട്ടുള്ളതല്ലെങ്കിൽ അതിന്റെ ഓരോ പേജിലും ഒപ്പിടുകയും ചെയ്യേണ്ടതാകുന്നു.

(4) വിധിന്യായം (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ച രീതിയിൽ പ്രസ്താവിച്ചിട്ടുള്ളിടത്ത്, മുഴുവൻ വിധിന്യായമോ, അതിന്റെ പകർപ്പോ, കക്ഷികൾക്കോ അവരുടെ വക്കീൽമാർക്കോ വായിച്ചു നോക്കാനായിഉടൻതന്നെ സൗജന്യമായി ലഭ്യമാക്കേണ്ടതാകുന്നു.

(5) പ്രതി കസ്റ്റഡിയിലാണെങ്കിൽ വിധിന്യായം പ്രസ്താവിക്കുന്നത് കേൾക്കാൻ അയാളെ കൊണ്ടുവരപ്പെടേണ്ടതാകുന്നു.

(6) പ്രതി കസ്റ്റഡിയിൽ അല്ലെങ്കിൽ, വിചാരണയിൽ അയാൾ നേരിട്ട് ഹാജരാകേണ്ടത് വേണ്ടെന്നുവച്ചിരിക്കുകയും, ശിക്ഷാവിധി പിഴയ്ക്കുമാത്രമുള്ളതായിരിക്കുകയും ചെയ്യുന്നിടത്തോ അയാളെ കുററവിമുക്തനാക്കുന്നടത്തോ ഒഴികെ, വിധിന്യായം പ്രസ്താവിക്കുന്നത് കേൾക്കാൻ അയാളോട് കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെടേണ്ടതാകുന്നു;

എന്നാൽ, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളവർ ഒന്നിലധികം ഉണ്ടായിരിക്കുകയും, അവരിൽ ഒന്നോ അതിലധികമോ ആളുകൾ വിധിന്യായം പ്രസ്താവിക്കുന്ന തീയതി കോടതിയിൽ ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്, അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥന്, ആ കേസ്സ് തീർപ്പാക്കുന്നതിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കാനായി വിധിന്യായം അവർ സന്നിഹിതരല്ലെന്നിരുന്നാലും പ്രസ്താവിക്കാവുന്നതാണ്.

(7) ഏതെങ്കിലും ക്രിമിനൽ കോടതി നല്കുന്ന യാതൊരു വിധി ന്യായവും, അതു നല്കുന്ന ദിവസമോ, അല്ലെങ്കിൽ അതു നല്കുന്നതിന് നോട്ടീസ് കൊടുത്ത സ്ഥലത്തോ, ഏതെങ്കിലും കക്ഷിയോ അയാളുടെ വക്കീലോ സന്നിഹിതരാകാതിരിക്കുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള ദിവസത്തേയും സ്ഥലത്തേയും കുറിച്ചുള്ള നോട്ടീസ് കക്ഷികൾക്കോ അവരുടെ വക്കീൽമാർക്കോ അവരിൽ ആർക്കെങ്കിലുമോ നടത്താതിരിക്കുന്നതോ നടത്തുന്നതിലുള്ള ഏതെങ്കിലും ന്യൂനതയോ മാത്രം കാരണമായി അസാധുവാണെന്ന് കരുതപ്പെടുന്നതല്ല.

(8) ഈ വകുപ്പിലെ യാതൊന്നിനും, 465-ാം വകുപ്പിലെ വ്യവസ്ഥകളുടെ വ്യാപ്തിയെ ഏതെങ്കിലും വിധത്തിൽ പരിമിതപ്പെടുത്തുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

354. വിധിന്യായത്തിലെ ഭാഷയും ഉള്ളടക്കവും.—(1) ഈ നിയമസംഹിതയിൽ മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, 353-ാം വകുപ്പിൽ പരാമർശിച്ച ഏതൊരു വിധിന്യായവും,—

(ക) കോടതിയുടെ ഭാഷയിൽ എഴുതപ്പെടേണ്ടതും ;

(ഖ) തീരുമാനിക്കപ്പെടാനുള്ള വാദമുഖവും അല്ലെങ്കിൽ വാദമുഖങ്ങളും അതിൻമേലുള്ള തീരുമാനവും, ആ തീരുമാനത്തിനുള്ള കാരണങ്ങളും അടങ്ങിയതായിരിക്കേണ്ടതും ;

(ഗ) പ്രതിയെ കുററസ്ഥാപനം ചെയ്തിട്ടുള്ളത് ഏതു കുററത്തിനാണ് (എന്തെങ്കിലുമുണ്ടെങ്കിൽ) എന്നുള്ളതും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യിലേയോ മററു നിയമത്തിലേയോ ഏതു വകുപ്പിൻ കീഴിലാണെന്നുള്ളതും അയാൾക്കു വിധിച്ച ശിക്ഷയും വിനിർദ്ദേശിച്ചിരിക്കേണ്ടതും ;

(ഘ) അതു കുററവിമുക്തമാക്കുന്ന വിധിന്യായമാണെങ്കിൽ, പ്രതി ഏതു കുററത്തിനാണോ കുററവിമുക്തനാക്കപ്പെട്ടിട്ടുള്ളത്, ആ കുററം പ്രസ്താവിക്കുകയും അയാളെ സ്വതന്ത്രനാക്കുവാൻ നിദേശിക്കുകയും ചെയ്യേണ്ടതും,

ആകുന്നു.

(2) കുററസ്ഥാപനം ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിൻകീഴിലായിരിക്കുകയും, ആ നിയമസംഹിത (1860-ലെ 45) യിലെ രണ്ടു വകുപ്പുകളിൽ ഏതിൻ കീഴിലാണ്, അല്ലെങ്കിൽ ഒരേ വകുപ്പിന്റെ രണ്ടു ഭാഗങ്ങളിൽ ഏതിൻ കീഴിലാണ് ആ കുററം വരുന്നതെന്നുള്ളത് സംശയമായിരിക്കുകയും ചെയ്യുമ്പോൾ, കോടതി, അതു വ്യക്തമായി പറയുകയും ആനുകല്പികമായി വിധി പാസ്സാക്കുകയും ചെയ്യേണ്ടതാകുന്നു.

(3) കുററസ്ഥാപനം, മരണശിക്ഷ നല്കി ശിക്ഷിക്കാവുന്നതോ അല്ലെങ്കിൽ ആനുകല്പികമായി ജീവപര്യന്തത്തടവിനുള്ളതോ ഇത്ര വർഷത്തേക്ക് എന്ന് കാലാവധിയുള്ള തടവിനുള്ളതോ ആയ ഒരു കുററത്തിനായിരിക്കുമ്പോൾ, വിധിന്യായം, നല്കപ്പെട്ട ശിക്ഷാവിധിക്കുള്ള കാരണങ്ങളും, മരണശിക്ഷാവിധിയുടെ സംഗതിയിൽ, അങ്ങനെയുള്ള ശിക്ഷാവിധിക്കുള്ള പ്രത്യേക കാരണങ്ങളും പറഞ്ഞിരിക്കേണ്ടതാകുന്നു.

(4) കുററസ്ഥാപനം, ഒരു വർഷമോ അതിലധികമോ ആയ കാലത്തേയ്ക്കുള്ള തടവു നല്കി ശിക്ഷിക്കാവുന്ന ഒരു കുററത്തിനായിരിക്കുകയും, എന്നാൽ, കോടതി മൂന്നു മാസത്തിൽ കുറവായ കാലത്തെ തടവിനുള്ള ശിക്ഷാവിധി ചുമത്തുകയും ചെയ്യുമ്പോൾ, കോടതി ആ ശിക്ഷാവിധി, കോടതി പിരിയുന്നവരേയ്ക്കുള്ള തടവിനുള്ള ശിക്ഷാവിധി അല്ലാത്തപക്ഷമോ,

അല്ലെങ്കിൽ കേസ് ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്കു കീഴിൽ സമ്മറിയായി വിചാരണചെയ്തതല്ലാത്തപക്ഷമോ, അങ്ങനെയുള്ള ശിക്ഷാവിധി നല്കുന്നതിന്ന് കോടതിക്കുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതാകുന്നു.

(5) ഏതെങ്കിലും ആളെ മരണശിക്ഷയ്ക്ക് വിധിക്കുമ്പോൾ, ശിക്ഷാവിധി, അയാളെ മരിക്കുന്നതുവരെ കഴുത്തിൽ കെട്ടിത്തൂക്കണമെന്ന് നിദേശിക്കേണ്ടതാകുന്നു.

(6) 117-ാം വകുപ്പിനോ 138-ാം വകുപ്പ് (2)-ാം ഉപവകുപ്പിനോ കീഴിലുള്ള ഏതൊരു ഉത്തരവും, 125-ാം വകുപ്പിനോ 145-ാം വകുപ്പിനോ 147-ാം വകുപ്പിനോ കീഴിൽ ചെയ്യപ്പെട്ട ഏതൊരു അന്തിമോത്തരവിലും, തീരുമാനിക്കപ്പെടാനുള്ള വാദമുഖവും അല്ലെങ്കിൽ വാദമുഖങ്ങളും അതിൻമേലുള്ള തീരുമാനവും, ആ തീരുമാനത്തിനുള്ള കാരണങ്ങളും അടങ്ങിയതായിരിക്കേണ്ടതാകുന്നു.

355. മഹാനഗര മജിസ്ട്രേററിന്റെ വിധിന്യായം.—ഒരു മഹാനഗര മജിസ്ട്രേററ്, ഇതിൽ ഇതിനുമുമ്പ് വ്യവസ്ഥ ചെയ്ത രീതിയിൽ വിധിന്യായം റിക്കാർഡാക്കുന്നതിന്നു പകരം, താഴെ പറയുന്ന വിവരങ്ങൾ റിക്കാർഡാക്കേണ്ടതാണ്,

അതായത്:—

(ക) കേസ്സിന്റെ ക്രമനമ്പർ ;

(ഖ) കുററംചെയ്ത തീയതി ;

(ഗ) പരാതിക്കാരന്റെ (ആരെങ്കിലുമുണ്ടെങ്കിൽ) പേര് ;

(ഘ) പ്രതിയുടെ പേരും, അയാളുടെ മാതാപിതാക്കളാരാണെന്നുള്ളതും, താമസസ്ഥലവും ;

(ങ) പരാതിപ്പെട്ടതോ തെളിയിക്കപ്പെട്ടതോ ആയ കുററം ;

(ച) പ്രതിയുടെ വാദവും അയാളുടെ വിസ്താരവും (വല്ലതുമുണ്ടെങ്കിൽ) ;

(ഛ) അന്തിമോത്തരവ് ;

(ജ) അങ്ങനെയുള്ള ഉത്തരവിന്റെ തീയതി ;

(ഝ) 373-ാം വകുപ്പിനോ 374-ാം വകുപ്പ് (3)-ാം ഉപവകുപ്പിനോ കീഴിൽ അന്തിമോത്തരവിൽനിന്ന് അപ്പീലുള്ള എല്ലാ കേസ്സുകളിലും, തീരുമാനത്തിനുള്ള കാരണങ്ങളുടെ സംക്ഷിപ്തമായ സ്റേറററ്മെൻറ്.

356. മുൻപ് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള കുററക്കാരന്റെ മേൽവിലാസം അറിയിക്കുന്നതിനുള്ള ഉത്തരവ്.—(1) മൂന്നു വർഷത്തേയ്ക്കോ അതിൽ കൂടുതൽ കാലത്തേയ്ക്കോ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 215-ാം വകുപ്പിനോ 489ക വകുപ്പിനോ 489ഖ വകുപ്പിനോ 489ഗ വകുപ്പിനോ 489ഘ വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിനോ, അല്ലെങ്കിൽ ആ നിയമസംഹിതയിലെ XII-ാം അദ്ധ്യായത്തിനോ, XVII-ാം അദ്ധ്യായത്തിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിനോ, ഇൻഡ്യയിലെ ഒരു കോടതി കുററസ്ഥാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ആളെ, ആ വകുപ്പുകൾക്കോ അദ്ധ്യായങ്ങൾക്കോ കീഴിൽ മൂന്നു വർഷത്തേയ്ക്കോ അതിൽ കൂടുതൽ കാലത്തേയ്ക്കോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് രണ്ടാം ക്ലാസ് മജിസ്ട്രേററിന്റെതല്ലാത്ത ഏതെങ്കിലും കോടതി വീണ്ടും കുററസ്ഥാപനം ചെയ്യുമ്പോൾ, അങ്ങനെയുള്ള കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ആൾക്ക് തടവുശിക്ഷാവിധി പാസ്സാക്കുന്ന സമയത്ത്, അങ്ങനെയുള്ള ശിക്ഷാവിധി അവസാനിക്കുന്ന

തീയതി മുതൽ അഞ്ചു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക്, ഇതിൽ ഇതിനു ശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വിമോചനത്തിന് ശേഷമുള്ള അയാളുടെ താമസസ്ഥലവും, അങ്ങനെയുള്ള താമസസ്ഥലത്തിന്റെ വല്ല മാററവും അല്ലെങ്കിൽ അതിൽനിന്നുള്ള അസാന്നിദ്ധ്യവും അയാൾ അറിയിക്കണമെന്ന് ഉത്തരവു ചെയ്യുകയുംകൂടി ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, അതിൽ പറഞ്ഞ കുററങ്ങൾ സംബന്ധിച്ച്, അങ്ങനെയുള്ള കുററങ്ങൾ ചെയ്യാനുള്ള കുററകരമായ ഗൂഢാലോചനകൾക്കും അങ്ങനെയുള്ള കുററങ്ങൾക്ക് പ്രേരണ നല്കുന്നതിനും അവ ചെയ്യാനുള്ള ശ്രമങ്ങൾക്കും കൂടി ബാധകമാകുന്നതാണ്.

(3) അപ്പീലിലോ മററു വിധത്തിലോ അങ്ങനെയുള്ള കുററസ്ഥാപനം അസ്ഥിരപ്പെടുത്തുന്നുവെങ്കിൽ, അങ്ങനെയുള്ള ഉത്തരവ് ശൂന്യമായിത്തീരുന്നതാണ്.

(4) ഈ വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ്, അപ്പീൽകോടതിക്കും, അല്ലെങ്കിൽ ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ അതിന്റെ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ കൂടി പാസ്സാക്കാവുന്നതാണ്.

(5) വിമോചിപ്പിക്കപ്പെട്ട, കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളവർ താമസസ്ഥലവും അതിന്റെ മാററവും അതിൽനിന്നുള്ള അസാന്നിദ്ധ്യവും അറിയിക്കുന്നതു സംബന്ധിച്ച ഈ വകുപ്പിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സ്റേററ് ഗവൺമെൻറിന് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(6) അങ്ങനെയുള്ള ചട്ടങ്ങൾക്ക്, അവയുടെ ലംഘനത്തിനുള്ള ശിക്ഷ വ്യവസ്ഥ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും ചട്ടത്തിന്റെ ലംഘനത്തിന് ചാർജ് ചെയ്യപ്പെട്ട ഏതെങ്കിലും ആൾ അയാൾ തന്റെ താമസസ്ഥലമായി ഒടുവിൽ അറിയിച്ച സ്ഥലം സ്ഥിതിചെയ്യുന്നത് ഏത് ജില്ലയിലാണോ ആ ജില്ലയിലെ അധികാരിതക്ഷമതയുള്ള മജിസ്ട്രേററിനാൽ വിചാരണ ചെയ്യപ്പെടാവുന്നതുമാണ്.

357. നഷ്ടപരിഹാരം കൊടുക്കാനുള്ള ഉത്തരവ്.—(1) കോടതി, പിഴശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷ ഭാഗമായിട്ടുള്ള ഒരു ശിക്ഷയോ (മരണശിക്ഷ ഉൾപ്പെടെ) ചുമത്തുമ്പോൾ, കോടതിക്ക് വിധി പാസ്സാക്കുന്ന സമയത്ത് വസൂലാക്കപ്പെടുന്ന പിഴ മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ—

(ക) പ്രാസിക്യൂഷനിൽ ശരിയായി നേരിട്ട ചെലവുകൾ കൊടുക്കുന്നതിനും;

(ഖ) കോടതിയുടെ അഭിപ്രായത്തിൽ ഒരു സിവിൽക്കോടതിയിൽ ഏതെങ്കിലും ആൾക്ക് നഷ്ടപരിഹാരം വസൂലാക്കാവുന്നതായിരിക്കുമ്പോൾ, ആ കുററത്താൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിന്നോ ക്ഷതിക്കോ അങ്ങനെയുള്ള ആൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും;

(ഗ) മററാരാളുടെ മരണം സംഭവിപ്പിച്ചതിനോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുവാൻ പ്രേരണനല്കിയതിനോ ഏതെങ്കിലും ആളെ കുററസ്ഥാപനം ചെയ്യുമ്പോൾ, മാരകമായ അപകടസംഭവ ആക്ററ്, 1855 (1855-ലെ 13)-ൻ കീഴിൽ അങ്ങനെയുള്ള മരണത്തിൽ നിന്ന് അവർക്ക് ഉണ്ടായിട്ടുള്ള നഷ്ടത്തിന്, ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ള ആളിൽനിന്ന് നഷ്ടപരിഹാരം വസൂലാക്കാൻ അവകാശപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും;

(ഘ) മോഷണമോ, കുററകരമായ ദുർവിനിയോഗമോ, കുററകരമായ ട്രസ്ററ്ലംഘനമോ ചതിക്കലോ ഉൾപ്പെടെയുള്ള ഏതെങ്കിലും കുററത്തിനോ,

അല്ലെങ്കിൽ കട്ടതാണെന്നു അറിഞ്ഞുകൊണ്ടോ വിശ്വസിക്കാൻ കാരണമുണ്ടായ ട്ടോ കട്ടവുമുതൽ നേരുകേടായി സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ, അല്ലെങ്കിൽ അത് വ്യയനം ചെയ്യാൻ സ്വേച്ഛയാ സഹായിക്കുകയോ ചെയ്യുന്ന കുററത്തിനോ, ഏതെങ്കിലും ആൾ ശിക്ഷിക്കപ്പെടുമ്പോൾ, അതിന് അവകാശപ്പെട്ട ആളുടെ കൈവശത്തിലേക്ക് തിരിയെ കൊടുക്കുന്നുവെങ്കിൽ അതു നഷ്ടപ്പെട്ടതിന് അതിൻെറ ഉത്തമവിശ്വാസത്തോടു കൂടിയ ഏതെങ്കിലും ക്രേതാവിന് നഷ്ടപരിഹാരംകൊടുക്കുന്നതിനും,

ഉപയോഗിക്കാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

(2) അങ്ങനെകൊടുക്കുന്നത്, പിഴഅപ്പീലിന് വിധേയമായ കേസ്സിൽ ചുമത്തുന്നതാണെങ്കിൽ, അപ്പീൽ ബോധിപ്പിക്കാൻ അനുവദിക്കപ്പെട്ട കാലം കഴിയുന്നതിന്നുമുമ്പോ, അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, അപ്പീലിൻെറ തീരുമാനത്തിനുമുമ്പോ ആകാൻ പാടുള്ളതല്ല.

(3) കോടതി പിഴശിക്ഷ ഭാഗമായിട്ടുള്ളതല്ലാത്ത ഒരു ശിക്ഷാവിധി ചുമത്തുമ്പോൾ, കോടതിക്ക് വിധിപാസ്സാക്കുന്ന സമയത്ത് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളോട് അയാളെഅപ്രകാരം ശിക്ഷയ്ക്ക് വിധിച്ചത് ഏതു കൃത്യത്തിനാണോ ആ കൃത്യം കാരണമായി ഏതെങ്കിലും നഷ്ടമോ ക്ഷതിയോ അനുഭവിച്ചിട്ടുള്ള ആൾക്ക് ഉത്തരവിൽ വനിർദ്ദേശിക്കുന്ന തുക നഷ്ടപരിഹാരമായി കൊടുക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിലുള്ള ഉത്തരവ്, അപ്പീൽ കോടതിക്കും അല്ലെങ്കിൽ, ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ അതിൻെറ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ കൂടി പാസ്സാക്കാവുന്നതാണ്.

(5) അതേ വിഷയം സംബന്ധിച്ച് പിന്നീടുള്ള ഏതെങ്കിലും സിവിൽ വ്യവഹാരത്തിൽ നഷ്ടപരിഹാരം അവാർഡ് ചെയ്യുന്ന സമയത്ത് കോടതി ഈ വകുപ്പിൻകീഴിൽ നഷ്ടപരിഹാരമായി കൊടുക്കപ്പെട്ടതോ വസൂലാക്കപ്പെട്ടതോ ആയ ഏതെങ്കിലും തുക കണക്കിലെടുക്കേണ്ടതാകുന്നു.

358. <u>കാരണമില്ലാതെ അറസ്ററ് ചെയ്യപ്പെട്ട ആളുകൾക്കുള്ള നഷ്ടപരിഹാരം.</u>—(1) ഏതെങ്കിലും ആൾ, മറെറാരാളെ ഒരു പോലീസ് ഉദ്യോഗസ്ഥൻ അറസ്ററ്ചെയ്യുവാൻ ഇടയാക്കുമ്പോഴെല്ലാം, അങ്ങനെയുള്ള അറസ്ററിന് ഇടയാക്കാൻ മതിയായകാരണമില്ലെന്ന് ആ,കേസ്സുകേൾക്കുന്ന മജിസ്ട്രേററിന് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന് അപ്രകാരം അറസ്ററിന് ഇടയാക്കിയ ആൾ അറസ്ററ്ചെയ്യപ്പെട്ട ആൾക്ക്, ആ വിഷയത്തിലെ അയാളുടെ സമയനഷ്ടത്തിനും ചെലവുകൾക്കും ആയി കൊടുക്കാൻ നൂറു രൂപയിൽ കവിയാത്തതും അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്നതുമായ നഷ്ടപരിഹാരം അവാർഡ് ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള സംഗതികളിൽ ഒന്നിലധികം ആളുകളെ അറസ്ററ് ചെയ്തിട്ടുണ്ടെങ്കിൽ മജിസ്ട്രേററിന് അതേ രീതിയിൽ അവരിൽ ഓരോരുത്തർക്കും നൂറു രൂപയിൽ കവിയാത്തതും അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്നതും ആയ നഷ്ടപരിഹാരം അവാർഡു ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ അവാർഡ് ചെയ്യപ്പെടുന്ന എല്ലാ നഷ്ടപരിഹാരവും, അതു പിഴയായിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതും, അതു അപ്രകാരം വസൂലാക്കുവാൻ കഴിയുന്നില്ലെങ്കിൽ, അതു കൊടുക്കേണ്ട ആൾക്ക് അങ്ങനെയുള്ള തുക മുമ്പെകൊടുക്കുന്നില്ലെങ്കിൽ, മജിസ്ട്രേററ് നിദേശിക്കുന്നതും മുപ്പതു ദിവസത്തിൽ കവിയാത്തതും ആയ കാലത്തേക്ക് വെറും തടവുശിക്ഷ വിധിക്കാവുന്നതും ആണ്.

359. കോഗ്നൈസബിറം അല്ലാത്ത കേസ്സുകളിൽ കോടതിച്ചെലവു കൊടുക്കുവാൻ ഉത്തരവ്.—(1) കോടതിയിൽ കോഗ്നൈസബിറം അല്ലാത്ത കുററം സംബന്ധിച്ച ഏതെങ്കിലും പരാതി കൊടുക്കുമ്പോഴെല്ലാം കോടതിക്ക്, അതു പ്രതിയെ കുററസ്ഥാപനം ചെയ്യുന്നുവെങ്കിൽ, അയാളോട് അയാളുടെ മേൽ ചുമത്തുന്ന ദണ്ഡനത്തിനു പുറമെ, പരാതിക്കാരന്, അയാറക്ക് പ്രാസിക്യൂഷനിൽ നേരിട്ട കോടതിച്ചെലവ് മുഴുവനുമോ ഭാഗികമോആയി കൊടുക്കുവാൻ ഉത്തരവു ചെയ്യാവുന്നതും, പണം കൊടുക്കുവാൻ വീഴ്ച വരുത്തിയാൽ പ്രതി മുപ്പതു ദിവസത്തിൽ കവിയാത്ത കാലത്തേക്കുള്ള വെറും തടവ് അനുഭവിക്കേണ്ടതാണെന്നുകൂടി ഉത്തരവ് ചെയ്യാവുന്നതും. അങ്ങനെയുള്ള കോടതിച്ചെലവിൽ പ്രോസസ് ഫീസ്, സാക്ഷികറക്കും വക്കീൽമാർക്കുമുള്ള ഫീസ് എന്നിവ സംബന്ധിച്ച് നേരിട്ടതും ന്യായമാണെന്നു കോടതികരുതുന്നതും ആയ ഏതെങ്കിലും ചെലവുകറം ഉറപ്പെടാവുന്നതും ആണ്.

(2) ഈ വകുപ്പിൻ കീഴിലുള്ള ഉത്തരവ് അപ്പീൽ കോടതിക്കും അല്ലെങ്കിൽ ഹൈക്കോടതിക്കോ സെഷൻസ്കോടതിക്കോ അതിന്റെ റിവിഷൻ അധികാരങ്ങറം പ്രയോഗിക്കുമ്പോഴും പാസ്സാക്കാവുന്നതാണ്.

360. നല്ലനടപ്പിനുള്ള പ്രൊബേഷനിൽമേലോ താക്കീതിനുശേഷമോ വിമോചിപ്പിക്കാനുള്ള ഉത്തരവ്.—(1) ഇരുപത്തൊന്ന് വയസ്സിൽ താഴെ യല്ലാത്ത ഏതെങ്കിലും ആളെ, പിഴശിക്ഷമാത്രമോ അല്ലെങ്കിൽ ഏഴു വർഷമോ അതിൽ കുറവോ ആയ കാലത്തേക്കുള്ള തടവുശിക്ഷയോ നല്കി ശിക്ഷിക്കാവുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യുമ്പോഴോ, അല്ലെങ്കിൽ ഇരുപത്തൊന്നുവയസ്സിൽ താഴെയുള്ള ഏതെങ്കിലും ആളേയോ ഏതെങ്കിലും സ്ത്രീയേയോ മരണശിക്ഷയോ ജീവപര്യന്തത്തടവോ നല്കി ശിക്ഷ ക്കപ്പെടാവുന്നതല്ലാത്ത കുററത്തിന് കുററസ്ഥാപനം ചെയ്യുകയും, കുററക്കാരന് എതിരായി മുൻ കുററസ്ഥാപനം തെളിയിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോഴോ, ഏതു കോടതി മുമ്പാകെയാണ് അയാറം കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളത്, ആ കോടതിക്ക് കുററക്കാരന്റെ വയസ്സും അല്ലെങ്കിൽ സ്വഭാവവും അല്ലെങ്കിൽ പൂർവ്വചരിത്രവും കുററം ചെയ്ത പരിതഃസ്ഥിതികളും പരിഗണിച്ച്, കുററക്കാരനെ നല്ലനടപ്പിനുള്ള പ്രൊബേഷനിൻമേൽ വിമോചിപ്പിക്കുന്നത് സമീചീനമായിരിക്കും എന്നു തോന്നുന്നുവെങ്കിൽ, അതിന് അയാറക്ക് ഉടനെ ഏതെങ്കിലും ശിക്ഷ വിധിക്കുന്നതിനു പകരം, കോടതി നിർദേശിക്കുന്ന (മൂന്നുവർഷത്തിൽ കവിയാത്ത) കാലത്തിനുള്ളിൽ ആവശ്യപ്പെടുമ്പോറം ഹാജരാകുകയും ശിക്ഷ സ്വീകരിക്കുകയും ചെയ്യുവാനും ആ കാലത്തിനിടയിൽ സമാധാനം പാലിക്കാനും നല്ല പെരുമാററം ഉള്ളവനായിരിക്കാനും ആയി ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബാണ്ടിൽ ഏർപ്പെടുന്നതിൻമേൽ അയാറം വിമോചിക്കപ്പെടുന്നതാണെന്ന് നിർദേശിക്കാവുന്നതാണ്:

എന്നാൽ, ഏതെങ്കിലും ആദ്യ കുററക്കാരൻ, ഹൈക്കോടതി പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടില്ലാത്ത ഒരു രണ്ടാം ക്ലാസ്സ് മജിസ്ട്രേററ് നാൽ ശിക്ഷിക്കപ്പെടുകയും ഈ വകുപ്പു നല്കുന്ന അധികാരങ്ങറം പ്രയോഗിക്കപ്പെടേണ്ടതാണെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, അദ്ദേഹം ആ അർത്ഥത്തിൽ തന്റെ അഭിപ്രായം റിക്കാർഡാക്കുകയും നടപടികറം ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേററിന്, കുററക്കാരനെ അദ്ദേഹത്തിന്റെയടുക്കൽ അയച്ചുകൊണ്ടോ, അല്ലെങ്കിൽ കുററക്കാരൻ അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരാകുന്നതിന്നു ജാമ്യം വാങ്ങിക്കൊണ്ടോ സമർപ്പിക്കുകയും ചെയ്യേണ്ടതും, അങ്ങനെയുള്ള മജിസ്ട്രേററ്, കേസ്സ് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത രീതിയിൽ തീർപ്പാക്കേണ്ടതും ആകുന്നു.

(2) നടപടികൾ (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തവിധം ഒന്നാം ക്ലാസ്സ് മജിസ്ട്രേററിന് സമർപ്പിക്കുന്നിടത്ത്, അങ്ങനെയുള്ള മജിസ്ട്രേററിന് അതിൻമേൽ, ആ കേസ്സ് താൻ ആദ്യം കേട്ടതായിരുന്നാൽ തനിക്ക് ഏതു ശിക്ഷാവിധി പാസ്സാക്കുകയോ ഉത്തരവ് ചെയ്യുകയോ ചെയ്യാമായിരുന്നുവോ, അങ്ങനെയുള്ള ശിക്ഷാവിധി പാസ്സാക്കുകയോ ഉത്തരവ് ചെയ്യുകയോ ചെയ്യാവുന്നതും, ഏതെങ്കിലും പ്രശ്നത്തിൽ, തുടർന്നുള്ള അന്വേഷണ വിചാരണയോ കൂടുതൽ തെളിവോ ആവശ്യമാണെന്ന് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന്, തനിക്കുതന്നെ അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുകയോ തെളിവെടുക്കുകയോ, ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അന്വേഷണവിചാരണ നടത്താനോ തെളിവെടുക്കാനോ നിദേശിക്കുകയോ ചെയ്യാവുന്നതും ആണ്.

(3) മോഷണത്തിനോ, കെട്ടിടത്തിൽവച്ചുള്ള മോഷണത്തിനോ, നേരുകേടായ ദുർവിനിയോഗത്തിനോ ചതിക്കലിനോ അല്ലെങ്കിൽ രണ്ടുകൊല്ലത്തിൽ കവിയാത്ത തടവിന് ശിക്ഷിക്കപ്പെടാവുന്ന ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിൻ കീഴിലുള്ള ഏതെങ്കിലും കുററത്തിനോ, അല്ലെങ്കിൽ പിഴശിക്ഷമാത്രം നല്കി ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററത്തിനോ ഒരാൾ കുററസ്ഥാപനം ചെയ്യപ്പെടുകയും അയാൾക്കെതിരായി മുൻ കുററസ്ഥാപനം തെളിയിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും കേസ്സിൽ, ഏതുകോടതി മുമ്പാകെയാണോ അയാൾ അപ്രകാരം കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളത്, ആ കോടതിക്ക്, യുക്തമെന്നുതോന്നുന്നുവെങ്കിൽ, കുററക്കാരന്റെ വയസ്സോ സ്വഭാവമോ പൂർവ്വചരിത്രമോ ശാരീരികമോ മാനസികമോ ആയ അവസ്ഥയും, കുററത്തിന്റെ നിസ്സാരസ്വഭാവവും അല്ലെങ്കിൽ കുററം ചെയ്തതു ലഘൂകരിക്കുന്ന ഏതെങ്കിലും പരിതഃസ്ഥിതികളും പരിഗണിച്ച്, അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധിക്കുന്നതിന് പകരം തക്കതായ താക്കീതിനുശേഷം മോചിപ്പിക്കാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിലുള്ള ഉത്തരവ്, അപ്പീൽ കോടതിക്കും അല്ലെങ്കിൽ ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ അതിന്റെ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോഴും പാസ്സാക്കാവുന്നതാണ്.

(5) ഏതെങ്കിലും കുററക്കാരനെ സംബന്ധിച്ച് ഈ വകുപ്പിൻ കീഴിലുള്ള ഉത്തരവ് ചെയ്തിട്ടുള്ളപ്പോൾ, ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ, അങ്ങനെയുള്ള കോടതിയിലേക്ക് അപ്പീലിന് അവകാശമുള്ളപ്പോൾ, അപ്പീലിൻമേലോ അല്ലെങ്കിൽ അതിന്റെ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോഴോ അങ്ങനെയുള്ള ഉത്തരവ് അസ്ഥിരപ്പെടുത്താവുന്നതും അതിനുപകരം അങ്ങനെയുള്ള കുററക്കാരന് നിയമമനുസരിച്ചുള്ള ശിക്ഷ വിധിക്കാവുന്നതുമാണ് :

എന്നാൽ, ഹൈക്കോടതിയോ സെഷൻസ് കോടതിയോ ഈ ഉപവകുപ്പിൻ കീഴിൽ, കുററക്കാരനെ കുററസ്ഥാപനം ചെയ്ത കോടതിക്ക് ചുമത്താമായിരുന്നതിലും വലിയ ശിക്ഷ ചുമത്താൻ പാടുള്ളതല്ല.

(6) 121-ം, 124-ം, 373-ം വകുപ്പുകളിലെ വ്യവസ്ഥകൾ, ആകുന്നിടത്തോളം ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നല്കപ്പെടുന്ന ജാമ്യക്കാരുടെ സംഗതിയിലും ബാധകമാകുന്നതാണ്.

(7) (1)-ാം ഉപവകുപ്പിൻകീഴിൽ കുററക്കാരനെ വിമോചിപ്പിക്കുവാൻ നിദേശിക്കുന്നതിനുമുമ്പായി, കോടതിക്ക്, കുററക്കാരനോ അയാളുടെ ജാമ്യക്കാരനോ (ആരെങ്കിലും ഉണ്ടെങ്കിൽ) കോടതി ഏതു സ്ഥലത്തിനുവേണ്ടിയാണോ പ്രവർത്തിക്കുന്നത്, ആ സ്ഥലത്തോ അല്ലെങ്കിൽ ഉപാധികൾ നിറവേററ

ണ്ടതായി പറഞ്ഞകാലാവധിയിൽ കുററക്കാരൻ വസിക്കാൻ ഇടയുള്ള സ്ഥലത്തോ സ്ഥിരമായ വാസസ്ഥലമോ അല്ലെങ്കിൽ ക്രമ കമായ ജീവനമോ ഉണ്ടെന്നു ബോദ്ധ്യപ്പെടേണ്ടതാകുന്നു.

(8) കുററക്കാരൻ തന്റെ ജാമ്യച്ചീട്ടിലെ ഉപാധികളിൽ ഏതെങ്കിലും നിറവേററാതിരുന്നിട്ടുണ്ടെന്ന് അയാളെ കുററസ്ഥാപനം ചെയ്ത കോടതി ക്കോ അല്ലെങ്കിൽ, അയാളുടെ ആദ്യത്തെ കുററം സംബന്ധിച്ച് അയാളുടെ കാര്യം കൈകാര്യം ചെയ്യാൻ കഴിയുമായിരുന്ന കോടതിക്കോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അതിന് അയാളെ പിടിക്കുന്നതിന് വാറൻറ് പുറപ്പെടുവിക്കാവുന്നതാണ്.

(9) കുററക്കാരൻ അങ്ങനെയുള്ള ഏതെങ്കിലും വാറൻറിൻമേൽ പിടിക്കപ്പെടുമ്പോൾ, ഉടനടി വാറൻറു പുറപ്പെടുവിച്ച കോടതിമുമ്പാകെ കൊണ്ടുവരപ്പെടേണ്ടതും, അങ്ങനെയുള്ള കോടതിയ്ക്ക് അയാളെ, ആ കേസ് സ് കേൾക്കുന്നതുവരെ കസ്ററഡിയിൽ റിമാൻഡുചെയ്യുകയോ അല്ലെങ്കിൽ ശിക്ഷാവിധിക്കായി അയാൾ ഹാജരാകുമെന്നുള്ള ഉപാധിയിൻമേൽ മതിയായ ജാമ്യത്തോടുകൂടി അയാൾക്ക് ജാമ്യം അനുവദിക്കുകയോ ചെയ്യാവുന്നതും, കേസ്സ് കേട്ടതിനുശേഷം അങ്ങനെയുള്ള കോടതിയ്ക്ക് ശിക്ഷാവിധി പാസ്സാക്കാവുന്നതും ആണ്.

(10) ഈ വകുപ്പിലെ യാതൊന്നും കുററക്കാരുടെ പ്രൊബേഷൻ ആക്ററ്, 1958 (1958-ലെ 20)-ലേയോ കുട്ടികൾ ആക്ററ്, 1960 (1960-ലെ 60) ലേയോ, അല്ലെങ്കിൽ ചെറുപ്രായക്കാരായ കുററക്കാരോടുള്ള പെരുമാററത്തിനോ, അവരുടെ പരിശീലനത്തിനോ പുനരധിവാസത്തിനൊ ഉള്ള, തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലേയോ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

361. <u>ചില കേസ്സുകളിൽ പ്രത്യേക കാരണങ്ങൾ റിക്കാർഡാക്കണമെന്ന്.</u>—ഏതെങ്കിലും കേസ്സിൽ കോടതിക്ക്, പ്രതിയെ—

(ക) 360-ാം വകുപ്പിൻകീഴിലോ അല്ലെങ്കിൽ കുററക്കാരുടെ പ്രൊബേഷൻ ആക്ററ്, 1958 (1958-ലെ 20)-ലെ വ്യവസ്ഥകൾക്ക് കീഴിലോ, അല്ലെങ്കിൽ

(ഖ) ചെറുപ്രായക്കാരനായ ഒരു കുററക്കാരനെ, കുട്ടികൾ ആക്ററ്, 1960 (1960-ലെ 60)-ൻ കീഴിലോ അല്ലെങ്കിൽ ചെറുപ്രായക്കാരായ കുററക്കാരോടുള്ള പെരുമാററത്തിനോ, അവരുടെ പരിശീലനത്തിനോ, പുനരധിവാസത്തിനോ ഉള്ള, തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിൻകീഴിലോ, കൈകാര്യം ചെയ്യാമായിരുന്നിരിക്കുകയും, എന്നാൽ അപ്രകാരം ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കോടതി അപ്രകാരം ചെയ്യാതിരുന്നതിനുള്ള പ്രത്യേക കാരണങ്ങൾ അതിന്റെ വിധിന്യായത്തിൽ റിക്കാർഡാക്കേണ്ടതാകുന്നു.

362. <u>കോടതിവിധിന്യായം ഭേദപ്പെടുത്താൻ പാടില്ലെന്ന്.</u>—ഈ നിയമസംഹിതയിലോ, തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ മററുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള വിധമൊഴികെ, യാതൊരു കോടതിയും, അതിന്റെ വിധിന്യായമോ കേസ്സ് തീർപ്പാക്കിക്കൊണ്ടുള്ള അതിന്റെ അന്തിമോത്തരവോ ഒപ്പിട്ടിട്ടുള്ളപ്പോൾ, അതു കൈത്തെററോ കണക്കുകൂട്ടലിലെ തെററോ തിരുത്താനല്ലാതെ ഭേദപ്പെടുത്തുകയോ റെവ്യൂചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

363. വിധിന്യായത്തിന്റെ പകർപ്പ് പ്രതിയ്ക്കും മററുആളുകാംക്കും നല്കണമെന്ന്.—(1) പ്രതിയെ തടവുശിക്ഷയ്ക്കു വിധിക്കുമ്പോൾ,വിധി പ്രസ്താവിച്ചതിനു ശേഷം ഉടനെ വിധിന്യായത്തിന്റെ പകർപ്പ് അയാൾക്ക് സൗജന്യമായി നല്കേണ്ടതാകുന്നു.

(2) പ്രതിയുടെ അപേക്ഷയിൻമേൽ, വിധിന്യായത്തിന്റെ സർട്ടിഫൈ ചെയ്ത പകർപ്പോ, അല്ലെങ്കിൽ പ്രായോഗികമാണെങ്കിൽ, തന്റെ സ്വന്തം ഭാഷയിലോ അല്ലെങ്കിൽ കോടതിയുടെ ഭാഷയിലോ ഉള്ള ഒരു തർജ്ജമ വേണമെന്ന് അയാൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതു കാലതാമസം കൂടാതെ അയാൾക്ക് നല്കേണ്ടതും, വിധിന്യായം, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾക്ക് അപ്പീൽ കൊടുക്കാവുന്നതായിരിക്കുന്ന ഏതൊരു കേസ്സിലും, അങ്ങനെയുള്ള പകർപ്പ് സൗജന്യമായി നല്കേണ്ടതും ആകുന്നു:

എന്നാൽ, ഹൈക്കോടതി മരണശിക്ഷ പാസ്സാക്കുകയോ സ്ഥിരീകരിക്കുകയോ ചെയ്യുന്നിടത്ത്, വിധിന്യായത്തിന്റെ സർട്ടിഫൈചെയ്ത പകർപ്പ് പ്രതി അതിനു അപേക്ഷിച്ചാലും ഇല്ലെങ്കിലും, അയാൾക്ക് ഉടനെ സൗജന്യമായി നല്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, 117-ാം വകുപ്പിൻകീഴിലുള്ള ഉത്തരവു സംബന്ധിച്ച് അവ പ്രതിയ്ക്ക് അപ്പീൽ കൊടുക്കാവുന്ന വിധിന്യായം സംബന്ധിച്ചു ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

(4) ഏതെങ്കിലും കോടതി, പ്രതിയെ മരണശിക്ഷക്ക് വിധിക്കുകയും അങ്ങനെയുള്ള വിധിന്യായത്തിൽനിന്ന് അവകാശമെന്ന നിലയിൽ അപ്പീൽ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അപ്പീൽ കൊടുക്കാൻ അയാൾ ആഗ്രഹിക്കുന്നുവെങ്കിൽ അയാളുടെ അപ്പീൽ ഏതു കാലാവധിയ്ക്കുള്ളിൽ ബോധിപ്പിക്കണമെന്ന് കോടതി അയാളെ അറിയിക്കേണ്ടതാകുന്നു.

(5) (2)-ാം ഉപവകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള വിധമൊഴികെ, ഒരു ക്രിമിനൽ കോടതി പാസ്സാക്കുന്ന ഒരു വിധിന്യായമോ ഉത്തരവോ ബാധിക്കുന്ന ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള വിധിന്യായത്തിന്റേയോ ഉത്തരവിന്റേയോ, അല്ലെങ്കിൽ ഏതെങ്കിലും മൊഴിയുടെയോ റിക്കാർഡിന്റെ മററുഭാഗത്തിന്റേയോ പകർപ്പ്, അതിലേക്കു ചെയ്യുന്ന അപേക്ഷയിൻമേലും നിർണ്ണയിക്കപ്പെടുന്ന ചാർജ് കൊടുക്കുന്നതിൻമേലും, നല്കേണ്ടതാകുന്നു:

എന്നാൽ, ഏതെങ്കിലും പ്രത്യേക കാരണത്താൽ യുക്തമെന്ന് തോന്നുന്നുവെങ്കിൽ, കോടതിക്ക് അത് അയാൾക്ക് സൗജന്യമായി നല്കാവുന്നതാണ്.

(6) ഹൈക്കോടതിക്ക്, ചട്ടങ്ങൾവഴി ഒരു ക്രിമിനൽ കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിന്റേയോ ഉത്തരവിന്റേയോ പകർപ്പുകൾ, വിധിന്യായമോ ഉത്തരവോ ബാധിക്കാത്ത ഏതെങ്കിലും ആൾക്ക്, അയാൾ ഹൈക്കോടതി അങ്ങനെയുള്ള ചട്ടങ്ങളാൽ വ്യവസ്ഥചെയ്യുന്ന ഫീസ് കൊടുക്കുന്നതിൻമേലും അങ്ങനെ വ്യവസ്ഥചെയ്യുന്ന ഉപാധികൾക്കുവിധേയമായും, നല്കുന്നതിന് വ്യവസ്ഥചെയ്യാവുന്നതാണ്.

364. വിധിന്യായം എപ്പോൾ തർജ്ജമ ചെയ്യപ്പെടണമെന്ന്.— അസ്സൽ വിധിന്യായം നടപടിയുടെ റിക്കാർഡിനോടൊപ്പം ഫയൽ ചെയ്യേണ്ടതും, ആ അസ്സൽ കോടതിയുടെ ഭാഷയിൽനിന്ന് വ്യത്യസ്തമായ ഭാഷയിൽ റിക്കാർഡ് ചെയ്തിരിക്കുകയും പ്രതി കോടതിയുടെ ഭാഷയിലുള്ള അതിന്റെ തർജ്ജമ അങ്ങനെയുള്ള റിക്കാർഡോടുകൂടി ചേർക്കേണ്ടതാണെന്നു ആവശ്യപ്പെടുകയും ചെയ്യുന്നിടത്ത്, അപ്രകാരം ചേർക്കേണ്ടതും ആകുന്നു.

365. തീർപ്പിന്റേയും ശിക്ഷാവിധിയുടേയും പകർപ്പ് സെഷൻസ് കോടതി ജില്ലാ മജിസ്ട്രേററിന് അയക്കണമെന്ന്.—സെഷൻസ് കോടതിയോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററോ വിചാരണചെയ്യുന്ന കേസ്സുകളിൽ, അതതു സംഗതിപോലെ, ആ കോടതിയോ അങ്ങനെയുള്ള മജിസ്ട്രേററോ, അതിന്റേയോ അദ്ദേഹത്തിന്റേയോ തീർപ്പിന്റേയും ശിക്ഷാവിധിയുടേയും (എന്തെങ്കിലുമുണ്ടെങ്കിൽ) പകർപ്പ് ഏതു ജില്ലാ മജിസ്ട്രേററിന്റെ തദ്ദേശ ധികാരിതയ്ക്കുള്ളിലാണോ വിചാരണ നടത്തപ്പെട്ടത് ആ ജില്ലാ മജിസ്ട്രേററിന് അയക്കേണ്ടതാകുന്നു.

## അദ്ധ്യായം XXVIII

## മരണശിക്ഷാവിധി സ്ഥിരീകരണത്തിനുവേണ്ടി സമർപ്പിക്കൽ

366. സെഷൻസ്കോടതി മരണശിക്ഷാവിധിസ്ഥിരീകരണത്തിനു സമർപ്പിക്കണമെന്ന്.—(1) സെഷൻസ്കോടതി മരണശിക്ഷാവിധി പാസ്സാക്കുമ്പോൾ, നടപടികൾ ഹൈക്കോടതിക്കു സമർപ്പിക്കേണ്ടതും, ഹൈക്കോടതിയാൽ സ്ഥിരീകരിക്കപ്പെടാത്തപക്ഷം, ശിക്ഷാവിധി നടപ്പാക്കാൻ പാടില്ലാത്തതും ആകുന്നു.

(2) ശിക്ഷാവിധി പാസ്സാക്കുന്ന കോടതി, കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആളെ വാറന്റിൻകീഴിൽ, ജയിൽ കസ്ററഡിയിലേക്ക് കമ്മിററ് ചെയ്യേണ്ടതുമാകുന്നു.

367. തുടർന്നുള്ള അന്വേഷണവിചാരണ നടത്താനോ കൂടുതൽ തെളിവ് എടുക്കാനോ നിദേശിക്കാനുള്ള അധികാരം.—(1) അങ്ങനെയുള്ള നടപടികൾ സമർപ്പിക്കപ്പെടുമ്പോൾ കുററസ്ഥാപനം ചെയ്തിട്ടുള്ള ആളുടെ അപരാധവുമായോ നിരപരാധിത്വവുമായോ ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നത്തിൻമേൽ തുടർന്നുള്ള അന്വേഷണവിചാരണ നടത്തേണ്ടതാണെന്നോ കൂടുതൽ തെളിവ് എടുക്കേണ്ടതാണെന്നോ കരുതുന്നുവെങ്കിൽ, ഹൈക്കോടതിയ്ക്ക്, സ്വയം അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുകയോ അങ്ങനെയുള്ള തെളിവ് എടുക്കുകയോ അല്ലെങ്കിൽ അത്, സെഷൻസ്കോടതി നടത്തുകയോ എടുക്കുകയോ ചെയ്യുവാൻ നിദേശിക്കുകയോ ചെയ്യാവുന്നതാണ്.

(2) ഹൈക്കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുകയോ അങ്ങനെയുള്ള തെളിവ് എടുക്കുകയോ ചെയ്യുമ്പോൾ, കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആളുടെ സാന്നിദ്ധ്യം വേണ്ടെന്നു വയ്ക്കാവുന്നതാണ്.

(3) അന്വേഷണവിചാരണനടത്തുകയോ തെളിവ് എടുക്കുകയോ ചെയ്തത് (എന്തെങ്കിലുമുണ്ടെങ്കിൽ) ഹൈക്കോടതി അല്ലാത്തപ്പോൾ, അങ്ങനെയുള്ള അന്വേഷണവിചാരണയുടേയോ തെളിവിന്റേയോ ഫലം അങ്ങനെയുള്ള കോടതിക്ക് സർട്ടിഫൈ ചെയ്തുകൊടുക്കേണ്ടതാകുന്നു.

368. ശിക്ഷാവിധി സ്ഥിരീകരിക്കാനോ കുററസ്ഥാപനം പ്രഭാവശൂന്യമാക്കാനോ ഹൈക്കോടതിയ്ക്കുള്ള അധികാരം.—366-ാം വകുപ്പിൻകീഴിൽ സമർപ്പിക്കപ്പെട്ട ഏതെങ്കിലും കേസ്സിൽ, ഹൈക്കോടതിക്ക്—

(ക) ആ ശിക്ഷാവിധി സ്ഥിരീകരിക്കുകയോ, നിയമം നീതീകരിക്കുന്ന മറേറതെങ്കിലും ശിക്ഷാവിധി പാസ്സാക്കുകയോ, അല്ലെങ്കിൽ

(ഖ) കുററസ്ഥാപനം പ്രഭാവശൂന്യമാക്കുകയും പ്രതിയെ സെഷൻസ കോടതിയ്ക്ക് കുററസ്ഥാപനം ചെയ്യാമായിരുന്ന ഏതെങ്കിലും കുററത്തിന കുററസ്ഥാപനം ചെയ്യുകയും അല്ലെങ്കിൽ അതേചാർജ്ജിൻമേലോ, ഭേദഗതി ചെയ്ത ചാർജ്ജിൻമേലോ പുതിയ വിചാരണയ്ക്ക് ഉത്തരവ് ചെയ്യുകയോ, അല്ലെങ്കിൽ

(ഗ) പ്രതിയെ കുററവിമുക്തനാക്കുകയോ,

ചെയ്യാവുന്നതാണ്:

എന്നാൽ, അപ്പീൽ കൊടുക്കുന്നതിനു അനുവദിക്കപ്പെട്ട കാലാവധി കഴിയുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കാലാവധിയ്ക്കുള്ളിൽ അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള അപ്പീൽ തീർപ്പാവുകയോ ചെയ്യുന്നതുവരെ ഈ വകുപ്പിൻകീഴിൽ സ്ഥിരീകരണത്തിനുള്ള യാതൊരു ഉത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

369. <u>സ്ഥിരീകരണമോ പുതിയ ശിക്ഷാവിധിയോ രണ്ടു ജഡ്ജിമാർ ഒപ്പിടണമെന്ന്.</u>—അപ്രകാരം സമർപ്പിക്കപ്പെട്ട ഏതൊരു കേസ്സിലും, ശിക്ഷാവിധിയുടെ സ്ഥിരീകരണമോ ഹൈക്കോടതി പാസ്സാക്കുന്ന ഏതെങ്കിലും പുതിയ ശിക്ഷാവിധിയോ ഉത്തരവോ, അങ്ങനെയുള്ള കോടതി രണ്ടോ അതിലധികമോ ജഡ്ജിമാർ അടങ്ങുന്നതാകുമ്പോഴം, അവരിൽ കുറഞ്ഞതു രണ്ടു പേർ, ചെയ്തതും, പാസ്സാക്കിയതും ഒപ്പിട്ടതും ആയിരിക്കേണ്ടതാകുന്നു.

370. <u>അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലുള്ള നടപടിക്രമം.</u>—അങ്ങനെയുള്ള ഏതെങ്കിലും കേസ്സ്, ജഡ്ജിമാരുടെ ബഞ്ച് മുമ്പാകെ കേരംക്കപ്പെടുകയും അങ്ങനെയുള്ള ജഡ്ജിമാർ അഭിപ്രായത്തിൽ തുല്യമായി പിരിയുകയും ചെയ്യുന്നിടത്ത്, കേസ് 392-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത രീതിയിൽ തീരുമാനിക്കേണ്ടതാകുന്നു.

371. <u>സ്ഥിരീകരണത്തിന് ഹൈക്കോടതിക്ക് സമർപ്പിക്കുന്ന കേസ്സുകളിലെ നടപടിക്രമം.</u>—മരണശിക്ഷാവിധിയുടെ സ്ഥിരീകരണത്തിന് സെഷൻസ് കോടതി ഹൈക്കോടതിക്ക് സമർപ്പിക്കുന്ന കേസ്സുകളിൽ, ഹൈക്കോടതിയിലെ ശരിയായ ഉദ്യോഗസ്ഥൻ, ഹൈക്കോടതി സ്ഥിരീകരണത്തിനുള്ള ഉത്തരവോ മററ് ഉത്തരവോ പാസ്സാക്കിയതിനുശേഷം താമസം കൂടാതെ, ഉത്തരവിന്റെ പകർപ്പ്, ഹൈക്കോടതിയുടെ മുദ്രയോടുകൂടിയും തന്റെ ഔദ്യോഗിക ഒപ്പോടുകൂടി സാക്ഷ്യപ്പെടുത്തിയും, സെഷൻസ് കോടതിക്ക് അയക്കേണ്ടതാകുന്നു.

## അദ്ധ്യായം XXIX

## അപ്പീലുകരം

372. <u>മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം അപ്പീലില്ലെന്ന്.</u>—ഈ നിയമ സംഹിതയിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ ക്രിമിനൽ കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽ നിന്നോ ഉത്തരവിൽനിന്നോ, യാതൊരപ്പീലും ഉണ്ടായിരിക്കുന്നതല്ല.

373. <u>സമാധാനപാലനത്തിനോ നല്ല നടപ്പിനോ ജാമ്യം ആവശ്യപ്പെടുന്നതോ ജാമ്യക്കാരനെ സ്വീകരിക്കാൻ വിസമ്മതിക്കുന്നതോ നിരസിക്കുന്നതോ ആയ ഉത്തരവുകളിൽ നിന്നുള്ള അപ്പീൽ.</u>—ആരാണോ,—

(i) സമാധാനപാലനത്തിനോ നല്ല നടപ്പിനോ ജാമ്യം നല്കാൻ 117-ാം വകുപ്പിൻകീഴിൽ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ

(ii) ഒരു ജാമ്യക്കാരനെ സ്വീകരിക്കാൻ വിസമ്മതിക്കുന്നതോ നിരസിക്കുന്നതോ ആയ 121-ാം വകുപ്പിൻകീഴിലെ ഏതെങ്കിലും ഉത്തരവിനാൽ സങ്കടക്കാരനായിട്ടുള്ളത്,

അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള ഉത്തരവിന് എതിരായി സെഷൻസ് കോടതിക്ക് അപ്പീൽ കൊടുക്കാവുന്നതാണ്:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, ആർക്കെതിരായുള്ള നടപടിക്രമങ്ങളാണോ 122-ാം വകുപ്പ് (2)-ാം ഉപവകുപ്പിലേയോ (4)-ാം ഉപവകുപ്പിലേയോ വ്യവസ്ഥകൾ അനുസരിച്ച് സെഷൻസ് ജഡ്ജി മുമ്പാകെ വയ്ക്കപ്പെട്ടിട്ടുള്ളത്, ആ ആളുകൾക്ക് ബാധകമാകുന്നതല്ല.

374. കുററസ്ഥാപനങ്ങളിൽനിന്നുള്ള അപ്പീലുകൾ.—(1) ഹൈക്കോടതി, അതിന്റെ അസാധാരണ ആദ്യ ക്രിമിനൽ അധികാരിതയിൽ നടത്തുന്ന വിചാരണയിൽ കുററസ്ഥാപനം ചെയ്യപ്പെടുന്ന ഏതെങ്കിലും ആൾക്ക് സുപ്രീം കോടതിക്ക് അപ്പീൽ കൊടുക്കാവുന്നതാണ്

(2) സെഷൻസ് ജഡ്ജിയോ അഡീഷണൽ സെഷൻസ് ജഡ്ജിയോ നടത്തിയ വിചാരണയിലോ അല്ലെങ്കിൽ മറേറതെങ്കിലും കോടതി നടത്തിയതും ഏഴു വർഷത്തിൽ കവിഞ്ഞ ശിക്ഷാവിധി പാസ്സാക്കിയിട്ടുള്ളതുമായ വിചാരണയിലോ കുററസ്ഥാപനം ചെയ്യപ്പെടുന്ന ഏതെങ്കിലും ആൾക്ക്, ഹൈക്കോടതിക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തവിധമൊഴികെ,—

(ക) മഹാനഗര മജിസ്ട്രേററോ, അസിസ്ററന്റ് സെഷൻസ് ജഡ്ജിയോ, ഒന്നാം ക്ലാസ് മജിസ്ട്രേററോ, രണ്ടാം ക്ലാസ് മജിസ്ട്രേററോ നടത്തിയ വിചാരണയിൽ കുററസ്ഥാപനം ചെയ്യപ്പെടുന്നതോ, അല്ലെങ്കിൽ

(ഖ) 325-ാം വകുപ്പിൻകീഴിൽ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതോ, അല്ലെങ്കിൽ

(ഗ) ആരെ സംബന്ധിച്ചാണോ ഏതെങ്കിലും മജിസ്ട്രേററ് 360-ാം വകുപ്പിൻകീഴിൽ ഉത്തരവ് ചെയ്യുകയോ ശിക്ഷാവിധി പാസ്സാക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ളതോ ആയ ഏതെങ്കിലും ആൾക്ക് സെഷൻസ് കോടതിക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

375. പ്രതി അപരാധിയാണെന്ന് സമ്മതിക്കുന്ന ചില കേസ്സുകളിൽ അപ്പീൽ ഇല്ലെന്ന്.—374-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രതി അപരാധിയാണെന്ന് സമ്മതിക്കുകയും അങ്ങനെയുള്ള സമ്മതത്തിൻമേൽ കുററസ്ഥാപനം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ളിടത്ത്,

(ക) കുററസ്ഥാപനം ഹൈക്കോടതിയാലാണെങ്കിലോ, അല്ലെങ്കിൽ

(ഖ) കുററസ്ഥാപനം സെഷൻസ് കോടതിയാലോ മഹാനഗര മജിസ്ട്രേററിനാലോ ഒന്നാം ക്ലാസ് മജിസ്ട്രേററിനാലോ രണ്ടാം ക്ലാസ് മജിസ്ട്രേററിനാലോ ആണെങ്കിൽ ശിക്ഷാവിധിയുടെ വ്യാപ്തിയേയോ നിയമസാധുതയേയോ കുറിച്ചല്ലാതെയോ,

അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

376. ചെറുതരം കേസ്സുകളിൽ അപ്പീലില്ലെന്ന്.—374-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, താഴെ പറയുന്ന സംഗതികളിൽ ഏതെങ്കിലും

കേസ്സുകളിൽ കുററസ്ഥാപനം ചെയ്തിട്ടുള്ള ആൾക്ക് അപ്പീൽ കൊടുക്കാവുന്നതല്ല, അതായത്:—

(ക) ഹൈക്കോടതി ആറുമാസത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള തടവുശിക്ഷയോ ആയിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷയോ അങ്ങനെയുള്ള തടവുശിക്ഷയും പിഴശിക്ഷയും കൂടിയോ മാത്രം വിധിക്കുന്നിടത്ത് ;

(ഖ) സെഷൻസ് കോടതിയോ അല്ലെങ്കിൽ മഹാനഗര മജിസ്ട്രേററോ മൂന്നു മാസത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള തടവു ശിക്ഷയോ ഇരുന്നൂറ് രൂപയിൽ കവിയാത്ത പിഴശിക്ഷയോ, അങ്ങനെയുള്ള തടവു ശിക്ഷയും പിഴശിക്ഷയും കൂടിയോ മാത്രം വിധിക്കുന്നിടത്ത്;

(ഗ) ഒന്നാം ക്ലാസ് മജിസ്ട്രേററ് നൂറു രൂപയിൽ കവിയാത്ത പിഴ ശിക്ഷ മാത്രം വിധിക്കുന്നിടത്ത്;

(ഘ) സമ്മറിയായി വിചാരണ ചെയ്യാവുന്ന ഒരു കേസ്സിൽ 260-ാം വകുപ്പിൻകീഴിൽ പ്രവർത്തിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഒരു മജിസ്ട്രേററ് ഇരുന്നൂറു രൂപയിൽ കവിയാത്ത പിഴശിക്ഷമാത്രം വിധിക്കുന്നിടത്ത്;

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ശിക്ഷാവിധിക്കെതിരായി അതിനോട് മറെറതെങ്കിലും ശിക്ഷ കൂട്ടിച്ചേർക്കുകയാണെങ്കിൽ അപ്പീൽ കൊണ്ടുവരാവുന്നതും, പക്ഷേ—

(i) കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആളോട് സമാധാനപാലനത്തിന് ജാമ്യം നല്കുവാൻ ഉത്തരവ് ചെയ്തിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ii) ശിക്ഷാവിധിയിൽ പിഴ ഒടുക്കാൻ വീഴ്ചവരുത്തിയാൽ തടവിനുള്ള നിദേശം ഉൾപ്പെട്ടിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(iii) ചുമത്തപ്പെട്ട പിഴയുടെ മൊത്തം തുക, കേസ്സ് സംബന്ധിച്ച്, ഇതിൽ ഇതിനു മുമ്പ് വിനിർദ്ദേശിച്ച തുകയിൽ കവിയുന്നില്ലെങ്കിൽ കേസ്സിൽ ഒന്നിലധികം പിഴയ്ക്കുള്ള ശിക്ഷ വിധിച്ചിട്ടുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അങ്ങനെയുള്ള ശിക്ഷാവിധിയിൽനിന്ന് അപ്പീൽ കൊടുക്കാവുന്നതല്ലാത്തതും ആകുന്നു.

377. ശിക്ഷാവിധിക്കെതിരായി സ്റേററ് ഗവൺമെൻറിന്റെ അപ്പീൽ.—

(1) (2)-ാം ഉപവകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ഒഴികെ, ഹൈക്കോടതി അല്ലാത്ത മറെറതെങ്കിലും കോടതി നടത്തുന്ന വിചാരണയിലുള്ള ഏതെങ്കിലും കുററസ്ഥാപനത്തിന്റെ സംഗതിയിൽ സ്റേററ് ഗവൺമെൻറിന് ശിക്ഷാവിധിക്കെതിരായി, അതു അപര്യാപ്തമാണെന്ന കാരണത്തിൻമേൽ, ഹൈക്കോടതിക്ക് അപ്പീൽ ബോധിപ്പിക്കാൻ പബ്ലിക് പ്രാസിക്യൂട്ടറെ നിദേശിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള കുററസ്ഥാപനം, കുററം, ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റാബ്ലിഷ്മെൻറ് ആക്ററ്, 1946 (1946-ലെ 25)-ൻ കീഴിൽ ഏർപ്പെടുത്തിയ ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റാബ്ലിഷ്മെൻേറാ, അല്ലെങ്കിൽ ഒരു കുററം സംബന്ധിച്ച് അന്വേഷണം നടത്താൻ ഈ നിയമ സംഹിത അല്ലാത്ത ഏതെങ്കിലും കേന്ദ്ര ആക്ററിൻകീഴിൽ അധികാരപ്പെടുത്തപ്പെട്ട മറെറതെങ്കിലും ഏജൻസിയോ, അന്വേഷണം നടത്തിയിട്ടുള്ളതായ ഒരു കേസ്സിലാണെങ്കിൽ, കേന്ദ്ര ഗവൺമെൻറിന് ശിക്ഷാവിധിക്കെതിരായി, അത് അപര്യാപ്തമാണെന്ന കാരണത്തിൻമേൽ ഹൈക്കോടതിക്ക് അപ്പീൽ ബോധിപ്പിക്കാൻ പബ്ലിക് പ്രാസിക്യൂട്ടറെ നിദേശിക്കാവുന്നതാണ്.

(3) ശിക്ഷാവിധിയ്ക്കെതിരായി അത് അപര്യാപ്തമാണെന്ന കാരണത്തിന്മേൽ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളപ്പോൾ, ഹൈക്കോടതി വർദ്ധിപ്പിച്ച ശിക്ഷ വിധിക്കുന്നതിനെതിരായി കാരണം കാണിക്കാൻ പ്രതിക്ക് ന്യായമായ അവസരം നല്കിയതിനുശേഷമല്ലാതെ അങ്ങനെ വർദ്ധിപ്പിച്ച ശിക്ഷ വിധിക്കാൻ പാടില്ലാത്തതും, കാരണം കാണിക്കുമ്പോൾ പ്രതിക്ക് തന്നെ കുററവിമുക്തനാക്കണമെന്നോ കുറച്ച ശിക്ഷവിധിക്കണമെന്നോ വാദിക്കാവുന്നതും ആണ്.

378. കുററവിമുക്തമാക്കുന്ന സംഗതിയിലെ അപ്പീൽ.—(1) (2)-ം ഉപവകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളവിധത്തിലൊഴികേയും (3)-ം (5)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും സ്റേററ്ഗവൺമെൻറിന് ഏതെങ്കിലും കേസ്സിൽ, ഹൈക്കോടതി അല്ലാത്ത മറേറതെങ്കിലും കോടതി പാസ്സാക്കുന്ന കുററവിമുക്തമാക്കുന്ന ആദ്യ ഉത്തരവിൽനിന്നോ അപ്പീൽ ഉത്തരവിൽനിന്നോ ഹൈക്കോടതിയ്ക്ക് അപ്പീൽ ബോധിപ്പിക്കുവാൻ പബ്ലിക് പ്രാസിക്യൂട്ടറെ നിദേശിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള കുററവിമുക്തമാക്കൽ ഉത്തരവ്, കുററം ഡൽഹി സ്പെഷ്യൽ പോലീസ് എസ്ററാബ്ലിഷ്മെൻറ് ആക്ററ്, 1946-(1946-ലെ 25)-ൻ കീഴിൽ ഏർപ്പെടുത്തിയ ഡൽഹി സ്പെഷ്യൽപോലീസ് എസ്ററാബ്ലിഷ്മെൻേറാ അല്ലെങ്കിൽ, ഒരു കുററംസംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഈ നിയമസംഹിത അല്ലാത്ത ഏതെങ്കിലും കേന്ദ്രആക്ററിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട മറേറതെങ്കിലും ഏജൻസിയോ അന്വേഷണം നടത്തിയിട്ടുള്ള കേസ്സിൽ, പാസ്സാക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ, കേന്ദ്ര ഗവൺമെൻറിനും (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, കുററവിമുക്തമാക്കൽ ഉത്തരവിൽനിന്ന് ഹൈക്കോടതിയ്ക്ക് അപ്പീൽ ബോധിപ്പിക്കുവാൻ പബ്ലിക്പ്രാസിക്യൂട്ടറെ നിദേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ ഹൈക്കോടതിയുടെ അനുമതിയോടുകൂടിയല്ലാതെ യാതൊരപ്പീലും സ്വീകരിക്കാൻ പാടുള്ളതല്ല.

(4) അങ്ങനെയുള്ള കുററവിമുക്തമാക്കൽ ഉത്തരവ് പരാതിയിൻമേൽ നടപടി ആരംഭിക്കപ്പെട്ട ഏതെങ്കിലും കേസ്സിൽ പാസ്സാക്കിയതായിരിക്കുകയും, പരാതിക്കാരൻ ഹൈക്കോടതിയ്ക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ കുററവിമുക്തമാക്കൽ ഉത്തരവിൽനിന്ന് ഇതിലേക്ക് അപ്പീൽ കൊടുക്കാൻ ഹൈക്കോടതി പ്രത്യേകാനുമതി നല്കുകയും ചെയ്യുന്നുവെങ്കിൽ, പരാതിക്കാരന് ഹൈക്കോടതിയ്ക്ക് അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(5) കുററവിമുക്തമാക്കൽ ഉത്തരവിൽനിന്ന് അപ്പീൽ കൊടുക്കാൻ പ്രത്യേകാനുമതി നല്കാൻവേണ്ടി (4)-ാം ഉപവകുപ്പിൻകീഴിലെ യാതൊരപേക്ഷയും, കുററവിമുക്തമാക്കൽ ഉത്തരവിൻെറ തീയതിമുതൽ കണക്കുകൂട്ടി പരാതിക്കാരൻ പബ്ലിക്സർവൻറ് ആയിട്ടുള്ളിടത്തു ആറുമാസവും മററ് ഏതൊരു സംഗതിയിലും അറുപതുദിവസവും കഴിഞ്ഞതിനുശേഷം ഹൈക്കോടതി സ്വീകരിക്കാൻ പാടുള്ളതല്ല.

(6) ഏതെങ്കിലും കേസ്സിൽ, കുററവിമുക്തമാക്കൽ ഉത്തരവിൽനിന്ന് അപ്പീൽ കൊടുക്കാൻ പ്രത്യേകാനുമതി നല്കുന്നതിനുവേണ്ടിയുള്ള (4)-ാം ഉപവകുപ്പിൻകീഴിലെ അപേക്ഷ നിരസിക്കുന്നുവെങ്കിൽ ആ കുററവിമുക്തമാക്കൽ ഉത്തരവിൽനിന്ന് (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ യാതൊരപ്പീലും ഉണ്ടായിരിക്കുന്നതല്ല.

379. ചില സംഗതികളിൽ ഹൈക്കോടതിയുടെ കുററസ്ഥാപനത്തിന് എതിരായുള്ള അപ്പീൽ.—കുററാരോപണം ചെയ്യപ്പെട്ട ഒരാളെ കുററവിമുക്തനാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ്, ഹൈക്കോടതിഅപ്പീൽ മറിച്ച് വിധിക്കുകയും അയാളെ കുററസ്ഥാപനം ചെയ്യുകയും അയാൾക്ക് മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ പത്തുവർഷമോ അതിൽ കൂടുതൽ ആയ കാലത്തേയ്ക്കുള്ള തടവുശിക്ഷയോ വിധിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അയാൾക്ക് സുപ്രീംകോടതിക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

380. ചിലസംഗതികളിൽ അപ്പീലിനുള്ള പ്രത്യേകാവകാശം.—ഈ അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരേ വിചാരണയിൽ ഒന്നിലധികം ആളുകളെ കുററസ്ഥാപനം ചെയ്യുകയും അങ്ങനെയുള്ള ആളുകളിൽ ആരേയെങ്കിലും സംബന്ധിച്ച്, അപ്പീൽ കൊടുക്കാവുന്ന വിധിയോ, ഉത്തരവോ പാസ്സാക്കിയിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള വിചാരണയിൽ കുററസ്ഥാപനം ചെയ്യപ്പെട്ട എല്ലാവർക്കും അല്ലെങ്കിൽ അവരിൽ ഏതെങ്കിലും ആൾക്ക് അപ്പീലിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

381. സെഷൻസ് കോടതിക്കുള്ള അപ്പീൽ കേൾക്കുന്നത് എങ്ങനെയെന്ന്.—(1) (2)-ാം ഉപവകുപ്പിലെവ്യവസ്ഥകൾക്കു വിധേയമായി, സെഷൻസ് കോടതിക്കോ സെഷൻസ് ജഡ്ജിക്കോ ഉള്ള അപ്പീൽ, സെഷൻസ് ജഡ്ജിയോ അഡീഷണൽ സെഷൻസ് ജഡ്ജിയോ കേൾക്കേണ്ടതാകുന്നു:

എന്നാൽ, രണ്ടാംക്ലാസ്സ് മജിസ്ട്രേററ് നടത്തിയ വിചാരണയിലെ കുററസ്ഥാപനത്തിനെതിരായുള്ള അപ്പീൽ, അസിസ്ററൻറ് സെഷൻസ് ജഡ്ജിയ്ക്കോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിനോ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യാവുന്നതാണ്.

(2) അഡീഷണൽ സെഷൻസ്ജഡ്ജിയോ അസിസ്ററൻറ് സെഷൻസ് ജഡ്ജിയോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററോ, ആ ഡിവിഷനിലെ സെഷൻസ് ജഡ്ജി സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴി തന്നെ ഏല്പിക്കുന്നതോ അല്ലെങ്കിൽ ഹൈക്കോടതി പ്രത്യേക ഉത്തരവുവഴി തന്നെ ഏല്പിക്കുന്നതോ അല്ലെങ്കിൽ ഹൈക്കോടതി പ്രത്യേകം ഉത്തരവു വഴി കേൾക്കണമെന്ന് നിദേശിക്കുന്നതോ ആയ അപ്പീലുകൾമാത്രമേ കേൾക്കാൻ പാടുള്ളൂ.

382. അപ്പീൽ ഹർജ്ജി.—ഏതൊരപ്പീലും, അപ്പീൽവാദിയോ അയാളുടെ വക്കീലോ ബോധിപ്പിക്കുന്ന ലിഖിതമായ ഹർജ്ജിയുടെ രൂപത്തിൽ കൊടുക്കേണ്ടതും, അങ്ങനെയുള്ള ഏതൊരു ഹർജ്ജിയുടേയും ഒപ്പം (അതു ബോധിപ്പിക്കപ്പെടുന്ന കോടതി മററുവിധത്തിൽ നിദേശിക്കാത്ത പക്ഷം) ഏതു വിധിന്യായത്തിനോ ഉത്തരവിനോ എതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധിന്യായത്തിൻേറയോ ഉത്തരവിൻേറയോ പകർപ്പും ഉണ്ടായിരിക്കേണ്ടതാണ്.

383. അപ്പീൽവാദി ജയിലിലായിരിക്കുമ്പോഴുള്ള നടപടിക്രമം.—അപ്പീൽവാദി ജയിലിലാണെങ്കിൽ, അയാൾക്ക് തൻെറ അപ്പീൽ ഹർജിയും അതോടൊപ്പമുള്ള പകർപ്പുകളും ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന് ബോധിപ്പിക്കാവുന്നതും അതോടെ ആ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ഹർജ്ജിയും പകർപ്പുകളും ശരിയായ അപ്പീൽകോടതിക്ക് അയക്കേണ്ടതും ആകുന്നു.

384. അപ്പീൽ സമ്മറിയായി തള്ളിക്കളയുന്നത്.—(1) 382-ാം വകുപ്പിനോ 383-ാം വകുപ്പിനോ കീഴിൽ കിട്ടുന്ന അപ്പീൽ ഹർജ്ജിയും വിധിന്യായത്തിന്റെ പകർപ്പും പരിശോധിക്കുന്നതിൻമേൽ, അപ്പീൽകോടതി ഇടപെടാൻ മതിയായ കാരണമില്ലെന്ന് കരുതുന്നുവെങ്കിൽ, അതിന് ആ അപ്പീൽ സമ്മറിയായി തള്ളിക്കളയാവുന്നതാണ്;

എന്നാൽ—

(ക) 382-ാം വകുപ്പിൻകീഴിൽ ബോധിപ്പിക്കുന്ന യാതൊരപ്പീലും, അതിന് താങ്ങായി അപ്പീൽ വാദിക്കോ അയാളുടെ വക്കീലിനോ പറയാനുള്ളതു പറയുവാൻ ന്യായമായ അവസരം നല്കാത്തപക്ഷം, തള്ളിക്കളയാൻ പാടുള്ളതല്ല.

(ഖ) 383-ാം വകുപ്പിൻകീഴിൽ ബോധിപ്പിക്കുന്ന യാതൊരപ്പീലും, ആ അപ്പീൽ നിസ്സാരമായതാണെന്നോ, അല്ലെങ്കിൽ പ്രതിയെ കസ്റ്റഡിയിൽ കോടതി മുമ്പാകെ ഹാജരാക്കുന്നത് ആ കേസ്സിന്റെ പരിതഃസ്ഥിതികളിൽ പൊരുത്തപ്പെടാത്ത അസൗകര്യം ഉണ്ടാക്കുമെന്നോ അപ്പീൽ കോടതി കരുതാത്തപക്ഷം, അപ്പീലിന് താങ്ങായി അപ്പീൽ വാദിക്ക് പറയാനുള്ളതു പറയാൻ ന്യായമായ അവസരം നല്കിയതിനുശേഷമല്ലാതെ തള്ളിക്കളയാൻ പാടുള്ളതല്ല.

(ഗ) 383-ാം വകുപ്പിൻകീഴിൽ ബോധിപ്പിക്കുന്ന യാതൊരപ്പീലും അങ്ങനെയുള്ള അപ്പീൽ സമർപ്പിക്കുന്നതിനു അനുവദിക്കപ്പെട്ട കാലാവധി കഴിയുന്നതുവരെ, സമ്മറിയായി തള്ളിക്കളയാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ അപ്പീൽ തള്ളിക്കളയുന്നതിനുമുമ്പായി, കോടതിയ്ക്ക് കേസ്സിന്റെ റിക്കാർഡിന് ആവശ്യപ്പെടാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ അപ്പീൽ തള്ളിക്കളയുന്ന അപ്പീൽകോടതി സെഷൻസ്കോടതിയോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റെ കോടതിയോ ആയിരിക്കുന്നിടത്ത്, അത്, അപ്രകാരം ചെയ്യുന്നതിന് അതിനുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതാകുന്നു.

(4) 383-ാം വകുപ്പിൻകീഴിൽ ബോധിപ്പിച്ച ഒരു അപ്പീൽ, ഈ വകുപ്പിൻകീഴിൽ സമ്മറിയായി തള്ളിക്കളഞ്ഞിരിക്കുകയും, അതേ അപ്പീൽ വാദിക്കുവേണ്ടി 382-ാം വകുപ്പിൻകീഴിൽ മുറപ്രകാരം ബോധിപ്പിച്ച മററൊരു അപ്പീൽ ഹർജ്ജി അപ്പീൽക്കോടതി പരിഗണിച്ചിട്ടില്ലെന്ന് അതു കാണുകയും ചെയ്യുന്നിടത്ത്, 393-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള അപ്പീൽ നിയമമനുസരിച്ച് കേൾക്കുകയും തീർപ്പാക്കുകയും ചെയ്യുന്നത് നീതിയുടെ താൽപര്യത്തിന് ആവശ്യകമാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ ആ കോടതിക്ക് അപ്രകാരം ചെയ്യാവുന്നതാണ്.

385. സമ്മറിയായി തള്ളിക്കളയാത്ത അപ്പീലുകൾ കേൾക്കാനുള്ള നടപടിക്രമം.—(1) അപ്പീൽക്കോടതി അപ്പീൽ സമ്മറിയായി തള്ളിക്കളയുന്നില്ലെങ്കിൽ അങ്ങനെയുള്ള അപ്പീൽ കേൾക്കുന്ന സമയത്തേയും സ്ഥലത്തേയുംക്കുറിച്ചുള്ള നോട്ടീസ്,

(i) അപ്പീൽ വാദിക്കും അല്ലെങ്കിൽ അയാളുടെ വക്കീലിനും ;

(ii) സ്റ്റേററ് ഗവൺമെൻറ് ഇതിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥനും ;

(iii) അപ്പീൽ, പരാതിയിൻമേൽ ആരംഭിക്കപ്പെട്ട കേസ്സിൽ കുററസ്ഥാപനം ചെയ്തുകൊണ്ടുള്ള വിധിന്യായത്തിൽ നിന്നാണെങ്കിൽ, പരാതിക്കാരനും ;

(iv) അപ്പീൽ 377-ാം വകുപ്പിനോ 378-ാം വകുപ്പിനോ കീഴിലാണെങ്കിൽ, പ്രതിക്കും,

കൊടുപ്പിക്കേണ്ടതും, കൂടാതെ അങ്ങനെയുള്ള ഉദ്യോഗസ്ഥനും പരാതിക്കാരനും പ്രതിക്കും അപ്പീലിന്റെ കാരണങ്ങളുടെ പകർപ്പ് നല്കേണ്ടതുമാകുന്നു.

(2) അപ്പീൽക്കോടതി പിന്നീട് ആ കേസ്സിന്റെ റിക്കാർഡുകൾ, ആ കോടതിയിൽ മുമ്പേ ലഭ്യമല്ലെങ്കിൽ അവയ്ക്ക് ആവശ്യപ്പെടേണ്ടതും കക്ഷികൾക്ക് പറയാനുള്ളത് കേൾക്കേണ്ടതുമാകുന്നു :

എന്നാൽ, അപ്പീൽ ശിക്ഷാവിധിയുടെ വ്യാപ്തിയേയോ നിയമസാധുതയേയോ സംബന്ധിച്ചു മാത്രമുള്ളതാണെങ്കിൽ, കോടതിക്ക്, റിക്കാർഡിന് ആവശ്യപ്പെടാതെ അപ്പീൽ തീർപ്പാക്കാവുന്നതാണ്.

(3) കുററസ്ഥാപനത്തിൽനിന്നുള്ള അപ്പീലിന്റെ ഏക കാരണം ശിക്ഷാവിധിയുടെ, ആരോപിക്കപ്പെട്ട തീവ്രതയാണെങ്കിൽ, കോടതിയുടെ അനുമതിയോടുകൂടിയല്ലാതെ അപ്പീൽവാദി മറേറതെങ്കിലും കാരണം ഉന്നയിക്കാനോ അതിനു താങ്ങായി അയാൾ പറയാനുള്ളത് കേൾക്കാനോ പാടുള്ളതല്ല.

386. അപ്പീൽക്കോടതിയുടെ അധികാരങ്ങൾ.—അങ്ങനെയുള്ള റിക്കാർഡുകൾ വായിച്ചുനോക്കുകയും, അപ്പീൽ വാദിയോ അയാളുടെ വക്കീലോ ഹാജരാവുകയാണെങ്കിൽ അയാൾക്കും, പബ്ലിക് പ്രാസിക്യൂട്ടർ ഹാജരാവുകയാണെങ്കിൽ അയാൾക്കും, 377-ാം വകുപ്പിനോ 378-ാം വകുപ്പിനോ കീഴിലുള്ള അപ്പീലിന്റെ സംഗതിയിൽ, പ്രതി ഹാജരാവുകയാണെങ്കിൽ അയാൾക്കും, പറയാനുള്ളത് കേൾക്കുകയും ചെയ്തതിനുശേഷം, ഇടപെടാൻ മതിയായ കാരണമില്ലെന്ന് കരുതുന്നുവെങ്കിൽ അപ്പീൽക്കോടതിക്ക് അപ്പീൽ തള്ളിക്കളയാവുന്നതോ ; അല്ലെങ്കിൽ

(ക) കുററവിമുക്തമാക്കൽ ഉത്തരവിൽനിന്നുള്ള അപ്പീലിൽ അങ്ങനെയുള്ള ഉത്തരവ് മറിച്ചുവിധിക്കുകയും തുടർന്നുള്ള അന്വേഷണവിചാരണ നടത്തണമെന്നോ പ്രതിയെ, അതതുസംഗതിപോലെ, വിചാരണചെയ്യുകയോ വിചാരണയ്ക്ക് കമ്മിററ്ചെയ്യുകയോ ചെയ്യണമെന്നോ നിർദേശിക്കുകയും ചെയ്യാവുന്നതോ അല്ലെങ്കിൽ അയാൾ അപരാധിയാണെന്നു കാണുകയും അയാൾക്ക് നിയമമനുസരിച്ച് ശിക്ഷ വിധിക്കുകയും ചെയ്യാവുന്നതോ ;

(ഖ) കുററസ്ഥാപനത്തിൽനിന്നുള്ള അപ്പീലിൽ—

(i) തീർപ്പും ശിക്ഷാവിധിയും മറിച്ചു വിധിക്കുകയും പ്രതിയെ കുററവിമുക്തനാക്കുകയോ ഡിസ്ചാർജ് ചെയ്യുകയോ ചെയ്യുകയും, അല്ലെങ്കിൽ അങ്ങനെയുള്ള അപ്പീൽക്കോടതിയുടെ കീഴിലുള്ള അധികാരിതാക്ഷമതയുള്ള ഒരു കോടതി അയാളെ വീണ്ടും വിചാരണചെയ്യുകയോ വിചാരണയ്ക്കു കമ്മിററ്ചെയ്യുകയോ ചെയ്യണമെന്ന് ഉത്തരവു ചെയ്യുകയും ചെയ്യാവുന്നതോ ; അല്ലെങ്കിൽ

(ii) ശിക്ഷാവിധി നിലനിറുത്തിക്കൊണ്ട് തീർപ്പ് ഭേദപ്പെടുത്താവുന്നതോ ; അല്ലെങ്കിൽ

(iii) തീർപ്പ് ഭേദപ്പെടുത്തിക്കൊണ്ടോ ഭേദപ്പെടുത്താതെയോ, എന്നാൽ വർധിപ്പിച്ച ശിക്ഷാവിധിക്കാതെ ശിക്ഷാവിധിയുടെ സ്വഭാവമോ വ്യാപ്തിയോ അല്ലെങ്കിൽ സ്വഭാവവും വ്യാപ്തിയും ഭേദപ്പെടുത്തുകയോ, ചെയ്യാവുന്നതോ ;

(ഗ) വർദ്ധിപ്പിച്ച ശിക്ഷ വിധിക്കലിനുള്ള അപ്പീലിൽ—

(i) തീർപ്പും ശിക്ഷാവിധിയും മറിച്ചു വിധിക്കുകയും, പ്രതിയെ കുററവിമുക്തനാക്കുകയോ ഡിസ്ചാർജ് ചെയ്യുകയോ ചെയ്യുകയും, അല്ലെങ്കിൽ ആ കുററം വിചാരണചെയ്യാൻ ക്ഷമതയുള്ള കോടതി അയാളെ വീണ്ടും വിചാരണ ചെയ്യണമെന്ന് ഉത്താവു ചെയ്യുകയും ചെയ്യാവുന്നതോ, അല്ലെങ്കിൽ

(ii) ശിക്ഷാവിധി നിലനിറുത്തിക്കൊണ്ട് തീർപ്പ് ഭേദപ്പെടുത്താവുന്നതോ, അല്ലെങ്കിൽ

(iii) തീർപ്പ് ഭേദപ്പെടുത്തിക്കൊണ്ടോ ഭേദപ്പെടുത്താതെയോ വർദ്ധിപ്പിച്ച ശിക്ഷ വിധിക്കുകയോ കുറച്ച ശിക്ഷ വിധിക്കുകയോ ചെയ്യത്തക്കവണ്ണം ശിക്ഷാവിധിയുടെ സ്വഭാവമോ വ്യാപ്തിയോ അല്ലെങ്കിൽ സ്വഭാവവും വ്യാപ്തിയും ഭേദപ്പെടുത്താവുന്നതോ ;

(ഘ) മറേറതെങ്കിലും ഉത്തരവിൽനിന്നുള്ള അപ്പീലിൽ, അങ്ങനെയുള്ള ഉത്തരവു ഭേദപ്പെടുത്തുകയോ മറിച്ച് വിധിക്കുകയോ ചെയ്യാവുന്നതോ ;

(ങ) നീതിപൂർവ്വകവും ശരിയായതുമായ ഏതെങ്കിലും ഭേദഗതി ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ളതും അനന്തരഫലമായുള്ളതോ ആനുഷംഗികമായതോ ആയതുമായ ഏതെങ്കിലും ഉത്തരവുചെയ്യുകയോ ചെയ്യാവുന്നതോ,

ആകുന്നു :

എന്നാൽ, വർദ്ധിപ്പിച്ച ശിക്ഷ വിധിക്കലിനെതിരായി കാരണം കാണിക്കുവാൻ പ്രതിക്ക് അവസരം ലഭിച്ചിട്ടില്ലാത്തപക്ഷം അങ്ങനെ ശിക്ഷ വർദ്ധിപ്പിച്ചു വിധിക്കുവാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല. അപ്പീൽക്കോടതി, പ്രതി, അതിന്റെ അഭിപ്രായത്തിൽ ചെയ്തിട്ടുള്ള കുററത്തിന്, അതിന് അപ്പീലിലുള്ള ഉത്തരവോ ശിക്ഷാവിധിയോ പാസ്സാക്കിയ കോടതിയ്ക്ക് ചുമത്താമായിരുന്നതിലും വലുതായ ശിക്ഷ ചുമത്താൻ പാടുള്ളതല്ല.

387. <u>കീഴ് അപ്പീൽക്കോടതിയുടെ വിധിന്യായങ്ങൾ.</u>—ആദ്യാധികാരിതയുള്ള ക്രിമിനൽ കോടതിയുടെ വിധിന്യായം സംബന്ധിച്ച് XXVII-ാം അദ്ധ്യായത്തിൽ അടങ്ങിയ ചട്ടങ്ങൾ, പ്രായോഗികമാകുന്നിടത്തോളം, സെഷൻസ് കോടതിയുടേയോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്റേയോ അപ്പീൽ വിധിന്യായത്തിന് ബാധകമാകുന്നതാണ് :

എന്നാൽ, അപ്പീൽക്കോടതി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, വിധി പ്രസ്താവിക്കുന്നത് കേൾക്കുവാൻ പ്രതി, കൊണ്ടുവരപ്പെടുകയോ അയാളോട് ഹാജരാകാൻ ആവശ്യപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

388. <u>അപ്പീലിൻമേലുള്ള ഹൈക്കോടതിയുടെ ഉത്തരവ് കീഴ്ക്കോടതിക്ക് സർട്ടിഫൈ ചെയ്തു കൊടുക്കണമെന്ന്.</u>—(1) ഹൈക്കോടതി, ഒരു കേസ് ഈ അദ്ധ്യായത്തിൻകീഴിൽ അപ്പീലിൽ തീരുമാനിക്കുമ്പോഴെല്ലാം, അത് അതിന്റെ വിധിന്യായമോ ഉത്തരവോ, അപ്പീൽ കൊടുക്കപ്പെട്ട തീർപ്പോ, ശിക്ഷാവിധിയോ ഉത്തരവോ റിക്കാർഡ്ചെയ്തതോ പാസ്സാക്കിയതോ ആയ കോടതിക്ക് സർട്ടിഫൈചെയ്തു കൊടുക്കേണ്ടതും, അങ്ങനെയുള്ള കോടതി ചീഫ് ജുഡീഷ്യൽ മജിസ്ട്രേററല്ലാത്ത ജുഡീഷ്യൽ മജിസ്ട്രേററിന്റേതാണെങ്കിൽ, ഹൈക്കോടതിയുടെ വിധിന്യായമോ ഉത്തരവോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ്വഴി അയക്കേണ്ടതും, അങ്ങനെയുള്ള കോടതി എക്സിക്യൂട്ടീവ് മജിസ്ട്രേററിന്റെ കോടതിയാണെങ്കിൽ, ഹൈക്കോടതിയുടെ വിധിന്യായമോ ഉത്തരവോ ഡിസ്ട്രിക്ററ് മജിസ്ട്രേററ്വഴി അയക്കേണ്ടതും ആകുന്നു.

(2) അതേത്തുടർന്ന് ഏതു കോടതിക്കാണോ ഹൈക്കോടതി അതിന്റെ വിധിന്യായമോ ഉത്തരവോ സർട്ടിഫൈ ചെയ്തു കൊടുക്കുന്നത്, ആ കോടതി, ഹൈക്കോടതിയുടെ വിധിന്യായത്തിനോ ഉത്തരവിനോ അനുരൂപമായ ഉത്തരവുകൾ ചെയ്യേണ്ടതും, ആവശ്യമാണെങ്കിൽ അതനുസരിച്ച് റിക്കാർഡ് ഭേദഗതി ചെയ്യേണ്ടതും ആകുന്നു.

389. അപ്പീൽ നിലവിലിരിക്കുമ്പോൾ ശിക്ഷാവിധി സസ്പെൻഡ് ചെയ്യുന്നത്, അപ്പീൽ വാദിയെ ജാമ്യത്തിൽ വിമോചിപ്പിക്കുന്നത്.—(1) കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആളുടെ ഏതെങ്കിലും അപ്പീൽ നിലവിലിരിക്കുമ്പോൾ, അപ്പീൽ കോടതിക്ക്, അത് ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, അപ്പീൽ കൊടുക്കപ്പെട്ട ശിക്ഷാവിധിയോ ഉത്തരവോ നടപ്പാക്കുന്നത് സസ്പെൻഡ് ചെയ്യണമെന്നും, അയാൾ തടങ്കലിലാണെങ്കിൽ, അയാളെ ജാമ്യത്തിന്മേലോ, സ്വന്തം ബോണ്ടിന്മേലോ വിമോചിപ്പിക്കണമെന്നും ഉത്തരവു ചെയ്യാവുന്നതാണ്.

(2) അപ്പീൽക്കോടതിക്ക് ഈ വകുപ്പ് നല്കുന്ന അധികാരങ്ങൾ ഹൈക്കോടതിയിലെ ഒരു കീഴ്ക്കോടതിയ്ക്ക് കുറ്റസ്ഥാപനം ചെയ്യപ്പെട്ട ആൾ കൊടുക്കുന്ന അപ്പീൽ സംഗതിയിൽ ഹൈക്കോടതിക്കും പ്രയോഗിക്കാവുന്നതാണ്.

(3) കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആൾ, താൻ അപ്പീൽ ബോധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന്, തന്നെ കുറ്റസ്ഥാപനം ചെയ്ത കോടതിയെ ബോദ്ധ്യപ്പെടുത്തുന്നിടത്ത്, ആ കോടതി—

(i) അങ്ങനെയുള്ള ആൾ ജാമ്യത്തിലിരിക്കെ, മൂന്നുവർഷത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടിട്ടുള്ളിടത്തോ;

(ii) അങ്ങനെയുള്ള ആളെ കുറ്റസ്ഥാപനം ചെയ്ത കുറ്റം ജാമ്യം അനുവദിക്കേണ്ടതായിരിക്കുകയും, അയാൾ ജാമ്യത്തിലായിരിക്കുകയും ചെയ്യുന്നിടത്തോ;

കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ആളെ അപ്പീൽ ബോധിപ്പിക്കാനും (1)-ാം ഉപവകുപ്പിൻ കീഴിൽ അപ്പീൽ കോടതിയുടെ ഉത്തരവുകൾ ലഭിക്കാനും മതിയായ സമയം നല്കത്തക്ക കാലത്തേയ്ക്ക് ജാമ്യത്തിൽ വിമോചിപ്പിക്കണമെന്ന്, ജാമ്യം നിരസിക്കാനുള്ള പ്രത്യേക കാരണമില്ലാത്തപക്ഷം, ഉത്തരവു ചെയ്യേണ്ടതും, അയാളെ അങ്ങനെ ജാമ്യത്തിൽ വിമോചിപ്പിച്ചിട്ടുള്ളിടത്തോളം കാലം തടവുശിക്ഷാവിധി സസ്പെൻഡ് ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

(4) അപ്പീൽ വാദിയെ ഒടുവിൽ ഒരു കാലാവധിക്കുള്ള തടവുശിക്ഷയ്ക്കോ ജീവപര്യന്തത്തടവുശിക്ഷയ്ക്കോ വിധിക്കുമ്പോൾ, അയാളെ അങ്ങനെ വിമോചിപ്പിച്ചിട്ടുള്ളത്ര സമയം, അയാൾക്ക് വിധിച്ചിട്ടുള്ള ശിക്ഷയുടെ കാലാവധി കണക്കാക്കുന്നതിൽ ഒഴിച്ചു നിറുത്തപ്പെടുന്നതാകുന്നു.

390. കുറ്റവിമുക്തമാക്കലിൽ നിന്നുള്ള അപ്പീലിൽ പ്രതിയുടെ അറസ്റ്റ്.— 378-ാം വകുപ്പിൻ കീഴിൽ അപ്പീൽ ബോധിപ്പിക്കപ്പെടുമ്പോൾ, ഹൈക്കോടതിക്ക്, പ്രതിയെ അറസ്റ്റ് ചെയ്യുകയും അതിന്റെയോ ഏതെങ്കിലും കീഴ്ക്കോടതിയുടെയോ മുമ്പാകെ കൊണ്ടുവരുകയും ചെയ്യാൻ നിർദ്ദേശിച്ചുകൊണ്ടുള്ള വാറന്റ് പുറപ്പെടുവിക്കാവുന്നതും, ഏതു കോടതിയുടെ മുമ്പാകെയാണോ അയാൾ കൊണ്ടുവരപ്പെടുന്നത്, ആ കോടതിക്ക് അയാളെ, അപ്പീൽ തീർപ്പാക്കുന്നതുവരെ കാരാഗൃഹത്തിലേക്ക് കമ്മിറ്റ് ചെയ്യുകയോ അയാൾക്ക് ജാമ്യം അനുവദിക്കുകയോ ചെയ്യാവുന്നതുമാണ്.

391. അപ്പീൽ കോടതിക്ക് കൂടുതൽ തെളിവ് എടുക്കുകയോ എടുക്കാൻ നിദേശിക്കുകയോ ചെയ്യാമെന്ന്.— (1) ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും അപ്പീൽ കൈകാര്യം ചെയ്യുന്നതിൽ, കൂടുതൽ തെളിവ് ആവശ്യകമാണെന്ന് കരുതുന്നുവെങ്കിൽ, അപ്പീൽക്കോടതി അതിനുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതും, അതിന് അങ്ങനെയുള്ള തെളിവ് സ്വയം എടുക്കുകയോ ഒരു മജിസ്ട്രേറ്റോ അപ്പീൽക്കോടതി ഹൈക്കോടതിയാണെങ്കിൽ, സെഷൻസ് കോടതിയോ മജിസ്ട്രേറ്റോ എടുക്കണമെന്ന് നിദേശിക്കുകയോ ചെയ്യാവുന്നതും ആണ്.

(2) കൂടുതൽ തെളിവ് സെഷൻസ്കോടതിയോ മജിസ്ട്രേറ്റോ എടുക്കുമ്പോൾ, അതോ അദ്ദേഹമോ അങ്ങനെയുള്ള തെളിവ്, അപ്പീൽക്കോടതിക്കു സർട്ടിഫൈ ചെയ്തുകൊടുക്കേണ്ടതും, അതോടെ അങ്ങനെയുള്ള കോടതി അപ്പീൽ തുടർന്നു തീർപ്പാക്കേണ്ടതുമാകുന്നു.

(3) കൂടുതൽ തെളിവ് എടുക്കപ്പെടുമ്പോൾ പ്രതിക്കോ അയാളുടെ വക്കീലിനോ സന്നിഹിതനാകാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

(4) ഈ വകുപ്പിൻ കീഴിലുള്ള തെളിവ് എടുക്കൽ, അത് ഒരു അന്വേഷണ വിചാരണയായിരുന്നാലെന്നപോലെ XXIII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്.

392. അപ്പീൽക്കോടതിയിലെ ജഡ്ജിമാർ അഭിപ്രായത്തിൽ തുല്യമായി പിരിയുന്നിടത്തുള്ള നടപടിക്രമം.— ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഒരു അപ്പീൽ, ഹൈക്കോടതി ജഡ്ജിമാരുടെ ഒരു ബെഞ്ച് മുമ്പാകെയായി കേൾക്കുകയും, അവർ ഭിന്നാഭിപ്രായക്കാരായിരിക്കുകയും ചെയ്യുമ്പോൾ, അപ്പീൽ, അവരുടെ അഭിപ്രായങ്ങളോടുകൂടി, ആ കോടതിയിലെ മറ്റൊരു ജഡ്ജി മുമ്പാകെ വയ്ക്കേണ്ടതും, ആ ജഡ്ജി, അദ്ദേഹത്തിന് യുക്തമെന്നുതോന്നുന്ന ഹിയറിങ്ങിന് ശേഷം, തന്റെ അഭിപ്രായം പ്രസ്താവിക്കേണ്ടതും, വിധിന്യായമോ ഉത്തരവോ ആ അഭിപ്രായത്തെ അനുവർത്തിക്കേണ്ടതും ആകുന്നു :

എന്നാൽ, ബെഞ്ചിലെ ജഡ്ജിമാരിൽ ഒരാളോ, അല്ലെങ്കിൽ അപ്പീൽ ഈ വകുപ്പിൻ കീഴിൽ മറ്റൊരു ജഡ്ജിയുടെ മുമ്പാകെ വയ്ക്കുന്നിടത്ത്, ആ ജഡ്ജിയോ, അപ്പീൽ കൂടുതൽ ജഡ്ജിമാരുടെ ഒരു ബെഞ്ച് വീണ്ടും കേൾക്കുകയും തീരുമാനിക്കുകയും ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടുന്നുവെങ്കിൽ അപ്രകാരം ചെയ്യേണ്ടതാകുന്നു.

393. അപ്പീലിൻ മേലുള്ള വിധിന്യായങ്ങളുടേയോ ഉത്തരവുകളുടേയോ അന്തിമത്വം.— അപ്പീലിൻമേൽ അപ്പീൽക്കോടതി പാസ്സാക്കുന്ന വിധിന്യായങ്ങളും ഉത്തരവുകളും, 377-ാം വകുപ്പിലോ, 378-ാം വകുപ്പിലോ, 384-ാം വകുപ്പ് (4)-ാം ഉപവകുപ്പിലോ XXX-ാം അദ്ധ്യായത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ അന്തിമമായിരിക്കുന്നതാണ്:

എന്നാൽ ഏതെങ്കിലും കേസ്സിലെ കുററസ്ഥാപനത്തിനെതിരായുള്ള അപ്പീൽ അന്തിമമായി തീർപ്പാക്കിയിരുന്നാലും അപ്പീൽക്കോടതിക്ക്—

(ക) അതേ കേസ്സിൽ നിന്നുദ്ഭവിക്കുന്ന കുററവിമുക്തമാക്കലിനെതിരായി 378-ാം വകുപ്പിൻ കീഴിലുള്ള അപ്പീലോ, അല്ലെങ്കിൽ

(ഖ) അതേ കേസ്സിൽ നിന്ന് ഉദ്ഭവിക്കുന്ന വർദ്ധിപ്പിച്ച ശിക്ഷ വിധിക്കലിനുള്ള 377-ാം വകുപ്പിൻ കീഴിലെ അപ്പീലോ, കേൾക്കുകയും, ഗുണാഗുണങ്ങളിൻമേൽ തീർപ്പാക്കുകയും ചെയ്യാവുന്നതാണ്.

394. അപ്പീലുകളുടെ ഉപശമനം .— (1) 377-ാം വകുപ്പിനോ 378-ാം വകുപ്പിനോ കീഴിലുള്ള ഏതൊരപ്പീലും പ്രതിയുടെ മരണത്തോടെ അന്തിമമായി ഉപശമിക്കുന്നതാകുന്നു.

(2) ഈ അദ്ധ്യായത്തിൻ കീഴിലുള്ള മറേറതൊരപ്പീലും (പിഴശിക്ഷയിൽ നിന്നുള്ള ഒരു അപ്പീൽ ഒഴികെ) അപ്പീൽ വാദിയുടെ മരണത്തോടെ അന്തിമമായി ഉപശമിക്കുന്നതാകുന്നു :

എന്നാൽ അപ്പീൽ മരണശിക്ഷയ്ക്കോ തടവുശിക്ഷയ്ക്കോ ഉള്ള കുററസ്ഥാപനത്തിനും ശിക്ഷാവിധിക്കും എതിരായിട്ടായിരിക്കുകയും, അപ്പീൽ വാദി അപ്പീൽ നിലവിലിരിക്കുമ്പോൾ മരിക്കുകയും ചെയ്യുന്നിടത്ത്, അയാളുടെ അടുത്ത ചാർച്ചക്കാരിൽ ആർക്കെങ്കിലും അപ്പീൽ വാദിയുടെ മരണത്തിന്റെ മുപ്പതു ദിവസത്തിനകം അപ്പീൽ തുടരുവാൻ അനുമതിയ്ക്ക് അപ്പീൽ കോടതിയോട് അപേക്ഷിക്കാവുന്നതും, അനുമതി നല്കുന്നുവെങ്കിൽ അപ്പീൽ ഉപശമിക്കുന്നതല്ലാത്തതും ആണ്.

വിശദീകരണം .— ഈ വകുപ്പിൽ "അടുത്ത ചാർച്ചക്കാരൻ" എന്നാൽ മാതാപിതാക്കളിൽ ആരെങ്കിലുമോ ഭാര്യാഭർത്താക്കൻമാരിൽ ആരെങ്കിലുമോഅവരോഹണ പരമ്പരയിലെ സന്തതിയോ, സഹോദരനോ സഹോദരിയോ എന്ന് അർത്ഥമാകുന്നു.

## അദ്ധ്യായം XXX

## റഫറൻസും റിവിഷനും

395. ഹൈക്കോടതിയ്ക്കുള്ള റഫറൻസ്.—(1) ഏതെങ്കിലും കോടതിക്ക്, അതിന്റെ മുമ്പാകെ നിലവിലിരിക്കുന്ന കേസ്സ്, ഏതെങ്കിലും ആക്ററിന്റെയോ, ഓർഡിനൻസിന്റേയോ റഗുലേഷന്റേയോ അല്ലെങ്കിൽ ആക്ററിലോ, ആർഡിനൻസിലോ, റഗുലേഷനിലോ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥയുടേയോ സാധുതയെ സംബന്ധിച്ചതും, ഏതിന്റെ തീരുമാനമാണോ കേസ്സ് തീർപ്പാക്കുന്നതിന്ന് ആവശ്യമായിട്ടുള്ളത്, അങ്ങനെയുള്ളതുമായ ഒരു പ്രശ്നം ഉൾക്കൊള്ളുന്നതാണെന്ന് ബോദ്ധ്യപ്പെടുകയും, അങ്ങനെയുള്ള ആക്ററോ ഓർഡിനൻസോ, റഗുലേഷനോ വ്യവസ്ഥയോ അസാധുവാണെന്നോ പ്രവർത്തനശൂന്യമാണെന്നോ അഭിപ്രായമുണ്ടായിരിക്കുകയും, എന്നാൽ അത് അങ്ങനെയുള്ളതാണെന്ന്, ആ കോടതി ഏതു ഹൈക്കോടതിക്ക് കീഴിലാണോ, ആ ഹൈക്കോടതിയോ സുപ്രീം കോടതിയോ പ്രഖ്യാപിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, ആ കോടതി അതിന്റെ അഭിപ്രായവും അതിനുള്ള കാരണങ്ങളും കാണിച്ചുകൊണ്ട് ഒരു വസ്തുതാവിവരണം തയ്യാറാക്കുകയും, അത് ഹൈക്കോടതിയുടെ തീരുമാനത്തിന് റഫർ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

വിശദീകരണം :—ഈ വകുപ്പിൽ "റഗുലേഷൻ" എന്നാൽ സാമാന്യഖണ്ഡങ്ങൾ ആക്ററ്, 1897-ലോ അല്ലെങ്കിൽ ഒരു സ്റേററിലെ സാമാന്യഖണ്ഡങ്ങൾ ആക്ററിലോ നിർവ്വചിച്ച ഏതെങ്കിലും റഗുലേഷൻ എന്നർത്ഥമാകുന്നു.

(2) ഒരു സെഷൻസ്കോടതിക്കോ മഹാനഗര മജിസ്ട്രേററിനോ, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അതിന്റേയോ അദ്ദേഹത്തിന്റെയോ മുമ്പാകെ നിലവിലിരിക്കുന്നതും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകാത്തതും ആയ ഏതെങ്കിലും കേസ്സിൽ, അതിനോ അദ്ദേഹത്തിനോ, അങ്ങനെയുള്ള കേസ് കേൾക്കുമ്പോൾ ഉദ്ഭവിക്കുന്ന ഏതെങ്കിലും നിയമപ്രശ്നം, ഹൈക്കോടതിയുടെ തീരുമാനത്തിന് റഫർ ചെയ്യാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ ഹൈക്കോടതിക്ക് റഫർ ചെയ്യുന്ന ഏതെങ്കിലും കോടതിയ്ക്ക്, അതിൻമേലുള്ള ഹൈക്കോടതിയുടെ തീരുമാനംവരെ പ്രതിയെ ജയിലിലേക്ക് കമ്മിററ് ചെയ്യുകയോ അല്ലെങ്കിൽ ആവശ്യപ്പെടുമ്പോൾ ഹാജരാകാനുള്ള ജാമ്യത്തിൻമേൽ വിമോചിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

396. ഹൈക്കോടതിയുടെ തീരുമാനമനുസരിച്ച് കേസ്സ് തീർപ്പാക്കൽ.— (1) ഒരു പ്രശ്നം അപ്രകാരം റഫർ ചെയ്യപ്പെട്ടിട്ടുള്ളപ്പോൾ, ഹൈക്കോടതി, അതിൻമേൽ യുക്തമെന്നു തോന്നുന്ന ഉത്തരവ് പാസ്സാക്കുകയും, അങ്ങനെയുള്ള ഉത്തരവിന്റെ പകർപ്പ്, റഫർ ചെയ്ത കോടതിയ്ക്ക് അയപ്പിക്കുകയും ആ കോടതി കേസ് മേല്പറഞ്ഞ ഉത്തരവിന് അനുരൂപമായി തീർപ്പാക്കുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള റഫറൻസിന്റെ കോടതിച്ചെലവ് കൊടുക്കേണ്ടത് ആരാണെന്ന് ഹൈക്കോടതിയ്ക്ക് നിദ്ദേശിക്കാവുന്നതാണ്.

397. റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കാനായി റിക്കാർഡുകൾ ആവശ്യപ്പെടുന്നത്.- (1) ഹൈക്കോടതിക്കോ ഏതെങ്കിലും സെഷൻസ് ജഡ്ജിയ്ക്കോ, അതിന്റെയോ അദ്ദേഹത്തിന്റെയോ തദ്ദേശാധികാരിതക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും താഴ്ന്ന ക്രിമിനൽ കോടതി മുമ്പാകെയുള്ള ഏതെങ്കിലും നടപടിയുടെ റിക്കാർഡ്, റിക്കാർഡാക്കപ്പെട്ടതോ പാസ്സാക്കപ്പെട്ടതോ ആയ ഏതെങ്കിലും തീർപ്പോ ശിക്ഷാവിധിയോ ഉത്തരവോ, ശരിയായതോ, നിയമസാധുതയുള്ളതോ, സമുചിതമായതോ ആണോ എന്നതു സംബന്ധിച്ചും അങ്ങനെയുള്ള താഴ്ന്ന കോടതിയുടെ ഏതെങ്കിലും നടപടി ക്രമമായതാണോ എന്നതു സംബന്ധിച്ചും സ്വയം ബോദ്ധ്യപ്പെടാൻവേണ്ടി, ആവശ്യപ്പെടുകയും പരിശോധിക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള റിക്കാർഡ് ആവശ്യപ്പെടുമ്പോൾ ഏതെങ്കിലും ശിക്ഷാവിധിയോ ഉത്തരവോ നടപ്പാക്കുന്നത് സസ്പെൻഡ് ചെയ്യാനും, പ്രതി തടങ്കലിലാണെങ്കിൽ റിക്കാർഡ് പരിശോധിക്കുന്നതുവരെ അയാളെ ജാമ്യത്തിൻമേലോ അയാളുടെ സ്വന്തം ബോണ്ടിൻമേലോ വിമോചിപ്പിക്കുവാനും നിദ്ദേശിക്കാവുന്നതാണ്.

വിശദീകരണം.—എല്ലാ മജിസ്ട്രേററുമാരും, എക്സിക്യൂട്ടീവോ ജുഡീഷ്യലോ ആയാലും, ആദ്യാധികാരിതയോ, അപ്പീലധികാരിതയോ പ്രയോഗിക്കുന്നവരായാലും, ഈ വകുപ്പിന്റെയും 398-ാം വകുപ്പിന്റെയും ആവശ്യങ്ങൾക്ക് സെഷൻസ് ജഡ്ജിയിലും താഴ്ന്നതായി കരുതപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പ് നല്കുന്ന റിവിഷൻ അധികാരങ്ങൾ, ഏതെങ്കിലും അപ്പീലിലോ, അന്വേഷണത്തിലോ, വിചാരണയിലോ, മററു നടപടിയിലോ പാസ്സാക്കുന്ന ഏതെങ്കിലും ഇടക്കാല ഉത്തരവ് സംബന്ധിച്ച് പ്രയോഗിക്കാൻ പാടുള്ളതല്ല.

(3) ഏതെങ്കിലും ആൾ, ഈ വകുപ്പിൻകീഴിൽ ഹൈക്കോടതിക്കോ സെഷൻസ് ജഡ്ജിക്കോ അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിൽ, അതേ ആളുടെ വേറെയുള്ള അപേക്ഷയും ഹൈക്കോടതിയോ സെഷൻസ് ജഡ്ജിയോ സ്വീകരിക്കാൻ പാടുള്ളതല്ല.

398. അന്വേഷണം നടത്താൻ ഉത്തരവ് ചെയ്യാനുള്ള അധികാരം.— 397-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും റിക്കാർഡ് പരിശോധിക്കുന്നതിൻമേലോ, മററു വിധത്തിലോ, ഹൈക്കോടതിക്കോ സെഷൻസ് ജഡ്ജിക്കോ

203-ാം വകുപ്പിനോ 204-ാം വകുപ്പ് (4)-ാം ഉപവകുപ്പിനോ കീഴിൽ തള്ളിക്കളഞ്ഞ ഏതെങ്കിലും പരാതിയെക്കുറിച്ചോ അല്ലെങ്കിൽ കുറ്റത്തിന് കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ളതും, ഡിസ്ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും ആളുടെ കേസ്സിനെക്കുറിച്ചോ തുടർന്നുള്ള അന്വേഷണവിചാരണ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് നേരിട്ടോ അല്ലെങ്കിൽ അദ്ദേഹത്തിന് കീഴിലുള്ള മജിസ്ട്രേറ്റുമാരിൽ ആരെങ്കിലും വഴിയോ നടത്താൻ നിദേശിക്കാവുന്നതും, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് അത് നേരിട്ട് നടത്തുകയോ ഏതെങ്കിലും കീഴ് മജിസ്ട്രേറ്റിനെ നടത്താൻ നിദേശിക്കുകയോ ചെയ്യാവുന്നതും ആകുന്നു:

എന്നാൽ ഡിസ്ചാർജ്ജു ചെയ്യപ്പെട്ട ഏതെങ്കിലും ആളുടെ കേസ്സിനെക്കുറിച്ച് അന്വേഷണവിചാരണ നടത്തുവാൻ, ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും നിദേശം, അങ്ങനെയുള്ള നിദേശം നല്കാതിരിക്കുന്നതിന് കാരണം കാണിക്കുവാൻ അങ്ങനെയുള്ള ആൾക്ക് അവസരം ലഭിച്ചിട്ടില്ലാത്തപക്ഷം, നല്കാൻ പാടുള്ളതല്ല.

399. സെഷൻസ് ജഡ്ജിയുടെ റിവിഷൻ അധികാരങ്ങൾ.—(1) സെഷൻസ് ജഡ്ജിക്ക്, ഏതൊരു നടപടിയുടെ റിക്കാർഡാണോ താൻതന്നെ ആവശ്യപ്പെട്ടിട്ടുള്ളത്, ആ നടപടിയുടെ സംഗതിയിൽ 401-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഹൈക്കോടതിയ്ക്ക് പ്രയോഗിക്കാവുന്ന എല്ലാം അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ പ്രയോഗിക്കാവുന്നതാണ്.

(2) ഏതെങ്കിലും നടപടി റിവിഷനായി (1)-ാം ഉപവകുപ്പിൻകീഴിൽ സെഷൻസ് ജഡ്ജിയുടെ മുമ്പാകെ ആരംഭിക്കുന്നിടത്ത്, 401-ാം വകുപ്പ് (2)-ം, (3)-ം (4)-ം (5)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ആകുന്നത്ര അങ്ങനെയുള്ള നടപടിയ്ക്ക് ബാധകമാകുന്നതും, മേല്പറഞ്ഞ ഉപവകുപ്പുകളിലെ ഹൈക്കോടതിയെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് സെഷൻസ് ജഡ്ജിയെക്കുറിച്ചുള്ള പരാമർശങ്ങളായി അർത്ഥം കല്പ്പിക്കപ്പെടുന്നതും ആകുന്നു.

(3) ഏതെങ്കിലും ആളോ ആൾക്ക് വേണ്ടിയോ റിവിഷനുള്ള ഏതെങ്കിലും അപേക്ഷ, സെഷൻസ്ജഡ്ജിയുടെ മുമ്പാകെ കൊടുക്കുന്നിടത്ത്, അങ്ങനെയുള്ള ആളെ സംബന്ധിച്ച് അതിൻമേലുള്ള സെഷൻസ് ജഡ്ജിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും, അങ്ങനെയുള്ള ആളുടെ അർത്ഥനയിന്മേൽ റിവിഷനായി വീണ്ടുമുള്ള യാതൊരു നടപടിയും ഹൈക്കോടതിയോ മറ്റേതെങ്കിലും കോടതിയോ സ്വീകരിക്കാൻ പാടില്ലാത്തതും ആകുന്നു.

400. അഡീഷണൽ സെഷൻസ് ജഡ്ജിയുടെ അധികാരം.—സെഷൻസ് ജഡ്ജിയുടെ ഏതെങ്കിലും സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴിയോ ഉത്തരവിൻകീഴിലോ അഡീഷണൽ സെഷൻസ്ജഡ്ജിയ്ക്ക് മാറ്റുന്ന ഏതെങ്കിലും കേസ്സ് സംബന്ധിച്ച് അദ്ദേഹത്തിന് ഈ അദ്ധ്യായത്തിൻകീഴിൽ സെഷൻസ് ജഡ്ജിയ്ക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും പ്രയോഗിക്കാവുന്നതും ആണ്.

401. ഹൈക്കോടതിയുടെ റിവിഷൻ അധികാരങ്ങൾ.—(1) ഹൈക്കോടതിയ്ക്ക് ഏതൊരു നടപടിയുടെ റിക്കാർഡാണോ അതുതന്നെ ആവശ്യപ്പെട്ടിട്ടുള്ളത്, ആ നടപടിയുടേയോ, അല്ലെങ്കിൽ മറ്റുവിധത്തിൽ അതിന്റെ അറിവിൽ വരുന്ന നടപടിയുടേയോ സംഗതിയിൽ, സ്വവിവേകം ഉപയോഗിച്ച്, 386-ം, 380-ം, 390-ം, 391-ം വകുപ്പുകൾ അപ്പീൽക്കോടതിക്കോ അല്ലെങ്കിൽ 307-ാം വകുപ്പ് സെഷൻസുകോടതിക്കോ നല്കുന്ന അധികാരങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കാവുന്നതും റിവിഷൻ കോടതിയായി കൂടുന്ന ജഡ്ജിമാർ അഭിപ്രായത്തിൽ തുല്യമായി പിരിയുമ്പോൾ, കേസ്സ് 392-ാം വകുപ്പ് വ്യവസ്ഥചെയ്യുന്ന രീതിയിൽ തീർപ്പാക്കേണ്ടതുമാകുന്നു.

(2) പ്രതിയ്ക്കോ മററാൾക്കോ തന്റെ സ്വന്തം പ്രതിവാദത്തിൽ പറയുവാനുള്ളത് നേരിട്ടോ വക്കീൽ മുഖാന്തരമോ പറയുവാൻ അവസരം ലഭിച്ചിട്ടില്ലാത്തപക്ഷം, അയാൾക്ക് പ്രതികൂലമായി ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും ചെയ്യാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിലെ യാതൊന്നും, ഒരു കുററവിമുക്തമാക്കൽ തീർപ്പ് കുററസ്ഥാപനത്തിനുള്ള ഒന്നായിമാററുമ്പോൾ ഹൈക്കോടതിയ്ക്കു പ്രാധികാരം നല്കുന്നതായി കരുതപ്പെടുന്നതല്ല.

(4) ഈ നിയമസംഹിതയിൻകീഴിൽ അപ്പീൽ ഉണ്ടായിരിക്കുകയും, എന്നാൽ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നിടത്ത്, അപ്പീൽ കൊടുക്കാമായിരുന്ന കക്ഷിയുടെ അർത്ഥനയിൻമേൽ റിവിഷൻ ആയി ഉള്ള യാതൊരപേക്ഷയും സ്വീകരിക്കാൻ പാടുള്ളതല്ല.

(5) ഈ നിയമസംഹിതയിൻകീഴിൽ ഹൈക്കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുകയും, എന്നാൽ ഏതെങ്കിലും ആൾ റിവിഷനുള്ള അപേക്ഷ കൊടുക്കുകയും, അങ്ങനെയുള്ള അപേക്ഷ കൊടുത്തത് ഹൈക്കോടതിയിലേക്ക് അപ്പീലില്ലെന്നുള്ള തെററായ വിശ്വാസത്തിലാണെന്നും റിവിഷനുള്ള അപേക്ഷ അപ്പീലിനുള്ള ഹർജിയായി കണക്കാക്കുകയും അതനുസരിച്ച് അത് കൈകാര്യം ചെയ്യുകയും ചെയ്യുന്നത് നീതിയുടെ താത്പര്യത്തിന് ആവശ്യമാണെന്നും ഹൈക്കോടതിക്ക് ബോദ്ധ്യമാവുകയും ചെയ്യുന്നിടത്ത്, ഹൈക്കോടതിക്ക്, അപ്രകാരം ചെയ്യാവുന്നതാണ്.

402 <u>റിവിഷൻ കേസ്സുകൾ പിൻവലിക്കാനോ മാററുവാനോ ഹൈക്കോടതിയ്ക്കുള്ള അധികാരം</u>.—(1) ഒരേ വിചാരണയിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഒന്നോ അതിലധികമോ ആളുകൾ റിവിഷനു ഹൈക്കോടതിയിലേക്ക് അപേക്ഷ കൊടുക്കുകയും, അതേ വിചാരണയിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള മറേറതെങ്കിലും ആൾ റിവിഷന് സെഷൻസ് ജഡ്ജിയ്ക്ക് അപേക്ഷ കൊടുക്കുകയും ചെയ്യുമ്പോഴെല്ലാം, ഹൈക്കോടതി, കക്ഷികളുടെ സാമാന്യമായ സൗകര്യവും, ഉൾക്കൊള്ളുന്ന പ്രശ്നങ്ങളുടെ പ്രാധാന്യവും പരിഗണിച്ച്, റിവിഷനുള്ള അപേക്ഷകൾ അന്തിമമായി തീർപ്പാക്കേണ്ടത് രണ്ടിലേതു കോടതിയാണെന്ന് തീരുമാനിക്കേണ്ടതും, റിവിഷനുള്ള എല്ലാ അപേക്ഷകളും, ഹൈക്കോടതി തന്നെ തീർപ്പാക്കേണ്ടതാണെന്ന് അതു തീരുമാനിക്കുമ്പോൾ, അത് സെഷൻസ് ജഡ്ജിയുടെ മുമ്പാകെ നിലവിലിരിക്കുന്ന റിവിഷനുള്ള അപേക്ഷകൾ ഹൈക്കോടതിയിലേക്ക് മാറ്റാൻ നിദേശിക്കേണ്ടതും, റിവിഷനുള്ള അപേക്ഷകൾ ഹൈക്കോടതി തീർപ്പാക്കേണ്ട ആവശ്യമില്ലെന്ന് അത് തീരുമാനിക്കുന്നിടത്ത്, അത് അതിനു കൊടുത്ത റിവിഷനുള്ള അപേക്ഷകൾ, സെഷൻസ് ജഡ്ജിയ്ക്ക് മാററുവാൻ നിദേശിക്കേണ്ടതും ആകുന്നു.

(2) റിവിഷനുള്ള ഏതെങ്കിലും അപേക്ഷ ഹൈക്കോടതിയിലേക്ക് മാററുമ്പോഴെല്ലാം, ആ കോടതി അത് അതിന്റെ മുമ്പാകെ മുറപ്രകാരം കൊടുത്ത അപേക്ഷയായിരുന്നാലെന്നപോലെ കൈകാര്യം ചെയ്യേണ്ടതാകുന്നു.

(3) റിവിഷനുള്ള ഏതെങ്കിലും അപേക്ഷ സെഷൻസ് ജഡ്ജിയ്ക്കു മാററുമ്പോഴെല്ലാം, ആ ജഡ്ജി, അതു അദ്ദേഹത്തിന്റെ മുമ്പാകെ മുറപ്രകാരം കൊടുത്ത അപേക്ഷയായിരുന്നാലെന്നപോലെ കൈകാര്യം ചെയ്യേണ്ടതാകുന്നു.

(4) റിവിഷനുള്ള അപേക്ഷ ഹൈക്കോടതി സെഷൻസ് ജഡ്ജിയ്ക്കു മാററുന്നിടത്ത്, ഏത് ആളുടേയോ ആളുകളുടേയോ റിവിഷനുള്ള അപേക്ഷകളാണോ സെഷൻസ് ജഡ്ജി തീർപ്പാക്കിയിട്ടുള്ളത്, ആ ആളുടേയോ ആളുകളു

ഉടമയോ അർത്ഥനയിൻമേൽ റിവിഷനുള്ള യാതൊരപേക്ഷയും ഹൈക്കോടതിയിലേക്കോ മറേറതെങ്കിലും കോടതിയിലേക്കോ ഉണ്ടായിരിക്കുന്നതല്ല.

403 കക്ഷികൾക്കു പറയാനുള്ളത് കോടതി കേൾക്കുന്നത് ഐച്ഛികമാണെന്ന്.—ഈ നിയമസംഹിതയിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, യാതൊരു കക്ഷിക്കും റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുന്ന ഏതെങ്കിലും കോടതിമുമ്പാകെ, നേരിട്ടോ വക്കീൽ മുഖാന്തരമോ പറയാനുള്ളതു പറഞ്ഞുകേൾപ്പിക്കാൻ അവകാശമില്ലാത്തതും ഠ എന്നാൽ കോടതിക്ക്, അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ യുക്തമെന്നു തോന്നുന്നുവെങ്കിൽ, ഏതെങ്കിലും കക്ഷിക്ക് നേരിട്ടോ, വക്കീൽ മുഖാന്തരമോ പറയാനുള്ളതു കേൾക്കാവുന്നതും ആണ്.

404 മഹാനഗര മജിസ്ട്രേററിൻെറ തീരുമാനത്തിൻെറ കാരണങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ സ്റേററ്മെൻറ് ഹൈക്കോടതി പരിഗണിക്കണമെന്ന് ഒരു മഹാനഗര മജിസ്ട്രേററ് നടത്തിയ ഏതെങ്കിലും വിചാരണയുടെ റെക്കാർഡ് 397-ാം വകുപ്പിൻകീഴിൽ ഹൈക്കോടതിയോ സെഷൻസ്കോടതിയോ ആവശ്യപ്പെടുമ്പോൾ, മജിസ്ട്രേററിന് റിക്കാർഡോടൊപ്പം തൻെറ തീരുമാനത്തിൻേറയോ ഉത്തരവിൻേറയോ കാരണങ്ങളും, വിവാദ്യം സംബന്ധിച്ച് സാരമായിട്ടുള്ളതാണെന്ന് താൻ കരുതുന്ന ഏതെങ്കിലും വസ്തുതകളും കാണിച്ചുകൊണ്ടുള്ള ഒരു സ്റേററ്മെൻറ് സമർപ്പിക്കാവുന്നതും, കോടതി മേല്പറഞ്ഞ തീരുമാനമോ ഉത്തരവോ അസ്ഥിരപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിന്നു മുമ്പ്, അങ്ങനെയുള്ള സ്റേററ്മെൻറ് പരിഗണിക്കേണ്ടതും ആകുന്നു.

405 ഹൈക്കോടതിയുടെ ഉത്തരവ് കീഴ്ക്കോടതിക്ക് സർട്ടിഫൈ ചെയ്തുകൊടുക്കണമെന്ന്.—ഒരു കേസ്സ് ഈ അദ്ധ്യായത്തിൻകീഴിൽ ഹൈക്കോടതിയോ സെഷൻസ് ജഡ്ജിയോ റിവൈസ് ചെയ്യുമ്പോൾ, അതോ അദ്ദേഹമോ 388-ാം വകുപ്പിൽ വ്യവസ്ഥചെയ്ത രീതിയിൽ അതിൻെറ തീരുമാനമോ ഉത്തരവോ റിവൈസ് ചെയ്യപ്പെട്ട തീർപ്പോ ശിക്ഷാവിധിയോ ഉത്തരവോ റിക്കാർഡ് ചെയ്യുകയോ പാസ്സാക്കുകയോ ചെയ്ത കോടതിക്ക് സർട്ടിഫൈ ചെയ്തുകൊടുക്കേണ്ടതും, ആ തീരുമാനമോ ഉത്തരവോ, അപ്രകാരം സർട്ടിഫൈ ചെയ്തു കൊടുക്കപ്പെട്ട കോടതി അതോടെ അപ്രകാരം സർട്ടിഫൈചെയ്തു കൊടുക്കുന്ന തീരുമാനത്തിന് അനുരൂപമായ ഉത്തരവുകൾ ചെയ്യേണ്ടതും, ആവശ്യമാണെങ്കിൽ, അതനുസരിച്ച് റിക്കാർഡ് ഭേദഗതി ചെയ്യേണ്ടതും ആകുന്നു.

## അദ്ധ്യായം XXXI

## ക്രിമിനൽ കേസ്സുകൾ മാററുന്നത്

406 കേസ്സുകളും അപ്പീലുകളും മാററുവാൻ സുപ്രീംകോടതിക്കുള്ള അധികാരം.—(1) ഈ വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ്, നീതിയുടെ ലക്ഷ്യങ്ങൾക്കു സമീചീനമാണെന്ന് സുപ്രീംകോടതിക്ക് തോന്നുവാനിടയാകുമ്പോഴെല്ലാം, അതിന് ഏതെങ്കിലും പ്രത്യേക കേസ്സോ അപ്പീലോ, ഒരു ഹൈക്കോടതിയിൽനിന്ന് മറെറാരു ഹൈക്കോടതിയിലേക്കോ അല്ലെങ്കിൽ ഒരു ഹൈക്കോടതിയുടെ കീഴിലുള്ള ഒരു ക്രിമിനൽ കോടതിയിൽനിന്ന് മറെറാരു ഹൈക്കോടതിയുടെ കീഴിലുള്ളതും തുല്യമോ അതിൽ ഉയർന്നതോ ആയ അധികാരിതയുള്ള മറെറാരു ക്രിമിനൽ കോടതിയിലേയ്ക്കോ മാററുവാൻ നിദ്ദേശിക്കാവുന്നതാണ്.

(2) സുപ്രീംകോടതിക്ക്, ഇൻഡ്യയുടെ അറേറാർണിജനറലിൻേറയോ, തത്പരകക്ഷിയുടേയോ അപേക്ഷയിൻമേൽമാത്രം ഈ വകുപ്പിൻകീഴിൽ

പ്രവർത്തിക്കാവുന്നതും, അങ്ങനെയുള്ള ഏതൊരപേക്ഷയും, അപേക്ഷകൻ ഇൻഡ്യയുടെ അററോർണി ജനറലോ സ്റേററിലെ അഡ്വക്കേററ് ജനറലോ അല്ലാത്തപ്പോഴൊഴികെ, അതിനോടൊപ്പം സത്യവാങ്മൂലമോ പ്രതിജ്ഞയോ സഹിതമുള്ള ഉപക്ഷേപംവഴി ചെയ്യേണ്ടതുമാകുന്നു.

(3) ഈ വകുപ്പ് നല്കുന്ന അധികാരങ്ങൾ പ്രയോഗിക്കുന്നതിനുള്ള ഏതെങ്കിലും അപേക്ഷ തള്ളിക്കളയുന്നിടത്ത്, സുപ്രീം കോടതിക്ക്, അപേക്ഷ നിസ്സാരമായതോ ശല്യമുണ്ടാക്കുന്നതോ ആയിരുന്നെന്ന് അഭിപ്രായമുണ്ടെങ്കിൽ, സംഗതിയുടെ പരിതഃസ്ഥിതികളിൽ സമുചിതമാണെന്ന് കരുതുന്നതും, ആയിരം രൂപയിൽ കവിയാത്തതുമായ തുക അപേക്ഷ എതിർത്ത ഏതെങ്കിലും കക്ഷിക്ക് നഷ്ടപരിഹാരം കൊടുക്കാൻ അപേക്ഷകനോട് ഉത്തരവു ചെയ്യാവുന്നതാണ്.

407 <u>കേസ്സുകളും അപ്പീലുകളും മാററുവാൻ ഹൈക്കോടതിക്കുള്ള അധികാരം.</u>—(1) ഹൈക്കോടതിക്ക്,—

(ക) അതിനു കീഴിലുള്ള ഏതെങ്കിലും ക്രിമിനൽ കോടതിയിൽ ഋജുവും നിഷ്പക്ഷവുമായ അന്വേഷണവിചാരണയോ, വിചാരണയോ ലഭിക്കാൻ കഴിയുകയില്ലെന്നോ; അല്ലെങ്കിൽ

(ഖ) അസാധാരണ വിഷമതയുള്ള വല്ല നിയമപ്രശ്നവും ഉദ്ഭവിക്കാൻ ഇടയുണ്ടെന്നോ; അല്ലെങ്കിൽ

(ഗ) ഈ നിയമസംഹിതയിലെ ഏതെങ്കിലും വ്യവസ്ഥ ഈ വകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവ് ആവശ്യപ്പെടുന്നുവെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവ് കക്ഷികൾക്കോ സാക്ഷികൾക്കോ സാമാന്യമായ സൗകര്യം നല്കാൻ പ്രവണതയുള്ളതാണെന്നോ, നീതിയുടെ ലക്ഷ്യങ്ങൾക്ക് സമീചീനമാണെന്നോ, തോന്നുവാൻ ഇടയാക്കുമ്പോഴെല്ലാം, അതിന്,—

(i) ഏതെങ്കിലും കുററം, അങ്ങനെയുള്ള കുററം അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാൻ 177 മുതൽ 185 വരെയുള്ള (രണ്ടും ഉൾപ്പെടെ) വകുപ്പുകൾക്കുകീഴിൽ യോഗ്യതയില്ലാത്തതും, എന്നാൽ മററുവിധത്തിൽ ക്ഷമതയുള്ളതുമായ ഏതെങ്കിലും കോടതി അന്വേഷണവിചാരണചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യണമെന്നോ;

(ii) ഏതെങ്കിലും പ്രത്യേക കേസ്സോ അപ്പീലോ, പ്രത്യേകതരം കേസ്സുകളോ അപ്പീലുകളോ അതിന്റെ പ്രാധികാരത്തിൻ കീഴിലുള്ള ഒരു ക്രിമിനൽ കോടതിയിൽനിന്ന് തുല്യമായതോ അതിലും ഉയർന്നതോ ആയ അധികാരിതയുള്ള മറെറതെങ്കിലും ക്രിമിനൽ കോടതിയിലേക്ക് മാററണമെന്നോ;

(iii) ഏതെങ്കിലും പ്രത്യേക കേസ്സ് ഒരു സെഷൻസ് കോടതിയിലേക്ക് വിചാരണയ്ക്കു കമ്മിററുചെയ്യണമെന്നോ; അല്ലെങ്കിൽ

(iv) ഏതെങ്കിലും പ്രത്യേക കേസ്സോ അപ്പീലോ ഹൈക്കോടതിയിലേക്ക് തന്നെ മാററുകയും, അതിന്റെ മുമ്പാകെ തന്നെ വിചാരണ ചെയ്യുകയും ചെയ്യണമെന്നോ,

ഉത്തരവു ചെയ്യാവുന്നതാണ്.

(2) ഹൈക്കോടതിക്ക്, കീഴ്ക്കോടതിയുടെ റിപ്പോർട്ടിൻമേലോ, ഒരു തല്പരകക്ഷിയുടെ അപേക്ഷയിൻമേലോ, സ്വയം മുൻകൈയെടുത്തോ പ്രവർത്തിക്കാവുന്നതാണ്:

എന്നാൽ, ഒരു ക്രിമിനൽ കോടതിയിൽനിന്ന്, അതേ സെഷൻസ് ഡിവിഷനിലുള്ള മറ്റൊരു ക്രിമിനൽ കോടതിയിലേയ്ക്ക് ഒരു കേസ് മാറ്റുന്നതിന് ഹൈക്കോടതിയിലേയ്ക്ക് യാതൊരു അപേക്ഷയും, അങ്ങനെ മാറ്റാൻ ഉള്ള അപേക്ഷ സെഷൻസ് ജഡ്ജിക്ക് കൊടുക്കുകയും, അദ്ദേഹം അത് നിരസിക്കുകയും ചെയ്തിട്ടില്ലാത്തപക്ഷം, ഉണ്ടായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിലെ ഉത്തരവിനുള്ള ഏതൊരപേക്ഷയും, അപേക്ഷകൻ സ്റ്റേറ്റിന്റെ അഡ്വക്കേറ്റ് ജനറൽ അല്ലാത്തപ്പോഴൊക്കെ സത്യവാങ്മൂലമോ പ്രതിജ്ഞയോ സഹിതമുള്ള ഉപക്ഷേപം വഴി കൊടുക്കേണ്ടതാകുന്നു.

(4) അങ്ങനെയുള്ള അപേക്ഷ കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾ നല്കുമ്പോൾ, ഹൈക്കോടതിയ്ക്ക് (7)-ാം ഉപവകുപ്പിൻകീഴിൽ അതു അവാർഡ് ചെയ്തേക്കാവുന്ന ഏതെങ്കിലും നഷ്ടപരിഹാരം കൊടുക്കുന്നതിന് ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബാണ്ട് ഒപ്പിട്ടു പൂർത്തികരിക്കാൻ അയാളെ നിർദ്ദേശിക്കാവുന്നതാണ്.

(5) അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്ന, കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഏതൊരാളും, പബ്ലിക് പ്രാസിക്യൂട്ടർക്ക് അപേക്ഷയെക്കുറിച്ച്, അത് കൊടുക്കുന്നതിനുള്ള കാരണങ്ങളുടെ പകർപ്പുസഹിതം ലിഖിതമായ നോട്ടീസ് നല്കേണ്ടതും, അങ്ങനെ നോട്ടീസ് നല്കുന്നതിനും അപേക്ഷ കേൾക്കുന്നതിനും ഇടയ്ക്ക് കുറഞ്ഞത് ഇരുപത്തിനാലു മണിക്കൂർ കഴിയാത്തപക്ഷം, ആ അപേക്ഷയുടെ ഗുണദോഷങ്ങളിൻമേലുള്ള യാതൊരു ഉത്തരവും ചെയ്യാൻ പാടുള്ളതല്ല.

(6) അപേക്ഷ, ഒരു കേസ്സോ അപ്പീലോ ഏതെങ്കിലും കീഴ്ക്കോടതിയിൽനിന്ന് മാറ്റുന്നതിനായിട്ടുള്ളിടത്ത്, ഹൈക്കോടതിക്ക് അപേക്ഷ തീർപ്പാക്കുന്നതുവരെ കീഴ്ക്കോടതിയിലെ നടപടികൾ, ചുമത്തുന്നത് യുക്തമാണെന്നു ഹൈക്കോടതി കരുതുന്ന വ്യവസ്ഥകളിൻമേൽ നിറുത്തിവയ്ക്കാൻ ഉത്തരവു ചെയ്യേണ്ടത് നീതിയുടെ താൽപര്യത്തിന് ആവശ്യമാണെന്നു ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതാണ്:

എന്നാൽ, അങ്ങനെ നിറുത്തിവയ്ക്കുന്നത് 309-ാം വകുപ്പിൻകീഴിൽ റിമാൻഡ് ചെയ്യാനുള്ള കീഴ്ക്കോടതിയുടെ അധികാരത്തെ ബാധിക്കുന്നതല്ല.

(7) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവിനുള്ള അപേക്ഷ തള്ളിക്കളയുന്നിടത്ത്, ഹൈക്കോടതിക്ക്, അപേക്ഷ നിസ്സാരമായതോ ശല്യമുണ്ടാക്കുന്നതോ ആയിരുന്നെന്ന് അഭിപ്രായമുണ്ടെങ്കിൽ, സംഗതിയുടെ പരിതഃസ്ഥിതികളിൽ ഉചിതമാണെന്ന് കരുതുന്നതും ആയിരം രൂപയിൽ കവിയാത്തതുമായ തുക, അപേക്ഷയെതിർത്ത ഏതെങ്കിലും കക്ഷിക്ക് നഷ്ടപരിഹാരമായി കൊടുക്കാൻ അപേക്ഷകനോട് ഉത്തരവു ചെയ്യാവുന്നതാണ്.

(8) ഹൈക്കോടതി അതിന്റെ മുമ്പാകെയുള്ള വിചാരണയ്ക്ക് ഒരു കേസ് ഏതെങ്കിലും കോടതിയിൽനിന്ന് മാറ്റുന്നതിന് (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവുചെയ്യുമ്പോൾ, ആ കേസ് അപ്രകാരം മാറ്റിയിട്ടില്ലായിരുന്നുവെങ്കിൽ, ആ കോടതി അനുവർത്തിക്കുമായിരുന്ന അതേ നടപടിക്രമം ഹൈക്കോടതി അങ്ങനെയുള്ള വിചാരണയിൽ അനുവർത്തിക്കേണ്ടതാകുന്നു.

(9) ഈ വകുപ്പിലെ യാതൊന്നും 197-ാം വകുപ്പിൻകീഴിലുള്ള ഗവൺമെൻറിൻെറ ഏതെങ്കിലും ഉത്തരവിനെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

408. കേസ്സുകളും അപ്പീലുകളും മാററുവാൻ സെഷൻസ്ജഡ്ജിയ്ക്കു അധികാരം.— (1) ഈ ഉപവകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ് നീതിയുടെ ലക്ഷ്യങ്ങൾക്ക് സമീചീനമാണെന്ന് ഒരു സെഷൻസ് ജഡ്ജിക്ക് തോന്നാൻ ഇടയാക്കുമ്പോഴെല്ലാം അദ്ദേഹത്തിന് ഏതെങ്കിലും പ്രത്യേക കേസ്സ് തൻെറ സെഷൻസ് ഡിവിഷനിലുള്ള ഒരു ക്രിമിനൽകോടതിയിൽനിന്ന് മറെറാരു ക്രിമിനൽകോടതിയിലേക്ക് മാററണമെന്ന് ഉത്തരവു ചെയ്യാവുന്നതാണ്.

(2) സെഷൻസ് ജഡ്ജിക്ക് കീഴ്ക്കോടതയുടെ റിപ്പോർട്ടിൻമേലോ തത്പര കക്ഷിയുടെ അപേക്ഷയിൻമേലോ സ്വയം മുൻകൈയെടുത്തോ പ്രവർത്തിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു ഉത്തരവിന് സെഷൻസ് ജഡ്ജിയ്ക്കുള്ള അപേക്ഷസംബന്ധിച്ച്, 407-ാം വകുപ്പ് (3)-ം, (4)-ം, (5)-ം, (6)-ം, (7)-ം, (9)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ അതിലെ (8)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവിന് ഹൈക്കോടതയിലേക്കുള്ള അപേക്ഷ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്. എന്നാൽ 407-ാം വകുപ്പ് (7)-ാം ഉപവകുപ്പ് അങ്ങനെ ബാധകമാകുന്നത്; അതിലുള്ള "ആയിരം രൂപ" എന്നവാക്കുകൾക്ക്പകരം "ഇരുനൂററമ്പത് രൂപ" എന്നവാക്കുകൾ ചേർത്തിരുന്നാലെന്നപോലെ ആയിരിക്കുന്നതാണ്.

409. സെഷൻസ് ജഡ്ജിമാർ കേസ്സുകളും അപ്പീലുകളും പിൻവലിക്കുന്നത്.— (1) സെഷൻസ് ജഡ്ജിയ്ക്ക് തൻെറ കീഴിലുള്ള ഏതെങ്കിലും അസിസ്ററൻറ് സെഷൻസ് ജഡ്ജിയിൽനിന്നോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിൽനിന്നോ ഏതെങ്കിലും കേസ്സോ അപ്പീലോ പിൻവലിക്കുകയോ, അവരിൽ ആർക്കെങ്കിലും താൻ ഏല്പിച്ചുകൊടുത്ത ഏതെങ്കിലും കേസ്സോ അപ്പീലോ തിരിയെ വിളിക്കുകയോ ചെയ്യാവുന്നതാണ്.

(2) സെഷൻസ് ജഡ്ജിയ്ക്ക് താൻ ഏതെങ്കിലും അഡീഷണൽ സെഷൻസ്ജഡ്ജിക്ക് ഏല്പിച്ചുകൊടുത്ത ഏതെങ്കിലും കേസ്സോ അപ്പീലോ കേസിൻെറ വിചാരണയോ, അപ്പീലിൻെറ ഹീയറിങ്ങോ അഡീഷണൽ സെഷൻസ് ജഡ്ജിയുടെ മുമ്പാകെ ആരംഭിക്കുന്നതിന് മുമ്പ് ഏതു സമയത്തും തിരിയെ വിളിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോകീഴിൽ ഒരു കേസ്സോ അപ്പീലോ സെഷൻസ് ജഡ്ജി പിൻവലിക്കുകയോ തിരിയെ വിളിക്കുകയോചെയ്യുന്നിടത്ത്, അദ്ദേഹത്തിന് കേസ്സ് തൻെറ സ്വന്തം കോടതിയിൽ വിചാരണ ചെയ്യുകയോ, അപ്പീൽ താൻ തന്നെ കേൾക്കുകയോ, അല്ലെങ്കിൽ അത്, അതതുസംഗതിപോലെ, വിചാരണയ്ക്കോ ഹിയറിങ്ങിനോ ആയി ഈ നിയമസംഹിതയിലെ വ്യവസ്ഥകളനുസരിച്ച് മറെറാരു കോടതിയ്ക്ക് ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യാവുന്നതാണ്.

410. ജുഡീഷ്യൽ മജിസ്ട്രേററുമാർ കേസ്സുകൾ പിൻവലിക്കുന്നത്.— (1) ഏതെങ്കിലും ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന്, തൻെറ കീഴിലുള്ള ഏതെങ്കിലും മജിസ്ട്രേററിൽ നിന്ന് ഏതെങ്കിലും കേസ്സ് പിൻവലിക്കുകയോ അദ്ദേഹത്തിന് താൻ ഏല്പിച്ചുകൊടുത്ത ഏതെങ്കിലും കേസ്സ് തിരിയെ വിളിക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള കേസ്സ് താൻ തന്നെ അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ, അല്ലെങ്കിൽ അത് അന്വേഷണ വിചാരണ ചെയ്യുകയോ, വിചാരണചെയ്യുകയോ ചെയ്യാൻ ക്ഷമതയുള്ള

അങ്ങനെയുള്ള മറേറതെങ്കിലും മജിസ്ട്രേററിന്, അന്വേഷണവിചാരണയ്ക്കോ വിചാരണയ്ക്കോ ആയി റഫർ ചെയ്യുകയോ ചെയ്യാവുന്നതും ആണ്.

ഏതെങ്കിലും

(2) ജുഡീഷ്യൽ മജിസ്ട്രേററിന്, താൻ 192-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ മറേറതെങ്കിലും മജിസ്ട്രേററിന് ഏല്പിച്ചുകൊടുത്തിട്ടുള്ള ഏതെങ്കിലും കേസ്സ് തിരിയെ വിളിക്കാവുന്നതും, അങ്ങനെയുള്ള കേസ്സ് താൻ തന്നെ അന്വേഷണവിചാരണ ചെയ്യുകയോ വിചാരണചെയ്യുകയോ ചെയ്യാവുന്നതും ആണ്.

411. എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ കേസ്സുകൾ ഏല്പിച്ചുകൊടുക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നത്.— ഏതെങ്കിലും ഡിസ്ട്രിക്ററ് മജിസ്ട്രേററിനോ, സബ് ഡിവിഷണൽ മജിസ്ട്രേററിനോ,

(ക) തന്റെ മുമ്പാകെ ആരംഭിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും നടപടി തീർപ്പാക്കാനായി തന്റെ കീഴിലുള്ള ഏതെങ്കിലും മജിസ്ട്രേററിന് ഏല്പിച്ചു കൊടുക്കുകയും;

(ഖ) തന്റെ കീഴിലുള്ള ഏതെങ്കിലും മജിസ്ട്രേററിൽ നിന്ന് ഏതെങ്കിലും കേസ്സു പിൻവലിക്കുകയോ അദ്ദേഹത്തിന് താൻ ഏല്പിച്ചു കൊടുത്തിട്ടുള്ള ഏതെങ്കിലും കേസ്സ് തിരിയെ വിളിക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള നടപടി താൻ തന്നെ തീർപ്പാക്കുകയോ തീർപ്പാക്കാനായി മറേറതെങ്കിലും മജിസ്ട്രേററിന് റഫർ ചെയ്യുകയോ ചെയ്യുകയും

ചെയ്യാവുന്നതാണ്.

412. കാരണങ്ങൾ റിക്കാർഡാക്കണമെന്ന്.— 409-ാം വകുപ്പിനോ 409-ാം വകുപ്പിനോ 410-ാം വകുപ്പിനോ 411-ാം വകുപ്പിനോ കീഴിൽ ഉത്തരവു ചെയ്യുന്ന സെഷൻസ് ജഡ്ജിയോ മജിസ്ട്രേററോ, അതു ചെയ്യാൻ തനിക്കുള്ള കാരണങ്ങൾ റിക്കാർഡാക്കേണ്ടതാകുന്നു.

## അദ്ധ്യായം XXXII

## ശിക്ഷാവിധികളുടെ നടപ്പാക്കലും, സസ്പെൻഷനും, ഇളവുചെയ്യലും, ലഘൂകരിക്കലും

### ക. മരണശിക്ഷാവിധികൾ

413. 368-ാം വകുപ്പിൻകീഴിൽ പാസ്സാക്കുന്ന ഉത്തരവു നടപ്പാക്കൽ.— മരണശിക്ഷാവിധി സ്ഥിരപ്പെടുത്തുന്നതിന് ഹൈക്കോടതിയ്ക്ക് സമർപ്പിക്കുന്ന ഒരു കേസ്സിൽ സെഷൻസ്കോടതി ഹൈക്കോടതിയുടെ സ്ഥിരപ്പെടുത്തൽ ഉത്തരവോ മററ് ഉത്തരവോ കിട്ടുമ്പോൾ, വാറന്റ് പുറപ്പെടുവിച്ചു കൊണ്ടോ അല്ലെങ്കിൽ ആവശ്യമായ മററു നടപടികൾ എടുത്തുകൊണ്ടോ അങ്ങനെയുള്ള ഉത്തരവ് നടത്തിക്കേണ്ടതാകുന്നു.

414. ഹൈക്കോടതി പാസ്സാക്കുന്ന മരണശിക്ഷാവിധി നടപ്പാക്കൽ.— ഹൈക്കോടതി അപ്പീലിലോ, റിവിഷനിലോ മരണശിക്ഷാവിധി പാസ്സാക്കുമ്പോൾ, സെഷൻസുകോടതി ഹൈക്കോടതിയുടെ ഉത്തരവു കിട്ടുന്നതിൻമേൽ വാറന്റ് പുറപ്പെടുവിച്ചുകൊണ്ട് ആ ശിക്ഷാവിധി നടത്തിക്കേണ്ടതാകുന്നു.

415. സുപ്രീംകോടതിയിലേക്കുള്ള അപ്പീലിന്റെ സംഗതിയിൽ മരണശിക്ഷാവിധി നടപ്പാക്കുന്നത് നീട്ടിവയ്ക്കൽ.— (1) ഹൈക്കോടതി ഒരാളെ മരണശിക്ഷയ്ക്കു വിധിക്കുകയും, അതിന്റെ വിധിന്യായത്തിൽനിന്ന് ഭരണഘടന 134-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിനോ (ഖ) ഉപഖണ്ഡത്തിനോ കീഴിൽ സുപ്രീംകോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുകയും ചെയ്യുന്നടത്ത്, ഹൈക്കോടതി, അങ്ങനെയുള്ള അപ്പീൽ കൊടുക്കുന്നതിന് അനുവദിക്കപ്പെട്ട കാലാവധി കഴിയുന്നതുവരെയോ, അല്ലെങ്കിൽ ആ കാലാവധിക്കുള്ളിൽ അപ്പീൽകൊടുക്കുന്നുവെങ്കിൽ, അങ്ങനെയുള്ള അപ്പീൽ തീർപ്പാക്കപ്പെടുന്നതുവരെയോ, ശിക്ഷാവിധി നടപ്പാക്കുന്നത് നീട്ടിവയ്ക്കണമെന്ന് ഉത്തരവു ചെയ്യേണ്ടതാകുന്നു.

(2) ഹൈക്കോടതി മരണശിക്ഷാവിധി പാസ്സാക്കുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്യുകയും, ശിക്ഷ വിധിക്കപ്പെട്ടയാൾ ഭരണഘടന 132-ാം അനുച്ഛേദത്തിനോ 134-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഗ) ഉപഖണ്ഡത്തിനോ കീഴിൽ സർട്ടിഫിക്കറ്റ് നല്കാൻ ഹൈക്കോടതിയ്ക്ക് അപേക്ഷ കൊടുക്കുകയും ചെയ്യുന്നടത്ത്, ഹൈക്കോടതി, അത് അങ്ങനെയുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെയോ, അങ്ങനെങ്കിൽ അങ്ങനെയുള്ള അപേക്ഷയിൻമേൽ സർട്ടിഫിക്കറ്റ് നല്കുന്നുവെങ്കിൽ, അങ്ങനെയുള്ള സർട്ടിഫിക്കറ്റിൻമേൽ സുപ്രീംകോടതിയിലേക്ക് അപ്പീൽ കൊടുക്കുന്നതിന് അനുവദിക്കപ്പെട്ട കാലാവധി കഴിയുന്നതുവരെയോ ശിക്ഷാവിധി നടപ്പാക്കുന്നത് നീട്ടിവയ്ക്കണമെന്ന് ഉത്തരവു ചെയ്യേണ്ടതാകുന്നു.

(3) ഹൈക്കോടതി മരണശിക്ഷാവിധി പാസ്സാക്കുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്യുകയും, ശിക്ഷ വിധിക്കപ്പെട്ടയാൾ ഭരണഘടന 136-ാം അനുച്ഛേദത്തിൻകീഴിൽ അപ്പീലിന് പ്രത്യേകാനുമതി നല്കാനുള്ള ഒരു ഹർജി സുപ്രീംകോടതിയ്ക്ക് ബോധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നിടത്ത്, ഹൈക്കോടതി, അയാൾക്ക് അങ്ങനെയുള്ള ഹർജി ബോധിപ്പിക്കാൻ കഴിയുന്നതിന് മതിയായതെന്ന് അതു കരുതുന്ന കാലത്തേയ്ക്ക് ശിക്ഷാവിധി നടപ്പാക്കുന്നത് നീട്ടിവയ്ക്കണമെന്ന് ഉത്തരവു ചെയ്യേണ്ടതാകുന്നു.

416. ഗർഭിണിയുടെ മരണശിക്ഷ നീട്ടിവയ്ക്കുന്നത്.— മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരു സ്ത്രീ ഗർഭിണിയാണെന്ന് കാണപ്പെടുന്നുവെങ്കിൽ, ഹൈക്കോടതി ശിക്ഷാവിധി നടപ്പാക്കുന്നത് നീട്ടിവയ്ക്കണമെന്ന് ഉത്തരവു ചെയ്യേണ്ടതും, ഹൈക്കോടതിയ്ക്കു യുക്തമെന്നു തോന്നുന്നുവെങ്കിൽ, ശിക്ഷാവിധി ജീവപര്യന്തത്തടവായി ലഘൂകരിക്കാവുന്നതും ആണ്.

## ഖ.—തടവ്

417. തടവിനുള്ള സ്ഥലം നിശ്ചയിക്കാനുള്ള അധികാരം.— (1) തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമം മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോഴൊഴികെ, സ്റ്റേറ്റ് ഗവൺമെന്റിന് ഈ നിയമസംഹിതയിൻ കീഴിൽ തടവിലാക്കപ്പെടാൻ അർഹനായിട്ടുള്ളവനോ കസ്റ്റഡിയിലേക്ക് കമ്മിറ്റ് ചെയ്യപ്പെട്ടവനോ ആയ ഏതെങ്കിലും ആൾ ഏതു സ്ഥലത്താണ് തടവിൽ വയ്ക്കപ്പെടേണ്ടതെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) തടവിലാക്കപ്പെടാൻ അർഹനായിട്ടുള്ളവനോ കസ്റ്റഡിയിലേയ്ക്ക് കമ്മിറ്റ്ചെയ്യപ്പെട്ടവനോ ആയ ഏതെങ്കിലും ആൾ ഒരു സിവിൽ

ജയിലിൽ തടവിൽ വയ്ക്കപ്പെട്ടിരിക്കുകയാണെങ്കിൽ, തടവിനോ കമ്മിററ് ചെയ്യലിനോ ഉത്തരവു ചെയ്യുന്ന കോടതിക്കോ മജിസ്ട്രേററിനോ ആ ആളെ ഒരു ക്രിമിനൽ ജയിലിലേക്ക് നീക്കം ചെയ്യണമെന്ന് നിർദേശിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ ഒരാളെ ക്രിമിനൽ ജയിലിലേക്ക് നീക്കം ചെയ്തിട്ടുള്ളപ്പോൾ അവിടെ നിന്ന് വിമോചിപ്പിക്കപ്പെടുന്നതിൻമേൽ അയാളെ—

(ക) ക്രിമിനൽ ജയിലിലേക്ക് നീക്കം ചെയ്തതിനുശേഷം മൂന്നു വർഷം കഴിയാത്ത പക്ഷമോ;—ആ സംഗതിയിൽ, അയാൾ, അതതു സംഗതി പോലെ, സിവിൽ നടപടിനിയമസംഹിത, 1908 (1908-ലെ 5) 58-ാം വകുപ്പിനോ പ്രവിശ്യാ നിർധനത്വആക്ററ്, 1920 (1920-ലെ 5), 23-ാം വകുപ്പിനോകീഴിൽ സിവിൽ ജയിലിൽനിന്ന് വിമോചിപ്പിക്കപ്പെട്ടതായി കരുതപ്പെടുന്നതല്ലെന്നു—അല്ലെങ്കിൽ

(ഖ) അയാൾക്ക് സിവിൽ ജയിലിലെ തടവു ഉത്തരവു ചെയ്ത കോടതി, അതതുസംഗതിപോലെ സിവിൽ നടപടിനിയമസംഹിത 1908 (1908-ലെ 5) 58ാം വകുപ്പിനോ പ്രവിശ്യാ നിർധനത്വ ആക്ററ്, 1920 (1920-ലെ 5), 23-ാം വകുപ്പിനോ കീഴിൽ വിമോചിപ്പിക്കപ്പെടാൻ അവകാശമുണ്ടെന്ന്, ക്രിമിനൽ ജയിലിന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന് സർട്ടിഫൈ ചെയ്തുകൊടുത്തിട്ടില്ലാത്തപക്ഷമോ,

സിവിൽജയിലിലേക്ക് തിരിയെ അയക്കേണ്ടതാകുന്നു.

418. തടവുശിക്ഷാവിധി നടപ്പാക്കൽ.— (1) 413-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നതല്ലാത്ത കേസ്സുകളിൽ പ്രതിയെ ജീവപര്യന്തത്തടവുശിക്ഷയ്ക്കോ, ഒരു കാലാവധിയ്ക്കുള്ള തടവുശിക്ഷയ്ക്കോ വിധിക്കുന്നിടത്ത്, ശിക്ഷാവിധി പ്രസ്താവിക്കുന്ന കോടതി, ഉടനടി അയാളെ തടവിൽ വച്ചിട്ടുള്ളതോ വയ്ക്കേണ്ടതോ ആയ ജയിലിലേക്കോ മററു സ്ഥലത്തേക്കോ വാറന്റ് അയക്കേണ്ടതും, പ്രതി അങ്ങനെയുള്ള ജയിലിലോ മററു സ്ഥലത്തോ, മുമ്പേ തടവിൽ വയ്ക്കപ്പെട്ടിരിക്കയല്ലാത്ത പക്ഷം, വാറന്റിനോടൊപ്പം അയാളെ അങ്ങനെയുള്ള ജയിലിലേക്കോ മററു സ്ഥലത്തേയ്ക്കോ അയക്കേണ്ടതും ആകുന്നു:

എന്നാൽ, പ്രതിയെ കോടതി പിരിയുന്നവരെയ്ക്കുള്ള തടവുശിക്ഷയ്ക്ക് വിധിക്കുന്നിടത്ത്, ജയിലിലേക്ക് വാറന്റ് തയ്യാറാക്കുകയോ അയക്കുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതും, കുററാരോപണം ചെയ്യപ്പെട്ടയാളെ കോടതി നിർദേശിക്കുന്ന സ്ഥലത്ത് തടവിൽ വയ്ക്കാവുന്നതുമാണ്.

(2) പ്രതി, അയാൾക്ക് (1)-ാം ഉപവകുപ്പിൽ പറഞ്ഞവിധമുള്ള തടവുശിക്ഷ വിധിക്കുമ്പോൾ, കോടതിയിൽ സന്നിഹിതനല്ലെങ്കിൽ, കോടതി അയാളെ തടവിൽ വയ്ക്കേണ്ട ജയിലിലേക്കോ മററുസ്ഥലത്തേയ്ക്കോ അയാളെ അയക്കുന്നതിനുവേണ്ടി അയാളുടെ അറസ്ററിനുള്ള വാറന്റ് പുറപ്പെടുവിക്കേണ്ടതാണ്; അങ്ങനെയുള്ള സംഗതിയിൽ ശിക്ഷാവിധി അയാളുടെ അറസ്ററിന്റെ തീയതി ആരംഭിക്കുന്നതാകുന്നു.

419. നടപ്പാക്കുന്നതിനുള്ള വാറന്റ് ആർക്ക് അധികാരപ്പെടുത്തിക്കൊടുക്കണമെന്ന്— തടവുശിക്ഷാവിധി നടപ്പാക്കാനുള്ള ഏതൊരു വാറന്റും, തടവുകാരനെ തടവിൽ വച്ചിട്ടുള്ളതോ വയ്ക്കേണ്ടതോ ആയ ജയിലിന്റേയോ മററു സ്ഥലത്തിന്റേയോ ചാർജ്ജുള്ള ഉദ്യോഗസ്ഥന് അധികാരപ്പെടുത്തിക്കൊടുക്കേണ്ടതാകുന്നു.

420. വാറൻറ് ആരുടെ പക്കൽ ചാർജ്ജ് ചെയ്യണമെന്ന്.— തടവുകാരനെ ജയിലിൽ തടവിൽ വയ്ക്കേണ്ടതായിട്ടുള്ളപ്പോൾ വാറൻറ് ജയിലറുടെ പക്കൽ ചാർജ്ജ് ചെയ്യേണ്ടതാകുന്നു.

ഗ. പിഴ ഈടാക്കൽ.

421. പിഴ ഈടാക്കാനുള്ള വാറണ്ട്.— കുററക്കാരനെ പിഴ ഒടുക്കാനുള്ള ശിക്ഷയ്ക്ക് വിധിച്ചിട്ടുള്ളപ്പോൾ, ശിക്ഷാവിധി പാസ്സാക്കുന്ന കോടതിക്ക് പിഴ വസൂലാക്കുന്നതിന് താഴെപ്പറയുന്ന രണ്ട് ലേതെങ്കിലും വഴിയിലൂടെയോ രണ്ട് വഴിയിലൂടെയുമോ നടപടി എടുക്കാവുന്നതാണ്, അതായത്, അതിന്—

(ക) കുററക്കാരൻെറ വകയായ ഏതെങ്കിലും ജംഗമവസ്തുവിൻെറ ജപ്തിയും വില്പനയും വഴി തുക ഈടാക്കാനുള്ള വാറൻറ് പുറപ്പെടുവിക്കാവുന്നതാണ്;

(ഖ) വീഴ്ചവരുത്തുന്ന ആളുടെ ജംഗമമോ സ്ഥാവരമോ അല്ലെങ്കിൽ രണ്ടുമോ ആയ വസ്തുവിൽനിന്ന് തുക ഭൂമിക്കരകുടിശ്ശിക എന്നപോലെ വസൂലാക്കാൻ ജില്ലാ കലക്ടർക്ക് പ്രാധികാരം നല്കികൊണ്ട് അദ്ദേഹത്തിനുള്ള ഒരു വാറൻറ് പുറപ്പെടുവിപ്പിക്കാവുന്നതാണ്:

എന്നാൽ, പിഴ ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ കുററക്കാരൻ തടവിലാക്കപ്പെടുമെന്ന് ശിക്ഷാവിധി നിർദ്ദേശിക്കുകയും, അങ്ങനെയുള്ള കുററക്കാരൻ, അപ്രകാരം വീഴ്ച വരുത്തിയതിലുള്ള തടവ് ശിക്ഷ മുഴുവൻ അനുഭവിച്ചിരിക്കുകയും ചെയ്യുന്നുവെങ്കിൽ, യാതൊരു കോടതിയും, ലിഖിതമായി റിക്കാർഡാക്കപ്പെടേണ്ട പ്രത്യേക കാരണങ്ങളാൽ അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്നു അത് കരുതാത്തപക്ഷമോ, അല്ലെങ്കിൽ പിഴയിൽ നിന്ന് ചെലവുകളോ നഷ്ടപരിഹാരമോ കൊടുക്കാൻ 357–ാം വകുപ്പിൻകീഴിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തപക്ഷമോ, അങ്ങനെയുള്ള വാറൻറ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) സ്റേറററ് ഗവൺമെൻറിന്, (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻ കീഴിലുള്ള വാറൻറുകൾ നടപ്പാക്കേണ്ട രീതി ക്രമപ്പെടുത്തുന്നതും അങ്ങനെയുള്ള വാറൻറ് നടപ്പാക്കുന്നതിൽ ജപ്തി ചെയ്ത ഏതെങ്കിലും വസ്തു സംബന്ധിച്ച് കുററവാളി അല്ലാതെയുള്ള മറേറതെങ്കിലും ആളുടെ ഏതെങ്കിലും അവകാശവാദങ്ങളുടെ സമ്മറിയായ തീരുമാനത്തിനുള്ളതും ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിൽ കോടതി കലക്ടറർക്കുള്ള ഒരു വാറൻറ് പുറപ്പെടുവിക്കുന്നിടത്ത്, കലക്ടർ ആ തുക അങ്ങനെയുള്ള വാറൻറ് ഭൂമിക്കരകുടിശ്ശിക വസൂലാക്കുന്നതു സംബന്ധിച്ച നിയമത്തിൻകീഴിൽ, പുറപ്പെടുവിച്ച ഒരു സർട്ടിഫിക്കററ് ആയിരുന്നാലെന്നപോലെ, അങ്ങനെയുള്ള നിയമമനുസരിച്ച് വസൂലാക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു വാറൻറും കുററക്കാരനെ അറസ്ററ് ചെയ്തോ തടങ്കലിൽ വച്ചോ നടപ്പാക്കാൻ പാടുള്ളതല്ല.

422. അങ്ങനെയുള്ള വാറൻറിൻെറ പ്രഭാവം.— 421-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻ കീഴിൽ ഏതെങ്കിലും കോടതി പുറപ്പെടുവിക്കുന്ന വാറണ്ട്, അങ്ങനെയുള്ള കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിൽ നടപ്പാക്കാവുന്നതും, അത് അങ്ങനെയുള്ള അധികാരിതയ്ക്കു വെളിയിലുള്ള അങ്ങനെയുള്ള ഏതെങ്കിലും വസ്തു ഏതു ജില്ലാമജിസ്ട്രേററിൻെറ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ കാണപ്പെടുന്നത്, ആ ജില്ലാ മജിസ്ട്രേററ് വാറൻറ്

എൻഡോഴ്സ് ചെയ്യുമ്പോൾ അതു ജപ്തി ചെയ്യുകയും വില്ക്കുകയും ചെയ്യാൻ പ്രാധികാരം നല്കേണ്ടതും ആകുന്നു.

423. ഈ നിയമസംഹിത വ്യാപിക്കാത്ത ഏതെങ്കിലും രാജ്യക്ഷേത്രത്തിലുള്ള കോടതി പുറപ്പെടുവിക്കുന്ന പിഴ ഈടാക്കാനുള്ള വാറന്റ്.— ഈ നിയമസംഹിതയിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മററതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ നിയമസംഹിത വ്യാപിക്കാത്ത ഏതെങ്കിലും രാജ്യക്ഷേത്രത്തിലുള്ള ഒരു ക്രിമിനൽകോടതി, ഒരു കുററക്കാരനെ പിഴ ഒടുക്കാനുള്ള ശിക്ഷയ്ക്കു വിധിച്ചിരിക്കുകയും, ശിക്ഷാവിധി പാസ്സാക്കുന്ന കോടതി, തുക ഭൂമികരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കാൻ ഈ നിയമസംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലും ഉള്ള ഒരു ജില്ലയിലെ കലക്ടർക്ക് പ്രാധികാരം നല്കികൊണ്ട്, അദ്ദേഹത്തിനുള്ള ഒരു വാറന്റ് പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ അങ്ങനെയുള്ള വാറന്റ്, ഈ നിയമസംഹിത വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലുള്ള ഒരു കോടതി 421-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ കീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറന്റായി കരുതപ്പെടുന്നതും, അങ്ങനെയുള്ള വാറന്റ് നടപ്പാക്കുന്നതു സംബന്ധിച്ച് മേല്പറഞ്ഞ വകുപ്പ് (3)—ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അതനുസരിച്ച് ബാധകമാകുന്നതും ആണ്.

424. തടവുശിക്ഷാവിധി നടപ്പാക്കുന്നത് നിറുത്തിവയ്ക്കൽ.— (1) കുററക്കാരനെ പിഴ ശിക്ഷയ്ക്കുമാത്രവും, പിഴ ഒടുക്കുവാൻ വീഴ്ചവരുത്തിയാൽ തടവുശിക്ഷയ്ക്കും വിധിച്ചിരിക്കുകയും, പിഴ ഉടനടി ഒടുക്കാതിരിക്കുകയും ചെയ്യുമ്പോൾ, കോടതിക്ക്,—

(ക) പിഴ മുഴുവനായി, ഉത്തരവിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിൽ അപ്പുറമല്ലാത്ത ഒരു തീയതിയോ അതിനുമുമ്പോ ഒടുക്കേണ്ടതാണെന്നോ അല്ലെങ്കിൽ ഒന്നാമത്തെ ഗഡു, ഉത്തരവിന്റെ തീയതിമുതൽ മുപ്പതുദിവസത്തിനപ്പുറമല്ലാത്ത ഒരു തീയതിയോ അതിനുമുമ്പോ ഒടുക്കേണ്ടതും മററേ ഗഡുവോ ഗഡുക്കളോ, അതതുസംഗതിപോലെ, മുപ്പതു ദിവസത്തിനപ്പുറമല്ലാത്ത ഇടവേളയോ ഇടവേളകളോ വച്ച് ഒടുക്കേണ്ടതും ആയ രണ്ടോ മൂന്നോ ഗഡുക്കളായി ഒടുക്കേണ്ടതാണെന്നും ഉത്തരവ് ചെയ്യാവുന്നതാണ്;

(ഖ) അതതുസംഗതിപോലെ, പിഴയോ അല്ലെങ്കിൽ അതിന്റെ ഗഡുക്കളോ ഒടുക്കേണ്ട തീയതിയോ തീയതികളിലോ അതിനുമുമ്പോ താൻ കോടതി മുമ്പാകെ ഹാജരാകുമെന്നുള്ള ഉപാധിയിൻമേൽ കുററക്കാരൻ, കോടതിയ്ക്കു യുക്തമെന്നു തോന്നുന്നതുപോലെ, ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ബാണ്ട് എഴുതിക്കൊടുക്കുന്നതിൻമേൽ തടവുശിക്ഷാവിധി നടപ്പാക്കുന്നത് നിറുത്തിവയ്ക്കുകയും കുററക്കാരനെ വിമോചിപ്പിക്കുകയും ചെയ്യാവുന്നതാണ്; അതതുസംഗതിപോലെ, പിഴയുടേയോ ഏതെങ്കിലും ഗഡുവിന്റേയോ തുക ഉത്തരവിൻ കീഴിൽ അത് ഒടുക്കേണ്ട ഏററവും ഒടുവിലത്തെ തീയതിയോ അതിനുമുമ്പോ വസൂലാക്കാത്തപക്ഷം കോടതിക്ക് തടവുശിക്ഷാവിധി ഉടനെനടപ്പാക്കാനായി നിദേശിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, പണം കൊടുക്കാനുള്ളതും, പണം കൊടുക്കാതിരുന്നാൽ തടവു നല്കാവുന്നതുമായ ഉത്തരവു ചെയ്തിരിക്കുകയും പണം ഉടൻ കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും സംഗതിയിലും ബാധകമാകുന്നതും; ആർക്കെതിരായാണോ ആ ഉത്തരവു ചെയ്തിട്ടുള്ളത്, അയാൾ, ആ ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ബാണ്ടിൽ ഏർപ്പെടാൻ ആവശ്യപ്പെട്ടതിൻമേൽ അപ്രകാരം ചെയ്യാതിരിക്കുന്നുവെങ്കിൽ കോടതിക്ക് ഉടനെ തടവു ശിക്ഷാവിധി പാസ്സാക്കാവുന്നതും ആണ്.

ഝ.—നടപ്പാക്കൽ സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

425. വാറൻറ് ആർക്ക് പുറപ്പെടുവിക്കാമെന്ന്.— ശിക്ഷാവിധി പാസ്സാക്കിയ ജഡ്ജി നടപ്പാക്കാനുള്ള ഏതൊരു വാറൻറും, ശിക്ഷാവിധി പാസ്സാക്കിയ ജഡ്ജി യ്ക്കോ മജിസ്ട്രേററിനോ, അല്ലെങ്കിൽ അദ്ദേഹത്തിൻെറ ഉദ്യോഗത്തിലെ പിൻ ഗാമിയ്ക്കോ പുറപ്പെടുവിക്കാവുന്നതാണ്.

426. തടവുചാടിയ കുററസ്ഥാപനം ചെയ്യപ്പെട്ടവനുള്ള ശിക്ഷാവിധി എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന്.— (1) തടവുചാടിയ, കുററസ്ഥാപനം ചെയ്യപ്പെട്ടവന് ഈ നിയമസംഹിതയിൻകീഴിൽ മരണശിക്ഷയ്ക്കോ, ജീവപര്യന്തത്തടവിനോ, പിഴയ്ക്കോ ഉള്ള ശിക്ഷാവിധി പാസ്സാക്കുമ്പോൾ, അങ്ങനെയുള്ള ശിക്ഷാവിധി, ഇതിൽ ഇതിനുമുൻപ് അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, ഉടനെ പ്രാബല്യത്തിൽ വരുന്നതാകുന്നു.

(2) തടവുചാടി കുററസ്ഥാപനം ചെയ്യപ്പെട്ടവന് ഈ നിയമസംഹിതയിൻകീഴിൽ ഒരു കാലാവധിക്കുള്ള തടവുശിക്ഷാവിധി പാസ്സാക്കുമ്പോൾ—

(ക) അങ്ങനെയുള്ള ശിക്ഷാവിധി, അങ്ങനെയുള്ള കുററസ്ഥാപനം ചെയ്യപ്പെട്ടയാൾ തടവുചാടിയപ്പോൾ അനുഭവിച്ചുകൊണ്ടിരുന്ന ശിക്ഷാവിധിയേക്കാൾ തീവ്രമായ തരത്തിലുള്ളതാണെങ്കിൽ, പുതിയ ശിക്ഷാവിധി ഉടനെ പ്രാബല്യത്തിൽവരുന്നതും ;

(ഖ) അങ്ങനെയുള്ള ശിക്ഷാവിധി അങ്ങനെയുള്ള കുററസ്ഥാപനം ചെയ്യപ്പെട്ടയാൾ തടവുചാടിയപ്പോൾ അനുഭവിച്ചുകൊണ്ടിരുന്ന ശിക്ഷാവിധിയേക്കാൾ തീവ്രമായ തരത്തിലുള്ളതല്ലെങ്കിൽ, പുതിയ ശിക്ഷാവിധി അയാൾ തടവുചാടിയ സമയത്ത് അയാളുടെ മുൻശിക്ഷാവിധി കഴിയാതെ അവശേഷിച്ചിട്ടുള്ള കാലത്തിനു തുല്യമായ കൂടുതൽ കാലം അയാൾ തടവു അനുഭവിച്ചതിനുശേഷം പ്രാബല്യത്തിൽ വരുന്നതും

ആകുന്നു.

(3) (2)-ാം ഉപവകുപ്പിൻെറ ആവശ്യത്തിലേയ്ക്ക്, കഠിനതടവിനുള്ള ശിക്ഷാവിധി വെറും തടവിനുള്ള ശിക്ഷാവിധിയേക്കാൾ തീവ്രമായ തരത്തിലുള്ളതാണെന്ന് കരുതപ്പെടുന്നതാകുന്നു.

427. മറെറാരു കുററത്തിന്, മുമ്പേതന്നെ ശിക്ഷവിധിച്ചിട്ടുള്ള കുററക്കാരനുള്ള ശിക്ഷാവിധി.— (1) മുമ്പേ തടവുശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാളെ പിന്നീടുള്ള കുററസ്ഥാപനത്തിന് തടവിനോ, ജീവപര്യന്തത്തടവിനോ ഉള്ള ശിക്ഷയ്ക്കു വിധിക്കുമ്പോൾ, അങ്ങനെയുള്ള തടവോ, ജീവപര്യന്തത്തടവോ, പിന്നീടുള്ള ശിക്ഷാവിധി മുൻശിക്ഷാവിധിയുടെ സമവർത്തിയായിരിക്കേണ്ടതാണെന്ന് കോടതി നിദേശിക്കാത്തപക്ഷം, അയാളെ മുമ്പ് ശിക്ഷയ്ക്കു വിധിച്ചിട്ടുള്ള തടവു അവസാനിക്കുന്നതോടെ ആരംഭിക്കുന്നതാകുന്നു ;

എന്നാൽ ജാമ്യം നല്കുവാൻ വീഴ്ചവരുത്തിയതിൻമേൽ 122-ാം വകുപ്പിൻ കീഴിലുള്ള ഉത്തരവിനാൽ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടിട്ടുള്ള ഒരാൾ അങ്ങനെയുള്ള ശിക്ഷാവിധി അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, അങ്ങനെയുള്ള ഉത്തരവു ചെയ്യുന്നതിന് മുമ്പ് ചെയ്ത ഒരു കുററത്തിന് തടവുശിക്ഷയ്ക്കു വിധിക്കപ്പെടുന്നിടത്ത് രണ്ടാമതു പറഞ്ഞ ശിക്ഷാവിധി ഉടനെ ആരംഭിക്കുന്നതാണ്.

(2) മുമ്പേ ജീവപര്യന്തത്തടവിനുള്ള ശിക്ഷാവിധി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാൾ, പിന്നീടുള്ള കുററസ്ഥാപനത്തിൻമേൽ ഒരു കാലാവധി

യ്ക്കുള്ള തടവിനോ ജീവപര്യന്തത്തടവിനോ ഉള്ള ശിക്ഷക്കു വിധിക്കപ്പെടുമ്പോൾ, പിന്നീടുള്ള ശിക്ഷാവിധി, അങ്ങനെയുള്ള മുൻശിക്ഷാവിധിയുടെ സമവർത്തിയായിരിക്കുന്നതാണ്.

428. പ്രതി അനുഭവിച്ച തടങ്കൽ കാലാവധി തടവുശിക്ഷാവിധിയിൽ നിന്ന് തട്ടിക്കഴിക്കേണ്ടതാണെന്ന്.—പ്രതിക്ക് കുററസ്ഥാപനത്തിൻമേൽ ഒരു കാലാവധിക്കുള്ള തടവുശിക്ഷ വിധിച്ചിട്ടുള്ളിടത്ത്, അന്വേഷണത്തിന്റെയോ അന്വേഷണവിചാരണയുടെയോ വിചാരണയുടെയോ കാലത്തും, അങ്ങനെയുള്ള കുററസ്ഥാപനത്തിന്റെ തീയതിക്കുമുമ്പുമായി അയാൾ അനുഭവിച്ച തടങ്കൽ വല്ലതുമുണ്ടെങ്കിൽ, അതിന്റെ കാലാവധി അങ്ങനെയുള്ള കുററസ്ഥാപനത്തിൻമേൽ അയാളുടെമേൽ ചുമത്തുന്ന തടവിന്റെ കാലാവധിയിൽനിന്ന് തട്ടിക്കിഴിക്കേണ്ടതും, അങ്ങനെയുള്ള കുററസ്ഥാപനത്തിൽ തടവ് അനുഭവിക്കാനുള്ള അങ്ങനെയുള്ള ആളുടെ അർഹത, അയാളുടെമേൽ ചുമത്തിയ തടവിന്റെ കാലാവധിയിൽ വല്ലതും അവശേഷിക്കുന്നുണ്ടെങ്കിൽ, അതിനുമാത്രമായി പരിമിതപ്പെടുത്തേണ്ടതും ആകുന്നു.

429. ഒഴിവാക്കൽ.—(1) 426-ാം വകുപ്പിലോ, 427-ാം വകുപ്പിലോ ഉള്ള യാതൊന്നും, മുമ്പിലത്തേതോ പിന്നീടുള്ളതോ ആയ കുററസ്ഥാപനത്തിൻമേൽ ഏതെങ്കിലും ആൾ, ഏതു ശിക്ഷയ്ക്കാണോ അർഹനായിട്ടുള്ളത്, ആ ശിക്ഷയുടെ ഏതെങ്കിലും ഭാഗത്തിൽനിന്ന് അയാളെ ഒഴിവാക്കുന്നതായി തീരുമാനിക്കപ്പെടുന്നതല്ല.

(2) പിഴ ഒടുക്കാൻ വീഴ്ച വരുത്തിയാലുള്ള തടവുശിക്ഷ അവാർഡ് ചെയ്യുന്നത് തടവിനുള്ള മുഖ്യശിക്ഷാവിധിയോട് അനുബന്ധിച്ചിരിക്കുകയും, ശിക്ഷാവിധി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആൾ, അതു നടപ്പാക്കപ്പെട്ടതിനുശേഷം തടവിന് വീണ്ടുമുള്ള മുഖ്യശിക്ഷാവിധിയോ മുഖ്യശിക്ഷാവിധികളോ അനുഭവിക്കേണ്ടതായിരിക്കുകയും ചെയ്യുമ്പോൾ, അയാൾ വീണ്ടുമുള്ള ശിക്ഷാവിധിയോ, ശിക്ഷാവിധികളോ അനുഭവിച്ചുകഴിയുന്നതുവരെ പിഴ ഒടുക്കുന്നതിന് വീഴ്ച വരുത്തിയാലുള്ള തടവുശിക്ഷയുടെ അവാർഡിന് പ്രഭാവം നല്കപ്പെടുന്നതല്ല.

430. ശിക്ഷാവിധി നടപ്പാക്കിയതിൻമേൽ വാറന്റ് മടക്കൽ.—ശിക്ഷാവിധി പൂർണ്ണമായി നടപ്പാക്കിയിട്ടുള്ളപ്പോൾ, അതു നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ, വാറന്റ്, അതു പുറപ്പെടുവിച്ച കോടതിക്ക്, ശിക്ഷാവിധി നടപ്പാക്കിയ രീതി സർട്ടിഫൈ ചെയ്തുകൊണ്ട് തന്റെ കൈയൊപ്പിൻ കീഴിലുള്ള എൻഡോഴ്സ്മെന്റ് സഹിതം മടക്കേണ്ടതാകുന്നു.

431. കൊടുക്കാൻ ഉത്തരവു ചെയ്ത പണം പിഴയെന്നപോലെ വസൂലാക്കാമെന്ന്.—ഈ നിയമസംഹിതയിൻകീഴിൽ ചെയ്ത ഏതെങ്കിലും ഉത്തരവിന്റെ ബലത്തിൽ കൊടുക്കാനുള്ളതും, വസൂലാക്കുന്ന സമ്പ്രദായത്തിന് മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ (പിഴയല്ലാത്ത) ഏതെങ്കിലും പണം പിഴയായിരുന്നാലെന്നപോലെ, വസൂലാക്കപ്പെടാവുന്നതാണ്:

എന്നാൽ, 421-ാം വകുപ്പിന്, അത് ഈ വകുപ്പിന്റെ ബലത്തിൽ 359-ാം വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവിന് ബാധകമാകുന്നതിൽ, 421-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ പരിമിത വ്യവസ്ഥയിൽ "357-ാം വകുപ്പിൻകീഴിലുള്ള ഉത്തരവ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ശേഷം, "അല്ലെങ്കിൽ 359-ാം വകുപ്പിൻകീഴിൽ ചെലവുകൾ കൊടുക്കാനുള്ള ഉത്തരവ്" എന്ന വാക്കുകളും അക്കങ്ങളും ചേർത്തിരുന്നാലെന്നപോലെ അർത്ഥം കല്പിക്കേണ്ടതാകുന്നു.

## ഞ.—ശിക്ഷാവിധികളുടെ നിറുത്തിവയ്ക്കലും ഇളവുചെയ്യലും ലഘൂകരിക്കലും

432. **ശിക്ഷാവിധികൾ നിറുത്തിവയ്ക്കാനോ ഇളവു ചെയ്യാനോ ഉള്ള അധികാരം.**—(1) ഏതെങ്കിലും ആളെ ഒരു കുറ്റത്തിന് ശിക്ഷയ്ക്കു വിധിച്ചിട്ടുള്ളപ്പോൾ, സമുചിത ഗവൺമെൻറിന്, ഏതു സമയത്തും ഉപാധികൾ കൂടാതെയോ അല്ലെങ്കിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആൾ സ്വീകരിക്കുന്ന ഏതെങ്കിലും ഉപാധികളിൻമേലോ അയാളുടെ ശിക്ഷാവിധി നടപ്പാക്കുന്നത് നിറുത്തിവയ്ക്കുകയോ, അല്ലെങ്കിൽ അയാൾക്ക് വിധിച്ചിട്ടുള്ള ശിക്ഷ മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ ഇളവു ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) ഒരു ശിക്ഷാവിധി നിറുത്തിവയ്ക്കുന്നതിനോ ഇളവുചെയ്യാനോ സമുചിത ഗവൺമെൻറിന് അപേക്ഷ കൊടുക്കുമ്പോഴെല്ലാം, അതിന് ഏതു കോടതിമുമ്പാകെയോ, കോടതിയാലോ ആണോ കുറ്റസ്ഥാപനം ചെയ്യുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്തത്, ആ കോടതിയുടെ അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിയോട്, ആ അപേക്ഷ അനുവദിക്കണമോ നിരസിക്കണമോ എന്നതു സംബന്ധിച്ച്, അദ്ദേഹത്തിൻെറ അഭിപ്രായം, അങ്ങനെയുള്ള അഭിപ്രായത്തിന് അദ്ദേഹത്തിനുള്ള കാരണങ്ങൾസഹിതം പ്രസ്താവിക്കാനും, കൂടാതെ അങ്ങനെയുള്ള അഭിപ്രായപ്രസ്താവത്തോടൊപ്പം വിചാരണയുടെ റിക്കാർഡിൻേറയോ നിലവിലുള്ള റിക്കാർഡിൻേറയോ സർട്ടിഫൈ ചെയ്ത പകർപ്പ് അയക്കാനും ആവശ്യപ്പെടാവുന്നതാണ്.

(3) ഏത് ഉപാധിയിൻമേലാണോ, ഒരു ശിക്ഷാവിധി നിറുത്തിവയ്ക്കുകയോ, ഇളവു ചെയ്യുകയോ ചെയ്തിട്ടുള്ളത്, ആ ഉപാധി സമുചിത ഗവൺമെൻറിൻെറ അഭിപ്രായത്തിൽ നിറവേറിയിട്ടില്ലെങ്കിൽ, സമുചിത ഗവൺമെൻറിന്, ആ നിറുത്തിവയ്ക്കലോ ലഘൂകരിക്കലോ റദ്ദാക്കാവുന്നതും, അപ്പോൾ, ആർക്ക് അനുകൂലമായാണോ ശിക്ഷാവിധി നിറുത്തിവയ്ക്കുകയോ ലഘൂകരിക്കുകയോ ചെയ്തിട്ടുള്ളത്, അയാൾ സ്വതന്ത്രനാണെങ്കിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് വാറൻറ് കൂടാതെ അറസ്റ്റ് ചെയ്യാവുന്നതും, ശിക്ഷാവിധിയുടെ അനുഭവിച്ചു കഴിഞ്ഞിട്ടില്ലാത്ത ഭാഗം അനുഭവിക്കാൻ അയാൾ റിമാൻഡ് ചെയ്യപ്പെടാവുന്നതും ആണ്.

(4) ഈ വകുപ്പിൻകീഴിൽ ശിക്ഷാവിധി നിറുത്തിവയ്ക്കുകയോ ഇളവു ചെയ്യുകയോ ചെയ്യുന്നത് ഏത് ഉപാധിയിൻമേലാണോ, ആ ഉപാധി, ശിക്ഷാവിധി നിറുത്തിവയ്ക്കുകയോ ഇളവു ചെയ്യുകയോ ചെയ്യുന്നത്, ആർക്ക് അനുകൂലമായാണോ അയാൾ നിറവേറേണ്ടതോ അല്ലെങ്കിൽ അയാളുടെ ഇച്ഛക്ക് അനപേക്ഷിതമായതോ ആയിരിക്കാവുന്നതാണ്.

(5) സമുചിത ഗവൺമെൻറിന് സാധാരണ മായ ചട്ടങ്ങളോ പ്രത്യേകമായ ഉത്തരവുകളോ വഴി, ശിക്ഷാവിധികൾ നിറുത്തിവയ്ക്കുന്നത് സംബന്ധിച്ച്, ഏത് ഉപാധികളിൻമേലാണോ ഹർജികൾ ബോധിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യേണ്ടത് എന്നതു സംബന്ധിച്ചും നിദേശം നല്കാവുന്നതാണ്:

എന്നാൽ, പതിനെട്ടു വയസ്സിന് മീതെയുള്ള ഒരു പുരുഷന് (പിഴ ശിക്ഷാവിധി അല്ലാത്ത) ഏതെങ്കിലും ശിക്ഷാവിധി പാസ്സാക്കുന്ന സംഗതിയിൽ, ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആളാലോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ ഉള്ള, അങ്ങനെയുള്ള യാതൊരു ഹർജിയും ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആൾ ജയിലിൽ ആയിരിക്കുകയും,—

(ക) അങ്ങനെയുള്ള ഹർജികഠ ശിക്ഷയ്ക്കു വിധിക്കപ്പെട്ട ആഠ കൊടുക്കുന്നിടത്ത്, അത് ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ മുഖാന്തരം ബോധിപ്പിക്കുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഹർജി, മറേറതെങ്കിലും ആഠ കൊടുക്കുന്നിടത്ത്, അതിൽ ശിക്ഷയ്ക്കു വിധിക്കപ്പെട്ട ആഠ ജയിലിൽ ആണെന്നുള്ള ഒരു ഡിക്ലറേഷൻ ഉണ്ടായിരിക്കുകയോ;

ചെയ്യുകയും ചെയ്യാത്തപക്ഷം സ്വീകരിക്കപ്പെടുന്നതല്ല.

(6) മേല്പറഞ്ഞ ഉപവകുപ്പുകളിലെ വ്യവസ്ഥകഠ, ഈ നിയമസംഹിതയിലേയോ മറേറതെങ്കിലും നിയമത്തിലേയോ ഏതെങ്കിലും ആളുടെ സ്വാതന്ത്ര്യത്തെ പരിമിതിപ്പെടുത്തുന്നതോ, അയാഠക്കോ അയാളുടെ വസ്തുവിനോ ഏതെങ്കിലും ബാദ്ധ്യത ചുമത്തുന്നതോ ആയ ഏതെങ്കിലും വകുപ്പിൻകീഴിൽ ഒരു ക്രിമിനൽകോടതി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവിനും ബാധകമാകുന്നതാണ്.

(7) ഈ വകുപ്പിലും 433-ാം വകുപ്പിലും "സമുചിതഗവൺമെൻറ്" എന്ന പദത്തിന്,—

(ക) ശിക്ഷാവിധി, യൂണിയന്റെ നിർവാഹകാധികാരം വ്യാപിക്കുന്ന വിഷയം സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിന് എതിരായിട്ടുള്ള ഒരു കുററത്തിനുള്ളതായിരിക്കുകയോ, അല്ലെങ്കിൽ (6)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉത്തരവു പാസ്സാക്കുന്നത് അങ്ങനെയുള്ള നിയമത്തിൻകീഴിലായിരിക്കുകയോ ചെയ്യുന്ന സംഗതികളിൽ, കേന്ദ്ര ഗവൺമെൻറ് എന്നും;

(ഖ) മററു സംഗതികളിൽ, ഏതു സ്റേററിനുള്ളിലാണോ കുററക്കാരൻ ശിക്ഷിക്കപ്പെടുന്നത്, അല്ലെങ്കിൽ മേല്പറഞ്ഞ ഉത്തരവു പാസ്സാക്കപ്പെടുന്നത്, ആ സ്റേററിലെ ഗവൺമെൻറ് എന്നും,

അർത്ഥമാകുന്നു.

433. ശിക്ഷാവിധി ലഘൂകരിക്കാനുള്ള അധികാരം.—ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആളുടെ സമ്മതം കൂടാതെ സമുചിത ഗവൺമെൻറിന്,—

(ക) മരണശിക്ഷാവിധി, ഇൻഡ്യൻശിക്ഷാനിയമസംഹിത വ്യവസ്ഥ ചെയ്യുന്ന മറേറതെങ്കിലും ശിക്ഷക്കുള്ളതായോ;

(ഖ) ജീവപര്യന്തത്തടവുശിക്ഷാവിധി, പതിന്നാലു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ള തടവിനോ പിഴയ്ക്കോ ഉള്ളതായോ;

(ഗ) കഠിന തടവിനുള്ള ശിക്ഷാവിധി, അയാളെ ഏതു കാലത്തേക്ക് ശിക്ഷിക്കാമായിരുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും കാലത്തേക്കുള്ള വെറും തടവിനോ പിഴയ്ക്കോ ഉള്ളതായോ;

(ഘ) വെറും തടവിനുള്ള ശിക്ഷാവിധി, പിഴയ്ക്കുള്ളതായോ;

ലഘൂകരിക്കാവുന്നതാണ്.

434. മരണശിക്ഷാവിധികളുടെ സംഗതിയിൽ, കേന്ദ്രഗവൺമെൻറിനുള്ള സമവർത്തിയായ അധികാരം.—സ്റേററ് ഗവൺമെൻറിന് 432-ം 433-ം വകുപ്പു കഠ നല്കുന്ന അധികാരങ്ങഠ, മരണശിക്ഷാവിധികളുടെ സംഗതിയിൽ കേന്ദ്ര ഗവൺമെൻറിനും പ്രയോഗിക്കാവുന്നതാണ്.

435. ചില കേസ്സുകളിൽ സ്റേററ് ഗവൺമെൻറ് കേന്ദ്രഗവൺമെൻറുമായി ആലോചിച്ചതിനുശേഷം പ്രവർത്തിക്കണമെന്ന്.—(1) ശിക്ഷാവിധി ഇളവു ചെയ്യാനോ ലഘൂകരിക്കാനോ സ്റേററ് ഗവൺമെൻറിന് 432-ം, 433-ം, വകുപ്പുകഠ നല്കുന്ന അധികാരങ്ങഠ, സ്റേററു ഗവൺമെൻറ് ശിക്ഷാവിധി,—

(ക) ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലീഷ്മെൻറ് ആക്റ്റ്, 1946 (1946-ലെ 25)-ൻകീഴിൽ ഏർപ്പെടുത്തിയ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെൻറോ ഈ നിയമസംഹിത അല്ലാത്ത ഏതെങ്കിലും കേന്ദ്ര ആക്റ്റിൻ കീഴിൽ കുററം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള മറേതെങ്കിലും ഏജൻസിയോ അന്വേഷണം നടത്തിയതോ ; അല്ലെങ്കിൽ

(ഖ) കേന്ദ്രഗവൺമെൻറിൻെറ വകയായ ഏതെങ്കിലും വസ്തുവിൻെറ ദുർവിനിയോഗമോ, അതു നശിപ്പിക്കലോ അതിന് നാശനഷ്ടം വരുത്തലോ ഉൾപ്പെടുന്നതോ ; അല്ലെങ്കിൽ

(ഗ) തൻെറ ഔദ്യോഗിക കർത്തവ്യനിർവ്വഹണത്തിൽ പ്രവർത്തിക്കുന്നതോ, പ്രവർത്തിക്കുന്നതായി കരുതപ്പെടുന്നതോ ആയ കേന്ദ്രഗവൺമെൻറിൻെറ സർവ്വീസിലുള്ള ഒരു ആൾ ചെയ്തതോ;

ആയ കുററത്തിനുള്ളതായിരിക്കുന്ന ഏതെങ്കിലും സംഗതിയിൽ, കേന്ദ്രഗവൺമെൻറുമായി ആലോചിച്ചതിനുശേഷമല്ലാതെ പ്രയോഗിക്കുവാൻ പാടുള്ളതല്ല.

(2) ഏതു കുററങ്ങളിൽ ചിലതാണോ യൂണിയൻെറ നിർവാഹകാധികാരം വ്യാപിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചവ ആയിരിക്കുന്നത്, അങ്ങനെയുള്ള കുററങ്ങൾക്ക് കുററസ്ഥാപനം ചെയ്യപ്പെടുകയും സമവർത്തിയായ വെവ്വേറെ കാലാവധികൾക്കുള്ള തടവുശിക്ഷ വിധിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരാളെ സംബന്ധിച്ച് ശിക്ഷാവിധികളുടെ നിറുത്തിവയ്ക്കലിനോ ഇളവു ചെയ്യലിനോ ലഘൂകരിക്കലിനോ സ്റേററ്റുഗവൺമെൻറ് പാസ്സാക്കുന്ന യാതൊരു ഉത്തരവിനും, യൂണിയൻെറ നിർവാഹകാധികാരം വ്യാപിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അങ്ങനെയുള്ള ആൾ ചെയ്ത കുററങ്ങൾ സംബന്ധിച്ച് അങ്ങനെയുള്ള ശിക്ഷാവിധിയുടെ, അതതു സംഗതിപോലെ, നിറുത്തിവയ്ക്കലിനോ ഇളവുചെയ്യലിനോ ലഘൂകരിക്കലിനോ കേന്ദ്രഗവൺമെൻറും ഉത്തരവ് ചെയ്യാത്തപക്ഷം, പ്രഭാവം ഉണ്ടായിരിക്കുന്നതല്ല.

## അദ്ധ്യായം XXXIII

## ജാമ്യവും ബാണ്ടുകളും സംബന്ധിച്ച വ്യവസ്ഥകൾ

436. <u>ഏതു സംഗതികളിൽ ജാമ്യം വാങ്ങണമെന്ന്.</u>— (1) ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുററത്തിന് കുററാരോപണം ചെയ്യപ്പെട്ട ആളല്ലാത്ത ഏതെങ്കിലും ആൾ, ഒരു പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനാൽ വാറൻറ് കൂടാതെ അറസ്ററ് ചെയ്യപ്പെടുകയോ, തടങ്കലിൽ വയ്ക്കപ്പെടുകയോ അല്ലെങ്കിൽ കോടതി മുമ്പാകെ ഹാജരാവുകയോ, കൊണ്ടുവരപ്പെടുകയോ ചെയ്യുകയും, അങ്ങനെയുള്ള ഉദ്യോഗസ്ഥൻെറ കസ്ററഡിയിൽ ആയിരിക്കുന്ന ഏതെങ്കിലും സമയത്തോ, അങ്ങനെയുള്ള കോടതി മുമ്പാകെയുള്ള നടപടികളുടെ ഏതെങ്കിലും ഘട്ടത്തിലോ, ജാമ്യം നല്കാൻ തയ്യാറായിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള ആൾ ജാമ്യത്തിൽ വിമോചിപ്പിക്കപ്പെടേണ്ടതാകുന്നു:

എന്നാൽ, അങ്ങനെയുള്ള ഉദ്യോഗസ്ഥനോ, കോടതിയ്ക്കോ യുക്തമെന്ന് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ആളിൽനിന്ന് ജാമ്യം വാങ്ങുന്നതിനുപകരം, അയാൾ, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്നതുപോലെ, തൻെറ ഹാജരാകുന്നതിന് ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ബാണ്ട് ഒപ്പിട്ടു പൂർത്തികരിക്കുന്നതിൻമേൽ, അയാളെ ഡിസ്ചാർജ്ജ് ചെയ്യാവുന്നതാണ്.

എന്നുമാത്രമല്ല, ഈ വകുപ്പിലെ യാതൊന്നും, 116-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഹാജരാകുന്നതിനുള്ള സമയവും സ്ഥലവും സംബന്ധിച്ച് ജാമ്യം ബോണ്ടിലെ ഉപാധികൾ ഒരാൾ അനുസരിക്കാതിരുന്നിട്ടുള്ളിടത്ത്, അതേ കേസ്സിൽ പിന്നീട് ഒരു അവസരത്തിൽ അയാൾ കോടതി മുമ്പാകെ ഹാജരാവുകയോ കസ്റ്റഡിയിൽ കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, കോടതിക്ക്, അയാളെ ജാമ്യത്തിൽ വിമോചിപ്പിക്കാൻ വിസമ്മതിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വിസമ്മതിക്കൽ അങ്ങനെയുള്ള ബോണ്ടിനാൽ ബദ്ധനായ ഏതെങ്കിലും ആളോട്, അതിലെ ദണ്ഡനത്തുക കെട്ടുവാൻ അവശ്യപ്പെടാനുള്ള 446-ാം വകുപ്പിൻ കീഴിലുള്ള കോടതിയുടെ അധികാരങ്ങൾക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതും ആകുന്നു.

437. <u>ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുററത്തിന്റെ സംഗതിയിൽ എപ്പോൾ ജാമ്യം വാങ്ങണമെന്ന്.</u>—(1) ജാമ്യം അനുവദിക്കേണ്ടതല്ലാത്ത ഏതെങ്കിലും കുററം ചെയ്തിട്ടുണ്ടെന്ന് കുററാരോപണം ചെയ്യപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ ഏതെങ്കിലും ആൾ, ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനാൽ വാറന്റുകൂടാതെ അറസ്റ്റു ചെയ്യപ്പെടുകയോ തടങ്കലിൽ വയ്ക്കപ്പെടുകയോ; അല്ലെങ്കിൽ അയാൾ ഹൈക്കോടതിയോ സെഷൻസ് കോടതിയോ അല്ലാത്ത ഒരു കോടതി മുമ്പാകെ ഹാജരാവുകയോ കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, അയാളെ ജാമ്യത്തിൽ വിമോചിപ്പിക്കാവുന്നതും എന്നാൽ മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് കുററക്കാരനാണെന്ന് വിശ്വസിക്കുവാൻ ന്യായമായ കാരണങ്ങൾ കാണപ്പെടുന്നുവെങ്കിൽ, അയാളെ അപ്രകാരം വിമോചിപ്പിക്കാൻ പാടുള്ളതല്ലാത്തതും ആകുന്നു:

എന്നാൽ അങ്ങനെയുള്ള കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള പതിനാറുവയസ്സിൽ താഴെയുള്ള ഏതെങ്കിലും ആളേയോ അല്ലെങ്കിൽ അങ്ങനെയുള്ള കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ത്രീയേയോ രോഗിയേയോ ദുർബലനേയോ ജാമ്യത്തിൽ വിമോചിപ്പിക്കണമെന്ന് കോടതിക്ക് നിദേശിക്കാവുന്നതാണ്:

എന്നുമാത്രമല്ല, പ്രതിയെ അന്വേഷണത്തിനിടയ്ക്ക് സാക്ഷികൾ തിരിച്ചറിയാൻവേണ്ടി ആവശ്യമായേക്കുമെന്നുള്ള വസ്തുത മാത്രം, ജാമ്യത്തിൽ വിമോചിപ്പിക്കുന്നതിന് അയാൾക്ക് മററുവിധത്തിൽ അവകാശം ഉണ്ടായിരിക്കുകയും, കോടതി നല്കുന്ന നിദേശങ്ങൾ താൻ അനുസരിക്കുമെന്ന് അയാൾ ഏലക്കുകയും ചെയ്യുന്നുവെങ്കിൽ, ജാമ്യം നല്കാൻ വിസമ്മതിക്കുന്നതിന് മതിയായ കാരണമായിരിക്കുന്നതല്ല.

(2) അതതുസംഗതിപോലെ, അന്വേഷണത്തിന്റേയോ അന്വേഷണവിചാരണയുടേയോ വിചാരണയുടേയോ ഏതെങ്കിലും ഘട്ടത്തിൽ, അങ്ങനെയുള്ള ഉദ്യോഗസ്ഥനോ കോടതിക്കോ, പ്രതി ജാമ്യംഅനുവദിക്കേണ്ടതല്ലാത്ത ഒരു കുററം ചെയ്തിട്ടുണ്ടെന്നു വിശ്വസിക്കാൻ ന്യായമായ കാരണങ്ങളില്ലെന്നും, എന്നാൽ അയാളുടെ അപരാധത്തെക്കുറിച്ച് വീണ്ടുമുള്ള അന്വേഷണവിചാരണയ്ക്ക് മതിയായ കാരണങ്ങൾ ഉണ്ടെന്നും തോന്നുന്നുവെങ്കിൽ, പ്രതിയെ അങ്ങനെയുള്ള അന്വേഷണവിചാരണ കഴിയുന്നതുവരെ ജാമ്യത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ കോടതിയോ സ്വവിവേകമുപയോഗിച്ച് നിശ്ചയിക്കുന്നതുപോലെ, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം, അയാൾ ഹാജരാകുന്നതിനുള്ള ജാമ്യക്കാരോടുകൂടിയതല്ലാത്ത ഒരു ബോണ്ട് അയാൾ ഒപ്പിട്ട് പൂർത്തികരിക്കുന്നതിൻമേലോ വിമോചിപ്പിക്കാവുന്നതാകുന്നു.

(3) ഏഴുവർഷത്തോളമോ അതിൽ അധികമോ ആകാവുന്ന തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററമോ അല്ലെങ്കിൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിത VI-ാം അദ്ധ്യായത്തിനോ XVI-ാം അദ്ധ്യായത്തിനോ XVII-ാം അദ്ധ്യായത്തിനോ കീഴിലുള്ള ഒരു കുററമോ ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററത്തിന് പ്രേരണ നല്കുകയോ, അതു ചെയ്യാൻ ഗൂഢാലോചന ചെയ്യുകയോ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടെന്നോ, കുററാരോപണം ചെയ്യപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ ഒരാൾ (1)-ാം ഉപവകുപ്പിൻ കീഴിൽ ജാമ്യത്തിൽ വിമോചിപ്പിക്കപ്പെടുമ്പോൾ, കോടതിക്ക്—

(ക) ഈ അദ്ധ്യായത്തിൻകീഴിൽ ഒപ്പിട്ടു പൂർത്തീകരിച്ച ബോണ്ടിലെ ഉപാധികൾ അനുസരിച്ച് അങ്ങനെയുള്ള ആൾ ഹാജരാകുമെന്നുള്ളത് ഉറപ്പുവരുത്താൻ വേണ്ടിയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആൾ, അയാൾ ഏതു കുററത്തിനാണോ കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ അയാൾ ഏതു കുററം ചെയ്തതായിട്ടാണോ സംശയിക്കപ്പെടുന്നത്, അങ്ങനെയുള്ള കുററത്തിന് സദൃശമായ ഒരു കുററം ചെയ്യുകയില്ലെന്നു ഉറപ്പുവരുത്താൻ വേണ്ടിയോ; അല്ലെങ്കിൽ

(ഗ) മററു വിധത്തിൽ നീതിയുടെ താത്പര്യത്തിനോ,

ആവശ്യകമാണെന്ന് കോടതി കരുതുന്ന ഏതെങ്കിലും ഉപാധി ചുമത്താവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ ഏതെങ്കിലും ആളെ ജാമ്യത്തിൽ വിമോചിപ്പിക്കുന്ന ഉദ്യോഗസ്ഥനോ കോടതിയോ അപ്രകാരം ചെയ്യുന്നതിന് അയാൾക്കോ അതിനോ ഉള്ള കാരണങ്ങൾ ലിഖിതമായി റിക്കാർഡാക്കേണ്ടതാകുന്നു.

(5) (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ ഒരാളെ ജാമ്യത്തിൽ വിമോചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കോടതിക്ക്, അങ്ങനെയുള്ള ആളെ അറസ്ററ്ചെയ്യണമെന്നു നിർദേശിക്കുകയും, അയാളെ കസ്ററഡിയിലേക്ക് കമ്മിററ് ചെയ്യുകയും ചെയ്യുന്നത് ആവശ്യകമാണെന്ന് അതിന് കരുതുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതാണ്.

(6) ഒരു മജിസ്ട്രേററിനാൽ വിചാരണ ചെയ്യപ്പെടാവുന്ന ഏതെങ്കിലും കേസ്സിൽ ജാമ്യം അനുവദിക്കേണ്ടതല്ലാത്ത ഏതെങ്കിലും കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഒരാളുടെ വിചാരണ, ആ കേസ്സിൽ തെളിവ് എടുക്കാൻ നിശ്ചയിച്ചിട്ടുള്ള ആദ്യത്തെ തീയതി മുതൽ അറുപതു ദിവസത്തിനകം അവസാനിക്കുന്നില്ലെങ്കിൽ, അങ്ങനെയുള്ള ആൾ മേല്പറഞ്ഞ മുഴുവൻ കാലയളവിലും കസ്ററഡിയിലാണെങ്കിൽ, അയാളെ, ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ മജിസ്ട്രേററ് മററു വിധത്തിൽ നിർദേശിക്കാത്തപക്ഷം, അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്ന ജാമ്യത്തിൻമേൽ വിമോചിപ്പിക്കേണ്ടതാകുന്നു.

(7) ജാമ്യം അനുവദിക്കേണ്ടതില്ലാത്ത ഒരു കുററത്തിന് കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഒരാളുടെ വിചാരണ അവസാനിച്ചതിനുശേഷവും, വിധി പ്രസ്താവിക്കുന്നതിനു മുമ്പും ഉള്ള ഏതെങ്കിലും സമയത്ത്, അയാൾ അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് അപരാധിയല്ലെന്നു വിശ്വസിക്കാൻ ന്യായമായ കാരണങ്ങളുണ്ടെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, അത് അയാൾ കസ്ററഡിയിലാണെങ്കിൽ വിധി പ്രസ്താവിക്കുന്നതു കേൾക്കാൻ അയാൾ ഹാജരാകുന്നതിന് ജാമ്യക്കാരോടു കൂടിയതല്ലാത്ത ഒരു ബോണ്ട് അയാൾ ഒപ്പിട്ടു പൂർത്തീകരിക്കുന്നതിൻമേൽ അയാളെ വിമോചിപ്പിക്കേണ്ടതാകുന്നു.

438. അറസ്റ്റ് ചെയ്യപ്പെടുമെന്ന് ആശങ്കയുള്ള ആശക്ക് ജാമ്യം നല്കുന്നതിനുള്ള നിദേശം.—(1) ജാമ്യം അനുവദിക്കേണ്ടതല്ലാത്ത ഒരു കുററം ചെയ്തിട്ടുണ്ടെന്നുള്ള കുററാരോപണത്തിൻമേൽ താൻ അറസ്റ്റ് ചെയ്യപ്പെട്ടേക്കാമെന്ന് ഏതെങ്കിലും ആശക്ക് വിശ്വസിക്കാൻ കാരണമുള്ളപ്പോൾ, അയാശക്ക് ഈ വകുപ്പിൻകീഴിലുള്ള നിദേശത്തിന് ഹൈക്കോടതിയോടോ സെഷൻസ്കോടതിയോടോ അപേക്ഷിക്കാവുന്നതും, ആ കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള അറസ്റ്റ് സംഭവിക്കുകയാണെങ്കിൽ അയാളെ ജാമ്യത്തിൽ വിമോചിപ്പിക്കേണ്ടതാണെന്നു നിദേശിക്കാവുന്നതും ആണ്.

(2) ഹൈക്കോടതിയോ സെഷൻസ്കോടതിയോ (1)-ാം ഉപവകുപ്പിൻ കീഴിൽ നിദേശം നല്കുമ്പോശ, അതിന് അങ്ങനെയുള്ള നിദേശങ്ങളിൽ—

(i) ആ ആശ പോലീസ് ഉദ്യോഗസ്ഥനാൽ ചോദ്യംചെയ്യപ്പെടുന്നതിന്നായി ആവശ്യപ്പെടുമ്പോഴെല്ലാം താൻ ഉണ്ടായിരിക്കേണ്ടതാണെന്നുള്ള ഉപാധിയും;

(ii) ആ ആശ കേസ്സിന്റെ വസ്തുതകളെപ്പററി നേരിട്ടറിവുള്ള ഏതെങ്കിലും ആശ അങ്ങനെയുള്ള വസ്തുതകശ, കോടതിയ്ക്കോ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ വെളിപ്പെടുത്തുന്നതിൽ നിന്ന് അയാളെ പിൻതിരിക്കാനായി അയാശക്ക് നേരിട്ടോ, അല്ലാതെയോ വല്ല പ്രചോദനമോ, ഭീഷണിയോ വാഗ്ദാനമോ നല്കുകയില്ലെന്നുള്ള ഉപാധിയും;

(iii) ആ ആശ കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ ഇൻഡ്യ വിടുകയില്ലെന്നുള്ള ഉപാധിയും;

(iv) ജാമ്യം നല്കിയിട്ടുള്ളത് 437-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ, ആയിരുന്നാലെന്നപോലെ, ആ വകുപ്പിൻകീഴിൽ ചുമത്തുന്ന മററേതെങ്കിലും ഉപാധിയും, ഉശപ്പെടെ ആ പ്രത്യേക കേസ്സിലെ വസ്തുതകളുടെ വെളിച്ചത്തിൽ യുക്തമെന്നു തോന്നുന്ന ഉപാധികശ ഉശപ്പെടുത്താവുന്നതാണ്.

(3) അങ്ങനെയുള്ള ആശ, അതിനുശേഷം അങ്ങനെയുള്ള കുററാരോപണത്തിൻമേൽ, ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനാൽ വാറന്റു കൂടാതെ അറസ്റ്റ് ചെയ്യപ്പെടുകയും, അറസ്റ്റ് സമയത്തോ അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ കസ്റ്റഡിയിലിരിക്കുമ്പോശ ഏതെങ്കിലും സമയത്തോ, ജാമ്യം നല്കുവാൻ തയ്യാറാവുകയും ചെയ്യുന്നുവെങ്കിൽ അയാളെ ജാമ്യത്തിൽ വിമോചിപ്പിക്കേണ്ടതും; അങ്ങനെയുള്ള കുററം നടപടിക്കെടുക്കുന്ന മജിസ്ട്രേററ് ആദ്യമായിത്തന്നെ ആ ആശക്കെതിരായി വാറന്റ് പുറപ്പെടുവിക്കേണ്ടതാണെന്ന് തീരുമാനിക്കുന്നുവെങ്കിൽ, അദ്ദേഹം (1)-ാം ഉപവകുപ്പിൻ കീഴിലുള്ള കോടതിയുടെ നിദേശത്തിനനുരൂപമായി ജാമ്യം അനുവദിക്കേണ്ട വാറന്റ് പുറപ്പെടുവിക്കേണ്ടതും ആകുന്നു.

439. ജാമ്യം സംബന്ധിച്ച് ഹൈക്കോടതിക്കോ സെഷൻസ്കോടതിക്കോ ഉള്ള പ്രത്യേകാധികാരങ്ങശ.—(1) ഹൈക്കോടതിക്കോ, സെഷൻസ്കോടതിക്കോ—

(ക) കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ളതും കസ്റ്റഡിയിലുള്ളതുമായ ഏതെങ്കിലും ആളെ ജാമ്യത്തിൽ വിമോചിപ്പിക്കണമെന്നു നിദേശിക്കുകയും കുററം 437-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച പ്രകൃതത്തിലുള്ളതാണെങ്കിൽ, ആ ഉപവകുപ്പിൽ പറഞ്ഞ കാര്യങ്ങശക്ക് ആവശ്യകമാണെന്ന് അതു കരുതുന്ന ഏതെങ്കിലും ഉപാധി ചുമത്തുകയും ചെയ്യാവുന്നതും;

(ഖ) ഏതെങ്കിലും ആളെ ജാമ്യത്തിൽ മോചിപ്പിക്കുമ്പോൾ മജിസ്ട്രേററ് ചുമത്തിയ ഏതെങ്കിലും ഉപാധ ദുർബലപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യണമെന്നും നിർദേശിക്കാവുന്നതും ആകുന്നു:

എന്നാൽ, കേവലം സെഷൻസ് കോടതിയാൽ വിചാരണ ചെയ്യപ്പെടാവുന്നതോ, അംല്ലങ്കിൽ അപ്രകാരം വിചാരണ ചെയ്യപ്പെടാവുന്നതല്ലെങ്കിലും ജീവപര്യന്തത്തടവു നല്കി ശിക്ഷിക്കപ്പെടാവുന്നതോ ആയ കുററത്തിന് കുററാരോപണം ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്ക് ജാമ്യം നല്കുന്നതിനു മുൻപ് ഹൈക്കോടതിയോ സെഷൻസ് കോടതിയോ, അതിന് പബ്ലിക് പ്രാസിക്യൂട്ടർക്ക് ജാമ്യത്തിനുള്ള അപേക്ഷയെക്കുറിച്ച് നോട്ടീസ് നല്കുന്നത് പ്രായോഗികമല്ലെന്ന്, ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ അഭിപ്രായമില്ലാത്തപക്ഷം, അപ്രകാരം നോട്ടീസ് നല്കേണ്ടതാകുന്നു.

(2) ഹൈക്കോടതിയ്ക്കോ സെഷൻസ് കോടതിയ്ക്കോ, ഈ അദ്ധ്യായത്തിൻകീഴിൽ ജാമ്യത്തിൽ വിമോചിപ്പിക്കപ്പെട്ട ഏതെങ്കിലും ആളെ അറസ്ററ് ചെയ്യാൻ നിദേശിക്കുകയും കസ്ററഡിയിലേയ്ക്ക് കമ്മിററു ചെയ്യുകയും ചെയ്യാവുന്നതാണ്.

440. ബാണ്ടിന്റെ തുകയും അതു കുറയ്ക്കലും.—(1) ഈ അദ്ധ്യായത്തിൻ കീഴിൽ ഒപ്പിട്ടു പൂരത്തീകരിക്കപ്പെടുന്ന ഏതൊരു ബാണ്ടിലേയും തുക കേസ്സിന്റെ പരിതഃസ്ഥിതികൾക്ക് തക്ക പരിഗണന നല്കിക്കൊണ്ട് നിശ്ചയിക്കേണ്ടതും, അത് അത്യധികമാകാൻ പാടില്ലാത്തതും ആകുന്നു.

(2) ഒരു പോലീസ് ഉദ്യോഗസ്ഥനോ മജിസ്ട്രേററാ ആവശ്യപ്പെട്ട ജാമ്യം കുറയ്ക്കണമെന്ന് ഹൈക്കോടതിയ്ക്കോ സെഷൻസ്കോടതിക്കോ, നിദേശിക്കാവുന്നതാണ്.

441. പ്രതിയുടേയും ജാമ്യക്കാരുടേയും ബാണ്ട്.—(1) ഏതെങ്കിലും ആളെ ജാമ്യത്തിൻമേലോ അയാളുടെ സ്വന്തം ബാണ്ടിൻമേലോ വിമോചിപ്പിക്കുന്നതിനു മുമ്പായി, അതതു സംഗതിപോലെ, പോലീസ് ഉദ്യോഗസ്ഥനോ കോടതിയ്ക്കോ മതിയായതാണെന്ന് തോന്നുന്ന തുകയ്ക്കുള്ള ബാണ്ട്, അങ്ങനെയുള്ള ആളും അയാളെ ജാമ്യത്തിൽ വിമോചിപ്പിക്കുന്നതാകുമ്പോൾ, അയാൾ ബാണ്ടിൽ പറഞ്ഞ സമയത്തും സ്ഥലത്തും സന്നിഹിതനാകുമെന്നും, അതതു സംഗതിപോലെ, പോലീസ് ഉദ്യോഗസ്ഥനോ കോടതിയോ മററുവിധത്തിൽ നിദേശിക്കുന്നതുവരെ, അപ്രകാരം സന്നിഹിതനാകുന്നതു തുടരുമെന്നുമുള്ള ഉപാധിയോടെ, ഒന്നോ അതിലധികമോ മതിയായ ജാമ്യക്കാരും ഒപ്പിട്ടു പൂർത്തീകരിക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ആളെ ജാമ്യത്തിൻമേൽ വിമോചിപ്പിക്കുന്ന ഏതെങ്കിലും ഉപാധി ചുമത്തുന്നിടത്ത്, ബാണ്ടിൽ ആ ഉപാധി അടങ്ങിയിരിക്കേണ്ടതാകുന്നു.

(3) കേസ്സിന് ആവശ്യമാണെങ്കിൽ ബാണ്ട് ചാർജ്ജിന് ഉത്തരം പറയുവാനായി, ഹൈക്കോടതിയിലോ സെഷൻസ് കോടതിയിലോ മററു കോടതിയിലോ ആവശ്യപ്പെടുമ്പോൾ ഹാജരാകാൻ, ജാമ്യത്തിൽ വിമോചിപ്പിക്കപ്പെട്ട ആളെ ബാണ്ട് ബദ്ധനാക്കേണ്ടതും ആകുന്നു.

(4) ജാമ്യക്കാർ തക്കവരോ മതിയായവരോ ആണോ എന്ന് തീരുമാനിക്കുന്നതിനുവേണ്ടി കോടതിക്ക് സത്യവാങ്മൂലങ്ങൾ ജാമ്യക്കാർ മതിയായവരോ തക്കവരോ ആണോ എന്നതു സംബന്ധിച്ച്, അവയിൽ അടങ്ങുന്ന വസ്തുതകൾ തെളിയിക്കുന്നതായി സ്വീകരിക്കുകയോ, അല്ലെങ്കിൽ, ആവശ്യകമാണെന്ന് കരുതുന്നുവെങ്കിൽ, അങ്ങനെ മതിയായവരോ തക്കവരോ ആണോ എന്നതിന് സംബന്ധിച്ച് സ്വയം അന്വേഷണ വിചാരണ നടത്തുകയോ അല്ലെങ്കിൽ

അതിന് കീഴിലുള്ള ഒരു മജിസ്ട്രേററിനാൽ അന്വേഷണവിചാരണ നടത്തിക്കുകയോ ചെയ്യാവുന്നതാണ്.

442. കസ്ററഡിയിൽനിന്ന് ഡിസ്ചാർജ്ചെയ്യൽ.—(1) ബാണ്ട് ഒപ്പിട്ടു പൂർത്തീകരിച്ച ഉടൻ, ആര് ഹാജരാകുന്നതിനാണോ അത് ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളത്, അയാളെ വിമോചിപ്പിക്കേണ്ടതും, അയാൾ ജയിലിലായിരിക്കുമ്പോൾ, അയാൾക്ക് ജാമ്യം അനുവദിക്കുന്ന കോടതി, ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് വിമോചന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, ആ ഉത്തരവു കിട്ടുമ്പോൾ അയാളെ വിമോചിപ്പിക്കേണ്ടതും ആകുന്നു.

(2) ഈ വകുപ്പിലോ, 436-ാം വകുപ്പിലോ, 437-ാം വകുപ്പിലോ ഉള്ള യാതൊന്നും, ഏതു വിഷയം സംബന്ധിച്ചാണോ ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത്, അതല്ലാത്ത മറേറതെങ്കിലും വിഷയത്തിന് തടങ്കലിൽ വയ്ക്കപ്പെടാൻ അർഹനായിട്ടുള്ള ഏതെങ്കിലും ആളെ വിമോചിപ്പിക്കാൻ ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

443. ആദ്യം വാങ്ങിയ ജാമ്യം മതിയായതല്ലാത്തപ്പോൾ മതിയായ ജാമ്യത്തിന് ഉത്തരവ് ചെയ്യാനുള്ള അധികാരം.—തെററാലോ വഞ്ചനയാലോ മററുവിധത്തിലോ മതിയായവരല്ലാത്ത ജാമ്യക്കാരെ സ്വീകരിച്ചിട്ടുണ്ടെങ്കിലോ, അല്ലെങ്കിൽ അവർ പിന്നീട് മതിയായവരല്ലാത്തവരാവുകയാണെങ്കിലോ, കോടതിയ്ക്ക്, ജാമ്യത്തിൽ വിമോചിപ്പിക്കപ്പെട്ട ആളെ അതിന്റെ മുമ്പാകെ കൊണ്ടുവരണമെന്ന് നിദേശിക്കുന്ന അറസ്ററുവാറന്റ് പുറപ്പെടുവിക്കാവുന്നതും, മതിയായവരായ ജാമ്യക്കാരെ കണ്ടുപിടിക്കാൻ അയാളോട് ഉത്തരവ് ചെയ്യാവുന്നതും അയാൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അയാളെ ജയിലിലേയ്ക്ക് കമ്മിററ് ചെയ്യാവുന്നതുമാണ്.

444. ജാമ്യക്കാരെ ഡിസ്ചാർജ് ചെയ്യുന്നത്.—(1) ജാമ്യത്തിൻമേൽ വിമോചിപ്പിക്കപ്പെട്ട ആൾ സന്നിഹിതനാകുന്നതിനോ ഹാജരാകുന്നതിനോ ഉള്ള ജാമ്യക്കാർ എല്ലാവർക്കുമോ അവരിൽ ആർക്കെങ്കിലുമോ ഏതെങ്കിലും സമയത്ത് ബാണ്ടിലെ ബാദ്ധ്യത മുഴുവനായോ അല്ലെങ്കിൽ അപേക്ഷകൻമാരെ സംബന്ധിച്ചിടത്തോളമോ വിടുത്താൻ മജിസ്ട്രേററിനോട് അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെ അപേക്ഷ കൊടുക്കുന്നതിൻമേൽ, അങ്ങനെ വിമോചിപ്പിക്കപ്പെട്ട ആളെ തന്റെ മുമ്പാകെ കൊണ്ടുവരണമെന്ന് നിദേശിച്ചുകൊണ്ട് മജിസ്ട്രേററ് അറസ്ററിനുള്ള തന്റെ വാറന്റ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(3) അങ്ങനെയുള്ള ആൾ വാറന്റ് അനുസരിച്ച് ഹാജരാകുന്നതിൻമേലോ അല്ലെങ്കിൽ അയാൾ സ്വേച്ഛയാ കീഴടങ്ങുന്നതിൻമേലോ മജിസ്ട്രേററ്, ബാണ്ടിലെ ബാദ്ധ്യത മുഴുവനായോ അപേക്ഷകൻമാരെ സംബന്ധിച്ചിടത്തോളമോ വിടുത്താൻ നിദേശിക്കേണ്ടതും, മതിയായവരായ മററ് ജാമ്യക്കാരെ കണ്ടുപിടിക്കാൻ അങ്ങനെയുള്ള ആളോട് ആവശ്യപ്പെടേണ്ടതും അയാൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അയാളെ ജയിലിലേയ്ക്ക് കമ്മിററ് ചെയ്യേണ്ടതും ആകുന്നു.

445. ജാമ്യക്കച്ചീട്ടിന് പകരം ഡെപ്പാസിററ്.—ഏതെങ്കിലും ആളോട് ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കാൻ, ഏതെങ്കിലും കോടതിയോ ഉദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ, അങ്ങനെയുള്ള കോടതിയ്ക്കോ ഉദ്യോഗസ്ഥനോ, നല്ല പെരുമാററത്തിനുള്ള ബാണ്ടിന്റെ സംഗതിയിലൊഴികെ, അങ്ങനെയുള്ള ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്നതിനുപകരം പണമോ, കോടതിയോ ഉദ്യോഗസ്ഥനോ നിശ്ചയിക്കുന്ന

തുകയ്ക്കുള്ള ഗവൺമെൻറ്, പ്രാമിസ്സറിനോട്ടുകളോ ഡെപ്പാസിററ്ചെയ്യാൻ അയാളെ അനുവദിക്കാവുന്നതാണ്.

446. ബാണ്ടിലെ നഷ്ടജാമ്യത്തുക നഷ്ടപ്പെട്ടിരിക്കുമ്പോഴത്തെ നടപടിക്രമം.—(1) ഈ നിയമസംഹിതയിൻകീഴിലുള്ള ഒരു ബാണ്ട്, ഒരു കോടതി മുമ്പാകെ ഹാജരാകുന്നതിനോ വസ്തു ഹാജരാക്കുന്നതിനോ ഉള്ളതായിരിക്കുകയും, ബാണ്ടിലെ ജാമ്യസംഖ്യ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ആ കോടതിക്കോ കേസ്സ് പിന്നീടു മാററപ്പെട്ട ഏതെങ്കിലും കോടതിക്കോ ബോദ്ധ്യപ്പെടത്തക്കവണ്ണം തെളിയിക്കപ്പെടുകയും ചെയ്യുന്നിടത്തോ;

അല്ലെങ്കിൽ ഈ നിയമസംഹിതയിൻകീഴിലുള്ള മറേറതെങ്കിലും ബാണ്ട് സംബന്ധിച്ച് ബാണ്ടിലെ ജാമ്യത്തുക നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ബാണ്ട് വാങ്ങിയ കോടതിക്കോ, കേസ് പിന്നീട് മാററപ്പെട്ട ഏതെങ്കിലും കോടതിക്കോ, ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേററിന്റെ കോടതിക്കോ ബോദ്ധ്യപ്പെടത്തക്കവണ്ണം തെളിയിക്കപ്പെടുന്നിടത്തോ,

കോടതി അങ്ങനെ തെളിയിക്കപ്പെട്ടതിന്റെ കാരണങ്ങൾ റിക്കാർഡാക്കേണ്ടതും, ബാണ്ടിനാൽ ബദ്ധനായ ഏതെങ്കിലും ആളോട് അതിലെ പിഴസംഖ്യ കൊടുക്കുവാനോ അല്ലെങ്കിൽ അതു കൊടുക്കാതിരിക്കാൻ കാരണം കാണിക്കുവാനോ ആവശ്യപ്പെടാവുന്നതുമാണ്.

വിശദീകരണം.—കോടതിമുമ്പാകെ ഹാജരാകുന്നതിനോ വസ്തു ഹാജരാക്കുന്നതിനോ ഉള്ള ഒരു ബാണ്ടിലെ ഉപാധിയ്ക്ക് അതിൽ കേസ്സ് പിന്നീടു മാററപ്പെടുന്ന ഏതെങ്കിലും കോടതിമുമ്പാകെ, അതതു സംഗതിപോലെ, ഹാജരാകുന്നതിനോ വസ്തു ഹാജരാക്കുന്നതിനോ ഉള്ള ഉപാധി ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കപ്പെടുന്നതാണ്.

(2) മതിയായ കാരണം കാണിക്കാതിരിക്കുകയും പിഴസംഖ്യ കൊടുക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കോടതിയ്ക്ക്, അങ്ങനെയുള്ള പിഴസംഖ്യ, ഈ നിയമസംഹിതയിൻകീഴിൽ കോടതി ചുമത്തുന്ന പിഴ ആയിരുന്നാലെന്നപോലെ വസൂലാക്കാൻ തുടർന്നു നടപടി എടുക്കാവുന്നതാണ്.

(3) കോടതിക്ക്, സ്വവിവേകമുപയോഗിച്ച് മുൻപറഞ്ഞ പിഴസംഖ്യയുടെ ഏതെങ്കിലും ഭാഗം ഇളവുചെയ്യുകയും ഭാഗികമായിമാത്രം പണം കൊടുപ്പിക്കുകയും ചെയ്യാവുന്നതാണ്.

(4) ബാണ്ടിലെ ജാമ്യസംഖ്യ നഷ്ടപ്പെടുന്നതിനുമുമ്പായി ബാണ്ടിലെ ജാമ്യക്കാരൻ മരിച്ചുപോകുന്നിടത്ത് അയാളുടെ എസ്റേറററ് ബാണ്ട്സംബന്ധിച്ച എല്ലാ ബാദ്ധ്യതകളിൽനിന്നും വിടുതലപ്പെടുന്നതാണ്.

(5) 106-ാം വകുപ്പിനോ 117-ാം വകുപ്പിനോ 360-ാം വകുപ്പിനോ കീഴിൽ ജാമ്യം നല്കിയിട്ടുള്ള ഏതെങ്കിലും ആൾ, ഏത് കുററം ചെയ്യുന്നതാണോ അയാളുടെ ബാണ്ടിന്റെയോ, അയാളുടെ ബാണ്ടിന് പകരം 448-ാം വകുപ്പിൻകീഴിൽ ഒപ്പിട്ട് പൂർത്തീകരിക്കപ്പെടുന്ന ഒരു ബാണ്ടിന്റെയോ ഉപാധികളുടെ ലംഘനം ആകുന്നത്, അങ്ങനെയുള്ള കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത്, അയാളെ ആ കുററത്തിന് കുററസ്ഥാപനം ചെയ്ത കോടതിയുടെ വിധിന്യായത്തിന്റെ സർട്ടിഫൈ ചെയ്ത പകർപ്പ് അയാളുടെ ജാമ്യക്കാരനോ ജാമ്യക്കാർക്കോ എതിരായി, ഈ വകുപ്പിൻകീഴിലുള്ള നടപടികളിൽ തെളിവായി ഉപയോഗിക്കാവുന്നതും, അങ്ങനെയുള്ള സർട്ടിഫൈ ചെയ്ത പകർപ്പ് അപ്രകാരം ഉപയോഗിക്കപ്പെടുന്നുവെങ്കിൽ, കോടതി, വിപരീതമായത് തെളിയിക്കപ്പെടാത്തപക്ഷം, അയാൾ അങ്ങനെയുള്ള കുററം ചെയ്തു എന്ന് അനുമാനിക്കേണ്ടതും ആകുന്നു.

447. ജാമ്യക്കാരൻ നിർധനനാവുകയോ മരിച്ചുപോവുകയോ ചെയ്യുന്ന സംഗതിയിലോ ജാമ്യസംഖ്യ നഷ്ടപ്പെട്ടിരിക്കുമ്പോഴോ ഉള്ള നടപടിക്രമം.—ഈ നിയമസംഹിതയിൻകീഴിലുള്ള ഒരു ബോണ്ടിലെ ഏതെങ്കിലും ജാമ്യക്കാരൻ, നിർധനനായിത്തീരുകയോ മരിച്ചുപോവുകയോ ചെയ്യുമ്പോഴോ, അല്ലെങ്കിൽ 446-ാംവകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ ഏതെങ്കിലും ബോണ്ടിലെ ജാമ്യസംഖ്യ നഷ്ടപ്പെടുമ്പോഴോ, ഏതു കോടതിയുടെ ഉത്തരവ് പ്രകാരമാണോ അങ്ങനെയുള്ള ബോണ്ട് വാങ്ങിയത്, ആ കോടതിക്കോ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റിനോ, ആരിൽനിന്നാണോ അങ്ങനെയുള്ള ജാമ്യം ആവശ്യപ്പെട്ടിരുന്നത്, അയാളോട്, ആദ്യ ഉത്തരവിലെ നിർദ്ദേശാനുസരിച്ച് പുതിയ ജാമ്യം നല്കാൻ ഉത്തരവ് ചെയ്യാവുന്നതും, അങ്ങനെയുള്ള ജാമ്യം നല്കുന്നില്ലെങ്കിൽ അങ്ങനെയുള്ള കോടതിയ്ക്കോ മജിസ്ട്രേറ്റിനോ അങ്ങനെയുള്ള ആദ്യ ഉത്തരവ് അനുസരിക്കുന്നതിൽ വീഴ്ചയുണ്ടായിരുന്നാലെന്നപോലെ നടപടി എടുക്കാവുന്നതുമാണ്.

448. മൈനറിൽനിന്ന് ആവശ്യപ്പെടുന്ന ബോണ്ട്.—ഏതെങ്കിലും കോടതിയോ ഉദ്യോഗസ്ഥനോ ബോണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുവാൻ ആവശ്യപ്പെടുന്ന ആൾ മൈനർ ആയിരിക്കുമ്പോൾ, അങ്ങനെയുള്ള കോടതിയ്ക്കോ, ഉദ്യോഗസ്ഥനോ അതിനുപകരം ജാമ്യക്കാരനോ ജാമ്യക്കാരോ മാത്രം ഒപ്പിട്ടു പൂർത്തീകരിക്കുന്ന ബോണ്ട് സ്വീകരിക്കാവുന്നതാണ്.

449. 446-ാംവകുപ്പിൻകീഴിലുള്ള ഉത്തരവുകളിൽനിന്നുള്ള അപ്പീൽ.—446-ാംവകുപ്പിൻകീഴിൽ പാസ്സാക്കപ്പെടുന്ന എല്ലാ ഉത്തരവുകളും—

(i) മജിസ്ട്രേറ്റ് ചെയ്ത ഉത്തരവിന്റെ സംഗതിയിൽ, സെഷൻസ് ജഡ്ജിയ്ക്കും;

(ii) സെഷൻസ് കോടതി ചെയ്ത ഉത്തരവിന്റെ സംഗതിയിൽ, അങ്ങനെയുള്ള കോടതി ചെയ്ത ഉത്തരവിൽനിന്ന് ഏതു കോടതിയിലേക്കാണോ അപ്പീൽ ഉണ്ടായിരിക്കുന്നത്, ആ കോടതിയിലേക്കും,

അപ്പീൽ കൊടുക്കാവുന്നവ ആയിരിക്കുന്നതാണ്.

450. ചില ജാമ്യച്ചീട്ടുകളിന്മേൽ കൊടുക്കാനുള്ള തുകയുടെ ലെവിയ്ക്ക് നിർദ്ദേശം നല്കാനുള്ള അധികാരം.—ഹൈക്കോടതിയ്ക്കോ സെഷൻസ് കോടതിയ്ക്കോ അങ്ങനെയുള്ള ഹൈക്കോടതിയിലോ സെഷൻസ് കോടതിയിലോ ഹാജരാകുന്നതിനോ, സന്നിഹിതനാകുന്നതിനോ ഉള്ള ബോണ്ടിന്മേൽ കൊടുക്കാനുള്ള തുക ലെവിചെയ്യാൻ ഏതെങ്കിലും മജിസ്ട്രേറ്റിനെ നിർദ്ദേശിക്കാവുന്നതാണ്.

## അദ്ധ്യായം XXXIV

## വസ്തു വ്യയനം ചെയ്യൽ

451. ചില സംഗതികളിൽ വിചാരണ കഴിയുന്നതുവരെ വസ്തുവിന്റെ വ്യയനത്തിനുള്ള ഉത്തരവ്.—ഏതെങ്കിലും അന്വേഷണവിചാരണയുടേയോ, വിചാരണയുടേയോ ഇടയിൽ ഏതെങ്കിലും വസ്തു ഏതെങ്കിലും ക്രിമിനൽ കോടതിയുടെ മുമ്പാകെ ഹാജരാക്കുമ്പോൾ, കോടതിയ്ക്ക് അന്വേഷണവിചാരണയോ, വിചാരണയോ അവസാനിക്കുന്നതുവരെയ്ക്ക്, അങ്ങനെയുള്ള വസ്തുവിന്റെ ശരിയായ കസ്റ്റഡിയ്ക്ക് യുക്തമെന്നുതോന്നുന്ന ഉത്തരവ് ചെയ്യാവുന്നതും, വസ്തു വേഗത്തിലും സ്വാഭാവികമായും ഉള്ള നാശത്തിന് വിധേയമാണെങ്കിലോ അല്ലെങ്കിൽ അതു വില്ക്കുകയോ മററുവിധത്തിൽ വ്യയനം

ചെയ്യുകയോ ചെയ്യുന്നത് മററു പ്രകാരത്തിൽ സമീചീനമാണെങ്കിലോ, ആവശ്യകമാണെന്ന് അതു കരുതുന്ന തെളിവ് റിക്കാർഡാക്കിയതിനുശേഷം അപ്രകാരം വില്ക്കുവാനോ വ്യയനം ചെയ്യുവാനോ ഉത്തരവ് ചെയ്യാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് "വസ്തു"വിൽ,—

(ക) കോടതിയുടെ മുമ്പാകെ ഹാജരാക്കുന്നതോ, അതിന്റെ കസ്ററഡിയിൽ ഉള്ളതോ ആയ ഏതു് തരത്തിലുള്ള വസ്തുവും അല്ലെങ്കിൽ രേഖയും ;

(ഖ) ഏത് വസ്തു സംബന്ധിച്ചാണോ ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ളതായി തോന്നുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവും, അല്ലെങ്കിൽ ഏതെങ്കിലും കുററം ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുള്ളതായി തോന്നുന്ന ഏതെങ്കിലും വസ്തുവും, ഉൾപ്പെടുന്നതാണ്.

452. വിചാരണയുടെ അവസാനം വസ്തു വ്യയനം ചെയ്യാനുള്ള ഉത്തരവ്.—(1) ഏതെങ്കിലും ക്രിമിനൽ കോടതിയിൽ ഒരു അന്വേഷണ വിചാരണയോ വിചാരണയോ അവസാനിക്കുമ്പോൾ, കോടതിക്ക്, അതിന്റെ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതോ അതിന്റെ കസ്ററഡിയിലുള്ളതോ അല്ലെങ്കിൽ ഏത് സംബന്ധിച്ചാണോ ഏതെങ്കിലും കുററം ചെയ്യപ്പെട്ടിട്ടുള്ളതായി തോന്നുന്നത്, അങ്ങനെയുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും കുററം ചെയ്യുന്നതിന് ഉപയോഗിക്കപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും വസ്തുവോ രേഖയോ നശിപ്പിക്കുകയോ കണ്ടുകെട്ടുകയോ അല്ലെങ്കിൽ അതിന്റെ കൈവശത്തിന് അവകാശമുണ്ടെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്ക് ഡെലിവർ ചെയ്യുകയോ ചെയ്യുന്നതുവഴിയോ മററു വിധത്തിലോ വ്യയനം ചെയ്യുന്നതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് ചെയ്യാവുന്നതാണ്.

(2) ഏതെങ്കിലും വസ്തു, അതിന്റെ കൈവശത്തിന് അവകാശമുണ്ടെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്ക് ഡെലിവർ ചെയ്യുന്നതിന്, (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവ്, ഉപാധികൾ ഒന്നും കൂടാതെയോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവ്, അപ്പീലിലോ റിവിഷനിലോ രൂപഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള വസ്തു കോടതിക്ക് തിരിയെ കൊടുക്കാമെന്ന് ഏല്ക്കുന്നതും, ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയതുമായ ഒരു ബാണ്ട് കോടതിക്ക് ബോദ്ധ്യപ്പെടത്തക്കവണ്ണം അയാൾ ഒപ്പിട്ട് പൂർത്തീകരിക്കണമെന്ന ഉപാധിയിൻമേലോ പാസാക്കാവുന്നതാണ്.

(3) ഒരു സെഷൻസ് കോടതിക്ക്, (1)-ാംഉപവകുപ്പിൻകീഴിൽ സ്വയം ഉത്തരവ് ചെയ്യുന്നതിനുപകരം, വസ്തു ചീഫ് ജുഡീഷ്യൽ മജിസ്ട്രേററിന് ഡെലിവർ ചെയ്യണമെന്ന് നിദേശിക്കാവുന്നതും അപ്പോൾ അദ്ദേഹം അത് 457-ം, 458-ം, 459-ം വകുപ്പുകളിൽ വ്യവസ്ഥ ചെയ്ത രീതിയിൽ കൈകാര്യം ചെയ്യേണ്ടതുമാകുന്നു.

(4) വസ്തു, കന്നുകാലിയോ, വേഗത്തിലും സ്വാഭാവികമായുമുള്ള നാശത്തിനു വിധേയമായിട്ടുള്ള ഒന്നോ ആയിരിക്കുകയോ, അല്ലെങ്കിൽ (2)-ാം ഉപവകുപ്പനുസരിച്ച് ബാണ്ട് ഒപ്പിട്ട് പൂർത്തീകരിച്ചിരിക്കുകയോ ചെയ്യുന്നിടത്തൊഴികെ (1)-ാം ഉപവകുപ്പിൻകീഴിൽ ചെയ്യുന്ന ഒരു ഉത്തരവ്, രണ്ടു മാസത്തേക്കോ, അല്ലെങ്കിൽ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളപ്പോൾ, അങ്ങനെയുള്ള അപ്പീൽ തീർപ്പാക്കപ്പെടുന്നതുവരെയോ, നടപ്പാക്കാൻ പാടുള്ളതല്ല.

(5) ഈ വകുപ്പിൽ "വസ്തു" വിൽ, ഏത് വസ്തു സംബന്ധിച്ചാണോ ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ളതായി തോന്നുന്നത്, അങ്ങനെയുള്ള വസ്തുവിന്റെ സംഗതിയിൽ ആദ്യമേതന്നെ ഏതെങ്കിലും കക്ഷിയുടെ കൈവശത്തിലോ നിയന്ത്രണത്തിൻകീഴിലോ ഉണ്ടായിരുന്ന വസ്തു മാത്രമല്ല, ഏത് വസ്തുവായിട്ടാണോ അത് മാററിയിട്ടുണ്ടായിരിക്കാവുന്നത്, അല്ലെങ്കിൽ ഏത് വസ്തുവുമായാണോ അത് വിനിമയം ചെയ്തിട്ടുണ്ടായിരിക്കാവുന്നത്, അങ്ങനെയുള്ള വസ്തുവും അങ്ങനെയുള്ള മാററലോ വിനിമയമോ വഴി ഉടനെയോ മററു വിധത്തിലോ ആയാലും, ആർജ്ജിച്ചിട്ടുള്ള എന്തെങ്കിലും കൂടിയും ഉൾപ്പെടുന്നതാകുന്നു.

453. പ്രതിയുടെ പക്കൽ കണ്ടെത്തുന്ന പണം നിരപരാധിയായ ക്രേതാവിന് കൊടുക്കുന്നത്.—മോഷണമോ കളവുമുതൽ സ്വീകരിക്കുന്നതോ ഉൾപ്പെടുന്നതോ ആകുന്നതോ ആയ ഏതെങ്കിലും കുററത്തിന് ഏതെങ്കിലും ആൾ കുററസ്ഥാപനം ചെയ്യപ്പെടുകയും, അയാളിൽനിന്ന് മറേറതെങ്കിലും ആൾ കളവുമുതൽ വാങ്ങിയത്, അത് കളവുമുതലാണെന്ന് അറിയുകയോ വിശ്വസിക്കാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യാതെയാണെന്നും, കുററസ്ഥാപനം ചെയ്യപ്പെട്ട ആളെ അറസ്ററ് ചെയ്തപ്പോൾ, അയാളുടെ കൈവശത്തിൽ നിന്ന് ഏതെങ്കിലും പണം എടുത്തിട്ടുണ്ടെന്നും തെളിയിക്കപ്പെടുകയും ചെയ്യുമ്പോൾ, കോടതിക്ക് ക്രേതാവിന്റെ അപേക്ഷയിൻമേലും കളവുമുതൽ അതിന്റെ കൈവശത്തിന് അവകാശമുള്ള ആൾക്ക് തിരിയെ കൊടുക്കുന്നതിൻമേലും, അങ്ങനെയുള്ള പണത്തിൽനിന്ന് അങ്ങനെയുള്ള ക്രേതാവിൽ അയാൾ കൊടുത്ത വിലയിൽ കവിയാത്ത തുക അയാൾക്ക് ഡെലിവർ ചെയ്യണമെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്.

454. 452-ാം വകുപ്പിനോ 453-ാം വകുപ്പിനോ കീഴിലുള്ള ഉത്തരവുകൾക്കെതിരായി അപ്പീൽ.—(1) 452-ാം വകുപ്പിനോ 453-ാം വകുപ്പിനോ കീഴിൽ കോടതി ചെയ്യുന്ന ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക്, ആ കോടതിയുടെ കുററസ്ഥാപനങ്ങളിൽനിന്ന് സാധാരണ അപ്പീലുകളുണ്ടായിരിക്കുന്ന കോടതിയിലേക്ക്, ആ ഉത്തരവിനെതിരായി അപ്പീൽ കൊടുക്കാവുന്നതാണ്.

(2) അങ്ങനെ അപ്പീൽ കൊടുക്കുന്നതിൻമേൽ, അപ്പീൽ കോടതിക്ക് അപ്പീൽ തീർപ്പാകുന്നതുവരെ ഉത്തരവ് നിറുത്തിവയ്ക്കണമെന്ന് നിദേശിക്കാവുന്നതോ അല്ലെങ്കിൽ ഉത്തരവ് രൂപഭേദപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ശൂന്യമാക്കുകയോ ചെയ്യുകയും നീതിപൂർവ്വകമായ ഏതെങ്കിലും തുടർന്നുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാവുന്നതോ ആണ്.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ച അധികാരങ്ങൾ, അപ്പീൽ കോടതിക്കോ സ്ഥിരപ്പെടുത്തുന്ന കോടതിക്കോ റിവിഷൻ കോടതിക്കോ കൂടി (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉത്തരവ് ചെയ്തകേസ്സ് കൈകാര്യം ചെയ്യുമ്പോൾ പ്രയോഗിക്കാവുന്നതാണ്,

455. അപമാനലേഖവും മററുമായ പദാർത്ഥം നശിപ്പിക്കുന്നത്.—(1) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45), 292-ാംവകുപ്പിനോ 293-ാം വകുപ്പിനോ 501-ാം വകുപ്പിനോ 502-ാം വകുപ്പിനോ കീഴിലുള്ള കുററസ്ഥാപനത്തിൻമേൽ, കോടതിക്ക് ഏതു സാധനം സംബന്ധിച്ചാണോ കുററസ്ഥാപനം ഉണ്ടായത്, ആ സാധനത്തിന്റെ, കോടതിയുടെ കസ്ററഡിയിലുള്ളതോ കുററസ്ഥാപനം ചെയ്യപ്പെട്ട ആളുടെ കൈവശത്തിലോ അധീനത്തിലോ ഇരിക്കുന്നതോ ആയ, എല്ലാ പ്രതികളും നശിപ്പിക്കാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

(2) അതേ രീതിയിൽ കോടതിക്ക് ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 272-ാം വകുപ്പിനോ, 273-ാം വകുപ്പിനോ 274-ാം വകുപ്പിനോ 275-ാം വകുപ്പിനോ കീഴിലുള്ള കുററസ്ഥാപനത്തിൻമേൽ, ഏതു ഭക്ഷണമോ പാനീയമോ മരുന്നോ ഔഷധക്കൂട്ടോ സംബന്ധിച്ചാണോ കുററസ്ഥാപനം ഉണ്ടായത്, അത് നശിപ്പിക്കണമെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്.

456. സ്ഥാവരവസ്തുവിന്റെ കൈവശം തിരിയെ കൊടുക്കാനുള്ള അധികാരം.—(1) കുററകരമായ ബലത്തോടോ ബലപ്രദർശനത്തോടോ അല്ലെങ്കിൽ കുററകരമായ ഭയപ്പെടുത്തലോടോ ചേർന്ന ഒരു കുററത്തിന്, ഒരാൾ കുററസ്ഥാപനം ചെയ്യപ്പെടുകയും അങ്ങനെയുള്ള ബലത്താലോ അല്ലെങ്കിൽ ബലപ്രദർശനത്താലോ ഭയപ്പെടുത്തലിനാലോ ഏതെങ്കിലും ആൾ ഏതെങ്കിലും സ്ഥാവരവസ്തുവിൽനിന്ന് നിഷ്കാസനം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് കോടതിക്ക് തോന്നുകയും ചെയ്യുമ്പോൾ, കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ വസ്തുവിന്റെ കൈവശം ആ ആൾക്ക്, ആവശ്യമാണെങ്കിൽ അതു കൈവശമുള്ള മറെറതെങ്കിലും ആളെ ബലമായി ഒഴിപ്പിച്ചതിനുശേഷം, തിരിയെ കൊടുക്കാൻ ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നാൽ, കോടതി, അങ്ങനെയുള്ള യാതൊരു ഉത്തരവും കുററസ്ഥാപനത്തിന്റെ തീയതി മുതൽ ഒരു മാസം കഴിഞ്ഞു പാസ്സാക്കാൻ പാടുള്ളതല്ല.

(2) കുററം വിചാരണചെയ്യുന്ന കോടതി (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവ് ചെയ്തിട്ടില്ലാത്തിടത്ത്, അപ്പീൽ കോടതിക്കോ, സ്ഥിരപ്പെടുത്തുന്ന കോടതിക്കോ, റിവിഷൻ കോടതിക്കോ, യുക്തമെന്നു തോന്നുന്നുവെങ്കിൽ അതത് സംഗതിപോലെ, അപ്പീലോ, റഫറൻസോ റിവിഷനോ തീർപ്പാക്കുമ്പോൾ, അങ്ങനെയുള്ള ഉത്തരവ് ചെയ്യാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവ് ചെയ്തിട്ടുള്ളിടത്ത്, അതു സംബന്ധിച്ച് 454-ാം വകുപ്പിലെ വ്യവസ്ഥകൾ, അവ 453-ാം വകുപ്പിൻ കീഴിലുള്ള ഉത്തരവ് സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ ചെയ്യുന്ന യാതൊരു ഉത്തരവും, അങ്ങനെയുള്ള സ്ഥാവരവസ്തുവിനോ അതിലോ ഉള്ളതും ഏതെങ്കിലും ആൾക്ക് ഒരു സിവിൽ വ്യവഹാരത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞേക്കാവുന്നതുമായ ഏതെങ്കിലും അവകാശത്തിനോ അവകാശബന്ധത്തിനോ ഭംഗം വരുത്തുന്നതല്ല.

457. വസ്തു പിടിച്ചെടുക്കുന്നതിൻമേൽ പോലീസിന്റെ നടപടിക്രമം.—(1) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ വസ്തു പിടിച്ചെടുക്കുന്നത് ഈ നിയമ സംഹിതയിലെ വ്യവസ്ഥകളിൻകീഴിൽ ഒരു മജിസ്ട്രേററിന് റിപ്പോർട്ട് ചെയ്യപ്പെടുകയും അങ്ങനെയുള്ള വസ്തു ഒരു ക്രിമിനൽകോടതി മുമ്പാകെ അന്വേഷണവിചാരണക്കോ വിചാരണക്കോ ഇടയിൽ ഹാജരാക്കാതിരിക്കുകയും ചെയ്യുമ്പോഴെല്ലാം മജിസ്ട്രേററിന്, അങ്ങനെയുള്ള വസ്തുവിന്റെ വ്യയനം സംബന്ധിച്ചോ അതിന്റെ കൈവശത്തിന് അവകാശമുള്ള ആൾക്ക് അത് ഡെലിവർ ചെയ്യുന്നതു സംബന്ധിച്ചോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾ ആരാണെന്ന് തിട്ടപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ അങ്ങനെയുള്ള വസ്തുവിന്റെ കസ്ററഡിയും ഹാജരാക്കലും സംബന്ധിച്ചോ യുക്തമെന്നു തോന്നുന്ന ഉത്തരവ് ചെയ്യാവുന്നതാണ്.

(2) അങ്ങനെ അവകാശമുള്ള ആൾ അറിയപ്പെട്ടവനാണെങ്കിൽ, മജിസ്ട്രേററിന് യുക്തമെന്ന് തോന്നുന്ന ഉപാധികളിൻമേൽ (വല്ലതുമുണ്ടെങ്കിൽ) വസ്തു അയാൾക്ക് ഡെലിവർ ചെയ്യാൻ ഉത്തരവ് ചെയ്യാവുന്നതും, അങ്ങനെയുള്ള ആൾ അറിയപ്പെടാത്തവനാണെങ്കിൽ, മജിസ്ട്രേററിന് അത് തടഞ്ഞു

വയ്ക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, അങ്ങനെയുള്ള വസ്തു, ഏതു സാധനങ്ങൾ അടങ്ങുന്നതാണെന്ന് വിനിർദ്ദേശിക്കുകയും, അത് അവകാശപ്പെടുന്ന ഏതെങ്കിലും ആളോട്, വിളംബരത്തീയതി മുതൽ ആറുമാസത്തിനകം തന്റെ മുമ്പാകെ ഹാജരാകുകയും അയാളുടെ അവകാശം സ്ഥാപിക്കുകയും ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യുന്ന ഒരു വിളംബരം പുറപ്പെടുവിക്കാവുന്നതും ആണ്.

458. ആറുമാസത്തിനകം യാതൊരു അവകാശിയും ഹാജരാകാത്തിടത്തെ നടപടിക്രമം.—(1) അങ്ങനെയുള്ള കാലാവധിക്കുള്ളിൽ യാതൊരാളും അങ്ങനെയുള്ള വസ്തുവിന് അയാൾക്കുള്ള അവകാശം സ്ഥാപിക്കാതിരിക്കുകയും ആരുടെ കൈവശത്തിലാണോ അങ്ങനെയുള്ള വസ്തു കണ്ടെത്തിയത്, അയാൾക്ക് അത് താൻ നിയമാനുസൃതം ആർജ്ജിച്ചതാണെന്നു കാണിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മജിസ്ട്രേറ്റിന്, ഉത്തരവുവഴി, അങ്ങനെയുള്ള വസ്തു, സ്റ്റേറ്റ് ഗവൺമെന്റിന് ഇഷ്ടംപോലെ ചെയ്യാവുന്നതായിരിക്കുമെന്നും ആ ഗവൺമെന്റിന് അത് വില്ക്കാമെന്നും നിദേശിക്കാവുന്നതും അങ്ങനെ വിററു കിട്ടുന്ന തുക, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിനെതിരായി, മജിസ്ട്രേറ്റ് ചെയ്യുന്ന കുററസ്ഥാപനത്തിൽനിന്ന് സാധാരണയായി അപ്പീൽ ഉണ്ടായിരിക്കുന്ന കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

459. വേഗം കേടുവരുന്ന വസ്തു വില്ക്കാനുള്ള അധികാരം.—അങ്ങനെയുള്ള വസ്തുവിന്റെ കൈവശത്തിന് അവകാശമുള്ള ആൾ അറിയപ്പെടാത്തവനായിരിക്കുകയോ അസന്നിഹിതനായിരിക്കുകയോ ചെയ്യുകയും, ആ വസ്തു വേഗത്തിലും സ്വാഭാവികമായുമുള്ള നാശത്തിന് വിധേയമായതായിരിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ അതിന്റെ പിടിച്ചെടുക്കൽ റിപ്പോർട്ട് ചെയ്യപ്പെട്ട മജിസ്ട്രേറ്റിന്, അത് വില്ക്കുന്നത് ഉടമസ്ഥന്റെ ഗുണത്തിനായിരിക്കുമെന്നോ, വസ്തുവിന്റെ മൂല്യം പത്തുരൂപയിൽ കുറവാണെന്നോ അഭിപ്രായമുണ്ടായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, മജിസ്ട്രേട്ടിന്, ഏത് സമയത്തും, അത് വില്ക്കുവാൻ നിദേശിക്കാവുന്നതും 457-ം, 458-ം വകുപ്പുകളിലെ വ്യവസ്ഥകൾ പ്രായോഗികമായിടത്തോളം, അങ്ങനെ വിററുകിട്ടുന്ന അററത്തുകയ്ക്ക് ബാധകമാകുന്നതുമാണ്.

## അദ്ധ്യായം XXXV

## ക്രമരഹിതമായ നടപടികൾ

460. നടപടികൾ അസാധുവാക്കാത്ത ക്രമക്കേടുകൾ.—താഴെപ്പറയുന്ന കാര്യങ്ങളിൽ, അതായത്.—

(ക) 94-ാം വകുപ്പിൻകീഴിൽ ശോധന വാറണ്ട് പുറപ്പെടുവിക്കൽ;

(ഖ) പോലീസിനോട് കുററം അന്വേഷണം നടത്താൻ 155-ാം വകുപ്പിൻ കീഴിൽ ഉത്തരവ് ചെയ്യൽ;

(ഗ) 176-ാം വകുപ്പിൻകീഴിൽ ഇൻക്വസ്റ്റ് നടത്തൽ;

(ഘ) തന്റെ സ്ഥലാധികാരിതയ്ക്കുള്ളിലുള്ളതും അങ്ങനെയുള്ള അധികാരിതയുടെ അതിർത്തിയ്ക്ക് വെളിയിൽവച്ച് ഒരു കുററം ചെയ്തിട്ടുള്ളതുമായ ഒരാളെ പിടിക്കുന്നതിന് 187-ാം വകുപ്പിൻ കീഴിൽ പ്രാസസ് പുറപ്പെടുവിക്കൽ;

(ങ) 190-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിനോ (ഖ) ഖണ്ഡത്തിനോ കീഴിൽ ഒരു കുററം നടപടിക്കെടുക്കൽ;

(ച) 192-ാം വകുപ്പ്(2)-ാം ഉപവകുപ്പിൻകീഴിൽ ഒരു കേസ് ഏല്പിച്ചു കൊടുക്കൽ;

(ഛ) 306-ാം വകുപ്പിൻകീഴിൽ മാപ്പ് ടെൻഡർ ചെയ്യൽ;

(ജ) 410-ാം വകുപ്പിൻകീഴിൽ ഒരു കേസ്സ് തിരിയെ വിളിക്കുകയും താൻതന്നെ വിചാരണചെയ്യുകയും ചെയ്യൽ;

(ഝ) 458-ാം വകുപ്പിനോ 459-ാം വകുപ്പിനോ കീഴിൽ വസ്തു വില്ക്കൽ;

എന്നിവയിൽ ഏതെങ്കിലും ചെയ്യാൻ നിയമം അധികാരപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും മജിസ്ട്രേററ്; ആ കാര്യം തെററായി ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ നടപടികൾ, അദ്ദേഹത്തെ അപ്രകാരം അധികാരപ്പെടുത്തിയിട്ടില്ലെന്ന കാരണത്താൽമാത്രം അസ്ഥിരപ്പെടുത്തപ്പെടുന്നതല്ല.

461. നടപടികളെ ദോഷമായി ബാധിക്കുന്ന ക്രമക്കേടുകൾ.— ഇതിലേക്ക് നിയമം അധികാരപ്പെടുത്തിയിട്ടില്ലാതിരിക്കെ, ഏതെങ്കിലും മജിസ്ട്രേററ് താഴെ പറയുന്ന കാര്യങ്ങളിൽ, അതായത്:—

(ക) 83-ാം വകുപ്പിൻകീഴിൽ വസ്തു ജപ്തിചെയ്യുകയും വില്ക്കുകയും ചെയ്യൽ:

(ഖ) പോസ്ററലോ അല്ലെങ്കിൽ ടെലഗ്രാഫോ അധികാരസ്ഥന്റെ കസ്ററഡിയിലിരിക്കുന്ന പ്രമാണത്തിനോ, പാഴ്സലിനോ, അല്ലെങ്കിൽ മററു സാധനത്തിനോ ശോധനയ്ക്കുള്ള ശോധന വാറന്റ് പുറപ്പെടുവിക്കൽ;

(ഗ) സമാധാനപാലനത്തിന് ജാമ്യം ആവശ്യപ്പെടൽ;

(ഘ) നല്ല നടപ്പിന് ജാമ്യം ആവശ്യപ്പെടൽ;

(ങ) നിയമാനുസൃതം നല്ല നടപ്പിന് ഒരാളെ ബാദ്ധ്യതയിൽനിന്ന് വിടുത്തൽ;

(ച) സമാധാനപാലനത്തിനുള്ള ബാണ്ട് റദ്ദാക്കൽ;

(ഛ) സംരക്ഷണത്തിനുള്ള ഉത്തരവു ചെയ്യൽ;

(ജ) തദ്ദേശ്യമായ ശല്യം സംബന്ധിച്ച് 133-ാം വകുപ്പിൻകീഴിൽ ഉത്തരവു ചെയ്യൽ.

(ഝ) പൊതു ജനശല്യം ആവർത്തിക്കുന്നതോ തുടരുന്നതോ 143-ാം വകുപ്പിൻകീഴിൽ നിരോധിക്കൽ;

(ഞ) X-ാം അദ്ധ്യായം ഗ ഭാഗത്തിനോ, ഘ ഭാഗത്തിനോ കീഴിൽ ഉത്തരവ് ചെയ്യൽ;

(ട) 190-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ കുററം നടപടിക്കെടുക്കൽ;

(ഠ) കുററക്കാരനെ വിചാരണചെയ്യൽ;

(ഡ) കുററക്കാരനെ സമ്മറിയായി വിചാരണ ചെയ്യൽ;

(ഢ) മറെറാരു മജിസ്ട്രേററ് റിക്കാർഡാക്കിയ നടപടികളിൻമേൽ 325-ാം വകുപ്പിൻകീഴിൽ ശിക്ഷാവിധി പാസാക്കൽ;

(ണ) അപ്പീൽ തീരുമാനിക്കൽ;

(ത) 397-ാം വകുപ്പിൻകീഴിൽ നടപടികഠം അയക്കാൻ ആവശ്യപ്പെടൽ;

(ഥ) 446-ാം വകുപ്പിൻകീഴിൽ പാസ്സാക്കുന്ന ഉത്തരവു റിവൈസ് ചെയ്യൽ.

എന്നിവയിൽ ഏതെങ്കിലും ചെയ്യുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ നടപടികഠം ശൂന്യമായിരിക്കുന്നതാണ്.

462. തെററായ സ്ഥലത്തുവച്ചുള്ള നടപടികഠം.— ഏതെങ്കിലും ക്രിമിനൽ കോടതിയുടെ ഏതെങ്കിലും തീർപ്പോ ശിക്ഷാവിധിയോ ഉത്തരവോ, അത് ഏത് അന്വേഷണ വിചാരണയുടേയോ വിചാരണയുടേയോ മററുനടപടികളുടേയോ ഗതിയിലാണോ ഉണ്ടായത്, അല്ലെങ്കിൽ പാസ്സാക്കപ്പെട്ടത്, ആ അന്വേഷണവിചാരണയോ വിചാരണയോ മററുനടപടികളോ തെററായ സെഷൻസ് ഡിവിഷനിലോ, ജില്ലയിലോ, സബ്ഡിവിഷനിലോ മററു തദ്ദേശപ്രദേശത്തോ വച്ചാണ് നടന്നത് എന്ന കാരണത്താൽ മാത്രം, അങ്ങനെയുള്ള തെററ് വാസ്തവത്തിൽ നീതിലോപത്തിന് കാരണമാക്കിയിട്ടുണ്ടെന്ന് തോന്നാത്ത പക്ഷം, അസ്ഥിരപ്പെടുത്തപ്പെടുന്നതല്ല.

463. 164-ാം വകുപ്പിലേയോ 281-ാം വകുപ്പിലേയോ വ്യവസ്ഥകഠം അനുസരിക്കാതിരിക്കൽ.— കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഒരാളുടെ (1) 164-ാം വകുപ്പിനോ 281-ാം വകുപ്പിനോ കീഴിൽ റിക്കാർഡാക്കിയതോ റിക്കാർഡാക്കിയതായി കരുതപ്പെടുന്നതോ ആയ ഒരു കുററസമ്മതമോ മററു സ്റേറററ്മെൻറാ ഏതു കോടതിമുമ്പാകെയാണോ തെളിവിൽ ടെൻഡർ ചെയ്യുകയോ സ്വീകരിക്കപ്പെട്ടിരിക്കുകയോ ചെയ്യുന്നത്, ആ കോടതി, സ്റേറററ്മെൻറ് റിക്കാർഡാക്കുന്ന മജിസ്ട്രേററ്, ആ രണ്ടു വകുപ്പുകളിൽ ഏതിലേയെങ്കിലും വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിച്ചിട്ടില്ലെന്ന് കാണുന്നുവെങ്കിൽ, അതിന്, ഇൻഡ്യൻ തെളിവ് ആക്ററ്, 1872, (1872-ലെ 1) 91-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള അനുസരിക്കാതിരിക്കൽ സംബന്ധിച്ച് തെളിവെടുക്കാവുന്നതും, അങ്ങനെയുള്ള അനുസരിക്കാതിരിക്കൽ പ്രതിയ്ക്ക് അയാളുടെ പ്രതിവാദത്തിൽ ഗുണാഗുണത്തിൻമേൽ ക്ഷതിയുളവാക്കിയിട്ടില്ലന്ന് റിക്കാർഡാക്കപ്പെട്ട സ്റേറററ്മെൻറ് അയാഠം യഥാവിധി ചെയ്തുവെന്നും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള സ്റേറററ്മെൻറ് തെളിവിൽ സ്വീകരിക്കാവുന്നതാണ്.

(2) ഈ വകുപ്പിലെ വ്യവസ്ഥകഠം അപ്പീൽ കോടതികഠക്കും റെഫറൻസ് കോടതികഠക്കും റിവിഷൻ കോടതികഠക്കു ബാധകമാകുന്നതാണ്.

464. ചാർജ്ജ് തയ്യാറാക്കാൻ വിട്ടുപോകുന്നതിന്റെയോ ചാർജ്ജ് ഇല്ലാതിരിക്കുന്നതിന്റേയോ ചാർജ്ജിലെ തെററിന്റേയോ പ്രഭാവം.—(1) ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതിയുടെ ഏതെങ്കിലും തീരുമാനമോ ശിക്ഷ വിധിയോ ഉത്തരവോ, ചാർജ്ജ് തയ്യാറാക്കിയിട്ടില്ലെന്ന കാരണത്താലോ ചാർജ്ജുകഠം തെററായി ചേർക്കലുഠംപ്പെടെ ചാർജ്ജിലെ ഏതെങ്കിലും തെററോ വിട്ടുപോകലോ ക്രമക്കേട് കാരണത്താലോ മാത്രം, അപ്പീൽ കോടതിയുടേയോ സ്ഥിരപ്പെടുത്തുന്ന കോടതിയുടേയോ, റിവിഷൻ കോടതിയുടേയോ അഭിപ്രായത്തിൽ, അതു വാസ്തവത്തിൽ നീതിലോപത്തിന് കാരണമാക്കിയിട്ടില്ലാത്ത പക്ഷം അസാധുവായി കരുതപ്പെടുന്നതല്ല.

(2) വാസ്തവത്തിൽ നീതിലോപത്തിന് കാരണമാക്കിയിട്ടുണ്ടെന്ന് അപ്പീൽ കോടതിക്കോ സ്ഥിരപ്പെടുത്തുന്ന കോടതിക്കോ റിവിഷൻ കോടതിക്കോ അഭിപ്രായമുണ്ടെങ്കിൽ, അതിന്—

(ക) ചാർജ്ജ് തയ്യാറാക്കുവാൻ വിട്ടുപോയ സംഗതിയിൽ, ചാർജ്ജ് തയ്യാറാക്കണമെന്നും, ചാർജ്ജ് തയ്യാറാക്കിയതിനുശേഷമുള്ള തൊട്ടടുത്ത ഘട്ടത്തിൽനിന്ന് വിചാരണ പുനരാരംഭിക്കണമെന്ന് ഉത്തരവ് ചെയ്യാവുന്നതും;

(ഖ) ചാർജ്ജിലെ തെററിൻേറയോ വിട്ടുപോകലിൻേറയോ ക്രമക്കേടിൻേറയോ സംഗതിയിൽ, അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ, അത് ഏതായാലും തയ്യാറാക്കപ്പെട്ട ചാർജ്ജിൻമേൽ പുതിയ വിചാരണനടേണമെന്ന് നിദേശിക്കാവുന്നതും, ആണ്:

എന്നാൽ, തെളിയിക്കപ്പെട്ട വസ്തുതകരം സംബന്ധിച്ച് പ്രതിയ്ക്കെതിരായി സാധുവായ യാതൊരു ചാർജ്ജും കൊണ്ടുവരാൻ കഴിയാത്ത വിധമുള്ളതാണ് കേസ്സിൻെറ വസ്തുതകരം, എന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ അത് കുററസ്ഥാപനം അസ്ഥിരപ്പെടുത്തേണ്ടതാകുന്നു.

465. തെററോ വിട്ടുപോകലോ ക്രമക്കേടോ കാരണം തീർപ്പോ ശിക്ഷാവിധിയോ എപ്പോരം മറിച്ച് വിധിക്കാവുന്നതാണെന്ന്.—(1) ഇതിൽ ഇതിനു മുമ്പ് അടങ്ങിയ വ്യവസ്ഥകരംക്ക് വിധേയമായി,

ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതി പാസ്സാക്കുന്ന ഏതെങ്കിലും തീർപ്പോ ശിക്ഷാവിധിയോ ഉത്തരവോ, പരാതിയിലോ സമൻസിലോ വാറൻറിലോ വിളംബരത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ അല്ലെങ്കിൽ വിചാരണയ്ക്കു മുമ്പോ വിചാരണയ്ക്കിടയിലോ ഉള്ള മററു നടപടികളിലോ ഉള്ളതോ, അല്ലെങ്കിൽ ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണവിചാരണയിലോ മററു നടപടികളിലോ ഉള്ളതോ ആയ ഏതെങ്കിലും തെററോ വിട്ടുപോകലോ ക്രമക്കേടോ, അല്ലെങ്കിൽ പ്രാസിക്യൂഷന് ഉള്ള ഏതെങ്കിലും അനുമതിയിലെ ഏതെങ്കിലും തെററോ ക്രമക്കേടോ കാരണമായി, അതു വാസ്തവത്തിൽ അപ്പീൽക്കോടതിയുടേയോ സ്ഥിരപ്പെടുത്തുന്ന കോടതിയുടേയോ റിവിഷൻ കോടതിയുടേയോ അഭിപ്രായത്തിൽ നീതിലോപത്തിന് കാരണമായിട്ടില്ലാത്തപക്ഷം, ആ കോടതി മറിച്ച് വിധിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും നടപടിയിലെ ഏതെങ്കിലും തെററോ വിട്ടുപോകലോ ക്രമക്കേടോ, അല്ലെങ്കിൽ പ്രാസിക്യൂഷനുള്ള ഏതെങ്കിലും അനുമതിയിലെ ഏതെങ്കിലും തെററോ ക്രമക്കേടോ നീതിലോപത്തിന് കാരണമാക്കിയിട്ടുണ്ടോ എന്ന് തീരുമാനിക്കുന്നതിൽ കോടതി ആ ആക്ഷേപം ആ നടപടികളിലെ ഒരു മുൻഘട്ടത്തിൽ, ഉന്നയിക്കുവാൻ കഴിയുമായിരുന്നതും ഉന്നയിക്കേണ്ടിയിരുന്നതുമാണോ എന്ന വസ്തുത പരിഗണിക്കേണ്ടതാകുന്നു.

466. ന്യൂനതയോ തെററോ ജപ്തിയെ നിയമവിരുദ്ധമാക്കുന്നതല്ലെന്ന്.—ഈ നിയമസംഹിതയിൻകീഴിൽ ചെയ്യുന്ന യാതൊരു ജപ്തിയും സമൻസിലോ കുററസ്ഥാപനത്തിലോ ജപ്തിവാറൻറിലോ ജപ്തി സംബന്ധിച്ച മററുനടപടികളിലോ ഉള്ള ഏതെങ്കിലും ന്യൂനതയോ അവ വേണ്ടരൂപത്തിൽ അല്ലെന്നുള്ളതോ കാരണമായി നിയമവിരുദ്ധമാണെന്ന് കരുതപ്പെടുന്നതോ അല്ലെങ്കിൽ, അത് ചെയ്യുന്ന ഏതെങ്കിലും ആരം വസ്തുകൈയേററക്കാരനായി കരുതപ്പെടുന്നതോ അല്ല.

## അദ്ധ്യായം XXXVI

## ചില കുററങ്ങരം നടപടിക്കെടുക്കുന്നതിൻെറ കാലഹരണം

467. നിർവ്വചനങ്ങരം.— ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങരംക്ക് സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, "കാലഹരണകാലാവധി" എന്നാൽ, കുററം നടപടിയ്ക്കെടുക്കുന്നതിന് 468-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന കാലാവധി എന്നർത്ഥമാകുന്നു.

468. കാലഹരണകാലാവധി കഴിഞ്ഞതിനു ശേഷം നടപടിയ്ക്കെടുക്കാനുള്ള തടസ്സം.—(1) ഈ നിയമസംഹിതയിൽ മററ് എവിടെയെങ്കിലും മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, യാതൊരു കോടതിയും (2)ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച തരത്തിലുള്ള ഒരു കുററം കാലഹരണാവധി അവസാനിച്ചതിനുശേഷം നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

(2) കാലഹരണ കാലാവധി—

(ക) കുററം പിഴശിക്ഷ മാത്രംനല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, ആറുമാസവും;

(ഖ) കുററം ഒരു വർഷത്തിൽ കവിയാത്ത കാലത്തെ തടവു നല്കി ശിക്ഷിക്കാവുന്നതാണെങ്കിൽ, ഒരുവർഷവും;

(ഗ) കുററം ഒരു വർഷത്തിൽ കവിയുന്നതും എന്നാൽ മൂന്നുവർഷത്തിൽ കവിയാത്തതുമായ കാലത്തെ തടവു നല്കി ശിക്ഷിക്കാവുന്നതാണെങ്കിൽ, മൂന്നുവർഷവും,

ആയിരിക്കുന്നതാണ്.

469. കാലഹരണ കാലാവധിയുടെ പ്രാരംഭം.—(1) ഒരു കുററക്കാരനെ സംബന്ധിച്ച് കാലഹരണ കാലാവധി, —

(ക) കുററത്തിന്റെ തീയതിയോ; അല്ലെങ്കിൽ

(ഖ) കുററം ചെയ്തത്, കുററത്താൽ സങ്കടക്കാരനായ ഏതെങ്കിലും ആളക്കോ അല്ലെങ്കിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, അറിവുണ്ടായിരുന്നില്ലാത്തിടത്ത്, അങ്ങനെയുള്ള കുററം അങ്ങനെയുള്ള ആളുടേയോ, അല്ലെങ്കിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റേയോ അറിവിൽവരുന്ന ആദ്യ ദിവസങ്ങളിൽ, ഏതാണ് മുമ്പിലത്തേത്, ആ ദിവസമോ; അല്ലെങ്കിൽ

(ഗ) കുററം ചെയ്തത് ആരാണെന്ന് അറിവില്ലാത്തിടത്ത്, കുററക്കാരന്റെ അനന്യത ആ കുററത്താൽ സങ്കടക്കാരനായ ആളോ അല്ലെങ്കിൽ ആ കുററം സംബന്ധിച്ച് അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥനോ അറിയുന്ന ആദ്യ ദിവസങ്ങളിൽ ഏതാണ് മുമ്പിലത്തേത്, ആ ദിവസമോ,

ആരംഭിക്കുന്നതാണ്.

(2) മേല്പറഞ്ഞ കാലാവധി കണക്കാക്കുന്നതിൽ, ഏതു ദിവസം മുതല്ക്കാണോ അങ്ങനെയുള്ള കാലാവധി കണക്കാക്കേണ്ടത്, ആ ദിവസം ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

470. ചില സംഗതികളിൽ സമയം ഒഴിച്ചുനിറുത്തൽ.—(1) കാലഹരണ കാലാവധി കണക്കാക്കുന്നതിൽ, ഏതെങ്കിലും ആരം കുററക്കാരനെതിരായി വേണ്ടത്ര ശ്രദ്ധയോടുകൂടി മററൊരു പ്രാസിക്യൂഷൻ, ഒരു ആദ്യവിചാരണ കോടതിയിലോ അപ്പീൽക്കോടതിയിലോ റിവിഷൻ കോടതിയിലോ ആയാലും, നടത്തിക്കൊണ്ടിരുന്നതായ സമയം ഒഴിച്ചുനിറുത്തപ്പെടുന്നതാണ്:

എന്നാൽ, പ്രാസിക്യൂഷൻ അതേ വസ്തുതകളം സംബന്ധിച്ചതായിരിക്കുകയും, അധികാരിതയുടെ ന്യൂനതയാലോ അതേ പ്രകൃതത്തിലുള്ള മററുകാരണത്താലോ വിചാരണയ്ക്കെടുക്കാൻ കഴിവില്ലാത്ത ഒരു കോടതിയാൽ ഉത്തമവിശ്വാസപൂർവ്വം നടത്തിയിട്ടുള്ളതായിരിക്കുകയും ചെയ്യാത്തപക്ഷം, അങ്ങനെയുള്ളയതൊരു ഒഴിച്ചുനിറുത്തലും പാടുള്ളതല്ല.

(2) ഒരു കുററം സംബന്ധിച്ച പ്രാസിക്യൂഷൻ ആരംഭിക്കുന്നത് ഒരു ഇൻജങ്ഷനാലോ, ഉത്തരവിനാലോ സ്റ്റേ ചെയ്തിട്ടുള്ളിടത്ത്, കാലഹരണ

കാലാവധി കണക്കാക്കുന്നതിൽ, ഇൻജങ്ഷനോ ഉത്തരവോ തുടരുന്നസമയവും, അതു പുറപ്പെടുവിച്ച ദിവസവും, അതു പിൻവലിച്ച ദിവസവും ഒഴിച്ചു നിറുത്തപ്പെടുന്നതാകുന്നു.

(3) ഒരു കുററത്തിനുള്ള പ്രാസിക്യൂഷന്റെ നോട്ടീസ് നല്കപ്പെട്ടിട്ടുള്ളിടത്തോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഒരു കുററത്തിന് ഏതെങ്കിലും പ്രാസിക്യൂഷൻ ആരംഭിക്കുന്നതിന് ഗവൺമെന്റിന്റേയോ മറേറതെങ്കിലും അധികാരസ്ഥാനത്തിന്റേയോ മുൻകൂട്ടിയുള്ള സമ്മതമോ അനുമതിയോ ആവശ്യമായിട്ടുള്ളിടത്തോ, കാലഹരണകാലാവധി കണക്കാക്കുന്നതിൽ, അതതു സംഗതി പോലെ, അങ്ങനെയുള്ള നോട്ടീസിന്റെ കാലാവധിയോ അങ്ങനെയുള്ള സമ്മതമോ അനുമതിയോ ലഭിക്കാൻവേണ്ട സമയമോ ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

വിശദീകരണം:—ഗവൺമെന്റിന്റേയോ മറേറതെങ്കിലും അധികാരസ്ഥാനത്തിന്റേയോ സമ്മതമോ, അനുമതിയോ ലഭിക്കാൻവേണ്ട സമയം കണക്കാക്കുന്നതിൽ, സമ്മതമോ അനുമതിയോ ലഭിക്കാൻഅപേക്ഷ ചെയ്ത തീയതിയും ഗവൺമെന്റിന്റേയോ മററ് അധികാരസ്ഥാനത്തിന്റേയോ ഉത്തരവ് കിട്ടിയ തീയതിയും, രണ്ടും ഒഴിച്ചു നിറുത്തപ്പെടുന്നതാകുന്നു.

(4) കാലഹരണകാലാവധി കണക്കാക്കുന്നതിൽ, കുററക്കാരൻ—

(ക) ഇൻഡ്യയിലോ കേന്ദ്രഗവൺമെന്റിന്റെ ഭരണത്തിൻകീഴിലുള്ളതും ഇൻഡ്യക്കു വെളിയിലുള്ളതുമായ ഏതെങ്കിലും രാജ്യക്ഷേത്രത്തിലോ ഇല്ലാതിരുന്നതോ; അല്ലെങ്കിൽ

(ഖ) ഒളിവിൽ പോവുകയോ സ്വയം ഒളിച്ചിരിക്കുകയോ ചെയ്യുന്നതു വഴി അറസ്ററ് ഒഴിവാക്കിയിട്ടുള്ളതോ,

ആയ സമയം ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

471. കോടതി അടച്ചിരിക്കുന്ന ദിവസം ഒഴിച്ചുനിറുത്തുന്നത്.—കാലഹരണകാലാവധി കോടതി അടച്ചിരിക്കുന്ന ദിവസം അവസാനിക്കുന്നിടത്ത്, കോടതി വീണ്ടും തുറക്കുന്ന ദിവസം കോടതിക്ക് നടപടിയ്ക്കെടുക്കാവുന്നതാണ്.

വിശദീകരണം:—ഏതെങ്കിലും ദിവസം കോടതി, അതിന്റെ സാധാരണ ജോലി സമയത്ത് അടച്ചിരിക്കുന്നുവെങ്കിൽ, ഈ വകുപ്പിന്റെ അർത്ഥത്തിൽ ആ ദിവസം കോടതിഅടച്ചിരുന്നതായി കരുതപ്പെടുന്നതാകുന്നു.

472. തുടരുന്ന കുററം.—തുടരുന്ന കുററത്തിന്റെ സംഗതിയിൽ, കുററം തുടരുന്ന സമയത്തിലെ ഓരോ നിമിഷവും ഒരു പുതിയ കാലഹരണകാലാവധി നീണ്ടാർ തുടങ്ങുന്നതാകുന്നു.

473. കാലഹരണ കാലാവധി ചില സംഗതികളിൽ നീട്ടിക്കൊടുക്കുന്നത് ഈ അദ്ധ്യായത്തിലെ മുൻ പറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും കോടതിക്ക് കാലതാമസത്തിന് ശരിയായ വിശദീകരണം നല്കപ്പെട്ടിട്ടുണ്ടെന്നോ, അല്ലെങ്കിൽ കാലഹരണകാലാവധി അവസാനിച്ചതിനു ശേഷം കുററം നടപടിക്കെടുക്കുന്നത് നീതിയുടെ താത്പര്യങ്ങൾക്ക് ആവശ്യകമാണെന്നോ, ആ കേസ്സിന്റെ വസ്തുതകളിന്മേലും പരിതഃസ്ഥിതികളിലും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അപ്രകാരം നടപടിക്കെടുക്കാവുന്നതാണ്,

## അദ്ധ്യായം XXXVII

## പലവക

474. ഹൈക്കോടതികളുടെ മുമ്പാകെയുള്ള വിചാരണകൾ.—ഒരു കുററം ഹൈക്കോടതി 407-ാം വകുപ്പിൻ കീഴിലല്ലാതെ വിചാരണ ചെയ്യുമ്പോൾ, ഒരു സെഷൻസ് കോടതി ആ കേസ്സ് വിചാരണ ചെയ്യുകയായിരുന്നുവെങ്കിൽ അനുസരിക്കുമായിരുന്ന അതേ നടപടിക്രമം അനുസരിക്കേണ്ടതാകുന്നു.

475. പട്ടാളക്കോടതിയാൽ വിചാരണ ചെയ്യപ്പെടാൻ അർഹരായ ആളുകളെ കമാൻഡിങ്ങ് ആഫീസർമാർക്ക് ഏല്പിച്ചു കൊടുക്കൽ.—(1) കേന്ദ്ര ഗവൺമെൻറിന്, പട്ടാളനിയമത്തിനോ നാവികസേനാനിയമത്തിനോ വ്യോമസേനാ നിയമത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള മററു നിയമത്തിനോ വിധേയരായ ആളുകളെ, ഈ നിയമസംഹിത ബാധകമാകുന്ന കോടതിയോ പട്ടാളക്കോടതിയോ വിചാരണചെയ്യേണ്ട കേസ്സുകൾ സംബന്ധിച്ച് ഈ നിയമസംഹിതയ്ക്കും കരസേനാ ആക്ററ്, 1950 (1950–ലെ 46) –നും നാവികസേനാ ആക്ററ്, 1957 (1957-ലെ 62) -നും വ്യോമസേനാ ആക്ററ്, 1950 (1950-ലെ 45) -നും യൂണിയൻെറ സായുധസേനയെ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിനും സംഗതമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, ഏതെങ്കിലും ആൾ മജിസ്ട്രേററിൻെറ മുമ്പാകെ കൊണ്ടുവരപ്പെടുകയും, ഈ നിയമസംഹിത ബാധകമാകുന്ന കോടതിയാലോ, പട്ടാളക്കോടതിയാലോ വിചാരണ ചെയ്യപ്പെടാവുന്ന ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെടുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള മജിസ്ട്രേററ്, അങ്ങനെയുള്ളചട്ടങ്ങൾ പരിഗണിക്കേണ്ടതും, തക്ക കേസ്സുകളിൽ അയാളെ കുററാരോപണം ചെയ്യപ്പെട്ട കുററത്തിൻെറ സ്റേററമെൻറ് സഹിതം, അയാളെ പട്ടാളക്കോടതിയാൽ വിചാരണചെയ്യപ്പെടുന്നതിനുവേണ്ടി, അയാൾ ഏതു യൂണിററിൽ പെട്ടതാണോ ആ യൂണിററിൻെറ കമാൻഡിങ്ങ് ആഫീസർക്കോ അല്ലെങ്കിൽ, അതതു സംഗതിപോലെ, ഏററവും അടുത്ത പട്ടാള സ്റേറഷൻേറയോ നാവികസ്റേറഷൻേറയോ വ്യോമസേനാ സ്റേറഷൻേറയോ കമാൻഡിങ്ങ് ആഫീസർക്കോ ഏല്പിച്ചുകൊടുക്കേണ്ടതുമാകുന്നു.

വിശദീകരണം:—ഈ വകുപ്പിൽ—

(ക) ''യൂണിററിൽ'', ഒരു റജിമെൻേറാ, കോറോ, കപ്പലോ, ഡിററാച്ച്മെൻേറാ, ഗ്രൂപ്പോ, ബററാലിയനോ, കമ്പനിയോ ഉൾപ്പെടുന്നതാകുന്നു.

(ഖ) ''പട്ടാളക്കോടതി'' യിൽ, യൂണിയൻെറ സായുധ സേനകൾക്ക് ബാധകമാകുന്ന പ്രസക്ത നിയമത്തിൻകീഴിൽ ഏർപ്പെടുത്തുന്ന പട്ടാളക്കോടതിയുടെ അധികാരങ്ങൾക്ക് സദൃശമായ അധികാരത്തോടുകൂടിയ ഏതെങ്കിലും ട്രിബ്യൂണൽ ഉൾപ്പെടുന്നതാകുന്നു.

(2) ഏതൊരു മജിസ്ട്രേററും, അങ്ങനെയുള്ള കുററത്തിന് കുററാരോപണം ചെയ്യപ്പെട്ട ഏതെങ്കിലും ആളെ പിടിക്കുവാനും സൂക്ഷിപ്പിൽ വയ്ക്കുവാനും, അതിനുവേണ്ടി ഏതെങ്കിലും യൂണിററിൻേറയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്ത് നിറുത്തിയിട്ടുള്ളതോ നിയോജിക്കപ്പെട്ടിട്ടുള്ളതോ ആയ പട്ടാളക്കാരുടേയോ, നാവികരുടേയോ, വൈമാനികരുടേയോ ഒരു നികായത്തിൻേറയോ കമാൻഡിങ്ങ് ആഫീസറാലുള്ള ലിഖിതമായ അപേക്ഷ കിട്ടുന്ന [illegible] ശ്രമാവധി യത്നിക്കേണ്ടതാകുന്നു.

(3) ഒരു ഹൈക്കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ സ്റ്റേററിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും ജയിലിൽ തടങ്കലിൽ വയ്ക്കപ്പെട്ടിട്ടുള്ള ഒരു തടവുകാരൻ, ഒരു പട്ടാളക്കോടതിയുടെ മുമ്പാകെ വിചാരണയ്ക്കായോ അല്ലെങ്കിൽ ആ പട്ടാളക്കോടതി മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും വിഷയത്തെ സ്പർശിച്ച് വിസ്തരിക്കപ്പെടുന്നതിനായോ, കൊണ്ടുവരപ്പെടണമെന്ന് നിദേശിക്കാവുന്നതാണ്.

476. ഫാറങ്ങൾ.—ഭരണഘടന 227-ാം അനുച്ഛേദം നല്കുന്ന അധികാരത്തിനു വിധേയമായി,

രണ്ടാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങൾ, അതിൽ പറഞ്ഞ യഥാക്രമമുള്ള ആവശ്യങ്ങൾക്ക് ഓരോ കേസസിന്റേയും പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസപ്പെടുത്തലുകളോടുകൂടി ഉപയോഗിക്കപ്പെടാവുന്നതും, ഉപയോഗിക്കപ്പെടുന്നുവെങ്കിൽ മതിയായവയായിരിക്കുന്നതുമാണ്.

477. ചട്ടങ്ങൾ ഉണ്ടാക്കാൻ ഹൈക്കോടതിയ്ക്കുള്ള അധികാരം.—(1) ഏതൊരു ഹൈക്കോടതിക്കും സ്റ്റേററ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ചട്ടങ്ങൾ—

(ക) അതിന്റെ കീഴിലുള്ള ക്രിമിനൽ കോടതികളിൽ ഹർജി എഴുത്തുകാരായി പ്രവർത്തിക്കാൻ അനുവദിക്കപ്പെടാവുന്ന ആളുകളെ സംബന്ധിച്ചും;

(ഖ) അങ്ങനെയുള്ള ആളുകൾക്ക് ലൈസൻസ് നല്കുന്നതും അവർ കാര്യങ്ങൾ നടത്തുന്നതും അവർ ചാർജ്ജ് ചെയ്യേണ്ട ഫീസിന്റെ തോതു സംബന്ധിച്ചും;

(ഗ) ആ ചട്ടങ്ങളിൽ ഏതിന്റേയെങ്കിലും ലംഘനത്തിന് ദണ്ഡനം വ്യവസ്ഥ ചെയ്തുകൊണ്ടും, അങ്ങനെയുള്ള ലംഘനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും ദണ്ഡനം ചുമത്തുകയും ചെയ്യാവുന്ന അധികാരസ്ഥാനത്തെ നിശ്ചയിച്ചുകൊണ്ടും ;

(ഘ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മററേതെങ്കിലും വിഷയം സംബന്ധിച്ചും,

ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലുണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

478. ജുഡീഷ്യൽ മജിസ്ട്രേററുമാർക്കും എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർക്കും വിഭജിച്ചുകൊടുത്തിട്ടുള്ള ചുമതലകൾ ചില സംഗതികളിൽ വ്യത്യാസപ്പെടുത്താനുള്ള അധികാരം.—സ്റ്റേററ് ഗവൺമെൻറിന്,—

(ക) 108-ം, 109-ം, 110-ം വകുപ്പുകളിലെ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശങ്ങൾക്ക്, എക്സിക്യൂട്ടീവ് മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കേണ്ടതാണെന്നും ;

(ഖ) 145-ം, 147-ം വകുപ്പുകളിലെ എക്സിക്യൂട്ടീവ് മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനെക്കുറിച്ചുള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കേണ്ടതാണെന്നും,

നിദേശിക്കണമെന്ന് സ്റ്റേററ് നിയമനിർമ്മാണമണ്ഡലം പ്രമേയംവഴി ആവശ്യപ്പെടുന്നുവെങ്കിൽ, ഹൈക്കോടതിയുമായി ആലോചിച്ചതിനു ശേഷം വിജ്ഞാപനം വഴി അപ്രകാരം ചെയ്യാവുന്നതാണ്.

479. **ജഡ്ജിക്കോ മജിസ്ട്രേററിനോ വ്യക്തിപരമായി താൽപര്യമുള്ള കേസ്സുകൾ.**—യാതൊരു ജഡ്ജ്യും അല്ലെങ്കിൽ മജിസ്ട്രേററും, തന്റെ കോടതിയിൽനിന്ന് അപ്പീൽ ഉണ്ടായിരിക്കുന്ന കോടതിയുടെ അനുവാദത്തോടുകൂടിയല്ലാതെ, താൻ കക്ഷിയായിട്ടുള്ളതോ തനിക്ക് വ്യക്തിപരമായി താൽപര്യമുള്ളതോ ആയ ഏതെങ്കിലും കേസ്സ് വിചാരണചെയ്യുകയോ വിചാരണയ്ക്ക് കമ്മിററ് ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും, യാതൊരു ജഡ്ജിയും അല്ലെങ്കിൽ മജിസ്ട്രേററും, താൻ പാസ്സാക്കിയതോ ചെയ്തതോ ആയ ഏതെങ്കിലും വിധിയിൽ നിന്നോ, ഉത്തരവിൽ നിന്നോ ഉള്ള അപ്പീൽ കേൾക്കാൻ പാടില്ലാത്തതും ആകുന്നു.

വിശദീകരണം.—ഒരു ജഡ്ജിയോ മജിസ്ട്രേട്ടോ ഏതെങ്കിലും കേസ്സുമായി പൊതുനിലയിൽ ബന്ധപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ മാത്രമോ, അല്ലെങ്കിൽ കുററം ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെടുന്നസ്ഥലമോ, കേസ്സിന് സാരമായിട്ടുള്ള മറേറതെങ്കിലുംഇടപാട് നടന്നതായി ആരോപിക്കപ്പെടുന്ന മറേറതെങ്കിലും സ്ഥലമോ വീക്ഷിക്കുകയും കേസ് സംബന്ധിച്ച് അന്വേഷണവിചാരണ നടത്തുകയും ചെയ്തിട്ടുണ്ടെന്ന കാരണത്താൽ മാത്രമോ ആ കേസ്സിൽ കക്ഷിയാണെന്നോ അദ്ദേഹത്തിന് അതിൽ വ്യക്തിപരമായി താൽപര്യമുണ്ടെന്നോ കരുതപ്പെടുന്നതല്ല.

480. **പ്രാക്ററീസ് ചെയ്യുന്ന വക്കീൽ ചിലകോടതികളിൽ മജിസ്ട്രേററായി ഉപവേശിക്കാൻ പാടില്ലെന്ന്.**—ഏതെങ്കിലും മജിസ്ട്രേററ് കോടതിയിൽ പ്രാക്ററീസ് ചെയ്യുന്ന ഒരു വക്കീൽ, ആ കോടതിയിലേയോ ആ കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലുള്ള ഏതെങ്കിലും കോടതിയിലോ മജിസ്ട്രേട്ടായി ഉപവേശിക്കാൻ പാടുള്ളതല്ല.

481. **വില്പനയുമായി ബന്ധപ്പെട്ട പബ്ലിക്സർവന്റ് വസ്തു വിലയ്ക്കു വാങ്ങുകയോ വിളി കേൾക്കുകയോ പാടില്ലെന്ന്.**—ഈ നിയമസംഹിതയിൻകീഴിൽ ഏതെങ്കിലും വസ്തുവിന്റെ വില്പനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുവാനുള്ള ഒരു പബ്ളിക് സർവന്റ്, ആ വസ്തു വിലയ്ക്കുവാങ്ങുകയോ വിളി കേൾക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

482. **ഹൈക്കോടതിയുടെ സഹജാധികാരം ഒഴിവാക്കൽ.**—ഈ നിയമസംഹിതയിലെ യാതൊന്നും, ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും ഉത്തരവിന് പ്രഭാവം നല്കുവാനോ, അല്ലെങ്കിൽ ഏതെങ്കിലും കോടതി പ്രക്രിയ ദുരുപയോഗപ്പെടുത്തുന്നതു തടയുവാനോ, അല്ലെങ്കിൽ മററു വിധത്തിൽ നീതിയുടെ ലക്ഷ്യങ്ങൾ സാധിക്കുന്നതിനോ, ആവശ്യകമായ ഉത്തരവുകൾ ചെയ്യാനുള്ള ഹൈക്കോടതിയുടെ സഹജാധികാരത്തെ പരിമിതിപ്പെടുത്തുന്നതായോ, ബാധിക്കുന്നതായോ കരുതപ്പെടുന്നതല്ല.

483. **ജുഡീഷ്യൽ മജിസ്ട്രേററുമാരുടെ കോടതികളുടെ നിരന്തരമായ മേലന്വേഷണം നടത്താനുള്ള ഹൈക്കോടതിയ്ക്കുള്ള കർത്തവ്യം.**— ഏതൊരു ഹൈക്കോടതിയും, അതിന്റെ കീഴിലുള്ള ജുഡീഷ്യൽ മജിസ്ട്രേററുമാരുടെ കോടതികളുടെ മേലന്വേഷണം, അങ്ങനെയുള്ള മജിസ്ട്രേട്ടുമാർ കേസ്സുകൾ വേഗത്തിലും ശരിയായും തീർപ്പാക്കുമെന്ന് ഉറപ്പു വരത്തക്കവിധം നടത്തേണ്ടതാകുന്നു.

484. റദ്ദാക്കലും ഒഴിവാക്കലും.—(1) ക്രിമിനൽ നടപടി നിയമസംഹിത, 1898, (1898-ലെ 5), ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും—

(ക) ഈ നിയമസംഹിത പ്രാബല്യത്തിൽ വരുന്ന തീയതിക്കുതൊട്ടു മുമ്പായി, ഏതെങ്കിലും അപ്പീലോ, അപേക്ഷയോ, വിചാരണയോ, അന്വേഷണ വിചാരണയോ, അന്വേഷണമോ നിലവിലിരിക്കുന്നുണ്ടെങ്കിൽ, അങ്ങനെയുള്ള അപ്പീലോ, അപേക്ഷയോ, വിചാരണയോ, അന്വേഷണവിചാരണയോ, അന്വേഷണമോ, അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്നതുപോലെയുള്ള ക്രിമിനൽ നടപടിനിയമസംഹിത, 1898 (1898-ലെ 5)-ലെ (ഇതിൽ ഇതിനുശേഷം പഴയ നിയമസംഹിത എന്ന് പരാമർശിക്കപ്പെടുന്നത്) വ്യവസ്ഥകൾ അനുസരിച്ച് ഈ നിയമസംഹിത പ്രാബല്യത്തിൽ വന്നിട്ടുണ്ടായിരുന്നില്ലാ എന്നപോലെ, അതതുസംഗതിപോലെ, തീർപ്പാക്കുകയോ, തുടരുകയോ, ചെയ്യുകയോ, നടത്തുകയോ, ചെയ്യേണ്ടതാണ് :

എന്നാൽ, ഈ നിയമസംഹിതയുടെ പ്രാരംഭത്തിൽ നിലവിലിരിക്കുന്നതും പഴയ നിയമസംഹിത XVIII-ാം അദ്ധ്യായത്തിൻ കീഴിലുള്ളതുമായ ഏതൊരു അന്വേഷണവിചാരണയും, ഈ നിയമസംഹിതയിലെ വ്യവസ്ഥകളനുസരിച്ച് കൈകാര്യം ചെയ്യുകയും തീർപ്പാക്കുകയും ചെയ്യേണ്ടതാകുന്നു.

(ഖ) ഈ നിയമസംഹിതയുടെ പ്രാരംഭത്തിനുതൊട്ടുമുമ്പ് പ്രാബല്യത്തിലിരിക്കുന്ന പഴയ നിയമസംഹിതയിൻകീഴിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനങ്ങളും, പുറപ്പെടുവിച്ച വിളംബരങ്ങളും, നല്കിയ അധികാരങ്ങളും, നിർണ്ണയിച്ച ഫാറങ്ങളും, നിർവ്വചിച്ച തദ്ദേശാധികാരിതകളും, പാസ്സാക്കിയ ശിക്ഷാവിധികളും, ചെയ്ത ഉത്തരവുകളും, ഉണ്ടാക്കിയ ചട്ടങ്ങളും, സ്പെഷ്യൽ മജിസ്ട്രേററുമാരായുള്ള നിയമനങ്ങളല്ലാതെ ചെയ്ത നിയമനങ്ങളും എല്ലാം ഈ നിയമസംഹിതയിലെ, തൽസ്ഥാനത്തുള്ള വ്യവസ്ഥകൾക്കുകീഴിൽ യഥാക്രമം പ്രസിദ്ധപ്പെടുത്തുകയോ, പുറപ്പെടുവിക്കുകയോ, നല്കുകയോ നിർണ്ണയിക്കുകയോ, നിർവ്വചിക്കുകയോ, പാസ്സാക്കുകയോ, ചെയ്യുകയോ, ഉണ്ടാക്കുകയോ ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

(ഗ) പഴയ നിയമസംഹിതയിൻകീഴിൽ നല്കിയതും, ഏതിനനുസൃതമായാണോ നിയമസംഹിതയിൻകീഴിൽ നടപടിയൊന്നും ആരംഭിക്കാതെയിരുന്നത്, അങ്ങനെയുള്ളതുമായ ഏതു അനുമതിയും, അല്ലെങ്കിൽ സമ്മതവും, ഈ നിയമസംഹിതയിലെ തൽസ്ഥാനത്തുള്ള വ്യവസ്ഥകളിൻകീഴിൽ നൽകിയതായി കരുതപ്പെടുന്നതും, അങ്ങനെയുള്ള അനുമതിക്കോ സമ്മതത്തിനോ അനുസൃതമായി ഈ നിയമസംഹിതയിൻകീഴിൽ നടപടികൾ ആരംഭിക്കാവുന്നതും ആണ്.

(ഘ) ഭരണഘടന 363-ാം അനുച്ഛേദത്തിന്റെ അർത്ഥത്തിലുള്ള ഒരു ഭരണാധികാരിയ്ക്കെതിരായുള്ള ഏതൊരു പ്രോസിക്യൂഷൻ സംബന്ധിച്ചും പഴയ നിയമസംഹിതയിലെ വ്യവസ്ഥകൾ ബാധകമാകുന്നത് തുടരുന്നതാകുന്നു.

(3) പഴയ നിയമസംഹിതയിൻകീഴിൽ ഒരു അപേക്ഷയ്ക്കോ മററു നടപടിക്കോ നിർണ്ണയിച്ചിട്ടുള്ള കാലാവധി ഈ നിയമസംഹിതയുടെ പ്രാരംഭത്തിലോ അതിനുമുമ്പോ അവസാനിച്ചിട്ടുണ്ടായിരുന്നിടത്ത്, ഈ നിയമസംഹിതയിലെ യാതൊന്നിനും, ഈ നിയമസംഹിതയിൻകീഴിൽ, അങ്ങനെയുള്ള അപേക്ഷ കൊടുക്കാനോ നടപടി ആരംഭിക്കാനോ, ഈ നിയമസംഹിത അതിന് കൂടുതൽ ദീർഘിച്ച കാലാവധി നിർണ്ണയിച്ചിട്ടുണ്ടെന്നോ, സമയം നീട്ടിക്കൊടുക്കാൻ വ്യവസ്ഥകൾ ചെയ്തിട്ടുണ്ടെന്നോ ഉള്ള വസ്തുതമാത്രം കാരണമായി, കഴിവുണ്ടാക്കുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

# പട്ടികകൾ

ഒന്നാം

കുററങ്ങൾ

വിശദീകരണ കുറിപ്പുകൾ :—

(1) ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിൻ കീഴിലുള്ള കുററങ്ങൾ സംബന്ധിച്ച്, ഒന്നാം കാളത്തിൽ നമ്പർ കൊടുത്തിട്ടുള്ള വകുപ്പിനെതിരെ രണ്ടും മൂന്നും കാളങ്ങളിലുള്ള ഉൾക്കുറിപ്പുകൾ, ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ ആ കുററത്തിന്റെ നിർവ്വചനവും, അതിനു നിർണ്ണയിക്കപ്പെട്ടിട്ടുള്ള ശിക്ഷയും ആയ ട്ടല്ല, ആ വകുപ്പിന്റെ സാരം സൂചിപ്പിക്കുന്നതായി മാത്രമായാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

## 1. ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിൻ

| വകുപ്പ് | കുററം | ശിക്ഷ |
|---|---|---|
| (1) | (2) | (3) |
| | | അദ്ധ്യായം V |
| 109 | ഏതെങ്കിലും കുററത്തിനുള്ള പ്രേരണ, പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരണ നല്കുന്നതിന്റെ അനന്തര ഫലമായി ചെയ്യപ്പെടുകയും അതിനുള്ള ശിക്ഷയ്ക്കു പ്രകടമായ വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ. | പ്രേരിപ്പിക്കപ്പെട്ട കുററത്തിനുള്ളതു പോലെ തന്നെ. |
| 110 | ഏതെങ്കിലും കുററത്തിനുള്ള പ്രേരണ, പ്രേരിപ്പിക്കപ്പെട്ട ആൾ പ്രേരകനുള്ള ഉദ്ദേശത്തിൽ നിന്ന് വ്യത്യസ്തമായ ഉദ്ദേശത്തോടുകൂടി കൃത്യം ചെയ്യുന്നുവെങ്കിൽ. | ടി |
| 111 | ഏതെങ്കിലും കുററത്തിനുള്ള പ്രേരണ, ഒരു കൃത്യം ചെയ്യാൻ പ്രേരിപ്പിക്കുകയും വ്യത്യസ്തമായ ഒരു കൃത്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ; പരിമിതി വ്യവസ്ഥയ്ക്കു വിധേയമായി. | പ്രേരിപ്പിക്കുവാനുദ്ദേശിക്കപ്പെട്ട കുററത്തിനുള്ളതു തന്നെ. |
| 113 | ഏതെങ്കിലും കുററത്തിനുള്ള പ്രേരണ, പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരകൻ ഉദ്ദേശിച്ചതിൽനിന്ന് വ്യത്യസ്തമായ ഒരു ഫലം ഉളവാക്കുമ്പോൾ. | ചെയ്യപ്പെട്ട കുററത്തിനുള്ളതു തന്നെ. |

പട്ടിക

തരംതിരിക്കൽ

(2) ഈ പട്ടികയിൽ, (i) "ഒന്നാം ക്ലാസ്സ് മജിസ്ട്രേററ്", "ഏതെങ്കിലും മജിസ്ട്രേററ്" എന്നീ പദങ്ങളിൽ, മഹാനഗര മജിസ്ട്രേററുമാർ ഉൾപ്പെടുന്നതും, എന്നാൽ എക്സിക്യൂട്ടീവ് മജിസ്ട്രേററുമാർ ഉൾപ്പെടാത്തതും (ii) "കോഗ്നൈസബിൾ" എന്ന പദം, "ഒരു പോലീസ് ഉദ്യോഗസ്ഥന് വാറന്റ് കൂടാതെ അറസ്ററ് ചെയ്യാം" എന്നതിനു നിലകൊള്ളുന്നതും; (iii) "കോഗ്നൈസബിൾ അല്ലാത്ത" എന്ന പദം, "ഒരു പോലീസ് ഉദ്യോഗസ്ഥന് വാറന്റു കൂടാതെ അറസ്ററ് ചെയ്യുവാൻ പാടുള്ളതല്ല" എന്നതിന് നിലകൊള്ളുന്നതും ആകുന്നു.

കീഴിലുള്ള കുററങ്ങൾ

| കോഗ്നൈസബിളോ നോൺ—കോഗ്നൈസബിളോ, എന്ന്. | ജാമ്യം അനുവദിക്കേണ്ടതോ ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ, എന്ന്. | ഏത് കോടതിയാൽ വിചാരണ ചെയ്യപ്പെടാമെന്ന്. |
|---|---|---|
| (4) | (5) | (6) |
| | പ്രേരണ | |
| പ്രേരിപ്പിക്കപ്പെട്ട കുററം കോഗ്നൈസബിളോ കോഗ്നൈസബ്ൾ അല്ലാത്തതോ എന്നതനുസരിച്ച്. | പ്രേരിപ്പിക്കപ്പെട്ട കുററം ജാമ്യം അനുവദിക്കേണ്ടതോ ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ എന്നതനുസരിച്ച്. | പ്രേരിപ്പിക്കപ്പെട്ട കുററം വിചാരണ ചെയ്യാവുന്ന കോടതി. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |

| (1) | (2) | (3) |
| --- | --- | --- |
| 114 | ഏതെങ്കിലും കുററത്തിനുള്ള പ്രേരണ, കുററം ചെയ്യപ്പെടുമ്പോൾ പ്രേരകൻ സന്നിഹിതനാണെങ്കിൽ. | ചെയ്യപ്പെട്ട കുററത്തിനുള്ളതു തന്നെ. |
| 115 | മരണമോ, ജീവപര്യന്ത തടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിനുള്ള പ്രേരണ, പ്രേരണയുടെ അനന്തരഫലമായി കുററം ചെയ്യപ്പെടാത്തപക്ഷം. | 7 വർഷത്തെ തടവും പിഴയും. |
| | പ്രേരണയുടെ അനന്തരഫലമായി ഹാനിയുണ്ടാക്കുന്ന കൃത്യം ചെയ്യപ്പെടുന്നെങ്കിൽ. | 14 വർഷത്തെ തടവും പിഴയും. |
| 116 | തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിനുള്ള പ്രേരണ, പ്രേരണയുടെ അനന്തരഫലമായി കുററം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ. | ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗത്തോളം ആകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| | പ്രേരകനോ, പ്രേരിപ്പിക്കപ്പെട്ട ആളോ, കുററം തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ഒരു പബ്ലിക്ക് സർവന്റാണെങ്കിൽ. | ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ പകുതിയോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവോ പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 117 | ഒരു കുററം പൊതുജനങ്ങളോ പത്തിലധികം ആളുകളോ ചെയ്യുന്നതിന് പ്രേരണനല്കൽ. | മൂന്നുവർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 118 | മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ നല്കാവുന്ന കുററം ചെയ്യുവാനുള്ള പദ്ധതി ഒളിച്ചുവയ്ക്കൽ, കുററം ചെയ്താൽ. | ഏഴു വർഷത്തെ തടവും പിഴയും. |
| | കുററം ചെയ്തില്ലെങ്കിൽ. | മൂന്നു വർഷത്തെ തടവും പിഴയും. |
| 119 | കുററം ചെയ്യുവാനുള്ള പദ്ധതി, ആ കുററം ചെയ്യുന്നതിനെ തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള പബ്ലിക് സർവന്റ് ഒളിച്ചു വയ്ക്കുന്നത്, കുററം ചെയ്താൽ. | ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ പകുതിയോളം ആകാവുന്ന കാലത്തേയ്ക്കുള്ള തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ. |

| (4) | (5) | (6) |
|---|---|---|
| പ്രേരിപ്പിക്കപ്പെട്ട കുററം കോഗ്നൈസബിളോ കോഗ്നൈസബിളല്ലാത്തതോ എന്നതനുസരിച്ച്. | പ്രേരിപ്പിക്കപ്പെട്ട കുററം ജാമ്യം അനുവദിക്കേണ്ടതോ ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ എന്നതനുസരിച്ച്. | പ്രേരിപ്പിക്കപ്പെട്ട കുററം വിചാരണ ചെയ്യാവുന്ന കോടതി. |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ടി |
| ടി | ടി | ടി |
| ടി | പ്രേരിപ്പിക്കപ്പെട്ട കുററം ജാമ്യം അനുവദിക്കേണ്ടതോ, ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ എന്നതനുസരിച്ച്. | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| പ്രേരിപ്പിക്കപ്പെട്ട കുററം കോഗ്നൈസബിളോ, കോഗ്നൈസബിളല്ലാത്തതോ എന്നതനുസരിച്ച്. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ടി |
| ടി | പ്രേരിപ്പിക്കപ്പെട്ട കുററം ജാമ്യം അനുവദിക്കേണ്ടതോ, ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ എന്നതനുസരിച്ച്. | ടി |

| (1) | (2) | (3) |
|---|---|---|
| | കുററം മരണശിക്ഷയോ, ജീവപര്യന്തത്തടവോ നല്കി ശിക്ഷിക്കാവുന്നതാണെങ്കിൽ. | 10 വർഷത്തെ തടവ്. |
| | കുററം ചെയ്തില്ലെങ്കിൽ | ആ കുററത്തിന വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 120 | തടവുനല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുവാനുള്ള പദ്ധതി ഒളിച്ചുവയ്ക്കൽ, കുററം ചെയ്താൽ. | ടി |
| | കുററം ചെയ്തില്ലെങ്കിൽ. | ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ എട്ടിലൊരുഭാഗത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| | | അദ്ധ്യായം V ക— |
| 120 ഖ | മരണശിക്ഷയോ, ജീവപര്യന്തത്തടവുശിക്ഷയോ, രണ്ടു വർഷത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ ഉള്ള കഠിനതടവുശിക്ഷയോ നല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുവാനുള്ള കുററകരമായ ഗൂഢാലോചന. | ഗൂഢാലോചനയുടെ ഉദ്ദേശ്യമായ കുററത്തിനുള്ള പ്രേരണയ്ക്കുള്ളതുതന്നെ. |
| | മറേറതെങ്കിലും കുററകരമായ ഗൂഢാലോചന. | 6 മാസത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| | | അദ്ധ്യായം VI— |
| 121 | ഇൻഡ്യാഗവൺമെന്റിനെതിരായി യുദ്ധം ചെയ്യുകയോ യുദ്ധം ചെയ്യുവാൻ ശ്രമിക്കുകയോ യുദ്ധം ചെയ്യുന്നതിന് പ്രേരണ നല്കുകയോ ചെയ്യുന്നത്. | മരണശിക്ഷയോ, അല്ലെങ്കിൽ ജീവപര്യന്തത്തടവുശിക്ഷയോ കൂടാതെ പിഴയും. |

| (4) | (5) | (6) |
|---|---|---|
| പ്രേരിപ്പിക്കപ്പെട്ട കുററം കോഗ്നൈസബിളോ കോഗ്നൈസബിളല്ലാത്തതോ എന്നതനുസരിച്ച്. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | പ്രേരിപ്പിക്കപ്പെട്ട കുററം വിചാരണ ചെയ്യാവുന്ന കോടതി. |
| ടി | ജാമ്യം അനുവദിക്കേണ്ടത് | ടി |
| ടി | പ്രേരിപ്പിക്കപ്പെട്ട കുററം ജാമ്യം അനുവദിക്കേണ്ടതോ, ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ എന്നതനുസരിച്ച്. | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ടി |

കുററകരമായ ഗൂഢാലോചന

| | | |
|---|---|---|
| ഗൂഢാലോചനയുടെ ഉദ്ദേശ്യമായ കുററം കോഗ്നൈസബിളോ, കോഗ്നൈസബിളല്ലാത്തതോ എന്നതനുസരിച്ച്. | ഗൂഢാലോചനയുടെ ഉദ്ദേശ്യമായ കുററം ജാമ്യം അനുവദിക്കേണ്ടതോ ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ എന്നതനുസരിച്ച്. | ഗൂഢാലോചനയുടെ ഉദ്ദേശ്യമായ കുററത്തിനുള്ള പ്രേരണ വിചാരണ ചെയ്യാവുന്ന കോടതി. |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഒന്നാംക്ലാസ്സ് മജിസ്ട്രേററ്. |

സ്റേറററിനെതിരായുള്ള കുററങ്ങൾ

| | | |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി. |

| (1) | (2) | (3) |
|---|---|---|
| 121 ക | സ്റേററിനെതിരായുള്ള ചില കുററങ്ങൾ ചെയ്യുവാൻ ഗൂഢാലോചന നടത്തുന്നത്. | ജീവപര്യന്തതടവോ അല്ലെങ്കിൽ 10 വർഷത്തെ തടവോ കൂടാതെ പിഴയും. |
| 122 | ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധംചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ആയുധങ്ങളും മററും ശേഖരിക്കുന്നത്. | ജീവപര്യന്തതടവോ, അല്ലെങ്കിൽ 10 വർഷത്തെ തടവോ കൂടാതെ പിഴയും. |
| 123 | യുദ്ധം ചെയ്യുന്നതിനുള്ള പദ്ധതി സുകരമാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഒളിച്ചു വയ്ക്കുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| 124 | നിയമപ്രകാരമുള്ള ഏതെങ്കിലും അധികാരം പ്രയോഗിക്കുവാൻ നിർബന്ധിക്കുകയോ, പ്രയോഗിക്കുന്നതിനെ തടസ്സം ചെയ്യുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി രാഷ്ട്രപതി, ഗവർണ്ണർ മുതലായവരെ കൈയേററം ചെയ്യുന്നത്. | 7വർഷത്തെ തടവും പിഴയും |
| 124 ക | രാജ്യദ്രോഹം. | ജീവപര്യന്തതടവും പിഴയും, അല്ലെങ്കിൽ 3 വർഷത്തെതടവും, പിഴയും അല്ലെങ്കിൽ പിഴ. |
| 125 | ഇൻഡ്യാഗവൺമെൻറുമായി സഖ്യത്തിലുള്ളതോ സമാധാനത്തിൽ കഴിയുന്നതോ ആയ ഏതെങ്കിലും ഏഷ്യൻ ശക്തിക്കെതിരായി യുദ്ധം ചെയ്യുകയോ, അങ്ങനെയുള്ള യുദ്ധം ചെയ്യുവാൻ പ്രേരണ നല്കുകയോ ചെയ്യുന്നത്. | ജീവപര്യന്തതടവും പിഴയും അല്ലെങ്കിൽ 7 വർഷത്തെ തടവും പിഴയും അല്ലെങ്കിൽ പിഴ. |
| 126 | ഇൻഡ്യാഗവൺമെൻറുമായി സഖ്യത്തിലോ സമാധാനത്തിലോ കഴിയുന്ന ഏതെങ്കിലും ശക്തിയുടെ രാജ്യക്ഷേത്രങ്ങളിൽ കൊള്ളയടിക്കുന്നത്. | 7 വർഷത്തെ തടവും പിഴയും ചില വസ്തുക്കളുടെ കണ്ടുകെട്ടലും. |
| 127 | 125-ം 126-ം വകുപ്പുകളിൽ പ്രസ്താവിച്ച യുദ്ധത്താലോ കൊള്ളയടിയാലോ എടുത്ത വസ്തു സ്വീകരിക്കുന്നത്. | ടി |
| 128 | പബ്ലിക് സർവൻറ് തൻെറ കസ്ററഡിയിലുള്ള സ്റേററ് തടവുകാരനേയോ യുദ്ധത്തടവുകാരനേയോ രക്ഷപ്പെടുവാൻ സ്വേച്ഛയാ അനുവദിക്കുന്നത്. | ജീവപര്യന്തതടവോ അല്ലെങ്കിൽ 10 വർഷത്തെ തടവോ കൂടാതെ പിഴയും. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| കോഗ്നൈസബിൾ അല്ലാത്തത്. | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 129 | പബ്ലിക് സർവന്റ് തന്റെ കസ്റ്റഡിയിലുള്ള സ്റേററ് തടവുകാരനേയോ യുദ്ധത്തടവുകാരനേയോ രക്ഷപ്പെടുവാൻ തന്റെ ഉപേക്ഷയാൽ ഇടയാക്കുന്നത്. | 3 വർഷത്തെ വെറും തടവും പിഴയും. |
| 130 | അങ്ങനെയുള്ള തടവുകാരനെ രക്ഷപ്പെടുവാൻ സഹായിക്കുകയോ, രക്ഷപ്പെടുത്തുകയോ അയാൾക്ക് സംശ്രയം നല്കുകയോ, അങ്ങനെയുള്ള തടവുകാരനെ തിരിയെ പിടിക്കുന്നത് ഏതെങ്കിലും വിധത്തിൽ എതിർക്കുകയോ ചെയ്യുന്നത്. | ജീവപര്യന്തത്തടവോ, അല്ലെങ്കിൽ 10 വർഷത്തെ തടവോ കൂടാതെ പിഴയും. |

അദ്ധ്യായം VII—കരസേനയും, നാവികസേനയും

| (1) | (2) | (3) |
|---|---|---|
| 131 | വിദ്രോഹത്തിന് പ്രേരണനല്കുകയോ അല്ലെങ്കിൽ ഒരു ഉദ്യോഗസ്ഥനേയോ, സൈനികനേയോ, നാവികനേയോ, വൈമാനികനേയോ,അയാളുടെ കൂറിൽനിന്നോ കർത്തവ്യത്തിൽനിന്നോ വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നത്. | ജീവപര്യന്തത്തടവോ, അല്ലെങ്കിൽ 10 വർഷത്തെ തടവോ കൂടാതെ പിഴയും. |
| 132 | വിദ്രോഹത്തിനു പ്രേരണ നല്കൽ—തൽഫലമായി വിദ്രോഹം ചെയ്യപ്പെടുന്നുവെങ്കിൽ.. | മരണശിക്ഷയോ, ജീവപര്യന്തത്തടവോ, അല്ലെങ്കിൽ 10 വർഷത്തെ തടവോ കൂടാതെ പിഴയും. |
| 133 | ഒരു ഉദ്യോഗസ്ഥനോ, സൈനികനോ, നാവികനോ, വൈമാനികനോ തന്റെ ഔദ്യോഗിക കർത്തവ്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മേലുദ്യോഗസ്ഥനെ കൈയേററം ചെയ്യുന്നതിന് പ്രേരണ നല്കൽ. | 3 വർഷത്തെ തടവും പിഴയും. |
| 134 | അങ്ങനെയുള്ള കൈയേററത്തിന് പ്രേരണ നല്കൽ, കൈയേററം ചെയ്യുന്നുവെങ്കിൽ. | 7 വർഷത്തെ തടവു പിഴയും |
| 135 | ഒരു ആഫീസറോ, സൈനികനോ, നാവികനോ വൈമാനികനോ ഡെസർട്ട് ചെയ്യുന്നതിന് പ്രേരണ നല്കൽ. | 2 വർഷത്തെ തടവോ പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 136 | ഡെസർട്ട് ചെയ്ത അങ്ങനെയുള്ള ഒരു ആഫീസർക്കോ, സൈനികനോ, നാവികനോ, വൈമാനികനോ സംശ്രയം നല്കുന്നത്. | ടി |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്.. | സെഷൻസ് കോടതി |

വ്യോമസേനയും സംബന്ധിച്ച കുററങ്ങൾ

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി. |
| ടി | ടി | ടി |
| ടി | ടി | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേട്ട്. |
| ടി | ടി | ടി |

| 314. | ഗർഭം അലസിക്കണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്യുന്ന കൃത്യം മരണം സംഭവിപ്പിക്കുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| | കൃത്യം സ്ത്രീയുടെ സമ്മതം കൂടാതെ ചെയ്തതാണെങ്കിൽ. | ജീവപര്യന്തത്തടവോ, അല്ലെങ്കിൽ മുകളിൽ പറഞ്ഞതുപോലെയോ. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിഠം | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ്ട്രേററ് |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഒന്നാംക്ലാസ് മജിസ്ട്രേററ് |
| ടി | ടി | ടി |
| കോഗ്നൈസബിഠം | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി |
| ടി | ടി | ടി |
| ടി | ടി | ടി |

| (1) | (2) | (3) |
| --- | --- | --- |
| 315 | കുട്ടി ജീവനോടെ ജനിക്കുന്നത് തടയണമെന്നോ, അല്ലെങ്കിൽ അതു ജനിച്ച ശേഷം മരിക്കുവാൻ ഇടയാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടെ ചെയ്യപ്പെടുന്ന കൃത്യം. | 10 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 316 | കുററകരമായ നരഹത്യയാകുന്ന ഒരു കൃത്യത്താൽ ചലനമുള്ള ഗർഭസ്ഥ ശിശുവിൻെറ മരണം സംഭവിപ്പിക്കുന്നത്. | 10 വർഷത്തെ തടവും, പിഴയും. |
| 317 | 12 വയസ്സിന് താഴെ പ്രായമുള്ള കുട്ടിയെ മാതാവോ, പിതാവോ, അതിൻെറ സംരക്ഷണമുള്ള ആളോ അതിനെ പൂർണ്ണമായി ഉപേക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി, അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടുപോകുന്നത്. | 7 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 318 | മൃതദേഹം രഹസ്യമായി കൈയൊഴിക്കുന്നതുവഴി ജനനം ഒളിച്ചുവയ്ക്കുന്നത്. | 2 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 323 | സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്. | 1 വർഷത്തെ തടവോ, 1000 രൂപ പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 324 | അപായകരമായ, ആയുധങ്ങളാലോ, മാർഗ്ഗങ്ങളിലൂടെയോ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്. | 3 വർഷത്തെ തടവോ പിഴയോ, രണ്ടുംകൂടിയോ. |
| 325 | സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 7 വർഷത്തെ തടവും പിഴയും. |
| 326 | അപായകരമായ ആയുധങ്ങളാലോ, മാർഗ്ഗങ്ങളിലൂടെയോ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 327 | വസ്തുവോ, മൂല്യമുള്ള ഈടോ, ഭയപ്പെടുത്തി അപഹരിക്കുകയോ, നിയമവിരുദ്ധമായതോ, ഒരു കുററം ചെയ്യുന്നതു സുകരമാക്കാവുന്നതോ ആയ എന്തെങ്കിലും ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| 328 | ദേഹോപദ്രവം ഏല്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ മറേറാ സ്തബ്ധചിത്തനാക്കുന്ന മരുന്ന് കൊടുക്കുന്നത്. | ടി |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ഒന്നാം ക്ലാസ് മജിസ്ട്രേററ് |
| ടി | ടി | ടി |
| കോഗ്നൈസബിളല്ലാത്തത്. | ടി | ഏതെങ്കിലും മജിസ്ട്രേററ് |
| കോഗ്നൈസബിൾ | ടി | ഏതെങ്കിലും മജിസ്ട്രേട്ട് |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ഒന്നാം ക്ലാസ് മജിസ്ട്രേററ് |
| ടി | ടി | ടി |
| ടി | ടി | സെഷൻസ് കോടതി |

| (1) | (2) | (3) |
| --- | --- | --- |
| 329 | വസ്തുവോ മൂല്യമുള്ള ഈടോ, ഭയപ്പെടുത്തി അപഹരിക്കുകയോ, നിയമവിരുദ്ധമായതോ, ഒരു കുററം ചെയ്യുന്നത് സുകരമാക്കാവുന്നതോ ആയ എന്തെങ്കിലും ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 330 | കുററസമ്മതമോ, വിവരമോ ഭയപ്പെടുത്തി വാങ്ങുന്നതിനുവേണ്ടിയോ വസ്തു തിരിയെ കൊടുക്കുന്നതിനോ മററൊ നിർബന്ധിക്കുന്നതിനു വേണ്ടിയോ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്. | 7 വർഷത്തെ തടവും പിഴയും. |
| 331 | കുററസമ്മതമോ, വിവരമോ ഭയപ്പെടുത്തി വാങ്ങുന്നതിനുവേണ്ടിയോ വസ്തു തിരിയെ കൊടുക്കുന്നതിനോ മററൊ നിർബന്ധിക്കുന്നതിനു വേണ്ടിയോ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| 332 | പബ്ലിക് സർവൻറ്, തൻെറ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിൻതിരിയുവാൻ വേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്. | 3 വർഷത്തെ തടവോ, പിഴയോ രണ്ടും കൂടിയോ. |
| 333 | പബ്ലിക് സർവൻറ്, തൻെറ കർത്തവ്യത്തിൽ നിന്ന് ഭയന്നു പിൻതിരിയുവാൻ വേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 10 വർഷത്തെ തടവുംപിഴയും. |
| 334 | ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ, പ്രകോപനം നല്കിയ ആൾക്കല്ലാതെ മറെറതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏല്പിക്കണമെന്ന് ഉദ്ദേശിക്കാതെ, സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്. | ഒരു മാസത്തെ തടവോ 500 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| | ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ, പ്രകോപനം നല്കിയ ആൾ അല്ലാതെ മറെറതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏല്പിക്കണമെന്നുദ്ദേശിക്കാതെ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 4 വർഷത്തെ തടവോ 2000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |

| (4) | (5) | (6) |
| --- | --- | --- |
| കോഗ്നൈസബിൾ | ജാമ്യം അനുവദി ക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി. |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ഒന്നാം ക്ലാസ് മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ട തല്ലാത്തത്. | സെഷൻസ് കോടതി. |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ഒന്നാം ക്ലാസ് മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ട തല്ലാത്തത്. | സെഷൻസ് കോടതി |
| കോഗ്നൈസബിള ല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ് ട്രേററ്. |
| കോഗ്നൈസബിൾ. | ടി | ഒന്നാം ക്ലാസ് മജിസ്ട്രേററ്. |

| (1) | (2) | (3) |
| --- | --- | --- |
| 336 | മനുഷ്യജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കുന്ന ഏതെങ്കിലും കൃത്യം ചെയ്യുന്നത്. | 3 മാസത്തെ തടവോ, 250 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 337 | മനുഷ്യജീവനോ, മറേറാ, അപായം ഉളവാക്കുന്ന കൃത്യത്താൽ ദേഹോപദ്രവം ഏല്പിക്കുന്നത്. | 6 മാസത്തെ തടവോ, 500 രൂപ പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 338 | മനുഷ്യജീവനോ, മറേറാ, അപായം ഉളവാക്കുന്ന കൃത്യത്താൽ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്. | 2 വർഷത്തെ തടവോ, 1000 രൂപ പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 341 | ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്നത്. | 1 മാസത്തെ വെറും തടവോ, 500 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 342 | ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞു വയ്ക്കുന്നത്. | 1 വർഷത്തെ തടവോ, 1000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 343 | മൂന്നോ അതിൽ കൂടുതലോ ദിവസം അന്യായമായി തടഞ്ഞുവയ്ക്കുന്നത്. | 2 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 344 | പത്തോ അതിൽ കൂടുതലോ ദിവസം അന്യായമായി തടഞ്ഞുവയ്ക്കുന്നത്. | 3 വർഷത്തെ തടവും പിഴയും. |
| 345 | ഏതെങ്കിലും ആളുടെ മോചനത്തിനുള്ള റിട്ട് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അയാളെ അന്യായമായി തടഞ്ഞുവച്ചുകൊണ്ടിരിക്കുന്നത്. | 2 വർഷത്തെ തടവ്, മറേറതെങ്കിലും വകുപ്പിൻകീഴിലുള്ള തടവിന് പുറമെ. |
| 346 | രഹസ്യമായുള്ള, അന്യായമായ തടഞ്ഞുവയ്ക്കൽ. | ടി |
| 347 | വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായ കൃത്യത്തിനോ മറേറാ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി അന്യായമായി തടഞ്ഞുവയ്ക്കൽ. | 3 വർഷത്തെ തടവും പിഴയും. |
| 348 | കുററസമ്മതമോ വിവരമോ ഭയപ്പെടുത്തി വാങ്ങുന്നതിനുവേണ്ടിയോ വസ്തു തിരിയെ കൊടുക്കുന്നതിനോ മറേറാ നിർബന്ധിക്കുന്നതിനു വേണ്ടിയോ അന്യായമായി തടഞ്ഞുവയ്ക്കൽ. | ടി |
| 352 | ഗുരുവായ പ്രകോപനത്തിൻമേലല്ലാതെയുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ. | 3 മാസത്തെ തടവോ, 500 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കാത്തത്. | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ടി | ടി |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ടി | ടി |
| കോഗ്നൈസബിളല്ലാത്തത്. | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 353 | പബ്ലിക്ക്സർവൻറ്, തൻെറ കർത്തവ്യത്തിൽ നിന്ന് ഭയന്നു പിൻതിരിയുവാൻ വേണ്ടിയുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ. | 2 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 354 | സ്ത്രീയെ മാനഭംഗപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവളുടെ നേരെയുള്ള കൈയേററമോ, കുററകരമായ ബലപ്രയോഗമോ. | ടി |
| 355 | ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേലല്ലാതെ ഒരാളെ അനാദരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ. | ടി |
| 356 | ഒരാൾ ധരിച്ചിരിക്കുന്നതോ വഹിച്ചിരിക്കുന്നതോ ആയ വസ്തു മോഷണം നടത്തുവാൻ ശ്രമിക്കുന്നതിലുള്ള കൈയേററമോ, കുററകരമായ ബലപ്രയോഗമോ. | ടി |
| 357 | ഒരാളെ അന്യായമായി തടഞ്ഞുവയ്ക്കുവാൻ ശ്രമിക്കുന്നതിലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ. | 1 വർഷത്തെ തടവോ, 1000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 358 | ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേലുള്ള കൈയേററമോ, കുററകരമായ ബലപ്രയോഗമോ. | 1 മാസത്തെ വെറും തടവോ 200 രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 363 | ആൾമോഷണം. | 7 വർഷത്തെ തടവും പിഴയും. |
| 363 | (ക) ഒരു മൈനറെ, ഭിക്ഷയാചിക്കലിൻെറ ആവശ്യങ്ങൾക്കായി നിയോജിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി, അങ്ങനെയുള്ള മൈനറെ ആൾമോഷണം ചെയ്യുകയോ അതിൻെറ കസ്ററഡി കരസ്ഥമാക്കുകയോ ചെയ്യുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| | ഒരു മൈനറെ, ഭിക്ഷയാചിക്കലിൻെറ ആവശ്യങ്ങൾക്കായി, നിയോജിക്കുകയോ, ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി അങ്ങനെയുള്ള മൈനറെ അംഗഭംഗപ്പെടുത്തുന്നത്. | ജീവപര്യന്തത്തടവും പിഴയും. |
| 364 | കൊലചെയ്യുന്നതിനുവേണ്ടി ആൾമോഷണമോ, ആളപഹരണമോ ചെയ്യുന്നത്. | ജീവപര്യന്തത്തടവോ 10 വർഷത്തെ കഠിനതടവോ, കൂടാതെ പിഴയും. |

| (4) | (5) | (6) |
| --- | --- | --- |
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ടി | ടി |
| കോഗ്നൈസബിളല്ലാത്തത്. | ടി | ടി |
| കോഗ്നൈസബിൾ. | ടി | ടി |
| ടി | ടി | ടി |
| കോഗ്നൈസബിളല്ലാത്തത്. | ടി | ടി |
| കോഗ്നൈസബിൾ. | ടി | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ടി |
| ടി | ടി | സെഷൻസ് കോടതി. |
| ടി | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 365 | ഒരാളെ രഹസ്യമായും അന്യായമായും തടഞ്ഞുവയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടി ആക്രമോഷണമോ ആളപഹരണമോ ചെയ്യുന്നത്. | 7 വർഷത്തെ തടവും പിഴയും. |
| 366 | ഒരു സ്ത്രീയെ, അവളുടെ വിവാഹത്തിന് നിർബന്ധിക്കുന്നതിനോ, അല്ലെങ്കിൽ അവളെ ചാരിത്രഭംഗം ചെയ്യുന്നതിനോ മറ്റോ, വേണ്ടി ആക്രമോഷണമോ, ആളപഹരണമോ ചെയ്യുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| 366 ക | മൈനറായ പെൺകുട്ടിയെ സമ്പാദിച്ചുകൊടുക്കൽ. | ടി |
| ഖ | വിദേശരാജ്യത്തുനിന്ന് പെൺകുട്ടിയെ കൊണ്ടുവരുന്നത്. | ടി |
| 367 | ഒരാളെ കഠിനമായ ദേഹോപദ്രവത്തിനോ അടിമത്തത്തിനോ മറ്റോ, വിധേയനാക്കുവാൻ വേണ്ടി ആക്രമോഷണമോ, ആളപഹരണമോ ചെയ്യുന്നത്. | ടി |
| 368 | ആക്രമോഷണം ചെയ്യപ്പെട്ട ഒരാളെ ഒളിച്ചു വെയ്ക്കുകയോ, തടഞ്ഞു വെയ്ക്കുകയോ ചെയ്യുന്നത്. | ആക്രമോഷണത്തിനോ, ആളപഹരണത്തിനോ ഉള്ള ശിക്ഷ. |
| 369 | ഒരു കുട്ടിയെ, അങ്ങിനെയുള്ള കുട്ടിയുടെ ദേഹത്തുനിന്ന് വസ്തു എടുക്കണമെന്ന ഉദ്ദേശത്തോടുകൂടി ആക്രമോഷണമോ, ആളപഹരണമോ ചെയ്യുന്നത്. | 7 വർഷത്തെ തടവും പിഴയും. |
| 370 | ഏതെങ്കിലും ആളെ അടിമയായി വിലയ്ക്കു വാങ്ങുകയോ കൈയൊഴിക്കുകയോ ചെയ്യുന്നത്. | ടി |
| 371 | പതിവായുള്ള അടിമവ്യാപാരം. | ജീവപര്യന്തതടവോ, 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 372 | ഒരു മൈനറെ, വേശ്യാവൃത്തിക്കോ, മറ്റോ വേണ്ടി, വില്ക്കുകയോ, കൂലിക്കുകൊടുക്കുകയോ ചെയ്യുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| 373 | അതേ ആവശ്യങ്ങൾക്കായി മൈനറെ വിലയ്ക്കു വാങ്ങുകയോ, കൈവശമാക്കുകയോ ചെയ്യുന്നത്. | ടി |
| 374 | നിയമവിരുദ്ധമായി നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കൽ. | 1 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ഒന്നാംക്ലാസ് മജിസ്ട്രേറ്റ്. |
| ടി | ടി | സെഷൻസ് കോടതി |
| ടി | [illegible] | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ആൾമോഷണമോ, ആളപഹരണമോ വിചാരണ ചെയ്യാവുന്ന കോടതി |
| ടി | ടി | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത് | ടി |
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേറ്റ്. |

| (1) | (2) | (3) |
|---|---|---|
| 376 | ബലാൽസംഗം. | |
| | ലൈംഗികസംഗം, പുരുഷൻ, 12 വയസ്സിന് താഴെയല്ലാത്ത സ്വന്തം ഭാര്യയുമായിട്ടുള്ളതായിരുന്നുവെങ്കിൽ. | 2 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| | ലൈംഗികസംഗം, പുരുഷൻ, 12 വയസ്സിന് താഴെയുള്ള സ്വന്തം ഭാര്യയുമായിട്ടുള്ളതായിരുന്നുവെങ്കിൽ. | ജീവപര്യന്തതടവോ, 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| | മറേറതെങ്കിലും സംഗതിയിൽ. | ടി |
| 377 | പ്രകൃതിവിരുദ്ധമായ കുററങ്ങൾ. | ടി |

അദ്ധ്യായം XVII വസ്തുവി

| | | |
|---|---|---|
| 379 | മോഷണം. | 3 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 380 | കെട്ടിടത്തിലോ, കൂടാരത്തിലോ ജലയാനത്തിലോ വച്ചുള്ള മോഷണം. | 7 വർഷത്തെ തടവും പിഴയും. |
| 381 | യജമാനൻേറയോ, നിയോജകൻേറയോ കൈവശത്തിലുള്ള വസ്തു ക്ലാർക്കോ ഭൃത്യനോ, മോഷണം നടത്തുന്നത്. | ടി |
| 382 | മോഷണം നടത്തുന്നതിനോ, മോഷണം നടത്തിയശേഷം രക്ഷപ്പെടുന്നതിനോ, മോഷണത്താൽ എടുത്ത വസ്തു വച്ചുകൊണ്ടിരിക്കുന്നതിനോവേണ്ടി, മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ, തടസ്സമുണ്ടാക്കുകയോ, അല്ലെങ്കിൽ മരണം സംഭവിപ്പിക്കുകയോ, ദേഹോപദ്രവം ഏല്പിക്കുകയോ, തടസ്സമുണ്ടാക്കുകയോ ചെയ്യുമെന്ന് ഭയം ഉളവാക്കുകയോ, ചെയ്യുന്നതിന് ഒരുക്കം കൂട്ടിയതിനുശേഷം മോഷണം നടത്തുന്നത്. | 10 വർഷത്തെ കഠിന തടവും പിഴയും. |
| 384 | ഭയപ്പെടുത്തിയുള്ള അപഹരണം. | 3 വർഷത്തെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 385 | ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി, ക്ഷതി നേരിടുമെന്ന ഭയം ഉളവാക്കുകയോ, ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നത്. | 2 വർഷത്തെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | സെഷൻസ് കോടതി. |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ടി |
| കോഗ്നൈസബിൾ. | ടി | ടി |
| ടി | ടി | ഒന്നാം ക്ലാസ് മജിസ്ട്രേററ്. |
| നെതിരായ കുററങ്ങൾ. | | |
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ഒന്നാം ക്ലാസ് മജിസ്ട്രേററ്. |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ടി |

| (1) | (2) | (3) |
|---|---|---|
| 386 | ഏതെങ്കിലും ആൾക്ക് മരണം സംഭവിക്കുകയോ, കഠിനമായ ദേഹോപദ്രവം ഏല്ക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കി, ഭയപ്പെടുത്തിയുള്ള അപഹരണം. | 10 വർഷത്തെ തടവും പിഴയും. |
| 387 | ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി, ഏതെങ്കിലും ആൾക്ക് മരണം സംഭവിക്കുകയോ, കഠിനമായ ദേഹോപദ്രവം ഏല്ക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കുകയോ, ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നത്. | 7 വർഷത്തെ തടവും പിഴയും. |
| 388 | മരണശിക്ഷയോ, ജീവപര്യന്തത്തടവോ 10 വർഷത്തെ തടവോ നല്കി ശിക്ഷിക്കാവുന്ന കുററം ആരോപിക്കുമെന്ന ഭീഷണിവഴി ഭയപ്പെടുത്തിയുള്ള അപഹരണം. | 10 വർഷത്തെ തടവും പിഴയും |
| | ഭീഷണിപ്പെടുത്തപ്പെട്ട കുററം പ്രകൃതിവിരുദ്ധമായ കുററമാണെങ്കിൽ, | ജീവപര്യന്തത്തടവ്. |
| 389 | ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക്, മരണശിക്ഷയോ, ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ, നല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററാരോപണം ഉണ്ടാകുമെന്ന ഭയം ഉളവാക്കുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| | കുററം പ്രകൃതി വിരുദ്ധമായ കുററമാണെങ്കിൽ. | ജീവപര്യന്തത്തടവ്. |
| 392 | കവർച്ച. | 10 വർഷത്തെ കഠിന തടവും പിഴയും. |
| | ഹൈവേയിൽവച്ച് സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയ്ക്ക് നടത്തുന്നതാണെങ്കിൽ. | 14 വർഷത്തെ കഠിന തടവും പിഴയും. |
| 393 | കവർച്ച നടത്തുന്നതിനുള്ള ശ്രമം. | 7 വർഷത്തെ തടവും പിഴയും. |
| 394 | കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിനിടയിൽ, സ്വേച്ഛയാ, ദേഹോപദ്രവം ഏല്പിക്കുന്ന ആളോ, അങ്ങിനെയുള്ള കവർച്ചയിൽ കൂട്ടുചേരുന്ന മറേറതെങ്കിലും ആളോ. | ജീവപര്യന്തത്തടവോ, 10 വർഷത്തെ കഠിന തടവോ കൂടാതെ പിഴയും. |
| 395 | കൂട്ടായ്മക്കവർച്ച. | |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ട തല്ലാത്തത്. | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ട തല്ലാത്തത്. | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | സെഷൻസ് കോടതി. |

| (1) | (2) | (3) |
|---|---|---|
| 396 | കൂട്ടായ്മക്കവർച്ചയിൽ കൊലപാതകം. | മരണശിക്ഷയോ, ജീവപര്യന്ത തടവോ, 10 വർഷത്തെ കഠിന തടവോ, കൂടാതെ പിഴയും. |
| 397 | മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുവാനുള്ള ശ്രമത്തോടുകൂടിയ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ. | 7 വർഷത്തിൽ കുറയാത്ത കഠിനതടവ്. |
| 398 | മാരകായുധം ധരിച്ചിട്ടുള്ളപ്പോൾ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുവാൻ ശ്രമിക്കുന്നത്. | ടി |
| 399 | കൂട്ടായ്മക്കവർച്ച നടത്തുവാൻ ഒരുക്കം കൂട്ടൽ. | 10 വർഷത്തെ കഠിനതടവും പിഴയും. |
| 400 | പതിവായി കൂട്ടായ്മക്കവർച്ച നടത്തുന്നതിനുവേണ്ടി കൂട്ടുചേർന്നവരുടെ സംഘത്തിൽപെടുന്നത് | ജീവപര്യന്തത്തടവോ, 10 വർഷത്തെ കഠിനതടവോ, കൂടാതെ പിഴയും. |
| 401 | മോഷണങ്ങൾ പതിവായി നടത്തുന്നതിനുവേണ്ടി കൂട്ടുചേർന്നവരുടെ അലഞ്ഞുതിരിയുന്ന സംഘത്തിൽപെടുന്നത്. | 7 വർഷത്തെ കഠിനതടവും പിഴയും. |
| 402 | കൂട്ടായ്മക്കവർച്ച നടത്തുന്നതിനുവേണ്ടി സംഘം ചേരുന്ന അഞ്ചോ അതിലധികമോ ആളുകളിൽ ഒന്നായിരിക്കുന്നത്. | ടി |
| 403 | ജംഗമവസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ സ്വന്തം ആവശ്യത്തിനുവേണ്ടി മറിക്കുകയോ ചെയ്യുന്നത്. | 2 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 404 | ഏതെങ്കിലും വസ്തു, പരേതനായ ഒരാളുടെ മരണസമയത്ത് അയാളുടെ കൈവശത്തിലായിരുന്നു എന്നും, അതിനുശേഷം അത് കൈവശംവയ്ക്കുന്നതിന് നിയമാനുസൃതം അവകാശമുള്ള ഏതെങ്കിലും ആളുടെ കൈവശത്തിൽ ആയിരുന്നിട്ടില്ലെന്നും അറിഞ്ഞുകൊണ്ട്, അതു നേരുകേടായി ദുർവിനിയോഗം ചെയ്യുന്നത്. | 3 വർഷത്തെ തടവും പിഴയും. |
| | മരിച്ചുപോയ ആൾ നിയോജിച്ച ക്ലാർക്കിനാലോ ഭൃത്യനാലോ ആണെങ്കിൽ. | 7 വർഷത്തെ തടവും പിഴയും. |
| 406 | കുററകരമായ ട്രസ്ററ് ലംഘനം. | 3 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |

| (4) | (5) | (൬) | |
|---|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി. | |
| ടി | ടി | ടി | |
| ടി | ടി | ടി | |
| ടി | ടി | ടി | |
| ടി | ടി | ടി | |
| ടി | ടി | ടി | ടി |
| ടി | ടി | ഒന്നാം മജിസ്ട്രേറ്റ്. | |
| ടി | ടി | സെഷൻസ് കോടതി. | |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ്ട്രേറ്റ്. | |
| ടി | ടി | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. | |
| ടി | ടി | ടി | ടി |
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. | |

| (1) | (2) | (3) |
|---|---|---|
| 407 | കാരിയറോ, ഒരു പാത്വറുടമയോ, മറോ കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്നത് | 7 വർഷത്തെ തടവും പിഴയും. |
| 408 | ക്ലാർക്കോ, ഭൃത്യനോ കുററകരമായ ട്രസ്ററ്ലംഘനം നടത്തുന്നത്. | ടി |
| 409 | പബ്ലിക്ക് സർവന്റോ, ബാങ്കറോ, കച്ചവടക്കാരനോ, ഏജൻറോ മറോ കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്നത്. | ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 411 | കളവ മുതലാണെന്നറിഞ്ഞുകൊണ്ട് കളവു മുതൽ നേരുകേടായി സ്വീകരിക്കുന്നത്. | 3 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 412 | കൂട്ടായ്മക്കവർച്ചയാൽ ലഭിച്ചതാണെന്നറിഞ്ഞുകൊണ്ട് കളവുമുതൽ നേരുകേടായി സ്വീകരിക്കുന്നത്. | ജീവപര്യന്തത്തടവോ, 10 വർഷത്തെ കഠിന തടവോ, കൂടാതെ പിഴയും. |
| 413 | കളവുമുതൽ പതിവായി കൈകാര്യം ചെയ്യുന്നത്. | ജീവപര്യന്തത്തടവോ 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 414 | കളവുമുതൽ, അതുകളവുമുതലാണെന്നറിഞ്ഞുകൊണ്ട് ഒളിച്ചുവയ്ക്കുകയോ, വ്യയനം ചെയ്യുകയോ ചെയ്യുന്നതിൽ സഹായിക്കുന്നത്. | 3 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 417 | ചതിക്കൽ. | 1 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 418 | ഏതൊരാളുടെ താത്പര്യം സംരക്ഷിക്കുവാനാണോ, നിയമത്താലോ നിയമാനുസൃതമായ കാൺട്രാക്ററിനാലോ കുററക്കാരൻ ബാദ്ധ്യസ്ഥനായിട്ടുള്ളത്, ആ ആളെ ചതിക്കുന്നത്. | 3 വർഷത്തെ തടവോ, പിഴയോഅല്ലെങ്കിൽ രണ്ടുംകൂടിയോ |
| 419 | ആൾമാറാട്ടം വഴി ചതിക്കൽ. | ടി |
| 420 | ചതിക്കുകയും അതുവഴി വസ്തു നല്കുവാനോ മൂല്യമുള്ള ഈട് ഉണ്ടാക്കുകയോ, വ്യത്യാസപ്പെടുത്തുകയോ, നശിപ്പിക്കുകയോ ചെയ്യുവാനോ, നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നത്. | 7 വർഷത്തെ തടവും പിഴയും. |
| 421 | ഉത്തമർണ്ണൻമാരുടെ ഇടയിൽ വിതരണം ചെയ്യുന്നതു തടയുവാനായി, വസ്തു വഞ്ചനാപൂർവ്വം നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ മറോ ചെയ്യുന്നത്. | 2വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേറ്റ് |
| ടി | ടി | സെഷൻസ് കോടതി. |
| ടി | ടി | ടി |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേറ്റ്. |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ടി |
| ടി | ടി | ടി |
| കോഗ്നൈസബിൾ. | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ്ട്രേറ്റ്. |

| (1) | (2) | (3) |
| --- | --- | --- |
| 422 | കുററക്കാരന് കിട്ടേണ്ട കടമോ, ഡിമാൻേറാ, അയാളുടെ ഉത്തമർണ്ണൻമാർക്ക് ലഭ്യമാക്കുന്നത് വഞ്ചനാപൂർവ്വം തടയുന്നത്. | 2 വർഷത്തെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 423 | പ്രതിഫലത്തെപ്പററി വ്യാജമായ പ്രസ്താവന അടങ്ങിയ കൈമാററക്കരണം വഞ്ചനാപൂർവ്വം ഒപ്പിട്ട് പൂർത്തീകരിക്കുന്നത്. | ടി |
| 424 | തൻേറയോ, മറേറതെങ്കിലും ആളുടേയോ വസ്തു വഞ്ചനാപൂർവ്വം നീക്കം ചെയ്യുകയോ, ഒളിച്ചുവയ്ക്കുകയോ, അങ്ങനെചെയ്യുന്നതിൽ സഹായിക്കുകയോ അല്ലെങ്കിൽ തനിക്ക്അവകാശപ്പെട്ട ഏതെങ്കിലും ഡിമാൻേഡാ അവകാശവാദമോ നേരുകേടായി വിട്ടുകൊടുക്കുകയോ ചെയ്യുന്നത്. | ടി |
| 426 | ദ്രോഹം. | 3 മാസത്തെതടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 427 | ദ്രോഹവും അതുവഴി 50 രൂപയ്ക്കോ,അതിൽ കൂടുതൽ തുകയ്ക്കോ ഉള്ള ചേതം ഉണ്ടാക്കുകയും ചെയ്യുന്നത്. | 2 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 428 | 10 രൂപയോ അതിൽ കൂടുതലോ വിലയുള്ള ഏതെങ്കിലും ജന്തുവിനെ കൊല്ലുകയോ, അതിനു വിഷം കൊടുക്കുകയോ, അതിനെ അംഗഭംഗപ്പെടുത്തുകയോ, ഉപയോഗശൂന്യമാക്കുകയോ, ചെയ്യുന്നതുവഴിയുള്ള ദ്രോഹം. | ടി |
| 429 | ഏതെങ്കിലും ആന,ഒട്ടകം,കുതിര മുതലായവയേയോ, അതിൻെറ വില എന്തു തന്നെയായാലും, അല്ലെങ്കിൽ, 50 രൂപയോ അതിൽ കൂടുതലോ വിലയുള്ള മറേറതെങ്കിലും ജന്തുവിനേയോ കൊല്ലുകയോ അതിന് വിഷംകൊടുക്കുകയോ, അതിനെ അംഗഭംഗപ്പെടുത്തുകയോ, ഉപയോഗശൂന്യമാക്കുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം. | 5 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 430 | കാർഷികാവശ്യങ്ങൾക്കോ മറേറാ,വേണ്ടി വെള്ളം നല്കുന്നതിന് കുറവ് വരുത്തുന്നതുവഴിയുള്ള ദ്രോഹം. | ടി |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ അല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ്ട്രേറ്റ്. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| കോഗ്നൈസബിൾ. | ടി | ടി |
| ടി | ടി | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. |
| ടി | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 431 | പബ്ലിക് റോഡിനോ, പാലത്തിനോ, ജലഗതാഗതയോഗ്യമായ നദിക്കോ, ജലഗതാഗതയോഗ്യമായ തോടിനോ ക്ഷതിയുളവാക്കുകയും, അതിനെസഞ്ചാരയോഗ്യമല്ലാതാക്കുകയോ, യാത്രചെയ്യുന്നതിനോ വസ്തുക്കാംകൊണ്ടുപോകുന്നതിനോ ഉള്ള സുരക്ഷിതത്വത്തിൽ കുറവുള്ളതാക്കിത്തീർക്കുകയോ ചെയ്യുകയും ചെയ്യുന്നതുവഴിയുള്ള ദ്രോഹം. | 5 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ; |
| 432 | പബ്ലിക് ഡ്രെയിനേജിന് ജലപ്രവാഹനമോ, തടസ്സമോ, നാശനഷ്ടത്തോടുകൂടി ഉണ്ടാക്കുന്നതുവഴിയുള്ള ദ്രോഹം. | ടി |
| 433 | ദീപസ്തംഭമോ, സമുദ്രീയചിഹ്നമോ നശിപ്പിക്കുകയോ അതിന്റെ സ്ഥാനം മാററുകയോ, അതിന്റെ പ്രയോജനം കുറയ്ക്കുകയോ ചെയ്യുന്നതുവഴിയോ, വ്യാജമായ ദീപങ്ങാം പ്രദർശിപ്പിക്കുന്നതു വഴിയോ ഉള്ള ദ്രോഹം. | 7 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 434 | പബ്ലിക് അധികാരസ്ഥാനത്താൽ ഉറപ്പിക്കപ്പെട്ട ഭൂമിചിഹ്നം നശിപ്പിക്കുകയോ, അതിന്റെ സ്ഥാനം മാററുകയോ, മറേറാചെയ്യുന്നതു വഴിയുള്ള ദ്രോഹം. | 1 വർഷത്തെ തടവും പിഴയും. |
| 435 | 100 രൂപയ്ക്കോ അതിൽകൂടുതലോ, അല്ലെങ്കിൽ, കാർഷികോത്പന്നത്തിന്റെ സംഗതിയിൽ, 10 രൂപയ്ക്കോ അതിൽ കൂടുതലോ ഉള്ള നാശനഷ്ടം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തീയാലോ, സ്ഫോടകപദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നത്. | 7 വർഷത്തെ തടവും പിഴയും. |
| 436 | ഒരു വീടോ മറേറാ നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തീയാലോ, സ്ഫോടകപദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നത്. | ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ, കൂടാതെ, പിഴയും. |
| 437 | ഡെക്കോടുകൂടിയതോ, 20 ടൺ കേവുഭാരമുള്ളതോ ആയ ജലയാനം നശിപ്പിക്കുകയോ, ആപൽക്കരമാക്കുകയോ ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടിയുള്ള ദ്രോഹം. | 10 വർഷത്തെ തടവും പിഴയും. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതു് | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ടി | ടി |
| ടി | ടി | ടി |
| കോഗ്നൈസബിളല്ലാത്തത്. | ടി | ഏതെങ്കിലും മജിസ്ട്രേററ്. |
| കോഗ്നൈസബിൾ. | ടി | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി. |
| ടി | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 438. | മുമ്പ ലത്തെ വകുപ്പിൽ വിവരിച്ച ദ്രോഹം, തീയാലോ ഏതെങ്കിലും സ്ഫോടകപദാർത്ഥത്താലോ, ചെയ്യുമ്പോൾ. | ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ കൂടാതെ പിഴയും. |
| 439. | മോഷണമോ മറ്റോ, നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജലയാനം കരയ്ക്ക് കയറ്റുന്നത്. | 10 വർഷത്തെ തടവും പിഴയും. |
| 440. | മരണം സംഭവിപ്പിക്കുകയോ, ദേഹോപദ്രവം ഏല്പിക്കുകയോ മറ്റോ ചെയ്യുവാൻ ഒരുക്കം കൂട്ടിയതിനു ശേഷം ചെയ്യുന്ന ദ്രോഹം. | 5 വർഷത്തെ തടവും പിഴയും. |
| 447. | കുറ്റകരമായ വസ്തു കൈയേറ്റം. | 3 മാസത്തെ തടവോ, 500 രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 448. | ഭവനക്കൈയേറ്റം. | ഒരു വർഷത്തെ തടവോ, 1000 രൂപ പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 449. | മരണശിക്ഷ നൽകാവുന്ന കുറ്റം ചെയ്യുന്നതിനുവേണ്ടിയുള്ള ഭവനക്കൈയേറ്റം. | ജീവപര്യന്തത്തടവോ, 10 വർഷത്തെ കഠിന തടവോ, കൂടാതെ പിഴയും. |
| 450. | ജീവപര്യന്തത്തടവു നല്കി ശിക്ഷിക്കാവുന്ന കുറ്റംചെയ്യുന്നതിനുവേണ്ടിയുള്ള ഭവനക്കൈയേറ്റം. | 10 വർഷത്തെ തടവും പിഴയും. |
| 451. | തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റംചെയ്യുന്നതിനുവേണ്ടിയുള്ള ഭവനക്കൈയേറ്റം. | 2 വർഷത്തെ തടവും പിഴയും. |
| | കുറ്റം മോഷണമാണെങ്കിൽ. | 7 വർഷത്തെ തടവും പിഴയും. |
| 452. | ദേഹോപദ്രവം ഏല്പിക്കുന്നതിനോ, കൈയേറ്റംചെയ്യുന്നതിനോ മറ്റോ ഒരുക്കംകൂട്ടിയതിനുശേഷമുള്ള ഭവനക്കൈയേറ്റം. | ടി |
| 453. | പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേറ്റമോ, ഭവനഭേദനമോ. | 2 വർഷത്തെ തടവും പിഴയും. |
| 454 | തടവു നല്കി ശിക്ഷിക്കാവുന്ന കുറ്റം ചെയ്യുന്നതിനുവേണ്ടി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേറ്റമോ, ഭവന ഭേദനമോ. | 3 വർഷത്തെ തടവും പിഴയും. |
| | കുറ്റം മോഷണമാണെങ്കിൽ. | 10 വർഷത്തെ തടവും പിഴയും. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ. | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ്കോടതി. |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത് | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | സെഷൻസ് കോടതി |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ഒന്നാംക്ലാസ് മജിസ്ട്രേററ്. |

| | (1) | (2) | (3) |
|---|---|---|---|
| 455. | | ദേഹോപദ്രവം ഏല്പിക്കുന്നതിനോ, കൈയേററംചെയ്യുന്നതിനോ, ഒരുക്കം കൂട്ടിയതിനുശേഷം പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ, ഭവനഭേദനമോ. | 10 വർഷത്തെ തടവും, പിഴയും. |
| 456. | | രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ, ഭവനഭേദനമോ. | 3 വർഷത്തെ തടവും പിഴയും. |
| 457. | | തടവു നല്കി ശിക്ഷിക്കാവുന്ന ഒരു കുററം ചെയ്യുന്നതിന് രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ, ഭവനഭേദനമോ. | 5 വർഷത്തെ തടവും പിഴയും. |
| | | കുററം മോഷണമാണെങ്കിൽ. | 14 വർഷത്തെ തടവും പിഴയും. |
| 458. | | ദേഹോപദ്രവം ഏല്പിക്കുന്നതിനോ, മററോ, ഒരുക്കംകൂട്ടിയതിനുശേഷം രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ, ഭവനഭേദനമോ. | 14 വർഷത്തെ തടവും പിഴയും. |
| 459. | | പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുമ്പോൾ ഏല്പിക്കുന്ന കഠിനമായ ദേഹോപദ്രവം. | ജീവപര്യന്തതടവോ, 10 വർഷത്തെ തടവോ കൂടാതെ പിഴയും. |
| 460. | | രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനഭേദനമോ മററോ, നടത്തുന്നതിൽ കൂട്ടായി പങ്കെടുക്കുന്ന പല ആളുകളിൽ ഒരാൾ മരണം സംഭവിപ്പിക്കുകയോ, കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുന്നത്. | ടി |
| 461 | | വസ്തു അടങ്ങിയിട്ടുള്ളതോ, വസ്തു അടങ്ങിയതാണെന്ന് കരുതുന്നതോ ആയ അടച്ച ഏതെങ്കിലും പാത്രം നേരുകേടായി കുത്തിത്തുറക്കുകയോ, അഴിക്കുകയോ ചെയ്യുന്നത്. | രണ്ടു വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 462 | | വസ്തു അടങ്ങിയിട്ടുള്ളതോ, വസ്തു അടങ്ങിയതാണെന്ന് കരുതുന്നതോ ആയ അടച്ച ഏതെങ്കിലും പാത്രം ഭാരമേല്പിക്കപ്പെട്ടിരിക്കുകയും അത് വഞ്ചനാംപൂർവ്വം തുറക്കുകയും ചെയ്യുന്നത്. | മൂന്നു വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും, കൂടിയോ. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ട തല്ലാത്തത് | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേറ്റ് |
| ടി | ടി | ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്. |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | സെഷൻസ് കോടതി |
| ടി | ടി | ടി |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേറ്റ്. |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ടി |

| (1) | (2) | (3) |
|---|---|---|
| | | അദ്ധ്യായം |
| | | രേഖകളും വസ്തു ചിഹ്നങ്ങളും |
| 465 | വ്യാജനിർമ്മാണം. | രണ്ടു വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 466 | പബ്ലിക് സർവന്റ് സൂക്ഷിക്കുന്ന, ഒരു നീതിന്യായക്കോടതിയുടേയോ, ജനന രജിസ്ട്രാറുടേയോ മറേറാ റിക്കാർഡിന്റെ വ്യാജനിർമ്മാണം. | ഏഴു വർഷത്തെ തടവും പിഴയും. |
| 467 | മൂല്യമുള്ള ഈടിന്റേയോ, മരണശാസനത്തിന്റേയോ, അല്ലെങ്കിൽ ഏതെങ്കിലും മൂല്യമുള്ള ഈട് ഉണ്ടാക്കുകയോ കൈമാററം ചെയ്യുകയോ ചെയ്യുന്നതിനോ, ഏതെങ്കിലും പണമോ, മറേറാ സ്വീകരിക്കുന്നതിനോ ഉള്ള അധികാര പത്രത്തിന്റേയോ, വ്യാജനിർമ്മാണം. | ജീവപര്യന്തമോ, 10 വർഷത്തേക്കോ ഉള്ള തടവോ, കൂടാതെ പിഴയും. |
| | മൂല്യമുള്ള ഈട് കേന്ദ്രഗവൺമെന്റിന്റെ പ്രോമനോട്ടാണെങ്കിൽ. | ടി |
| 468 | ചതിക്കുന്നതിനുവേണ്ടിയുള്ള വ്യാജനിർമ്മാണം. | ഏഴു വർഷത്തെ തടവും പിഴയും. |
| 469 | ഏതെങ്കിലും ആളുടെ ഖ്യാതിക്ക് ഹാനി ഉണ്ടാക്കുന്ന ആവശ്യത്തിലേയ്ക്കോ, ആ ആവശ്യത്തിന് ഉപയോഗിക്കപ്പെടാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ ഉള്ള വ്യാജനിർമ്മാണം. | മൂന്നു വർഷത്തെ തടവും പിഴയും. |
| 471 | വ്യാജനിർമ്മിതമാണെന്ന് അറിയാവുന്ന വ്യാജനിർമ്മിതരേഖ, യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുന്നത്. | അങ്ങനെയുള്ള രേഖയുടെ വ്യാജനിർമ്മാണത്തിനുള്ള ശിക്ഷ. |
| | വ്യാജനിർമ്മിതരേഖ കേന്ദ്രഗവൺമെന്റിന്റെ പ്രോമനോട്ട് ആയിരിക്കുമ്പോൾ. | ടി |

| (4) | (5) | (6) |
|---|---|---|

XVIII

ങ്ങളും സംബന്ധിച്ച കുററങ്ങൾ

| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത് | ഒന്നാംക്ലാസ് മജിസ്ട്രേററ്. |
|---|---|---|
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത്. | ടി |
| ടി | ടി | ടി |
| കോഗ്നൈസബിൾ. | ടി | ടി |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത്. | ടി |
| ടി | ടി | ടി |
| ടി | ടി | ടി |

| (1) | (2) | (3) |
| --- | --- | --- |
| 472 | ഇൻഡ്യൻ ശിക്ഷാനിയമസംഹിത 467-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ വ്യാജനിർമ്മാണം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുദ്ര, തകിട് മുതലായവ നിർമ്മിക്കുകയോ, കപടാനുകരണം നടത്തിയുണ്ടാക്കുകയോ, അല്ലെങ്കിൽ അതുപോലുള്ള ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള ഏതെങ്കിലും മുദ്ര തകിട് മുതലായവ അവ കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്നറിഞ്ഞുകൊണ്ട് , കൈവശം വയ്ക്കുകയോ ചെയ്യുന്നത്. | ജീവപര്യന്തത്തടവോ ഏഴു വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 473 | ഇൻഡ്യൻ ശിക്ഷാനിയമസംഹിത 467-ാം വകുപ്പു പ്രകാരമല്ലാതെ ശിക്ഷാർഹമായ വ്യാജനിർമ്മാണം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുദ്ര, തകിട് മുതലായവ നിർമ്മിക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കുകയോ, അല്ലെങ്കിൽ അതുപോലെയുള്ള ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള ഏതെങ്കിലും മുദ്ര, തകിട് മുതലായവ അവ കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്നറിഞ്ഞുകൊണ്ട്, കൈവശം വയ്ക്കുകയോ ചെയ്യുന്നത്. | ഏഴു വർഷത്തെ തടവും പിഴയും. |
| 474 | രേഖ, അത് വ്യാജനിർമ്മിതമാണെന്നറിഞ്ഞുകൊണ്ടും, അത് യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കണമെന്നുദ്ദേശിച്ചുകൊണ്ടും, കൈവശം വയ്ക്കുന്നത്; രേഖ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 466-ാംവകുപ്പിൽ പറഞ്ഞ വിവരത്തിൽപ്പെട്ട ഒന്നാണെങ്കിൽ | ടി |
| | രേഖ, ഇൻഡ്യൻശിക്ഷാനിയമസംഹിത; 467-ാം വകുപ്പിൽപറഞ്ഞ വിവരണത്തിൽപ്പെട്ട ഒന്നാണെങ്കിൽ | ജീവപര്യന്തത്തടവോ, 7 വർഷത്തെ തടവോ, കൂടാതെ പിഴയും |
| 475 | ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 467-ാം വകുപ്പിൽ വിവരിച്ച രേഖകൾ പ്രമാണീകരിക്കുവാൻ ഉപയോഗിക്കുന്ന അടയാളമോ ചിഹ്നമോ, കപടാനുകരണംചെയ്തു ഉണ്ടാക്കുകയോ, കപടാനുകരണം ചെയ്ത ചിഹ്നമുള്ള പദാർത്ഥം കൈവശംവയ്ക്കുകയോ ചെയ്യുന്നത് | ടി |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിൾ | ജാമ്യംഅനുവദിക്കേണ്ടത് | ഒന്നാംക്ലാസ് മജിസ്ട്രേട്ട് |
| ടി | ടി | ടി |
| ടി | ടി | ടി |
| കോഗ്നൈസബിളല്ലാത്തത് | ടി | ടി |
| ടി | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 476 | ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 467-ാം വകുപ്പിൽ വിവരിച്ചവയല്ലാത്ത രേഖകളെ പ്രമാണീകരിക്കുവാൻ ഉപയോഗിക്കുന്ന അടയാളമോ, ചിഹ്നമോ, കപടാനുകരണം ചെയ്ത് ഉണ്ടാക്കുകയോ, കപടാനുകരണം ചെയ്ത ചിഹ്നമുള്ള പദാർത്ഥം കൈവശം വയ്ക്കുകയോ ചെയ്യുന്നത് | 7 വർഷത്തെ തടവും, പിഴയും |
| 477 | മരണശാസനമോ, മററോ, വഞ്ചനാപൂർവ്വകമായി നശിപ്പിക്കുകയോ, വിരൂപമാക്കുകയോ, അല്ലെങ്കിൽ നശിപ്പിക്കുകയോ, വിരൂപമാക്കുകയോ ചെയ്യുവാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത് | ജീവപര്യന്തത്തടവോ, 7 വർഷത്തെ തടവോ കൂടാതെ പിഴയും |
| 477ക | കണക്കുകളുടെ വ്യാജീകരണം | 7 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ |
| 482 | ഏതെങ്കിലും ആളെ കബളിപ്പിക്കണമെന്നോ ക്ഷതിപ്പെടുത്തണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി വ്യാജമായ വസ്തുചിഹ്നം ഉപയോഗിക്കുന്നത് | 1 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ |
| 483 | നാശനഷ്ടമോ, ക്ഷതിയോ ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മററൊരാൾ ഉപയോഗിക്കുന്ന വസ്തുചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നത് | 2 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ |
| 484 | ഒരു പബ്ലിക്സർവന്റ് ഉപയോഗിക്കുന്ന, ഏതെങ്കിലും വസ്തുചിഹ്നത്തിന്റേയോ, ഏതെങ്കിലും വസ്തുവിന്റെ നിർമ്മാണമോ, ക്വാളിററിയോ, മററോ, കുറിക്കുന്നതിന് അയാൾ ഉപയോഗിക്കുന്ന ഏതെങ്കിലും ചിഹ്നത്തിന്റേയോ കപടാനുകരണം നടത്തുന്നത് | 3 വർഷത്തെ തടവും പിഴയും |
| 485 | പബ്ലിക്കോ, സ്വകാര്യമോ ആയ ഏതെങ്കിലും വസ്തുചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നതിന്, ഏതെങ്കിലും അച്ചോ, പ്ലേററോ, മററ് ഉപകരണമോ വഞ്ചനാപൂർവ്വം നിർമ്മിക്കുകയോ, കൈവശംവയ്ക്കുകയോ ചെയ്യുന്നത് | 3 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ഒന്നാംക്ലാസ് മജിസ്ട്രേററ് |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത് | ടി |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേട്ട് |
| ടി | ടി | ടി |
| ടി | ടി | ഒന്നാംക്ലാസ് മജിസ്ട്രേട്ട് |
| ടി | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 486 | കപടാനുകരണം നടത്തിയുണ്ടാക്കിയ വസ്തു ചിഹ്നംകൊണ്ട് ചിഹ്നമിട്ട ചരക്കുകൾ ബോധപൂർവ്വം വിൽക്കുന്നത് | 1 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ |
| 487 | ചരക്കുകൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും പൊതിയിൻമേലോ, പാത്രത്തിൻമേലോ, അതിൽ അടങ്ങിയിട്ടില്ലാത്ത ചരക്കുകൾ അടങ്ങിയിട്ടുണ്ടെന്നോ, മററോ, വിശ്വസിപ്പിക്കണെമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, വഞ്ചനാപൂർവ്വം വ്യാജമായ ചിഹ്നമിടുന്നത് | 3 വർഷത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ |
| 488 | അങ്ങിനെയുള്ള ഏതെങ്കിലും വ്യാജമായ ചിഹ്നം ഉപയോഗിക്കുന്നത് | ടി |
| 489 | ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വസ്തു ചിഹ്നം നീക്കം ചെയ്യുകയോ, നശിപ്പിക്കുകയോ, വിരൂപമാക്കുകയോ ചെയ്യുന്നത് | 1 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ |
| 489 ക | കറൻസി നോട്ടുകളോ, ബാങ്ക് നോട്ടുകളോ കപടാനുകരണം നടത്തി ഉണ്ടാക്കുന്നത്. | ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 489 ഖ | വ്യാജനിർമ്മിതമോ, കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ കറൻസി നോട്ടുകളോ, ബാങ്കു നോട്ടുകളോ യഥാർത്ഥമായതെന്ന പോലെ ഉപയോഗിക്കുന്നത്. | ടി |
| 489 ഗ | വ്യാജനിർമ്മിതമോ, കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ കറൻസി നോട്ടുകളോ, ബാങ്കു നോട്ടുകളോ കൈവശം വയ്ക്കുന്നത്. | 7 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 489 ഘ | കറൻസിനോട്ടുകളോ, ബാങ്കുനോട്ടുകളോ വ്യാജനിർമ്മാണം ചെയ്തുണ്ടാക്കുകയോ, കപടാനുകരണം ചെയ്തുണ്ടാക്കുകയോ ചെയ്യുന്നതിനുള്ള മെഷീനറിയോ ഉപകരണമോ, പദാർത്ഥമോ നിർമ്മിക്കുകയോ, കൈവശം വയ്ക്കുകയോ ചെയ്യുന്നത്. | ജീവപര്യന്തത്തടവോ, 10 വർഷത്തെ തടവോ, കൂടാതെ പിഴയും. |
| 489 ങ | കറൻസിനോട്ടുകൾക്കോ, ബാങ്ക്നോട്ടുകൾക്കോ സദൃശമായ രേഖകൾ നിർമ്മിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത്. | 100 രൂപ പിഴ |

| (4) | (5) | (6) |
| --- | --- | --- |
| കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേട്ട് |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | സെഷൻസ് കോടതി |
| ടി | ടി | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടത് | ടി |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ടി |
| കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേട്ട് |

| (1) | (2) | (3) |
|---|---|---|
| | അച്ചടിച്ചയാളുടെ പേരും, മേൽവിലാസവും വെളിപ്പെടുത്താൻ വിസമ്മതിക്കുന്നുവെങ്കിൽ. | 200 രൂപ പിഴ |
| | | അദ്ധ്യായം XIX—സർവ്വീസ് |
| 491 | യുവപ്രായത്താലോ, ചിത്തഭ്രമത്താലോ രോഗത്താലോ നിസ്സഹായനായ ഒരാളെ പരിചരിക്കുന്നതിനോ അയാളുടെ ആവശ്യങ്ങൾ നിറവേററുന്നതിനോ, ബാദ്ധ്യസ്ഥനായിരിക്കുകയും സ്വേച്ഛയാ അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്യുന്നത്. | 3 മാസത്തെ തടവോ, 200 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| | | അദ്ധ്യായം XX— |
| 493 | ഒരു പുരുഷൻ തന്നെ നിയമാനുസൃതം വിവാഹം കഴിച്ചിട്ടില്ലാത്ത ഒരു സ്ത്രീ, അവൾ, തന്നെ നിയമാനുസൃതം വിവാഹം കഴിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുവാനും, ആ വിശ്വാസത്തോടുകൂടി തന്നോടൊപ്പം ഭാര്യാഭർത്താക്കൻമാരെപ്പോലെ സഹവസിക്കുവാനും കബളിപ്പിക്കൽവഴി ഇടയാക്കുന്നത്. | 10 വർഷത്തെ തടവും പിഴയും |
| 494 | ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ വീണ്ടും വിവാഹം കഴിക്കുന്നത്. | 7 വർഷത്തെ തടവും പിഴയും |
| 495 | അതേ കുററം, പിന്നീട് വിവാഹം കഴിച്ച ആളിൽനിന്ന് മുൻവിവാഹം ഒളിച്ചുവച്ചുകൊണ്ട് ചെയ്യുന്നത്. | 10 വർഷത്തെ തടവും പിഴയും |
| 496 | ഒരാൾ വിവാഹം കഴിക്കുക എന്ന ചടങ്ങ് നിർവഹിക്കുന്നതുവഴി, താൻ നിയമാനുസൃതമായ വിവാഹം കഴിക്കുകയല്ല എന്നറിഞ്ഞുകൊണ്ട്, വഞ്ചനാപൂർവ്വകമായ ഉദ്ദേശ്യത്തോടുകൂടി അങ്ങനെ ചടങ്ങ് നിർവ്വഹിക്കുന്നത്. | 7 വർഷത്തെ തടവും പിഴയും |
| 497 | വ്യഭിചാരം. | 5 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ |
| 498 | വിവാഹിതയായ സ്ത്രീയെ കുററകരമായ ഉദ്ദേശ്യത്തോടുകൂടി വശീകരിച്ചു കൊണ്ടുപോകുകയോ കൂട്ടിക്കൊണ്ടുപോകുകയോ, തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത്. | 2 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേട്ട് |

കാൺട്രാക്റ്റുകളുടെ കുററകരമായ ലംഘനം

| | | |
|---|---|---|
| കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേട്ട് |

വിവാഹസംബന്ധമായ കുററങ്ങൾ

| | | |
|---|---|---|
| കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ഒന്നാംക്ലാസ് മജിസ്ട്രേട്ട് |
| ടി | ജാമ്യം അനുവദിക്കേണ്ടത് | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ടി |
| ടി | ടി | ഏതെങ്കിലും മജിസ്ട്രേട്ട് |

| (1) | (2) | (3) |
|---|---|---|
| | | അദ്ധ്യായം XXI— |
| 500 | പ്രസിഡൻറിനോ, വൈസ്പ്രസിഡൻറിനോ, ഒരു സ്റേററിലെ ഗവർണ്ണർക്കോ, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെ ഭരണകർത്താവിനോ, മന്ത്രിക്കോ എതിരായി, അദ്ദേഹത്തിൻെറ പൊതുചുമതലകൾ നിർവ്വഹിക്കുന്നതിലുളള പെരുമാററം സംബന്ധിച്ചുളള അപകീർത്തിപ്പെടുത്തൽ, പബ്ലിക്ക് പ്രോസിക്യൂട്ടറുടെ പരാതിയിൻമേൽ ആരംഭിക്കപ്പെടുന്നതാകുമ്പോൾ. | 2വർഷത്തെ വെറും തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |
| | മറേറതെങ്കിലും സംഗതിയിലുളള അപകീർത്തിപ്പെടുത്തൽ. | ടി |
| 501 | (ക) പ്രസിഡൻറിനോ, വൈസ്പ്രസിഡൻറിനോ, ഒരു സ്റേററിലെ ഗവർണ്ണർക്കോ, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെ ഭരണകർത്താവിനോ, മന്ത്രിക്കോ, എതിരായി അദ്ദേഹത്തിൻെറ പൊതു ചുമതലകൾ നിർവ്വഹിക്കുന്നതിലുളള പെരുമാററം സംബന്ധിച്ച്, അപകീർത്തികരമാണെന്നറിയുന്ന സംഗതി അച്ചടിക്കുകയോ, കൊത്തിയുണ്ടാക്കുകയോ, ചെയ്യുന്നത്, പബ്ലിക്ക് പ്രോസിക്യൂട്ടറുടെ ഒരു പരാതിയിൻമേൽ ആരംഭിക്കപ്പെടുന്നതാകുമ്പോൾ. | ടി |
| | (ഖ) മറേറതെങ്കിലും സംഗതിയിൽ, അപകീർത്തികരമാണെന്നറിയാവുന്ന സംഗതി അച്ചടിക്കുകയോ, കൊത്തിയുണ്ടാക്കുകയോ ചെയ്യുന്നത്. | ടി |
| 502 | (ക) അപകീർത്തികരമായ സംഗതി അടങ്ങുന്ന അച്ചടിച്ചതോ, കൊത്തിയുണ്ടാക്കിയതോ, ആയ സാധനം അത് പ്രസിഡൻറിനോ, വൈസ്പ്രസിഡൻറിനോ, ഒരു സ്റേററിലെ ഗവർണ്ണർക്കോ, ഒരു യൂണിയൻരാജ്യക്ഷേത്രത്തിലെ ഭരണകർത്താവിനോ, മന്ത്രിക്കോ എതിരായി, അദ്ദേഹത്തിൻെറ പൊതു ചുമതലകൾ നിർവ്വഹിക്കുന്നതിലുളള പെരുമാററം സംബന്ധിച്ച് അപകീർത്തികരമായ സംഗതി അടങ്ങിയിട്ടുളളതാണെന്ന് അറിഞ്ഞുകൊണ്ട് വില്ക്കുന്നത്, പബ്ലിക്ക് പ്രോസിക്യൂട്ടറുടെ പരാതിയിൻമേൽ ആരംഭിക്കപ്പെടുന്നതാകുമ്പോൾ. | ടി |

| (4) | (5) | (6) |
|---|---|---|
| അപകീർത്തിപ്പെടുത്തൽ | | |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | സെഷൻസ് കോടതി. |
| ടി | ടി | ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ്. |
| ടി | ടി | സെഷൻസ് കോടതി. |
| ടി | ടി | ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ്. |
| ടി | ടി | സെഷൻസ് കോടതി. |

| (1) | (2) | (3) |
|---|---|---|
| | (ഖ) മറെറതെങ്കിലും സംഗതിയിൽ, അപകീർത്തികരമായ സംഗതി അടങ്ങുന്ന അച്ചടിച്ചതോ, കൊത്തിയുണ്ടാക്കിയതോ ആയ സാധനം അത് അങ്ങിനെയുള്ള സംഗതി അടങ്ങിയിട്ടുള്ളതാണെന്നറിഞ്ഞുകൊണ്ട്, വില്ക്കുന്നത്. | രണ്ടുവർഷത്തെ വെറും തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ |

അദ്ധ്യായം XXII—

| | | |
|---|---|---|
| 504 | സമാധാനം ലംഘിക്കുന്നതിന്, പ്രകോപനം നൽകണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അപമാനിക്കുന്നത്. | 2 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുകൂടിയോ. |
| 505 | ലഹളയ്ക്കോ പൊതുസമാധാനത്തിന് എതിരായ കുററത്തിനോ ഇടയാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, വ്യാജപ്രസ്താവന, കിംവദന്തി, മുതലായവ പ്രചരിപ്പിക്കുന്നത്. | 3 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| | വ്യത്യസ്ത വർഗ്ഗങ്ങൾക്കിടയിൽ, ശത്രുതയോ, വെറുപ്പോ, വിദ്വേഷമോ, സൃഷ്ടിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയുള്ള വ്യാജപ്രസ്താവന, കിംവദന്തി, മുതലായവ. | ടി |
| | ശത്രുതയോ, വെറുപ്പോ, വിദ്വേഷമോ സൃഷ്ടിക്കണമെന്ന ഉദ്ദേശത്തോടുകൂടി, ആരാധനാസ്ഥലത്തും, മററും, വ്യാജപ്രസ്താവന, കിംവദന്തി, മുതലായവ ഉണ്ടാക്കുന്നത്. | 5 വർഷത്തെ തടവും പിഴയും. |
| 506 | കുററകരമായ ഭയപ്പെടുത്തൽ. | 2 വർഷത്തെതടവോ, പിഴയോ, രണ്ടുംകൂടിയോ. |
| | ഭീഷണി, മരണം സംഭവിപ്പിക്കുന്നതിനോ, കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നതിനോ, മറേറാ ആണെങ്കിൽ. | 7 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 507 | അജ്ഞാതകർത്തൃകമായ അറിയിപ്പുവഴിയായോ, ഭീഷണി വരുന്നത് എവിടെ നിന്നാണെന്നുള്ളത് ഒളിച്ചുവയ്ക്കുന്നതിന് മുൻകരുതൽ എടുത്തിട്ടോ ഉള്ള കുററകരമായ ഭയപ്പെടുത്തൽ. | മുകളിലുള്ള വകുപ്പു പ്രകാരമുള്ള ശിക്ഷക്കു പുറമേ, 2 വർഷത്തെ തടവ്. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടത് | ഒന്നാംക്ലാസ്സ് മജിസ്ട്രേററ്. |
| കുററകരമായ ഭയപ്പെടുത്തലും, അപമാനിക്കലും, അലട്ടലും | | |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ഏതെങ്കിലും മജിസ്ട്രേററ്. |
| ടി | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ടി |
| കോഗ്നൈസബിളം. | ടി | ടി |
| ടി | ടി | ടി |
| കോഗ്നൈസബിളല്ലാത്തത്. | ജാമ്യം അനുവദിക്കേണ്ടത്. | ടി |
| ടി | ടി | മജിസ്ട്രേററ് |
| ടി | ടി | ടി |

| (1) | (2) | (3) |
|---|---|---|
| 508 | ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാകുമെന്ന് ഒരാൾക്ക് വിശ്വാസം ജനിപ്പിക്കുന്നതുവഴി ഇടയാക്കുന്ന കൃത്യം. | 1 വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| 509 | ഒരു സ്ത്രീയുടെ മാനത്തെ അധിക്ഷേപിക്കണമെന്നോ മറ്റോ ഉദ്ദേശിച്ചു കൊണ്ട് ഏതെങ്കിലും വാക്ക് ഉച്ചരിക്കുകയോ, ആംഗ്യം കാണിക്കുകയോ ചെയ്യുന്നത്. | 1 വർഷത്തെ വെറും തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |
| 510 | പൊതുസ്ഥലത്തോ, മറ്റോ, ലഹരിപിടിച്ച സ്ഥിതിയിൽ പ്രത്യക്ഷപ്പെടുകയും, ഏതെങ്കിലും ആൾക്ക് അലട്ടുണ്ടാക്കുകയും ചെയ്യുന്നത്. | 24 മണിക്കൂർ സമയത്തെ വെറുംതടവോ, 10 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. |

## അദ്ധ്യായം XXIII—

| | | |
|---|---|---|
| 511 | ജീവപര്യന്തത്തടവോ, തടവോ, നല്കി ശിക്ഷിക്കാവുന്ന കുറ്റങ്ങൾ ചെയ്യുവാൻ ശ്രമിക്കുകയും, അങ്ങനെയുള്ള ശ്രമത്തിൽ കുറ്റം ചെയ്യുന്നതിലേക്കുള്ള ഏതെങ്കിലും കൃത്യം ചെയ്യുകയും ചെയ്യുന്നത്. | ജീവപര്യന്തത്തടവോ, ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവു ശിക്ഷയുടെ ഏറ്റവും കൂടിയ കാലത്തിന്റെ പകുതിയിൽ കവിയാത്ത കാലത്തെ തടവോ, പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ. |

| (4) | (5) | (6) |
|---|---|---|
| കോഗ്നൈസബിള്ളാത്തത് | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേററ് |
| കോഗ്നൈസബിൾ | ടി | ടി |
| കോഗ്നൈസബിള്ളാത്തത് | ടി | ടി |

<u>കുററങ്ങൾ ചെയ്യുവാനുള്ള ശ്രമങ്ങൾ</u>

| | | |
|---|---|---|
| ആ കുററം കോഗ്നൈസബിളോ, കോഗ്നൈസബിള്ളാത്തതോ എന്നതനുസരിച്ച്. | ചെയ്യുവാൻ ശ്രമിച്ച കുററം, ജാമ്യം അനുവദിക്കേണ്ടതോ, അല്ലാത്തതോ എന്നതനുസരിച്ച്. | ചെയ്യുവാൻ ശ്രമിച്ച കുററം വിചാരണ ചെയ്യാവുന്ന കോടതി. |

## II മററു നിയമങ്ങൾക്കെതിരായ കുററങ്ങൾ തരംതിരിക്കൽ

| കുററം | കോഗ്നൈസബിളോ, കോഗ്നൈസബിളല്ലാത്തതോ |
|---|---|
| മരണശിക്ഷയോ, ജീവപര്യന്തത്തടവോ, 7 വർഷത്തിലധികമുള്ള തടവോ നൽകി ശിക്ഷിക്കാവുന്നതാണെങ്കിൽ. | കോഗ്നൈസബിൾ |
| 3 വർഷമോ അതിൽകൂടുതലോ, എന്നാൽ 7 വർഷത്തിൽ കവിയാത്തതോ ആയ കാലത്തെ തടവു നൽകി ശിക്ഷിക്കാവുന്നതാണെങ്കിൽ. | ടി |
| 3 വർഷത്തിൽ കുറഞ്ഞ കാലത്തെ തടവോ, പിഴശിക്ഷമാത്രമോ നൽകി ശിക്ഷിക്കാവുന്നതാണെങ്കിൽ. | കോഗ്നൈസബിളല്ലാത്തത് |

| ജാമ്യം അനുവദിക്കേണ്ടതോ ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ | ഏത് കോടതിയാൽ വിചാരണ ചെയ്യണമെന്ന് |
|---|---|
| ജാമ്യം അനുവദിക്കേണ്ട തല്ലാത്തത്. | സെഷൻസ് കോടതി |
| ടി | ഒന്നാംക്ലാസ് മജിസ്ട്രേററ് |
| ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേററ് |

## രണ്ടാം പട്ടിക

(476-ാം വകുപ്പ് നോക്കുക)

### ഫാറം നമ്പർ 1

### പ്രതിക്കുള്ള സമൻസ്

(61-ാം വകുപ്പ് നോക്കുക)

.................................................... (പ്രതിയുടെ മേൽവിലാസം)-ത്തെ ................................................ ............................................ ....ക്ക് (പേര്)

................................................................................ ..........................................(ചാർജ്ജു ചെയ്യപ്പെട്ട കുററം ചുരുക്കി പറയുക) നുള്ള ചാർജ്ജിന് ഉത്തരം പറയുവാൻ നിങ്ങടം ഹാജരാകേണ്ടത് ആവശ്യമാകയാൽ, നിങ്ങളോട് നേരിട്ടോ, (അല്ലെങ്കിൽ അതതു സംഗതിപോലെ വക്കീൽ മുഖാന്തിരമോ)...............................ലെ (മജിസ്ട്രേട്ട്) മുമ്പാകെ...............ാം ദിവസം, ഹാജരാകുവാൻ ഇതിനാൽ ആവശ്യപ്പെടുന്നു. ഇതിന് വീഴ്ച വരുത്തരുത്.

19.....................മാസം............തീയതി.

(കോടതി മുദ്ര) (ഒപ്പ്)

### ഫാറം നമ്പർ 2

### അറസ്ററു വാറണ്ട്

(70-ാം വകുപ്പ് നോക്കുക)

................................................................................ ................................................................................ക്ക് (വാറണ്ടു നടപ്പാക്കേണ്ട ആളുടെയോ, ആളുകളുടെയോ പേരും, ഉദ്യോഗപ്പേരും).

..........................................................................ത്തെ (മേൽവിലാസം) .............................................................. (പ്രതിയുടെ പേര്)...................................(കുററം ഇന്നതെന്ന് പറയുക) കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുകയാൽ, മേൽപ്പറഞ്ഞ ......................................,നെ അറസ്ററുചെയ്യുകയും എന്റെ മുൻപാകെ ഹാജരാക്കുകയും ചെയ്യാൻ നിങ്ങളോട് ഇതിനാൽ നിദേശിക്കുന്നു. ഇതിന് വീഴ്ച വരുത്തരുത്.

19.....................മാസം..............തീയതി

(കോടതി മുദ്ര) (ഒപ്പ്)

(71-ാം വകുപ്പ് നോക്കുക)

ഈ വാറണ്ട് താഴെ പറയും പ്രകാരം എൻഡോഴ്സ് ചെയ്യാവുന്നതാണ് :— മുൻപറഞ്ഞ........................................ ........മാസം........—ാം തീയതി ......................................എന്റെ മുമ്പാകെ വിധത്തിൽ നിർദ്ദേശിക്കുന്നതുവരെ അങ്ങനെ ഹാജരായിരിക്കാമെന്നും ഞാൻ മററു ..................രൂപയ്ക്കുള്ള ഒരു ജാമ്യക്കാരനോടുകൂടിയ (അല്ലെങ്കിൽ ..................രണ്ട് ജാമ്യക്കാരോടുകൂടിയ)..............രൂപയ്ക്കുള്ള സ്വന്തം ജാമ്യം നൽകുകയാണെങ്കിൽ അയാളെ വിമോചിപ്പിക്കാവുന്നതാണ്.

19............മാസം...............—ാം തീയതി.

(കോടതി മുദ്ര)

(ഒപ്പ്)

## ഫാറം നമ്പർ 3

## ഒരു വാറണ്ടിൻ കീഴിലെ അറസ്ററിനുശേഷമുള്ള ബാണ്ടും ജാമ്യ ബാണ്ടും

(81-ാം വകുപ്പ് നോക്കുക)

........................................ത്തെ ഞാൻ (പേരു) ..............................................................ലെ ജില്ലാ മജിസ്ട്രേട്ട് മുൻപാകെ (അല്ലെങ്കിൽ അതതു സംഗതിപോലെ) ..........................................നുള്ള ചാർജ്ജിന് ഉത്തരം പറയുവാൻ ഞാൻ ഹാജരാകുന്നതിന് നിർബന്ധിക്കാൻ പുറപ്പെടുവിച്ച ഒരു വാറണ്ടിൻകീഴിൽ കൊണ്ടുവരപ്പെട്ടിരിക്കയാൽ, അടുത്ത..................നു തീയതി.................................................................... കോടതിയിൽ മുൻപറഞ്ഞ ചാർജ്ജിന് ഉത്തരം പറയുവാൻ, ഹാജരായിക്കൊള്ളാമെന്നും, കോടതി മററുവിധത്തിൽ നിർദ്ദേശിക്കുന്നതുവരെ അങ്ങനെ ഹാജരായിരിക്കാമെന്നുള്ളതിന് ഇതിനാൽ സ്വയം ബാദ്ധ്യതയേല്ക്കുന്നു ; ഇതിന് വീഴ്ചവരുത്തിയാൽ, ഗവൺമെൻറിലേക്ക്..................രൂപ പിഴയായി അടച്ചുകൊള്ളാമെന്നതിനും ഞാൻ സ്വയം ബാദ്ധ്യതയേല്ക്കുന്നു :

19....................,മാസം............തീയതി

(ഒപ്പ്)

മേല്പറഞ്ഞ..........................................ത്തെ, ..........................ക്ക് അയാാം...................... ..................-ലെ കോടതിയിൽ,.............................. .....................മുൻപാകെ, അടുത്ത..................മാസം, ...........................തീയതി, അയാാം അറസ്ററുചെയ്യപ്പെട്ടിട്ടുള്ള ചാർജ്ജിന് ഉത്തരം പറയുവാൻ ഹാജരായിക്കൊള്ളുകയും, കോടതി മററു വിധത്തിൽ നിർദ്ദേശിക്കുന്നതുവരെ അങ്ങനെ ഹാജരായിരിക്കുകയും ചെയ്യുമെന്നുള്ളതിന്, ഞാൻ, ജാമ്യക്കാരനാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു : അയാാം അതിന് വീഴ്ച വരുത്തുന്നതായാൽ, ഗവൺമെൻറിലേക്ക്.................. രൂപ പിഴയായി അടച്ചുകൊള്ളാമെന്നുള്ളതിൽ ഞാൻ സ്വയം ബാദ്ധ്യതയേല്ക്കുകയും ചെയ്യുന്നു.

19.........................മാസം...............തീയതി

(ഒപ്പ്)

## ഫാറം നമ്പർ 4

### പ്രതിയോട് ഹാജരാകാൻ ആവശ്യപ്പെടുന്ന വിളംബരം

(82-ാം വകുപ്പ് നോക്കുക)

.............................................................. ...........................................................(പേരും, വിവരണവും, മേൽവിലാസവും) ഇൻഡ്യൻ ശിക്ഷാനിയമസംഹിത....................... വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന...........................കുററം ചെയ്തിട്ടുണ്ടെന്ന് (അല്ലെങ്കിൽ ചെയ്തിട്ടുള്ളതായി സംശയിക്കപ്പെടുന്നുവെന്ന്) എൻെറ മുൻപാകെ പരാതി തന്നിരിക്കുകയും, അതിൻമേൽ പുറപ്പെടുവിച്ച അാസ്ററുവാറണ്ട് മേൽപറഞ്ഞ.........................നെ (പേര്) കണ്ടെത്താൻ കഴിയുന്നില്ലെന്ന് പറഞ്ഞ് മടക്കിയിരിക്കുകയും ചെയ്യുന്നതിനാലും, മേൽപറഞ്ഞ,..................................(പേര്) ഒളിവിൽ പോയിട്ടുണ്ടെന്ന് (അല്ലെങ്കിൽ മുൻപറഞ്ഞ വാറണ്ട് നടത്തപ്പെടുന്നതിൽനിന്ന് ഒഴിഞ്ഞുമാറാൻവേണ്ടി സ്വയം ഒളിച്ചിരിക്കുകയാണെന്ന്) എനിക്ക് ബോദ്ധ്യപ്പെടത്തക്കവണ്ണം കാണിച്ചിരിക്കുന്നതിനാലും;

## II രണ്ടോ അതിലധികമോ ശീർഷകമുള്ള ചാർജ്ജുകൾ

(1). (ക) ..............................(മജിസ്ട്രേട്ടിന്റെ പേരും, ആഫീസും, മററും) ആയ ഞാൻ,............................ ആയ (പ്രതിയുടെ പേര്), നിങ്ങളെ ഇതിനാൽ താഴെപ്പറയും പ്രകാരം ചാർജ്ജ് ചെയ്യുന്നു.—

(ഖ) 241-ാം വകുപ്പിൻമേൽ.—ഒന്നാമത്.—

നിങ്ങൾ,......................ത്തുവച്ച്,...............മാസം........ .........ന-യോ, അതിനടുത്തോ, കപടാനുകരണം നടത്തിയുണ്ടാക്കിയ ഒരു നാണയം ആണെന്ന് അറിഞ്ഞുകൊണ്ട് അത് യഥാർത്ഥ നാണയമായി, ക ഖ എന്ന പേരോടുകൂടിയ മറ്റൊരാൾക്ക് കൈമാറുകയും, അതുവഴി, ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത, 241-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ടതുമായ ഒരു കുറ്റം ചെയ്കയും ചെയ്തു.

രണ്ടാമത്:—

നിങ്ങൾ......................വച്ച്, മാസം........................ തീയതിയോ അതിനടുത്തോ കപടാനുകരണം നടത്തിയുണ്ടാക്കിയ ഒരു നാണയമാണെന്ന് അറിഞ്ഞുകൊണ്ട്, അത് യഥാർത്ഥ നാണയമായി സ്വീകരിക്കാൻ ക, ഖ എന്ന പേരോടുകൂടിയ മറ്റൊരാളെ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയും, അതുവഴി ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, 241-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരിതയിൽപ്പെട്ടതുമായ ഒരു കുറ്റം ചെയ്യുകയും, ചെയ്തു.

(ഗ) നിങ്ങൾ മുൻപറഞ്ഞ ചാർജിൻമേൽ മുൻപറഞ്ഞ കോടതിയിൽ വിചാരണ ചെയ്യപ്പെടണമെന്ന് ഞാൻ ഇതിനാൽ നിദേശിക്കുകയുംചെയ്യുന്നു.

(മജിസ്ട്രേട്ടിന്റെ ഒപ്പും മുദ്രയും)

[(ഖ) യ്ക്കുപകരം ചേർക്കേണ്ടത്.]

(2) 302-ം 304-ം വകുപ്പുകളിൻമേൽ.—ഒന്നാമത്—

നിങ്ങൾ.......................ത്തുവച്ച് .................. മാസം ................ന- യോ അതിനടുത്തോ............. ...ടെ മരണം സംഭവിപ്പിക്കുന്നതുവഴി കൊലപാതകം നടത്തുകയും, അതുവഴി ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 302-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ടതുമായ ഒരു കുറ്റം ചെയ്യുകയും ചെയ്തു.

രണ്ടാമത്. —

നിങ്ങൾ.............ത്തുവച്ച്...........മാസം........... ന- യോ അതിനടുത്തോ.................ടെ മരണം സംഭവിപ്പിക്കുന്നതുവഴി കൊലപാതകമാകാത്ത കുറ്റകരമായ നരഹത്യ ചെയ്യുകയും, അതുവഴി ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, 304-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ടതുമായ ഒരു കുറ്റം ചെയ്യുകയും ചെയ്തു.

(3) 379-ം 382-ം വകുപ്പുകളിൻമേൽ.— ഒന്നാമത്—

നിങ്ങൾ...............ത്തുവച്ച്,.............മാസം........ ന-യോ അതിനടുത്തോ മോഷണം നടത്തുകയും അതുവഴി ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, 379-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ടതുമായ ഒരു കുറ്റം ചെയ്യുകയും ചെയ്തു.

രണ്ടാമത്.—

നിങ്ങൾ...............ത്തുവച്ച്, ............മാസം........ ന-യോ അതിനടുത്തോ, മോഷണം നടത്തുന്നതിനുവേണ്ടി ഒരാൾക്ക് മരണം സംഭവിപ്പിക്കുന്നതിന് ഒരുക്കം കൂട്ടിയതിനുശേഷം അങ്ങനെയുള്ള മോഷണം നടത്തുകയും, അതുവഴി ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 382-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽ പെട്ടതുമായ ഒരു കുററം ചെയ്യുകയും ചെയ്തു.

മൂന്നാമത്.—

നിങ്ങൾ............. ത്തുവച്ച്,.............മാസം........ ന-യോ അതിനടുത്തോ, മോഷണം നടത്തിയതിനുശേഷം രക്ഷപ്പെടുന്നതിനുവേണ്ടി ഒരാൾക്ക് തടസ്സമുണ്ടാക്കുന്നതിന് ഒരുക്കം കൂട്ടിയതിനുശേഷം അങ്ങനെയുള്ള മോഷണം നടത്തുകയും, അതുവഴി ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 382-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ടതുമായ, ഒരു കുററം ചെയ്യുകയും ചെയ്തു.

നാലാമത്.—

നിങ്ങൾ......... ....ത്തുവച്ച്,..............മാസം........ ന-യോ അതിനടുത്തോ, മോഷണത്താൽ എടുത്ത വസ്തു വച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടി ഒരാൾക്ക് ദേഹോപദ്രവം ഏല്പിക്കുമെന്ന് ഭയം ഉളവാക്കുന്നതിന് ഒരുക്കം കൂട്ടിയതിനുശേഷം അങ്ങനെയുള്ള മോഷണം നടത്തുകയും, അതുവഴി, ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 382-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ടതുമായ ഒരു കുററം ചെയ്യുകയും ചെയ്തു.

(4) 193-ാം വകുപ്പിൻമേലുള്ള ആനുകല്പിക ചാർജ്.—

നിങ്ങൾ.............ത്തുവച്ച് ............മാസം............ന-യോ അതിനടുത്തോ,............ടെ...............മുമ്പാകെയുള്ള അന്വേഷണ വിചാരണയ്ക്കിടയിൽ "................. ......" എന്ന് തെളിവിൽ പ്രസ്താവിക്കുകയും, കൂടാതെ, നിങ്ങൾ..........ത്തുവച്ച്, . . . .. മാസം........ .... ..........ന-യോ അതിനടുത്തോ.............. ടെ............... മുമ്പാകെ വിചാരണയ്ക്കിടയിൽ "...................." എന്ന് തെളിവിൽ പ്രസ്താവിക്കുകയും, ആ പ്രസ്താവനകളിൽ ഒന്ന്, നിങ്ങൾ വ്യാജമാണെന്ന് അറിയുകയോ, വിശ്വസിക്കുകയോ, അല്ലെങ്കിൽ സത്യമാണെന്ന് വിശ്വസിക്കാതിരിക്കുകയോ ചെയ്യുകയും, അതുവഴി, നിങ്ങൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 193-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ടതുമായ, ഒരു കുററം ചെയ്യുകയും ചെയ്തു.

(മജിസ്ട്രേട്ടുമാർ വിചാരണ ചെയ്യുന്ന കേസുകളിൽ "സെഷൻസ് കോടതിയുടെ വിചാരണാധികാരത്തിൽപ്പെട്ട" എന്നതിനുപകരം, "എൻെറ വിചാരണാധികാരത്തിൽപ്പെട്ട" എന്ന് ചേർക്കുക.)

III മുൻ കുററസ്ഥാപനത്തിനുശേഷമുള്ള മോഷണത്തിനുള്ള ചാർജുകൾ.

...................(മജിസ്ട്രേട്ടിൻെറ പേരും, ആഫീസും, മററും) ആയ ഞാൻ, നിങ്ങളെ (പ്രതിയുടെ പേര്) ഇതിനാൽ താഴെപ്പറയുംപ്രകാരം ചാർജ് ചെയ്യുന്നു.—

നിങ്ങൾ,..............ത്തുവച്ച്,............മാസം..........നം-യോ, അതിനടുത്തോ, മോഷണം നടത്തുകയും. അതുവഴി ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത, 379-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതും, സെഷൻസ് കോടതിയുടെ (അല്ലെങ്കിൽ, അതതുസംഗതിപോലെ, മജിസ്ട്രേട്ടിൻെറ) വിചാരണാധികാരത്തിൽപ്പെട്ടതുമായ ഒരു കുററം ചെയ്യുകയും, ചെയ്തു.

കൂടാതെ (പ്രതിയുടെ പേര്) ആയ നിങ്ങൾ, മുൻപറഞ്ഞ കുററം ചെയ്യുന്നതിനുമുമ്പ്, അതായത് ..............മാസം...........തീയതി........ലെ................യാൽ (കുററസ്ഥാപനം ചെയ്ത കോടതി ഏതാണെന്ന് പ്രസ്താവിക്കുക) ഇൻഡ്യൻ ശിക്ഷാനിയമസംഹിത XVII-ാം അദ്ധ്യായത്തിൻകീഴിൽ മൂന്നുവർഷക്കാലത്തെ തടവ് നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന്, അതായത്, രാത്രിയിൽ ഭവനഭേദനം നടത്തുക എന്ന കുററത്തിന് ......................................(പ്രതിയെ കുററസ്ഥാപനം ചെയ്തത് ഏത് വകുപ്പിൻകീഴിലാണോ ആ വകുപ്പിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകളിൽ വിവരിക്കുക), കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും ആ കുററസ്ഥാപനം ഇപ്പോഴും പൂർണ്ണമായ ബലത്തോടും ഫലത്തോടുംകൂടിയതാണെന്നും, അതുവഴി നിങ്ങൾ ഇൻഡ്യൻ ശിക്ഷാനിയമസംഹിത 75-ാം വകുപ്പിൻകീഴിൽ വർദ്ധിപ്പിച്ച ശിക്ഷക്ക് അർഹനാണെന്നും നിങ്ങൾ കൂടുതലായി ചാർജ്ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്നു.

നിങ്ങൾ........................വിചാരണ ചെയ്യപ്പെടണമെന്നു ഞാൻ ഇതിനാൽ നിദേശിക്കുകയും ചെയ്യുന്നു.

## ഫാറം നമ്പർ 33

### സാക്ഷിക്കുള്ള സമൻസ്

(61-ം 244-ം വകുപ്പുകൾ നോക്കുക)

....................ത്തെ (പ്രതിയുടെ മേൽവിലാസം)............(പേര്)..............എന്ന കുററം (കുററം സമയവും സ്ഥലവും ചേർത്ത് ചുരുക്കി പറയുക) ചെയ്തിട്ടുണ്ടെന്ന്, (അല്ലെങ്കിൽ ചെയ്തിട്ടുള്ളതായി സംശയിക്കപ്പെടുന്നുവെന്ന്) എൻെറ മുമ്പാകെ പരാതി തന്നിരിക്കുകയും, നിങ്ങൾ പ്രാസിക്യൂഷനുവേണ്ടി സാരമായ തെളിവ് നല്കുകയോ ഏതെങ്കിലും രേഖയോ മററ് സാധനമോ ഹാജരാക്കുകയോ ചെയ്യാൻ ഇടയുണ്ടെന്ന് എനിക്ക് തോന്നുകയും ചെയ്യുന്നതിനാൽ;

നിങ്ങളെ അങ്ങനെയുള്ള രേഖയോ സാധനമോ ഹാജരാക്കാനോ, മുൻപറഞ്ഞ പരാതിയുടെ വിഷയം സംബന്ധിച്ച് നിങ്ങൾക്ക് അറിയാവുന്നതിനെക്കുറിച്ച് സാക്ഷി പറയുകയോ ചെയ്യുകയും കോടതിയുടെ അനുവാദം കൂടാതെ അവിടെനിന്ന് പൊയ്ക്കളയാതിരിക്കുകയും ചെയ്യുവാനായി ഈ കോടതി മുമ്പാകെ അടുത്ത..........മാസം........തീയതി ഉച്ചയ്ക്ക് മുമ്പ് പത്തു മണിക്ക് ഹാജരാകാൻ നിങ്ങളെ ഇതിനാൽ സമൻ ചെയ്യുന്നു; മുൻപറഞ്ഞ തീയതി നിങ്ങൾ നീതിപൂർവ്വകമായ ന്യായീകരണം കൂടാതെ ഹാജരാകുന്നതിൽ ഉപേക്ഷ കാണിക്കുകയോ ഹാജരാകാൻ വിസമ്മതിക്കുകയോ ചെയ്യുന്നുവെങ്കിൽ നിങ്ങളെ ഹാജരാകാൻ നിർബ്ബന്ധിക്കുന്നതിന് വാറണ്ട് പുറപ്പെടുവിക്കുന്നതാണെന്നു നിങ്ങൾക്ക് ഇതിനാൽ താക്കീത് നല്കുകയും ചെയ്യുന്നു.

19.... ........മാസം....... ..തീയതി

(കോടതി മുദ്ര)

(ഒപ്പ്)

ഫാറം നമ്പർ 34

## തടവിനോ പിഴയ്ക്കോ മജിസ്ട്രേററ് ശിക്ഷാവിധി പാസ്സാക്കുന്നുവെങ്കിൽ കമ്മിററു ചെയ്യുന്ന വാറണ്ട്

(248-ം 255-ം വകുപ്പുകരം നോക്കുക)

................ത്തെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്.

..............മാസം..........ാം തീയതി 19.......ലെ കലണ്ടറിലെ ......നമ്പർ കേസ്സിലെ (അതതു സംഗതിപോലെ ഒന്നാമത്തെ, രണ്ടാമത്തെ, മൂന്നാമത്തെ) തടവുകാരനായ..............നെ (തടവുകാരൻെറ പേര്) എൻെറ (പേരും ഉദ്യോഗപ്പേരും) മുമ്പാകെ............എന്ന കുററത്തിന് (കുററമോ, കുററങ്ങളോ ചുരുക്കിപ്പറയുക) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (അല്ലെങ്കിൽ ........ആക്ററ്..........വകുപ്പിൽ (അല്ലെങ്കിൽ, വകുപ്പുകളിൽ) കീഴിൽ കുററസ്ഥാപനം ചെയ്യപ്പെടുകയും, അയാരംക്ക്...........(ശിക്ഷ പൂർണ്ണമായും വ്യക്തമായും പറയുക) ശിക്ഷ വിധിക്കുകയും ചെയ്തതിനാൽ,

ഇത്, മുൻപറഞ്ഞ............നെ (തടവുകാരൻെറ പേര്) മുൻപറഞ്ഞ ജയിലിൽ നിങ്ങളുടെ കസ്ററഡിയിലേക്ക് ഈ വാറണ്ടോടുകൂടി സ്വീകരിക്കുകയും അവിടെ മുൻപറഞ്ഞ ശിക്ഷാവിധി, നിയമാനുസൃതം നടപ്പാക്കുകയും ചെയ്യുന്നതിന് നിങ്ങരംക്ക് പ്രാധികാരം നല്കുകയും, നിങ്ങളോട് ആവശ്യപ്പെടുകയും, ചെയ്യുന്നതിനുള്ളതാകുന്നു.

19...........മാസം.........ാം തീയതി

(കോടതി മുദ്ര) (ഒപ്പ്)

ഫാറം നമ്പർ 35

## നഷ്ടപരിഹാരം നല്കാതിരിക്കുന്നതിൻമേൽ തടവിനുള്ള വാറണ്ട്

(250-ാം വകുപ്പു നോക്കുക)

..............ത്തെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്

............ൻ (പേരും വിവരണവും)...............ക്ക് (പ്രതിയുടെ പേരും വിവരണവും) എതിരായി........എന്നുള്ള പരാതി (അത് ചുരുക്കി പറയുക) കൊണ്ടുവന്നിരിക്കുകയും അത് മുൻപറഞ്ഞ............ന് (പേര്) എതിരായുള്ള കുററാരോപണം ചെയ്യുന്നതിന് ന്യായമായ കാരണം ഉണ്ടായിരുന്നില്ലെന്ന കാരണത്തിൻമേൽ തള്ളിക്കളഞ്ഞിരിക്കുകയും തള്ളിക്കളയൽ ഉത്തരവ് മുൻപറഞ്ഞ..............(പരാതിക്കാരൻെറ പേര്).... ..... രൂപ നഷ്ടപരിഹാരം കൊടുക്കുവാൻ അവാർഡ് ചെയ്യുകയും ചെയ്യുന്നതിനാലും, മുൻപറഞ്ഞ തുക കൊടുത്തിട്ടില്ലാതിരിക്കുകയും..........ദിവസക്കാലത്തേയ്ക്ക് മേൽപ്പറഞ്ഞ തുക, അതിനു മുൻപ് കൊടുക്കാത്തപക്ഷം, അയാരംക്ക് ജയിലിൽ വെറും തടവിനുള്ള ഉത്തരവ് ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്നതിനാലും;

ഇത്, മുൻപറഞ്ഞ............നെ (പേര്) നിങ്ങളുടെ കസ്റ്റഡിയിലേക്ക് ഈ വാറണ്ടോടുകൂടി സ്വീകരിക്കാനും അയാളെ മുൻപറഞ്ഞ കാലത്തേയ്ക്ക് (തടവിന്റെ കാലാവധി) അതിനു മുൻപ് മുൻപറഞ്ഞ തുക കൊടുക്കാത്തപക്ഷം, ഇൻഡ്യൻ ശിക്ഷാനിയമസംഹിത 69-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, മുൻപറഞ്ഞ ജയിലിൽ സുരക്ഷിതമായി സൂക്ഷിക്കാനും മുൻപറഞ്ഞ തുക കിട്ടുന്നതിൻമേൽ, അയാളെ ഉടനടി സ്വതന്ത്രനാക്കുവാനും ഈ വാറണ്ട്, അത് നടപ്പാക്കുന്ന രീതി സർട്ടിഫൈ ചെയ്യുന്ന എൻഡോഴ്സ്മെന്റു സഹിതം മടക്കാനും, നിങ്ങൾക്ക് പ്രാധികാരം നല്കുകയും നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ളതാകുന്നു.

19............മാസം........തീയതി

(കോടതി മുദ്ര) (ഒപ്പ്)

## ഫാറം നമ്പർ 36

# കുററത്തിനുള്ള ചാർജ്ജിന് ഉത്തരം പറയുവാൻ കാരാഗൃഹത്തിലുള്ള ആളെ കോടതിയിൽ ഹാജരാക്കാനാവശ്യപ്പെടുന്ന ഉത്തരവ്

(267-ാം വകുപ്പ് നോക്കുക)

..............ത്തെ ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്

മേൽ പറഞ്ഞ കാരാഗൃഹത്തിൽ ഇപ്പോൾ തടഞ്ഞുവച്ചിരിക്കുന്ന/തടങ്കലിൽ വച്ചിരിക്കുന്ന..............ൻ (തടവുകാരന്റെ പേര്)............എന്ന ചാർജ്ജിന് (ചാർജ്ചെയ്ത കുററം ചുരുക്കിപ്പറയുക) ഉത്തരം പറയുവാനോ, .............(നടപടിയുടെ വിവരങ്ങൾ ചുരുക്കി പറയുക) ആവശ്യത്തിനോ ഈ കോടതിയിൽ ഹാജരാകുന്നത് ആവശ്യമായിരിക്കുന്നതിനാൽ;

നിങ്ങളോട് മുൻപറഞ്ഞ...........നെ 19..........മാസം.......ാം ദിവസം ഉച്ചയ്ക്കു മുമ്പ് ......മണിയോടുകൂടി............ഈ കോടതി മുമ്പാകെ മുൻ പറഞ്ഞ ചാർജ്ജിന് ഉത്തരം പറയുവാനോ മുൻപറഞ്ഞ നടപടിയുടെ ആവശ്യത്തിനോ ആയി സുരക്ഷിതമായും ഭദ്രമായും ഹാജരാക്കുവാനും, ഈ കോടതി, അയാൾ തുടർന്നു ഹാജരാകുന്നത് വേണ്ടെന്നു വച്ചതിനു ശേഷം, അയാളെ മുൻപറഞ്ഞ കാരാഗൃഹത്തിലേക്ക് സുരക്ഷിതമായും ഭദ്രമായും തിരിയെ കൊണ്ടുപോകാൻ ഇടയാക്കുന്നതിനും, ഇതിനാൽ ആവശ്യപ്പെടുന്നു.

മുൻപറഞ്ഞ............,നെ ഈ ഉത്തരവിന്റെ ഉള്ളടക്കം അറിയിക്കുകയും അതുസഹിതമുള്ള അതിന്റെ പകർപ്പ് അയാൾക്ക് നല്കുകയും ചെയ്യുവാനും നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

19........മാസം........തീയതി

(കോടതി മുദ്ര)

(മുദ്ര)

(ഒപ്പ്)

(മേലൊപ്പുവച്ചു)

(ഒപ്പ്)

ഫാറം നമ്പർ 37

## തെളിവ് നല്കുവാൻ കാരാഗൃഹത്തിലുള്ള ആളെ കോടതിയിൽ ഹാജരാക്കാൻ ആവശ്യപ്പെടുന്ന ഉത്തരവ്

(267-ാം വകുപ്പ് നോക്കുക)

............ത്തെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്........ത്തെ (പ്രതിയുടെ പേര്)...............എന്ന കുററം (കുററം സമയവും സ്ഥലവും ചേർത്ത് ചുരുക്കി പറയുക) ചെയ്തിട്ടുണ്ടെന്ന് ഈ കോടതി മുമ്പാകെ പരാതി കൊടുത്തിരിക്കുകയും, മേല്പറഞ്ഞ കാരാഗൃഹത്തിൽ ഇപ്പോറം തടഞ്ഞുവച്ചിരിക്കുന്ന / തടകലിൽ വച്ചിരിക്കുന്ന.............(തടവുകാരൻെറ പേര്) പ്രാസിക്യൂഷന് / പ്രതിഭാഗത്തിനുവേണ്ടി സാരമായ തെളിവ് നല്കുവാൻ ഇടയുണ്ടെന്ന് തോന്നുകയും ചെയ്യുന്നതിനാൽ ;

നിങ്ങളോട് മുൻപറഞ്ഞ............നെ ഈ കോടതി മുമ്പാകെ 19.......... .........മാസം.........ദിവസം ഉച്ചയ്ക്കു മുമ്പ്........മണിയോടുകൂടി, ............ത്ത് ഈ കോടതി മുമ്പാകെ ഇപ്പോറം നിലവിലിരിക്കുന്ന സംഗതിയിൽ അവിടെ തെളിവു നല്കാനായി, സുരക്ഷിതമായും ഭദ്രമായും ഹാജരാക്കുവാനും, ഈ കോടതി അയാറം തുടർന്നു ഹാജരാകുന്നത് വേണ്ടെന്നുവച്ചതിനുശേഷം, അയാളെ മുൻപറഞ്ഞ കാരാഗൃഹത്തിലേക്ക്, സുരക്ഷിതമായും, ഭദ്രമായും തിരിയെ കൊണ്ടുപോകാനിടയാക്കുവാനും ഇതിനാൽ ആവശ്യപ്പെടുന്നു.

മുൻപറഞ്ഞ............നെ ഈ ഉത്തരവിൻെറ ഉള്ളടക്കം അറിയിക്കുകയും, ഇതുസഹിതമുള്ള അതിൻെറ പകർപ്പ് അയാറംക്ക് നല്കുകയും ചെയ്യുവാനും നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

19............മാസം........തീയതി

(കോടതി മുദ്ര)
(മുദ്ര)

(ഒപ്പ്)
(മേലൊപ്പുവച്ചു)
(ഒപ്പ്)

ഫാറം നമ്പർ 38

## ചിലതരം കോർട്ടലക്ഷ്യങ്ങളിൽ പിഴ ചുമത്തുമ്പോറം കമ്മിററ് ചെയ്യുന്ന വാറണ്ട്

(345-ാം വകുപ്പ് നോക്കുക)

............ത്തെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന്,

ഇന്നേദിവസം, എൻെറ മുൻപാകെ കൂടിയ കോടതിയിൽ............(കുററക്കാരൻെറ പേരും വിവരണവും) കോടതിയുടെ സാന്നിദ്ധ്യത്തിൽ (അല്ലെങ്കിൽ അതു കാൺകെ) മനഃപൂർവ്വം കോർട്ടലക്ഷ്യം ചെയ്തതിനാലും ;

അങ്ങനെയുള്ള കോർട്ടലക്ഷ്യത്തിന്, .........ൻ (കുററക്കാരൻെറ പേര്) .........രൂപ പിഴ ഒടുക്കുകയോ, വീഴ്ച വരുത്തിയാൽ.........(മാസങ്ങളുടേയോ ദിവസങ്ങളുടേയോ എണ്ണം പറയുക) കാലത്തേക്കുള്ള വെറും തടവനുഭവിക്കുകയോ ചെയ്യാൻ കോടതി വിധിച്ചിട്ടുള്ളതിനാലും ;

ഇത്, മുൻപറഞ്ഞ...............നെ (കുററക്കാരൻെറ പേര്) നിങ്ങളുടെ കസ്ററഡിയിലേക്ക് ഈ വാറണ്ടോടുകൂടി സ്വീകരിക്കുവാനും, അയാളെ മുൻപറഞ്ഞ കാലത്തേക്ക്...........(തടവിൻെറ കാലാവധി) അതിനുമുൻപ് പിഴ ഒടുക്കാത്തപക്ഷം, അയാളെ മുൻപറഞ്ഞ ജയിലിൽ സുരക്ഷിതമായി സൂക്ഷിക്കുവാനും ; മുൻപറഞ്ഞ പിഴ കിട്ടുന്നതിൻമേൽ അയാളെ, ഉടനടി സ്വതന്ത്രനാക്കുവാനും, ഈ വാറണ്ട്, അത് നടപ്പാക്കുന്ന രീതി സർട്ടിഫൈ ചെയ്യുന്ന എൻഡോഴ്സ്മെൻറ് സഹിതം, മടക്കുവാനും, നിങ്ങൾക്കു പ്രാധികാരം നല്കുകയും, നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ളതാകുന്നു.

19............മാസം........തീയതി

(കോടതി മുദ്ര) (ഒപ്പ്)

## ഫാറം നമ്പർ 39

## ഉത്തരം പറയുവാനോ രേഖ ഹാജരാക്കുവാനോ വിസമ്മതിക്കുന്ന സാക്ഷിയെ കമ്മിററ് ചെയ്യുന്ന, മജിസ്ട്രേററിൻെറയോ, ജഡ്ജിയുടേയോ വാറണ്ട്

(349-ാം വകുപ്പ് നോക്കുക)

................ക്ക് (കോടതിയിലെ ഉദ്യോഗസ്ഥൻെറ പേരും, ഉദ്യോഗപ്പേരും)..............ൽ (പേരും വിവരണവും) സാക്ഷിയായി, സമൻ ചെയ്യപ്പെട്ടിരിക്കുകയും (അല്ലെങ്കിൽ ഈ കോടതി മുമ്പാകെ കൊണ്ടുവരപ്പെട്ടിരിക്കുകയും) ആരോപിക്കപ്പെട്ട ഒരു കുററത്തിൻെറ അന്വേഷണവിചാരണയിൽ ഇന്നേ ദിവസം തെളിവു നല്കുവാൻ അയാളോട് ആവശ്യപ്പെട്ടിരിക്കുകയും ചെയ്തിരിക്കെ മുൻപറഞ്ഞ ആരോപിക്കപ്പെട്ട കുററം സംബന്ധിച്ച് അയാളോട് ചോദിച്ചതും, മുറപ്രകാരം റിക്കാർഡാക്കിയതുമായ ഒരു ചോദ്യത്തിന് (അല്ലെങ്കിൽ ചില ചോദ്യങ്ങൾക്ക്) ഉത്തരം പറയുവാൻ വിസമ്മതിച്ചിരിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും രേഖ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരിക്കെ, അങ്ങനെയുള്ള രേഖ ഹാജരാക്കുവാൻ വിസമ്മതിക്കുന്നതിന്—നീതിപൂർവ്വകമായ ഏതെങ്കിലും ന്യായീകരണം പറയാതെ അങ്ങനെ വിസമ്മതിക്കുകയും, അയാൾ വിസമ്മതിച്ചതിന്.............ത്തേക്ക് (വിധിക്കപ്പെട്ട തടങ്കലിൻെറ കാലാവധി) അയാളെ കസ്ററഡിയിൽ തടങ്കലിൽ വയ്ക്കപ്പെടുവാൻ ഉത്തരവു ചെയ്യുകയും ചെയ്തിരിക്കുകയോ ചെയ്യുന്നതിനാൽ ;

ഇത്, മുൻപറഞ്ഞ...........നെ (പേര്) കസ്ററഡിയിലേക്ക് എടുക്കുവാനും, അയാളെ നിങ്ങളുടെ കസ്ററഡിയിൽ..........ദിവസത്തേക്ക്, അതിനിടയിൽ അയാൾ വിസ്തരിക്കപ്പെടുകയും തന്നോട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുകയും, ചെയ്യാനോ അല്ലെങ്കിൽ തന്നോട് ആവശ്യപ്പെട്ട

രേഖ ഹാജരാക്കുവാനോ സമ്മതിക്കാത്തപക്ഷം, സുരക്ഷിതമായി സൂക്ഷിക്കുന്നതിനും, മുൻപറഞ്ഞ ദിവസങ്ങളിൽ ഒടുവിലത്തെ ദിവസമോ അല്ലെങ്കിൽ അങ്ങനെ സമ്മതിച്ചത് അറിയുന്നതിനുമേൽ ഉടനടിയോ അയാളെ നിയമാനുസൃതം കൈകാര്യം ചെയ്യുന്നതിനായി ഈ കോടതി മുമ്പാകെ കൊണ്ടുവരാനും, ഈ വാറണ്ട്, അതു നടപ്പാക്കുന്ന രീതി സർട്ടിഫൈ ചെയ്യുന്ന എൻഡോഴ്സ്മെൻറുസഹിതം മടക്കുവാനും, നിങ്ങൾക്കു പ്രാധികാരം നല്കുകയും, നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ളതാകുന്നു.

19............മാസം........തീയതി

(കോടതി മുദ്ര) (ഒപ്പ്)

ഫാറം നമ്പർ 40

മരണശിക്ഷാവിധിയിൻകീഴിൽ കമ്മിററ് ചെയ്യുന്ന വാറണ്ട്

(366-ാം വകുപ്പ് നോക്കുക)

............ത്തെ ജയിലിൻെറ ചാർജുള്ള ഉദ്യോഗസ്ഥന്,

എൻെറ മുൻപാകെ 19........മാസം.......തീയതി നടന്ന സെഷൻസിൽ ആ സെഷൻസിൽ 19.. ...ലെ കലണ്ടറിലെ.......നമ്പർ കേസിലെ (അതതു സംഗതിപോലെ 1-ാമത്തെ, 2-ാമത്തെ, 3-ാമത്തെ) തടവുകാരനായ...........-ൻ (തടവുകാരൻെറ പേര്) കൊലപാതകമാകുന്ന കുററകരമായ നരഹത്യ എന്ന കുററത്തിന് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത............വകുപ്പിൻകീഴിൽ മുറപ്രകാരം കുററസ്ഥാപനം ചെയ്യപ്പെടുകയും അയാൾക്ക് മരണശിക്ഷ, ............ത്തെ മുൻപറഞ്ഞ ശിക്ഷാവിധി കോടതി സ്ഥിരീകരിക്കുന്നതിന് വിധേയമായി, വിധിക്കുകയും ചെയ്തതിനാൽ ;

ഇത്, മുൻപറഞ്ഞ..................നെ (തടവുകാരൻെറ പേര്) മുൻപറഞ്ഞ ജയിലിൽ, നിങ്ങളുടെ കസ്ററഡിയിലേക്ക് ഈ വാറണ്ടോടുകൂടി സ്വീകരിക്കുവാനും, മുൻപറഞ്ഞ.........................കോടതിയുടെ ഉത്തരവ് നടപ്പിൽ വരുത്തിക്കൊണ്ട് ഈ കോടതിയുടെ തുടർന്നുള്ള വാറണ്ടോ ഉത്തരവോ നിങ്ങൾക്കു കിട്ടുന്നതുവരെ, അയാളെ അവിടെ സുരക്ഷിതമായി സൂക്ഷിക്കുവാനും, നിങ്ങൾക്കു പ്രാധികാരം നല്കുകയും, നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ളതാകുന്നു.

19..........മാസം..........തീയതി

(കോടതി മുദ്ര) (ഒപ്പ്)

## ഫാറം നമ്പർ 41

### ശിക്ഷാവിധി ലഘൂകരിച്ചതിനുശേഷമുള്ള വാറണ്ട്

(386-ാംവകുപ്പു നോക്കുക)

............ത്തെ ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്.

19..............മാസം....................തീയതി നടന്ന സെഷൻസിൽ, ആ സെഷൻസിൽ, 19............ ........ലെ കലണ്ടറിലെ...... ..................-ാം നമ്പർ കേസിലെ (അതതുസംഗതിപോലെ, 1-ാമത്തെ, 2-ാമത്തെ, 3-ാമത്തെ) തടവുകാരനായ..................................ൻ (തടവുകാരന്റെ പേര്) ഇൻഡ്യൻ ശിക്ഷാനിയമസംഹിത,................ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ................................ എന്ന കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുകയും, അയാൾക്ക്..... ...... ..............ശിക്ഷവിധിക്കുകയും, അതിൻമേൽ അയാളെ, നിങ്ങളുടെ കസ്ററഡിയിലേക്ക് കമ്മിററ് ചെയ്യുകയും, ചെയ്തതിനാലും; മുൻപറഞ്ഞ ശിക്ഷാവിധിയാൽ വിധിക്കപ്പെട്ട ശിക്ഷ.................ത്തെ.......... കോടതിയുടെ ഉത്തരവിനാൽഉത്തരവിന്റെ(ഡ്യൂപ്ലിക്കേററ് ഇതോട്അനുബന്ധിച്ചിട്ടുണ്ട്) ജീവപര്യന്തതടവുശിക്ഷയായി ലഘൂകരിച്ചിരിക്കുന്നതിനാലും;

ഇത്, മുൻപറഞ്ഞ...................... .നെ (തടവുകാരന്റെ പേര്) അയാൾ മുൻപറഞ്ഞ ഉത്തരവിൻകീഴിൽ ജീവപര്യന്തതടവുശിക്ഷ അനുഭവിക്കുന്നതിനുവേണ്ടി നിങ്ങൾ തക്ക അധികാരസ്ഥാനത്തിനും കസ്ററഡിയിലേക്കും ഏല്പിക്കുന്നതുവരെ മുൻപറഞ്ഞ ജയിലിൽ നിങ്ങളുടെ കസ്ററഡിയിൽ നിയമം ആവശ്യപ്പെടുന്നപ്രകാരം സുരക്ഷിതമായി സൂക്ഷിക്കുന്നതിന് നിങ്ങൾക്കു പ്രാധികാരം നല്കുകയും, നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ളതാകുന്നു.

അല്ലെങ്കിൽ

ലഘൂകരിക്കപ്പെട്ട ശിക്ഷാവിധി തടവുശിക്ഷക്കുള്ള ഒന്നാണെങ്കിൽ, "സൂക്ഷിക്കുന്നതിന്" എന്ന വാക്കിനുപകരം "സൂക്ഷിക്കുന്നതിനും അവിടെ, മുൻപറഞ്ഞ ഉത്തരവിൻകീഴിലെ തടവുശിക്ഷനിയമാനുസൃതം നടപ്പാക്കുന്നതിനും" എന്നു പറയുക.

19... .........മാസം............തീയതി

(കോടതി മുദ്ര) (ഒപ്പ്)

## ഫാറം നമ്പർ 42

### മരണശിക്ഷാവിധി നടപ്പാക്കുന്ന വാറണ്ട്

(414-ാം വകുപ്പു നോക്കുക)

..........ത്തെ ജയിലിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്.

എന്റെ മുൻപാകെ, 19..............മാസം...........ാം തീയതി നടന്ന സെഷൻസിൽ, 19..............ലെ കലണ്ടറിലെ.................-ാംനമ്പർ കേസിലെ (അതതുസംഗതിപോലെ, 1-ാമത്തെ, 2-മത്തെ, 3-ാമത്തെ തടവുകാരനായ.................. ..ൻ (തടവുകാരന്റെ പേര്) മരണശിക്ഷാവിധിക്കു

കീഴിൽ ..............മാസം ..................ാം തീയതിയിലെ കോടതിയുടെ വാറണ്ടിനാൽ നിങ്ങളുടെ കസ്ററഡിയിലേക്ക്, കമ്മിററ് ചെയ്യപ്പെട്ടിരിക്കുന്നതിനാലും; മുൻപറഞ്ഞ ശിക്ഷാവിധി സ്ഥിരീകരിച്ചുകൊണ്ട്..................................ത്തെ ഹൈക്കോടതിയുടെ ഉത്തരവ് ഈ കോടതിക്ക് കിട്ടിയിരിക്കുന്നതിനാലും;

ഇത്, മുൻപറഞ്ഞ ശിക്ഷാവിധി, മുൻപറഞ്ഞ........ ...........ലെ ........ത്തും (നടപ്പാക്കേണ്ട സമയവും സ്ഥലവും) അയാരം മരിക്കുന്നതുവരെ കഴുത്തിൽ കെട്ടിത്തൂക്കിച്ചുകൊണ്ട് നടപ്പാക്കുന്നതിനും, ഈ വാറണ്ട്, ശിക്ഷാവിധി നടപ്പാക്കിയിരിക്കുന്നുവെന്ന് സർട്ടിഫൈ ചെയ്യുന്ന എൻഡോഴ്സ്മെൻറ് സഹിതം കോടതിക്ക് മടക്കുവാനും നിങ്ങരംക്ക് പ്രാധികാരം നല്കുകയും നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ളതാകുന്നു.

19...............മാസം..............തീയതി

(കോടതി മുദ്ര) (ഒപ്പ്)

## ഫാറം നമ്പർ 43

### ജപ്തിയും വില്പനയും വഴി പിഴ ഈടാക്കുവാനുള്ള വാറണ്ട് (421-ാം വകുപ്പ് നോക്കുക)

..................ക്ക്

(വാറണ്ട് നടപ്പാക്കേണ്ട പോലീസ് ഉദ്യോഗസ്ഥൻേറയോ, മററ് ആളുടേയോ, ആളുകളുടേയോ പേരും, ഉദ്യോഗപ്പേരും)....................... ...............ൻ (കുററക്കാരൻെറ പേരും വിവരണവും) എൻെറ മുമ്പാകെ, 19.....................മാസം...............-ാം തീയതി................ .................എന്ന കുററത്തിന് (കുററം ചുരുക്കിപ്പറയുക) കുററസ്ഥാപനം ചെയ്യപ്പെടുകയും,.............രൂപ പിഴ ഒടുക്കാനുള്ള ശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തതിനാലും; മുൻപറഞ്ഞ പിഴ ഒടുക്കാനായി ആവശ്യപ്പെട്ടുവെങ്കിലും മുൻപറഞ്ഞ..................... (പേര്) അതോ അതിൻെറ ഏതെങ്കിലും ഭാഗമോ കൊടുത്തിട്ടില്ലാത്തതിനാലും;

ഇത് മുൻപറഞ്ഞ.................... (പേര്) വകയായി,....... ..........................ജില്ലയിൽ കണ്ടെത്തുന്ന ഏതെങ്കിലും ജംഗമവസ്തു ജപ്തി ചെയ്യുവാനും, അങ്ങനെയുള്ള ജപ്തിക്കു ശേഷമുള്ള അടുത്ത .............................. .....കം (അനുവദിക്കപ്പെട്ട ദിവസങ്ങളോ മണിക്കൂറുകളോ എത്രയെന്ന് പറയുക) (അല്ലെങ്കിൽ ഉടനടി, മുൻപറഞ്ഞ തുക കൊടുക്കുന്നില്ലെങ്കിൽ ജപ്തി ചെയ്ത ജംഗമവസ്തുവോ മുൻപറഞ്ഞ പിഴ കൊടുത്തു തീർക്കാൻ മതിയായിടത്തോളം ഭാഗമോ വില്ക്കാനും, ഈ വാറണ്ട് അതിൻകീഴിൽ നിങ്ങരം ചെയ്തിട്ടുള്ളത് എന്താണെന്ന് സർട്ടിഫൈ ചെയ്യുന്ന എൻഡോഴ്സ്മെൻറ് സഹിതം, അത് നടപ്പാക്കിയ ഉടൻ, മടക്കുവാനും നിങ്ങരംക്ക് പ്രാധികാരം നല്കുകയും നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ളതാകുന്നു.

19........മാസം........തീയതി

(കോടതിമുദ്ര) (ഒപ്പ്)

## ഫാറം നമ്പർ 44

### പിഴ വസൂലാക്കുന്നതിനുള്ള വാറണ്ട്
(421-ാം വകുപ്പു നോക്കുക)

..............ജില്ലയിലെ കളക്ടർക്ക്,..........................
(കുററക്കാരൻെറ പേരും, മേൽവിലാസവും, വിവരണവും) എൻെറ മുൻപാകെ, 19.............. മാസം............തീയതി,......................എന്ന കുററത്തിന് (കുററം ചുരുക്കിപ്പറയുക) കുററസ്ഥാപനം ചെയ്യപ്പെടുകയും, ..............രൂപ പിഴ ഒടുക്കാനുള്ള ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തതിനാലും;

മുൻപറഞ്ഞ പിഴ ഒടുക്കാനാവശ്യപ്പെട്ടെങ്കിലും മുൻപറഞ്ഞ..............ൻ (പേര്) അതോ, അതിൻെറ ഏതെങ്കിലും ഭാഗമോ കൊടുത്തിട്ടില്ലാത്തതിനാലും;

മുൻപറഞ്ഞ..............ൻെറ (പേര്) ജംഗമമോ, സ്ഥാവരമോ, അല്ലെങ്കിൽ രണ്ടുമോ വസ്തുവിൽ നിന്ന്, മുൻപറഞ്ഞ പിഴയുടെ തുക, ഭൂമിക്കരക്കുടിശ്ശിക എന്നപോലെ വസൂലാക്കാനും, ഈ ഉത്തരവനുസരിച്ച് നിങ്ങൾ ചെയ്തിരിക്കാവുന്നതെന്താണെന്നു കാലതാമസംകൂടാതെ സർട്ടിഫൈ ചെയ്യാനും, നിങ്ങൾക്ക് ഇതിനാൽ പ്രാധികാരം നല്കുകയും, നിങ്ങളോട് അപേക്ഷിക്കുകയും ചെയ്യുന്നു.

19..........മാസം........തീയതി

(കോടതിമുദ്ര) (ഒപ്പ്)

## ഫാറം നമ്പർ 45

### പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻേറയോ കോടതിയുടേയോ മുൻപാകെ ഹാജരാകുന്നതിനുള്ള ബാണ്ടും ജാമ്യബാണ്ടും

[436-ം, 437-ം, 438-ം (3)—ം 441-ം വകുപ്പുകൾ നോക്കുക]

............ത്തെ (സ്ഥലം)....................................
ആയ ഞാൻ................എന്ന കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ട്........(പേര്) ........പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥനാൽ വാറണ്ട് കൂടാതെ അറസ്ററു ചെയ്യപ്പെടുകയും, അല്ലെങ്കിൽ തടങ്കലിൽ വയ്ക്കപ്പെടുകയും, (അല്ലെങ്കിൽ,..................കോടതി മുമ്പാകെ കൊണ്ടുവരപ്പെട്ടിരിക്കുകയും) അങ്ങനെയുള്ള ഉദ്യോഗസ്ഥൻേറയോ കോടതിയുടേയോ മുമ്പാകെ അങ്ങനെയുള്ള ചാർജ്ജ് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണമോ വിചാരണയോ നടത്തുന്ന ഏതൊരു ദിവസവും ഞാൻ ഹാജരാകണമെന്ന നിബന്ധനയിൻമേൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻേറയോ കോടതിയുടേയോ മുമ്പാകെ ഹാജരാകുന്നതിനുള്ള ജാമ്യം നല്കണമെന്ന് എന്നോട് ആവശ്യപ്പെടുകയും

ചെയ്തിരിക്കേ, ഞാൻ അപ്രകാരം ചെയ്തുകൊള്ളാമെന്നതിന് ഇതിനാൽ സ്വയം ബാദ്ധ്യത ഏല്ക്കുന്നു; ഇതിന് ഞാൻ വീഴ്ച വരുത്തിയാൽ ഗവൺമെൻറിലേക്ക്........രൂപ പിഴയായി അടച്ചുകൊള്ളാമെന്നതിന് സ്വയം ബാദ്ധ്യത ഏല്ക്കുകയും ചെയ്യുന്നു.

19..........മാസം..........-ാം തീയതി

(ഒപ്പ്)

മേൽപറഞ്ഞ.............ക്ക് (പേര്)........... ത്തെ പോലീസ് സ്റേറഷൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻേറയോ...............കോടതിയുടേയോ മുമ്പാകെ, ചാർജ്ജുസംബന്ധിച്ച് ഏതെങ്കിലും അന്വേഷണമോ വിചാരണയോ നടത്തുന്ന ഏതൊരു ദിവസവും ഹാജരാകുമെന്നുള്ളതിനും, അങ്ങനെയുള്ള ഉദ്യോഗസ്ഥൻേറയോ കോടതിയുടേയോ മുമ്പാകെ, (അതാതു സംഗതിപോലെ) അങ്ങനെയുള്ള അന്വേഷണത്തിൻെറ ആവശ്യത്തിനോ, അല്ലെങ്കിൽ അയാഠക്ക് എതിരായുള്ള ചാർജ്ജിന് ഉത്തരം പറയുവാനോ, അയാഠ ഉണ്ടായിരിക്കുകയും, ഹാജരാവുകയും ചെയ്യുമെന്നുള്ളതിനും, ഞാൻ (അല്ലെങ്കിൽ ഞങ്ങഠ കൂട്ടായും വെവ്വേറെയായും ഞങ്ങളിൽ ഓരോരുത്തരും) ജാമ്യക്കാരൻ (അല്ലെങ്കിൽ ജാമ്യക്കാർ) ആണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു; അയാഠ ഇതിൽ വീഴ്ച വരുത്തുന്നതായാൽ ഗവൺമെൻറിലേക്ക്........ .....രൂപ പിഴഅടച്ചുകൊള്ളാമെന്നുള്ളതിന് ഞാൻ ഇതിനാൽ സ്വയം ബാദ്ധ്യത ഏല്ക്കുകയും ചെയ്യുന്നു. (അല്ലെങ്കിൽ ഞങ്ങഠ ഇതിനാൽ സ്വയം ബാദ്ധ്യത ഏല്ക്കുകയും ചെയ്യുന്നു.)

(ഒപ്പ്)

## ഫാറം നമ്പർ 46

## ജാമ്യം നല്കാതിരുന്നതിന് തടവിലാക്കപ്പെട്ട ആളെ ഡിസ്ചാർജ്ജ് ചെയ്യുന്നതിനുള്ള വാറണ്ട്

(442-ാം വകുപ്പ് നോക്കുക)

............,ത്തെ ജയിലിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥന് (അല്ലെങ്കിൽ അയാഠ മററ് ഏത് ഉദ്യോഗസ്ഥൻെറ കസ്ററഡിയിലാണോ, ആ ഉദ്യോഗസ്ഥന്,)...................നെ (തടവുകാരൻെറ പേരും, വിവരണവും) .........മാസം..........തീയതി ഈ കോടതിയുടെ വാറണ്ടിൻകീഴിൽ, നിങ്ങളുടെ കസ്ററഡിയിലേക്ക് കമ്മിററ് ചെയ്യുകയും അതിനുശേഷം, അയാളുടെ ജാമ്യക്കാരനോടുകൂടി (അല്ലെങ്കിൽ ജാമ്യക്കാരോടുകൂടി) ക്രിമിനൽ നടപടി നിയമസംഹിത, 441-ാം വകുപ്പിൻകീഴിലുള്ള ബാണ്ട് മുറപ്രകാരം ഒപ്പിട്ടു പൂർത്തീകരിച്ചിരിക്കുകയും ചെയ്യുന്നതിനാൽ;

ഇത്, മുൻപറഞ്ഞ.................നെ (പേര്) മറേറതെങ്കിലും കാര്യത്തിന് അയാഠ തടങ്കലിൽ വയ്ക്കപ്പെടുവാൻ അർഹനല്ലാത്തപക്ഷം, നിങ്ങളുടെ കസ്ററഡിയിൽനിന്ന് ഉടനടി ഡിസ്ചാർജ്ജ് ചെയ്യാൻ നിങ്ങഠക്ക് പ്രാധികാരം നല്കുകയും, നിങ്ങളോട് ആവശ്യപ്പെടുകയും, ചെയ്യുന്നതിനുള്ളതാകുന്നു.

19.........മാസം........തീയതി

(കോടതിമുദ്ര) (ഒപ്പ്)

# GLOSSARY OF THE CODE OF CRIMINAL PROCEDURE

## A

| | |
|---|---|
| Abate (393) | ഉപശമിക്കുക |
| Abduction (98 & 110) | അപഹരണം |
| Abet (106) | കുറ്റത്തിന് പ്രേരണ നല്കുക |
| Abettor (306) | പ്രേരകൻ |
| Abscond (82&298) | ഒളിവിൽ പോവുക |
| Absent (2) | ഇല്ലാതിരിക്കുക |
| Abstain from carrying out (269) | നടപ്പാക്കാതിരിക്കുക |
| Abuse of the process of any court (482) | ഏതെങ്കിലും കോടതിയുടെ പ്രക്രിയ ദുരുപയോഗപ്പെടുത്തുക |
| Access (327) | പ്രവേശനം |
| Accident (174) | യാദൃച്ഛികസംഭവം |
| Accompany (171) | അനുഗമിക്കുക |
| According to the circumstances of the case (176) | കേസ്സിന്റെ പരിതഃസ്ഥിതികൾക്കനുസരണമായി |
| Accused (9) | പ്രതി |
| Accused person (105) | കുറ്റാരോപണം ചെയ്യപ്പെട്ട ആൾ |
| Accusation (237 & 437) | കുറ്റാരോപണം |
| Acknowledgment (69) | അക്നോളജ്മെന്റ് |
| Acquainted with (160) | നേരിട്ട് അറിവുള്ള |
| Acquittal (232) | കുറ്റവിമുക്തമാക്കൽ |
| Act (2) | കൃത്യം |
| Act (195) | ആക്റ്റ് |
| Act purporting (132) | കരുതാവുന്ന കൃത്യം |
| Acting (108) | പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന |
| Active service (66) | സജീവ സർവ്വീസ് |
| Actually (46) | യഥാർത്ഥത്തിൽ |
| Addition (216) | കൂട്ടിച്ചേർക്കൽ |
| Additional Chief Magistrate (17) | അഡീഷണൽ ചീഫ് മജിസ്ട്രേട്ട് |
| Additional District Magistrate (20) | അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് |
| Additional evidence (389) | കൂടുതൽ തെളിവ് |
| Adduce (121) | നൽകുക |
| Adequately (240) | പര്യാപ്തമായി |
| Adjourn (216 & 343) | നീട്ടിവയ്ക്കുക |
| Adjudge (348) | വിധിക്കുക |
| Administration (40) | ഭരണം |
| Administration of Justice (340) | നീതിന്യായഭരണം |
| Administrative (3) | ഭരണപരമായ |
| Administratively subordinate (195) | അധികാരനിയന്ത്രണത്തിന് കീഴിലുള്ള |
| Admonition (358) | താക്കീത് |
| Adulteration of food (39) | ഭക്ഷണത്തിൽ മായം ചേർക്കൽ |
| Adultery (211) | വ്യഭിചാരം |
| Advocate (24) | അഡ്വക്കേറ്റ് |
| Affairs (40 & 198) | കാര്യങ്ങൾ |

| | |
|---|---|
| Affect (5 & 482) | ബാധിക്കുക |
| Affidavit (83) | സത്യവാങ്മൂലം |
| Afford (100) | നൽകുക |
| Affray (143) | അടികലശൽ |
| After consultation with (7) | ആലോചിച്ചതിനുശേഷം |
| After giving the offender an opportunity of showing cause (349) | കുററക്കാരന് കാരണം കാണിക്കാൻ അവസരം നൽകിയതിനുശേഷം |
| After such inquiry as he thinks necessary (94) | ആവശ്യം എന്ന് തനിക്ക് തോന്നുന്ന അന്വേഷണ വിചാരണയ്ക്കുശേഷം |
| Afterwards (300) | പിന്നീട് |
| Aggregate (29) | ഒട്ടാകെയുള്ള |
| Aggrieved by any refusal (86) | ഏതെങ്കിലും വിധത്തിൽ വിസമ്മതിക്കുന്നതിനാൽ സങ്കടക്കാരനായ |
| Aggrieved party (116) | സങ്കടകക്ഷി |
| Aid (37 & 172) | സഹായം |
| Aircraft (188) | വിമാനം |
| Air force law (475) | വിമാനസേനാനിയമം |
| Airmen (475) | വൈമാനികർ |
| Allegation (2) | ആരോപണം |
| Alleged (102) | ആരോപിക്കപ്പെട്ട |
| Allocation of business (19) | പ്രവൃത്തി വിതരിച്ചുകൊടുക്കൽ |
| Alter (127, 216 & 454) | വ്യത്യാസപ്പെടുത്തുക |
| Alteration (216) | വ്യത്യാസപ്പെടുത്തൽ |
| Amount (71) | തുക |
| Analysis (293) | വിശ്ലേഷണം |
| Animal (174) | മൃഗം |
| Annex (427) | അനുബന്ധിക്കുക |
| Annoyance (143) | അലട്ട് |
| Annul (454) | ശൂന്യമാക്കുക |
| Antecedents (358) | പൂർവ്വചരിത്രം |
| Apartment (47) | വാസസ്ഥലമായ മുറി |
| Apology (348) | ക്ഷമായാചനം |
| Apparent cause (174) | ദൃശ്യമായ കാരണം |
| Appeal (372) | അപ്പീൽ |
| Appointment (9) | നിയമനം |
| Appointment of a receiver (83) | റിസീവർ നിയമനം |
| Appreciate (310) | വിലയിരുത്തുക |
| Appreciation (3) | വിലയിരുത്തൽ |
| Apprehended (41) | പിടിക്കപ്പെട്ട |
| Apprehended (107) | ആശങ്ക ഉളവാക്കപ്പെട്ട |
| Apprehended danger (143) | ആശങ്കിത അപായം |
| Arrangements (146) | ഏർപ്പാടുകൾ |
| Arrest (2) | അറസ്ററ് |
| Article (100) | സാധനം |
| As arrears of land revenue (421) | ഭൂമിക്കരക്കുടിശ്ശിക എന്നപോലെ |
| As far as possible (105) | കഴിയുന്നിടത്തോളം |
| As nearly as may be practicable (116 & 344) | പ്രായോഗികമായതിന് കഴിയുന്നത്ര അടുത്തു വരത്തക്കവിധം |

| | |
|---|---|
| As occasion requires (12) | അവസരം ആവശ്യപ്പെടുന്നതുപോലെ |
| As soon as practicable (277) | പ്രായോഗികമാകുന്നിടത്തോളം വേഗത്തിൽ |
| As soon as conveniently may be (122) | സൗകര്യമുള്ളിടത്തോളം വേഗത്തിൽ |
| As to the fact of actual possession (F. 25) | യഥാർത്ഥ കൈവശത്തെക്കുറിച്ചുള്ള വസ്തുത സംബന്ധിച്ച് |
| Assault (106) & (320) | കൈയേററം |
| Assign (304) | നിശ്ചയിക്കുക |
| Assigned (2) | നൽകിയിട്ടുള്ള |
| Assist (37) | പിൻതുണ നല്കുക |
| Assist (79) | സഹായിക്കുക |
| Assistance (94) | സഹായം |
| Assistant (320) | സഹായകൻ |
| At an early stage (465) | ഒരു മുൻഘട്ടത്തിൽ |
| At any stage (327) | ഏത് ഘട്ടത്തിലും |
| At any stage of the case (215) | കേസ്സിൻെറ ഏതെങ്കിലും ഘട്ടത്തിൽ |
| At any time (123) | ഏത് സമയത്തും |
| At once (43) | ഉടനെ |
| At the instance of (397) | അർത്ഥനയിൻമേൽ |
| At the request of (53) | അപേക്ഷയിൻമേൽ |
| Attach (146) | ജപ്തിചെയ്യുക |
| Attachment (82) | ജപ്തി |
| Attachment (F. 6) | ജപ്തി ഉത്തരവ് |
| Attempt to commit (120) | ചെയ്യാനുള്ള ശ്രമം |
| Attend (71) | ഹാജരാകുക |
| Attend and produce a document (105) | സന്നിഹിതനായി രേഖ ഹാജരാക്കുക |
| Attendance (204) | ഹാജരാക്കൽ |
| Authorised (2) | പ്രാധികാരം നൽകപ്പെടുന്ന |
| Authority (47 & 198) | പ്രാധികാരം |
| Authority (40) | അധികാരസ്ഥാനം |
| Available, make (100) | ലഭ്യമാക്കുക |
| Await (122) | കാത്തിരിക്കുക |

**B**

| | |
|---|---|
| Bailable Offence (2) | ജാമ്യം അനുവദിക്കേണ്ട കുററം |
| Bail-bond (F. 3) | ജാമ്യബോണ്ട് |
| Bank notes (39) | ബാങ്ക് നോട്ട് |
| Battalion (475) | ബററാലിയൻ |
| Before proceeding (137) | നടപടി തുടങ്ങുന്നതിനുമുമ്പ് |
| Beyond the limits of India (299) | ഇൻഡ്യയുടെ അതിർത്തിക്ക് പുറത്ത് |
| Beyond the local jurisdiction of the court (101) | കോടതിയുടെ തദ്ദേശാധികാരിതയ്ക്ക് വെളിയിലുള്ള |
| Body corporate (63 & 305) | ഏകാംഗീകൃത നികായം |
| Book (95) | പുസ്തകം |
| Borstal institution (266) | ബോർസ്ററൽ സ്ഥാപനം |
| Breach (41) | ലംഘനം |
| Breach of the peace (106, 110 & 320) | സമാധാന ലംഘനം |
| Break open (47) | കുത്തിത്തുറക്കുക |

3/2642/V.

| | |
|---|---|
| Brief statement (264) | സംക്ഷിപ്തമായ സ്റേറററ്മെൻറ് |
| Briefly (203) | സംക്ഷിപ്തമായി |
| Bring up (F. 9) | വരുത്തുക |
| Brothers (176) | സഹോദരൻമാർ |
| Bruises (174) | ചതവുകൾ |
| Building (2) | കെട്ടിടം |
| Burden of proving (39) | തെളിയിക്കേണ്ട ഭാരം |
| By destruction confiscation or delivery (452) | നശിപ്പിക്കുകയോ കണ്ടുകെട്ടുകയോ ഡെലിവർ ചെയ്യുകയോ ചെയ്യുന്നതുവഴി |
| By messenger (253) | ആൾവഴി |
| By name (32) | പേർപറഞ്ഞ് |
| By post (253) | പോസ്ററുവഴി |
| By reason only of (353) | മാത്രം കാരണമായി |
| By word or action (46) | വാക്കാലോ പ്രവൃത്തിയാലോ |

## C

| | |
|---|---|
| Call in question (133 & 156) | ചോദ്യം ചെയ്യപ്പെടുക |
| Camping ground (133) | ക്യാമ്പുചെയ്യുന്ന സ്ഥലം |
| Canal (37) | തോട് |
| Cancel (70) | റദ്ദുചെയ്യുക |
| Cancellation (3) | റദ്ദാക്കൽ |
| Carrier (320) | കാരിയർ |
| Carries on business (69) | ബിസിനസ്സ് നടത്തുന്ന |
| Case (2) | കേസ് |
| Case next hereinafter mentioned (122) | ഇതിൽ ഇതിനുശേഷം അടുത്ത് പറഞ്ഞിട്ടുള്ള സംഗതി |
| Categories (41) | വിഭാഗങ്ങൾ |
| Cattle (320) | കന്നുകാലികൾ |
| Cause (2 & 174) | കാരണം |
| Cause of death (176) | മരണകാരണം |
| Cause to be made a party (145) | കക്ഷിചേർപ്പിക്കുക |
| Caution (163) | മുൻ അറിയിപ്പ് |
| Central Act (195) | കേന്ദ്ര ആക്റ്റ് |
| Cesser (8) | അവസാനിപ്പിക്കൽ |
| Channel (133) | ചാല് |
| Character (111) | പ്രകൃതം |
| Character (358) | സ്വഭാവം |
| Charge (2) | ചാർജ്ജ് |
| Cheating (110) | ചതി |
| Children Act (27) | കുട്ടികൾ ആക്റ്റ് |
| Cintingencies (269) | സന്ദർഭങ്ങൾ |
| Circumstances (127) | പരിത:സ്ഥിതികൾ |
| Civil force (129) | സിവിൽബലം |
| Civil or criminal liability (237) | സിവിലോ ക്രിമിനലോ ആയ ബാദ്ധ്യത |
| Civil Surgeon (291 & 328) | സിവിൽ സർജൻ |
| Class of persons (268) | ഏതെങ്കിലും തരത്തിൽപ്പെട്ട ആളുകൾ |

| | |
|---|---|
| Classification (484) | തരംതിരിക്കൽ |
| Clerical or arithmetical error (362) | കൈത്തെററോ കണക്കുകൂട്ടലിലുള്ള തെററോ |
| Clerk (320) | ക്ലാർക്ക് |
| Close (172) | അവസാനിപ്പിക്കുക |
| Cognisable case (2) | കോഗ്നൈസബിൾ കേസ് |
| Cognisable offence (2) | കോഗ്നൈസബിളായ കുററം |
| Collection (2) | ശേഖരിക്കൽ |
| Columns (484) | കാളങ്ങൾ |
| Combine (376) | കൂട്ടിച്ചേർക്കുക |
| Comment (315) | വിമർശനം |
| Commission (2) | ചെയ്യപ്പെടൽ |
| Commissioned Officer (131) | കമ്മിഷൻഡ് ആഫീസർ |
| Commissioner of Oaths (297) | ശപഥങ്ങൾക്കുള്ള കമ്മിഷണർ |
| Commit (437) | ചെയ്യുക |
| Commit (44) | കമ്മിററ് |
| Committal for trial (269) | വിചാരണയ്ക്ക് കമ്മിററ് ചെയ്യൽ |
| Committed (2) | ചെയ്തിരിക്കുന്നു |
| Commute (416) | ലഘൂകരിക്കുക |
| Community (123) | സമുദായം |
| Company (475) | കമ്പനി |
| Compel (98 & 187, F. 6) | നിർബ്ബന്ധിക്കുക |
| Compensation (237) | നഷ്ടപരിഹാരം |
| Complainant (2) | പരാതിക്കാരൻ |
| Complaint (2 & 340) | പരാതി |
| Complete (116 & 173) | പൂർത്തിയാക്കുക |
| Comply with (308) | അനുസരിക്കുക |
| Compounding of offences (320) | കുററങ്ങൾ രാജിയാക്കൽ |
| Comprising (8) | അടങ്ങുന്ന |
| Conceal (82) | ഒളിച്ചിരിക്കുക |
| Conceal (109, 166, 220 & 320) | ഒളിച്ചുവയ്ക്കുക |
| Concealment (260) | ഒളിച്ചുവയ്ക്കൽ |
| Concerned (41) | ബന്ധപ്പെട്ടിരിക്കുന്ന |
| Concise oral arguments (314) | സംക്ഷിപ്തമായ വാക്കാൽ വിവാദങ്ങൾ |
| Concisely (314) | സംക്ഷിപ്തമായി |
| Concisely (F. 6) | ചുരുക്കി |
| Conclusion (248) | സമാപനം |
| Conclusive evidence (82) | നിശ്ചായകമായ തെളിവ് |
| Concur (174) | യോജിക്കുക |
| Concurrently (29) | ഒരേ കാലത്ത് |
| Conduct (216) | നടത്തൽ |
| Conduct (320) | പെരുമാററം |
| Confer (11 & 484) | നൽകുക |
| Conferrable (13) | നൽകപ്പെടാവുന്ന |
| Conferred (13) | നൽകപ്പെട്ടിട്ടുള്ള |
| Conferred by this code (202) | ഈ നിയമസംഹിത നൽകുന്ന |
| Confession (164 & 207) | കുററസമ്മതം |

| | |
|---|---|
| Confine (46) | തടഞ്ഞുവയ്ക്കുക |
| Conflagration (133) | തീപിടിത്തം |
| Conformable (388) | അനുരൂപമായ |
| Consecutive sentences (29) | തുടർച്ചയായ ശിക്ഷാവിധികൾ |
| Consent (45) | സമ്മതം |
| Consequence (179 & 300) | അനന്തരഫലം |
| Consequential (1) | അനന്തരഫലമായുള്ള |
| Consequential orders (146) | അനന്തരഫലമായുള്ള ഉത്തരവുകൾ |
| Consistent with (10 & 130) | സംഗതമായ |
| Conspicuous place (82) | ശ്രദ്ധ ആകർഷിക്കത്തക്ക സ്ഥലം |
| Constitute (39) | ആകുക |
| Construction of references (3) | പരാമർശങ്ങൾക്ക് അർത്ഥം കൽപിക്കൽ |
| Construe (478) | അർത്ഥം കൽപിക്കുക |
| Contents (120) | ഉള്ളടക്കം |
| Continuance (470) | തുടരൽ |
| Contradict (162) | വിരുദ്ധമാണെന്ന് കാണിക്കുക |
| Contradiction (162) | പറഞ്ഞതിന് വിരുദ്ധമായത് |
| Contrary opinion (206) | വിപരീതമായ അഭിപ്രായം |
| Control (12) | നിയന്ത്രണം |
| Controller of stamps and stationery (292) | സ്റ്റാമ്പ്സ് സ്റ്റേഷനറി കൺട്രോളർ |
| Conversant with (293) | നല്ലതുപോലെ അറിവുണ്ടായിരിക്കുന്ന |
| Convert (259) | മാററുക |
| Convey (108) | കൈമാററംചെയ്യുക |
| Copy (96) | പകർപ്പ് |
| Coinage (324) | നാണയം |
| Corporation (63) | ഏകാംഗയോഗം |
| Corps (475) | കോർ |
| Corpse (40) | ശവം |
| Corresponding provisions (484) | തൽസ്ഥാനത്തുള്ള വ്യവസ്ഥകൾ |
| Corruption (110) | അഴിമതി |
| Counterfeit coin (94) | കപടാനുകരണം നടത്തി ഉണ്ടാക്കിയ നാണയം |
| Counterfeit currency note (94) | കപടാനുകരണം നടത്തി ഉണ്ടാക്കിയ നോട്ട് |
| Counterfeit stamps (94) | കപടാനുകരണം നടത്തി ഉണ്ടാക്കിയ സ്റ്റാമ്പുകൾ |
| Counterfeiting (320) | കപടാനുകരണം നടത്തുന്നത് |
| Countersigned (198) | മേലൊപ്പുവച്ചിട്ടുള്ള |
| Country (285) | രാജ്യം |
| Court of first instance (470) | ആദ്യവിചാരണ കോടതി |
| Court to which appeals ordinarily lie (195) | സാധാരണമായി അപ്പീലുള്ള കോടതി |
| Court-martial (475) | പട്ടാളക്കോടതി |
| Court of session (6) | സെഷൻസ് കോടതി |
| Credible information (41) | വിശ്വസനീയമായ വിവരം |

| | |
|---|---|
| Criminal breach of contract of service (320) | സർവ്വീസ് കാൺട്രാക്ററിൻെറ കുററകരമായ ലംഘനം |
| Criminal breach of trust (39, 181&212) | കുററകരമായ ട്രസ്ററ് ലംഘനം |
| Criminal conspiracy (195) | കുററകരമായ ഗൂഢാലോചന |
| Criminal force (106 & 320) | കുററകരമായ ബലപ്രയോഗം |
| Criminal force (456) | കുററകരമായ ബലം |
| Criminal intent (320) | കുററകരമായ ഉദ്ദേശ്യം |
| Criminal intimidation (106, 211, 260 & 320) | കുററകരമായ ഭയപ്പെടുത്തൽ |
| Criminal misappropriation (181) | കുററകരമായ ദുർവിനിയോഗം |
| Criminal trespass (320) | കുററകരമായ വസ്തു കൈയേററം |
| Crops (145) | വിളവുകൾ |
| Currency notes (39) | കറൻസി നോട്ടുകൾ |
| Custom (47) | ആചാരം |
| Customary law (127) | ആചാരാധിഷ്ഠിത നിയമം |
| Customs Act (110) | കസ്ററംസ് ആക്ററ് |

D

| | |
|---|---|
| Dacoity (39) | കൂട്ടായ്മക്കവർച്ച |
| Dacoity with murder (181) | കൊലപാതകത്തോടുകൂടിയ കൂട്ടായ്മക്കവർച്ച |
| Damage (321) | നാശനഷ്ടം |
| Danger (137) | അപായം |
| Dangerous (110) | അപകടകാരിയായ |
| Dangerous animal (133) | അപകടകാരിയായ മൃഗം |
| Dangerous weapons (320) | അപായകരമായ ആയുധങ്ങൾ |
| Day by day (172) | അനുദിനം |
| Dealing (4) | കൈകാര്യം ചെയ്യുന്ന |
| Death (2) | മരണം |
| Debt (8) | കടം |
| Decency (51) | സഭ്യത |
| Deception (182) | ചതി |
| Decision (3) | തീരുമാനം |
| Declaration (432) | പ്രഖ്യാപനം |
| Declaration of forfeiture (96) | കണ്ടുകെട്ടലിനുള്ള പ്രഖ്യാപനം |
| Deed of transfer (320) | കൈമാററക്കരണം |
| Defamation (108 & 320) | അപകീർത്തിപ്പെടുത്തൽ |
| Defaulter (421) | വീഴ്ചവരുത്തുന്ന ആൾ |
| Defeat the ends of justice (217) | നീതിയുടെ ലക്ഷ്യം പരാജയപ്പെടുത്തുക |
| Defect (353) | ന്യൂനത |
| Defence (232) | പ്രതിരോധം |
| Defer (242) | നീട്ടിവയ്ക്കുക |
| Defined (484) | നിർവചിച്ച |
| Defray (357) | കൊടുക്കുക |
| Delay (54, 166 & 284) | കാലതാമസം |
| Deliver (62) | നല്കുക |
| Delirery of property (83) | വസ്തു നല്കുന്നത് |
| Demand of admittance (47) | പ്രവേശനത്തിനുള്ള ആവശ്യപ്പെടൽ |

| | |
|---|---|
| Denial (137) | നിഷേധം |
| Depart (350) | വിട്ടുപോവുക |
| Deponent (291) | മൊഴിനല്കുന്ന ആൾ |
| Deposit (F. 11) | നിക്ഷേപം |
| Deposited (254) | ഡെപ്പോസിററ് ചെയ്തത് |
| Depositions (189) | മൊഴികൾ |
| Depute (157) | നിയോഗിക്കുക |
| Derived from any unpublished official records (292) | പ്രസിദ്ധപ്പെടുത്താത്ത ഏതെങ്കിലും ഔദ്യോഗിക റിക്കാർഡുകളിൽ നിന്ന് സിദ്ധിച്ച |
| Deserter (41) | ഡെസർട്ടു ചെയ്ത ആൾ |
| Design (150) | പദ്ധതി |
| Designate (12) | സ്ഥാനനിർദ്ദേശം ചെയ്യുക |
| Desperate (110) | എന്തിനും തുനിഞ്ഞ |
| Destroy (133 & 166) | നശിപ്പിക്കുക |
| Destruction (321) | നശീകരണം |
| Detachment (475) | ഡിററാച്ചുമെൻറ് |
| Detained (266 & 320) | തടങ്കലിൽ വയ്ക്കപ്പെട്ട |
| Diary (172) | ഡയറി |
| Diplomatic or consular representative (188) | നയതന്ത്രപ്രതിനിധി അല്ലെങ്കിൽ കാൺസുലർ പ്രതിനിധി |
| Direction of the law (213) | നിയമനിർദ്ദേശം |
| Directly (307) | നേരിട്ട് |
| Disallowed (84) | അനുവദിക്കപ്പെടാതിരുന്നിട്ടുള്ളത് |
| Disappearance (40) | തിരോധാനം |
| Discharged (59 & 227) | ഡിസ്ചാർജ് ചെയ്യപ്പെട്ട |
| Disclose (2 & 175) | വെളിവാക്കുക |
| Disclosure (306) | വെളിപ്പെടുത്തൽ |
| Discontinue (186) | തുടരാതിരിക്കുക |
| Dishonest (320) | നേരുകേടായ |
| Dishonest misappropriation of money (212) | പണത്തിൻെറ നേരുകേടായ ദുർവിനിയോഗം |
| Disinterred (176) | പുറത്തെടുപ്പിക്കപ്പെട്ട |
| Disobedience (141) | അനുസരിക്കാതിരിക്കൽ |
| Dispense with (115 & 256) | വേണ്ടെന്നു വയ്ക്കുക |
| Dispense with the personal attendance (205) | നേരിട്ടു ഹാജരാകുന്നതു വേണ്ടെന്ന് വയ്ക്കുക |
| Disperse (129) | പിരിഞ്ഞുപോവുക |
| Dispersal of assembly (129) | സംഘത്തെ പിരിച്ചുവിടൽ |
| Disposal (9) | തീർപ്പാക്കൽ |
| Disposal (260) | വ്യയനം ചെയ്യൽ |
| Disposal of stolen property (110) | കളവു മുതൽ വ്യയനം ചെയ്യുന്നത് |
| Dispose of (83) | വ്യയനം ചെയ്യുക |
| Disproportionate (384) | പൊരുത്തപ്പെടാത്ത |
| Disprove (54) | ചെയ്തിട്ടില്ലെന്നു തെളിയിക്കുക |
| Disseminate (108) | പ്രസാരണം ചെയ്യുക |
| Distinct offence (218) | വിഭിന്നമായ കുററം |

| | |
|---|---|
| Distinctly (354) | വ്യക്തമായി |
| Distress (141) | ഡിസ്ട്രസ് |
| Distribute (10 & 108) | വിതരണം ചെയ്യുക |
| District Magistrate (20) | ജില്ലാ മജിസ്ട്രേട്ട് |
| Disturb (107 & 129) | കലക്കമുണ്ടാക്കുക |
| Disturb (317) | വിഘ്നപ്പെടുത്തുക |
| Disturbance of public order (268) | പൊതുസമാധാനത്തിനുള്ള കലക്കം |
| Divide (7) | വിഭജിക്കുക |
| Divine displeasure (320) | ദൈവത്തിന്റെ അപ്രീതി |
| Divorce (127) | വിവാഹമോചനം |
| Document (95) | രേഖ |
| Doubt (35 & 221) | സംശയം |
| Dowry (127) | സ്ത്രീധനം |
| Drawing (95) | രേഖാചിത്രം |
| Drink (454) | പാനീയം |
| Drugs (39, 110 & 454) | മരുന്നുകൾ |
| Drugs and Cosmetics Act (110) | മരുന്നുകളും ചമയക്കൂട്ടും ആക്റ്റ് |
| Due diligence (64) | തക്കശ്രദ്ധ |
| Due regard, with (117) | യഥാവിധി പരിഗണിച്ച് |
| Duties (2) | കർത്തവ്യങ്ങൾ |

**E**

| | |
|---|---|
| Early opportunity (143) | നേരത്തെയുള്ള അവസരം |
| Easement (147) | സൗകര്യാവകാശം |
| Editor (108) | എഡിറ്റർ |
| Either in person or by pleader (143) | നേരിട്ടോ വക്കീൽ മുഖാന്തരമോ |
| Either on his own motion or on the application of any person aggrieved (143) | സ്വമേധയാ അല്ലെങ്കിൽ സങ്കടക്കാരനായ ഏതെങ്കിലും ആളുടെ അപേക്ഷയിൻമേൽ |
| Emergency (143) | അടിയന്തരാവസ്ഥ |
| Employees' Provident Funds Act (110) | എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്റ്റ് |
| Empowered (156) | അധികാരം നൽകപ്പെട്ട |
| Enactment (3) | അധിനിയമം |
| Endanger (320) | അപായമുണ്ടാക്കുക |
| Endangered (131) | അപകടത്തിൽ അകപ്പെട്ട |
| Endeavour (46 & 475) | യത്നം |
| Endorsement (71) | എൻഡോഴ്സ്മെന്റ് |
| Engage (304) | ഏർപ്പെടുത്തുക |
| Engraved substance (320) | കൊത്തിയുണ്ടാക്കിയ സാധനം |
| Enjoin (F. 24) | ആജ്ഞാപിക്കുക |
| Ensure (437) | ഉറപ്പുവരുത്തുക |
| Enter (154) | ചേർക്കുക |
| Entice (220 & 320) | വശീകരിച്ചുകൊണ്ടുപോവുക |
| Entries (484) | ഉൾക്കുറിപ്പുകൾ |
| Equivalent (211) | സമമായ |
| Error (215) | തെററ് |
| Escape (60) | രക്ഷപ്പെടുക |
| Escape (426) | തടവുചാടുക |

| | |
|---|---|
| Escaped convict (40 & 420) | തടവുചാടിയ കുററക്കാരൻ |
| Essential (308) | സാരവത്തായ |
| Essential commodities Act (110) | ആവശ്യസാധനങ്ങൾ ആക്ററ് |
| Establish (458) | സ്ഥാപിക്കുക |
| Examination of his person (53) | അയാളുടെ ശരീരത്തിന്റെ പരിശോധന |
| Execute (70) | നടപ്പാക്കുക |
| Execution (38) | നടത്തൽ |
| Execution (320) | ഒപ്പിട്ട് പൂർത്തീകരിക്കൽ |
| Executive administration (20) | നിർവ്വാഹക ഭരണം |
| Executive Magistrates (20) | എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാർ |
| Exempt (237) | ഒഴിവാക്കുക |
| Exercise (2 & 35) | പ്രയോഗിക്കുക |
| Excavation (133 & F. 20) | കുഴിച്ചയിടം |
| Except (452) | ഒഴികെ |
| Exclusive of (57) | കൂടാതെ |
| Excuse (41) | ന്യായീകരണം |
| Exhibits (189) | ലക്ഷ്യരേഖകൾ |
| Ex parte (125) | എക്സ് പാർട്ടിയായി |
| Expedient (83) | സമചീനം |
| Expeditious (482) | വേഗത്തിൽ ആയ |
| Expeditiously (309) | സത്വരം |
| Expense (284 & 358) | ചെലവ് |
| Experience (13) | പരിചയം |
| Expire (29 & 269) | അവസാനിക്കുക |
| Explain (162) | വിശദീകരിക്കുക |
| Explanatory note (484) | വിശദീകരണക്കുറിപ്പ് |
| Explosion (133) | പൊട്ടിത്തെറി |
| Explosives (293) | സ്ഫോടക വസ്തുക്കൾ |
| Export (108) | കയററുമതി ചെയ്യുക |
| Expose (161) | വിധേയനാക്കുക |
| Expose (220) | അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടു പോവുക |
| Expression (2) | പദം |
| Extend (8) | വ്യാപിപ്പിക്കുക |
| Extent (373) | വ്യാപ്തി |
| Extortion (110 & 211) | ഭയപ്പെടുത്തിയുള്ള അപഹരണം |
| Extradition (41) | പ്രത്യർപ്പണം |
| Evade (46) | ഒഴിയുക |
| Evidence (2) | തെളിവ് |
| Evict (456) | ഒഴിപ്പിക്കുക |

## F

| | |
|---|---|
| Facilitate (220) | സുകരമാക്കുക |
| Facilities (47) | സൗകര്യങ്ങൾ |
| Facts and circumstances (160) | വസ്തുതകളും പരിതഃസ്ഥിതികളും |
| Facts which constitute the offence alleged (198) | ആരോപിക്കപ്പെട്ട കുററത്തെ അങ്ങനെയുള്ള കുററമാക്കുന്ന വസ്തുതകൾ |

| | |
|---|---|
| Failure of justice (215) | നീതിലോപം |
| Failure to give (122) | നല്കാത്തത് |
| Fair (407) | ഋജു |
| False answer (313) | വ്യാജമായ മറുപടി |
| False evidence (307) | വ്യാജമായ തെളിവ് |
| False property - mark (211) | വ്യാജമായ വസ്തുചിഹ്നം |
| False seals (94) | വ്യാജമുദ്രകൾ |
| False statement (320) | വ്യാജമായ പ്രസ്താവന |
| Female (51) | സ്ത്രീ |
| Female child (98) | പെൺകുട്ടി |
| Fence (22) | വേലി |
| Fence (133) | വേലികെട്ടുക |
| Final (145) | അന്തിമം |
| Final order (263) | അന്തിമോത്തരവ് |
| Finality (393) | അന്തിമത്വം |
| Finding (340) | തീരുമാനം |
| Finding (263) | തീർപ്പ് |
| Finger print Bureau (293) | വിരലടയാള ബ്യൂറോ |
| First - mentioned (180) | ആദ്യം പറഞ്ഞ |
| Fisheries (145) | ഫിഷറീസ് |
| Fit or sufficient sureties (441) | തക്കവരോ മതിയായവരോ ആയ ജാമ്യക്കാർ |
| Follow (392) | അനുവർത്തിക്കുക |
| Food (110) (454) | ഭക്ഷണം |
| For answering to the charge (266) | ചാർജിന് മറുപടി പറയാൻ |
| For complying with (269) | അനുസരിക്കുന്നതിന് |
| For defeating the ends of justice (54) | നീതിയുടെ ലക്ഷ്യങ്ങൾ പരാജയപ്പെടുത്തുന്നതിന് |
| For good behaviour (373) | നല്ല നടപ്പിന് |
| For keeping the peace (107&373) | സമാധാനപാലനത്തിനുള്ള |
| For reasons to be recorded by it in writing (389) | അത് ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ |
